# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

**2018 ഡിസംബർ 12, ബുധൻ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 174 - നമ്പർ 12

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 12, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

62-2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗപിന്നോക്ക | |
| സമുദായക്ഷേമവും നിയമവും സാംസ്കാരികവും | |
| പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും | |
| ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും | |
| യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും | |
| കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും | |
| വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും | |
| വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | :ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും | |
| വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*


I. **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...18

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...18

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...79

II. **മേശപ്പുറത്തുവച്ച കടലാസുകൾ** ...392

III. **റിപ്പോർട്ട് സമർപ്പണം**

(1) പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് ...404

(2) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് ...404

(3) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ...404

(4) ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് ...404

IV. **നിയമനിർമ്മാണകാര്യം**

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...405

(i) 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ ...405

(ii) 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ ...409

(2) 2018-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ
അവതരണവും അനന്തരഘട്ടങ്ങളും ...419

**അനുബന്ധം** ...422

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

*2018 ഡിസംബർ 12, ബുധൻ*

വാല്യം 174] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2018 ഡിസംബർ മാസം 12-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കണമെന്നാവശ്യപ്പെട്ട് നിയമസഭാ കവാടത്തിൽ സത്യാഗ്രഹമനുഷ്ഠിക്കുന്ന അംഗങ്ങളുടെ കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്ന നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽ വന്ന് മുദ്രാവാക്യം വിളിക്കുകയും ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും ചെയ്തു.)

മി. സ്പീക്കർ: ഓർഡർ, ഓർഡർ....... ചോദ്യം നമ്പർ *301

(ചോദ്യകർത്താക്കൾ ചോദ്യം ഉന്നയിക്കാത്തതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

### അന്തർ സംസ്ഥാന നദീജല കരാറുകൾ

1(*302) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കക്ഷിയായിട്ടുള്ള വിവിധ അന്തർ സംസ്ഥാന നദീജല കരാറുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തുണ്ടായ പ്രളയം നാശനഷ്ടം സൃഷ്ടിച്ചതിന്റെ പശ്ചാത്തലത്തിൽ ബലക്ഷയമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലപരിശോധന അന്താരാഷ്ട്ര വിദഗ്ദ്ധ സമിതിയെക്കൊണ്ട് നടത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) വെള്ളപ്പൊക്ക സാധ്യത മുന്നിൽക്കണ്ട് ജനങ്ങളുടെ ജീവസുരക്ഷ ഉറപ്പാക്കുന്നതിനായി മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതിനുള്ള അനുമതിക്കായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(ഡി) തുടർച്ചയായ കരാർ ലംഘനവും കാലാവസ്ഥാ വ്യതിയാനം സൃഷ്ടിച്ച പുതിയ സാഹചര്യവും കണക്കിലെടുത്ത് പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം നടത്തുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി മാത്രമെ കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളൂ. അവ 29-5-1970-ൽ, 09-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർ, 19-8-1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യൻ ഇൻ കൗൺസിലും ഒപ്പുവച്ച പെരിയാർ പാട്ടക്കരാർ, 1970-ലെ മുല്ലപ്പെരിയാർ അനുബന്ധ കരാറുകൾ എന്നിവയാണ്.

(ബി) ഇല്ല.

(സി) മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം കണക്കിലെടുത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നതിനുള്ള അനുമതിക്കായുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരുന്നു. എന്നാൽ മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം, പെരിയാർ കടുവ സങ്കേതമേഖലയിൽ ആയതിനാൽ പാരിസ്ഥിതികാനുമതി, Forest clearance, Wild Life clearance, Tiger conservation Authority-യുടെ clearance എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ഇതിന്റെ പ്രാരംഭ നടപടിയെന്ന നിലയ്ക്ക് പാരിസ്ഥിതികാനുമതി ലഭ്യമാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. പരിസ്ഥിതി ആഘാത പഠനത്തിന് വേണ്ടിയുള്ള Terms of Reference (ToR) 2018 മേയ് 25-ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചു. 2018 സെപ്റ്റംബർ 27-ന് ചേർന്ന 18-ാമത് Expert Appraisal Committee (EAC)-യുടെ യോഗത്തിൽ

പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയുണ്ടായി. ഭാരത സർക്കാരിന്റെ പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 2018 നവംബർ 14-ന് EIA പഠനത്തിനുള്ള ToR-നുള്ള അംഗീകാരം നിബന്ധനകളോടെ നൽകുകയുണ്ടായി. ഇതിൻപ്രകാരം പാരിസ്ഥികാനുമതി ലഭിക്കുന്നതിനുമുമ്പ് തമിഴ്നാട് സർക്കാരുമായി ഉഭയകക്ഷി സമ്മതത്തിൽ ഏർപ്പെടേണ്ടത് ആവശ്യമാണ്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യാനുള്ള കാലാവധി 1988 നവംബർ 9-ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988-ൽത്തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ ഇരുസംസ്ഥാനങ്ങളും തമ്മിൽ നടന്നുവെങ്കിലും കരാറുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരസ്പര ധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് തമിഴ്നാടുമായി തുടർ ചർച്ചകൾ നടത്തി മെച്ചപ്പെട്ട ജലവിഹിതം നേടിയെടുത്ത് കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള സാധ്യതകളാണ് സംസ്ഥാനം ആരായുന്നത്. 19-1-2018-ന് തിരുവനന്തപുരത്ത് രണ്ട് സംസ്ഥാനങ്ങളും തമ്മിൽ നടന്ന സെക്രട്ടറിതല ചർച്ചയിലും 2-5-2018-ന് ന്യൂഡൽഹിയിൽ കേന്ദ്ര ജലകമ്മീഷൻ വിളിച്ചുചേർത്ത തെക്കൻ സംസ്ഥാനങ്ങളുടെ ഒന്നാമത് റീജിയണൽ കോൺഫറൻസിലും പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. കേരളത്തോടും തമിഴ്നാടിനോടും കരാർ പുനരവലോകന ചർച്ചകൾ പുനരാരംഭിക്കാനും ചർച്ചകളെ സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര ജലകമ്മീഷനെ അറിയിക്കാനും യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് 2018 ജൂൺ 19-ാം തീയതി നടന്ന യോഗത്തിൽ കരാർ പുനരവലോകന ചർച്ചകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് തമിഴ്നാടിനോട് കേരളം ആവശ്യപ്പെട്ടിരുന്നു.

ശ്രീ. ആന്റണി ജോൺ: സർ, സംസ്ഥാനത്തുണ്ടായ കൊടിയ പ്രളയകാലത്ത് ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് മുല്ലപ്പെരിയാറിൽനിന്നും അധികജലം കൊണ്ടുപോകണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടപ്പോഴും ജലനിരപ്പ് ഉയർത്തണമെന്ന സമീപനമാണ് സ്വീകരിച്ചത്. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ സുരക്ഷ മുന്നിൽക്കണ്ട് പുതിയ ഡാം കേരളംതന്നെ നിർമ്മിച്ച് അവർക്കാവശ്യമായ വെള്ളം നൽകാമെന്ന നിലപാടിനോട് കേന്ദ്രഗവൺമെന്റ് എന്ത് സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, പ്രളയഘട്ടത്തിൽ മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ തമിഴ്നാട് ആദ്യം നല്ല സമീപനമായിരുന്നില്ല സ്വീകരിച്ചത്. അതിന്റെ ഭാഗമായി ആദ്യം വെള്ളം തുറന്നുവിടാത്ത അവസ്ഥയുണ്ടായി. പുതിയ ഡാമിന്റെ പ്രശ്നം നേരത്തെയും ഉന്നയിച്ചിട്ടുള്ളതാണ്; അത് ഇപ്പോഴും തീരുമാനമായിട്ടില്ല.

ശ്രീ. ആന്റണി ജോൺ: സർ, മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവിടെ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, നദീജല കരാറുകളുമായി ബന്ധപ്പെട്ട വിഷയത്തിൽ ദൗർഭാഗ്യവശാൽ തമിഴ്നാട് എപ്പോഴും വളരെ സങ്കുചിതമായ നിലപാടാണ് സ്വീകരിക്കുന്നത്. പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കേണ്ട കാലാവധി കഴിഞ്ഞിട്ടും ഓരോ ന്യായങ്ങൾ പറഞ്ഞ് നീട്ടിക്കൊണ്ടുപോവുകയാണ്. കരാർ പുതുക്കുന്നതിലേയ്ക്ക് തമിഴ്നാടിനെ കൊണ്ടുവരാനും പുതിയ നിബന്ധനകൾ അതിൽ ഉൾപ്പെടുത്താനും സുപ്രീംകോടതിയെ സമീപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ നിയമോപദേശം തേടിയതിനുശേഷം മാത്രമെ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. എ. എം. ആരിഫ്: സർ, മുല്ലപ്പെരിയാർ ഡാം ബലക്ഷയം കൂടാതെ എത്ര വർഷംവരെ നിലനിൽക്കുമെന്നത് സംബന്ധിച്ച് ആധികാരികമായി ഏതെങ്കിലും നിലയിലുള്ള വിലയിരുത്തൽ ഉണ്ടായിട്ടുണ്ടോ; ഡാമിന്റെ ആയുസ്സ് എത്രയാണെന്ന് പ്രവചിച്ചിട്ടുണ്ടോ; പകരം ഒരു ഡാം പണിയാൻ എത്രകാലം വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, മുല്ലപ്പെരിയാർ ഡാം സംബന്ധിച്ചുണ്ടായിരുന്ന ആശങ്കയാണ് നാം പ്രകടിപ്പിച്ചത്. സാങ്കേതികമായ പരിശോധനകൾ പൂർത്തിയാക്കിയിട്ടാണ് ഡാമിന് ബലക്ഷയമില്ലെന്ന് കോടതി കണ്ടെത്തിയിട്ടുള്ളതെങ്കിലും നമ്മുടെ ആശങ്കയുടെ അടിസ്ഥാനത്തിൽ പുതിയ ഡാം വേണമെന്നാണ് ആവശ്യപ്പെടുന്നത്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലത്തിലെ അപ്പർചട്ട മൂന്നാർ, പട്ടിശ്ശേരി ഡാമുകൾ കാവേരി ട്രിബ്യൂണലുമായും അന്തർ സംസ്ഥാന നദീജല കരാറുമായും ബന്ധപ്പെട്ടുള്ളതാണ്. 1.7 ടി.എം.സി. ജലം മാത്രമാണ് അവിടെ ഉപയോഗിക്കുന്നത്. ഈ രണ്ട് ഡാമുകളും പുതുക്കിപ്പണിയുന്നതിനോ മറ്റെന്തെങ്കിലും നടപടി സ്വീകരിക്കുന്നതിനോ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ആ ഡാമുകൾ പുതുക്കിപ്പണിയേണ്ട ആവശ്യകതയുണ്ടോ എന്നുള്ളത് പരിശോധിച്ച് തീർച്ചപ്പെടുത്തിയശേഷം പരിശോധിക്കാം.

ശ്രീ. പി. സി. ജോർജ്: സർ, മുല്ലപ്പെരിയാർ ഡാമിനോടനുബന്ധിച്ചുള്ള ബേബിഡാമും തകർന്നിരിക്കുകയാണെന്നാണ് ഞാൻ മനസ്സിലാക്കിയി ട്ടുള്ളത്. മുല്ലപ്പെരിയാർ ഡാമിന് 120 വർഷത്തെ പഴക്കമുണ്ട്. എത്ര സ്ട്രെങ്ത്തൻ ചെയ്താലും ആ ഡാം ഭീഷണിയിലാണ്. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ നയം ശരിയല്ല. കാരണം, മാറിവരുന്ന കേന്ദ്ര ഗവൺമെന്റുകൾ തമിഴ്നാടിന് അനുകൂലമായ നിലപാടാണ് സ്വീകരിക്കുന്നത്. ഈ ഡാമും ഡാമിന്റെ വൃഷ്ടിപ്രദേശം മുഴുവനും സ്ഥിതിചെയ്യുന്നത് കേരളത്തിലാണ്. ആ ഡാമിലെ വെള്ളം മുഴുവൻ കേരളത്തിന്റേതാണ്. ഡാം പൂർണ്ണമായും കേരളത്തിന്റെ സ്വത്താണ്. അതിൽ തമിഴ്നാടിന് വലിയ അവകാശമൊന്നുമില്ല. നമ്മുടെ ഔദാര്യംകൊണ്ട് തമിഴ്നാടിന് വെള്ളം കൊടുക്കാമെന്നേയുള്ളൂ. വെള്ളം കൊടുക്കണമെന്നുതന്നെയാണ് എന്റെ അഭിപ്രായം. അവർ നല്ലയിനം പച്ചക്കറി കൃഷിയോ മറ്റെന്തെങ്കിലും ചെയ്യട്ടെ. എന്നാൽ ന്യായമായി ആ എഗ്രിമെന്റ് പുതുക്കിയാൽ കേരളത്തിന് കൂടുതൽ സാമ്പത്തികലാഭം ഉണ്ടാക്കുന്ന നിലയിലേയ്ക്ക് മാറ്റാൻ കഴിയും. നമ്മുടെ ഒരു മുഖ്യമന്ത്രി അബദ്ധവശാൽ ഒപ്പിട്ടുതുകൊണ്ടാണ് ഇപ്പോഴും തമിഴ്നാട് പിടിച്ചുനിൽക്കുന്നത്. അതിൽ അർത്ഥമില്ലെന്ന് മനസ്സിലാക്കി ഡാമിന്റെ സുരക്ഷിതത്വം 35 ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ജീവിതപ്രശ്നമെന്ന നിലയിൽ കണ്ട് ഗവൺമെന്റ് വളരെ ശക്തമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിക്കണം. പുതിയ ഡാം പണിയുന്നതിന് 900 മീറ്റർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഗവൺമെന്റ് പുതിയ ഡാം നിർമ്മിക്കാനുള്ള ശക്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പുതിയ ഡാം എന്ന ആവശ്യത്തിൽനിന്നും നാം പുറകോട്ട് പോയിട്ടില്ല. അതുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങൾ തീരുമാനമായി വരേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത് ശ്രമിച്ചുകൊണ്ടിരിക്കുന്നതും.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പ്രളയകാലത്തുണ്ടായ ദുരനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. 139 അടിയിൽനിന്ന് വെള്ളം തുറന്നുവിട്ടാൽപ്പോലും മുല്ലപ്പെരിയാർ തീരദേശവാസികൾ അനുഭവിക്കുന്ന പ്രതിസന്ധി വളരെ ഗുരുതരമാണ്. മുല്ലപ്പെരിയാർ ഡാം തുറന്ന സമയത്ത് വണ്ടിപ്പെരിയാർ-വള്ളക്കടവ് മുതൽ ഉപ്പുതറ-കാഞ്ചിയാർ വരെയുള്ള പ്രദേശങ്ങളിലുള്ള 500-ലധികം ആളുകളുടെ വീടുകളിൽ വെള്ളം കയറി. ഈ സാഹചര്യത്തിൽ അവിടെ വീട് പുനർനിർമ്മിക്കുക അസാധ്യമാണ്. മുല്ലപ്പെരിയാർ തീരദേശവാസികളെ പുനരധിവസിപ്പിക്കുന്ന തുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഏതെങ്കിലും തരത്തിലുള്ള പാക്കേജ് ആലോചിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, പ്രളയവുമായി ബന്ധപ്പെട്ട് പുനരധിവാസ പ്രശ്നങ്ങളിൽ നേരത്തെതന്നെ സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. 'ഇനി അവിടെ താമസിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടെങ്കിൽ അത്തരം ആളുകളെ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കും' അതോടൊപ്പം തകർന്നുപോയ വീടുകളുണ്ട്. ആ വീടുകളിൽ ഇനി താമസിക്കാൻ സാധിക്കാത്ത, ഇനി അവിടെ വീട് നിർമ്മിക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ടെങ്കിൽ അവർക്കും പുതിയ സ്ഥലം കണ്ടെത്തേണ്ടതായിട്ടുണ്ട്. ഈ പ്രശ്നം ഗൗരവമായി ബാധിക്കുന്നത് ഇടുക്കി ജില്ലയിലാണ്. അതുകൊണ്ടുതന്നെ ഇടുക്കി ജില്ലയിൽ പ്രത്യേകമായ പരിശോധന നടത്തണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി അവിടെ പോയി കാര്യങ്ങൾ പരിശോധിക്കുന്നതിനായി റവന്യൂ സെക്രട്ടറിയെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

ശ്രീ. കെ. ബാബു: സർ, വേനൽക്കാലങ്ങളിൽ നമുക്ക് അർഹതപ്പെട്ട ജലം ലഭിക്കുന്നതിന് അന്തർ സംസ്ഥാന നദീജല കരാറിൽ ശക്തമായി ഇടപെടുകയും ആവശ്യമായ വെള്ളം ലഭിക്കുന്നതിനുവേണ്ടി ശ്രമം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും വകുപ്പിനെയും ഞാൻ അഭിനന്ദിക്കുന്നു. പറമ്പിക്കുളം-ആളിയാർ കരാർ 30 വർഷത്തിലൊരിക്കലാണ് പുതുക്കേണ്ടത്. 60 വർഷം കഴിഞ്ഞു, 2 ടേം പുതുക്കേണ്ട സമയവും പൂർത്തീകരിക്കപ്പെട്ടു. ഇപ്പോഴത്തെ അവസ്ഥയിൽ കാർഷിക ജലസേചനത്തിനും കുടിവെള്ളത്തിനും അതിരൂക്ഷമായ പ്രയാസം നേരിടുന്ന പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലകളിൽ വെള്ളത്തിന്റെ ആവശ്യകത വർദ്ധിച്ചുവരികയാണ്. അതനുസരിച്ച് കരാർ പുതുക്കുമ്പോൾ നമുക്ക് ലഭിക്കുന്ന 7.25 ടി.എം.സി. വെള്ളത്തിന്റെ അളവ് വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അക്കാര്യത്തിൽ ഏകപക്ഷീയമായി നമുക്കൊന്നും ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ്. കരാർ ആകുമ്പോൾ അതനുസരിച്ച് കാര്യങ്ങൾ നടത്തുകയേ മാർഗ്ഗമുള്ളൂ. എന്നാൽ കരാർ പാലിക്കുന്നില്ല എന്നതാണ് നമ്മുടെ ആക്ഷേപം. കരാർ പാലിക്കുന്നതിന് തമിഴ്നാടിനുമേൽ സമ്മർദ്ദം ചെലുത്തുകയും പല ഘട്ടത്തിലും പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള ഇടപെടലുകളും നടത്തി ക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് എല്ലാ വർഷവും സെപ്റ്റംബർ/ഫെബ്രുവരി മാസങ്ങളിൽ ഷോളയാർ നിറയ്ക്കേണ്ടതാണ്. എന്നാൽ തമിഴ്നാട് പലപ്പോഴും ആ കരാർ ലംഘിക്കാറുണ്ട്. കേരള ഷോളയാറിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിച്ച് പുറത്തേയ്ക്കുവിടുന്ന വെള്ളമാണ് പെരിങ്ങൽക്കുത്തിൽ എത്തി അവിടെനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിച്ച് ചാലക്കുടിപ്പുഴയിലെ നീരൊഴുക്കായി മാറുന്നത്. അതാണ് അതിരപ്പിള്ളി. വാഴച്ചാലിന്റെ മനോഹാരിതയും തുമ്പൂർമുഴിയിലെ ഡൈവേർഷൻ സ്കീം, ഇടതുകര-വലതുകര കനാലുകളും നിരവധി കുടിവെള്ള പദ്ധതികളും ജലസേചന പദ്ധതികൾക്കും ഉപ്പുവെള്ളം തടയുന്നതിനുമൊക്കെ ഈ നീരൊഴുക്കാണ് പ്രയോജനപ്പെടുത്താറുള്ളത്. കഴിഞ്ഞ വർഷം അങ്ങും ജലസേചന വകുപ്പുമന്ത്രിയും ശക്തമായി ഇടപെട്ട് കുറച്ച് വെള്ളം വിട്ടുതരികയുണ്ടായി. ഈ വർഷവും ഫെബ്രുവരിയിൽ കേരള ഷോളയാർ നിറയ്ക്കുന്നതിനാവശ്യമായ സമ്മർദ്ദവും ഇടപെടലുകളും നടത്തുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതുൾപ്പെടെ കേരളത്തിന് ലഭ്യമാകേണ്ട ജലത്തിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാർ തുടർച്ചയായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതിനിയും നമ്മുടെ ഭാഗത്തുനിന്നുണ്ടാകും. ... (ബഹളം)..

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

## സർക്കാർ ആശുപത്രികളിലെ ലബോറട്ടറി സൗകര്യങ്ങൾ

2(*303) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ലബോറട്ടറി സൗകര്യത്തിന്റെ അപര്യാപ്തതമൂലം വ്യാപകമായിക്കൊണ്ടിരിക്കുന്ന സ്വകാര്യ മെഡിക്കൽ ലബോറട്ടറികളുടെ പ്രവർത്തനം ക്രമീകരിക്കാൻ നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ;

(ബി) സർക്കാർ ആശുപത്രികളിൽ ലബോറട്ടറി സ്ഥാപിക്കുന്നതിനും ആവശ്യത്തിന് സാങ്കേതിക ജീവനക്കാരെ നിയമിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ ശാക്തീകരിക്കുന്നതിനും ന്യൂ ബോൺ സ്ക്രീനിംഗ് സംവിധാനം വിപുലപ്പെടുത്തുന്നതിനും ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(ഡി) ജീവിതശൈലി കൊണ്ടുണ്ടാകുന്ന അസുഖങ്ങൾ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ ഇവ നേരത്തെ തിരിച്ചറിഞ്ഞ് ചികിത്സ ലഭ്യമാക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) സർക്കാർ, സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ എന്നിവയെ നിയന്ത്രിക്കുകയും അവയെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ കൊണ്ടുവരികയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി ആശുപത്രികളെയും ലബോറട്ടറികളെയും നിയന്ത്രിക്കാനുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിന് കേരള നിയമസഭ അംഗീകാരം നൽകുകയുണ്ടായി. ആക്ട് പ്രാബല്യത്തിൽവരുന്നതോടെ സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾ ഉൾപ്പെടുന്ന ചികിത്സാ സ്ഥാപനങ്ങളുടെ പ്രവർത്തനം ക്രമീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടി ആക്ടിന്റെ ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അത് നോട്ടിഫൈ ചെയ്യാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയാണ്.

(ബി) 2017-18-ൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താനായി തെരഞ്ഞെടുത്ത 170 കേന്ദ്രങ്ങളിലും ഓരോ ലാബ് ടെക്നീഷ്യൻ തസ്തിക വീതം സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. ഈ സ്ഥാപനങ്ങളിൽ ലാബ് സൗകര്യം ഒരുക്കുന്നതിനായി 5 കോടി രൂപ അനുവദിക്കുകയും അതിന്മേലുള്ള നടപടികൾ കെ.എം.എസ്.സി.എൽ. വഴി നടത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടം കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ലാബ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എൽ. മുഖേന ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ആശുപത്രികളിലായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 473 ലാബ് ടെക്നീഷ്യന്മാരുടെയും 5 ജൂനിയർ ലാബ് അസിസ്റ്റന്റുമാരുടെയും തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് ലാബ് ടെക്നീഷ്യൻ ഉൾപ്പെടെയുള്ള അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. എൻ.എച്ച്.എം. വഴി കേരളത്തിലെ ലാബുകളിൽ 327 ലാബ് ടെക്നീഷ്യന്മാരെ നിയമിച്ചിട്ടുണ്ട്.

(സി) സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബും റീജിയണൽ പബ്ലിക് ഹെൽത്ത് ലാബും അടക്കം സംസ്ഥാനത്ത് നിലവിലുള്ള 6 പബ്ലിക് ഹെൽത്ത് ലബോറട്ടറികളും ശക്തിപ്പെടുത്തുന്നതിനും പുതിയ ഹെൽത്ത് ലാബുകൾ ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആരോഗ്യ വകുപ്പിലെ ആദ്യത്തെ ഹിസ്റ്റോപതോളജി ലബോറട്ടറി തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ പ്രവർത്തനസജ്ജമായിട്ടുണ്ട്. എച്ച്1 എൻ1 ടെസ്റ്റ് നടത്താൻ വേണ്ട എല്ലാ സജ്ജീകരണങ്ങളും വാക്സിൻ വഴി തടയുന്ന രോഗങ്ങൾ കണ്ടുപിടിക്കുന്ന സെക്ഷനും ലെപ്റ്റോസ്പൈറോസിസ് ഏത് വിഭാഗത്തിലുള്ള താണെന്ന് കണ്ടുപിടിക്കാൻ കഴിയുന്ന പരിശോധനകളും ഈ ലാബിൽ സജ്ജീകരിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പിന്റെ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾക്കുള്ള പ്ലാൻ ഫണ്ട് വഴി സ്റ്റേറ്റ് ഓഫ് ആർട്ട് ഉപകരണങ്ങളായ ബയോകെമിസ്ട്രി ആട്ടോ അനലൈസർ, ഹെമറ്റോളജി അനലൈസർ, ഹോർമോൺ അനലൈസർ, ആട്ടോമാറ്റിക് ഗാമാകൗണ്ടർ തുടങ്ങിയവ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലേയ്ക്കും മറ്റ് പബ്ലിക് ഹെൽത്ത് ലാബിലേയ്ക്കും ലഭ്യമാക്കാനുള്ള നടപടി കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു. വയനാട്, പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ പുതുതായി പബ്ലിക് ഹെൽത്ത് ലാബുകൾ അനുവദിക്കുകയും അവയുടെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പബ്ലിക് ഹെൽത്ത് ലാബ് ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലാ ലബോറട്ടറി പ്രവർത്തനസജ്ജമായെങ്കിലും ഔദ്യോഗിക ഉദ്ഘാടനം

കഴിഞ്ഞിട്ടില്ല. അടുത്തുതന്നെ ഔദ്യോഗിക ഉദ്ഘാടനം നടത്തുന്നതാണ്. പത്തനംതിട്ടയിലെ ലാബിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. 2013 മുതൽ 2017 വരെ 44 ആശുപത്രികളിൽ നടപ്പിലാക്കിയ ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം പ്രസവം നടക്കാറുള്ള എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും 2017 സെപ്തംബറോടെ വ്യാപിപ്പിച്ചിട്ടുണ്ട്.

(ഡി) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് അമൃതം ആരോഗ്യം. ചിട്ടയായ വ്യായാമം, ആരോഗ്യപരമായ ഭക്ഷണരീതി, ലഹരിയോടുള്ള ആസക്തി എന്നിവയെക്കുറിച്ചുള്ള ആരോഗ്യ ബോധവൽക്കരണം, ജീവിതശൈലീ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പദ്ധതി, രോഗം കണ്ടെത്തിയവർക്ക് പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലുള്ള ചികിത്സയും സൗജന്യ മരുന്ന് വിതരണവും എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. 30 വയസ്സിന് മുകളിലുള്ള എല്ലാ ആളുകളെയും ഈ പരിശോധനയ്ക്ക് വിധേയമാക്കുകയും അവരുടെ ആരോഗ്യ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഇതിനകം ഒന്നേകാൽ കോടിയിലേറെ ആളുകളെ സ്ക്രീൻ ചെയ്തുകഴിഞ്ഞു. അവരുടെ ഡയബറ്റിക്സ് പോലുള്ള മറ്റ് ജീവിതശൈലീ രോഗങ്ങളെല്ലാം കണ്ടുപിടിച്ചിട്ടുണ്ട്, ചികിത്സയും നിർദ്ദേശിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമെ പ്രമേഹം കൊണ്ടുണ്ടാകുന്ന നേത്രരോഗമായ നേത്രപടല അന്ധത (ഡയബറ്റിക് റെറ്റിനോപ്പതി), ഡയബറ്റിക് ഫൂട്ട് (കാലിന്റെ ഉപ്പൂറ്റിക്കുവരുന്ന രോഗങ്ങൾ) ഗുരുതരമായ ശ്വാസകോശ രോഗമായ COPD (Chronic Obstructive Pulmonary Disease) തുടങ്ങിയ രോഗങ്ങളും മുൻകൂട്ടി കണ്ടെത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ 6 ദിവസവും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രണ്ട് ദിവസവും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ആശുപത്രികളിലും ആഴ്ചയിൽ 6 ദിവസവും ജീവിതശൈലീ രോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രതലംവരെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി നൽകിവരുന്നുണ്ട്. സബ്സെന്ററിൽനിന്നും ഇത്തരം മരുന്നുകൾ നൽകുന്നതിന് തീരുമാനിച്ചെങ്കിലും കോടതിവിധിയുടെ അടിസ്ഥാനത്തിൽ സബ്സെന്റർ വഴി ഇപ്പോൾ മരുന്നുകൾ വിതരണം ചെയ്യുന്നതിന് താൽക്കാലിക തടസ്സമുണ്ടായിട്ടുണ്ട്. പക്ഷെ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുഖേന ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ നൽകിവരികയാണ്. ജീവിതശൈലീ രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും മുൻകരുതൽ നടപടികളും ഈ കേന്ദ്രങ്ങളിലൂടെ നടപ്പാക്കിവരുന്നു. .... (ബഹളം)..

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ദയവായി സീറ്റിലേയ്ക്ക് തിരിച്ചുപോകണം. നിങ്ങളുടെ പ്രതിഷേധം പ്രകടിപ്പിച്ചുകഴിഞ്ഞു. ഈ സഭയുടെ അദ്ധ്യക്ഷനെന്ന നിലയിൽ വളരെ വേദനാജനകമായ ഒരു അനുഭവമാണിത്, വളരെ നിർഭാഗ്യകരമാണ്. ഒരൊറ്റ വിഷയത്തെ കേന്ദ്രീകരിച്ചുകൊണ്ട് ഈ സഭ ഇങ്ങനെ തടസ്സപ്പെടുത്തുന്നത് ശരിയാണോയെന്ന് നിങ്ങൾ ആലോചിക്കണം. ഇവിടെ അന്തർ സംസ്ഥാന നദീജല കരാർ, ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ എന്നീ വിഷയങ്ങളിന്മേൽ നിയമസഭയിൽ ചോദ്യങ്ങളുന്നയിക്കാനുള്ള മറ്റംഗങ്ങളുടെ അവകാശത്തിൽ ഇടപെടുന്നത് ശരിയല്ല. ആവശ്യത്തിന് പ്രതിഷേധം പ്രകടിപ്പിച്ചു. ഇനി ദയവായി സീറ്റുകളിലേയ്ക്ക് പോകുക. അതല്ലെങ്കിൽ സഭാ നടപടികൾ ബഹിഷ്കരിക്കുക. ഈ രീതി എല്ലാ ദിവസവും തുടരുന്നത് ശരിയല്ല. ......... (ബഹളം)......... പ്ലീസ്..... ഇത് ശരിയല്ല. ......(ബഹളം).........

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : സർ, കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളിലും എല്ലാ രോഗങ്ങളുടെയും നിർണ്ണയത്തിനാവശ്യമായ ആധുനിക സൗകര്യങ്ങളുള്ള ലാബുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, കേരളത്തിലെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആധുനിക സൗകര്യങ്ങളുള്ള ലാബ് തുടങ്ങാനുള്ള തീരുമാനമാണ് എടുത്തിട്ടുള്ളത്. 170 കേന്ദ്രങ്ങളിൽ ഇപ്പോൾ ആരംഭിച്ചുകഴിഞ്ഞു. 503 സ്ഥാപനങ്ങളിൽക്കൂടി ഈ വർഷം ലാബ് ആരംഭിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ലാബുകൾ ആരംഭിക്കുന്നതിനാണ് ഈ സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ജീവിതശൈലീ രോഗങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ഡയബറ്റിക് ക്ലിനിക്കുകൾപോലെ മറ്റ് ജീവിതശൈലീ രോഗങ്ങൾക്കും ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാനാവശ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കാനാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്കായി എല്ലാ കേന്ദ്രങ്ങളിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ആവശ്യമില്ല. ഡയബറ്റിക് സംബന്ധമായിട്ടുണ്ടാകുന്ന ഡയബറ്റിക് ഫുട്ട്, ഡയബറ്റിക് റെറ്റിനോപ്പതി എന്നിവ പരിശോധിക്കാൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പരിശീലനം സിദ്ധിച്ച ഡോക്ടർമാരുണ്ടെങ്കിൽ സാധിക്കും. പ്രാഥമികാരോഗ്യ

കേന്ദ്രങ്ങളിലെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെയും ഡോക്ടർമാർക്കും നഴ്സുമാർക്കും ഇപ്പോൾ പരിശീലനം കൊടുക്കുകയാണ്. മറ്റ് ജില്ലാ ആശുപത്രികളിലും പരിശോധനയ്ക്കാവശ്യമായ ട്രെയിനിംഗ് ആരംഭിച്ചിട്ടുണ്ട്. ഡയബറ്റിക് ഫൂട്ടും ഡയബറ്റിക് റെറ്റിനോപ്പതിയും കേരളത്തിൽ വ്യാപകമായി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനായി സ്പെഷ്യലിസ്റ്റിന്റെ ആവശ്യമില്ല. അത്യാവശ്യ ചികിത്സ ആവശ്യമായി വരുന്ന ഘട്ടത്തിൽ കൂടുതൽ സ്പെഷ്യലിസ്റ്റുള്ള ഉയർന്ന ആശുപത്രികളിലേയ്ക്ക് പറഞ്ഞയയ്ക്കുകയാണ് ചെയ്യുന്നത്.

<u>ശ്രീ. സി. കൃഷ്ണൻ</u> : സർ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. ഇത്തരത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിച്ച വയെല്ലാം സാധാരണക്കാരായ ജനങ്ങൾ വലിയതോതിൽ ഉപയോഗപ്പെടുത്തി ക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെ അഭിനന്ദിക്കുന്നു. അതോടൊപ്പം താലൂക്കാശുപത്രികളുടെയും ജില്ലാ ആശുപത്രികളുടെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ഇത്തരം ആശുപത്രികളെ സ്പെഷ്യാലിറ്റി സൗകര്യമുള്ള ആശുപത്രികളാക്കി മാറ്റിയെടുക്കുകയും ചെയ്യുമെന്ന പ്രഖ്യാപനം നേരത്തെ നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ഏതുവരെ എത്തിയെന്ന് വിശദീകരിക്കാമോ? എന്റെ മണ്ഡലത്തിലെ പയ്യന്നൂർ താലൂക്കാശുപത്രിയും ഇതുസംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നേരത്തെ സമർപ്പിച്ചിട്ടുള്ളതാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം താലൂക്കാശുപത്രികളും ജില്ലാ ആശുപത്രികളും ആധുനികവത്കരിക്കുക, ഇവയുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഇതിനായി ആദ്യഘട്ടത്തിൽ 28 താലൂക്കാശുപത്രികൾ തെരഞ്ഞെടുക്കുകയും അവയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുകയാണ്. ചിലതിന്റെ മാസ്റ്റർ പ്ലാനും ഡി.പി.ആർ.-ഉം കിട്ടിയിട്ടുണ്ട്. അതനുസരിച്ച് കിഫ്ബിയിൽനിന്നും മറ്റും ലോണുകൾ പാസ്സാക്കിയിട്ടുണ്ട്. അതോടൊപ്പം പ്ലാൻ ഫണ്ടുപയോഗിച്ച് ചില താലൂക്കാശുപത്രികൾ നവീകരിച്ചുകൊണ്ടിരിക്കുകയാണ്. തുടർന്ന് മറ്റ് താലൂക്കാശുപത്രികളുടെയും മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഏറ്റവും നല്ല പശ്ചാത്തല സൗകര്യങ്ങളുള്ള ആശുപത്രികളാക്കി മാറ്റും. ആരോഗ്യ വകുപ്പിന് അനുവദിച്ചുകിട്ടിയ പോസ്റ്റ് ക്രിയേഷനിൽ താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ പോസ്റ്റും

ഉൾക്കൊള്ളുന്നുണ്ട്. എന്നാൽ അനുവദിച്ച പോസ്റ്റുപയോഗിച്ച് ആദ്യം അത്തരം ആശുപത്രികൾ നവീകരിക്കുകയും കുറച്ചുകൂടി പോസ്റ്റ് ക്രിയേഷന് നിർദ്ദേശിച്ചിട്ടുമുണ്ട്. അതുകൂടി ലഭ്യമാകുന്ന മുറയ്ക്ക് മുഴുവൻ താലൂക്കാശുപത്രികളും നവീകരിക്കാൻ സാധിക്കും. അത്തരത്തിലുള്ള പ്രവർത്തനവുമായിട്ടാണ് ഘട്ടംഘട്ടമായി ആശുപത്രികൾ നവീകരിക്കുന്ന പ്രക്രിയ മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിലെ പയ്യന്നൂർ ഹോസ്പിറ്റൽ ഈ നവീകരണ പ്രക്രിയയിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രിയാണ്. അതിന്റെ മാസ്റ്റർ പ്ലാൻ ലഭ്യമാകുന്നമുറയ്ക്ക് മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സജി ചെറിയാൻ : സർ, കിഡ്നി സംബന്ധമായ രോഗികളുടെ എണ്ണം വളരെയേറെ കൂടുകയും ഡയാലിസിസ് നടത്തുകയെന്നത് വളരെയേറെ ചെലവേറിയതായും വരുന്നു. ഒരാഴ്ചയിൽ നാലും അഞ്ചും ഡയാലിസിസ് നടത്തുന്ന രോഗികൾ ധാരാളമുണ്ട്. വലിയ സാമ്പത്തികബാധ്യതയാണ് സ്വകാര്യ ആശുപത്രികളിൽ ഈ ചികിത്സയ്ക്കാവശ്യമായി വരുന്നത്. സർക്കാർ ആശുപത്രികളിൽ ഇതിനാവശ്യമായ സംവിധാനം എത്രമാത്രം ഒരുക്കാൻ കഴിയും; നിർദ്ധന രോഗികൾക്ക് സൗജന്യ ഡയാലിസിസ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഡയാലിസിസ് ചെയ്യേണ്ട രോഗികളുടെ എണ്ണം വളരെ കൂടുതലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 44 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പുതുതായി അനുവദിക്കുകയുണ്ടായി. എല്ലാ താലൂക്കാശുപത്രികളിലും ഡയാലിസിസ് യൂണിറ്റ് അനുവദിക്കണമെന്ന സമീപനമാണ് സ്വീകരിച്ചത്. 44 സ്ഥലത്തും 35 കേന്ദ്രങ്ങൾ പൂർത്തിയാക്കി ഡയാലിസിസ് ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഇൻസ്റ്റാൾ ചെയ്യുന്ന പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. സ്വകാര്യ വ്യക്തികളും മറ്റ് സന്നദ്ധ സംഘടനകൾ നടത്തുന്ന ഡയാലിസിസ് സെന്ററുകളുമുണ്ട്. അവരോട് നല്ല ക്വാളിറ്റിയോടെ നടത്തണമെന്ന നിർദ്ദേശം ഗവൺമെന്റ് നൽകുന്നുണ്ട്. അത്തരം കേന്ദ്രങ്ങളെല്ലാം ചേർന്നിട്ടും ഡയാലിസിസ് ചെയ്യേണ്ട ആളുകളുടെ എണ്ണം പിന്നെയും കൂടുതലാണ്. എന്നാൽ ഇപ്പോൾ ആർദ്രം മിഷന്റെ ഭാഗമായി പ്രൈമറിതലത്തിൽ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കിഡ്നി കരാറിലാകാതിരിക്കാനുള്ള രോഗപ്രതിരോധ നടപടികളാണ് സ്വീകരിക്കുന്നത്. വരുംവർഷങ്ങളിൽ ഡയാലിസിസ് ചെയ്യേണ്ടവരുടെ എണ്ണം കുറച്ചുകൊണ്ടുവരാനോ അല്ലെങ്കിൽ അത്രത്തോളംപേർക്ക് കിഡ്നി അസുഖം വരാതെ സംരക്ഷിക്കാൻ കഴിയണമെന്നുമാണ് ആഗ്രഹിക്കുന്നത്. ഇപ്പോൾ താലൂക്കാശുപത്രികളിലെയും

ജില്ലാ ആശുപത്രികളിലെയും മെഡിക്കൽ കോളേജുകളിലെയും ഡയാലിസിസ് യൂണിറ്റുകളെ ശക്തമാക്കുകയും കൂടുതൽ ഡയാലിസിസ് സെന്ററുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം : സർ, 2017-18 ൽ 170 പ്രൈമറി ഹെൽത്ത് സെന്ററുകൾ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിച്ചിട്ടുണ്ട്. കൂടുതൽ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിച്ചതോടുകൂടി പന്ത്രണ്ടുമണിവരെ രോഗികൾക്ക് ലഭ്യമായിരുന്ന സൗകര്യങ്ങൾ ആറുമണിവരെ ലഭ്യമാകുന്നുണ്ടെന്നുള്ളത് വളരെ സ്വാഗതാർഹമായ കാര്യമാണ്. എന്നാൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സി.എച്ച്.സി.-കളിലും മെഡിക്കൽ കോളേജിനോടനുബന്ധിച്ച ഫെസിലിറ്റേഷൻ സെന്ററുകളിലും ഇപ്പോൾ ആർദ്രം പദ്ധതി നടപ്പാക്കിയിരിക്കുന്നു. ഇപ്പോൾത്തന്നെ 24 മണിക്കൂറും പ്രവർത്തിക്കുന്ന സി.എച്ച്.സി.-കളെ ആർദ്രം പദ്ധതി എങ്ങനെയാണ് ബാധിക്കുക; അവിടെ കൂടുതൽ സ്റ്റാഫിനെ നിശ്ചയിക്കുമോ; എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, കേരളത്തിലെ സി.എച്ച്.സി.-കൾ ആവശ്യമായ സ്റ്റാഫ് സ്ട്രെങ്ത്തുള്ളവയല്ല. മുൻകാലങ്ങളിൽ പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളായി അപ്ഗ്രേഡ് ചെയ്യുകയും രണ്ടോ മൂന്നോ ഡോക്ടർമാർ മാത്രമുള്ള ആശുപത്രികളെ സി.എച്ച്.സി.-കളായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നതിന്റെ ഭാഗമായി ഒരു ബ്ലോക്കിൽ ഒരു സി.എച്ച്.സി.-യെങ്കിലും മുഴുവൻ സ്ട്രെങ്ത്തോടുകൂടി മാറ്റുക എന്നതാണ് ആർദ്രം മിഷന്റെ ഉദ്ദേശ്യം. മൂന്ന് ഡോക്ടർമാരിൽ കൂടുതലുള്ള മറ്റ് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഉച്ചയ്ക്കുശേഷവും ഒ.പി. നടത്തണമെന്നുള്ളതാണ് ഇപ്പോഴെടുത്തിട്ടുള്ള തീരുമാനം. അങ്ങനെയൊരു ഉത്തരവ് ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അതിനാവശ്യമായ അനുബന്ധ സ്റ്റാഫുകളെ കണ്ടെത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നാലോ അതിൽ കൂടുതലോ ഡോക്ടർമാരുള്ള സ്ഥാപനങ്ങളിൽ ഉച്ചയ്ക്കുശേഷം ഒ.പി. നടത്തണമെന്നുണ്ട്. എന്നാൽ അവിടെ ഐ.പി. പൂർണ്ണമായും നടത്തണമെങ്കിൽ കൂടുതൽ സ്റ്റാഫ് സ്ട്രെങ്ത് ആവശ്യമാണ്. സി.എച്ച്.സി.-കളെക്കൂടി ഇതിന്റെ ഭാഗമായി ശാക്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. പോസ്റ്റ് ക്രിയേഷൻ ലഭ്യമാകുന്ന മുറയ്ക്ക് ഒരു ബ്ലോക്കിൽ ഒരു സി.എച്ച്.സി.-യെ അതിന്റെ മുഴുവൻ പ്രവർത്തനങ്ങളും സാധ്യമാകുന്ന തരത്തിലേയ്ക്ക് ഉയർത്തും. സി.എച്ച്.സി.-കളെ മെച്ചപ്പെടുത്തുന്നതിന് ഒരു കാര്യംകൂടി ചെയ്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് 232 സി.എച്ച്.സി.-കളിലും ഓരോ സ്റ്റാഫ് നഴ്സിനെയും ഒരു ഫിസിയോ തെറാപ്പിസ്റ്റിനേയും വീതം പോസ്റ്റ് ചെയ്തിരിക്കുന്നു. പാലിയേറ്റീവ് കെയർ അടക്കമുള്ള കാര്യങ്ങൾ സി.എച്ച്.സി.-യുടെകൂടി മേൽനോട്ടത്തിൽ നടത്തുന്നതിനുള്ള സംവിധാനങ്ങളുമുണ്ടാക്കിയിട്ടുണ്ട്. ആ രീതിയിൽ സി.എച്ച്.സി.-യെയും ഈ ഗവൺമെന്റ് നന്നായി ശ്രദ്ധിക്കുകയും രോഗികൾക്കാവശ്യമായ രീതിയിൽ മെച്ചപ്പെടുത്തുന്നതിനും ശ്രമിച്ചിട്ടുണ്ട്.

<u>ശ്രീമതി വീണാ ജോർജ്ജ്</u> : സർ, കേരളത്തിലെ ലക്ഷോപലക്ഷം ആളുകളുടെ പ്രശ്നങ്ങൾ നിയമസഭയിൽ ഉന്നയിക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും തുടർച്ചയായി വിഘാതം സൃഷ്ടിക്കുകയും അവസരം നിഷേധിക്കുകയും ചെയ്യുന്ന പ്രതിപക്ഷത്തിന്റെ ജനവിരുദ്ധമായ നിലപാടിനെതിരെ അതിശക്തമായിട്ടുള്ള പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ക്യാൻസർ ചികിത്സയുമായി ബന്ധപ്പെട്ടുള്ളതാണ് എന്റെ ചോദ്യം. ആർ.സി.സി.-യുടെ നേതൃത്വത്തിലും പത്തനംതിട്ടയിലെ കോഴഞ്ചേരി റീജിയണൽ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിലും ധാരാളം ക്യാൻസർ ഡിറ്റക്ഷൻ ക്യാമ്പുകൾ നടത്തുന്നുണ്ട്. പക്ഷെ ഈ ക്യാമ്പുകളിൽ ഐഡന്റിഫൈ ചെയ്യപ്പെടുന്ന ആളുകളുടെ ശാസ്ത്രീയമായ ക്യാൻസർ പരിശോധനയ്ക്ക് താമസം നേരിടുന്നതായി അനുഭവപ്പെടുന്നുണ്ട്. ബയോപ്സി പോലുള്ള ശാസ്ത്രീയമായ പരിശോധനകൾ എത്രയുംപെട്ടെന്ന് ഏറ്റവും മികച്ച രീതിയിൽ നടത്തുന്നതിനുവേണ്ടി എന്തൊക്കെ സർക്കാർ സംവിധാനങ്ങളാണ് ഒരുക്കാനായി ആലോചിക്കുന്നത്?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ക്യാൻസറിന്റെ കാര്യത്തിൽ ഈ സർക്കാർ വളരെയേറെ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രതിവർഷം 50000 പുതിയ ക്യാൻസർ രോഗികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു വെന്നുള്ളതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ക്യാൻസറിനെ നേരിടുന്നതിന് ഒരു ക്യാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാനിന് ഈ ഗവൺമെന്റ് രൂപം കൊടുത്തിട്ടുണ്ട്.

ജനങ്ങളുടെ രോഗം സംബന്ധിച്ച വളരെ പ്രധാനപ്പെട്ട വിഷയം സംസാരിക്കുമ്പോഴാണ് അങ്ങയുടെ മുഖം മറച്ചുകൊണ്ട് പ്രതിപക്ഷം ഇത്തരത്തിൽ പെരുമാറുന്നത്. നാട്ടിലെ ജനങ്ങളെല്ലാം ഇത് കാണുന്നുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. ഇത് വളരെ കഷ്ടമാണ്. ..(ബഹളം).. ക്യാൻസർ സംബന്ധിച്ച് മറുപടി പറയുമ്പോഴാണ് പ്രതിപക്ഷം ബഹുമാനപ്പെട്ട സ്പീക്കറുടെ മുഖം മറച്ചുകൊണ്ട് മറുപടി പറയാൻ അനുവദിക്കാതിരിക്കുന്നത്. ഈ നാട്ടിലെ ജനങ്ങളെല്ലാം ഇത് കാണുന്നുണ്ടാകുമെന്ന് കരുതുന്നു.

ക്യാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ രൂപീകരിച്ചുകൊണ്ട് സംസ്ഥാനത്തെ മുഴുവൻ ആളുകളെയും സ്ക്രീൻ ചെയ്ത് ക്യാൻസർ ആദ്യഘട്ടത്തിൽതന്നെ കണ്ടെത്തുന്നതിനും ആവശ്യമായ ചികിത്സ അപ്പോൾത്തന്നെ നൽകുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. ആർ.സി.സി.-യുടെയും മലബാർ ക്യാൻസർ സെന്ററിന്റെയും നേതൃത്വത്തിൽ മേഖലകളായി തിരിച്ച് ക്യാൻസർ രജിസ്ട്രി രൂപീകരിച്ചു കൊണ്ടിരിക്കുകയാണ്. അതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കൊച്ചിൻ ക്യാൻസർ സെന്ററിനായി 385 കോടി രൂപ അനുവദിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിട്ട് അതിന്റെ നിർമ്മാണ

പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ ആരംഭിച്ചിരിക്കുകയുമാണ്. കൊച്ചിൻ ക്യാൻസർ സെന്ററിന്റെ ഒ.പി. നേരത്തേതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. കൊച്ചിൻ ക്യാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾത്തന്നെ ക്യാൻസർ സ്റ്റാറ്റജിക് രജിസ്ട്രി മധ്യമേഖലയിൽ നടപ്പിലാക്കുന്നതിന് ശ്രമം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം പ്രൈമറി ഹെൽത്ത് സെന്ററുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുമ്പോൾ അവിടെ വച്ചുതന്നെ ബ്രസ്റ്റ് ക്യാൻസർ, ഓറൽ ക്യാൻസർ, സെർവിക്കൽ ക്യാൻസർ തുടങ്ങിയവ പ്രാരംഭഘട്ടത്തിൽ ഉണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. ഇങ്ങനെ ക്യാൻസർ കണ്ടെത്തുക മാത്രമല്ല, കണ്ടെത്തിയാലുടനെ ട്രീറ്റ്മെന്റിന് ആവശ്യമായിട്ടുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മെഡിക്കൽ കോളേജുകൾ, ക്യാൻസർ സെന്ററുകൾ എന്നിവയെ ശക്തമാക്കി ബയോപ്സി റിപ്പോർട്ട് പെട്ടെന്ന് ലഭ്യമാക്കാനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളെയും എക്വിപ്ഡാക്കുക എന്നുള്ളതാണ് തീരുമാനം. കോഴിക്കോട് മിനി ആർ.സി.സി. എന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന രീതിയിൽ ഒരു നല്ല ക്യാൻസർ സെന്റർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഉദ്ഘാടനം ചെയ്തിട്ടുണ്ട്. അവിടെ ബയോപ്സി ചെയ്യാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ എല്ലാ മെഡിക്കൽ കോളേജുകളിലും ഇത്തരം പരിശോധനകൾ നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി കാലതാമസം ഒഴിവാക്കാൻ കഴിയും. അതിനാണ് ഈ ഗവൺമെന്റ് പരിശ്രമിച്ചു കൊണ്ടിരിക്കുന്നത്....(ബഹളം)...

<u>മി. സ്പീക്കർ</u>: നിങ്ങൾക്ക് പ്രതിഷേധം പ്രകടിപ്പിക്കാം. പക്ഷെ ഈ രീതി ശരിയല്ല. എല്ലാ ദിവസവും കഥകളിയിൽ തിരനോട്ടം കാണിക്കുന്നതുപോലെ തിരശ്ശീല ഉയർത്തുന്നത്... ശരിയല്ല. ...(ബഹളം)... നടുത്തളത്തിലിറങ്ങാം, മുദ്രാവാക്യം വിളിക്കാം. പക്ഷെ ചെയറിന്റെ മുഖം മറച്ചുവയ്ക്കുന്നത് ശരിയാണോ? ഇതാണ് പ്രതിഷേധത്തിന്റെ രീതിയെന്ന് നിങ്ങൾ കുറച്ചുപേർ മനസ്സിലാക്കിയിട്ടുണ്ട്. സഭയോടുള്ള അവഹേളനമാണിത്. പ്രതിഷേധം നടത്താം, നടുത്തളത്തി ലിറങ്ങാം, മുദ്രാവാക്യം വിളിക്കാം. അപമാനകരം. പ്ലീസ്... (ബഹളം)...

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, കേരളത്തിന്റെ ആരോഗ്യ മേഖലയിൽ വലിയ കുതിച്ചുചാട്ടത്തിനാണ് ഈ കാലയളവ് സാക്ഷ്യംവഹിച്ചത്. കേരളത്തിന്റെ പൊതുജനാരോഗ്യ മേഖലയിൽ നിരവധി പ്രവർത്തനങ്ങൾ ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്. അതിൽ എടുത്തുപറയേണ്ടത് ഡയാലിസിസ് യൂണിറ്റുകൾ തന്നെയാണ്. തലശ്ശേരിയിൽ ഉൾപ്പെടെ കേരളത്തിലെ പല മെഡിക്കൽ കോളേജ് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുകയും അവ നല്ല

നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ, ഇപ്പോൾ നേരിടുന്ന പ്രതിസന്ധി അത് പ്രവർത്തിപ്പിക്കാനാവശ്യമായ ടെക്നീഷ്യന്മാരെ വേണ്ടത്ര ലഭിക്കുന്നില്ല എന്നുള്ളതാണ്. രോഗികളുടെ എണ്ണം കൂടുകയും ആവശ്യമായ ടെക്നീഷ്യന്മാരില്ലാത്ത സാഹചര്യമാണുള്ളത്....(ബഹളം)...

<u>മി. സ്പീക്കർ</u>: സഭയിലെ പ്രതിഷേധം ചെയറിന്റെ മുഖം മറച്ചിട്ടില്ല. ചെയറിനോടല്ല പ്രതിഷേധം.... ലജ്ജാകരമായ രീതിയാണിത്. ഒട്ടും ശരിയല്ല.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, യഥാർത്ഥത്തിൽ കേരളത്തിലെ ഡയാലിസിസ് യൂണിറ്റുകൾ round the clock പ്രവർത്തിപ്പിച്ചാൽ മാത്രമെ രോഗികൾക്ക് നിലവിൽ അത് ഉപയോഗപ്രദമാവുകയുള്ളൂ. അതുകൊണ്ട് ഡയാലിസിസ് യൂണിറ്റുകൾ round the clock പ്രവർത്തിപ്പിക്കാനാവശ്യമായ ടെക്നീഷ്യന്മാരെ നിയമിക്കാൻ സംസ്ഥാന സർക്കാർ മുൻകയ്യെടുക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, മുൻപൊരിക്കലുമില്ലാത്ത രീതിയിലാണ് ആരോഗ്യ മേഖലയിൽ പോസ്റ്റ് ക്രിയേഷൻ നടത്തിക്കൊണ്ടിരിക്കുന്നത്. ആരോഗ്യ മേഖല 1961-ലെ സ്റ്റാഫ് പാറ്റേണിലാണ് പ്രവർത്തിച്ചിരുന്നത്. അത് മാറ്റാൻ നല്ല രീതിയിൽ ഗവൺമെന്റ് സഹായിക്കുകയും പോസ്റ്റ് ക്രിയേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇനിയും ധാരാളം തസ്തികകൾ ആവശ്യമായി വരുന്നുണ്ട്. അതിനായി സംസ്ഥാന ഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ചില കാര്യങ്ങൾ ചെയ്യാൻ ആലോചിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ മാത്രമല്ല, ചില ആശുപത്രികളുടെ എച്ച്.എം.സി. മുഖേനയും ചില കാര്യങ്ങൾ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഇങ്ങനെ വിവിധ രീതിയിൽ ക്രമീകരിച്ചുകൊണ്ടാണ് ഇപ്പോഴുള്ള തസ്തികകളുടെ അഭാവം പരിഹരിച്ചുകൊണ്ടിരിക്കുന്നത്. ലാബ് ടെക്നീഷ്യന്മാരെ ചിലയിടങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളും നിശ്ചയിക്കുന്നുണ്ട്; ഗവൺമെന്റും ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്താം. ഇങ്ങനെ എല്ലാ തലത്തിലും ചേർന്നുവേണം ടെക്നീഷ്യന്മാരുടെ അഭാവം പരിഹരിക്കേണ്ടത്.

<u>മി. സ്പീക്കർ</u>: നിരന്തരമായി സഭാനടപടികളിൽ ഇങ്ങനെയൊരു രീതി തുടർന്നാൽ സഭയിൽ ചർച്ച ചെയ്യേണ്ട കാര്യങ്ങൾ ചർച്ച ചെയ്യാതെ മുന്നോട്ട് പോകേണ്ടിവരുന്നത് നിർഭാഗ്യകരവും വേദനാജനകവുമാണ്.

സഭാനടപടികൾ നിരന്തരമായി തടസ്സപ്പെടുത്തുന്ന സാഹചര്യത്തിൽ ചോദ്യോത്തരവേളയുടെ ശേഷിക്കുന്ന ഭാഗം ഇന്നും റദ്ദ് ചെയ്യുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

ശ്രദ്ധ ക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുന്നു. മറുപടികൾ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.*

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

# (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ശബരിമലയിൽ പകർച്ചവ്യാധികൾ തടയാൻ നടപടി

3 (*303) ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങൾ പരിമിതമായ ശബരിമലയിൽ പകർച്ച വ്യാധികൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) തീർത്ഥാടകരിൽ ഭൂരിഭാഗവും ഇതര സംസ്ഥാനക്കാരായതിനാൽ ആരോഗ്യവകുപ്പ് എന്തൊക്കെ മുൻ കരുതലുകളാണ് ശബരിമലയിൽ നടപ്പിലാക്കിയിരിക്കുന്നത്;

(സി) എച്ച് 1 എൻ 1 ഉൾപ്പെടെ എല്ലാവിധ പനികൾക്കുമുള്ള മരുന്ന് ശബരിമലയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അവിടെ പ്രളയത്തിൽ തകർന്ന ആശുപത്രികളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : (എ) 2018-19-ലെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പൊതുജനാരോഗ്യ പ്രവർത്തനങ്ങളായ ജലജന്യ, ജന്തുജന്യ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും ദൈനംദിന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി നടത്തിവരുന്നു. നിലയ്ക്കൽ, പമ്പ, സന്നിധാനം, നീലിമല, അപ്പാച്ചിമേട് എന്നീ കേന്ദ്രങ്ങളിൽ ആരോഗ്യ പ്രവർത്തകരുടെ ടീം പ്രവർത്തിക്കുന്നു. പകർച്ചവ്യാധികൾ തടയുന്നതിനായി ഫോഗിംഗ്, ഉറവിട നശീകരണം, ക്ലോറിനേഷൻ, ബോധവത്കരണം, സ്പ്രേയിംഗ്, കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധന എന്നിവ ചെയ്തുവരുന്നു. കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനായി പത്തനംതിട്ടയിൽ ഒരു താൽക്കാലിക അനലറ്റിക്കൽ ലബോറട്ടറി ആരംഭിച്ചിട്ടുണ്ട്.

കൂടാതെ ഹോട്ടലുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശോധന, എലിപ്പനിക്കുള്ള പ്രതിരോധ മരുന്ന് വിതരണം, ഡെങ്കിപ്പനി, മലേറിയ എന്നിവയ്ക്കുള്ള രക്ത പരിശോധനാ കിറ്റുകൾ, കഫ പരിശോധന മറ്റ് സാനിട്ടേഷൻ പ്രവർത്തനങ്ങൾ, രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം, ബോധവത്കരണ ക്ലാസ്സുകൾ എന്നിവ നടത്തുന്നുണ്ട്. 24 മണിക്കൂറും ആശുപത്രികളിൽ ഒ.പി. അത്യാഹിത സേവനങ്ങൾ ലഭ്യമാണ്. പകർച്ച വ്യാധികൾ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ വ്യക്തമാക്കുന്ന ആറ് ഭാഷകളിലുള്ള മുന്നറിയിപ്പ് ബോർഡുകൾ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ശബരിമല തീർത്ഥാടകർക്ക് അവരുടെ ആരോഗ്യസ്ഥിതി പരിപാലിക്കുന്നതിനുതകുന്ന വിവരങ്ങൾ അടങ്ങിയ നോട്ടീസുകൾ മലയാളത്തിനു പുറമെ ഇംഗ്ലീഷ്, ഹിന്ദി തമിഴ്, തെലുങ്ക്, കന്നട എന്നീ ഭാഷകളിൽ അച്ചടിച്ച് വിതരണം ചെയ്തുവരുന്നു. ഇതിനു പുറമേ തീർത്ഥാടകർക്ക് ആരോഗ്യ അറിയിപ്പുകൾ നൽകുന്നതിനായി ആറ് ഭാഷകളിലുള്ള ബാനറുകളും പോസ്റ്ററുകളും പ്രധാന ഇടത്താവളങ്ങളിലും നിലയ്ക്കൽ, പമ്പ മുതൽ സന്നിധാനം വരെയുള്ള പാതയോരങ്ങൾ എന്നിവിടങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഹൃദ്രോഗം മൂലമുണ്ടാകുന്ന മരണങ്ങൾ തടയുന്നതിനായുള്ള ആരോഗ്യ മുന്നറിയിപ്പുകളും വിവരണങ്ങളുമടങ്ങിയ ബോർഡുകളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. പനി, ജലദോഷം തുടങ്ങിയ അസുഖങ്ങൾ ഉള്ളവർ മല ചവിട്ടുന്നത് ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആരോഗ്യവകുപ്പ് സെക്രട്ടറി മുഖേന മറ്റ് സംസ്ഥാനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട്. പനി, ചുമ, ശ്വാസതടസ്സം തുടങ്ങിയ അസുഖങ്ങളുള്ള ഇതര സംസ്ഥാന തീർത്ഥാടകർക്ക് എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. മലേറിയ, മന്ത് എന്നീ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനായി മുന്നൂറോളം പേർക്ക് രക്തപരിശോധനകൾ ഇതുവരെ ചെയ്തിട്ടുണ്ട്. ചിക്കൻപോക്സ് എച്ച്1 എൻ1 എന്നിവയ്ക്കുള്ള മരുന്നുകൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്.

(സി) എച്ച്1 എൻ1 ഉൾപ്പെടെയുള്ള എല്ലാ പനികൾക്കുമുള്ള മരുന്നുകൾ ശബരിമലയിൽ ലഭ്യമാണ്.

(ഡി) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ പമ്പയിലെ സർക്കാർ ആശുപത്രിയിൽ വൻനാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. ആശുപത്രിയിലെ ഫർണിച്ചറുകള്, മരുന്നുകൾ, ഡിസ്ട്രിബ്യൂഷൻ പാനൽ, ബോർഡ് ജനറേറ്റർ എന്നിവ ഉൾപ്പെടെയുള്ള ഇലക്ട്രിക് ഉപകരണങ്ങൾ ഓപ്പറേഷൻ തിയേറ്റർ തുടങ്ങി

കെട്ടിടത്തിന്റെ ഭൂനിരപ്പിലുള്ള നില പൂർണ്ണമായും പ്രളയത്തിൽ നശിച്ചുപോയി. ഏകദേശം ഒരു കോടി എൺപതു ലക്ഷം രൂപയുള്ള നഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന സ്ഥാപനം സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ പ്രളയത്തിൽ തകർന്ന പമ്പ സർക്കാർ ആശുപത്രിയുടെ പുനരുദ്ധാരണത്തിന്റെ പൂർണ്ണ ചുമതല ഏറ്റെടുക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നശിച്ചുപോയ ഇലക്ട്രോണിക്സ് ഉപകരണങ്ങളും (സബ് സ്റ്റേഷൻ നവീകരണം, എലിവേറ്റർ, ജനറേറ്റർ, ഡിസ്ട്രിബ്യൂഷൻ പാനൽ തുടങ്ങിയവ) മെഡിക്കൽ ഉപകരണങ്ങളും പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ പവർഗ്രിഡ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ആരോഗ്യ ദൗത്യം ബി.എസ്.എൻ.എൽ. മുഖേന പമ്പ സർക്കാർ ആശുപത്രി കെട്ടിടത്തിലെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങളും ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതടക്കമുള്ള പണികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

**കേരളത്തെ ഡിജിറ്റൽ ഹബ്ബാക്കുക എന്ന ലക്ഷ്യം**

4 (*304) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ജോയി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഡിജിറ്റൽ ഹബ്ബാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരിന്റെ ഉന്നതാധികാര ഐ. ടി. സമിതി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഐ. ടി. പ്രതിഭകളെ സംസ്ഥാനത്ത് തന്നെ നിലനിർത്തുക എന്ന ലക്ഷ്യത്തോടെ ഐ.ടി. പാർക്കുകൾ വിപുലീകരിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഐ.ടി. സ്റ്റാർട്ടപ്പ് സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ;

(ഡി) ഹാർഡ്‌വെയർ രംഗത്ത് സംസ്ഥാനത്തിന്റെ സാന്നിദ്ധ്യമറിയിക്കാൻ നടത്തിവരുന്ന പ്രവർത്തനം വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : (എ) കേരളത്തെ ഡിജിറ്റൽ ഹബ്ബാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ഐ.ടി. നയപ്രകാരം സർക്കാരിന്റെ ഉന്നതാധികാര ഐ.ടി. സമിതി രൂപീകരിച്ചത്. സംസ്ഥാനത്തിന്റെ സമഗ്ര ഐ.ടി. വികസനം ഉറപ്പാക്കാനും ഡിജിറ്റൽ ഐ.ടി പ്രവർത്തനങ്ങൾ കേന്ദ്രീകൃത സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരുവാനും അവ ഏകോപിപ്പിക്കുവാനും ഈ സമിതി ജനപ്രതിനിധികളുമായി യോജിച്ച് പ്രവർത്തിച്ചുവരുന്നു. ഡിജിറ്റൽ ഐ.ടി. പ്രവർത്തനങ്ങളുടെ വിശദമായ പദ്ധതി നടത്തിപ്പിന്റെ മാർഗ്ഗരേഖാ രൂപീകരണം, പ്രവർത്തന ചട്ടക്കൂട്, ഭരണ നിർവ്വഹണ മാതൃകകൾ എന്നിവ രൂപപ്പെടുത്തുന്നതിൽ സമിതി നിർണ്ണായക പങ്കുവഹിക്കുന്നു. നിർണ്ണായക പദ്ധതികളുടെയും സമിതികളുടെയും കാലോചിതമായ പരിഷ്കരണം, കാര്യക്ഷമത ഉറപ്പിക്കൽ, സമയബന്ധിതവും സുതാര്യവുമായ പരിവർത്തനങ്ങൾ എന്നിവ സമിതി നിരീക്ഷിക്കുന്നു.

ലോകോത്തര ഐ.ടി. സംരംഭങ്ങളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുക എന്നതും അതുമായി ബന്ധപ്പെട്ട ഗ്ലോബൽ കണക്ട് മീറ്റിംഗുകൾ സംഘടിപ്പിക്കുക എന്നതും ഉന്നതാധികാര സമിതിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ആദ്യപടിയെന്ന നിലയിൽ ആഗോള സമ്മേളനമായ ഹാഷ് ഫ്യൂച്ചറും അതുമായി ബന്ധപ്പെട്ടുള്ള ഗ്ലോബൽ കണക്ട് മീറ്റിംഗുകളും വഴി പുതിയതായി വ്യവസായം ആരംഭിക്കുവാനായി ദേശീയവും അന്തർദ്ദേശീയവുമായ നിരവധി കമ്പനികൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഫ്യൂച്ചർ ടെക്നോളജീസ് അടിസ്ഥാനമാക്കി ആഗോളതലത്തിൽ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുത്തൻ സാങ്കേതിക വിദ്യകളായ ബ്ലോക്ക് ചെയിൻ ടെക്നോളജി, റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇന്റർനെറ്റ് ഓഫ് തിങ്സ് (IoT), ബിഗ് ഡാറ്റാ അനലിറ്റിക്സ് ഉടങ്ങിയ വ്യവസായ സംരംഭങ്ങൾക്കും ഈ മേഖലയിൽ തൊഴിൽ അന്വേഷിക്കുന്ന ഐ.ടി. പ്രതിഭകൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിലാണ് സെന്റർ ഓഫ് എക്സലൻസ് സംവിധാനം, ഐ.ടി.നയം അനുസരിച്ച് ഐ.ടി. പാർക്കുകളിൽ ആവിഷ്കരിച്ചുവരുന്നത്. കൂടാതെ ഐ.ടി. മാനവ വികസനം, നൈപുണ്യ വികസനം, ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ, സ്വതന്ത്ര ഓപ്പൺ സോഴ്സ് മേഖലയിൽ പുതു സംരംഭകത്വ വികസനം തുടങ്ങിയ മേഖലകളിലേക്ക് ആവശ്യമായ മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനായി സംസ്ഥാന സംരംഭങ്ങളായ ഗവൺമെന്റ് ഐ.ടി. പാർക്കുകളും ഐ.സി.ടി. അക്കാഡമി, ഐ.ഐ.ഐ.ടി.എം.കെ., ഐ.സി.എഫ്.ഒ.എസ്.എസ്., കേരള സ്റ്റാർട്ട്അപ്പ് മിഷൻ തുടങ്ങിയ സ്ഥാപനങ്ങളും ഒത്തുചേർന്നുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കിവരുന്നത്.

ഐ.ടി. മേഖലകളിലും അനുബന്ധ മേഖലകളിലും ഉൽപ്പന്നങ്ങളും സേവനങ്ങളും പരമാവധി പ്രാവർത്തികമാക്കാനും അതുവഴി പുതിയ വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കാനും ഐ.ടി. പ്രതിഭകളെ ഇവിടെത്തന്നെ നിലനിർത്തുക എന്ന വിപുലമായ ലക്ഷ്യത്തോടെയുള്ള പദ്ധതികളാണ് ഐ.ടി. നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഉണ്ട്. സാങ്കേതിക സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നൊവേഷൻ സോൺ എന്നീ രണ്ട് പദ്ധതികൾ കേരള സ്റ്റാർട്ട്പ്പ് മിഷൻ മുഖേന നടപ്പിലാക്കിവരുന്നു.

(ഡി) ഹാർഡ്വെയർ രംഗത്ത് സംസ്ഥാനത്തിന്റെ സാന്നിദ്ധ്യമറിയിക്കുന്നതിനായി പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (PPP) മാതൃകയിൽ കെൽട്രോൺ, കെ.എസ്.ഐ.ഡി.സി., യു.എസ്.റ്റി ഗ്ലോബൽ., ആക്സിലറോൺ എന്നീ കമ്പനികൾ സഹകരിച്ച് ലാപ്ടോപ്പുകളും സെർവറുകളും നിർമ്മിക്കുന്നതിന് പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ട്. തദ്ദേശമായുള്ള ചെറുകിട ഹാർഡ്വെയർ നിർമ്മാണ കമ്പനികളെക്കൂടി ഉൾപ്പെടുത്തി ആവശ്യമായ നിർമ്മാണ ഘടകങ്ങൾ സംസ്ഥാനത്തിനുള്ളിൽത്തന്നെ നിർമ്മിക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നതാണ്.

## സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

5(*305) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വിൽപ്പന കേന്ദ്രങ്ങളിൽ അവശ്യസാധനങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സപ്ലൈകോയിലെ വിതരണക്കാർക്ക് കുടിശ്ശിക വന്നിട്ടുള്ളതിനാൽ സാധനങ്ങളുടെ വിതരണത്തിൽ തടസ്സം നേരിട്ടിട്ടുണ്ടോ;

(സി) സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) വിതരണ കേന്ദ്രങ്ങളിലെ ക്രമക്കേടുകൾ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) റേഷൻകാർഡൊന്നിന് സപ്ലൈകോയിൽനിന്നും വിതരണം ചെയ്യുന്ന സബ്സിഡിയുള്ള സാധനങ്ങളുടെ തോത് വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : (എ) അത്തരത്തിൽ പരാതികൾ ചില കേന്ദ്രങ്ങളിൽനിന്നും മാത്രമേ കിട്ടിയിട്ടുള്ളൂ. അപ്പോൾ ചില വില്പനശാലകളിൽ ചില ഇനങ്ങൾ ആവശ്യമായ തോതിൽ ലഭ്യമാകാതെ വന്നപ്പോൾ മറ്റ് വിൽപ്പനശാലകളിൽനിന്നോ മറ്റ് ഡിപ്പോകളിൽനിന്നോ സ്റ്റോക്ക് യഥാസമയം എത്തിച്ച് സാധനങ്ങളുടെ ദൗർലഭ്യം പരിഹരിച്ചിട്ടുണ്ട്.

(ബി) തടസ്സം നേരിട്ടിട്ടില്ല.

(സി) പ്രളയത്തെത്തുടർന്ന് സപ്ലൈകോയുടെ ചില വിപണനശാലകൾ നശിച്ചുപോകുകയുണ്ടായി. കൂടാതെ നെല്ല് സംഭരണ സംസ്കരണ വിതരണ പദ്ധതിയിൽ സപ്ലൈകോ ഗോഡൗണുകളിൽ വെള്ളം കയറി നെല്ലും അരിയും നശിച്ച വകയിൽ 120 കോടി രൂപയുടെ നഷ്ടം ഉണ്ടായി. ഇതുമൂലം താൽക്കാലിക സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാകാത്തതിനെ തുടർന്നാണ് മേൽപ്പറഞ്ഞ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിട്ടുള്ളത്. എന്നിരുന്നാലും മുൻവർഷം ലഭിച്ചതുപോലെതന്നെ വിപണിയിടപെടലിനായി സപ്ലൈകോയ്ക്ക് 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. FMCG (Fast Moving Consumer Goods) വിൽപ്പനയിൽനിന്നും കിട്ടുന്ന ലാഭവും സർക്കാർ വിഹിതവും ചേർത്തുകൊണ്ടാണ് സബ്സിഡി ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്.

സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡി ഉള്ള നിത്യോപയോഗ സാധനങ്ങളുടെ വില 5 വർഷത്തേയ്ക്ക് വർദ്ധിപ്പിക്കില്ലായെന്നത് ഈ സർക്കാരിന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളില ഒന്നാണ്. അധികരത്തിൽ എത്തിയതിനു ശേഷം നാളിതുവരെ മേൽപ്പറഞ്ഞ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. വെളിച്ചെണ്ണ, പഞ്ചസാര എന്നീ ഇനങ്ങൾ മാത്രം മേൽപ്പറഞ്ഞ പ്രകാരം വിപണനം നടത്തിയതു വഴി സെപ്റ്റംബർ 30 വരെ സപ്ലൈകോവിന് വന്നിട്ടുള്ള സാമ്പത്തിക ബാദ്ധ്യത യഥാക്രമം 45.99 കോടി രൂപ 33.75 കോടി രൂപ എന്നിങ്ങനെയാണ്. സംസ്ഥാനത്ത് 81.14 ലക്ഷം വരുന്ന കാർഡുടമകൾക്ക് ഒരോരുത്തർക്കും മേൽപ്പറഞ്ഞ 14 ഇനം സബ്സിഡി സാധനങ്ങളും ലഭിക്കുവാൻ അർഹതയുണ്ട്. എന്നാൽ റേഷൻ കാർഡ് ദുരുപയോഗപ്പെടുത്തി ഒരോ കടയിൽ നിന്നും സബ്സിഡി ആനുകൂല്യം തട്ടിയെടുക്കുന്നതിനായി വ്യാപകമായ പരാതി ഉയർന്നതിനെ തുടർന്ന് ഒരു കാർഡ് ഉടമയ്ക്ക് മാസത്തിൽ ഒരു തവണ മാത്രം സബ്സിഡി ആനുകൂല്യം ലഭ്യമാക്കുന്ന വിധം സോഫ്റ്റ് വെയർ പരിഷ്കരണ നടപ്പിലാക്കി. സപ്ലൈകോ വഴി വിപണനം ചെയ്യുന്ന FMCG ബ്രാൻഡഡ് ഉൽപ്പന്നങ്ങളുടെ മാർജിൻ വർദ്ധിപ്പിക്കുന്നതിനായി ബ്രാൻഡ് ഉടമകളുടെ പ്രത്യേക യോഗം സർക്കാർ തലത്തിൽ വിളിച്ച് ചേർത്ത് ലാഭം വർദ്ധിപ്പിക്കുവാൻ പദ്ധതി

തയ്യാറാക്കി. ഏകദേശം 4 കോടിയോളം രൂപ ഈ ഇനത്തിൽ അധികമായി കണ്ടെത്തുവാൻ സാധിച്ചു. സംസ്ഥാനത്തെ നൂറ്റിഞ്ചോളം വരുന്ന മെഡിക്കൽ മാവേലി സ്റ്റോറുകളിൽ തൊണ്ണൂറ് ശതമാനവും നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനായി കണ്ടതിനെ തുടർന്ന് നിയമസഭാ സമിതി വിഷയത്തിലിടപെടുകയും അവ ഒന്നുകിൽ ലാഭത്തിലാക്കണമെന്നും അല്ലാത്തപക്ഷം അടച്ച് പൂട്ടണമെന്നും നിർദ്ദേശിക്കുകയുണ്ടായി. ഇതിനെ തുടർന്ന് ലാഭത്തിലാകാൻ സാധ്യതയില്ലാത്ത മെഡിക്കൽ സ്റ്റോറുകൾ നിർത്തലാക്കാനും മറ്റുള്ളവ ലാഭത്തിലാക്കുവാനും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്തു. ഡെപ്യൂട്ടേഷനില ജോലി ചെയ്യുന്ന ജീവനക്കാരെ മേൽപ്പറഞ്ഞ മാവേലി സ്റ്റോറുകളിൽ നിന്ന് പിൻവലിക്കുകയും വിൽപ്പന വർദ്ധിപ്പിക്കുവാൻ പ്രത്യേകമായ ടാർജറ്റ് അവിടങ്ങളിലെ ഫാർമസിസ്റ്റുകൾക്ക് നിശ്ചയിച്ച് നൽകുകയും ചെയ്തു. ഇതിന്റെ ഫലമായി വിൽപ്പനയിൽ ഇരട്ടയിലധികം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വരുംകാലങ്ങളിൽ റേഷൻ കടകൾ വഴി സപ്ലൈകോ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് നൂറ് വിൽപ്പനശാലകളെ കാലാനുസൃതമായ രീതിയിൽ നവീകരിച്ച് വിൽപ്പന വർദ്ധിപ്പിക്കുന്നതിനും വ്യാപാര മേഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഹോം അപ്ലയൻസസ് ഷോറൂമുകൾ ആരംഭിക്കുന്നതിനും കൂടുതൽ പെട്രോൾ പമ്പുകൾ, ഗ്യാസ് ഏജൻസികൾ തുടങ്ങിയവ ആരംഭിക്കുന്നതിനും ആലോചനയുണ്ട്.

(ഡി) വിതരണ കേന്ദ്രങ്ങളിലെ ക്രമക്കേടുകൾ തടയുന്നതിന് സപ്ലൈകോയുടെ വിജിലൻസ് വിഭാഗത്തിൽ നിന്നും അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) നിലവിൽ റേഷൻകാർഡൊന്നിന് സപ്ലൈകോയിൽനിന്നും വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വിതരണത്തോത് വെട്ടിക്കുറച്ചിട്ടില്ല.

## പോലീസ് ഇന്റഗ്രേറ്റഡ് കൺട്രോൾ റൂം

6 (*306) ശ്രീ. പി. കെ. ശശി :
ശ്രീ. എം. സ്വരാജ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഗ്ഗീയ സംഘർഷം ലക്ഷ്യമിട്ടുകൊണ്ട് ചില ശക്തികൾ വിദ്വേഷ പ്രചാരണം ശക്തിപ്പെടുത്തിയിരിക്കുന്നതിനാൽ ഇത്തരക്കാരെ കർശനമായി അമർച്ച ചെയ്യാൻ പോലീസ് സേനയുടെ ശാക്തീകരണത്തിന് സ്വീകരിച്ചുവരുന്ന നടപടി അറിയിക്കാമോ;

(ബി) സമൂഹമാധ്യമങ്ങളിലൂടെ വിദ്വേഷ പ്രചാരണം നടത്തുന്നവർക്കെതിരെ കർശന നടപടിയെടുക്കുമോ;

(സി) പൊതുസ്ഥലങ്ങളിൽ പോലീസിന്റെ സാന്നിധ്യം വർദ്ധിപ്പിച്ച് ജനങ്ങളിൽ സുരക്ഷിതബോധം വർദ്ധിപ്പിക്കാനും ഗുണ്ടകളെയും മാഫിയ സംഘങ്ങളെയും അമർച്ച ചെയ്യാനും ചെയ്തുവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ഡി) പോലീസിന്റെ നിയന്ത്രണത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് തലസ്ഥാന നഗരിയിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ഇന്റഗ്രേറ്റഡ് കൺട്രോൾ റൂമിന്റെ ലക്ഷ്യം വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സംസ്ഥാനത്ത് വർഗ്ഗീയ സംഘർഷം ലക്ഷ്യമിട്ടുകൊണ്ട് വിദ്വേഷ പ്രചാരണം നടത്തുന്നതും നടത്താൻ സാധ്യതയുള്ളതുമായ വ്യക്തികളുടെയും വർഗ്ഗീയ സംഘടനകളുടെയും പ്രവർത്തനങ്ങൾ സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന്റെ സഹായത്തോടെ പോലീസ് നിരീക്ഷിച്ചുവരുന്നു. ഇത്തരത്തിൽ വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുകയും അതിലൂടെ സമൂഹത്തിൽ അന്ത:ഛിദ്രം ഉണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവർക്കെതിരെ വിലവിലെ നിയമമനുസരിച്ച് കേസ്സുകൾ രജിസ്റ്റർചെയ്ത് കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ വർഗ്ഗീയ സംഘർഷം ലക്ഷ്യമിട്ടുകൊണ്ട് പ്രവർത്തിക്കുകയും വിദ്വേഷ പ്രചരണം നടത്തുകയും ചെയ്യുന്ന സാമൂഹ്യവിരുദ്ധ ശക്തികളെ അമർച്ചചെയ്യുന്നതിന്റെ ഭാഗമായി ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ടി വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലന പരിപാടികൾ കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയുടെ സഹായത്തോടെ നടത്തുന്നുണ്ട്.

സാമൂഹ്യ മാധ്യമങ്ങളിലൂടെ സാമൂഹ്യ വിദ്വേഷപ്രചാരണം നടത്തുന്നവർക്കെതിരെ പോലീസ് ജില്ലാ സൈബർ സെല്ലുകൾ, സൈബർ ഡോം, ഹൈ-ടെക് ക്രൈം എൻക്വയറി സെൽ എന്നിവ മുഖേന നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്.

സാമൂഹ്യ മാധ്യമങ്ങളിലെ വർഗ്ഗീയ/വിദ്വേഷ പ്രചാരണങ്ങൾക്കെതിരെ കർശന നടപടിയെടുക്കുന്നതിന്റെ ഭാഗമായി പോലീസ് സേനയിലെ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർക്ക് സൈബർ സുരക്ഷയെക്കുറിച്ച് ആവശ്യമായ ആധുനിക പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടത്തിവരുന്നു. ഇത്തരത്തിൽ നവമാധ്യമങ്ങൾ വഴിയുള്ള വർഗ്ഗീയ വിദ്വേഷ പ്രചരണങ്ങൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനും കൊച്ചി നഗരത്തിൽ

ആരംഭിക്കുവാൻ പോകുന്ന സൈബർഡോമിൽ Open Source Intelligence Monitoring System സ്ഥാപിക്കുവാൻ സർക്കാർ 2018-ലെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 31-7-2018-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 2240/2018/ആഭ്യന്തരം പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ കോഴിക്കോട് നഗരത്തിൽ ആരംഭിക്കുവാൻ പോകുന്ന സൈബർ ഡോമിൽ Social Media Lab and Internet Monitoring Hardware സ്ഥാപിക്കുന്നതിനായി 2018-19-ലെ സ്റ്റേറ്റ് പ്ലാസ് കീമിൽ ഉൾപ്പെടുത്തി 31-7-2018-ലെ സ.ഉ.(ആർ.റ്റി) നമ്പർ 2240/2018/ആഭ്യന്തരം പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വർഗ്ഗീയ സംഘർഷം ലക്ഷ്യമിട്ടുകൊണ്ട് വിദ്വേഷ പ്രചാരണം നടത്തിയതുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമമനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിലായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 60 കേസ്സുകൾ (Social Media-44, writings-2, Speeches-4, others-10) രജിസ്റ്റർചെയ്ത് കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതുസ്ഥലങ്ങളിൽ വിവിധ കർത്തവ്യങ്ങൾ അനുഷ്ഠിക്കുന്ന യൂണിഫോം ധരിച്ച പോലീസ് ഉദ്യോഗസ്ഥരുടെ പ്രത്യക്ഷ സാന്നിധ്യം കുറ്റകൃത്യങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും ഉണ്ടായാൽ പ്രതിരോധിക്കുന്നതിനും സഹായിക്കുന്നു. സുഗമവും നിയന്ത്രിതവുമായ ഗതാഗതം സാധ്യമാക്കുന്നു. ഇതുകൂടാതെ പൊതുവിൽ ജനങ്ങൾക്ക് അതിയായ സുരക്ഷാബോധം പ്രദാനം ചെയ്യുന്നു. സാങ്കേതിക മുന്നേറ്റംകൊണ്ട് സമ്പന്നമായ ആധുനിക പോലീസിംഗ് കാലഘട്ടത്തിൽ പരമ്പരാഗത അടിസ്ഥാന ഫീൽഡ് പോലീസിംഗ് പ്രവർത്തനങ്ങൾക്ക് ഇപ്പോഴും വലിയ പ്രാധാന്യമുണ്ട്. പൊതുസ്ഥലങ്ങളിൽ പോലീസിന്റെ ദൃശ്യത (visible policing) മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ 6-6-2018-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 22/2018 പ്രകാരം സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*)

(ഡി) കേന്ദ്രസർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന Emergency Response Support System (ERSS) എന്ന പദ്ധതിയുടെ ഭാഗമായാണ് ഇന്റഗ്രേറ്റഡ് കൺട്രോൾ റൂം സ്ഥാപിക്കുന്നത്. പോലീസ് ആസ്ഥാനത്താണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രസ്തുത കൺട്രോൾ റൂം സ്ഥാപിക്കുന്നത്. 12-10-2017-ലെ സ.ഉ.(ആർ.റ്റി) നമ്പർ 2673/2017/ആഭ്യന്തരം പ്രകാരം ERSS എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*. 23-11-2017-ലെ സ.ഉ.(ആർ.റ്റി) നമ്പർ 3113/2017/ആഭ്യന്തരം പ്രകാരം ERSS പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി C-DAC-നെ ചുമതലപ്പെടുത്തി. (പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*). നിലവിലുള്ള emergency നമ്പരുകളെ (100, 101, 108, 1091 മുതലായവ) ഏകോപിപ്പിച്ച് 112 എന്ന നമ്പർ ആക്കി അത്യാവശ്യ സന്ദർഭങ്ങളിൽ സഹായം എത്തിക്കുന്ന പദ്ധതിയാണിത്. എല്ലാ ജില്ലകളിലുള്ള കൺട്രോൾ റൂമുകളെയും പോലീസ് ആസ്ഥാനത്തുള്ള State Emergency Response Centre (SERC) എന്ന ഇന്റഗ്രേറ്റഡ് കൺട്രോൾ റൂം നിയന്ത്രിക്കുന്നു. 112 എന്ന നമ്പരിലേയ്ക്ക് വരുന്ന സഹായ കോളുകൾ SERC അതത് സ്ഥലത്തെ കൺട്രോൾ റൂമുകളിലേയ്ക്ക് അയച്ച് സഹായം ഉറപ്പുവരുത്തുന്നു.

സ്ത്രീ സുരക്ഷ, അപകടങ്ങൾ, വൃദ്ധരുടെ സുരക്ഷ, ഫയർഫോഴ്സ്, ആംബുലൻസ് സർവ്വീസ് തുടങ്ങിയവയെല്ലാം ഒറ്റ നമ്പരിൽ ഏകീകരിച്ച് എത്രയുംവേഗം അർഹതപ്പെട്ടവർക്ക് സഹായമെത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പൊതുജനങ്ങൾക്ക് എല്ലാവിധ അവശ്യ സർവ്വീസുകളും വളരെ പെട്ടെന്ന് ലഭ്യമാക്കുന്നതിനും പ്രകൃതി ദുരന്തങ്ങൾ പോലുള്ള സമയങ്ങളിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ദുരന്തനിവാരണം നടത്തുന്നതിനും ക്രമസമാധാനപാലനം സുഗമമാക്കുന്നതിനും ഗതാഗത സുരക്ഷാ നിയമങ്ങൾ പാലിക്കുന്നതിനും നിയമലംഘനം നടത്തുന്നവരെ കണ്ടെത്തുന്നതിനും എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതുമൂലം സാധിക്കുന്നതാണ്.

## സംസ്ഥാനത്തിന്റെ എയിംസ് ആവശ്യത്തോടുള്ള കേന്ദ്ര നിലപാട്

7(*307) ശ്രീ. പി. വി. അൻവർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ രംഗത്തെ മികച്ച നേട്ടം ദൃഢമാക്കുന്നതിനായി എയിംസ് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ദീർഘനാളത്തെ ആവശ്യത്തോടുള്ള കേന്ദ്ര സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലുള്ള ഉൽകൃഷ്ട സ്ഥാപനങ്ങളാക്കി ഉയർത്തുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) മെഡിക്കൽ കോളേജ് ആശുപത്രികളുടെ വികസന മാസ്റ്റർപ്ലാൻ തയ്യാറായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്തെ ജില്ലതാലൂക്കുതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി കേഡർ സേവനം ഏർപ്പെടുത്താനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) സംസ്ഥാനത്ത് എയിംസ് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ അനുകൂലമായ മറുപടി നാളിതുവരെ നൽകിയിട്ടില്ല.

(ബി) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിനായി ആർദ്രം, ഇ-ഹെൽത്ത് പദ്ധതികൾ നടപ്പിലാക്കി നിലവാരം ഉയർത്തുന്നതിന് അത്യാധുനിക സംവിധാനങ്ങളോടുകൂടിയ പുതിയ കെട്ടിടങ്ങളും നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ചികിത്സാ ഉപകരണങ്ങളും സ്ഥാപിച്ചുവരുന്നു. കൂടാതെ പുതിയ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ ആരംഭിച്ചും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ തസ്തിക സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ചും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകിയും മെഡിക്കൽ കോളേജുകളെ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി 717.29 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇതിൽ 58.37 കോടി രൂപയുടെ ആദ്യഘട്ട പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 286 ഏക്കർ വിസ്തൃതിയുള്ള കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് ക്യാമ്പസ് പൂർണമായും ഉൾക്കൊള്ളിച്ച് അടുത്ത 25 വർഷത്തെ വികസനം മുന്നിൽ കണ്ട് സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഉൾപ്പെടെയുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് വികസന പ്രവർത്തനങ്ങൾക്കായി 564 കോടി രൂപ കിഫ്ബി വഴി ലഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന്റെ വികസന മാസ്റ്റർപ്ലാൻ M/s. INKEL-ന്റെ സഹായത്തോടെ തയ്യാറാക്കുകയും തൃശ്ശൂർ മെഡിക്കൽ കോളേജിലെ വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് M/s. INKEL-നെ നിയോഗിക്കുകയും മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് PWD വിഭാഗത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആകെ 368.75 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി മാതൃഭൂമി മിഷന്റെ നേതൃത്വത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) നവകേരള മിഷന്റെ ഭാഗമായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ജില്ല/ജനറൽ ആശുപത്രികളിൽ ആദ്യഘട്ടം എന്ന നിലയിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങളിൽ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. സൂപ്പർസ്പെഷ്യാലിറ്റി സംവിധാനം വികസിപ്പിക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റി

8(*308) <u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖനനവും വൻകിട നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടെയുള്ളവയുടെ പരിസ്ഥിതി പ്രത്യാഘാതം വിലയിരുത്തി അനുമതി നൽകാനുള്ള സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയും അതിന്റെ കീഴിലുള്ള അപ്രൈസൽ കമ്മിറ്റികളും പുനഃസംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) ഇവ നിലവിലില്ലാത്തതിനാൽ അപേക്ഷകൾ കെട്ടിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അതോറിറ്റിയും കമ്മിറ്റികളും എന്നത്തേയ്ക്ക് പുനഃസംഘടിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ-സി) കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ 19-9-2018-ലെ S.O.4913(E) നമ്പർ വിജ്ഞാപന പ്രകാരം സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയും സ്റ്റേറ്റ് എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയും പുനഃസംഘടിപ്പിച്ചിട്ടുണ്ട്. 24-10-2018-ലെ സ.ഉ.(പി) നമ്പർ 01/2018/പരി. പ്രകാരം ആയത് സംസ്ഥാന സർക്കാർ പുനഃക്രമീകരിച്ചിട്ടുണ്ട്.

പ്രസ്തുത അതോറിറ്റിയും കമ്മിറ്റിയും പുനഃസംഘടിപ്പിച്ചിട്ടുള്ളതിനാൽ നിലവിൽ അപേക്ഷകൾ ഒന്നും സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയിൽ കെട്ടിക്കിടപ്പില്ല.

## റെസ്റ്റോറന്റുകളിലെയും ബേക്കറികളിലെയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കൽ

9 (*309) ശ്രീ. എം. മുകേഷ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ആൻസലൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെസ്റ്റോറന്റുകളിലും ബേക്കറികളിലും ഭക്ഷ്യസുരക്ഷാ വിഭാഗം നടത്തി വരുന്ന പരിശോധന കൂടുതൽ കാര്യക്ഷമവും വിപുലവുമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ സ്ക്വാഡുകൾ നടത്തുന്ന പരിശോധനയിൽ നിരവധി റെസ്റ്റോറന്റുകൾ പഴകിയതോ ആരോഗ്യത്തിന് ഹാനികരമായതോ ആയ ആഹാരപദാർത്ഥങ്ങൾ വിൽക്കുന്നതായി കണ്ടെത്തുന്നുണ്ടെങ്കിലും അത്തരം സ്ഥാപനങ്ങൾ തുടർന്നും പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുമോ; ആവർത്തിക്കുന്ന നിയമലംഘനങ്ങൾക്ക് കർശന ശിക്ഷ നൽകുവാനും ലൈസൻസ് റദ്ദ് ചെയ്യുവാനും വ്യവസ്ഥയുണ്ടോ;

(സി) റെസ്റ്റോറന്റുകൾക്ക് ലൈസൻസ് ലഭിക്കുന്നതിനായി പാലിച്ചിരിക്കേണ്ട ശുചിത്വ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; തെരുവോര കച്ചവടക്കാർ പാലിക്കേണ്ട ശുചിത്വ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തെ റെസ്റ്റോറന്റുകൾ, ബേക്കറികൾ ഉൾപ്പെടെ ജില്ലകൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ബക്രീദ്, ക്രിസ്മസ് തുടങ്ങിയ ആഘോഷവേളകളിലും ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം, ചക്കുളത്തുകാവ് പൊങ്കാല, സംസ്ഥാന സ്കൂൾ യുവജനോത്സവം, കായിക മേളകൾ എന്നീ സന്ദർഭങ്ങളിലും മറ്റ് ജില്ലകളിൽനിന്നുള്ള ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചുകൊണ്ടുള്ള പരിശോധനകളും നടത്തുന്നുണ്ട്. ജങ്ക് ഫുഡ് പോലെയുള്ള ഭക്ഷണപദാർത്ഥങ്ങളുടെ ഉപഭോഗം പരിമിതപ്പെടുത്തുന്നതിനും മറ്റുമായി സംസ്ഥാനത്തെ സ്കൂളുകളിലും തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിലും വിവിധ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

(ബി) നഗരസഭകളിലെ ആരോഗ്യ വിഭാഗം ജീവനക്കാർ നടത്തുന്ന പരിശോധനയിൽ അപാകതകൾ കണ്ടെത്തുകയും തുടർന്ന് അടച്ചുപൂട്ടുകയും ചെയ്യുന്ന സ്ഥാപനങ്ങൾ അപാകതകൾ പരിഹരിച്ചതിനുശേഷം മാത്രമെ തുറന്നു പ്രവർത്തിപ്പിക്കാൻ അനുവദിക്കാറുള്ളൂ. പരിശോധനയിൽ അപാകതകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 447-ലും 492(9)-ലും വ്യവസ്ഥ ചെയ്തിരിക്കുന്നതുപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ആവർത്തിക്കുന്ന നിയമലംഘനങ്ങൾക്ക് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ പട്ടിക 5 പ്രകാരം, ഓരോ ദിവസത്തേയ്ക്കും 500 രൂപ വീതം പിഴ ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ആരോഗ്യ വിഭാഗം ജീവനക്കാരുടെ സഹായത്താൽ റെസ്റ്റോറന്റുകളിലും ഹോട്ടലുകളിലും പഴകിയതോ ആരോഗ്യത്തിന് ഹാനികരമായതോ ആയ ആഹാരപദാർത്ഥങ്ങൾ വിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. പരിശോധനയിൽ ഇത്തരം സ്ഥാപനങ്ങളിൽ പഴകിയതോ ആരോഗ്യത്തിന് ഹാനികരമായതോ ആയ ആഹാര പദാർത്ഥങ്ങൾ സ്റ്റോക്ക് ചെയ്തിട്ടുള്ളതായോ വിൽക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ സ്ഥാപനം അടച്ചുപൂട്ടി സീൽ ചെയ്യുന്നതിനും സ്ഥാപന ഉടമയ്ക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 എൻ, 219 എസ് വകുപ്പുകൾ പ്രകാരം ഫൈൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ്

ചെയ്തുകൊണ്ടുള്ള ശിക്ഷാ നടപടികളും ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നു. നിയമലംഘനം തുടരുകയാണെങ്കിൽ പ്രസ്തുത സ്ഥാപന ഉടമയ്ക്കെതിരെ മേൽ നിയമ വ്യവസ്ഥകൾ പ്രകാരം പരമാവധി ശിക്ഷ നൽകുന്നതിനും സ്ഥാപനം പൂർണ്ണമായും അടച്ചുപൂട്ടുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ചുവരുന്നു.

(സി) ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം, 2006 റെഗുലേഷൻസ് 2011 പ്രകാരം ഷെഡ്യൂൾ IV പാർട്ട് II & V-ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ റെസ്റ്റോറന്റുകൾക്ക് ലൈസൻസ് ലഭിക്കുന്നതിന് പാലിക്കേണ്ടതാണ്. ഷെഡ്യൂൾ IV പാർട്ട് I-ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ തെരുവോര കച്ചവടക്കാർ പാലിക്കേണ്ടതാണ്. ഷെഡ്യൂൾ IV-ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## തിരുവനന്തപുരം വിമാനത്താവള ടെർമിനലുകളുടെ വികസനവും പരിപാലനവും

10(*310) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവള ടെർമിനലുകളുടെ വികസനവും പരിപാലനവും പൂർണ്ണമായി സ്വകാര്യ കമ്പനികൾക്ക് കൈമാറുന്നതിനായി കേന്ദ്ര സർക്കാർ തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലാഭകരമായി പ്രവർത്തിക്കുന്ന പ്രസ്തുത വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്നത് സംബന്ധിച്ച നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ&ബി) ഉണ്ട്. തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രിക്ക് രണ്ട് തവണ കത്തയച്ചിട്ടുണ്ട്. വിമാനത്താവളം സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിലെ ആശങ്ക അറിയിച്ചിട്ടുണ്ട്. വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്രത്തിലെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സെക്രട്ടറിമാരുടെ സംഘവുമായി ഇതുസംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ ആവശ്യത്തോട് കേന്ദ്രം അനുകൂല തീരുമാനം കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു.

## ലീഗൽ മെട്രോളജി വകുപ്പിന്റെ സുതാര്യം ആപ്ലിക്കേഷൻ

11(*311) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ബാബു :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) അളവ് തൂക്ക വെട്ടിപ്പുകൾ സംബന്ധിച്ച് ഉപഭോക്താക്കൾക്കുണ്ടാകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് കോൾ സെന്റർ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ലീഗൽ മെട്രോളജി വകുപ്പ് നടപ്പിൽ വരുത്തിയ സുതാര്യം ആപ്ലിക്കേഷന്റെ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത കോൾ സെന്ററിന്റെയും സുതാര്യം ആപ്ലിക്കേഷന്റെയും സേവനങ്ങൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്. കേരള സംസ്ഥാന ഐ.ടി. മിഷന്റെ കോൾ സെന്ററാണ് ആരംഭിച്ചിട്ടുള്ളത്. കോൾ സെന്ററിൽ പരാതികൾ ലഭിക്കുമ്പോൾ ഉടൻതന്നെ പരാതി ലഭിക്കുന്ന സ്ഥലത്തിന്റെ ഏറ്റവും അടുത്തുള്ള വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വാഹനം ഏതെന്ന് ജി.പി.എസ്. സംവിധാനത്തിന്റെ സഹായത്തോടെ കണ്ടെത്തി ആ വാഹനത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥന് പരാതി കൈമാറുന്നതിനും പരാതിയിന്മേൽ അടിയന്തര നടപടി സ്വീകരിക്കാനും സാധിക്കുന്നുണ്ട്. 0471-

155300 (ബി എസ് എൻ എൽ) 9400198198 (മൊബൈൽ) എന്നിവയാണ് കോൾ സെന്ററിൽ ബന്ധപ്പെടാനുള്ള നമ്പരുകൾ.

(സി) ലീഗൽ മെട്രോളജി നിയമം ലംഘിക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്കെതിരെ പൊതുജനങ്ങൾക്ക് പരാതി നൽകാനായി 'സുതാര്യം' എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ചും വകുപ്പിലെ ഫീസ് നിരക്കുകളെക്കുറിച്ചും ഈ മൊബൈൽ ആപ്ലിക്കേഷനിലൂടെ അറിയുവാനും കഴിയുന്നതാണ്. ഉപഭോക്താക്കൾക്ക് വകുപ്പിലെ ഓഫീസർമാരെ നേരിട്ട് വിളിച്ച് പരാതികൾ നൽകുന്നതിനും ഈ മൊബൈൽ ആപ്ലിക്കേഷനിലൂടെ സാധിക്കുന്നു. ടി മൊബൈൽ ആപ്ലിക്കേഷൻ ഇപ്പോൾ ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമാണ്.

(ഡി) എഫ്.എം. റേഡിയോ, പത്ര മാധ്യമങ്ങൾ എന്നിവ വഴി പരസ്യം നൽകിവരുന്നു. അതോടൊപ്പം ജില്ലകൾതൊറും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഐ.ടി. മേഖലയുടെ വികസനം**

12(*312) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ ഐ.ടി. രംഗത്ത് ഏറ്റവും നേട്ടമുണ്ടാക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനായി നിലവിൽ നടപ്പിലാക്കിയിരിക്കുന്നതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികളും അതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിരിക്കുന്ന നടപടികളും സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നിലവിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം ടെക്നോപാർക്കിലെ വികസനവും നിക്ഷേപങ്ങളും നിക്ഷേപ സാധ്യതകളും തൊഴിലവസരങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കൊച്ചി ഇൻഫോപാർക്കിന്റെ വികസനം സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ഇ) കോഴിക്കോട് സൈബർ പാർക്കിന്റെ പുരോഗതിയും വികസനവും നിക്ഷേപ സാധ്യതകളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ)</u> :

(എ) ഇന്ത്യയിൽ ഐ.ടി. രംഗത്ത് നേട്ടമുണ്ടാക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനും ഐ.ടി. മേഖലയിലുള്ള ദേശീയ-അന്തർദ്ദേശീയ, ചെറുതും വലുതും ഇടത്തരവുമായ ഐ.ടി. സംരംഭങ്ങളെ ആകർഷിക്കുന്നതിനുമായി സർക്കാരിന്റെ ഐ.ടി. പോളിസിയിൽ നിരവധി പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് ഐ.ടി. പാർക്കുകളുമായി ബന്ധപ്പെട്ട് കൂടുതൽ പശ്ചാത്തല സൗകര്യ വികസനങ്ങളും നിലവിലുള്ള സൗകര്യങ്ങളുടെ വിപുലീകരണവും നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി നാളിതുവരെ ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ നേരിട്ടും കോ-ഡെവലപ്പർ മുഖേനയും ഏകദേശം 175 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ (ടെക്നോപാർക്ക് 97 ലക്ഷം ച.അടി ഇൻഫോപാർക്ക് 75 ലക്ഷം ച.അടി സൈബർ പാർക്ക് മൂന്ന് ലക്ഷം ച.അടി) ഇതിനോടകം സൃഷ്ടിച്ചിട്ടുണ്ട്. 86.33 ലക്ഷം ച.അടി (ടെക്നോപാർക്ക് 62 ലക്ഷം ച.അടി, ഇൻഫോപാർക്ക് 23.83 ലക്ഷം ച.അടി, സൈബർ പാർക്ക് 50000 ച.അടി) അധിക സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പാർക്കുകളുടെ വിവിധ പദ്ധതികളിലായി അധികമായി സജ്ജീകരിക്കാൻ കഴിയുന്നതാണ്.

സംസ്ഥാനത്ത് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവും ആക്കുന്നതിനും ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട് സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കെ.ഫോൺ.

ഐ.ടി. വ്യവസായത്തിലെ പുതിയ ആവശ്യങ്ങൾക്ക് അനുസൃതമായി യുവതീ യുവാക്കളുടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുകയും അതുവഴി ഐ.ടി. മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്കിൽ ഡെലിവറി പ്ലാറ്റ് ഫോം കേരള (SDP-K).

(ബി) ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ വിശദീകരിക്കുന്നു.

- സംസ്ഥാന ഐ.ടി. മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കേരള ഐ.ടി. എന്ന ഒറ്റ ബ്രാൻഡിൽ ഗവൺമെന്റ് ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു:
- ലോകോത്തര ഐ.ടി. സംരംഭങ്ങളെ സംസ്ഥാനത്തേയ്ക്ക്

ആകർഷിക്കുന്നതിനുവേണ്ടി രൂപീകരിച്ച ഹൈ-പവർ കമ്മിറ്റിയുടെ ആദ്യത്തെ ആഗോള സമ്മേളനമായ ഹാഷ് ഫ്യൂച്ചറും അതുമായി ബന്ധപ്പെട്ടുള്ള ഗ്ലോബൽ കണക്ട് മീറ്റിംഗുകളുംവഴി പുതിയതായി വ്യവസായം ആരംഭിക്കുവാനായി ദേശീയവും അന്തർദ്ദേശീയവുമായ വിവിധ കമ്പനികൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

• അന്താരാഷ്ട്ര കമ്പനികളും ഹൈ-പവർ കമ്മിറ്റിയുടെ നിർദ്ദേശവുമനുസരിച്ചുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും സംയുക്തമായുള്ള പ്രവർത്തനങ്ങൾ, എയർബസ്സ്, സിസ്കോ, ഗൂഗിൾ തുടങ്ങിയ കമ്പനികളുടെ വിവിധ നൈപുണ്യ വികസന പരിപാടികൾ, സ്റ്റാർട്ട് അപ്പ്/ഐ.ടി. മിഷൻ പ്രവർത്തനങ്ങൾ തുടങ്ങിയവ വഴി നൂതന സാങ്കേതിക വിദ്യകൾ ആസ്പദമാക്കി പ്രവർത്തിക്കാൻ താൽപ്പര്യപ്പെടുന്ന ഐ.ടി. സംരംഭങ്ങൾക്ക് അനുയോജ്യമായ മാനവശേഷി റിസോഴ്സസ് ലഭ്യമാക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നുണ്ട്.

• ഡിജിറ്റൽ സാങ്കേതികവിദ്യ സമൂഹ പുരോഗതിക്ക് എന്ന ലക്ഷ്യത്തോടെ കൂടുതൽ വ്യവസായ സംരംഭങ്ങൾക്കായി ലോകോത്തര നിലവാരത്തിലുള്ള കൂടുതൽ പശ്ചാത്തല സൗകര്യ വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ നേരിട്ടും കോ-ഡെവലപ്പർ മുഖേനയും ഏകദേശം 175 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ടെക്നോപാർക്കിലെ നിലവിലെ വികസനം, നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ

| അടിസ്ഥാന സൗകര്യങ്ങൾ | കമ്പനികൾ | നിക്ഷേപങ്ങൾ (ഏകദേശം) | തൊഴിലവസരങ്ങൾ (ഏകദേശം) |
|---|---|---|---|
| 97 ലക്ഷം ച. അടി | 400 | 5000 Cr. | 58,000 |

ടെക്നോപാർക്കിലെ വികസന പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന നിക്ഷേപ സാധ്യതകളും തൊഴിലവസരങ്ങളും

| അടിസ്ഥാന സൗകര്യങ്ങൾ | കമ്പനികൾ | നിക്ഷേപങ്ങൾ (ഏകദേശം) | തൊഴിലവസരങ്ങൾ (ഏകദേശം) |
|---|---|---|---|
| 62 ലക്ഷം ച. അടി | 13 | 4000 Cr. | 50000 |

(ഡി) കൊച്ചി ഇൻഫ്രാപാർക്കിലെ നിലവിലെ വികസനം, നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ

| അടിസ്ഥാന സൗകര്യങ്ങൾ | കമ്പനികൾ | നിക്ഷേപങ്ങൾ (ഏകദേശം) | തൊഴിലവസരങ്ങൾ (ഏകദേശം) |
|---|---|---|---|
| 75 ലക്ഷം ച. അടി | 30 | 3218 Cr. | 35000 |

ഇൻഫോപാർക്കിലെ വികസന പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന നിക്ഷേപ സാധ്യതകളും തൊഴിലവസരങ്ങളും

| അടിസ്ഥാന സൗകര്യങ്ങൾ | കമ്പനികൾ | നിക്ഷേപങ്ങൾ (ഏകദേശം) | തൊഴിലവസരങ്ങൾ (ഏകദേശം) |
|---|---|---|---|
| 23.83 ലക്ഷം ച. അടി | 6 | 840 Cr. | 22600 |

(ഇ) സൈബർപാർക്ക് - നിലവിലെ വികസനം, നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ

| അടിസ്ഥാന സൗകര്യങ്ങൾ | കമ്പനികൾ | നിക്ഷേപങ്ങൾ (ഏകദേശം) | തൊഴിലവസരങ്ങൾ (ഏകദേശം) |
|---|---|---|---|
| 3 ലക്ഷം ച. അടി | 14 | 2 Cr. | 350 |

സൈബർപാർക്കിൽ 'സഹ്യ' കെട്ടിടത്തിന്റെ അപ്പർ ബേസ്മെന്റ് 50000 ചതുരശ്ര അടി സ്ഥലംകൂടി ഐ.ടി. ബിസിനസ്സ് സ്പെയിസ് ആക്കി മാറ്റുന്നുണ്ട്. ഇതിലൂടെ കൂടുതൽ കമ്പനികൾ തുടങ്ങാനുള്ള അവസരവും അതുവഴി 8 കോടിയുടെ നിക്ഷേപ സമാഹരണവും 600 തൊഴിലവസരങ്ങളും ലഭ്യമാക്കാൻ കഴിയുന്നതാണ്.

## ആയുർവ്വേദ ചികിത്സാ രംഗത്ത് ആധുനിക ഗവേഷണങ്ങളും പഠനങ്ങളും

13(*313) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ചികിത്സാ രംഗത്ത് ആധുനിക ഗവേഷണങ്ങളും പഠനങ്ങളും നടത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ആയുർവ്വേദ ഡിസ്പെൻസറികളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് അന്താരാഷ്ട്ര ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) ഭാരതീയ ചികിത്സാ വകുപ്പിന്റെയും നാഷണൽ ആയുഷ് മിഷന്റെയും നേതൃത്വത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ആയുർവ്വേദ ചികിത്സാ രംഗത്ത് ആധുനിക ഗവേണഷങ്ങളും പഠനങ്ങളും നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ആയുർവ്വേദവും ആധുനിക ജൈവസാങ്കേതികവിദ്യയും ബന്ധപ്പെടുത്തിയിട്ടുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്തർദേശീയ നിലവാരത്തിലുള്ള ഗവേഷണ കേന്ദ്രം ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവ്വേദ (IRIA) എന്ന പേരിൽ കണ്ണൂർ ജില്ലയിലെ കല്ല്യാട് വില്ലേജിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആയുർവ്വേദ ചികിത്സാരംഗത്ത് ആധുനിക ഗവേഷണങ്ങളും പഠനങ്ങളും നടത്തുന്നതിനായി CSIR പോലുള്ള ഗവേഷണ കേന്ദ്രങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആയുർവ്വേദ ഡിസ്പെൻസറികളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതുസംബന്ധിച്ച നിർദ്ദേശം 2019-20 വർഷത്തെ പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ആയുർവ്വേദവും ആധുനിക ജൈവസാങ്കേതികവിദ്യയും ബന്ധപ്പെടുത്തിയിട്ടുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്തർദ്ദേശീയ നിലവാരമുള്ള ലബോറട്ടറിയും പഠനകേന്ദ്രവും സ്ഥാപിക്കുന്ന പദ്ധതിക്കായി സർക്കാർ അനുമതി നൽകുകയും ആയതിനായി 2016-17-ൽ അമ്പത് ലക്ഷം രൂപയും 2017-18-ൽ അഞ്ഞൂറ് ലക്ഷം രൂപയും 2018-19-ൽ അറുനൂറ് ലക്ഷം രൂപയും അനുവദിക്കുകയുമുണ്ടായി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിക്കുകയും നാഷണൽ ആയുഷ് മിഷനെ ആ പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി നിയമിക്കുകയുമുണ്ടായി. ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവൃത്തി

കിറ്റ്കോയെ ഏൽപ്പിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ ടി പദ്ധതിക്കായി കണ്ടെത്തിയ സ്ഥലത്തിൽ 36.57 ഏക്കർ സർക്കാർ ഭൂമി ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറ്റം ചെയ്യുന്നതിനും ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനും നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ഡി) ഭാരതീയ ചികിത്സാ വകുപ്പിന്റെയും നാഷണൽ ആയുഷ് മിഷന്റെയും നേതൃത്വത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## കൊച്ചി മെട്രോ പദ്ധതി

14(*314) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ പ്രവർത്തനം അവലോകനം ചെയ്തിരുന്നോ;

(ബി) കൊച്ചി മെട്രോയുടെ നിർമ്മാണം തൃപ്പൂണിത്തുറ വരെ നീട്ടുന്ന രണ്ടാം ഘട്ടത്തിന് അംഗീകാരമായിട്ടുണ്ടോ; പ്രസ്തുത പദ്ധതി ചെലവ് എത്രയാണ്; വിശദാംശം നൽകാമോ;

(സി) കേന്ദ്ര സർക്കാരിന്റെ മെട്രോ നയത്തെ കുറിച്ച് അറിവുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കൊച്ചിയിലെ വാട്ടർ മെട്രോ പദ്ധതിയുടെ രൂപരേഖ അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) കൊച്ചി മെട്രോയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ട്.

(ബി) കൊച്ചി മെട്രോയുടെ ഘട്ടം -1 ദീർഘിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പേട്ട മുതൽ എസ്.എൻ ജംഗ്ഷൻ വരെയുള്ള ഭാഗത്തിന്റെ (ഘട്ടം-1 എ) പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഘട്ടം 1-എ-യുടെ നിർമ്മാണത്തിനായി 359 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. എസ്.എൻ.ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെയുള്ള (ഘട്ടം 1 ബി) ഭാഗത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ചുവരുന്നു. പ്രസ്തുത

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പദ്ധതിക്കായി 356 കോടി രൂപയാണ് വിശദമായ പദ്ധതി റിപ്പോർട്ട് പ്രകാരം കണക്കാക്കിയിരിക്കുന്നത്.

(സി) കേന്ദ്രസർക്കാരിന്റെ കീഴിലുള്ള പാർപ്പിട നഗര വികസന മന്ത്രാലയത്തിന്റെ ശിപാർശ പ്രകാരമാണ് മെട്രോ റെയിൽ നയം 2017-ൽ നിലവിൽ വന്നത്. ഒരു നഗരത്തിൽ മെട്രോ റെയിൽ പദ്ധതി നടപ്പിൽ വരുത്തുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ചുള്ള ഒരു രൂപരേഖയാണ് ഈ നയത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

(ഡി) വരാപ്പുഴ മുതൽ ഇടക്കൊച്ചിവരെ 15 റൂട്ടുകളിൽ 10 ദ്വീപുകളിലായി 45 ബോട്ട് ജെട്ടികളുടെ നിർമ്മാണമാണ് വാട്ടർ മെട്രോ പദ്ധതി വഴി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ 38 ജെട്ടികളുടെ നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ശേഷിച്ച ഏഴെണ്ണം ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ചു വരുന്നു. പ്രധാന നഗരത്തെ ചുറ്റുപാടുമുള്ള പത്ത് ദ്വീപുകളുമായി ബന്ധപ്പെടുത്തി ക്കൊണ്ട് അവയുടെ സമഗ്രവികസനവും ജനങ്ങളുടെ ദൈനംദിന യാത്രാ സൗകര്യങ്ങളുടെ വികസനവും മുന്നിൽ കണ്ടുകൊണ്ട് 50 പേർക്ക് കയറാൻ സാധിക്കുന്ന 55 ബോട്ടുകളും നൂറ് പേർക്ക് കയറാൻ സാധിക്കുന്ന 23 ബോട്ടുകളും (ആകെ 78) പ്രവർത്തന സജ്ജമാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## എച്ച് 1 എൻ 1 പനി മരണങ്ങൾ

15(*315) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്1 എൻ1 പനി മരണങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2018 നവംബർ മാസത്തിൽ മാത്രം ഇരുന്നൂറോളം പേർക്ക് രോഗബാധ സ്ഥിരീകരിച്ചു എന്നത് അതീവ ഗൗരവമായി കാണുന്നുണ്ടോ; ഇത് തടയാൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പനി പടരുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രളയ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട വ്യക്തികൾ പനി കാരണം മരണപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2018 നവംബർ മാസത്തിൽ 257 പേർക്ക് എച്ച് 1 എൻ 1 രോഗബാധ സ്ഥിരീകരിച്ചിരുന്നു. 27-11-2018-ന് സംസ്ഥാനതലത്തിൽ ദ്രുതകർമ്മസേന യോഗം കൂടി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും രോഗനിയന്ത്രണത്തിന് ആവശ്യമായ അടിയന്തര നിർദ്ദേശം നൽകിയിരുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാന പൊതുജനാരോഗ്യ വിഭാഗവും ജില്ലാ പൊതുജനാരോഗ്യ ടീമുകളും ദിവസേനയും പ്രതിവാരവും എച്ച് 1 എൻ 1 രോഗബാധിതർ, അതുമൂലമുള്ള മരണം, രോഗചികിത്സ, പ്രതിരോധം, നിയന്ത്രണം തുടങ്ങിയ കാര്യങ്ങളും അവലോകനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. എച്ച് 1 എൻ 1 -ന്റെ മരുന്നായ ഒസൾട്ടാമിവിർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കാരുണ്യ ഫാർമസി, ചില അംഗീകൃത മെഡിക്കൽ ഷോപ്പുകൾ, ചില സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലും പ്രസ്തുത മരുന്ന് ലഭ്യമാണ്. അംഗീകൃത എ.ബി.സി. ചികിത്സാ മാർഗ്ഗരേഖയനുസരിച്ച് രോഗചികിത്സയും ഉറപ്പാക്കിയിട്ടുണ്ട്. രോഗസ്ഥിരീകരണത്തിന് തൊണ്ടയിലെ സ്രവം പരിശോധിക്കുന്നതിനായി ആലപ്പുഴയിലെ എൻ.ഐ.വി. യൂണിറ്റിലും മണിപ്പാൽ എം.സി.വി.ആർ.-ലും സൗകര്യം ലഭ്യമാണ്. രോഗത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും അവബോധം വളർത്തുന്നതിനുള്ള എഫ്.എം. റേഡിയോ സന്ദേശങ്ങളിലൂടെ ഉൾപ്പെടെ ബോധവൽക്കരണം നടത്തിവരുന്നു. രോഗം ഗുരുതരമായാൽ ചികിത്സിക്കാൻ വേണ്ട സൗകര്യങ്ങൾ ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രിയിലും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മിക്ക സ്വകാര്യ ആശുപത്രികളിലും ഇതിനുള്ള സംവിധാനമുണ്ട്.

ആരോഗ്യ വകുപ്പിലെയും സ്വകാര്യ മേഖലയിലെയും ഡോക്ടർമാരടക്കം വിവിധ ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നുണ്ട്. എച്ച് 1 എൻ 1-ന്റെ സംസ്ഥാന നോഡൽ ഓഫീസർ ഉൾപ്പെടെ സംസ്ഥാന പൊതുജനാരോഗ്യ വിഭാഗം രോഗസ്ഥിതി ദിവസേന നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ പ്രവർത്തകർ ദുരിതാശ്വാസ ക്യാമ്പുകളും വീടുകളും സന്ദർശിച്ച് പനി നിരീക്ഷണം കാര്യക്ഷമമാക്കിയിരുന്നു. പനി ബാധിതരെ മുൻകൂട്ടി കണ്ടുപിടിച്ച് ശരിയായ ചികിത്സ ലഭ്യമാക്കുന്നതിനും പനി പടരാതിരിക്കുവാനുള്ള പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിച്ചു.

പ്രളയബാധിത പ്രദേശങ്ങളിൽ ആവശ്യാനുസരണം താല്ക്കാലിക പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സജ്ജീകരിക്കുകയും വിവിധ തരം പനികൾ ബാധിച്ചവർക്ക് ചികിത്സാ മാർഗ്ഗരേഖകൾക്കനുസരിച്ച് ചികിത്സ ലഭ്യമാക്കുകയും ചെയ്തു.

ഇതിനായി ആവശ്യാനുസരണം ഡോക്ടർമാരെയും ഫീൽഡ് സ്റ്റാഫിനെയും നിയോഗിച്ചു.

പകർച്ചപ്പനി, ചിക്കൻപോക്സ്, എച്ച് 1 എൻ 1, ടൈഫോയ്ഡ്, എലിപ്പനി, ഡെങ്കിപ്പനി, മലമ്പനി തുടങ്ങിയ പനികൾ പ്രളയശേഷം പടരുവാൻ കാരണമാകുമെന്നത് മുൻകൂട്ടിക്കണ്ട് വായു/ജല/ജന്തു/കൊതുകുജന്യ രോഗങ്ങൾക്കെതിരെ ജനങ്ങളും ആരോഗ്യ പ്രവർത്തകരും സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റി ആരോഗ്യവകുപ്പ് വെബ്-സൈറ്റിലൂടെയും മറ്റ് ദൃശ്യ-ശ്രവ്യ-പത്ര മാദ്ധ്യമങ്ങളിൽക്കൂടിയും മാർഗ്ഗരേഖകൾ ലഭ്യമാക്കിയിരുന്നു. പരിസര ശുചീകരണത്തിനും കുടിവെള്ളം ശുദ്ധീകരിക്കുന്നതിനും കൊതുക നിയന്ത്രണത്തിനും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തി. എലിപ്പനിക്കെതിരെ ഡോക്സിസൈക്ലിൻ പ്രതിരോധ മരുന്ന് നൽകി. സംസ്ഥാന ആരോഗ്യ വകുപ്പ് കൂടാതെ കേന്ദ്ര ആരോഗ്യ കാര്യാലയത്തിലെയും തമിഴ്നാട് പൊതുജനാരോഗ്യ കാര്യാലയത്തിലെയും മറ്റ് വിദഗ്ദ്ധ സ്ഥാപനങ്ങളിലെയും വിദഗ്ദ്ധ ടീമുകൾ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പനി നിയന്ത്രണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അവലോകനംചെയ്ത് പ്രവർത്തനം കാര്യക്ഷമമാക്കി. ഇത്തരം പ്രവർത്തനങ്ങൾകൊണ്ട് എലിപ്പനി, എച്ച് 1 എൻ 1 പനി, ചിക്കൻ പോക്സ് ഒഴികെയുള്ള മറ്റ് പനികളെല്ലാംതന്നെ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വളരെ കുറവായിരുന്നു.

(ഡി) സർക്കാരിന് ലഭ്യമായ വിവരം അനുസരിച്ച് പ്രളയശുചീകരണ പ്രവർത്തനത്തിൽ ഏർപ്പെട്ട വ്യക്തികളാരുംതന്നെ എച്ച് 1 എൻ 1 പനി മൂലം മരണപ്പെട്ടിട്ടില്ല.

## നിപ രോഗബാധ

16(*316) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ഡോ. എം. കെ. മുനീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിപ രോഗബാധ കണ്ടെത്തുന്നതിന് നിർണ്ണായക പങ്ക് വഹിച്ച മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജിലെ ഡോ. ജി. അരുൺകുമാർ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സംഘം തയ്യാറാക്കി ബ്രിട്ടീഷ് മെഡിക്കൽ ജേർണലിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ നിപ രോഗം ബാധിച്ച 23 പേരിൽ 21 പേർ മരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിപരോഗബാധിതരുടെ കണക്ക് തയ്യാറാക്കുന്നതിൽ ആരോഗ്യ വകുപ്പിന് വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ;

(സി) കോഴിക്കോട് മെഡിക്കൽ കോളേജിലെ റേഡിയോളജി വിഭാഗത്തിലെ വി.സുധ മരിച്ചത് നിപ രോഗ ബാധമൂലമാണെന്ന് സംശയം പ്രകടിപ്പിച്ചിരുന്നോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) നിപ രോഗം ഉണ്ടാകാനുള്ള സാധ്യതയെക്കുറിച്ച് ജാഗ്രതാനിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ഇതുസംബന്ധിച്ച റിപ്പോർട്ടുകൾ മാധ്യമങ്ങൾവഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വീഴ്ചയുണ്ടായിട്ടില്ല. ശരീരസ്രവങ്ങൾ പരിശോധിച്ചവരിൽ ആകെ പതിനെട്ടുപേർക്കാണ് നിപ രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. അതിൽ 16 പേർ മരിക്കുകയും 2 പേർ രക്ഷപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) റേഡിയോളജി വിഭാഗത്തിൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ജോലിചെയ്തിരുന്ന സുധയെ വൈറൽ എൻഫൈലൈറ്റിസ് രോഗലക്ഷണങ്ങളോടെയാണ് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചത്. ഇവർക്കാവശ്യമായ ചികിത്സ ലഭ്യമാക്കിയിരുന്നു. സുധയിൽ നിപ വൈറസ്ബാധ സ്ഥിരീകരിക്കപ്പെട്ടിട്ടില്ല.

(ഡി) നിപ രോഗം 2018 മേയിൽ കേരളത്തിൽ ആദ്യമായി റിപ്പോർട്ട് ചെയ്തശേഷം മാത്രമാണ് ജാഗ്രതാ നിർദ്ദേശം അയച്ചത്. നവംബർ മാസത്തിൽ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. വവ്വാലുകളുടെ പ്രജനനകാലം ഡിസംബർ മുതൽ മേയ് വരെയാണെന്നാണ് പറയപ്പെടുന്നത്. അതിന്റെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ എല്ലാ കീഴ് സ്ഥാപനങ്ങളിലേയ്ക്കും നൽകിയിട്ടുണ്ട് :

- വവ്വാലുകൾ ഭക്ഷിച്ചതിന്റെ ബാക്കിയോ കടിച്ചതോ ആയ പഴങ്ങളും പച്ചക്കറികളും കഴിക്കാതിരിക്കുക.

- ഉപയോഗത്തിനുമുമ്പ് പഴങ്ങളും പച്ചക്കറികളും വൃത്തിയായി കഴുകുക

- വവ്വാലുകൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ അതിക്രമിച്ച് കടക്കുകയോ അവയുമായുള്ള സമ്പർക്കം ഒഴിവാക്കുകയോ ചെയ്യേണ്ടതാണ്.

- ഗുരുതര ശ്വസകോശ രോഗലക്ഷണങ്ങളുള്ളവരുമായും പനി തലച്ചോറിനെ ബാധിക്കുന്ന ലക്ഷണങ്ങളുള്ളവരുമായും സമ്പർക്കം പുലർത്തുമ്പോൾ ഡോക്ടർമാരും മറ്റ് ജീവനക്കാരും അനുയോജ്യമായ വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

- ശ്വസന സംബന്ധമായ രോഗലക്ഷണങ്ങളുമായി വരുന്ന എല്ലാ രോഗികൾക്കും മൂന്ന് പാളികളുള്ള സംരക്ഷണ മാസ്ക് നൽകുകയും ഇതിനായി ഒരു ' കഫ് കോർണർ' രൂപീകരിക്കുകയും മാസ്ക് ധരിക്കേണ്ടതിന്റെ രീതിയും ആവശ്യകതയും വിശദീകരിക്കുന്നതിനായി ജീവനക്കാരെ നിയോഗിക്കുകയും ചെയ്യേണ്ടതാണ്.

- ചുമയ്ക്കുകയോ തുമ്മുകയോ ചെയ്യുമ്പോൾ വായും മൂക്കും തുണികൊണ്ട് മറയ്ക്കുക. ഇടയ്ക്കിടെ കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകുക. രോഗികളുമായി ഇടപെടേണ്ടി വരുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

- എല്ലാ ആശുപത്രികളിലും അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും അതിനാവശ്യമായ സാധനസാമഗ്രികളും ആവശ്യമായ പരിശീലനവും അടിയന്തരമായി നൽകുവാനും എല്ലാ സൂപ്രണ്ടുമാർ/ചാർജ്ജ് മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശബരിമലയിൽ പോലീസിന്റെ അമിത നിയന്ത്രണം

17 (*317) ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ അമിത നിയന്ത്രണം കാരണം ശബരിമലയിൽ ഭക്തർക്ക് ദർശനം നടത്താൻ സാധിക്കാത്ത സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മതസൗഹാർദ്ദത്തിന്റെ പ്രതീകമായ ശബരിമലയിലെ വാവർ നട മുതൽ വടക്കേനട വരെ പോലീസ് ഇരുമ്പ് ബാരിക്കേഡുകൾ സ്ഥാപിച്ചിരിക്കുന്നത് എന്തടിസ്ഥാനത്തിലാണ്; ഇതുകാരണം വാവർ നടയിൽ ദർശനം നടത്താൻ ഭക്തർക്ക് സാധിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പതിനെട്ടാം പടിക്ക് സമീപമുള്ള അപ്പം-അരവണ കൗണ്ടറിലേക്കുള്ള വഴി ബാരിക്കേഡുകൾ വച്ച് അടച്ചത് കാരണം പ്രസാദംപോലും വാങ്ങാനാവാതെ നിരവധി ഭക്തർ മടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ക്രമസമാധാനപാലനത്തിന്റെ പേരിൽ ശബരിമലയിലെ ആചാര അനുഷ്ഠാനങ്ങളെയും ഇന്ത്യൻ ഭരണഘടന ഓരോ വ്യക്തിക്കും നൽകുന്ന മത സ്വാതന്ത്ര്യത്തെയും പോലീസ് നിഷേധിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) അത്തരമൊരു സാഹചര്യം ഇല്ല.

(ബി) ശബരിമലയിലെ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവിനെത്തുടർന്ന് ചില സംഘടനകളും വ്യക്തികളും സന്നിധാനത്ത് ആചാര ലംഘനത്തിനെതിരെ എന്ന വ്യാജേന നടത്തിയ അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി മുൻകരുതൽ എന്ന നിലയിലാണ് ബാരിക്കേഡുകൾ സ്ഥാപിച്ചിരുന്നത്. എന്നാൽ ചില മാധ്യമങ്ങൾ അത്തരം വാർത്തകൾ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ക്രമസമാധാനത്തിന്റെ പേരിൽ ശബരിമലയിൽ എത്തുന്ന അയ്യപ്പഭക്തന്മാരുടെ ആചാരാനുഷ്ഠാനങ്ങൾക്കോ ഭരണഘടന നൽകുന്ന

മതസ്വാതന്ത്ര്യത്തിനോ ഭംഗംവരുത്തുന്ന പ്രവർത്തനങ്ങൾ പോലീസ് നടത്തിയിട്ടില്ല. ശബരിമല സന്നിധാനത്ത് ആചാര ലംഘനത്തിനെതിരെ ഭക്തർ എന്ന വ്യാജേന നടത്തുന്ന സമര പരിപാടികളും ആക്രമണങ്ങളും നിയന്ത്രിക്കുന്നതിനും വിശ്വാസികൾക്ക് സംരക്ഷണം നൽകുന്നതിനും മതിയായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

## മരുന്നുകൾക്ക് ഈടാക്കുന്ന അമിതവില

18(*318) ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ക്കപ്പെടുന്ന മരുന്നുകളുടെ വില തീരുമാനിക്കപ്പെടുന്നത് ഏത് വിധത്തിലാണെന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ചുള്ള നിയമത്തിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് മരുന്ന് വില്പനയിലൂടെ ഇടനിലക്കാർക്ക് വലിയ തോതിൽ ലാഭം കൊയ്യുന്നതിനുള്ള അവസരം ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മരുന്നുകൾക്ക് അമിതവില ഈടാക്കുന്നത് നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിക്കാനാകുമോ; വ്യക്തമാക്കുമോ;

(ഡി) മരുന്നിനങ്ങളുടെ പ്രചരണത്തിന്റെ ഭാഗമായി കമ്പനികൾ നല്കുന്ന സൗജന്യങ്ങൾക്കും സാമ്പിളുകൾക്കും നികുതി ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനങ്ങളുടെ പങ്കും ചുമതലകളും കൃത്യമായി വ്യക്തമാക്കുന്ന വിധത്തിൽ ഔഷധനിയമത്തിൽ സമഗ്രമായ ഉടച്ചുവാർക്കലിന്റെ ആവശ്യകതയുണ്ടോ; വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) കേന്ദ്ര അവശ്യവസ്തു നിയമം (Essential Commodities Act)-ത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO 2013) പ്രകാരം കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിന് കീഴിലുള്ള

ദേശീയ ഔഷധ വിലനിയന്ത്രണ അതോറിറ്റി (National Pharmaceutical Pricing Authority) ആണ് രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് അധികാര പരിധിയില്ല.

(ബി&സി) കേന്ദ്രസർക്കാർ തയ്യാറാക്കിയിട്ടുള്ള നാഷണൽ ലിസ്റ്റ് ഓഫ് എസെൻഷ്യൽ മെഡിസിൻസിൽ ഉൾപ്പെട്ടിട്ടുള്ള മരുന്നുകളുടെ വിലയാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ചുറപ്പിക്കുന്നത്. അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെടാത്ത മരുന്നുകളുടെ (നോൺ ഷെഡ്യൂൾഡ് ഫോർമുലേഷൻസ്) വില നിർമ്മാതാക്കൾ തന്നെയാണ് നിശ്ചയിക്കുന്നത്. ചില സന്ദർഭങ്ങളിൽ വളരെ കൂടുതൽ ലാഭം എടുക്കുന്ന രീതിയിൽ പരമാവധി ചില്ലറ വിൽപ്പന വില പ്രിന്റ്ചെയ്ത് വിൽക്കുന്നതായി കണ്ടുവരുന്നുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർ അവരുടെ പതിവ് പരിശോധനകളിലും പരാതികളിന്മേലുമുള്ള പരിശോധനകളിലും ഇത്തരത്തിൽ കൂടുതൽ ലാഭം എടുക്കുന്ന കമ്പനികളുടെ വിശദാംശങ്ങൾ നടപടികൾ സ്വീകരിക്കുന്നതിനായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുകീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസികൾവഴി ഇടനിലക്കാരായ വിതരണക്കാരെ ഒഴിവാക്കി നിർമ്മാതാക്കളിൽനിന്ന് മരുന്നുകൾ നേരിട്ട് സംഭരിച്ച് അവയുടെ ലാഭ വിഹിതം ഗണ്യമായി കുറച്ച് വളരെ മിതമായ വിലയ്ക്ക് സംസ്ഥാന സർക്കാർ രോഗികൾക്ക് മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്.

നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ച വിലയേക്കാൾ കൂടുതലോ ലേബലുകളിൽ പ്രിന്റ് ചെയ്തിട്ടുള്ള പരമാവധി ചില്ലറ വില്പന വിലയേക്കാൾ കൂടിയ വിലയ്ക്കോ മരുന്നുകൾ വിൽക്കുന്ന നിർമ്മാതാക്കൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടികൾ സ്വീകരിക്കാറുമുണ്ട്.

(ഡി) കമ്പനികൾ മരുന്നുകളുടെ വിതരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നൽകുന്ന സൗജന്യ മരുന്നുകൾക്കും സാമ്പിളുകൾക്കും നികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള തീരുമാനം കേന്ദ്ര സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾക്ക് വിധേയമാണ്.

(ഇ) രാജ്യത്ത് മരുന്നുകളുടെ നിർമ്മാണം, വിതരണം/വിൽപ്പന, നിയന്ത്രിക്കുന്ന കേന്ദ്ര നിയമമായ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് നിയമവും അതിന്റെ കീഴിലുള്ള ചട്ടങ്ങളിലും സംസ്ഥാനങ്ങൾക്കുള്ള അധികാരപരിധി വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. മരുന്നുകളുടെ നിർമ്മാണത്തിനുള്ള മരുന്നുല്പാദന

ലൈസൻസുകൾ/വില്പനയ്ക്കുള്ള ഔഷധവ്യാപാര ലൈസൻസുകൾ അനുവദിക്കുന്നതിന് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾക്ക് അധികാരമുണ്ട്. എന്നാൽ മരുന്നുകളുടെ ഇറക്കുമതി, ബ്ലഡ്/ബ്ലഡ് കമ്പോണന്റ്സ് നിർമ്മിക്കുന്നതിനുള്ള ബ്ലഡ് ബാങ്ക് ലൈസൻസുകൾ, Sera/Vaccines നിർമ്മിക്കുന്നതിനുള്ള മരുന്നുല്പാദന ലൈസൻസുകൾ എന്നിവ അനുവദിക്കുന്നത് സെൻട്രൽ ലൈസൻസിംഗ് അതോറിറ്റിയാണ്.

## പൊതു ആരോഗ്യ സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

19(*319) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി യു. പ്രതിഭ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യപരിപാലന രംഗത്ത് സർക്കാർ ആശുപത്രികളെ ദുർബലപ്പെടുത്തുമെന്നാക്ഷേപമുള്ള കേന്ദ്രസർക്കാർ നയത്തിൽനിന്ന് വിഭിന്നമായി സംസ്ഥാനത്തെ പൊതു ആരോഗ്യ സംവിധാനം കാര്യക്ഷമമാക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ;

(ബി) ആശുപത്രികളെ രോഗീസൗഹൃദമാക്കി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പുതുതായി സ്ഥാപിക്കുകയോ പദവി ഉയർത്തുകയോ ചെയ്ത സ്ഥാപനങ്ങൾ ഏതൊക്കെയാണ്; മെഡിക്കൽ, പാരാ മെഡിക്കൽ ജീവനക്കാരുടെ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചു; പുതുതായി എത്ര നിയമനങ്ങൾ നടത്തിയെന്ന കണക്ക് ലഭ്യമാണോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ ശിശുമരണങ്ങൾ വ്യാപകമായിരുന്നെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ശിശുമരണങ്ങൾ അവസാനിപ്പിക്കാൻ നടപ്പിലാക്കി വരുന്ന പ്രത്യേക പദ്ധതികൾ വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) കേരള ജനതയുടെ ആരോഗ്യ ആവശ്യങ്ങൾ പരിഹരിക്കാനാകുന്ന തരത്തിൽ ത്രിതല ആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കി വരികയാണ്.

യുണൈറ്റഡ് നേഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി കേരളം ആരോഗ്യ രംഗത്ത് 2020-ഓടെ എത്തിപ്പിടിക്കേണ്ട ഹ്രസ്വകാല ലക്ഷ്യങ്ങളും 2030-ൽ ആർജിക്കേണ്ട ലക്ഷ്യങ്ങളും വിദഗ്ധ സമിതി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിക്കൊണ്ടാണ് പ്രവർത്തനപരിപാടികൾക്ക് രൂപം നൽകിയിട്ടുള്ളത്. ആരോഗ്യ സ്ഥാപനങ്ങളുടെയും ഗവ. ആശുപത്രികളുടെയും അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനം, അധികമായി ആശുപത്രി ഉപകരണങ്ങളും ലബോറട്ടറി സൗകര്യങ്ങളും വർദ്ധിപ്പിക്കുക, ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുക തുടങ്ങിയവ ഇതിന്റെ ഭാഗമായി നടന്നുവരികയാണ്.

കിഫ്ബി സാമ്പത്തിക സഹായത്തോടെ ജില്ലാ/താലൂക്കുതല ആശുപത്രികളെ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്ന പ്രവർത്തനങ്ങളും നടന്നുവരികയാണ്. മെഡിക്കൽ കോളേജ് ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. കേരളത്തിൽ വലിയ ആരോഗ്യ പ്രശ്നമായി മാറിയ പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയവയ്ക്കും കാൻസർ ചികിത്സ, മാനസികാരോഗ്യ പരിചരണം തുടങ്ങിയവയിലൂന്നിയുള്ള പ്രത്യേക പൊതുജനാരോഗ്യ പരിപാടികൾക്കും രൂപം നൽകി നടപ്പിലാക്കിവരികയാണ്. നവകേരള കർമ്മപദ്ധതിയിലുൾപ്പെടുത്തി സർക്കാർ ആവിഷ്കരിച്ച ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ മേഖലയിൽ സമഗ്രമായ മാറ്റങ്ങളാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിച്ചും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും തെരഞ്ഞെടുക്കപ്പെട്ട ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ വികസിപ്പിച്ചും ഓരോ ജില്ലകളിലും രണ്ടുവീതം താലൂക്കാസ്ഥാന ആശുപത്രികളെ മിനിമം അംഗീകൃത നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി തെരഞ്ഞെടുക്കുകയും 7-7-2018-ലെ (ജി.ഒ.(ആർ.റ്റി) നമ്പർ 2196/2018/ആ.കു.വ. പ്രകാരം കിഫ്ബി മുഖേന കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു കർമ്മ പദ്ധതി രൂപീകരിച്ച് ജനുവരി മുതൽ ഡിസംബർ വരെ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് കാഴ്ചവയ്ക്കുന്നത്. രോഗനിരീക്ഷണവും കൊതുക് നിരീക്ഷണവും ലബോറട്ടറി

പരിശോധന സംവിധാനവും കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങളും ചിട്ടയായ രീതിയിൽ നടപ്പിലാക്കിവരുന്നു. പ്രധാനപ്പെട്ട പകർച്ച വ്യാധികളുടെയെല്ലാം ചികിത്സാ മാർഗ്ഗരേഖകൾ WHO, National Guidelines ഇവയെ ആധാരമാക്കി മെഡിക്കൽ കോളേജിലെയും ആരോഗ്യ വകുപ്പിലെയും മറ്റ് അനുബന്ധ വകുപ്പുകളിലെയും വിദഗ്ദ്ധരെ ഉൾപ്പെടുത്തി തയ്യാറാക്കി ഡി.എച്ച്.എസ്.-ന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ജില്ലകളിൽ നൽകുകയും ചെയ്തിട്ടുണ്ട്.

പകർച്ചവ്യാധി പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ആരോഗ്യ വകുപ്പിന്റെ ദ്രുതകർമ്മസേന സന്ദർശിച്ച് കാര്യകാരണ വിശകലനം നടത്തി ഊർജ്ജിത പ്രവർത്തനങ്ങളിലൂടെ രോഗം നിയന്ത്രണ വിധേയമാക്കാറുണ്ട്. കൊതുക് നശീകരണത്തിനാവശ്യമായ കീടനാശിനികളും മറ്റ് സാധനസാമഗ്രികളും യഥാസമയം ലഭ്യമാക്കുകയും പൊതുജനങ്ങൾക്കാവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകിവരികയും ചെയ്യുന്നുണ്ട്. ഹെൽത്തി കേരള ക്യാമ്പയിൻവഴി പരിശോധന നടത്തി പൊതുജനാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നിലവിലുള്ള പൊതുജനാരോഗ്യ നിയമമനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി മലമ്പനി, മന്ത് രോഗം, കാലാ അസർ, ക്ഷയം, കുഷ്ഠം. എച്ച്.എസ്.എസ്. തുടങ്ങിയ രോഗങ്ങൾ 2020-ഓടുകൂടി നിവാരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

(ബി) ആർദ്രം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ആശുപത്രികളെ രോഗീ സൗഹൃദമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ്, കൗൺസലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം മുതലായ സൗകര്യങ്ങൾ പുതുതായി ക്രമീകരിച്ചിട്ടുണ്ട്.

ഗവ.മെഡിക്കൽ കോളേജുകളുടെ ഒ.പി. വിഭാഗം രോഗീസൗഹൃദ മാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏഴ് മെഡിക്കൽ കോളേജുകളിലും പൂർത്തിയായിക്കഴിഞ്ഞു. കോട്ടയം മെഡിക്കൽ കോളേജിൽ ആയത് പൂർത്തിയായി വരികയാണ്. ആരോഗ്യ വകുപ്പിലെ പതിനഞ്ച് ജില്ലാതല ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എൻ.എച്ച്.എം. എഞ്ചിനീയറിംഗ് വിഭാഗം മുഖേന പുരോഗമിക്കുകയാണ്. അധിക തസ്തിക സൃഷ്ടിച്ച്

നിയമനം നടത്തിയും ആശുപത്രി ഉപകരണങ്ങളും അടിസ്ഥാന സൗകര്യവും വർദ്ധിപ്പിച്ചുകൊണ്ടും ആശുപത്രികളെ രോഗീസൗഹൃദ മാക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. വിവിധ വിഭാഗം ജീവനക്കാർക്കുള്ള പരിശീലന പരിപാടികളും സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ഇതോടൊപ്പം നടന്നുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച സ്ഥാപനങ്ങൾ

1. W&C ആശുപത്രി, പൊന്നാനി
2. റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് - പത്തനംതിട്ട
3. ജില്ലാ പബ്ലിക് ഹെൽത്ത് ലാബ് - മലപ്പുറം
4. ജില്ലാ പബ്ലിക് ഹെൽത്ത് ലാബ് - സുൽത്താൻ ബത്തേരി.

<u>പുതുതായി പദവി ഉയർത്തിയ സ്ഥാപനങ്ങൾ</u>

മലയിൻകീഴ്, പത്തനാപുരം, കൊണ്ടോട്ടി, പനത്തടി, മംഗൽപ്പാടി, ബേഡഡുക്ക എന്നീ സി.എച്ച്.സി.-കളെ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം മെഡിക്കൽ/പാരാ മെഡിക്കൽ വിഭാഗങ്ങളിലായി 2018 ഡിസംബർ 4 വരെ 2142 (രണ്ടായിരത്തി ഒരുനൂറ്റി നാല്പത്തിരണ്ട് ) അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) മുൻസർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ ശിശുമരണങ്ങൾ വ്യാപകമായിരുന്നെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ശിശുമരണങ്ങൾ അവസാനിപ്പിക്കുവാൻ നടപ്പിലാക്കിവരുന്ന പ്രത്യേക പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

<u>അടിയന്തര നടപടികൾ</u>

1. അടിയന്തരമായി അട്ടപ്പാടി മുഴുവൻ ഒരു സ്ക്രീനിംഗ് ക്യാമ്പ് നടത്തി ഗുരുതരമായ തൂക്കക്കുറവുള്ള 299 കുട്ടികളെ കണ്ടെത്തി വേണ്ട ചികിത്സ നൽകാനുള്ള നടപടി സ്വീകരിച്ചു.

2. ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് യൂനിസെഫ്, നാഷണൽ ന്യൂട്രീഷൻ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ നേതൃത്വത്തിൽ പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ 3 (അഗളി സി.എച്ച്.സി. - 1, പുതൂർ പി.എച്ച്.സി. - 1, ഷോളയൂർ പി. എച്ച്.സി.-1) എണ്ണം ആരംഭിച്ചു. അതിനുള്ള ട്രെയിനിംഗ്,

കെട്ടിടങ്ങൾ, ഭക്ഷണ സാധനങ്ങൾ എന്നിവ തയ്യാറാക്കി, പദ്ധതിക്കായി വാഹനങ്ങൾ ഏർപ്പാടാക്കി, എല്ലാ പ്രവർത്തനങ്ങൾക്കുമായി അട്ടപ്പാടി പാക്കേജ് എന്ന പേരിൽ 4.33 കോടി രൂപ ആരോഗ്യ കേരളം വഴി ലഭ്യമാക്കി.

3. അയൺ ഫോളിക് ആസിഡ് ഗുളികകളുടെ ലഭ്യത ഉറപ്പുവരുത്തി.

ഹ്രസ്വകാല നടപടികൾ

1. 24 സബ് സെന്ററുകൾ റിപ്പയർ ചെയ്ത് ജെ.പി.എച്ച്.എൻ. മാർക്ക് താമസയോഗ്യമാക്കി 24 മണിക്കൂർ പ്രവർത്തന സജ്ജമാക്കി.

2. രണ്ടാമത് ഒരു ജെ.പി.എച്ച്.എൻ-നെക്കൂടി നിയമിച്ച് പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കി

3. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി കോട്ടത്തറയിൽ തൂക്കം കുറവുള്ള കുഞ്ഞ് ജനിച്ചാൽ അതിനെ സംരക്ഷിക്കുന്നതിനുള്ള ഉപകരണങ്ങൾ, ഡോക്ടർമാർക്കും നഴ്സുമാർക്കും ട്രെയിനിംഗ് എന്നിവ നൽകി.

4. ശിശുരോഗ വിദഗ്ദ്ധനെയും ഗൈനക്കോളജിസ്റ്റിനെയും അനസ്തേഷ്യ ഡോക്ടറെയും സർജനെയും നിയമിച്ചു

5. നവജാതശിശു ഐ.സി.യു. സ്ഥാപിച്ചു.

6. പുതിയ 75 തസ്തികകൾ സൃഷ്ടിച്ചു.

7. പാരാമെഡിക്കൽ ജീവനക്കാർക്കും മറ്റും ട്രെയിനിംഗ് നൽകി.

8. ആരോഗ്യ വകുപ്പ് ജീവനക്കാരുടെ സേവനം മെച്ചപ്പെടുത്താൻവേണ്ടി 20% അധികം ഡി.എ. അനുവദിച്ച് ഡോക്ടർമാർക്ക് 20,000 രൂപ അധികം നൽകുവാൻ തീരുമാനമായി.

9. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ രക്ത സംഭരണ യൂണിറ്റും അൾട്രാ സൗണ്ട് സ്കാനിംഗും ആരംഭിച്ചു.

10. ആദിവാസി ഗർഭിണികളുടെ പ്രസവം എപ്പോഴും പറഞ്ഞ തീയതിക്കും മുൻപേ ആയതിനാൽ വീട്ടിലെ പ്രസവം ഒഴിവാക്കാൻ ഇ.ഡി.സി. മോണിറ്ററിംഗ് സെൽ ആരംഭിച്ചു. എൻ.ആർ.സി.-യിൽ അഡ്മിറ്റ് ആകാത്ത കുട്ടികൾക്ക് സി.സാം പരിപാടി ആരംഭിച്ചു. ഇതുവഴി വീടുകളിലേയ്ക്ക് പോഷകാഹാരം എത്തിക്കുവാനുള്ള നടപടി സ്വീകരിച്ചു.

11. മൂന്ന് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾകൂടി രൂപീകരിച്ചു. ആകെ അഞ്ച് മൊബൈൽ യൂണിറ്റുകൾ പ്രതിമാസം ഇരുപത്തിനാല് ക്യാമ്പുകൾവച്ച് നടത്തുന്നു. ദിവസവും ഊരുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

12. ജാതക് ജനനി എന്നീ സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കി യഥാക്രമം ശിശുക്കളുടെ തൂക്കവും ഗർഭിണികളുടെ ആരോഗ്യവും ദിനംപ്രതി മേലധികാരികൾക്ക് മനസ്സിലാക്കാനുള്ള സൗകര്യമുണ്ടായി.

13. പോഷകാഹാരക്കുറവും രക്തം കുറഞ്ഞ കുഞ്ഞുമുള്ള ഗർഭിണികളെയും കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ മൂന്നുമാസത്തോളം താമസിപ്പിച്ച് പോഷണ സമൃദ്ധമായ ആഹാരം നൽകി തൂക്കമുള്ള കുഞ്ഞാക്കി പ്രസവിപ്പിക്കാൻ നടപടികൾ ഉണ്ടായി.

14. കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് പതിനെട്ട് വയസ്സാകുമ്പോൾ 45 കിലോ ശരീരഭാരം ഉണ്ടാകുന്ന രീതിയിലുള്ള ആരോഗ്യ ബോധവൽക്കരണ പരിപാടികളും മെൻസ്റ്റുവൽ ഹൈജീൻ പരിപാടികളും ആരംഭിച്ചു.

15. സ്കൂളുകൾ കേന്ദ്രീകരിച്ച് ഒരുമ എന്ന പേരിൽ ഹെൽത്ത് ക്ലബ്ബുകൾ കൂടുതൽ കാര്യക്ഷമമാക്കി.

16. ആരോഗ്യം, സാമൂഹികനീതി, പട്ടികവർഗ്ഗ വികസനം, കുടുംബശ്രീ, തദ്ദേശ സ്വയംഭരണം, പോലീസ്, കൃഷി, മൃഗസംരക്ഷണം, റവന്യൂ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ആഫീസറായി ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി.

17. 2016-ൽ ശിശുമരണം എട്ട് ആയി കുറയ്ക്കുവാൻ സാധിച്ചു. 2013-ൽ 31-ഉം, 2014-ൽ 15- ഉം 2015-ൽ 14-ഉം ആയിരുന്നു.

18. ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികളുടെ എണ്ണം 299-ൽനിന്നും 36 ആയി കുറഞ്ഞു.

19. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എടുത്ത ശക്തമായ നടപടികളുടെ ഭാഗമായാണ് ഇത്തരത്തിലുള്ള മാറ്റം ഉണ്ടാക്കാൻ സാധിച്ചത്. കേരളത്തിന്റെ ശിശുമരണ നിരക്ക് 13 ആയിരിക്കെ അട്ടപ്പാടിയിലേത് 9 ആക്കി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

<u>ദീർഘകാല നടപടികൾ</u>

ആദിവാസി കുടുംബത്തിന് ഭൂമിക്ക് രേഖ ലഭ്യമാക്കൽ, കൃഷി, മൃഗസംരക്ഷണം, കുടിവെള്ളം, കക്കൂസ്, തൊഴിൽ, ഭവനം തുടങ്ങിയ നടപടികളിൽക്കൂടി സാമ്പത്തികഭദ്രത ഉണ്ടാക്കാനുള്ള പദ്ധതികൾ അനുബന്ധ വകുപ്പുകൾവഴി നടപ്പിലാക്കിവരുന്നു.

## പ്രളയത്തിൽ ഭക്ഷ്യവകുപ്പിനുണ്ടായ നാശനഷ്ടങ്ങൾ

20(*320) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാധിച്ച പ്രളയത്തിൽ ഭക്ഷ്യവകുപ്പിന് ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുത്തിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രളയം റേഷൻ കടകൾക്കുണ്ടാക്കിയ നഷ്ടവും പ്രളയംമൂലം റേഷൻ സാധനങ്ങളുടെ സ്റ്റോക്കിലുണ്ടായ നഷ്ടവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രളയത്തിൽ നശിച്ച റേഷൻ സാധനങ്ങൾക്ക് ഇൻഷ്വറൻസ് തുക ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രളയത്തിൽ സപ്ലൈകോ വില്പനശാലകൾക്കുണ്ടായ നഷ്ടത്തിന്റെ കണക്കുകൾ ലഭ്യമാക്കുമോ; ആയതിന് ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടായിരുന്നോ; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന സർക്കാർ നെല്ല് സംഭരിച്ചിരുന്ന ഗോഡൗണുകൾ പ്രളയത്തിൽ നശിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കുമോ?

ഭക്ഷ്യവും പൊതുവിതരണവും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ&ബി) സംസ്ഥാനത്തെ ബാധിച്ച പ്രളയത്തിൽ ഭക്ഷ്യവകുപ്പിനുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുത്തിട്ടുണ്ട്. റേഷൻ സാധനങ്ങൾ ഉപയോഗശൂന്യമായി പോയതിനാലും റേഷൻ കടകളുടെ ഉപകരണങ്ങൾക്ക് തകരാർ വന്നതിലൂടെയും 5.30 കോടി രൂപയുടെ നാശനഷ്ടവും ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് റേഷൻ സാധനങ്ങൾ നൽകിയതുവഴി 64.82 ലക്ഷം രൂപയുടെ ചെലവും പ്രളയബാധിത പ്രദേശങ്ങളിലെ കടകളിലുള്ള റേഷൻ സാധനങ്ങൾ അവിടെനിന്നും മാറ്റിയതിനും ഉപയോഗശൂന്യമായവ മറവ് ചെയ്ത് ശുചീകരിക്കുന്നതിനും 90 ലക്ഷം രൂപയുടെ ചെലവും ചേർത്ത് ആകെ 6.85 കോടി രൂപയുടെ നാശനഷ്ടമുണ്ടായി. നാശനഷ്ടം സംബന്ധിച്ച വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇല്ല. റേഷൻ സാധനങ്ങൾക്ക് ഇൻഷ്വറൻസ് കവറേജ് ലഭ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) പ്രളയത്തിൽ സപ്ലൈകോ വിൽപ്പനശാലകൾക്ക് ആകെ 11.81 കോടി രൂപയുടെ നഷ്ടമുണ്ടായി. സപ്ലൈകോ വിൽപ്പനശാലകളിൽ നശിച്ചുപോയ സാധനസാമഗ്രികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടായിരുന്നില്ല.

(ഇ) സംസ്ഥാന സർക്കാർ നെല്ല് സംഭരിച്ചിരുന്ന സപ്ലൈകോയുടെ എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രവർത്തിക്കുന്ന 27 മില്ലുകളിലെ ഗോഡൗണുകൾക്ക് പ്രളയത്തിൽ നാശനഷ്ടമുണ്ടായിട്ടുണ്ട്. നഷ്ടമുണ്ടായ നെല്ലിന്റെയും അരിയുടെയും മില്ലുകൾ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങളോടുള്ള കേന്ദ്ര പ്രതികരണം

21(*321) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. ഉണ്ണി :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മുഖ്യമന്ത്രിക്കും സർവകക്ഷി നിവേദക സംഘത്തിനും, ഭക്ഷ്യഭദ്രത നിയമത്തിന്റെ പേരിൽ അരി നിഷേധിക്കുന്നതുപോലുള്ള പ്രശ്നങ്ങളും പൊതുവികസന പ്രശ്നങ്ങളും പ്രകൃതിദുരന്തം നേരിടാനുള്ള സഹായത്തിന്റെ ആവശ്യകതയും ധരിപ്പിക്കുന്നതിന് പ്രധാനമന്ത്രിയെ കാണാൻ അവസരം നൽകാതിരിക്കുകയും കലാരംഗത്ത് പ്രശസ്തരായവരിൽ ചിലരെ അങ്ങോട്ടുവിളിച്ച് കാണുകയും ചെയ്യുന്ന നിലപാട് രാജ്യത്തിന്റെ ഫെഡറൽ അടിത്തറയെ ദുർബലപ്പെടുത്തുമെന്നതിനാൽ ജനാധിപത്യപരമായ നിലപാട് സ്വീകരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) സംസ്ഥാനം ഉന്നയിച്ച വിവിധ ആവശ്യങ്ങളോടുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം അറിയിക്കാമോ;

(സി) ഭക്ഷ്യധാന്യവിഹിതം വർദ്ധിപ്പിക്കണമെന്ന നീതിയുക്തമായ ആവശ്യത്തോടുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണമെന്തായിരുന്നു;

(ഡി) വികസന പ്രക്രിയയിൽ സംസ്ഥാനങ്ങൾക്കുകൂടി തുല്യപ്രാധാന്യം നേടിയെടുക്കാനായി നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ&ബി) സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്ന വിവിധ ആവശ്യങ്ങളിൽ ഭക്ഷ്യഭദ്രത നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒരു സംസ്ഥാനത്തിനുമാത്രമായി ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിച്ച് നൽകുന്നതിന് നിർവ്വാഹമില്ല എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. സംസ്ഥാനം നേരിട്ട പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും രണ്ട് ഘട്ടങ്ങളിലായി 5616 കോടി രൂപയുടെ പുനരധിവാസ സഹായവും പ്രത്യേക ധനസഹായമായി 5000 കോടി രൂപയും സൗജന്യമായി അരിയും മണ്ണെണ്ണയും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരുന്നുവെങ്കിലും 600 കോടി രൂപ മാത്രമാണ് ആദ്യഘട്ട ധനസഹായമായി സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. എന്നാൽ ദുരന്ത പ്രതികരണ നിധിയിൽനിന്നും അരിയുടെയും മണ്ണെണ്ണയുടെയും വിലയിനത്തിൽ 265.74 കോടി രൂപ ഈടാക്കുമെന്ന വ്യവസ്ഥയും ഉൾക്കൊള്ളിച്ചിരുന്നു. ഇത് കൂടാതെ പ്രളയകാലത്തെ രക്ഷാപ്രവർത്തനത്തിന് വ്യോമസേനയിൽനിന്നും വിമാനക്കൂലി ഇനത്തിൽ 33.79 കോടി രൂപയുടെ ബിൽ സംസ്ഥാനത്തിന് നൽകിയിട്ടുണ്ട്. ദുരന്ത പുനരധിവാസ ധനസഹായമായി അധിക തുക അനുവദിച്ചതായി ഔദ്യോഗികമായ അറിയിപ്പ് സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല.

(സി) 2018 മേയ് 15-ന് ചേർന്ന സർവ്വകക്ഷി യോഗ തീരുമാനപ്രകാരം സംസ്ഥാനത്തിനുള്ള ഭക്ഷ്യ വിഹിതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ഭക്ഷ്യവിഹിതം വർദ്ധിപ്പിച്ച് നൽകിയിട്ടില്ല. 2013-ൽ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിന് മുമ്പുള്ള മൂന്ന് വർഷത്തെ ഭക്ഷ്യധാന്യത്തിന്റെ ഓഫ് ടേക്കിന്റെ ശരാശരി കണക്കാക്കിയാണ് ഓരോ സംസ്ഥാനത്തിനും വിഹിതം നിശ്ചയിച്ചിട്ടുള്ളത് എന്നതിനാൽ ഒരു സംസ്ഥാനത്തിനുമാത്രമായി ഇക്കാര്യത്തിൽ ഇളവനുവദിക്കാൻ കഴിയില്ലെന്ന് കേന്ദ്രസർക്കാർ അറിയിക്കുകയുണ്ടായി.

(ഡി) കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ഫെഡറൽ സംവിധാനത്തിലൂന്നിയുള്ള മികച്ച ബന്ധം നിലനിർത്തുന്നതിനായി Inter State Council അടക്കമുള്ള ഭരണഘടനാപരമായ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ സംസ്ഥാന സർക്കാർ ശ്രമിക്കുന്നുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷനിൽനിന്നും സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിന് സാദ്ധ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ കേന്ദ്ര പദ്ധതികൾ മുഖേന സംസ്ഥാനത്തിന് അർഹമായ വിഹിതം ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖേന കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും ആവശ്യമായ സന്ദർഭങ്ങളിൽ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ചില അവസരങ്ങളിൽ സർവ്വകക്ഷി നേതാക്കളടക്കം പ്രധാനമന്ത്രിയെയും മറ്റ് കേന്ദ്രമന്ത്രിമാരെയും സന്ദർശിച്ച്

സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങൾ അറിയിച്ച് സഹായം അഭ്യർത്ഥിക്കാറുണ്ട്. തൊഴിലുറപ്പ് പദ്ധതി, ലോക ബാങ്ക് - എ.ഡി.ബി., നബാർഡ് വായ്പകൾ, ഭക്ഷ്യസുരക്ഷ, പ്രളയ ദുരിതാശ്വാസ ധനസഹായം, റെയിൽ, റോഡ്, വ്യോമയാന വികസനം തുടങ്ങി പ്രധാന വിഷയങ്ങളിൽ പ്രത്യേക ഊന്നൽനൽകി നടപടി സ്വീകരിക്കാറുണ്ട്. ജി.എസ്.ടി. പോലെയുള്ള, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിക്കുന്ന വിഷയങ്ങളിൽ കേരളത്തിന്റെ ആശങ്ക അറിയിക്കുന്നതിനും അർഹമായ വിഹിതം നേടിയെടുക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി ജി.എസ്.ടി.-ക്ക് സെസ്സ് ഏർപ്പെടുത്തുക, വായ്പ പരിധി നിലവിലുള്ള മൂന്ന് ശതമാനത്തിൽനിന്നും എസ്.ജി.ഡി.പി.-യുടെ 4.5% ആക്കി ഉയർത്തുക, കേന്ദ്ര റോഡ് ഫണ്ടിൽനിന്നും 3000 കോടി രൂപ അധിക ഗ്രാന്റായി അനുവദിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം 10 ശതമാനം അധികമായി നൽകുക എന്നീ പ്രത്യേക ആവശ്യവും കേന്ദ്ര സർക്കാർ മുമ്പാകെ അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ അർഹമായ വിഹിതം നേടിയെടുക്കാൻ അതത് ഘട്ടങ്ങളിൽ ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു.

## പ്രളയ പുനർനിർമ്മാണത്തിനായി കൺസൾട്ടൻസി

22 (*322) ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ പുനർനിർമ്മാണത്തിനായി കൺസൾട്ടൻസിയെ നിയമിക്കാൻ ആഗോള ടെണ്ടർ വിളിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) പ്രളയ പുനർനിർമ്മാണത്തിനായി അവധാനതയില്ലാതെ കെ.പി.എം.ജി. എന്ന കൺസൾട്ടൻസിയെ തെരഞ്ഞെടുത്തത് സംസ്ഥാനത്തിന് വിലപ്പെട്ട നൂറോളം ദിവസങ്ങൾ നഷ്ടമാകാൻ കാരണമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിനായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI) എന്ന ഒരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപംനൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭ ദിശയിലാണ്.

RKI മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനും പ്രധാന പദ്ധതികളുടെ പദ്ധതി നിർവ്വഹണത്തിനായും ഉന്നതാധികാര സമിതി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി ആവശ്യമെങ്കിൽ കൺസൾട്ടൻസികളെ നിയമിക്കുന്നതിന് ഉചിതമായ തീരുമാനം കൈക്കൊള്ളും.

(ബി) 5-9-2018-ലെ G.O.(P) 12/2018/Plg. ഉത്തരവ് പ്രകാരം "KPMG in India" എന്ന കൺസൾട്ടൻസിയെ 'Pro-bono' അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പുനർനിർമ്മാണവുമായി ബന്ധപ്പെട്ട പ്രസ്തുത കൺസൾട്ടൻസിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത് മുഖാന്തരം പ്രളയ പുനർനിർമ്മാണത്തിന് യാതൊരുവിധ തടസ്സവും നേരിട്ടിട്ടില്ല.

## മെഡിക്കൽ കോളേജുകളിൽ സമഗ്ര സ്ട്രോക്ക് സെന്ററുകൾ

23(*323) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ഡോ. എം. കെ. മുനീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പക്ഷാഘാതം ബാധിച്ചവർക്ക് അടിയന്തര ചികിത്സാ സൗകര്യമൊരുക്കുന്ന സമഗ്ര സ്ട്രോക്ക് സെന്ററുകൾ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഏതെല്ലാം മെഡിക്കൽ കോളേജുകൾക്കാണ് തുക അനുവദിച്ചിരിക്കുന്നത്;

(സി) മഞ്ചേരി മെഡിക്കൽ കോളേജ് ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ഇത്തരം സെന്ററുകൾ ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ&ബി) പക്ഷാഘാതം ബാധിച്ചവർക്ക് അടിയന്തര ചികിത്സാ സൗകര്യമൊരുക്കുന്ന സമഗ്ര സ്ട്രോക്ക് സെന്ററുകൾ സംസ്ഥാനത്തെ മെഡിക്കൽ

കോളേജുകളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടു വരികയാണ്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഈ ആവശ്യത്തിനായി വേർതിരിച്ചിരിക്കുന്ന സ്ഥലം നവീകരിക്കുന്നതിനായി 2,00,00,000 (രണ്ട് കോടി രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ സമഗ്ര സ്ട്രോക്ക് സെന്റർ അനുവദിക്കുന്നതിന്റെ ഭാഗമായി ന്യൂറോ മെഡിസിൻ വിഭാഗത്തിനോട് ചേർന്ന് 14 ബെഡ്ഡുള്ള സ്ട്രോക് ഐ.സി.യു. കഴിഞ്ഞ ഒരു വർഷമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനായി 5 കോടി (അഞ്ച് കോടി രൂപ മാത്രം) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൊതുമരാമത്ത് വകുപ്പിനുകീഴിൽ ആരംഭിച്ചിട്ടുണ്ട്.

(സി) മഞ്ചേരി മെഡിക്കൽ കോളേജ് ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും പക്ഷാഘാതം ബാധിച്ചവർക്കുള്ള അടിയന്തര ചികിത്സ ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## റേഷൻ രംഗത്തിന്റെ ശാക്തീകരണം

24 (*324) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനീകരണ പ്രവർത്തനം വഴി റേഷൻ ചോർച്ച തടയുന്നതിനും അതോടൊപ്പംതന്നെ റേഷൻ വ്യാപാരികൾക്ക് ന്യായവേതനം ഉറപ്പ് നൽകുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ഇ-ട്രാസ് പദ്ധതി ഫലപ്രദമായിരുന്നോ; പോരായ്മ നികത്താൻ നടപടിയെടുക്കുമോ;

(സി) റേഷൻ കടകളിലൂടെ മറ്റ് സേവനങ്ങൾ നൽകി വ്യാപാരികളുടെ വരുമാന വർദ്ധനവിന് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന് അർഹതയുള്ള അധിക റേഷൻ വിഹിതം നേടിയെടുക്കാൻ നടത്തിയ ശ്രമം അറിയിക്കാമോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാട് എന്തായിരുന്നു;

(ഇ) റേഷൻകടകളുടെ സോഷ്യൽ ഓഡിറ്റിംഗ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. ഇപ്പോൾ വിരലടയാളമാണ് പരിശോധിക്കുന്നത്. ഐറിസ്(കണ്ണുകൾ) പരിശോധിക്കുന്ന സംവിധാനവും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം epos.kerala.gov.in എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. ഇ-പോസ് മെഷീനുകളെ കുറിച്ച് അവബോധം നൽകുന്നതിനായി വിവിധ മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ നൽകിയിട്ടുണ്ട്. ഓരോ കാർഡുടമയ്ക്കും അർഹതപ്പെട്ട വിഹിതം സംബന്ധിച്ച് എല്ലാ മാസവും എസ്.എം.എസ്. സന്ദേശം നൽകുന്നുണ്ട്. കൂടാതെ, റേഷൻ വാങ്ങുമ്പോൾ വാങ്ങിയ സാധനങ്ങളുടെ വിവരങ്ങളും എസ്.എം.എസ്. ആയി നൽകുന്നുണ്ട്. ഇപ്പോൾ ഇലക്ട്രോണിക് ത്രാസ് കൂടി ഇ-പോസ് മെഷീനുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവഴി തൂക്കക്കുറവ് എന്ന പരാതി പൂർണ്ണമായും ഒഴിവാക്കാൻ കഴിയുന്നതാണെന്ന് പ്രതീക്ഷിക്കുന്നു. റേഷൻ കാർഡുകൾ കിട്ടുന്നതിന് അക്ഷയ സെന്ററുകൾ മുഖേന ഓൺലൈനായും പൊതുജനങ്ങൾക്ക് നേരിട്ടും അപേക്ഷകൾ സമർപ്പിക്കാം. ഇപ്രകാരം ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സഹായത്തോടെ പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും ജനോപകാരപ്രദവുമായി മാറിയിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിൽ ഏകദേശം 14300-ഓളം റേഷൻ കടകളാണ് പ്രവർത്തിക്കുന്നത്. ആയതിൽ 45 ക്വിന്റലിൽ കുറവ് വിൽപ്പന നടത്തുന്ന 2800-ഓളം കടകളും 46 ക്വിന്റലിനും 100 ക്വിന്റലിനുമിടയിൽ വിൽപ്പന നടത്തുന്ന 8200-ഓളം കടകളും 101 ക്വിന്റലിനും 150 ക്വിന്റലിനും ഇടയിൽ വിൽപ്പന നടത്തുന്ന 2500-ഓളം കടകളും 151 ക്വിന്റലിനും 200 ക്വിന്റലിനും ഇടയിൽ വിൽപ്പന നടത്തുന്ന 650-ഓളം കടകളും 200 ക്വിന്റലിന് മുകളിൽ വിൽപ്പന നടത്തുന്ന 150-ഓളം കടകളുമാണുള്ളത്.

30-11-2018-ലെ സ.ഉ.(കൈ) നമ്പർ 46/2018/ഭ.പൊ.വി.വ. പ്രകാരം റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ പാക്കേജ് 45 ക്വിന്റൽ വിൽപ്പന

അടിസ്ഥാനമാക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം താഴെ പറയും പ്രകാരമാണ്.

1. 45 ക്വിന്റൽ വിതരണം ചെയ്യുന്ന വ്യാപാരികളുടെ അടിസ്ഥാന കമ്മീഷൻ 16,000 രൂപയിൽനിന്നും 18,000 രൂപയായി വർദ്ധിപ്പിച്ചു.

2. സപ്പോർട്ടീവ് പേമെന്റ് തുക 6,100 രൂപയിൽനിന്നും 8,500 രൂപയായി വർദ്ധിപ്പിച്ചു.

3. 44 ക്വിന്റൽവരെ ഭക്ഷ്യധാന്യ വിൽപ്പന നടത്തുന്നവർക്ക് ക്വിന്റലിന് 220 രൂപ നിരക്കിൽ കമ്മീഷനും 18,000 രൂപ അടിസ്ഥാന കമ്മീഷൻ ലഭ്യമാകുന്നതിന് പരമാവധി 8,500 രൂപവരെ സപ്പോർട്ടീവ് പേമെന്റും ലഭ്യമാകുന്നതാണ്.

4. 45 ക്വിന്റലിന് മുകളിൽ ഭക്ഷ്യധാന്യ വിൽപ്പന നടത്തിയാൽ അടിസ്ഥാന കമ്മീഷനായ 18,000 രൂപയ്ക്ക് പുറമെ വിൽപ്പന നടത്തുന്ന ഓരോ ക്വിന്റലിനും 180 രൂപ നിരക്കിൽ കമ്മീഷൻ ലഭിക്കുന്നതാണ്.

(ബി) ഇ-ത്രാസ് എന്ന പദ്ധതി നിലവിലില്ല. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പ്രാവർത്തികമാക്കിയതിന്റെ ഫലമായി ഇ-പോസ് പദ്ധതിയാണ് നടപ്പിലാക്കിയത്.

ഇലക്ട്രോണിക് ത്രാസ് ഇ-പോസ് മെഷീനുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നോർത്ത് സിറ്റി റേഷനിംഗ് ഓഫീസിന്റെ പരിധിയിലുള്ള അഞ്ച് റേഷൻ കടകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 2018-19 വാർഷിക പദ്ധതിയിനത്തിൽ 9,31,77,500 രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) റേഷൻ സാധനങ്ങൾക്ക് പുറമെ നോൺ മാവേലി ഉൽപ്പന്നങ്ങളും എഫ്.എം.സി.ജി. ഉല്പന്നങ്ങളുംകൂടി റേഷൻ കടകൾവഴി വിൽപ്പന നടത്തി വൈവിദ്ധ്യവൽക്കരിക്കുന്നതിനും റേഷൻ വ്യാപാരികളെ കൂടുതൽ സാമ്പത്തിക ഭദ്രമാക്കുന്നതിനുമായി ആലോചിച്ചുവരുന്നു. കൂടാതെ റേഷൻ കടകൾവഴി ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ഇതോടനുബന്ധിച്ച് ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ലീഡ് ബാങ്ക് ഉദ്യോഗസ്ഥരുമായി പ്രാഥമിക ചർച്ചകൾ നടത്തുകയുണ്ടായി. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇതുസംബന്ധിച്ച വിശദമായ പ്രൊപ്പോസലുകൾ ബാങ്കുകളിൽനിന്നും ക്ഷണിച്ചുകൊണ്ട് EOI (Expression of Interest) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ റേഷൻ കടയുടമകൾക്ക് ഇത്തരം ഇടപാടുകൾ നടത്തുന്നതിലൂടെ പ്രതിമാസം കമ്മീഷൻ ഇനത്തിൽ ഒരു

നിശ്ചിത തുക ലഭിക്കുകയും അതിൽ കൂടുതൽ ഇടപാടുകൾ നടത്തുന്നപക്ഷം ആനുപാതികമായി ഇൻസെന്റീവും ലഭിക്കുന്നതാണ്.

(ഡി) 2013-ൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന് മുൻപുള്ള മൂന്ന് വർഷത്തെ ഭക്ഷ്യധാന്യത്തിന്റെ ഓഫ് ടേക്കിന്റെ ശരാശരി കണക്കാക്കിയാണ് ഓരോ സംസ്ഥാനത്തിനും നിലവിലെ വിഹിതം നിശ്ചയിച്ചിട്ടുള്ളത്. അതായത് 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് പ്രതിവർഷം സംസ്ഥാനത്തിന് അനുവദിക്കുന്നത്. ഒരു സംസ്ഥാനത്തിനു മാത്രമായി ഇക്കാര്യത്തിൽ ഇളവനുവദിക്കുവാൻ കഴിയില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. സർക്കാർതലത്തിലും ഗവർണർമാരുടെ സമ്മേളനത്തിലും എം.പി.മാരുടെ കോൺഫറൻസിലും സർവ്വകക്ഷിതലത്തിൽ പ്രധാനമന്ത്രിയെ നേരിട്ട് കണ്ടും റേഷൻ ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കണ മെന്ന ആവശ്യം ഉന്നയിച്ചിരുന്നെങ്കിലും ആയതിന്മേൽ അനുഭാവപൂർണ്ണമായ സമീപനം നാളിതുവരെ കേന്ദ്രസർക്കാരിൽനിന്ന് ഉണ്ടായിട്ടില്ല.

(ഇ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സോഷ്യൽ ഓഡിറ്റിംഗ് സംസ്ഥാനത്ത് നടത്തുന്നതിന് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി ധാരണാപത്രം ഒപ്പിട്ട് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. പൊതുവിതരണ സമ്പ്രദായം മുഴുവനും സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

**അശ്ലീല ചിത്രങ്ങൾ വെബ്സൈറ്റുകൾക്ക് വിൽക്കുന്ന റാക്കറ്റ്**

25(*325) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പകർത്തി വിദേശ വെബ്സൈറ്റുകൾക്ക് വിൽക്കുന്ന റാക്കറ്റ് പ്രവർത്തിക്കുന്നുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെർച്ച് എൻജിനുകളുടെ പരിധിയിൽ വരാത്ത രഹസ്യ നെറ്റ് വർക്കുകളായ ഡാർക്ക് നെറ്റിലുള്ള സൈറ്റുകളിലൂടെയുള്ള ചിത്രങ്ങളുടേയും വീഡിയോയുടേയും വില്പന തടയുന്നതിന് ലഭ്യമായ സംവിധാനങ്ങൾ വ്യക്തമാക്കുമോ;

(സി) ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിലുള്ള വിവര വിനിമയ പ്രോട്ടോക്കോളുകൾ ഉപയോഗിക്കാതെ പ്രത്യേകതരം സോഫ്റ്റ് വെയറുകളും അംഗീകൃത ടൂളുകളും (authorization tool) ഉപയോഗിച്ചുമാത്രം കടന്നെത്താൻ കഴിയുന്ന രഹസ്യ നെറ്റുവർക്കുകൾ ഉൾപ്പെട്ടതാണ് ഡാർക്ക് നെറ്റ്. ഫലപ്രദമായ Darknet Monitoring Tool ഇതുവരെയും ലഭ്യമായിട്ടില്ല. എന്നിരുന്നാൽത്തന്നെയും മാന്വലായി ഡാർക്ക് നെറ്റ് നിരീക്ഷണങ്ങൾ നടത്തിവരുന്നുണ്ട്.

(സി) ഡാർക്ക് നെറ്റിലൂടെ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ, വീഡിയോകൾ എന്നിവ പ്രചരിപ്പിക്കുന്നത് തടയുന്നതിനായി കേരള പോലീസ് ഇന്റർപോളുമായി ചേർന്ന് വിവര ശേഖരണവും നിരീക്ഷണങ്ങളും നടത്തിവരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ Cyber Crime Prevention Against Women and Children (CCPWC) പദ്ധതിയുടെ കീഴിൽ ഒരു കേന്ദ്രീകൃത ഓൺലൈൻ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ (www.cyberpolice.gov.in) ആരംഭിക്കുകയും ഇതിലൂടെ Child Pornography, Rape, Gang Rape തുടങ്ങിയവയുടെ വീഡിയോകൾ ഇന്റർനെറ്റിലൂടെ പ്രചരിപ്പിക്കുന്നതിനെതിരെയുള്ള പരാതികൾ സമർപ്പിക്കാവുന്നതാണ്. ഈ പോർട്ടിലിലൂടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും എല്ലാ പോലീസ് സ്റ്റേഷനുകളിലും തങ്ങളുടെ അധികാര പരിധിയിൽ വരുന്ന പരാതികൾ മേൽപോർട്ടൽവഴി വീക്ഷിക്കുവാനും പ്രസ്തുത പോർട്ടലിൽ പരാതികളുടെ തൽസ്ഥിതി update ചെയ്യുന്നതിനും കഴിയുന്നതാണ്.

**പൊതുജനാരോഗ്യ രംഗം ലക്ഷ്യം വയ്ക്കുന്ന സുസ്ഥിര വികസന നേട്ടങ്ങൾ**

26 (*326) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ ഉന്മൂലനത്തിലൂടെയും പ്രളയാനന്തരം പകർച്ചവ്യാധികൾ വ്യാപിക്കാതെ തടഞ്ഞും കർമ്മശേഷി തെളിയിച്ച കേരളത്തിലെ

പൊതുജനാരോഗ്യരംഗം ലക്ഷ്യംവയ്ക്കുന്ന സുസ്ഥിര വികസന നേട്ടങ്ങൾ എന്തെല്ലാമാണ്; ഇതിനായി പൊതു ആരോഗ്യ രംഗത്ത് ആവിഷ്കരിച്ചിട്ടുള്ള വികസന പരിപാടികൾ എന്തെല്ലാമാണ്;

(ബി) ക്ഷയം, മന്ത്, കുഷ്ഠം തുടങ്ങിയ പകർച്ചവ്യാധികളുടെ ഉന്മൂലനത്തിന് കൈക്കൊണ്ടുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ഇ-ഹെൽത്ത് പദ്ധതിയുടെ വിവരങ്ങളും ഇതുവരെ കൈവരിച്ച പുരോഗതിയും അറിയിക്കാമോ;

(ഡി) അശാസ്ത്രീയ ഭക്ഷണരീതിയും അനാരോഗ്യകരമായ ജീവിതശൈലിയും കൊണ്ട് വ്യാപകമായിട്ടുള്ള അസുഖങ്ങൾ നിയന്ത്രിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) പൊതുജനാരോഗ്യ സംരക്ഷണത്തിന് ഊന്നൽകൊടുത്തുകൊണ്ടുള്ള ആരോഗ്യ സംവിധാനത്തിന്റെ പരിപൂർണ്ണ പരിവർത്തനമാണ് ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക, ജില്ലാ/താലൂക്കുതല ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി/ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടെ വികസിപ്പിക്കുക, ആശുപത്രികളിലെ ഒ.പി. വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുക, എല്ലാ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിലും ചികിത്സാ മാനദണ്ഡങ്ങളുടെയും ചികിത്സാ രേഖകളുടെയും അടിസ്ഥാനത്തിൽ ചികിത്സകൾ ശാസ്ത്രീയമായി ക്രമീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കിവരുന്നത്.

2020-ഓടെ കേരളത്തിൽനിന്നും മലമ്പനി, മന്ത്, കാലഅസർ (കരിമ്പനി), കുഷ്ഠരോഗം, ക്ഷയരോഗം, എയ്ഡ്സ് എന്നീ രോഗങ്ങൾ നിവാരണം ചെയ്യാനും വയറിളക്കം, മഞ്ഞപ്പിത്തം എ, ഇ മുതലായ ജലജന്യരോഗങ്ങളുടെ തോത് 50 ശതമാനമായി കുറക്കുവാനും ലക്ഷ്യംവച്ചുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിവരികയാണ്. മലമ്പനി നിരീക്ഷണവും ചികിത്സയും നിയന്ത്രണവും കാര്യക്ഷമമാക്കിയതിന്റെ ഫലമായി മലമ്പനി ബാധിതരുടെ എണ്ണം മുൻവർഷങ്ങളിൽനിന്നും കുറയ്ക്കുവാനും സാധിച്ചു. മന്തുരോഗ നിവാരണത്തിന് "മന്തുരോഗ നിവാരണ സമൂഹ ചികിത്സാ പരിപാടി" സംസ്ഥാനത്ത് നടപ്പിലാക്കി. കൂടാതെ മന്തുരോഗികൾക്കാവശ്യമായ പരിചരണ പ്രവർത്തനങ്ങളും താലൂക്ക്/ജില്ല ആശുപത്രികളിലെ മോർബിഡിറ്റി മാനേജ്മെന്റ് ക്ലിനിക്കുകളിലൂടെ നടത്തിവരുന്നു.

കുഷ്ഠരോഗ ബാധിതരെ കണ്ടുപിടിക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ എട്ട് ജില്ലകളിൽ ക്യാമ്പയിൻ രൂപത്തിൽ ആരംഭിച്ചിട്ടുണ്ട് (അശ്വമേധം). രോഗികൾക്ക് ആറുമുതൽ പന്ത്രണ്ട് മാസം വരെ നീണ്ടുനിൽക്കുന്ന ചികിത്സയും നൽകിവരുന്നുണ്ട്. 'കാല അസർ' രോഗം വളരെ കുറവാണെങ്കിലും അതും റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ രോഗനിരീക്ഷണം, പ്രാണി നിരീക്ഷണം, ചികിത്സ, സാൻഡ് ഫ്ലൈ നിയന്ത്രണം തുടങ്ങിയവ ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു. ജലജന്യ രോഗങ്ങൾക്കെതിരെ ബോധവത്കരണം, കുടിവെള്ള ശുദ്ധത ഉറപ്പുവരുത്തുന്നതിനായി ക്ലോറിനേഷൻ, വയറിളക്ക രോഗബാധിതർക്ക് ഒ.ആർ.എസ്. ചികിത്സ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഇവ കൂടാതെ ഇത്തരം പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന 'ആരോഗ്യ ജാഗ്രത' പ്രവർത്തനങ്ങൾ ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെയും പൊതുജന പങ്കാളിത്തത്തോടെയും ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു.

(ബി) ക്ഷയം, മന്ത്, കുഷ്ഠം എന്നീ രോഗങ്ങളുടെ നിവാരണമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

മന്ത്

മന്തുരോഗം 2020-ഓടെ കേരളത്തിൽനിന്നും നിവാരണം ചെയ്യുന്നതിന് നടത്തിവരുന്ന സമൂഹ മന്തുരോഗ ചികിത്സാ പരിപാടി (എം.ഡി.എ.) ഏതാണ്ട് അന്തിമഘട്ടത്തിലേയ്ക്ക് അടുത്തിരിക്കുകയാണ്. മന്തുരോഗ സാദ്ധ്യത കണ്ടെത്തിയിരുന്ന 11 ജില്ലകളിൽ (പത്തനംതിട്ട, വയനാട്, ഇടുക്കി ഒഴികെ) 2004 മുതൽ എം.ഡി.എ. പരിപാടി വർഷംതോറും നടത്തിയതിന്റെ ഫലമായി ഒമ്പത് ജില്ലകളിൽ മന്തുരോഗ വ്യാപനം കുറഞ്ഞതായി കുട്ടികളിൽ നടത്തിയ മന്തുരോഗ വ്യാപന സാധ്യതാ സർവ്വേ സൂചിപ്പിക്കുന്നു. നിലവിൽ മന്തുരോഗ വ്യാപന സാധ്യത നിലനിൽക്കുന്ന പാലക്കാട് ജില്ലയിൽ 2018 ആഗസ്റ്റ് മാസം എം.ഡി.എ. പരിപാടി നടത്തിയിരുന്നു. ഏകദേശം 90% പേർ മരുന്ന് കഴിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഈ സർവ്വേ 2019 ജനുവരിയിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മന്തുരോഗ ബാധിതർക്കുള്ള ആതുരത കുറയ്ക്കാനുള്ള പരിചരണ ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ജില്ലാ/താലൂക്ക് ആശുപത്രികൾവഴി പ്രവർത്തിച്ചുവരുന്നു. പുരുഷന്മാരിൽ വൃഷണസഞ്ചിയിലെ വീക്കം ഉള്ളവർക്ക് ഹൈഡ്രോസീലക്ടമി നടത്തുവാനുള്ള സൗകര്യവും എല്ലാ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതോടൊപ്പം തദ്ദേശീയരിലും അതിഥി സംസ്ഥാന തൊഴിലാളികളിലും രാത്രികാല രക്ത പരിശോധന നടത്തി മന്തുവിര ബാധിതർക്ക് ആവശ്യമായ ഡി.ഇ.സി. മരുന്നുകളും നൽകിവരുന്നു.

ക്ഷയം

ക്ഷയരോഗ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു:

1. 2018 ജനുവരി 3-ാം തീയതി തുടക്കമിട്ട ടി.ബി. എലിമിനേഷൻ മിഷൻ സംരംഭത്തിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും സന്ദർശനം നടത്തി ക്ഷയരോഗ ലക്ഷണങ്ങളുള്ളവരെ കണ്ടെത്തി പരിശോധനയ്ക്ക് വിധേയരാക്കി.

2. ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതിയുമായി ചേർന്ന് എല്ലാ ക്ഷയരോഗ ബാധിതർക്കും ഡ്രഗ്ഗ് റസിസ്റ്റൻസ് കണ്ടെത്തുവാനുള്ള സൗജന്യ സിബിനാറ്റ് (CBNAAT) പരിശോധനയ്ക്കായി 14 ജില്ലകളിലേയ്ക്കുമായി 20 CBNAAT പരിശോധന യന്ത്രങ്ങളും രണ്ട് മൊബൈൽ സിബിനാറ്റ് (CBNAAT) യൂണിറ്റുകളും പ്രവർത്തനമാരംഭിച്ചു.

3. സ്വകാര്യ മേഖലയിൽ ക്ഷയരോഗ ചികിത്സ ലഭിക്കുന്നവരുടെയും ചികിത്സിക്കുന്നവരുടെയും വിവരശേഖരണം ആരംഭിച്ചു.

4. ക്ഷയരോഗ ബാധിതരുമായി ഗാർഹിക സമ്പർക്കമുള്ള എല്ലാവരേയും നിരീക്ഷണത്തിന് വിധേയരാക്കിക്കൊണ്ടിരിക്കുന്നു. ക്ഷയരോഗ ബാധിതരുമായി സമ്പർക്കമുള്ള ആറ് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പ്രതിരോധ ചികിത്സ നൽകിവരുന്നു.

കുഷ്ഠം

കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടുക എന്ന ലക്ഷ്യത്തോടെ 'അശ്വമേധം' ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ 2018 ഡിസംബർ 5 മുതൽ 18 വരെ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമൂഹത്തിൽ മറഞ്ഞുകിടക്കുന്ന കുഷ്ഠരോഗ ബാധിതരെ കണ്ടുപിടിക്കുന്നതിനുള്ള ഈ ക്യാമ്പയിൻ കുട്ടികളിലെ കുഷ്ഠരോഗവും വൈകല്യങ്ങളോടുകൂടിയുള്ള കുഷ്ഠരോഗവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ട തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് തുടങ്ങി എട്ട് ജില്ലകളിലാണ് നടപ്പിലാക്കുന്നത്. പരിശീലനം ലഭിച്ച ഒരു പുരുഷ വോളന്റിയറും ഒരു ആശാ പ്രവർത്തക/വനിതാ വോളന്റിയറും ഉൾപ്പെടുന്ന ടീം ക്യാമ്പയിൻ കാലയളവിൽ (14 ദിവസം) മൈക്രോ പ്ലാൻ അനുസരിച്ച് അവരവർക്ക് നിർദ്ദേശിച്ചിട്ടുള്ള ഏരിയയിലെ 200 വീടുകൾ

സന്ദർശിച്ച് കുഷ്ഠരോഗത്തിന് സമാനമായ ലക്ഷണമുള്ള ആളുകളെ കണ്ടു പിടിക്കുകയും അവരെ സൂപ്പർവൈസർമാർ മുഖാന്തരം PHC/CHC/ആശുപത്രിയിൽ രോഗനിർണ്ണയത്തിനായി പോകുന്നതിനുള്ള ഉപദേശം നൽകുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള അഞ്ച് ടീമുകളുടെ സൂപ്പർവിഷൻ ചുമതല ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ / ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനായിരിക്കും. ഇതോടൊപ്പംതന്നെ ശേഷിക്കുന്ന കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, വയനാട് ജില്ലകളിൽ വൈകല്യത്തോടുകൂടിയ കുഷ്ഠരോഗം റിപ്പോർട്ട് ചെയ്യപ്പെട്ട ബ്ലോക്കുകളിൽ മാത്രം നടത്തുന്ന ഫോക്കസ്ഡ് ലെപ്രസി ക്യാമ്പയിൻ (എഫ്.എൽ.സി.) നടത്തിവരുന്നു. ഈ ക്യാമ്പയിനിൽ രോഗം സ്ഥിരീകരിച്ച വ്യക്തിയുടെ താമസ സ്ഥലത്തിനുചുറ്റുമുള്ള 300 വീടുകൾ ആരോഗ്യ പ്രവർത്തകർ/ ആശാവർക്കർമാർ നേരിട്ട് സന്ദർശിച്ച് മറ്റാർക്കും രോഗമില്ലെന്ന് ഉറപ്പുവരുത്തുന്നു.

(സി) വിവരസാങ്കേതികവിദ്യയുടെ വിവേകപൂർവ്വമായ വിനിയോഗം പ്രയോജനപ്പെടുത്തി വിവിധ സർക്കാർ ആശുപത്രികളിലെ ഒ.പി. രജിസ്ട്രേഷൻ മുതൽ രോഗീ പരിശോധനയും ചികിത്സാക്രമങ്ങളും ഭരണ നിർവ്വഹണവും ഉൾപ്പെടെ സമഗ്ര മേഖലകളിലെയും പ്രവർത്തനങ്ങൾ സംയോജിതമായ ഒരു സോഫ്റ്റ്‌വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി. ഉപയോക്താക്കൾക്ക് ആയാസരഹിതവും രോഗീ സൗഹൃദവുമായ വിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസുരഹിതമാക്കി വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാ സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് ഇ-ഹെൽത്ത് പദ്ധതി മുഖേന നടപ്പാക്കി വരുന്നത്. കേരളത്തിലെ ജനങ്ങളുടെ ആവാസപ്രദേശം അടിസ്ഥാന സൂചികയായി കണക്കിലെടുത്ത് അടിസ്ഥാന രേഖകൾ തയ്യാറാക്കുകയും അതിനെ ഇ-ഹെൽത്ത് പദ്ധതിക്കുവേണ്ടി മാത്രം സജ്ജമാക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ച് ഏതൊരു വ്യക്തിക്കും കേരളത്തിലെ ഏത് സർക്കാർ ആശുപത്രിയിൽ ചികിത്സ തേടേണ്ടിവന്നാലും പ്രസ്തുത വ്യക്തികളുടെ ആരോഗ്യ രേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാൻ കഴിയുമെന്നതാണ് ഏറ്റവും വലിയ പ്രയോജനം. വ്യക്തികളുടെ ആരോഗ്യ വിവരങ്ങൾ ശേഖരിച്ച് കേന്ദ്രീകൃത ഇ-ഹെൽത്ത് സംവിധാനത്തിൽ ക്രോഡീകരിക്കുന്നതിലൂടെ സംസ്ഥാനത്തെവിടെയുമുള്ള ജനങ്ങളുടെ ആരോഗ്യ സൂചികകൾ അടിസ്ഥാനപ്പെടുത്തിയുള്ള UHID കാർഡ് നൽകാനും ഏതൊരാൾക്കും ചികിത്സ തേടുന്നതിനുള്ള അടിസ്ഥാനരേഖയായി ഈ കാർഡ് പ്രയോജനപ്പെടുത്താവുന്നതുമാണ്. പകർച്ചവ്യാധി തടയുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്. UHID കാർഡുമായി

ആശുപത്രിയിലെത്തുന്നവർക്ക് ചികിത്സതേടൽ എളുപ്പമാകുന്നതോടൊപ്പം അവരുടെ ഇലക്ട്രോണിക് ഹെൽത്ത് റിക്കോർഡർ (EHR) തയ്യാറാവുകയും ചെയ്യും. ഭാവി ചികിത്സകൾ ആവശ്യമായി വരുന്നവരുടെ EHR അടിസ്ഥാനപ്പെടുത്തി രോഗ നിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും കഴിയുന്നതാണ്.

സംസ്ഥാനത്തെ എല്ലാ ആശുപത്രികളെയും കമ്പ്യൂട്ടർ ശൃംഖല മുഖേന ബന്ധപ്പെടുത്തി അതത് ആശുപത്രികൾക്കാവശ്യമായ യു.പി.എസ്., വയറിംഗ്, കേബിൾ നെറ്റ് വർക്കിംഗ് സ്ഥാപിക്കുന്നതിനും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി അഞ്ചുവർഷത്തേയ്ക്കുള്ള വാർഷിക പരിചരണ കരാർ (AMC) ഏർപ്പെടുത്തി പ്രവർത്തന സജ്ജമാക്കുന്നതിനും ഘട്ടംഘട്ടമായി നടപടി സ്വീകരിച്ചുവരികയാണ്. ഒ. പി. രജിസ്ട്രേഷൻ, ടോക്കൺ ഡിസ്പ്ലേ, അഡ്വാൻസ് ബുക്കിംഗ്, ക്യൂ മാനേജ്മെന്റ് എന്നീ സംവിധാനങ്ങൾ ഇതിനകം തിരുവനന്തപുരം മെഡിക്കൽ കോളേജിലും ലാബും ഫാർമസിയും ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും ഇ-ഹെൽത്ത് സേവനം തെരഞ്ഞെടുക്കപ്പെട്ട പതിനൊന്ന് കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാണ്. ഇത് 79 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കൂടി ഉടൻ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒ.പി.-കളിലെ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും കഴിഞ്ഞതോടെ സുഗമമായ ചികിത്സയ്ക്ക് വഴിയൊരുങ്ങിയിട്ടുണ്ട്. 8000 tablet PC ഉപയോഗിച്ച് പരിശീലനം സിദ്ധിച്ച ആരോഗ്യപ്രവർത്തകർ സംസ്ഥാനത്തെ 3298904 കുടുംബങ്ങളിലെ 12364090 ആളുകളുടെ ആവാസ പ്രദേശം അടിസ്ഥാന സൂചികയായി കണക്കിലെടുത്ത് അടിസ്ഥാന രേഖകൾ ശേഖരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇ-ഹെൽത്ത് സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന്റെ ഒന്നാം ഘട്ടം (pilot project) മാത്രമേ പിന്നിട്ടിട്ടുള്ളൂ. വിന്യസിക്കപ്പെട്ട സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകളും ഭേദഗതിയും വരുത്തി (customization process) കുറ്റമറ്റ ഒരു സാങ്കേതിക സംവിധാനമായി സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

Pilot project-ൽ നിർദ്ദേശിച്ചിരുന്ന സ്ഥാപനങ്ങൾക്കുപുറമെ ആർദ്രം പദ്ധതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്ത 170 കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ 79 എണ്ണത്തിൽ യു.പി.എസ്. വയറിംഗ്, കേബിൾ നെറ്റ്‌വർക്കിംഗ് എന്നിവ പൂർത്തിയാക്കി കമ്പ്യൂട്ടറും അനുവബന്ധ ഉപകരണങ്ങളും സ്ഥാപിച്ചുവരുന്നു. ശേഷിക്കുന്ന 90 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മേൽപ്രതിപാദിച്ച പ്രവൃത്തികൾക്കുള്ള ടെണ്ടർ പുറപ്പെടുവിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ എല്ലാ സർക്കാർ

ആശുപത്രികളിലും ഇ-ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കുന്നതിന് തീവ്ര നടപടികൾ സ്വീകരിച്ചുവരികയാണ്. നടപ്പുവർഷം 503 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലും ഇ-ഹെൽത്ത് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിനുപുറമെ സർക്കാർ മേഖലയിലുള്ള മറ്റ് ഏഴ് മെഡിക്കൽ കോളേജുകളിലേയ്ക്കും ഇ-ഹെൽത്ത് പ്രോജക്ട് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജുകളിലെയും ഒ. പി. വിഭാഗം ആധുനികവൽക്കരിച്ചു വരികയാണ്. അതോടൊപ്പംതന്നെ ഇ-ഹെൽത്ത് പ്രവർത്തനങ്ങളും പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ യു.പി.എസ്. വയറിംഗ്, കേബിൾ നെറ്റ്‌വർക്കിംഗ് എന്നിവ സ്ഥാപിക്കുന്നതിന് ടെണ്ടർ നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് സംജാതമായ നഗരവത്കരണവും തൻമൂലം ജനങ്ങളുടെ ജീവിതശൈലിയിലുണ്ടായ കാതലായ വ്യതിയാനവും കാരണം ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് അമൃതം ആരോഗ്യം എന്ന സംസ്ഥാന ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി. ചിട്ടയായ വ്യായാമം ആരോഗ്യപരമായ ഭക്ഷണരീതി, ലഹരിയോടുള്ള ആസക്തി എന്നിവയെക്കുറിച്ചുള്ള ആരോഗ്യ ബോധവത്കരണം ജീവിതശൈലീ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പദ്ധതി, രോഗം കണ്ടെത്തിയവർക്ക് പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലുള്ള ചികിത്സയും സൗജന്യ മരുന്നു വിതരണവും എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. ഇതിനുപുറമെ ഡയബറ്റിക്സ് കൊണ്ടുണ്ടാകുന്ന നേത്രരോഗമായ നേത്രപടല അന്ധത (ഡയബറ്റിക് റെറ്റിനോപ്പതി), ഡയബറ്റിക് ഫൂട്ട്, ഗുരുതര ശ്വാസകോശ രോഗമായ COPD തുടങ്ങിയ രോഗങ്ങളും മുൻകൂട്ടി കണ്ടെത്തുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ ആറ് ദിവസവും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ രണ്ട് ദിവസവും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ആശുപത്രികളിലും ആഴ്ചയിൽ ആറ് ദിവസവും ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രതലം വരെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി നൽകിവരുന്നുണ്ട്. ജീവിതശൈലി രോഗങ്ങൾക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങളും മുൻകരുതൽ നടപടികളും ഈ കേന്ദ്രങ്ങളിലൂടെ നടപ്പാക്കിവരുന്നു.

**ആന്റിബയോട്ടിക്കുകളുടെ അമിത ഉപഭോഗം**

27 (*327) ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആന്റിബയോട്ടിക്കുകളുടെ അമിത ഉപഭോഗം ക്രമേണ കുറച്ചുകൊണ്ടുവരത്തക്കവിധം എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതി ആരുടെ സഹായത്തിലും മേൽനോട്ടത്തിലുമാണ് നടത്താനുദ്ദേശിക്കുന്നത്; ഇതിനുണ്ടാകുന്ന ചെലവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള പല പദ്ധതികളും ആരംഭിച്ചശേഷം അവയുടെ മോണിറ്ററിംഗ് ഫലപ്രദമാകാത്തതിനാൽ പരാജയപ്പെടുന്ന അവസ്ഥ ഒഴിവാക്കാൻ ഈ പദ്ധതിയിൽ പ്രത്യേകമായ ഒരു നിരീക്ഷണം നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗവും ദുരുപയോഗവും കാരണമുണ്ടാകുന്ന അത്യാപത്തുകൾ നേരിടുന്നതിന് ആരോഗ്യ പ്രവർത്തകരെയും ജനങ്ങളെയും സജ്ജമാക്കുന്നതിന് കേരള ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (KARSAP) 2018 ഒക്ടോബർ 25-ന് മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

ലോകാരോഗ്യ സംഘടനയുടെ സഹകരണത്തോടെ ആരോഗ്യം, മൃഗസംരക്ഷണം, ഫിഷറീസ്, കൃഷി, പരിസ്ഥിതി എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് One health programme-ന്റെ കീഴിൽ വരുന്ന ഈ കർമ്മ പദ്ധതിയിൽ പ്രധാനമായും ആറ് ഘടകങ്ങളാണുള്ളത്.

1. ആന്റിബയോട്ടിക്കുകളുടെ അനിയന്ത്രിതമായ ഉപയോഗത്തെപ്പറ്റിയും പൊതുവായ ശുചിത്വത്തെപ്പറ്റിയും പൊതുജനങ്ങൾക്കിടയിലെ അവബോധ പ്രവർത്തനങ്ങൾ

2. സംസ്ഥാനത്ത് AMR (Anti Microbial Resistance)-ന്റെ തോത് കണക്കാക്കാനുള്ള നിരീക്ഷണ സംവിധാനങ്ങൾ

3. ആശുപത്രികളിലെ അണുബാധ നിയന്ത്രണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

4. ആശുപത്രികളിലെ ആന്റിബയോട്ടിക്കുകളുടെ ഉത്തരവാദിത്വത്തോടുള്ള ഉപയോഗത്തിനുവേണ്ടി ആന്റിബയോട്ടിക് സ്റ്റ്യൂവാർഡ്ഷിപ്പ് (Antibiotic Stewardship) കമ്മിറ്റികളുടെ രൂപീകരണം

5. ആന്റിബയോട്ടിക്കുകൾ പ്രതിരോധിക്കുന്ന ബാക്ടീരിയകൾ ഉയർത്തുന്ന വെല്ലുവിളികൾ, അണുബാധ നിയന്ത്രണം, രോഗനിർണ്ണയം തുടങ്ങിയ മേഖലകളിലെ ഗവേഷണം.

6. AMR മേഖലയിലെ വൈദഗ്ദ്ധ്യമുള്ള എൻ.ജി.ഒ.-കളുമായുള്ള സർക്കാർ സ്വകാര്യ പങ്കാളിത്തം.

കൂടാതെ ആശുപത്രികളിൽ നിലവിലുള്ള ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റികൾ മുഖേന റേഷണൽ യൂസ് ഓഫ് ആന്റിബയോട്ടിക്കിനെപ്പറ്റി ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. ഇതുകൂടാതെ ആന്റിബയോട്ടിക്സ് റെസിസ്റ്റൻസിനെപ്പറ്റിയും ഇൻഫെക്ഷൻ കൺട്രോൾ പ്രാക്ടീസിനെപ്പറ്റിയും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. ഒരു ജില്ലയിൽ ഒന്ന് എന്ന നിലയ്ക്ക് ജില്ലാ ആശുപത്രികളിൽ മൈക്രോബയോളജി ലാബുകൾ ആരംഭിക്കുവാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2018-19-ൽ ആറ് ജില്ലാ ആശുപത്രികളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്) ഓട്ടോമേറ്റഡ് ബ്ലഡ് കൾച്ചർ സിസ്റ്റം നിലവിൽവരുന്നതോടെ കൾച്ചർ സെൻസിറ്റിവിറ്റി ടെസ്റ്റുകൾ സ്ഥാപനത്തിൽ തന്നെ നടത്തുകയും അണുബാധയ്ക്ക് അനുയോജ്യമായ ആന്റിബയോട്ടിക് കൃത്യമായി നൽകുവാനും കഴിയും.

അനുയോജ്യമായ ആന്റിബയോട്ടിക് നൽകുന്നതുമൂലം കുറഞ്ഞ സമയം കൊണ്ട് അണുബാധ നിയന്ത്രിക്കാനും കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ

ആശുപത്രികളിൽനിന്ന് പോകുവാനും സാധിക്കും. അഡ്മിറ്റ്ചെയ്ത സമയത്ത് തുടങ്ങിയ ആന്റിബയോട്ടിക് മാറ്റുവാനും അതിൽനിന്ന് ഉയർന്നതോ കുറഞ്ഞതോ ആയ ആന്റിബയോട്ടിക്സ് നൽകുവാനും കഴിയും. ഇതുകൂടാതെ ആശുപത്രികളിൽ ആന്റിബയോഗ്രാം ഡെവലപ് ചെയ്യുവാനും സാധിക്കും.

(ബി) WHO-യുടെയും NCDC-യുടെയും ICMR-ന്റെയും സഹായത്തോടുകൂടി സംസ്ഥാന ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതിനായി ഏകദേശം മൂന്ന് കോടി രൂപ കണക്കാക്കപ്പെടുന്നു.

(സി) KARSAP-ന് ഒരു മോണിറ്ററിംഗ് ആൻഡ് ഇവാല്യൂവേഷൻ സംവിധാനമുണ്ട്. ഇത് ഹ്രസ്വകാലത്തേയ്ക്കും ദീർഘകാലത്തേയ്ക്കും മോണിറ്ററിംഗ് ആൻഡ് ഇവാല്യൂവേഷൻ നടത്തുവാനുള്ള ക്രമീകരണങ്ങൾ സംസ്ഥാന ഗവൺമെന്റ് രൂപവത്കരിച്ചിട്ടുണ്ട്. KARSAP-ന്റെ ഭാഗമായി AMR (Antimicrobial Resistance) Core Committee രൂപീകരിച്ചിട്ടുണ്ട്. KARSAP-ന്റെ നോഡൽ സെന്ററായി പ്രവർത്തിക്കുന്നത് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജാണ്. KARSAP-ന്റെ മോണിറ്ററിംഗ് ആൻഡ് ഇവാല്യൂവേഷൻ ഫ്രയിംവർക്കിന്റെ മേൽനോട്ടം വഹിക്കുന്നത് AMR Core Committee-യാണ്. അതത് ആശുപത്രികളിൽ രൂപീകരിച്ചിട്ടുള്ള Antimicrobial Stewardship Committee വഴിയാണ് ആന്റിബയോട്ടിക്കിന്റെ ഉപയോഗത്തെയും ദുരുപയോഗത്തെയും പറ്റിയുള്ള രേഖകൾ core committee ശേഖരിക്കുന്നത്. ഈ രേഖകൾ ക്രോഡീകരിച്ച് State Government-ഉം NCDC-യുമായി പങ്കുവയ്ക്കും.

## സ്ത്രീ സുരക്ഷ

28 (*328) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സുരക്ഷ ഉറപ്പാക്കാനായി പുതുതായി ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; പിങ്ക് പട്രോൾ വിപുലീകരിക്കാനും ശാക്തീകരിക്കാനും നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) പോലീസിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയാൻ കർശന നടപടി സ്വീകരിക്കുമോ;

(ഡി) തൊഴിലിടങ്ങളിൽ സ്ത്രീകളുടെ അന്തസ് സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനായി കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ഇ) ചാനൽ ചർച്ചകളിലും പൊതുയോഗങ്ങളിലും ചിലർ സ്ത്രീകളെ മ്ലേച്ഛമായി അധിക്ഷേപിക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ;

(എഫ്) ധനുവച്ചപുരം കോളേജിലെ അദ്ധ്യാപികമാരെ പൊതുയോഗത്തിൽ അപമാനിച്ച ബി.ജെ.പി. തിരുവനന്തപുരം ജില്ലാ പ്രസിഡന്റിനെതിരെ കേസ്സെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) വനിതകളിൽ സുരക്ഷിത ബോധം സൃഷ്ടിക്കുന്നതിനായി "വനിതാ സ്വയം പ്രതിരോധ പരിശീലനം", " നിർഭയ കേരളം സുരക്ഷിത കേരളം" , " പിങ്ക് പോലീസ് പട്രോൾ", " ആന്റി വുമൺ ഹരാസ്മെന്റ് സെൽ", രാത്രിയിൽ ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകൾക്കായി "ഷോർട്ട് സ്റ്റേ ഹോം സംവിധാനം" തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു. സ്ത്രീകളുടെ സുരക്ഷിതമായ ട്രെയിൻ യാത്ര ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജനയാത്രാ സുരക്ഷാ കമ്മിറ്റി രൂപീകരിച്ച് ഫലപ്രദമായി രീതിയിൽ പ്രവർത്തിച്ചുവരുന്നു.

ഇതുകൂടാതെ സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിനായി വനിതാ ഹെൽപ്പ്ലൈൻ, പോലീസ് സ്റ്റേഷനിൽ വനിതാ ഹെൽപ്പ് ഡെസ്ക്, സംസ്ഥാന/ജില്ലാ വനിതാ സെല്ലുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു.

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ പിങ്ക് പട്രോൾ സംവിധാനം സംസ്ഥാനത്തെ കൊല്ലം/ഇടുക്കി/തൃശ്ശൂർ/കോഴിക്കോട് റൂറൽ, വയനാട് എന്നീ ജില്ലകൾ ഒഴിച്ചുള്ള എല്ലാ പോലീസ് ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.

(ബി) പോലീസിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി പുതിയ വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 451 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ഇവർക്ക് നിയമനം നൽകി പരിശീലനം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ഇതിൽ ഒരു വനിതാ കമാൻഡോ പ്ലാറ്റൂണിന്റെ പരിശീലനവും പൂർത്തിയാക്കിയിട്ടുണ്ട്.

ആദിവാസി മേഖലയിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നിയമനം നടത്തുന്നതിലേക്കായി 21 വനിതാ സി.പി.ഒ.-മാർ ഉൾപ്പെടെ 75 തസ്തികകൾ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനുപുറമെ എസ്.ഐ.എസ്.എഫ്.-ലേക്ക് 30 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തിക ഉൾപ്പെടെ ആകെ 138 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

കൂടാതെ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലേക്ക് സബ് ഇൻസ്പെക്ടർമാരായി 19 വനിതകൾ കേരളാ പോലീസ് അക്കാദമിയിൽ ഇപ്പോൾ പരിശീലനത്തിലാണ്.

നിലവിലുള്ള വനിതാ പോലീസ് സ്റ്റേഷനുകൾക്കുപുറമെ സംസ്ഥാനത്തെ ഏഴ് പോലീസ് സ്റ്റേഷനുകളിൽക്കൂടി വനിതാ സബ് ഇൻസ്പെക്ടർമാർക്ക് ചുമതല നൽകി നിയോഗിച്ചിട്ടുണ്ട്.

(സി) സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ചുള്ള കേസുകൾ ലോക്കൽ പോലീസ് സ്റ്റേഷനുകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനിലും അന്വേഷിച്ചുവരുന്നുണ്ട്. ജില്ലാ സൈബർ സെല്ലുകൾ, സൈബർ ഡോം എന്നിവയുടെ സാങ്കേതിക സഹായം കേസന്വേഷണത്തിനായി ഉപയോഗിച്ചു വരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി Cyber Crime Prevention against Women and Children (CCPWC) പദ്ധതിയുടെ കീഴിൽ ഒരു കേന്ദ്രീകൃത ഓൺലൈൻ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഓൺലൈൻ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിൽ Child Pornography, Rape, Gand Rape എന്നിവ സംബന്ധിച്ച് സ്വീകരിക്കുന്ന പരാതികളിൽ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം സൈബർ ക്രൈം പോലീസ് സ്റ്റേഷൻ കേരളത്തിലെ നോഡൽ സൈബർ സെല്ലായും പോലീസ് ഇൻസ്പെക്ടർ ജനറൽ (ക്രൈം ബ്രാഞ്ച്), തിരുവനന്തപുരം റേഞ്ചിനെ നോഡൽ ഓഫീസർ ആയും ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

(ഡി) The Sexual Harassment of Women at Work Place (Prevention, Prohibition and Redressal) Act പ്രകാരം ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്ക് ആവശ്യമായ വിശ്രമ സ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ടോയ്‍ലെറ്റ് സംവിധാനം, ഇരുപതും അതിൽ കൂടുതലും തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, സൗജന്യ താമസ സൗകര്യം എന്നിവ ഉറപ്പാക്കി നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. 2018-ലെ കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമപ്രകാരം തൊഴിലുടമ, സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ

6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കുന്നപക്ഷം അപ്രകാരം ജോലി ചെയ്യിക്കുന്ന അവസരത്തിൽ അഞ്ച് ജീവനക്കാരെങ്കിലുമുള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് രണ്ട് സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതും ജോലിസ്ഥലത്തുനിന്നും താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്. കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള ഗ്രേഡിംഗ് സമ്പ്രദായത്തിൽ സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ സ്ത്രീ സുരക്ഷ, സ്ത്രീ സൗഹൃദ അന്തരീക്ഷം, പ്രസവാവധി ആനുകൂല്യങ്ങൾ, ഹോസ്റ്റൽ സൗകര്യം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ചാനൽ ചർച്ചകളിലും പൊതുയോഗങ്ങളിലും ചിലർ സ്ത്രീകളെ അധിക്ഷേപിക്കുന്നതിനെതിരെ പരാതി ലഭിച്ചാൽ കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**അഴിമതി നിർമ്മാർജ്ജനം**

29 (*329) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഴിമതി പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്ത് സുസ്ഥിര വികസനം സാധ്യമാക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അഴിമതിക്കെതിരെയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മൊബൈൽ ആപ്ളിക്കേഷനുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അഴിമതി സംബന്ധിച്ച പരാതികൾ നൽകുന്നതിന് പൊതുജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഒരുക്കിയിരിക്കുന്നത്;

(ഡി) അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി പി.എസ്.സി. വഴി പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് സദ്ഭരണ പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) അഴിമതി വെളിച്ചത്ത് കൊണ്ടുവരുന്നവർക്ക് സർക്കാർ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്ത് അഴിമതി പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്ത് സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

1. ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് ഭരണ നിർവ്വഹണം കൂടുതൽ സുതാര്യമാക്കുന്നതിനായി വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം (IAPS) ആരംഭിച്ചു.

2. ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. സൈബർ ഫോറൻസിക് & ഡിജിറ്റൽ എവിഡൻസ് കളക്ഷൻ ട്രെയിനിംഗ് C-DAC വഴി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

3. വിജിലൻസിന്റെ കൈവശമുള്ള ഫയലുകളും രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി ഡി-സ്പേസ് (D-Space) എന്ന ആർക്കൈവ് സംവിധാനം ആരംഭിക്കുന്നുണ്ട്.

4. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായി വാർത്താ വിനിമയത്തിനായി പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്ന CoB (Communication Back Bone) സംവിധാനം ആരംഭിക്കുന്നുണ്ട്.

5. ഉദ്യോഗസ്ഥർ തമ്മിലുള്ള ആശയവിനിമയം വേഗത്തിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

6. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി 12 വാഹനങ്ങളും 7 ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും അറുപത് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. കൂടാതെ 101 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

7. വിജിലൻസ് അന്വേഷണം സംബന്ധിച്ച വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി വിജിലൻസ് അന്വേഷണം/കേസുകൾ എന്നിവ ഉൾക്കൊള്ളുന്ന ഡാറ്റാബാങ്കായ വിജിലൻസ് സ്യൂട്ട് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.

8. അഴിമതിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി വിജിലൻസിനെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനും അഴിമതി കുറച്ചുകൊണ്ടുവരുന്നതിനുമായി ദൃശ്യമാദ്ധ്യമങ്ങൾവഴിയും എഫ്.എം.ചാനൽ വഴിയും വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

(ബി&സി) അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ ലഭ്യമാക്കുന്നതിനായി 1064 എന്ന ടോൾഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2017-ൽ വിജിലൻസ് website നവീകരിക്കുകയും വെബ് സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പരാതികൾ കൈകാര്യംചെയ്യുന്നതിന് മാത്രമായി CPSP (Centralized Processing System of Petition) സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേക്ക് വേഗത്തിൽ കൈമാറുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) സർവ്വീസിൽ പുതുതായി പ്രവേശിക്കുന്നവർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് വഴി ഇൻഡക്ഷൻ കോഴ്സ് നൽകാറുണ്ട്.

(ഇ)ഒരു കോടിയിലധികം രൂപയുടെ അഴിമതി വെളിച്ചത്തു കൊണ്ടുവരുന്നവർക്കുവേണ്ടി വാർഷിക അവാർഡ് അഞ്ചുലക്ഷം രൂപ 25-1-2017-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 16/2017/വിജി. പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ട്.

**എ.ടി.എം.-കൾക്ക് മതിയായ സുരക്ഷ**

30 (*330) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എ.ടി.എം-കൾക്ക് മതിയായ സുരക്ഷ ഏർപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സുരക്ഷാ ജീവനക്കാരില്ലാത്ത എ.ടി.എം.-കളിൽ രാത്രികാല പട്രോളിംഗ് നടത്തുന്ന പോലീസുകാർ പരിശോധന നടത്താറുണ്ടോ;

(സി) ഇരുമ്പനത്തും കൊരട്ടിയിലും എ.ടി.എം. കൊള്ളയടിച്ചവരെ കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) എ.ടി.എം.-കളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.ടി.എം.-കളിൽ മതിയായ സുരക്ഷാ ജീവനക്കാരെ നിയമിക്കണമെന്നും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് അത് പ്രവർത്തനക്ഷമമാണോ എന്ന് സ്ഥിരമായി പരിശോധിക്കുന്നതിനും ബാങ്ക് അധികാരികളോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

(ബി) സംസ്ഥാനത്ത് എല്ലാ എ.ടി.എം.-കളിലും രാത്രി 9.00-നും വെളുപ്പിന് 6.00-നും ഇടയ്ക്ക് സ്ഥിരമായി വാഹന പട്രോളിംഗ് നടത്താനും പട്ടാബുക്ക് സ്ഥാപിച്ച് ബീറ്റ് പോലീസ് ഉദ്യോഗസ്ഥർ കൃത്യമായി എ.ടി.എം.-കൾ പരിശോധിക്കാനും പ്രസ്തുത എ.ടി.എം.-കളിൽ ഏതെങ്കിലും സംശയകരമായ വസ്തുക്കളോ നെറ്റ്‌വർക്കുകളോ സ്ഥാപിച്ചതായി കാണുകയാണെങ്കിൽ ഉടൻതന്നെ സത്വര നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട അധികാരികളെ അറിയിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) കൊച്ചി സിറ്റിയിൽ ഹിൽ പാലസ് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ഇരുമ്പനം വിളക്കുകാൽ ജംഗ്ഷനിലുള്ള എസ്.ബി.ഐ. എ.ടി.എം.-ൽ നിന്നും 25,05,000 രൂപ കവർച്ചചെയ്ത കാര്യത്തിന് ഹിൽപാലസ് പോലീസ് സ്റ്റേഷൻ ക്രൈം. 1745/18 u/s. 461 & 380 IPC പ്രകാരം കേസ് രജിസ്റ്റർചെയ്ത് നടത്തിയ അന്വേഷണത്തിൽ പ്രസ്തുത കേസ്സിൽ ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ളതും പ്രതികളിൽ ഒന്നും മൂന്നും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും രണ്ടാം പ്രതിയെ ഫോർമൽ അറസ്റ്റ് ചെയ്തിട്ടുള്ളതും നാലും അഞ്ചും ആറും പ്രതികളെ അറസ്റ്റ് ചെയ്യേണ്ടതായുമുണ്ട്. കേസ് അന്വേഷിച്ചുവരുന്നു.

തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ കൊരട്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ എ.ടി.എം. തകർത്ത് പത്ത് ലക്ഷത്തി അറുപതിനായിരത്തി ഒരുനൂറ് രൂപ

അപഹരിച്ചത് സംബന്ധിച്ച് കൊരട്ടി പി.എസ്. ക്രൈം നമ്പർ 568/18 u/s.457, 461, 380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സിൽ ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ളതും പ്രതികളിൽ ഒന്നും മൂന്നും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും രണ്ടാം പ്രതി പപ്പു എന്നുവിളിക്കുന്ന പാപ്പിയെ ഫോർമൽ അറസ്റ്റ് ചെയ്തിട്ടുള്ളതും മറ്റ് മൂന്ന് പ്രതികൾക്കായി അന്വേഷണം ഊർജ്ജിതമാക്കിയിട്ടുള്ളതുമാണ്. കേസ് അന്വേഷിച്ചുവരുന്നു.

(ഡി) സുരക്ഷാ ജീവനക്കാരില്ലാത്ത എ.ടി.എം.-കളിൽ സുരക്ഷാ ജീവനക്കാരെ നിയമിക്കുന്നതിനും വ്യക്തമായ ചിത്രങ്ങൾ ലഭിക്കുന്നതരത്തിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനും ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും എ.ടി.എം.-കൾ കേന്ദ്രീകരിച്ച് രാത്രികാലങ്ങളിൽ പോലീസ് പട്രോളിംഗ് നടത്തിയും തുടർച്ചയായ അവധി ദിവസങ്ങളിൽ ബാങ്കുകളുമായി സഹകരിച്ച് എ.ടി.എം. മാത്രം കേന്ദ്രീകരിച്ച് പ്രത്യേക പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയും ഇത്തരത്തിലുള്ള മോഷണശ്രമങ്ങൾ തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭരണഭാഷ മലയാളമാക്കുന്ന നടപടി

1(3779) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഏതെല്ലാം വകുപ്പുകളിലാണ് ഭരണഭാഷ മലയാളത്തിൽ ആക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സഹകരണ സ്ഥാപനങ്ങളിൽ ഭരണഭാഷ മലയാളമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെ മലയാളം മാത്രമെ ഉപയോഗിക്കാവു എന്ന് പ്രസ്തുത വിജ്ഞാപനം നിഷ്കർഷിക്കുന്നുണ്ട്.

2017 മേയ് 1 മുതൽ സെക്രട്ടേറിയറ്റ് ഉൾപ്പടെയുള്ള സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സഹകരണ സ്ഥാപനങ്ങളിൽ ഔദ്യോഗികഭാഷ

മലയാളമായിരിക്കണമെന്ന വ്യവസ്ഥ നിർബന്ധമാക്കി. ഔദ്യോഗികഭാഷ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നുണ്ടോയെന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും സർക്കാർ ഓഫീസുകളിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് പരിശോധനകൾ നടത്തുകയും പരിശോധനകളിൽ കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ഓഫീസുകൾക്ക് നൽകുകയും ചെയ്യുന്നുണ്ട്.

ഇതുകൂടാതെ ഉദ്യോഗസ്ഥരുടെ ഭരണഭാഷാവബോധം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാതലത്തിൽ അവബോധ പരിപാടി സംഘടിപ്പിക്കുന്നുണ്ട്.

ഭരണരംഗത്ത് മലയാളഭാഷാ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ജീവനക്കാർക്കും ഏറ്റവും മികച്ച രീതിയിൽ ഭരണഭാഷാമാറ്റ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ജില്ലയ്ക്കും വകുപ്പിനും പുരസ്കാരങ്ങൾ നൽകിവരുന്നു.

ഔദ്യോഗികഭാഷ മലയാളമാക്കുന്നതിൽ കൈവരിച്ച പുരോഗതി വിലയിരുത്തുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആറുമാസത്തിലൊരിക്കൽ ഉന്നതതല സമിതി യോഗവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നാലു മാസത്തിലൊരിക്കൽ സംസ്ഥാനതല സമിതി യോഗവും വകുപ്പു സെക്രട്ടറിമാരുടെ നേതൃത്വത്തിൽ മൂന്നു മാസത്തിലൊരിക്കൽ വകുപ്പുതല ഔദ്യോഗികഭാഷാ സമിതി യോഗങ്ങളും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ മൂന്നു മാസത്തിലൊരിക്കൽ ജില്ലാതല ഏകോപനസമിതി യോഗങ്ങളും ഓരോ വകുപ്പിലെയും ജില്ലാ ഓഫീസർമാരുടെ നേതൃത്വത്തിൽ രണ്ടുമാസത്തിലൊരിക്കൽ ജില്ലാതല ഔദ്യോഗികഭാഷാ സമിതി യോഗങ്ങളും ചേരുന്നുണ്ട്.

(ബി) സെക്രട്ടേറിയറ്റ് ഉൾപ്പടെയുള്ള എല്ലാ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സഹകരണ സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കിക്കൊണ്ട് 19-1-2015-ലെ എസ്. ആർ. ഒ. നമ്പർ 43/2015 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി**

2(3782) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിനോടനുബന്ധിച്ച് കേന്ദ്ര സർക്കാർ തുടർപ്രവർത്തനങ്ങൾക്കായി ഓരോ വർഷവും ധനസഹായം അനുവദിച്ചിരുന്നുവോ ;

(ബി) ഓരോ വർഷവും അനുവദിച്ച തുക അറിയിക്കുമോ;

(സി) ഈ തുക എങ്ങനെ വിനിയോഗിച്ചുവെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ-സി) അനുവദിച്ചിട്ടില്ല. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിനോടനുബന്ധിച്ച് താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാരിനോട് ധനസഹായം അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ആയത് ലഭിച്ചിരുന്നില്ല.

1. കേരളപ്പിറവിയുടെ വജ്രജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വിശ്വസാഹിത്യകാരന്മാരെ ഉൾപ്പെടുത്തി ലോക മലയാള സമ്മേളനം.

2. മലയാളഭാഷയുടെ ആധികാരിക ചരിത്രവും പാരമ്പര്യവും വെളിവാക്കുന്ന ബൃഹത്തായ ഗവേഷണ പദ്ധതി.

3. മലയാളഭാഷയുടെ പാരമ്പര്യം വിളിച്ചോതുന്ന ചരിത്ര രേഖകളുടെയും പ്രസിദ്ധീകരണങ്ങളുടെയും സംരക്ഷണം.

മലയാളഭാഷയുടെ സമഗ്ര വളർച്ചയ്ക്ക് കേരള സാഹിത്യ അക്കാദമി മുഖേന നടപ്പിലാക്കുന്ന ശില്പശാലകൾ, ഭാഷാ പരീക്ഷണശാലകൾ (Language Labs), മറ്റ് ശ്രേഷ്ഠഭാഷകളുമായി തുല്യസ്ഥാനം ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, മലയാള ലിപികളുടെ പരിഷ്കരണം, ക്ലാസിക്കൽ കൃതികളുടെ സംക്ഷിപ്തരൂപം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

## മാധ്യമപ്രവർത്തകർക്കുള്ള നിയന്ത്രണം

3(3783) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിനകത്തും പുറത്തും മാധ്യമപ്രവർത്തകർക്ക് മന്ത്രിമാരോടുള്ള ഇടപെടലുകളിൽ കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) മുഖ്യമന്ത്രിയോടും മന്ത്രിമാരോടും നിർബന്ധമായി വിവരം തേടാൻ പാടില്ല എന്ന് അഡീഷണൽ ചീഫ് സെക്രട്ടറി ഇറക്കിയ ഉത്തരവ് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) വിവരാവകാശം മൗലിക അവകാശം ആണെന്നിരിക്കെ പ്രസ്തുത നിബന്ധനകൾ അറിയാനുള്ള അവകാശങ്ങളുടെ ലംഘനമല്ലേ എന്ന് വെളിപ്പെടുത്താമോ; ജില്ലാതലത്തിൽ ഒരു വകുപ്പും നേരിട്ട് വാർത്താക്കുറിപ്പ് നൽകരുത് എന്നും നിബന്ധനയിലുണ്ടോ എന്നറിയിക്കാമോ;

(ഡി) ശബരിമലയിലെ സംഭവവികാസങ്ങൾ റിപ്പോർട്ട് ചെയ്യാൻ മാധ്യമ പ്രവർത്തകരെ അനുവദിക്കാതിരുന്ന സർക്കാർ നടപടി കേരള ഹൈക്കോടതി നിശിതമായി വിമർശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ-സി) അച്ചടി-ദൃശ്യ മാധ്യമങ്ങൾക്ക് ഫലപ്രദമായി അവരുടെ ധർമ്മം നിർവ്വഹിക്കുന്നതിനാവശ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും സെക്രട്ടേറിയറ്റിലുൾപ്പെടെ ഒരുക്കുന്നതിന് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് പുതിയ സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

മാധ്യമങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താനല്ല മറിച്ച് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സാഹചര്യമൊരുക്കുകയാണ് ഉദ്ദേശ്യം.

പത്രസമ്മേളനങ്ങൾ, പ്രതികരണങ്ങൾ എന്നിവയെല്ലാം എല്ലാ മാധ്യമങ്ങൾക്കും ഒരുപോലെ അറിയിപ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഐ & പി.ആർ.ഡി. വഴി സംവിധാനമൊരുക്കും. ഇതിനായി ഒരു മൊബൈൽ ആപ്പ് തയ്യാറാക്കാൻ സർക്കുലറിൽ നിർദ്ദേശമുണ്ട്. യഥാർത്ഥ മാധ്യമപ്രവർത്തകർക്ക് ഇക്കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല.

ഇക്കാര്യത്തിൽ ചില മാനദണ്ഡങ്ങൾ നേരത്തെ നിലവിലുണ്ടായിരുന്നു. ഇപ്പോൾ പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങളിൽ ചിലർ ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾകൂടി പരിഗണിച്ച് യുക്തമായ ഭേദഗതി വരുത്തുന്നതാണ്.

(ഡി) ബഹു. ഹൈക്കോടതി ഇത്തരമൊരു വിമർശനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ശബരിമല യുവതീ പ്രവേശന വിഷയത്തിൽ സർവ്വകക്ഷി യോഗം**

4(3784) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാൻ സർവ്വകക്ഷിയോഗം വിളിച്ചിരുന്നോ;

(ബി) ക്രമസമാധാന നിലയെ സാരമായി ബാധിക്കാൻ സാധ്യതയുള്ള ഒരു സുപ്രധാന വിഷയത്തിൽ സുപ്രീംകോടതിയുടെ വിധി വന്നയുടൻ സംസ്ഥാനത്തെ എല്ലാ പാർട്ടികളുടെയും അഭിപ്രായങ്ങൾ ആരായാൻ സർവ്വ കക്ഷിയോഗം വിളിക്കണമായിരുന്നുവെന്ന് വിലയിരുത്തുന്നുണ്ടോ ;

(സി) സുപ്രീംകോടതി വിധി ഏതുവിധേനയും നടപ്പിലാക്കും എന്ന നിലപാടിൽ ആക്ടിവിസ്റ്റുകളെ ശബരിമലയിൽ കയറ്റാൻ സർക്കാർ ശ്രമം നടത്തിയതായി ആക്ഷേപമുയർന്നത് എന്തുകൊണ്ടായിരുന്നു; ഈ ശ്രമങ്ങൾ പിന്നീടുപേക്ഷിക്കാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ നടപടികൾക്കെതിരെ ജനവികാരം ഉയർന്നതു കൊണ്ടാണോ സർവ്വകക്ഷിയോഗം വിളിക്കാൻ തീരുമാനിച്ചതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വിളിച്ചിരുന്നു.

(ബി) സുപ്രീംകോടതിവിധി വന്നയുടൻ സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളും ആദ്യം വിധിയെ സ്വാഗതം ചെയ്യുന്ന നിലപാടാണ് സ്വീകരിച്ചത്. ആയതിനാൽ ആദ്യഘട്ടത്തിൽ സർവ്വകക്ഷിയോഗം ചേരേണ്ടതുണ്ടെന്ന് വിലയിരുത്തേണ്ട സാഹചര്യം ഉണ്ടായിരുന്നില്ല.

(സി) സുപ്രീംകോടതിവിധി നടപ്പിലാക്കുന്നതിന് സർക്കാർ ബാധ്യസ്ഥ മാണെങ്കിലും ആരെയും നിർബന്ധിച്ച് ശബരിമലയിൽ കയറ്റാൻ സർക്കാർ ശ്രമം നടത്തിയിട്ടില്ല.

(ഡി) സുപ്രീംകോടതിവിധി സംബന്ധിച്ച് ചില രാഷ്ട്രീയ പാർട്ടികൾ അവരുടെ ആദ്യ നിലപാട് മാറ്റിയപ്പോൾ യഥാർത്ഥ നിലപാട് അറിയുന്നതിനും സർക്കാർ നിലപാട് വ്യക്തമാക്കുന്നതിനുമാണ് സർവ്വകക്ഷിയോഗം വിളിക്കാൻ തീരുമാനിച്ചത്.

## വനം വകുപ്പുമന്ത്രിയുടെ വിദേശയാത്ര

5(*T 3785) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം പ്രളയത്തെ അഭിമുഖീകരിക്കുന്ന സമയത്ത് സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളുടെ ചുമതല ഏതൊക്കെ മന്ത്രിമാർക്ക് നൽകിയിരുന്നു;

* T- മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പ്രളയസമയത്ത് വനം വകുപ്പുമന്ത്രി വിദേശയാത്ര നടത്തിയത് മുഖ്യമന്ത്രിയുടെ അനുവാദത്തോടെയായിരുന്നോ;

(സി) വനം വകുപ്പുമന്ത്രി വിദേശയാത്രയ്ക്ക് പോകുമ്പോൾ വകുപ്പിന്റെ ചുതമല ഏതെങ്കിലും മന്ത്രിയെ ഏല്പിച്ചിരുന്നോ;

(ഡി) മന്ത്രിമാർ വിദേശയാത്രയ്ക്ക് പോകുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണോ വനം വകുപ്പുമന്ത്രി വിദേശയാത്ര നടത്തിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* വയ്ക്കുന്നു.

(ബി-ഡി) 23-7-2018-ൽ യാത്രാനുമതി നൽകിയിരുന്നു. ആയതു സംബന്ധിച്ച സർക്കാർ ഉത്തരവ് 26-7-2018-ൽ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

**രാജിവച്ച മന്ത്രിമാർ**

6(3787) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര മന്ത്രിമാർ രാജിവച്ചു എന്ന് വ്യക്തമാക്കാമോ; ഏതൊക്കെ വകുപ്പുകളാണ് അവർ കൈകാര്യം ചെയ്തത് എന്ന് വിശദമാക്കാമോ;

(ബി) ഓരോ മന്ത്രിയും ഏതെല്ലാം വിഷയങ്ങളുടെ പേരിലാണ് രാജിവച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ ഏറിയതിനുശേഷം മന്ത്രിസഭയിൽ നിന്നും നാല് മന്ത്രിമാർ രാജിവയ്ക്കുകയുണ്ടായി.

1. ശ്രീ. ഇ. പി. ജയരാജൻ

(വ്യവസായങ്ങൾ, വാണിജ്യം, കൈത്തറിയും തുണി വ്യവസായവും, ഖാദിയും ഗ്രാമീണ വ്യവസായവും, ഖനനവും ഭൂവിജ്ഞാനവും, കായിക-യുവജനകാര്യം എന്നീ വകുപ്പുകളായിരുന്ന അദ്ദേഹം കൈകാര്യം ചെയ്തത്.)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. ശ്രീ. എ. കെ. ശശീന്ദ്രൻ

(റോഡ് ഗതാഗതം, മോട്ടോർ വാഹനങ്ങൾ, ജലഗതാഗതം എന്നീ വകുപ്പുകളുടെ ചുമതലയായിരുന്നു അദ്ദേഹം വഹിച്ചിരുന്നത്.)

3. ശ്രീ. തോമസ് ചാണ്ടി

(അദ്ദേഹവും കൈകാര്യം ചെയ്തിരുന്നത് റോഡ് ഗതാഗതം, മോട്ടാർ വാഹനങ്ങൾ, ജലഗതാഗതം എന്നീ വകുപ്പുകളായിരുന്നു.)

4. ശ്രീ. മാത്യു ടി. തോമസ്

(ജലസേചനം, ജലവിതരണവും ജലശുചീകരണവും, ഭൂജല വികസനം, കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിട്ടി എന്നീ വകുപ്പുകളായിരുന്നു അദ്ദേഹം കൈകാര്യം ചെയ്തത്.)

പൊതുമേഖലാ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം സംബന്ധിച്ച് ആരോപണമുയർന്നതിനെ തുടർന്നാണ് ശ്രീ. ഇ. പി. ജയരാജൻ മന്ത്രിസഭയിൽനിന്നും രാജിവച്ചത്. ഒരു സ്വകാര്യ ടെലിവിഷൻ പുറത്തുവിട്ട ശബ്ദരേഖയെ തുടർന്നായിരുന്നു ശ്രീ. എ. കെ. ശശീന്ദ്രന്റെ രാജി.

ശ്രീ. തോമസ് ചാണ്ടി, ശ്രീ. മാത്യു ടി. തോമസ് എന്നിവർ തങ്ങളുടെ പാർട്ടി തീരുമാന പ്രകാരമായിരുന്നു മന്ത്രിസഭയിൽനിന്നും രാജിവച്ചത്.

## ജോലി ലഭ്യമാക്കുന്നതിനുള്ള നടപടി

7(3788) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 നവംബർ 12-ന് പോലീസിനെ കണ്ട് ഓടി രക്ഷപ്പെടുവാൻ ശ്രമിക്കുന്നതിനിടെ കായലിൽ വീണ് മരണപ്പെട്ട ടി.കെ.രവി, വടേക്കുറ്റ് തറ, ചേന്നംപള്ളിപ്പുറം പഞ്ചായത്ത്, ചേർത്തല എന്നയാളുടെ മകന് ജോലി നൽകാം എന്ന കളക്ടറുടെ ഉറപ്പ് പാലിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കുടുംബനാഥന്റെ പെട്ടെന്നുണ്ടായ മരണത്തെ തുടർന്ന് അനാഥമായ ഈ കുടുംബത്തെ രക്ഷിക്കുന്നതിന് വാഗ്ദാനം ചെയ്ത ജോലി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലയിലെ പള്ളിപ്പുറം പഞ്ചായത്തിലെ കോറുകാട്ടിൽതറ വീട്ടിൽ രവി എന്നയാൾ 2014 നവംബർ രണ്ടാം തീയതി കുറ്റിയാനി കോളനിക്ക് സമീപം ചീട്ടുകളി കണ്ടുനിൽക്കെ പോലീസിനെ കണ്ട് ചീട്ടുകളി സംഘത്തിലേർപ്പെട്ടവർ ചിതറി ഓടുകയും ശ്രീ. രവി കായലിൽ ചാടുകയും തുടർന്ന് വേമ്പനാട്ടുകായലിൽ മാട്ടേൽതുരുത്തിന് കിഴക്കുഭാഗത്ത് ടിയാന്റെ മൃതദേഹം കാണപ്പെടുകയും ചെയ്തു. മൃതദേഹം കളക്ടർ എത്തിയതിനുശേഷമേ കൊണ്ടുപോകാൻ അനുവദിക്കുകയുള്ളൂ എന്ന തദ്ദേശവാസികളുടെയും മറ്റും പ്രതിഷേധത്തെ തുടർന്ന് ആലപ്പുഴ സബ് കളക്ടർ പ്രതിഷേധക്കാരുമായി ചർച്ച നടത്തി നിയമാനുസരണമുള്ള നടപടികൾ സ്വീകരിച്ചു കൊള്ളാം എന്ന ഉറപ്പിന്മേൽ പ്രശ്നം പരിഹരിച്ചിട്ടുള്ളതുമാണ്. ടിയാളുടെ മകന് ജോലി നൽകാമെന്ന് ജില്ലാ കളക്ടർ ഉറപ്പുനൽകിയോ എന്നത് സംബന്ധിച്ച രേഖകളൊന്നും ലഭ്യമല്ല.

**ആശ്രിത നിയമനം**

8(3789) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ആശ്രിത നിയമനം ലഭിച്ചവർ എത്ര ആണെന്ന് ജില്ല, വകുപ്പ് എന്നിവ തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത നിയമനത്തിൽ ശുചീകരണ തൊഴിലാളികൾ, കണ്ടിജന്റ് തൊഴിലാളികൾ എന്നിവർ മരണപ്പെട്ടതിലൂടെ തൊഴിൽ ലഭിച്ചവർ എത്രയെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**കെ.എസ്.ആർ.ടി.സി. വനിത കണ്ടക്ടർമാരുടെ പരാതി**

9(3790) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാല ഡ്യൂട്ടി സംബന്ധിച്ച് മുഖ്യമന്ത്രിക്ക് കെ.എസ്.ആർ.ടി.സി. വനിത കണ്ടക്ടർമാരുടെ പരാതി ലഭിച്ചിട്ടുണ്ടോ; ആയതിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് രാത്രികാല ഡ്യൂട്ടിയിൽനിന്ന് എന്തെങ്കിലും ഇളവുകൾ നൽകാൻ മന്ത്രിസഭ തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ തീരുമാനം എടുക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇത്തരത്തിൽ പരാതി ലഭിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

കെ.എസ്.ആർ.ടി.സി.-ൽ വനിതാ കണ്ടക്ടർമാരെ രാത്രികാല ഡ്യൂട്ടികളിൽ നിയോഗിക്കുന്നതിൽ അതീവശ്രദ്ധപുലർത്തുന്നതും കഴിവതും രാത്രി വളരെ വൈകി അവസാനിക്കുന്ന ഡ്യൂട്ടികളിൽനിന്നും വനിതാ കണ്ടക്ടർമാരെ ഒഴിവാക്കുന്നതിനും ശ്രദ്ധിക്കാറുണ്ട്. വനിത കണ്ടക്ടർമാരെ രാത്രികാല ഡ്യൂട്ടികളിൽനിന്നും പൂർണ്ണമായും ഒഴിവാക്കിയാൽ സർവ്വീസ് ഓപ്പറേഷനെ ബാധിക്കുമെന്നതിനാൽ വനിതാ കണ്ടക്ടർമാരെ രാത്രികാല ഡ്യൂട്ടികളിൽനിന്നും ഒഴിവാക്കാൻ പറ്റാത്ത ചില സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്. അത്യാവശ്യം വരുന്ന ഘട്ടങ്ങളിലോ പുരുഷ കണ്ടക്ടർമാർ ഇല്ലാതെ വരുന്ന സാഹചര്യങ്ങളിലോ മാത്രമേ വനിതാ കണ്ടക്ടർമാരെ രാത്രികാല ഡ്യൂട്ടികളിൽ നിയോഗിക്കാറുള്ളൂ. സ്റ്റേ ഡ്യൂട്ടി നിർവ്വഹിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടായാൽ വനിതാ ജീവനക്കാർക്ക് സ്റ്റേ ചെയ്യുന്നതിനായുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് യൂണിറ്റ് ഓഫീസർമാർ പ്രത്യേക ശ്രദ്ധ ചെലുത്താറുണ്ട്.

## കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ

10(3791) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ എന്നാണ് രൂപീകൃതമായത്; 1-1-2000-ന ശേഷം ഔദ്യോഗിക ഭാരവാഹികളായി ഇരുന്ന ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗിക മേൽവിലാസവും ലഭ്യമാക്കുമോ;

(ബി) കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ ബൈലോയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര പ്രാവശ്യം പൊതുയോഗങ്ങൾ വിളിച്ചിട്ടുണ്ട്; പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സ് ലഭ്യമാക്കുമോ;

(ഡി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിലവിൽ സ്പോർട്സ് ഓഫീസർ ഉണ്ടോ; എങ്കിൽ അദ്ദേഹത്തെ നിയമിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) 2015, 2016, 2017 വർഷങ്ങളിൽ സംസ്ഥാന സിവിൽ സർവ്വീസ് കായിക മേളയിൽ ഏതൊക്കെ ഇനങ്ങളിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റ് ചാമ്പ്യൻമാരായി;ഏതൊക്കെ കായിക താരങ്ങൾ വിവിധ ഇനങ്ങളിലായി ചാമ്പ്യൻമാരായി; വിശദമായ വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ രൂപീകൃതമായ വർഷം സംബന്ധിച്ച വിവരവും 1-1-2000-ന ശേഷം ഔദ്യോഗിക ഭാരവാഹികളായി ഇരുന്നവരുടെ പൂർണ്ണ വിവരങ്ങളും ലഭ്യമല്ല. എന്നാൽ 2003, 2007, 2009, 18-1-2011 – 23-10-2018 വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന ഭാരവാഹികളുടെയും ഇപ്പോഴത്തെ ഭാരവാഹികളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>2003</u>

പ്രസിഡന്റ് - ശ്രീ. ജോർജ് മോഹൻ, ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി- ആർ. വിശ്വനാഥൻ പിള്ള, സെക്ഷൻ ഓഫീസർ, ആരോഗ്യ കുടുംബക്ഷേമ (പി.എസ്) വകുപ്പ്

ട്രഷറർ- ശ്രീ. എസ്. സജീവ്കുമാർ, ധനകാര്യ വകുപ്പ്

<u>2007</u>

പ്രസിഡന്റ് - ശ്രീ. ജോർജ് മോഹൻ, ഗവ. ജോയിന്റ് സെക്രട്ടറി

വൈസ്-പ്രസിഡന്റ്- ശ്രീ. ടി. വി. കൃഷ്ണകുമാർ, സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ്, പൊതുഭരണ (കമ്പ്യൂട്ടർസെൽ) വകുപ്പ്

സെക്രട്ടറി- ആർ. വിശ്വനാഥൻ പിള്ള, സെക്ഷൻ ഓഫീസർ, സ്റ്റോർസ് പർച്ചേസ്, (ഐ. ഡബ്ല്യു-1 ) വകുപ്പ്

ജോയിന്റ് സെക്രട്ടറി-ശ്രീ. പി. ഷെരീഫ്, സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ്, മുഖ്യമന്ത്രിയുടെ ഓഫീസ്,

ട്രഷറർ- ശ്രീ. എസ്. സജീവ്കുമാർ, സെക്ഷൻ ഓഫീസർ, ധനകാര്യ വകുപ്പ്

<u>2009</u>

പ്രസിഡന്റ് - ശ്രീ. ജോർജ് മോഹൻ, ഗവ. ജോയിന്റ് സെക്രട്ടറി

വൈസ്-പ്രസിഡന്റ്- ശ്രീ. ടി. വി. കൃഷ്ണകുമാർ, സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ്, പൊതുഭരണ (കമ്പ്യൂട്ടർസെൽ) വകുപ്പ്

സെക്രട്ടറി- ആർ. വിശ്വനാഥൻ പിള്ള, സെക്ഷൻ ഓഫീസർ, സ്റ്റോർസ് പർച്ചേസ്, (ഐ. ഡബ്ല്യു-1 ) വകുപ്പ്

ജോയിന്റ് സെക്രട്ടറി - ശ്രീ. പി. ഷെരീഫ്, സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ്, മുഖ്യമന്ത്രിയുടെ ഓഫീസ്

ട്രഷറർ- ശ്രീ. എസ്. സജീവ്കുമാർ, സെക്ഷൻ ഓഫീസർ, ധനകാര്യ വകുപ്പ്

18-1-2011 മുതൽ 23-10-2018 വരെ നിലവിലുണ്ടായിരുന്ന ഭാരവാഹികൾ

പ്രസിഡന്റ് - ശ്രീ. എൽ. വിനോദ് കുമാർ, പൊതുഭരണ വകുപ്പ്,

വൈസ് പ്രസിഡന്റ്- ശ്രീ. ഷാജിമോൻ എ. എം., പൊതുഭരണ വകുപ്പ്, സെക്രട്ടറി - ശ്രീ. സുധീർ എസ്.എസ്., പൊതുഭരണ വകുപ്പ്,

ജോയിന്റ് സെക്രട്ടറി - ശ്രീ. സൂര്യനാരായണൻ എം.ഡി., ധനകാര്യ വകുപ്പ്

ട്രഷറർ- ശ്രീ. പി. രാജേഷ്, പൊതുഭരണ വകുപ്പ്

സ്പോർട്സ് നോമിനി - ശ്രീ. ടി.എം. ജയലക്ഷ്മി, ധനകാര്യ വകുപ്പ്

24-10-2018 മുതൽ നിലവിലുള്ള ഭാരവാഹികൾ താഴെ പറയുന്നവരാണ് :

പ്രസിഡന്റ് - ശ്രീ. വിജയ് ദേവ് ജി., അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്,

സെക്രട്ടറി - ശ്രീമതി റോസ്മേരി പ്രസില്ല, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, പൊതുഭരണ വകുപ്പ്,

ട്രഷറർ- ശ്രീ. പ്രദീപ്കുമാർ എം., കമ്പ്യൂട്ടർ അസിസ്റ്റന്റ്, പൊതുഭരണ വകുപ്പ്

(ബി) കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷന് രജിസ്ട്രേഷൻ ഇല്ലെന്ന് കണ്ടതിനെത്തുടർന്ന് ഇതിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി ബൈലോ രജിസ്ട്രേഷനും സ്പോർട്സ് പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി ഒരു താൽക്കാലിക കമ്മിറ്റിയെ ചുമതലപ്പെടുത്തിയതായും ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ രജിസ്ട്രേഷനും മെമ്പർഷിപ്പ് കാമ്പയിനും 6 മാസത്തിനകം പൂർത്തീകരിച്ച് തെരഞ്ഞെടുപ്പ് നടത്തി സ്ഥിരം കമ്മിറ്റി ഉണ്ടാക്കുന്നതിനുള്ള നടപടികൾ തുടരുന്നതായും സെക്രട്ടേറിയറ്റിലെ ഓണററി സ്പോർട്സ് ഓഫീസർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കരട് നിയമാവലിയുടെ പകർപ്പും കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷന്റെ മുൻ ഭരണസമിതി ലഭ്യമാക്കിയ നിയമാവലി (കരട്)യുടെ പകർപ്പും അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പൊതുയോഗം നടന്നിട്ടില്ല. എന്നാൽ സെക്രട്ടേറിയറ്റിലെ സ്പോർട്സ് ഓഫീസർ വിളിച്ചുചേർത്ത 24-10-2018-ലെ പൊതുയോഗത്തിൽ ശ്രീ. വിജയ് ദേവ് ജി., അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്, ശ്രീമതി റോസ്മേരി പ്രസില്ല, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, പൊതുഭരണ വകുപ്പ്, ശ്രീ. പ്രദീപ് കുമാർ എം., കമ്പ്യൂട്ടർ അസിസ്റ്റന്റ്, പൊതുഭരണ വകുപ്പ് എന്നിവരെ യഥാക്രമം പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിങ്ങനെ തെരഞ്ഞെടുത്തുകൊണ്ട് കേരളാ സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ രജിസ്റ്റർ ചെയ്യുന്നതിനായുള്ള നടപടി സ്വീകരിച്ചു വരുന്നതായി സംഘടനയുടെ ജനറൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 24-10-2018-ലെ പൊതുയോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഡി) 21-10-2017-ലെ G.O(Rt)No. 6640/2017/GAD ഉത്തരവ് പ്രകാരം വ്യവസായ വകുപ്പിലെ അണ്ടർസെക്രട്ടറിയായിരുന്ന ശ്രീ. ജി. അജയകുമാറിനെ സെക്രട്ടേറിയറ്റിലെ ഓണററി സ്പോർട്സ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം *ചെയ്യുന്നു.

(ഇ) പ്രസ്തുത വിവരം താഴെ ചേർക്കുന്നു:

2015-16

<u>വെയിറ്റ് ലിഫ്റ്റിംഗ്</u>

ശ്രീ. നിഷാദ് എൻ (94 kg)

ശ്രീ. അഭിലാഷ് രവീന്ദ്രൻ (105 kg)

ശ്രീ. വിപിൻ ശ്യാം വി.വി. (105 kg)

<u>ടെന്നീസ്</u>

ശ്രീ. എം. എസ്. കൃഷ്ണകുമാർ,

ശ്രീ. ബിജുമണി എം.

ശ്രീ. കൃഷ്ണകുമാർ റ്റി.വി.

ശ്രീ. മുഹമ്മദ് അസ്ലം എ.

<u>നീന്തൽ</u>

ശ്രീ. വിനോദ് കുമാർ എൽ., (വ്യക്തിഗത ചാമ്പ്യൻ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2016-17

ക്രിക്കറ്റ്

ശ്രീ. ജീവൻ എൻ.

ശ്രീ. ലിനു എൽ.

ശ്രീ. സുനിൽ ടി. വി.

ശ്രീ. കൃഷ്ണദേവ് ആർ. എൽ.

ലോൺ ടെന്നീസ്

ശ്രീ. എം. എസ്. കൃഷ്ണകുമാർ

ശ്രീ. ബിജുമണി എം.

ശ്രീ. കൃഷ്ണകുമാർ റ്റി.വി.

ശ്രീ. മുഹമ്മദ് അസ്ലം എ.

വെയിറ്റ് ലിഫ്റ്റിംഗ്

ശ്രീ. നിഷാദ് എൻ

ശ്രീ. അഭിലാഷ് രവീന്ദ്രൻ

നീന്തൽ

ശ്രീ. വിനോദ് കുമാർ എൽ., (വ്യക്തിഗത ചാമ്പ്യൻ)

2017-18

വെയിറ്റ് ലിഫ്റ്റിംഗ്

ശ്രീ. നിഷാദ് എൻ

ശ്രീ. അഭിലാഷ് രവീന്ദ്രൻ

ലോൺ ടെന്നീസ്

ശ്രീ. എം. എസ്. കൃഷ്ണകുമാർ

ശ്രീ. ബിജുമണി എം.

ശ്രീ. കൃഷ്ണകുമാർ റ്റി.വി.

ശ്രീ. മുഹമ്മദ് അസ്ലം എ.

നീന്തൽ

ശ്രീ. വിനോദ് കുമാർ എൽ., (വ്യക്തിഗത ചാമ്പ്യൻ)

**ബയോ-മെടിക് പഞ്ചിംഗ് സംവിധാനം**

11(3792) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഹാജർ നിരീക്ഷിക്കുവാൻ ബയോ-മെടിക് പഞ്ചിംഗ് സംവിധാനം ഏതെല്ലാം വകുപ്പുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ മുഴുവൻ സർക്കാർ വകുപ്പുകളിലും ഓഫീസുകളിലും ബയോ-മെടിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുമോ; ഈ സംവിധാനം എന്ന് മുതൽ പ്രാബല്യത്തിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സെക്രട്ടേറിയറ്റിൽ സ്പാർക്ക് ബന്ധിത ബയോമെടിക് പഞ്ചിംഗ് സംവിധാനം 1-1-2018 മുതൽ നടപ്പാക്കിയിട്ടുണ്ട്. സ്പാർക്ക് മുഖേന ശമ്പളം ലഭിക്കുന്ന മറ്റെല്ലാ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 2018 ഒക്ടോബർ 1-നകവും അതോറിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ കമ്മീഷനുകൾ തുടങ്ങി വകുപ്പിനുകീഴിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ബയോമെടിക് പഞ്ചിംഗ് സിസ്റ്റം 2018 ഡിസംബർ 31-നകവും നടപ്പിലാക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

**സംസ്ഥാന സർക്കാർ സർവ്വീസിലെ കാലഹരണപ്പെട്ട തസ്തികകൾ**

12(3793) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ കാലഹരണപ്പെട്ട തസ്തികകൾ സംബന്ധിച്ച് പഠനമോ പരിശോധനകളോ നടത്തിയിട്ടുണ്ടോ;

(ബി) അത്തരം തസ്തികകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത വിഭാഗം തസ്തികകളെ പുനർവിന്യസിപ്പിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) നടത്തിയിട്ടില്ല.

(ബി&സി) ബാധകമല്ല.

## പൊതുജന സമ്പർക്കമുള്ള ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

13(3794) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജന സമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്താനുള്ള ഒൻപതാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശ ഏതെല്ലാം ഓഫീസുകളിൽ നടപ്പിലാക്കി; വ്യക്തമാക്കാമോ;

(ബി) പൊതുജന സമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## സർക്കാർ ഓഫീസുകളിലെ നടപടിക്രമങ്ങൾ നിരീക്ഷിക്കാൻ നടപടി

14(3795) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസ് നടപടിക്രമങ്ങൾ നിരീക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇനിയും പഞ്ചിംഗ് ഏർപ്പെടുത്താൻ അവശേഷിക്കുന്ന എല്ലാ വകുപ്പുകളിലും പ്രസ്തുത സമ്പ്രദായം ഏർപ്പെടുത്തി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ്

15(3796) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേന നിയമനം ലഭിക്കുന്ന താഴ്ന്ന വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തി രൂപീകരിച്ച സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ നിലവിൽ എംപ്ലോയ്മെന്റ് വഴി നിയമനം ലഭിച്ച ഫുൾടൈം ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) നിലവിൽ ഏതെല്ലാം വിഭാഗക്കാരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) ഇപ്രകാരം ഉൾപ്പെടുത്തിയ എല്ലാവിഭാഗം ജീവനക്കാരും പി.എസ്.സി. മുഖേന നിയമനം ലഭിച്ചവർ ആണോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 3-2-2016-ലെ എസ്.ആർ.ഒ. നമ്പർ 107/2016 വിജ്ഞാപന പ്രകാരം ചുവടെ ചേർത്തിരിക്കുന്ന താഴ്ന്ന വിഭാഗം ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. മോട്ടോർ സൈക്കിൾ ഓർഡർലി
2. ക്ലറിക്കൽ അസിസ്റ്റന്റ്
3. ബൈൻഡർ
4. ലിഫ്റ്റ് ഓപ്പറേറ്റർ
5. ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ
6. അറ്റൻഡർ
7. നോട്ടം
8. ഓഫീസ് അറ്റൻഡന്റ്.

മേൽപ്പറഞ്ഞ തസ്തികകളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് പി.എസ്.സി. വഴിയാണ് നിയമനം നടത്തുന്നത്. കൂടാതെ ആശ്രിത നിയമനം വഴി നിയമനം ലഭിച്ചവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച ശേഷം സ്ഥിരമാക്കപ്പെട്ട ഭിന്നശേഷിക്കാരായ ജീവനക്കാരും ഉൾപ്പെട്ടിട്ടുണ്ട്.

## സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ പഞ്ചിംഗ് സംവിധാനം

16(3797) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നടപ്പിലാക്കിയ പഞ്ചിംഗ് സംവിധാന പ്രകാരം പൊതുവെ എത്ര ഉദ്യോഗസ്ഥരാണ് കൃത്യസമയത്ത് ഹാജർ രേഖപ്പെടുത്താത്തത്;

(ബി) തുടർച്ചയായി വൈകിവരുന്ന ജീവനക്കാരുടെ ശമ്പളം കുറവ് ചെയ്തിട്ടുണ്ടോ;

(സി) വൈകിവന്ന ജീവനക്കാരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പഞ്ചിംഗും ശമ്പളവും ബന്ധിപ്പിച്ചിട്ടുള്ള നൂതന ആശയം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സഹായിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 1-12-2018-ലെ കണക്കുപ്രകാരം, ഫ്ലെക്സി /ഗ്രേസ് ടൈം പോലുള്ള അനുവദനീയമായ ആനുകൂല്യങ്ങൾ കഴിഞ്ഞ് അന്നേ ദിവസം 52 ഉദ്യോഗസ്ഥരാണ് കൃത്യസമയത്ത് ഹാജർ രേഖപ്പെടുത്താത്തത്.

(ബി) ഇല്ല.

(സി) പഞ്ചിംഗ് സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം തേടുകയും തൃപ്തികരമല്ലാത്ത വിശദീകരണം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചിംഗും ശമ്പളവും ബന്ധിപ്പിച്ചത് ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സഹായിച്ചിട്ടുണ്ട്.

**കേന്ദ്ര സർക്കാർ പരിഗണിക്കാത്ത സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ**

17(3798) <u>ശ്രീ. എം. ഉമ്മർ</u> :
<u>ശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ വികസനത്തിനായി കേന്ദ്ര സർക്കാരിൽനിന്നും ആവശ്യങ്ങൾ നേടിയെടുക്കുന്നതിൽ ഉണ്ടായ വീഴ്ചകൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യങ്ങൾ നേടിയെടുക്കാൻ സർക്കാർതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ സംബന്ധിച്ച സുപ്രധാനമായ ഏതെല്ലാം ആവശ്യങ്ങളാണ് കേന്ദ്രം പരിഗണിച്ചിട്ടില്ലാത്തതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തിന് അർഹമായ കാര്യങ്ങൾ നേടിയെടുക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇക്കാര്യത്തിൽ വീഴ്ചകൾ ഒന്നും സംഭവിച്ചിട്ടില്ല.

(ബി) മുഖ്യമന്ത്രിയും മറ്റ് വകുപ്പ് മന്ത്രിമാരും പ്രധാനമന്ത്രിയും കേന്ദ്ര മന്ത്രിമാരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ വിശദമായ നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളതുമാണ്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

## ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഫർണിച്ചർ വാങ്ങിയ വകയിൽ ചെലവായ തുക

18(3799) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഈ സാമ്പത്തിക വർഷം ഫർണിച്ചർ വാങ്ങിയ വകയിലും നന്നാക്കിയ വകയിലും എത്ര തുക ചെലവായെന്ന് വിശദമാക്കാമോ;

(ബി) 2016-17, 2017-18 സാമ്പത്തിക വർഷം മേൽഇനങ്ങളിൽ എത്ര തുക ചെലവായെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഈ സാമ്പത്തിക വർഷം ഫർണിച്ചർ വാങ്ങിയ വകയിലും നന്നാക്കിയ വകയിലും 35,06,997 രൂപ (മുപ്പത്തി അഞ്ച് ലക്ഷത്തി ആറായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഏഴ് രൂപ) ചെലവായിട്ടുണ്ട്. (പൊതുഭരണം, ധനകാര്യം, നിയമം ഉൾപ്പടെ)

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഫർണിച്ചർ വാങ്ങിയ വകയിലും നന്നാക്കിയ വകയിലും 75,25,497 രൂപ (എഴുപത്തി അഞ്ച് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ) 2017-18 സാമ്പത്തിക വർഷത്തിൽ മേൽ ഇനങ്ങളിൽ 89,58,119 (എൺപത്തി ഒൻപത് ലക്ഷത്തി അൻപത്തി എണ്ണായിരത്തി നൂറ്റി പത്തൊൻപത്) രൂപ ചെലവായിട്ടുണ്ട്. (പൊതുഭരണം, ധനകാര്യം, നിയമം ഉൾപ്പെടെ)

## മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷ

19(3800) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

രേഷ്മ ആർ.എസ്., എൻ.ആർ.ഹൗസ്, മാറാത്തല, പാലച്ചിറ പി.ഒ, വർക്കല മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷ G 180702583 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളത് 25-7-2018 ന് വർക്കല മുനിസിപ്പാലിറ്റി എസ്.സി.ഡി.ഒ.ക്ക് അയച്ച് കൊടുത്തിട്ടുള്ളതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം വിശദമാക്കാമോ?

ഉത്തരം

ശ്രീമതി രേഷ്മ ആർ. എസ്. മുഖ്യമന്ത്രിക്ക് സമർപ്പിച്ച G180702583 നമ്പർ അപേക്ഷയിന്മേൽ വർക്കല പട്ടികജാതി വികസന ഓഫീസർ വിശദമായ അന്വേഷണം നടത്തി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ, അപേക്ഷകയെയും സഹോദരങ്ങളെയും സാമൂഹ്യ സുരക്ഷാ മിഷന് കീഴിലുള്ള സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതിനായി സാമൂഹ്യ സുരക്ഷാ മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

## ഐ.എ.എസ്., ഐ.പി.എസ്. കേഡറിലുള്ള തസ്തികകൾ

20(3801) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്. കേഡറിലുള്ള എത്ര തസ്തികകൾ നിലവിലുണ്ട്; ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു;

(ബി) സംസ്ഥാന കേഡറിലുള്ള എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ സംസ്ഥാനത്തിനുപുറത്ത് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നു; അവർ ആരെല്ലാം;

(സി) സംസ്ഥാനത്തിനുപുറത്തുള്ള എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സംസ്ഥാനത്ത് ജോലി നോക്കുന്നു; അവർ ആരെല്ലാം;

(ഡി) ഒന്നിലേറെ വകുപ്പുകളുടെ ചുമതലയുള്ള എത്ര വകുപ്പ് മേധാവികളാണ് നിലവിൽ സംസ്ഥാനത്തുള്ളത്; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സാഹചര്യമുള്ളതിനാൽ ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സ്ഥിതിവിശേഷം ഒഴിവാക്കുവാനുള്ള സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഐ.എ.എസ്. കേഡറിൽ 231 തസ്തികയും, ഐ.പി.എസ്. കേഡറിൽ 172 തസ്തികയും നിലവിലുണ്ട്. നിലവിൽ ഐ.എ.എസ്.ൽ 80 ഉദ്യോഗസ്ഥരുടെയും ഐ.പി.എസ്.-ൽ 57 ഉദ്യോഗസ്ഥരുടെയും കുറവുണ്ട്.

(ബി) സംസ്ഥാന കേഡറിലുള്ള 34 ഐ.എ.എസ്. ഉദ്യോഗസ്ഥരും 22 ഐ.പി.എസ്. ഉദ്യോഗസ്ഥരും സംസ്ഥാനത്തിനുപുറത്ത് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നു. ഉദ്യോഗസ്ഥരുടെ പേരുവിവരം അനുബന്ധം* ആയി ചേർക്കുന്നു.

(സി) രണ്ടുപേർ. ഹിമാചൽ പ്രദേശ് കേഡറിലുള്ള ശ്രീമതി എ. ഷൈനാമോൾ ഐ.എ.എസ്., ഒഡീഷ കേഡറിലുള്ള ശ്രീ. ഷെഫീൻ അഹമ്മദ്. കെ ഐ.പി.എസ് എന്നിവർ ഇന്റർകേഡർ ഡെപ്യൂട്ടേഷനിൽ സംസ്ഥാനത്ത് ജോലി ചെയ്യുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ 25 വകുപ്പ് മേധാവികൾക്ക് നിലവിൽ ഒന്നിലേറെ വകുപ്പുകളുടെ ചുമതലയുണ്ട്. വകുപ്പ് തിരിച്ചുള്ള വിവരം അനുബന്ധം* ആയി ചേർക്കുന്നു.

(ഇ) ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വാഹന ദുരുപയോഗം

21(3802) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മുൻകളക്ടർ ആയിരുന്ന ശ്രീ. എൻ.പ്രശാന്തിനെതിരെ 19 ലക്ഷം രൂപ പിഴ ചുമത്തി ധനകാര്യ വകുപ്പിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) മേൽറിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഐ.എ.എസ്. ഉദ്യോഗസ്ഥർ ഇത്തരം റിപ്പോർട്ടിൻമേലുള്ള തുടർനടപടികൾ അട്ടിമറിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ധനകാര്യവകുപ്പ് നൽകുന്ന ഇത്തരം റിപ്പോർട്ടുകൾ പതിനാല് ദിവസങ്ങൾക്കകം നടപ്പാക്കണമെന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ മേൽ റിപ്പോർട്ട് നടപ്പിലാക്കാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഇ) ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വാഹന ദുരുപയോഗവും മറ്റും തടയുന്നതിന് ഇത്തരം കാര്യങ്ങളിൽ ധനവകുപ്പ് നൽകുന്ന റിപ്പോർട്ടുകൾ മന്ത്രിമാർ നേരിട്ട് പരിശോധിക്കുന്ന തരത്തിൽ ചട്ടങ്ങൾ രൂപീകരിക്കുമോ;

(എഫ്) ഐ.എ.എസ്. ഉദ്യോഗസ്ഥർ ഗൂഡാലോചന നടത്തി പിഴ പൂർണ്ണമായും ഒഴിവാക്കുന്ന രീതിയിൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ആർ.എം.എഫ്. ഉപയോഗിച്ച് വാഹനം വാങ്ങിയതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് കോഴിക്കോട് കളക്ടേറ്റിൽ നടത്തിയ പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

(ബി) പരിശോധനാ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) റിപ്പോർട്ടിന്മേൽ തുടർനടപടി സർക്കാർ പരിശോധിച്ചു വരുന്നു.

(ഇ) പരിഗണനയിലില്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് ഓഫീസ് അസിസ്റ്റന്റ് അലവൻസ്

22(3803) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് ഓഫീസ് അസിസ്റ്റന്റിനെ വയ്ക്കുവാൻ അലവൻസ് നൽകാറുണ്ടോ; എങ്കിൽ എത്ര രൂപയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അവധിയിലുള്ള സമയത്തും പ്രസ്തുത അലവൻസിന് ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് അർഹതയുണ്ടോ;

(സി) അവധി സമയത്ത് ഏതെങ്കിലും ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് പ്രസ്തുത അലവൻസ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നിലവിലുള്ള നിരക്ക് പരിഷ്കരിക്കുവാൻ പ്രൊപ്പോസൽ നിലവിലുണ്ടോ യെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സർക്കാരിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് 3-5-2013-ലെ സ.ഉ.(കൈ) 120/2013/ പൊ.ഭ.വ. ഉത്തരവ് പ്രകാരം ഓഫീസ് അസിസ്റ്റന്റിനെ വയ്ക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി 'AIS Office's Allowance' എന്ന പേരിൽ പ്രതിപൂരണം ചെയ്ത് നൽകാറുണ്ട്. ഇപ്രകാരം അലവൻസ് അനുവദിക്കുമ്പോൾ പ്രസ്തുത ഉദ്യോഗസ്ഥർ നടപ്പു സാമ്പത്തിക വർഷം ആർജ്ജിതാവധി സറണ്ടർ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ച് ഓരോ ഉദ്യോഗസ്ഥരുടെയും ഗ്രേഡ് അനുസരിച്ച് 1,300 മുതൽ 6,200 രൂപ വരെയാണ് അലവൻസായി നൽകുന്നത് ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ കേരള സർക്കാരിൽനിന്ന് ശമ്പളം കൈപ്പറ്റിക്കൊണ്ട് പഠനാവധിയിൽ പ്രവേശിക്കുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് പ്രസ്തുത അലവൻസ് നൽകുന്നതിന് ഉത്തരവിൽ വ്യവസ്ഥയുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഏഴാം കേന്ദ്ര ശമ്പളക്കമ്മീഷന്റെ ശിപാർശകൾക്കനുസരിച്ച് അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ ശമ്പള സ്കെയിലിൽ വന്ന വർദ്ധനവിനനുസൃതമായി പ്രസ്തുത അലവൻസിന്റെ നിരക്കുകൾ പരിഷ്കരിക്കു ന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്.

**പഞ്ചവത്സര പദ്ധതികൾ**

23(3804) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പഞ്ചവത്സര പദ്ധതികൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇവ സംസ്ഥാനത്ത് തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അതിന് നിയമപരമായ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കാൻ സംസ്ഥാനം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ ആസൂത്രണ കമ്മീഷൻ പിരിച്ചുവിടുകയും പഞ്ചവത്സര പദ്ധതികൾ അവസാനിപ്പിക്കുകയും ചെയ്തുവെങ്കിലും കേരള സർക്കാർ ആസൂത്രണ പ്രിക്രിയയുമായി മുന്നോട്ടുപോവുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി പതിമൂന്നാം പദ്ധതിക്ക് തുടക്കംകുറിക്കുകയും (2017-22) വാർഷിക പദ്ധതികൾ നടപ്പാക്കി വരികയും ചെയ്യുന്നു. 2017-18 വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ 26500 കോടി രൂപയാണ്. 2018-19 വാർഷിക പദ്ധതിയുടെ അടങ്കൽ 29150 കോടി രൂപയാണ്. 2019-20 വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി വകുപ്പ് മേധാവികൾ, ഗവൺമെന്റ് സെക്രട്ടറിമാർ, വകുപ്പുമന്ത്രിമാർ എന്നിവരുമായി ആസൂത്രണ ബോർഡ് ചർച്ച നടത്തിവരുന്നു.

(ബി) നിയമപരമായ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചീഫ് സെക്രട്ടറിയുടെയും മുഖ്യമന്ത്രിയുടെയും അദ്ധ്യക്ഷതയിൽ കൃത്യമായ ഇടവേളകളിൽ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ പ്ലാൻ സ്പേസ് മുഖാന്തരം ആസൂത്രണ ബോർഡ് പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്.

**കാസർഗോഡ് പാക്കേജ്**

24(3805) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡിന്റെ പിന്നോക്കാവസ്ഥ പഠിക്കാൻ നിയോഗിച്ച പ്രഭാകരൻ കമ്മീഷൻ നിലവിൽവന്നതെപ്പോഴാണെന്നും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതെപ്പോഴാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രഭാകരൻ കമ്മീഷന്റെ കാലാവധി എത്രയായിരുന്നു എന്നും ഇതിന് വേണ്ടിവന്ന ചെലവ് എന്തായിരുന്നു എന്നും കമ്മീഷന്റെയും സ്റ്റാഫിന്റെയും ശമ്പളമടക്കം തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ ഇല്ലാതാക്കാൻ എത്ര കോടി രൂപയുടെ പദ്ധതിയാണ് കമ്മീഷൻ നിർദ്ദേശിച്ചതെന്നും ഈ തുക എങ്ങനെ കണ്ടെത്തുമെന്നും വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് പാക്കേജ് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്നും പ്രഭാകരൻ കമ്മീഷൻ നിർദ്ദേശിച്ച പ്രവൃത്തികൾ നടപ്പാക്കാനാണിതെങ്കിൽ കാസർഗോഡ് പാക്കേജിന് ഇതുവരെ എത്ര പണം അനുവദിച്ചുവെന്നും പാക്കേജിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾ പൂർത്തിയാക്കിയെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പ്രഭാകരൻ കമ്മീഷൻ നിർദ്ദേശിച്ച പ്രവൃത്തികൾ മാത്രമാണോ കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യുക എന്ന് വ്യക്തമാക്കാമോ; റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും പ്രവൃത്തികൾ കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി ചെയ്തിട്ടുണ്ടോ; എങ്കിൽ ആ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(എഫ്) പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പറയാത്ത പ്രവൃത്തികൾ കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യരുതെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; അങ്ങനെ തീരുമാനമുണ്ടെങ്കിൽ കമ്മീഷൻ റിപ്പോർട്ടിൽ നിർദ്ദേശിക്കാത്ത പ്രവൃത്തികൾ കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി മുമ്പ് ചെയ്തതത് ഏത് സാഹചര്യത്തിലായിരുന്നു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തെ സംബന്ധിച്ച് പഠനം നടത്തി ജില്ലയ്ക്ക് വികസന കാഴ്ചപ്പാടുള്ള പദ്ധതികൾ രൂപീകരിക്കുന്നതിനായി മുൻ ചീഫ് സെക്രട്ടറി ഡോ. വി. പ്രഭാകരനെ 31-5-2012-ലെ സ.ഉ.(കൈ) 220/12/റവ. ഉത്തരവ് പ്രകാരം സർക്കാർ നിയോഗിച്ചിരുന്നു. 2012 ഒക്ടോബറിൽ ഡോ. പി. പ്രഭാകരൻ കാസർഗോഡ് വികസന റിപ്പോർട്ട് സമർപ്പിച്ചു.

(ബി) കാലാവധി ആറുമാസം. ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) കാസർഗോഡ് ജില്ലയുടെ വികസനത്തിനുവേണ്ടി 11,123.07 കോടി രൂപയുടെ വികസന പാക്കേജാണ് പ്രഭാകരൻ കമ്മീഷൻ നിർദ്ദേശിച്ചത്. ഇതിൽ 2,524.56 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായും 756.19 കോടി രൂപ കേന്ദ്ര സർക്കാരിന്റെ വിഹിതമായും 543 കോടി രൂപ പുറമെനിന്നുള്ള ഏജൻസിയുടെ വിഹിതമായും 35.16 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതമായും 7,264.16 കോടി രൂപ സ്വകാര്യ പങ്കാളിത്തവും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഹിതമായും കണ്ടെത്താനാണ് കമ്മീഷൻ നിർദ്ദേശിച്ചിരുന്നത്.

(ഡി) കാസർഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വേണ്ടി ഡോ. പ്രഭാകരൻ കമ്മീഷൻ തയ്യാറാക്കിയ സമഗ്ര വികസന പദ്ധതികൾ ഉൾപ്പെടുന്ന റിപ്പോർട്ടിനെയാണ് കാസർഗോഡ് പാക്കേജ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ' 2551-60-101-97 കാസർഗോഡ് പാക്കേജ് ' എന്ന ശീർഷകത്തിൽ ഇതുവരെയായി 457.98 കോടി രൂപയാണ് സർക്കാർ ബഡ്ജറ്റിലൂടെ അനുവദിച്ചിട്ടുള്ളത്. സർക്കാരിൽനിന്ന് അംഗീകാരം ലഭിച്ച 279 പദ്ധതികളിൽ 131 പദ്ധതികൾ ഇതുവരെയായി പൂർത്തീകരിച്ചിട്ടുണ്ട്. പാക്കേജിൽ ഭരണാനുമതി ലഭിച്ച ചില പദ്ധതികൾ പൊതുപദ്ധതികളാണ് (ഒന്നിലേറെ മണ്ഡലങ്ങളുമായി ബന്ധപ്പെട്ടവ) (അനുബന്ധം) പൂർത്തീകരിച്ച പ്രവൃത്തികളുടെ മണ്ഡലം തിരിച്ചുള്ള പട്ടികയും പൊതുപദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധം* ചേർത്തിട്ടുണ്ട്.

(ഇ) ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ ശിപാർശ ചെയ്ത പദ്ധതികൾ മാത്രമേ കാസർഗോഡ് വികസന പാക്കേജിൽ പരിഗണിക്കാൻ കഴിയുകയുള്ളൂ. കമ്മീഷൻ റിപ്പോർട്ടിൽ ഉൾപ്പെടാത്ത 9 പ്രവൃത്തികൾക്ക് കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(എഫ്) ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിക്കാത്ത പദ്ധതികൾ കാസർഗോഡ് പാക്കേജിൽ പരിഗണിക്കാൻ കഴിയില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തീരുമാനത്തിന്റെ പകർപ്പ് അനുബന്ധം* ആയി ചേർക്കുന്നു. ചില പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ചാണ് മുൻ വർഷങ്ങളിൽ പാക്കേജിൽ ഉൾപ്പെടാത്ത പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ

25(3806) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമുഖത്തും പൊഴിമുഖത്തും പ്ലാസ്റ്റിക് മാലിന്യങ്ങൾ വർദ്ധിച്ചത് കാരണം കായലിൽനിന്നും സുഗമമായ രീതിയിൽ അഴിമുഖം വഴി കടലിലേയ്ക്ക് ജലം കടന്ന് പോകുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ തടയുവാൻ നടപടി സ്വീകരിക്കുമോ;

(സി) തോടുകളിലും പുഴകളിലും നദികളിലും കായലുകളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ തടയുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ശംഖുംമുഖം പോലുള്ള കടൽത്തീരങ്ങൾ കടലെടുക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇത്തരത്തിൽ കടലെടുത്ത തീരങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) കടൽത്തീരങ്ങൾ സംരക്ഷിക്കുവാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഇതിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത നടപടികൾക്ക് ചുമതലപ്പെട്ട വകുപ്പ് ഏതാണെന്നുള്ള വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കടലിലേയ്ക്ക് പൊഴികൾ വഴി എത്തിച്ചേരുന്ന പ്ലാസ്റ്റിക് മാലിന്യം എക്കൽ/മണൽ എന്നിവയുമായി കലർന്ന് നീരൊഴുക്കിന്റെ വേഗത കുറയ്ക്കുന്നുണ്ട്.

(ബി&സി) നദികൾ/കായലുകൾ എന്നിവ വഴി കടലിലേയ്ക്ക് എത്തിച്ചേരുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ തോത് കുറയ്ക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക് ശേഖരിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഇതോടൊപ്പം നദികൾക്ക് കുറുകെയുള്ള പാലങ്ങളിൽ കമ്പിവല കൊണ്ടുള്ള വേലി നിർമ്മിച്ച് മാലിന്യ നിക്ഷേപം തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജലസ്രോതസ്സുകളിൽ മാലിന്യനിക്ഷേപം തടയുന്നതിന്റെ ഭാഗമായി ശിക്ഷാ നടപടികൾ വർദ്ധിപ്പിക്കുന്ന നിയമ ഭേദഗതിയും കൊണ്ടു വന്നിട്ടുണ്ട്. മാലിന്യം നിക്ഷേപിക്കുന്നവർക്ക് ഒരു വർഷത്തിൽ കുറയാത്തതും മൂന്ന് വർഷത്തിൽ അധികരിക്കാത്തതുമായ തടവും ഒപ്പം പരമാവധി രണ്ട് ലക്ഷം രൂപ പിഴയും വിധിക്കും വിധമാണ് നിയമത്തിൽ മാറ്റംവരുത്തിയിട്ടുള്ളത്.

(ഡി) ഉണ്ട്. കേരളത്തിന്റെ തീരപ്രദേശത്ത് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റുമൂലവും 2018 ആഗസ്റ്റിൽ ഉണ്ടായ മഹാപ്രളയവും കാരണം കേരള കടൽ തീരങ്ങളിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രധാനപ്പെട്ട തീരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഇ) കടൽത്തീരങ്ങൾ സംരക്ഷിക്കുന്നതിന് പ്രധാനമായും കടൽഭിത്തി/ പുലിമുട്ടുനിർമ്മാണം, തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. കൂടാതെ ജിയോ ട്യൂബ് ഉപയോഗിച്ചും കടൽഭിത്തി നിർമ്മാണം നടത്താറുണ്ട്. മേൽപ്പറഞ്ഞ പ്രവൃത്തികൾ കടൽത്തീരത്തിന്റെ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ അടിയന്തര ഘട്ടങ്ങളിൽ Rubble Mount Wall നിർമ്മിച്ചും താൽക്കാലിക പ്രതിരോധ പ്രവർത്തനങ്ങൾ ചെയ്യാറുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി Plan head-ൽ 46 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(എഫ്) നിലവിൽ കേരളത്തിലെ കടൽത്തീരങ്ങളുടെ സംരക്ഷണം പ്രധാനമായും ജലസേചന വകുപ്പിന്റെ കീഴിലാണ്. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും ചില സ്ഥലങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

## ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട്

26(3807) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം പ്ലാന്റേഷന്റെയും പെരുമ്പാവൂർ കുന്നത്താൻ ഇൻഡസ്ട്രീസ് കമ്പനിയുടെയും കൈവശമുള്ള ഭൂമിയിലെ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ട് 22-10-2018-ൽ മുഖ്യമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചിരുന്നുവോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റി, റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് 2,500 രൂപയിൽ നിന്നും 1,000 രൂപയായി കുറയ്ക്കുന്നതിന് ശിപാർശ ചെയ്തിരുന്നെങ്കിലും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സീനിയറേജ് പൂർണ്ണമായും ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ; ഇതുമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട മന്ത്രിമാരുടെയും മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെയും തോട്ടം ഉടമകളുടെ പ്രതിനിധികളുടെയും ഒരു യോഗം 23-10-2018-ന് കൂടിയിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് ഉള്ളടക്കം* ചെയ്യുന്നു.

(ബി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടിൽ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങളിൽ 5-ാമത് നിർദ്ദേശം "തോട്ടങ്ങളിൽനിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചുമാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം" എന്നതായിരുന്നു. എന്നാൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റിയുടെ ശിപാർശ, സീനിയറേജ് നിരക്ക് 2,500 രൂപയിൽനിന്നും 1,000 രൂപയായി കുറയ്ക്കണം എന്നതായിരുന്നു. തുടർന്ന് 26-2-2018-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്യോഗസ്ഥന്മാരുടെയും ട്രേഡ് യൂണിയൻ നേതാക്കളുടെയും മീറ്റിംഗിൽ ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു. റബ്ബർ മരങ്ങൾ മുറിച്ചുമാറ്റാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ റീപ്ലാന്റിംഗിന് അവസരം സൃഷ്ടിക്കുന്നതിനായി സീനിയറേജ് ഒഴിവാക്കുന്നത് പരിഗണിക്കുന്നതാണെന്ന തീരുമാനം കൈക്കൊള്ളുകയാണുണ്ടായത്. തുടർന്ന് സീനിയറേജ് ഒഴിവാക്കി 27-6-2018-ൽ സ.ഉ.(കൈ)നമ്പർ 24/2018/വനം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യം പരിഗണിച്ചും കൃഷ്ണൻനായർ കമ്മീഷൻ ശിപാർശ കണക്കിലെടുത്തുമാണ് സീനിയറേജ് ഒഴിവാക്കിയിട്ടുള്ളത്. സീനിയറേജ് ഒഴിവാക്കിയതുമൂലം സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടില്ല.

**കസ്തൂരിരംഗൻ, ഗാഡ്ഗിൽ റിപ്പോർട്ടുകൾ**

27(3808) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ, ഗാഡ്ഗിൽ റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്ത് പരിസ്ഥിതിലോല മേഖലയായി പ്രഖ്യാപിച്ചിരിക്കുന്ന എത്ര വില്ലേജുകളാണ് ഉള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ചുള്ള അന്തിമ വിജ്ഞാപനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാർ ഇത് സംബന്ധിച്ച് നൽകിയ ശിപാർശകൾ അംഗീകരിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്തെ ജനവാസ മേഖലകൾ ഉൾപ്പെടുന്ന വില്ലേജുകൾ പരിസ്ഥിതിലോല മേഖലയിൽ ഉൾപ്പെട്ടിരിക്കുന്നതുമൂലം ഭാവിയിൽ ഇവിടെ നിന്നും ജനങ്ങൾ കുടിയൊഴിഞ്ഞ് പോകേണ്ട സാഹചര്യം നിലവിലുണ്ടോ;

(ഇ) ഇ.എസ്.എ. പരിധി എത്ര ആയിട്ടാണ് ഈ റിപ്പോർട്ടുകൾ പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്; ഇത് കൂടാതെ ബഫർ സോണുകൾ എന്നിവകൂടി ഇതിൽ ഉൾപ്പെടുത്തുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പശ്ചിമഘട്ട സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ നിയോഗിച്ച കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 3-10-2018-ലെ വിജ്ഞാപന പ്രകാരം പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെടുന്ന 123 വില്ലേജുകളാണ് സംസ്ഥാനത്ത് പരിസ്ഥിതിലോല മേഖലയായി രേഖപ്പെടുത്തിയിട്ടുള്ളത്. കസ്തൂരിരംഗൻ, ഗാഡ്ഗിൽ എന്നീ റിപ്പോർട്ടുകളിൽ കസ്തൂരിരംഗൻ കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പാക്കാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ കരട് വിജ്ഞാപനത്തിലുള്ള 123 വില്ലേജുകളുടെ ലിസ്റ്റ് (Hindi Version) അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇതുസംബന്ധിച്ച് അന്തിമവിജ്ഞാപനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) കേരളത്തിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് ജനവാസ കേന്ദ്രങ്ങളേയും കൃഷിയിടങ്ങളേയും പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നും Protected areas, World Heritage sites, Reserved Forests എന്നിവയെ മാത്രമെ ESA-ൽ ഉൾപ്പെടുത്താവൂയെന്നും 92 വില്ലേജുകളിലായി 8656.46 ച.കി.മീ. സ്ഥലം മാത്രം ESA ആയി നിശ്ചയിക്കാവൂ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്നുമാണ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുള്ളത്. പ്രസ്തുത ശിപാർശകൾ പരിഗണിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയമാണ്. എന്നാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 3-10-2018-ൽ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ 123 വില്ലേജുകളെയാണ് പരിസ്ഥിതിലോല മേഖലയായി രേഖപ്പെടുത്തിയിട്ടുള്ളത്.

(ഡി) പ്രസ്തുത വില്ലേജുകളിലെ ജനവാസ മേഖലകളിൽനിന്നും ജനങ്ങൾ ഒഴിഞ്ഞുപോകണമെന്ന വ്യവസ്ഥ കേന്ദ്ര സർക്കാരിന്റെ കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഇ) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 3-10-2018-ലെ കരട് വിജ്ഞാപനത്തിൽ സംസ്ഥാനത്തെ 123 വില്ലേജുകളിലെ ആകെ 9993.7 ച.കി.മീ. പ്രദേശം പരിസ്ഥിതി ലോലമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത 123 വില്ലേജുകളിൽ നിന്നും ജനവാസ മേഖലകളെ ഒഴിവാക്കി 92 വില്ലേജുകളിലായി 8656.46 ച.കി.മീ. സ്ഥലം മാത്രം ESA ആയി നിശ്ചയിക്കണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളത്. കസ്തൂരിരംഗൻ റിപ്പോർട്ടിൽ Buffer Zone-നെ കുറിച്ച് പ്രതിപാദിച്ചിട്ടില്ല.

**കാലാവസ്ഥാ വ്യതിയാനത്തിൽ നഗരവൽക്കരണത്തിനുള്ള പങ്ക്**

28(3810) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 100 വർഷത്തിനിടയിലെ ഏറ്റവും വലിയ അളവിലുള്ള വൃഷ്ടിക്കും തുടർന്നുണ്ടായ പ്രളയത്തിനുശേഷം സംസ്ഥാനത്ത് വരൾച്ചക്ക് സമാനമായ അവസ്ഥ സംജാതമായത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നഗരവല്ക്കരണംമൂലം പ്രദേശങ്ങളുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ താറുമാറായതും തണ്ണീർത്തടങ്ങളും നെൽപ്പാടങ്ങളും നികത്തി കോൺക്രീറ്റ് കെട്ടിടങ്ങളും റോഡുകളും ഉയർത്തിയതും മണ്ണിന് പകരം ടൈലുകൾ പാകുന്നതും തന്മൂലം സ്വാഭാവിക പരിസ്ഥിതിക്ക് വ്യതിയാനം വരുന്നതും വിലയിരുത്തിയിട്ടുണ്ടോ;

(സി) കേരളത്തിലെ കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ഒരു സമഗ്ര പഠനം നടത്തുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ;

(ഡി) കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാൻ കഴിയുന്ന ഏതൊക്കെ പദ്ധതികളും സംവിധാനങ്ങളുമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയം പരിസ്ഥിതിക്കേൽപ്പിച്ച ആഘാതങ്ങളെക്കുറിച്ച് സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ ജൈവ പരിപാലന സമിതികൾ പഠനം നടത്തിവരുന്നു.

(ബി) വിലയിരുത്തിയിട്ടില്ല.

(സി) കാലാവസ്ഥാ വ്യതിയാന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള പഠനം നടത്താവുന്നതാണ്. സമഗ്രമായ പഠനങ്ങൾ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന കാര്യാലയത്തിന്റെ പ്ലാൻ സ്കീമുകളായി പരിസ്ഥിതി ഗവേഷണവും വികസനവും, കാലാവസ്ഥാ വ്യതിയാനം എന്നിവയിൽ ഉൾപ്പെടുത്തി നടത്താവുന്നതാണ്.

(ഡി) 2014-ൽ തയ്യാറാക്കിയ കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതിയുടെ (SAPCC) നവീകരണം നടപ്പാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് പുതുക്കിയ SAPCC (State Action Plan on Climate Change) നിലവിൽവരുന്നതോടുകൂടി സംസ്ഥാമൊട്ടാകെയുള്ള കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നതാണ്. പരിസ്ഥിതി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ തദ്ദേശീയ കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതിയുടെ ആവിഷ്കരണത്തിനും നടത്തിപ്പിനുമായി തദ്ദേശീയ കാലാവസ്ഥാ വ്യതിയാന സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. കാർബൺ ഫുട്ട് പ്രിന്റ് കണക്കാക്കുന്നതിനും അത് കുറയ്ക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കാലാവസ്ഥാ വ്യതിയാനത്തിന് അനുകൂലമായ പുതിയ കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട സാമ്പത്തിക സഹായം കാലാവസ്ഥാ അനുരൂപ കൃഷി എന്ന ശീർഷകത്തിന് കീഴിൽ ചെയ്തു വരുന്നു.

**സി.ആർ. ഇസഡ്. ചട്ടങ്ങളിൽ ഇളവുകൾ**

29(3811) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഇസഡ്. ചട്ടങ്ങളിൽ ഇളവുകൾ വരുത്തിക്കൊണ്ടുള്ള ഏതെങ്കിലും ഭേദഗതി ഉത്തരവുകൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) നിലവിലെ ചട്ടങ്ങളിൽ വരുത്തുന്ന ഭേദഗതികളെക്കുറിച്ച് സംസ്ഥാന സർക്കാരിനോട് കേന്ദ്ര സർക്കാർ അഭിപ്രായം / നിർദ്ദേശം ആവശ്യപ്പെട്ടിരുന്നോ;

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ നൽകിയതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സി.ആർ.ഇസഡ് ചട്ടങ്ങളിൽ ഇളവുകൾ വരുത്തിക്കൊണ്ടുള്ള ഭേദഗതി ഉത്തരവുകളൊന്നും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ലഭിച്ചിട്ടില്ല.

(ബി&സി) ജനുവരി 6-ന് തീരദേശ നിയന്ത്രണ വിജ്ഞാപനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചു. തീരദേശ പരിപാലന നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഡോ. ഷൈലേഷ് നായിക് അദ്ധ്യക്ഷനായി 2014 ജൂൺ 17-ന് കേന്ദ്ര സർക്കാർ ഒരു സമിതി രൂപീകരിച്ചു. ടി സമിതി 2014 ആഗസ്റ്റ് 22-ന് കേരളം സന്ദർശിക്കുകയും മുഖ്യമന്ത്രിയുമായും ചീഫ് സെക്രട്ടറി ഉൾപ്പെടെ വിവിധ ഉദ്യോഗസ്ഥരുമായും CRZ നിയമം നടപ്പിലാക്കുമ്പോൾ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ചർച്ച ചെയ്തു. 2014 ഒക്ടോബർ 27-ന് കേരളമുൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളുമായി ന്യൂഡൽഹിയിൽവച്ച് വീണ്ടും ചർച്ച നടത്തി. അതിനു ശേഷം 2015 ജനുവരിയിൽ തീരദേശ മേഖലയിൽ ഭവന നിർമ്മാണത്തിനും മറ്റും ഇളവ് നൽകുന്നതിന് ശിപാർശ ചെയ്ത് വിശദമായ റിപ്പോർട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് കമ്മിറ്റി സമർപ്പിച്ചിരുന്നു.

## തീരദേശ പരിപാലന അതോറിറ്റിയിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ

30(3812) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിലെ ഇരവിപുരം നിയോജകമണ്ഡലത്തിൽ, പുതിയ വീട് നിർമ്മിക്കുന്നതിനും പഴയ വീട് പുതുക്കി പണിയുന്നതിനുമായി തീരദേശ പരിപാലന അതോറിറ്റിയിൽ സമർപ്പിക്കപ്പെട്ട എത്ര അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കേരള തീരദേശ പരിപാലന അതോറിറ്റിയിൽ CRZ ക്ലിയറൻസിനായുള്ള അപേക്ഷകൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

അപേക്ഷകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന അധികാരി മുഖേനയാണ് കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിക്കുന്നത്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭിക്കുന്നവയുടെ അടിസ്ഥാനത്തിലാണ് കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ടി അപേക്ഷകൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നത്. കൊല്ലം ജില്ലയിൽ മൊത്തം 94 അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട്. ഇതിൽ 86 അപേക്ഷകളിൽ അധിക വിവരങ്ങൾ സമർപ്പിക്കുവാൻ ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കെ.എ.എസ്.-ന്റെ എല്ലാ സ്കീമുകളിലും സംവരണം

31(3813) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് സർക്കാർ അംഗീകരിച്ച നിയമന വ്യവസ്ഥകൾ പ്രകാരം രണ്ട് മൂന്ന് വിഭാഗങ്ങളിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതുമൂലം പൊതുവിഭാഗത്തിൽ 83.5 ശതമാനം പേർക്ക് നിയമനം ലഭിക്കുമ്പോൾ മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കെല്ലാം കൂടി 16.5 ശതമാനം നിയമനം മാത്രമെ ലഭിക്കുകയുള്ളൂവെന്ന സ്ഥിതി സംജാതമായേക്കാമെന്ന് കരുതുന്നുണ്ടോ;

(സി) ഒരു പുതിയ തസ്തികയിലേക്കുള്ള നിയമനമെന്ന നിലയ്ക്ക് ഇതര സർക്കാർ നിയമനങ്ങളിലെന്നതുപോലെ കെ.എ.എസ്.-ൻെറ കാര്യത്തിലും എല്ലാ പിന്നാക്കസമുദായങ്ങൾക്കും ജാതി തിരിച്ചുള്ള സംവരണം ഉറപ്പുവരുത്തേണ്ടത് ഭരണഘടനാപരമായി സർക്കാരിന്റെ ഉത്തരവാദിത്തവും ബാധ്യതയുമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഇല്ല. കെ.എസ്. & എസ്.എസ്.ആർ. ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനങ്ങൾക്ക് സംവരണം ബാധകമാണ്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ Stream II, III വിഭാഗങ്ങളിൽ ജീവനക്കാരിൽനിന്നുള്ള തസ്തികമാറ്റം വഴിയുള്ള നിയമനമാണ് തീരുമാനിച്ചിരിക്കുന്നത്. തസ്തികമാറ്റ നിയമനത്തിന് സംവരണം ബാധകമല്ല. ഏതൊരു സർവ്വീസിലെയും ഏതൊരു കാറ്റഗറിയിലെയും നിശ്ചിത എണ്ണം തസ്തികകൾ റിസർവ് ചെയ്ത് പട്ടികജാതി പട്ടിവർഗ്ഗ വിഭാഗക്കാരിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നേരിട്ട് നിയമനം നടത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം II ചട്ടം 17 A-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭരണപരിഷ്കാര കമ്മീഷൻ

32(3814) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ രൂപീകരിച്ച ഭരണപരിഷ്കാര കമ്മീഷന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം എന്നറിയിക്കാമോ;

(ബി) പ്രസ്തുത കമ്മീഷൻ ഇതുവരെ ഏതൊക്കെ ശിപാർശകൾ സർക്കാരിന് സമർപ്പിച്ചു; പ്രസ്തുത ശിപാർശകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ?

ഉത്തരം

(എ) കമ്മീഷന്റെ രൂപീകരണത്തിനുശേഷം വിജിലൻസ് സംവിധാനം - പരിഷ്കരണം, Capacity Development of Civil Servants – Kerala, എന്നിങ്ങനെ ശിപാർശകൾ അടങ്ങിയ 2 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. പൗരകേന്ദ്രീകൃത സേവനങ്ങൾ, ഉദ്യോഗസ്ഥ പരിഷ്കരണം, സുസ്ഥിര വികസനം, ഭരണപരമായ പ്രശ്നങ്ങൾ, സെക്രട്ടേറിയറ്റ് പരിഷ്കരണം എന്നീ വിഷയങ്ങളിൽ ശിപാർശ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള പഠന പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിവിധ മേഖലകളിൽ നടത്തുന്ന പഠന പ്രവർത്തനത്തെ സഹായിക്കുന്നതിന് അതാത് മേഖലകളിൽ അറിവും അനുഭവസമ്പത്തും പ്രാവീണ്യവുമുള്ളവരെ ഉൾപ്പെടുത്തി ഉപദേശക സമിതികളും വിദഗ്ദ്ധ സമിതികളും ഉപസമിതികളും രൂപീകരിച്ചിട്ടുണ്ട്.

(ബി) 2 ശിപാർശാ റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളത്.

1. വിജിലൻസ് സംവിധാനം - പരിഷ്കരണം
2. Capacity Development of Civil Servants – Kerala

മേൽ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

## പി.എസ്.സി. അംഗീകൃത കമ്പ്യൂട്ടർ കോഴ്സുകളും സ്ഥാപനങ്ങളും

33(3815) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും കമ്പ്യൂട്ടർ യോഗ്യത നിർബന്ധമാക്കിയ തസ്തികകൾക്ക് ഏതൊക്കെ സ്ഥാപനങ്ങളുടെ ഏതൊക്കെ കോഴ്സുകളാണ് പി.എസ്.സി. അംഗീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ഒരു പ്രത്യേക കമ്പ്യൂട്ടർ സിലബസ് തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, സർക്കാർ വകുപ്പുകൾ, സർക്കാർ അംഗീകൃത ബോർഡുകൾ, അംഗീകൃത യൂണിവേഴ്സിറ്റികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ നൽകുന്ന " കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് സർട്ടിഫിക്കറ്റ് " അംഗീകരിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റ്, കേരള പി.എസ്.സി., ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ് തുടങ്ങിയവയിലെ അസിസ്റ്റന്റ് നിയമനത്തിന്റെ യോഗ്യതയായി 6 മാസത്തിൽ കുറയാത്ത Diploma in Computer Application or Equivalent നിശ്ചയിച്ചിരുന്നു. ടി യോഗ്യതയ്ക്ക് തത്തുല്യമോ ആയതിനേക്കാൾ ഉയർന്നതോ ആയി അംഗീകരിച്ചിട്ടുള്ള യോഗ്യതകളും കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെയും സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഉദ്ദേശിക്കുന്നില്ല.

## പി.എസ്.സി. വഴിയുള്ള നിയമനം വേഗത്തിലാക്കുന്നതിനുള്ള നടപടികൾ

34(3816) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഴിവുള്ള തസ്തികകളിൽ പലതിലും പി.എസ്.സി. വഴിയുള്ള നിയമനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാറ്റഗറി നം.387/2014 പ്രകാരം എൽ.പി.എസ്.എ തസ്തികയിൽ നിയമന നടപടികൾ 4 വർഷം പിന്നിട്ടിട്ടും വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽ സൂചിപ്പിച്ച തസ്തികയിലെ നിയമന നടപടികൾ വേഗത്തിലാക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്നുണ്ട്.

(ബി&സി) റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പി.എസ്.സി. പരീക്ഷകളുടെ റാങ്ക് ലിസ്റ്റ്

35(3817) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-1-2018-ന് നടന്ന എച്ച്.എസ്.എസ്.ടി. (മാത്തമാറ്റിക്സ്) തസ്തികയിലേക്കുള്ള പരീക്ഷയുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടുണ്ടോ;ഷോർട്ട് ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കും എന്ന് വ്യക്തമാക്കാമോ; പി.എസ്.സി.പരീക്ഷകളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് വേഗത്തിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) എച്ച്.എസ്.എസ്.ടി. ജൂനിയർ മലയാളം റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ മിക്ക സ്കൂളുകളിലും ഗസ്റ്റ് അദ്ധ്യാപകരാണ് ജോലി ചെയ്യുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എച്ച്.എസ്.എസ്.ടി. ജൂനിയർ മലയാളം പുതിയ റാങ്ക് പട്ടിക പുറപ്പെടുവിക്കുവാൻ പി.എസ്.സി.യോട് നിർദ്ദേശം നൽകുമോ;വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ചുരുക്കപ്പട്ടിക അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

(ബി&സി) ഉണ്ട്. ടി തസ്തികയുടെ ചുരുക്കപ്പട്ടിക അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

## കേരള പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിലെ തസ്തികകളിലേയ്ക്ക് നിയമനം

36(3818) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിലെ എൻവയോൺമെന്റ് സയന്റിസ്റ്റ്, എൻവയോൺമെന്റൽ ഓഫീസർ, എൻവയോൺമെന്റൽ പ്രോഗ്രാം മാനേജർ എന്നീ തസ്തികകളിലേയ്ക്ക് പി.എസ്.സി. എന്നാണ് അപേക്ഷ ക്ഷണിച്ചതെന്നും എന്നാണ് പരീക്ഷ നടത്തിയതെന്നും തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിലേതിലെങ്കിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത്; തസ്തിക തിരിച്ച് അറിയിക്കാമോ;

(സി) ഈ തസ്തികകളിൽ എത്രപേർക്ക് ഇതിനോടകം നിയമനം നൽകിയിട്ടുണ്ട്; തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ടി തസ്തികകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ച തീയതി, പരീക്ഷ നടത്തിയ തീയതി എന്നിവ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | അപേക്ഷ ക്ഷണിച്ച തീയതി | പരീക്ഷ നടത്തിയത് |
|---|---|---|---|
| 1 | എൺവയോൺമെന്റൽ സയന്റിസ്റ്റ് | 10-3-2016 | 12-4-2017 |
| 2 | എൺവയോൺമെന്റൽ ഓഫീസർ | 13-5-2014 | 3-4-2017 |
| 3 | എൺവയോൺമെന്റൽ പ്രോഗ്രാം മാനേജർ | 29-12-2015 | 31-1-2017 |

(ബി) മൂന്ന് തസ്തികകളുടെയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തസ്തിക | റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി |
|---|---|---|
| 1 | എൺവയോൺമെന്റൽ സയന്റിസ്റ്റ് | 27-09-2017 |
| 2 | എൺവയോൺമെന്റൽ ഓഫീസർ | 11-10-2017 |
| 3 | എൺവയോൺമെന്റൽ പ്രോഗ്രാം മാനേജർ | 11-5-2017 |

(സി) ടി തസ്തികകളുടെ നിയമനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | നിയമന ശിപാർശകളുടെ എണ്ണം |
|---|---|---|
| 1 | എൺവയോൺമെന്റൽ സയന്റിസ്റ്റ് | 2 |
| 2 | എൺവയോൺമെന്റൽ ഓഫീസർ | 2 |
| 3 | എൺവയോൺമെന്റൽ പ്രോഗ്രാം മാനേജർ | 2 |

## വയനാട് ജില്ലയിൽ പി.എസ്.സി. വഴിയുള്ള നിയമനം

37(3819) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ വിവിധ വകുപ്പുകൾക്ക് കീഴിൽ എത്ര പേർക്ക് പി.എസ്.സി. വഴി വിവിധ തസ്തികകളിൽ നിയമനം നൽകി;

(ബി) വകുപ്പ്, തസ്തിക എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ വിവിധ വകുപ്പുകൾക്ക് കീഴിൽ വിവിധ തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നൽകിയ പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1767 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) വകുപ്പ്, തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(സി) 102 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട് വിശദാംശം അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

## കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ നിയമനം

38(3820) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൽ അനാവശ്യമായ കാലതാമസം ഉണ്ടാകുന്നതായുള്ള മാധ്യമ വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) കോമേഴ്സ് അദ്ധ്യാപക തസ്തികയിലേയ്ക്ക് 2012-നുശേഷം ഏതെങ്കിലും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് നാളിതുവരെ എത്ര ഒഴിവുകൾ പി.എസ്.സി.-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;വിശദമാക്കാമോ;

(ഡി) ഈ വർഷം യോഗ്യത കാലാവധി കഴിയുന്നവർക്കുകൂടി അപേക്ഷിക്കാൻ സാഹചര്യം ഒരുക്കുന്ന തരത്തിൽ വിജ്ഞാപനം അടിയന്തരമായി പുറപ്പെടുവിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ലക്ചറർ ഇൻ കോമേഴ്സ് തസ്തികയുടെ തെരഞ്ഞെടുപ്പിനായി 30-11-2012 ഗസറ്റ് തീയതിയിലെ 592/12 കാറ്റഗറി നമ്പർ വിജ്ഞാപനപ്രകാരമുള്ള റാങ്ക് ലിസ്റ്റ് 6-3-2018 മുതൽ പ്രാബല്യത്തിലുണ്ട്.

(സി) 1-6-2019-ൽ നിലവിൽ വരുന്ന ഒരു പ്രതീക്ഷിത ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത തസ്തികയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് ഒരു വർഷംപോലും പൂർത്തിയാകാത്ത സാഹചര്യത്തിൽ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് പി.എസ്.സി. തീരുമാനം എടുത്തിട്ടില്ല.

## ഉയർന്ന യോഗ്യതകൾ ഉള്ള തസ്തികകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിയമനങ്ങൾ

39(3821) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉയർന്ന ഡിഗ്രി യോഗ്യതകൾ ആവശ്യമായുള്ള തസ്തികകളിലെ പി.എസ്.സി. നിയമനങ്ങളിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംവരണം കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ;

(ബി) പി.എസ്.സി.-ൽ സംവരണ തത്വം ഉണ്ടെങ്കിലും, ഉയർന്ന യോഗ്യതകൾ ആവശ്യമായുള്ള നിയമനങ്ങളിൽ വയനാട് പോലുള്ള പിന്നോക്ക ജില്ലയിൽ നിന്നുള്ള പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ നിയമനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ; ഇത്തരക്കാർക്കായുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് കാര്യക്ഷമമായി നടക്കുന്നുണ്ടോ;

(സി) അസിസ്റ്റന്റ് ഗ്രേഡ് II, കാഷ്യർ (കമ്പനി, കോർപ്പറേഷൻ, ബോർഡുകൾ), യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തുടങ്ങിയ നിയമനങ്ങളിൽ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ പ്രാതിനിധ്യം എത്ര ശതമാനമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) 2 ശതമാനം.

## ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

40(3822) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ വിജിലൻസ് സെൽ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ വിവിധ സർക്കാർ ഓഫീസുകളിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ പൂഴ്ത്തിവച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ വകുപ്പ് മേധാവികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ ഓൺലൈനിൽ അറിയിക്കുവാനുള്ള വരം എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ടോ; അതിലൂടെ ഒഴിവുകൾ പി.എസ്.സി.ക്ക് കാലവിളംബം കൂടാതെ റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ജീവനക്കാർ വിരമിക്കുന്നതുമൂലം ഉണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെ എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.-യെ അറിയിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകി വരുന്നുണ്ടെങ്കിലും ചില സർക്കാർ ഓഫീസുകൾ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിലേക്കായി 2016 ഡിസംബർ, 2018 ജനുവരി, 2018 മാർച്ച്, 2018 ജൂൺ എന്നീ മാസങ്ങളിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പ്രധാന ആഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തുകയും ടി കാലയളവിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-ലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കാലാകാലം നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണവകുപ്പുകളോട് ശിപാർശ ചെയ്യുന്നതാണ്.

(സി) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി വികസിപ്പിച്ച VARAM (Vacancy Arising Reporting and Monitoring System) എന്ന സോഫ്റ്റ്‌വെയർ മുഖേന പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ വിശദാംശങ്ങൾ സർക്കാരിനെ അറിയിക്കാൻ നിർദ്ദേശം നൽകിയിരുന്നു. പി.എസ്.സി. വികസിപ്പിച്ചെടുത്ത ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖേന ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യുവാനും എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ പി.എസ്.സി.-യുടെ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖേന റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്.

**യോഗ്യതയിൽ പി.എസ്.സി. വരുത്തിയ മാറ്റം**

41(3823) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടിഫിക്കേഷനിൽനിന്നും വ്യത്യസ്തമായി ഹൈസ്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) തസ്തികയുടെ യോഗ്യതയിൽ പി.എസ്.സി. വരുത്തിയ മാറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മറ്റു വിഷയങ്ങൾക്കില്ലാത്ത സബ്സിഡിയറി യോഗ്യത മാനദണ്ഡം ഫിസിക്കൽ സയൻസ് വിദ്യാർത്ഥികൾക്ക് മാത്രം ബാധകമാക്കിയതിന് പി.എസ്.സി. നൽകുന്ന വിശദീകരണം എന്താണ്;

(സി) സബ്സിഡിയറി വിഷയം നോക്കാതെ തന്നെ ഫിസിക്കൽ സയൻസ് വിദ്യാർത്ഥികൾക്ക് എച്ച്.എസ്.എ. തസ്തികയിൽ നിയമനം നൽകുന്നതിനും പി.എസ്.സി.-യുടെ തീരുമാനം പുനഃപരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പി.എസ്.സി. നടത്തിയ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് പരീക്ഷയുടെ വിജ്ഞാപന പ്രകാരമുള്ള യോഗ്യത ചുവടെ ചേർക്കുന്നു:

A Degree in the concerned subject and B.Ed/BT in the concerned subject conferred or recognised by the Universities in Kerala. The applicant should have taken Physics/Chemistry as main subject for graduation.

Degree in Geology (Main) with Physics and Chemistry as subsidiary subject with B.Ed Degree (Physical Science) can also be considered as an alternative qualification and the candidates who have acquired B.Sc Ed in Physics, Chemistry, Mathematics stream conducted by the Regional Institute of Education, Mysore of NCERT are also eligible to apply for the post.

എന്നാൽ ബഹു. KAT-ന്റെ അന്തിമ ഉത്തരവ് പ്രകാരമാണ് എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) തസ്തികയിലേയ്ക്ക് ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾ മെയിനായോ സബ്സിഡിയറിയായോ പഠിച്ചിരിക്കണമെന്ന് നിർബന്ധമാക്കിയിട്ടുള്ളത്.

(സി) എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിൽ സബ്സിഡിയറി വിഷയങ്ങളുടെ പേരിൽ നിയമനം ലഭിക്കാത്തതിനെ തുടർന്ന് നിരവധി ഉദ്യോഗാർത്ഥികൾ സർക്കാരിൽ പരാതിപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ബിരുദതലത്തിൽ സബ്സിഡിയറി വിഷയങ്ങൾ പരിഗണിക്കണോ അതോ ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിലൊന്ന് ബിരുദതലത്തിൽ മുഖ്യവിഷയമായോ മറ്റേത് സബ്സിഡിയറി വിഷയമായോ പഠനം പൂർത്തിയാക്കിവരെമാത്രം എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിലേയ്ക്ക് പരിഗണിച്ചാൽ മതിയോ എന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

**സർവ്വകലാശാലകളിലെ പി.എസ്.സി. മുഖേനയുള്ള നിയമനം**

42(3824) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ വിവിധ തസ്തികകളിൽ ഏതെല്ലാം തസ്തികകളിലാണ് പി.എസ്.സി. മുഖേന നിയമനം നടത്തിവരുന്നത്;ഏതെല്ലാം തസ്തികകളിലാണ് പി.എസ്.സി. വഴി ഇനിയും നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലാത്തത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് തീരുമാനമെടുത്തിട്ടും ബഹുഭൂരിപക്ഷം തസ്തികകളിലും ഇനിയും ഇതിന് നടപടി സ്വീകരിക്കാത്തതിന് കാരണമെന്താണ്; എല്ലാ തസ്തികകളിലും പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർവ്വകലാശാലകളിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ അനദ്ധ്യാപക തസ്തികകളിലാണ് പി.എസ്.സി. മുഖേന നിയമനം നടത്തിവരുന്നത്. ഇവ ഒഴികെയുള്ള അനദ്ധ്യാപക തസ്തികകളിൽ നിലവിൽ പി.എസ്.സി. മുഖേന നിയമനം നടത്തിവരുന്നില്ല.

(ബി) സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകൾക്കുള്ള പ്രത്യേക ചട്ടങ്ങൾ തയ്യാറാക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സർക്കാരുദ്യോഗത്തിന് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി

43(3825) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാരുദ്യോഗത്തിന് അപേക്ഷിക്കുവാനുള്ള ഉയർന്ന പ്രായപരിധി 40 വയസ്സാക്കി ഉയർത്താൻ തയ്യാറാകുമോ;

(ബി) അഭ്യസ്തവിദ്യരായ യുവജനങ്ങൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനത്ത് പ്രായപരിധി ഉയർത്തേണ്ടത് അത്യന്താപേക്ഷിതമായ ഒന്നാണെന്ന് കാണുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ചുള്ള സർക്കാർ നയം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പരിഗണനയിലില്ല. നിലവിലെ പ്രായപരിധിതന്നെ തുടരാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## സർട്ടിഫിക്കറ്റുകൾക്ക് പി.എസ്.സി. അംഗീകാരം

44(3826) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരും യു.ജി.സി.-യും അംഗീകരിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റ്, തുല്യതാ സർട്ടിഫിക്കറ്റ് ഇല്ലാതെ അംഗീകരിക്കാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ടോ;

(ബി) പി.എസ്.സി. തീരുമാനം പ്രാബല്യത്തിൽവന്നിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) 17-7-1965-ലെ G.O. (Ms) No. 526/PD-യിലെ വ്യവസ്ഥകൾ പ്രകാരം പാർലമെന്റ്/സംസ്ഥാന നിയമസഭകൾ ഇവയിലേതെങ്കിലും പാസാക്കിയ നിയമപ്രകാരം സ്ഥാപിതമായിട്ടുള്ളതോ യു.ജി.സി. അംഗീകരിച്ചിട്ടുള്ളതോ ആയ സർവ്വകലാശാലകൾ നൽകുന്ന ഡിഗ്രികൾ, ഡിപ്ലോമകൾ സർക്കാർ സർവ്വീസിലേയ്ക്കുള്ള നിയമനങ്ങൾക്ക് സ്വീകാര്യമാണ്.

വിശേഷാൽ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യത കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചതായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നപക്ഷം തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കാനും നിഷ്കർഷിക്കുന്നുണ്ട്.

**കൃഷി ഓഫീസർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. ലിസ്റ്റ്**

45(3827) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ കൃഷി ഓഫീസർ തസ്തികയിലേക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനനില വിശദമാക്കാമോ ;

(സി) റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളിലേക്കും നിയമന ശിപാർശ അയച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 396 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) റിപ്പോർട്ടുചെയ്ത 31 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ ചെയ്യുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

**സിദ്ധ അറ്റന്റർ തസ്തിക റാങ്ക് ലിസ്റ്റ്**

46(3828) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിദ്ധ അറ്റന്റർ തസ്തികയിൽ നിലവിൽ പാലക്കാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ മാത്രമെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാക്കി ജില്ലകളിൽ പ്രസ്തുത തസ്തികകളിൽ പി.എസ്.സി. നോട്ടിഫിക്കേഷൻ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇടുക്കി ജില്ലയിലെ നിയമനത്തിന് 14-3-2018-ലെ ഗസറ്റിൽ 10/18 കാറ്റഗറി നമ്പറായി വിജ്ഞാപനം ക്ഷണിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽനിന്നും ടി തസ്തികയിലേയ്ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

## എച്ച്.എസ്.സ്.ടി. കോമേഴ്സ് തസ്തികയിൽ പി.എസ്.സി. പരീക്ഷ

47(3829) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി. കോമേഴ്സ് (ജൂനിയർ) തസ്തികയിൽ കാറ്റഗറി 339/17 പ്രകാരം എന്നാണ് പി.എസ്.സി. എഴുത്ത് പരീക്ഷ നടത്തിയത്;

(ബി) സിലബസ്സിൽ ഇല്ലാത്ത ചോദ്യങ്ങൾ കാരണം ഈ പരീക്ഷയുടെ റിസൽട്ട് നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റിസൽട്ട് പ്രസിദ്ധീകരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ പരീക്ഷയുടെ റിസൽട്ട് എന്ന് പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും കട്ട്ഓഫ് മാർക്ക് എത്രയായി പരിമിതപ്പെടുത്തുവാൻ ആണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 9-4-2018-ന് പി.എസ്.സി. OMR പരീക്ഷ നടത്തി.

(ബി&സി) ടി തസ്തികയുടെ ചുരുക്ക പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പി.എസ്.സി. സ്വീകരിച്ചുവരുന്നു.

## ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തിക

48(3830) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിശദാംശം നൽകുമോ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി തീർന്നിട്ടുണ്ടെങ്കിൽ പുതിയ വിജ്ഞാപനമിറക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) 114 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 110 ഒഴിവുകൾ കോടതിയുടെ അന്തിമവിധിക്ക് വിധേയമായി മുൻ റാങ്ക് ലിസ്റ്റിൽനിന്നും നികത്താനുള്ളവയാണ്.

(സി) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## കണ്ണൂർ ജില്ലയിലെ എൽ.പി.എസ്.ടി., യു.പി.എസ്.ടി. റാങ്ക് ലിസ്റ്റ്

49(3831) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുത്തുപരീക്ഷയും ഇന്റർവ്യൂവും പൂർത്തിയായിട്ടും കണ്ണൂർ ജില്ലയിലെ എൽ.പി.എസ്.ടി., യു.പി.എസ്.ടി. നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണ്ണൂർ ജില്ലയിൽ എൽ.പി.എസ്.ടി., യു.പി.എസ്.ടി. നിയമനത്തിനുള്ള എത്ര ഒഴിവുകൾ ഇതുവരെയായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) റാങ്ക് ലിസ്റ്റ് എത്രയുംവേഗം പ്രസിദ്ധീകരിക്കുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) എൽ.പി.എസ്.ടി.-യുടെ 160-ഉം യു.പി.എസ്.ടി.-യുടെ 76 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ

50(3832) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലേക്കുള്ള 30-6-2018 ൽ നിലവിൽ വന്ന ലാസ്റ്റ്ഗ്രേഡ് (വിവിധം) തസ്തികയിൽ നാളിതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത ഒഴിവുകളിലേക്ക് എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) ജില്ലയിൽ വിദ്യാഭ്യാസം, കൃഷി എന്നീ വകുപ്പുകളിൽ പ്രസ്തുത തസ്തികയിൽ കൂടുതൽ ഒഴിവുകളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതും നിയമനം നടത്തുന്നതും മറ്റു ജില്ലകളെ അപേക്ഷിച്ച് മലപ്പുറം ജില്ലയിൽ വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഒഴിവുകൾ നികത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 42 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 26 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി-ഡി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹൈസ്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സയൻസ്) നിയമനം

51(3833) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എച്ച്.എസ്.എ.(സോഷ്യൽ സയൻസ്) കാറ്റഗറി നമ്പർ 660/2012 റാങ്ക് ലിസ്റ്റിൽനിന്നും നിലവിൽ എത്ര നിയമനം നടന്നു;

(ബി) എറണാകുളം ജില്ലയിൽ എച്ച്.എസ്.എ. സോഷ്യൽ സയൻസ് (660/2012) റാങ്ക് ലിസ്റ്റിൽനിന്നും എസ്.ഐ.യു.സി.. ക്രിസ്ത്യൻ നാടാർ വിഭാഗത്തിലെ ആദ്യ വ്യക്തിക്ക് നിയമനം ലഭിക്കാൻ എത്ര നിയമനങ്ങൾ നടക്കണം; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റിപ്പോർട്ട് ചെയ്യപ്പെട്ട 27 ഒഴിവുകളിലേയ്ക്കുള്ള നിയമന ശിപാർശ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) റൊട്ടേഷൻ ചാർട്ട് പ്രകാരം, എസ്.ഐ.യു.സി. നാടാർ വിഭാഗത്തിന് 38-ാമത്തെ ഊഴത്തിലാണ് നിയമന ശിപാർശ നൽകുന്നത്.

**ഹയർ സെക്കണ്ടറി ജൂനിയർ ഇംഗ്ലീഷ് അദ്ധ്യാപകരുടെ പി.എസ്.സി. ലിസ്റ്റ്**

52(3834) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി അധ്യാപകരുടെ (ജൂനിയർ ഇംഗ്ലീഷ്) പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് എന്ന് പ്രസിദ്ധീകരിക്കാൻ സാധിക്കും എന്നാണ് കരുതുന്നത്;

(ബി) നിലവിൽ ഇപ്പോൾ ഹയർ സെക്കണ്ടറി ജൂനിയർ ഇംഗ്ലീഷ് അധ്യാപകരുടെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. ടി തസ്തികയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി.-ൽ പുരോഗമിക്കുന്നു.

(ബി) നേരിട്ടുള്ള നിയമനത്തിനായി 72 ഒഴിവുകളും തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് 24 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റ്**

53(3835) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷ നടത്തി ദീർഘനാളായിട്ടും അഗ്രികൾച്ചർ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 444/16) തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. B.Tech അഗ്രികൾച്ചറൽ സയൻസ് യോഗ്യതയുള്ളവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ യോഗ്യത സംബന്ധിച്ച സ്പഷ്ടീകരണം വേണ്ടതിനാലാണ് ടി തസ്തികയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുവാൻ വൈകുന്നത്. ഹൈക്കോടതിയുടെ അന്തിമ ഉത്തരവ് ലഭ്യമായാൽ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

## ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II പി.എസ്.സി. നിയമനം

54(3836) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിൽവന്നതെപ്പോഴെന്നും എത്ര ഒഴിവുകൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും അറിയിക്കാമോ;

(ബി) ജില്ലകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും പ്രധാന ഓഫീസുകളിൽ നിയമവകുപ്പിൽനിന്നും ലാ ഓഫീസർമാരെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II-ന്റെ റാങ്ക് ലിസ്റ്റ് നിലവിൽവന്നത് 25-9-2017-ലാണ്. 2012 മുതൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതുവരെ 48 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിൽവന്നതിനുശേഷം ഉണ്ടായ അഞ്ച് ഒഴിവുകൾ ഉൾപ്പെടെ ആകെ 53 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ലാ ഓഫീസർമാരുടെ ആവശ്യകത പരിശോധിച്ച് തസ്തിക ആവശ്യമുള്ളപക്ഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) 3 ഒഴിവുകൾകൂടി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## തിരുവനന്തപുരം ജില്ലയിലെ ഡ്രൈവർ ഗ്രേഡ്-II തസ്തിക റാങ്ക് ലിസ്റ്റ്

55(3837) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിവിധ സർക്കാർ വകുപ്പുകളിലേക്കായി ഹെവി ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർമാരുടെ നിയമനത്തിനായി പി.എസ്.സി.-ൽ നിലവിൽ റാങ്ക് ലിസ്റ്റ് ഉണ്ടോ; ഉണ്ടെങ്കിൽ എത്രപേരുടെ റാങ്ക് ലിസ്റ്റാണുള്ളത്;ഇത് എന്ന് നിലവിൽവന്നു; ഇതിൽ എത്രപേർക്ക് നിയമനോപദേശം നൽകി;നിലവിൽ നിയമനത്തിനായി ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഡ്രൈവർ ഗ്രേഡ് II തസ്തികയിലേക്ക് ഏറ്റവുമധികം ഒഴിവുണ്ടാകുന്ന ആരോഗ്യ വകുപ്പിൽ മറ്റ് തസ്തികയിലുള്ളവരും പുറത്ത് നിന്നുള്ള താത്ക്കാലികമായി നിയമിച്ച ആൾക്കാരുമാണ് സേവനമനുഷ്ഠിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പി.എസ്.സി. വഴി നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ താത്ക്കാലിക ജീവനക്കാരെ നിലനിർത്താറുണ്ടോ; ഇല്ലെങ്കിൽ താൽക്കാലികമായി ജോലി ചെയ്യുന്നവരെ ഒഴിവാക്കി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരെ തുടർന്ന് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലായി നിലവിലുള്ള സർക്കാർ വാഹനങ്ങൾക്ക് ആനുപാതികമായി ഡ്രൈവർ തസ്തിക ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കും എന്നറിയിക്കാമോ;

(ഡി) സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലെ വിവിധ ആതുരാലയങ്ങളിലുള്ള ആംബുലൻസുകൾക്കെങ്കിലും സ്ഥിരം ഡ്രൈവർ തസ്തിക അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ;ആംബുലൻസ് സർവ്വീസ് 24 മണിക്കൂർ സേവനം ചെയ്യേണ്ടതിനാൽ ഒരു ആംബുലൻസിന് 2 ഡ്രൈവർ തസ്തിക പരിഗണിക്കുമോ; പ്രളയ ദുരിതത്തോടനുബന്ധിച്ച് പുതിയ തസ്തിക സൃഷ്ടിക്കുന്നതിലും പുതിയ നിയമനങ്ങൾ നടത്തുന്നതിലും നിയന്ത്രണം ഉണ്ടെങ്കിൽ ഡ്രൈവർ ഗ്രേഡ് II എച്ച്.ഡി.വി റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരെ ദിവസ വേതനാടിസ്ഥാനത്തിലെങ്കിലും ജോലിക്കായി പരിഗണിക്കുമോ;

(ഇ) തിരുവനന്തപുരം ജില്ലയിലെ വേരിയസ് എച്ച്.ഡി.വി. ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ കഴിഞ്ഞ റാങ്ക് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിരുന്നു;ഇതിൽ എത്ര പേർക്ക് നിയമന ശിപാർശ നൽകി; ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്ര നാളായിരുന്നു;വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. മെയിൻ ലിസ്റ്റിൽ 81 ഉദ്യോഗാർത്ഥികളും സപ്ലിമെന്ററി ലിസ്റ്റിൽ 41 ഉദ്യോഗാർത്ഥികളും ഉൾപ്പെടെ 122 ഉദ്യോഗർത്ഥികളാണുള്ളത്. റാങ്ക് ലിസ്റ്റ് 15-11-2017-ന് പ്രാബല്യത്തിൽ വന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ 25 ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത ഒഴിവുകളൊന്നും നിയമന ശിപാർശയ്ക്കായി നിലവിൽ അവശേഷിക്കുന്നില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി തേടുമ്പോൾ ഡ്രൈവർ തസ്തിക കൂടി സൃഷ്ടിക്കുന്നതിനുള്ള നടപടി വകുപ്പദ്ധ്യക്ഷന്മാർ അതത് ഭരണ വകുപ്പുകൾ മുഖേന സ്വീകരിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. എങ്കിലും കാലാകാലങ്ങളിലുള്ള സർക്കാരിന്റെ സാമ്പത്തികസ്ഥിതിയും സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമായും മാത്രമേ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാനാവുകയുള്ളൂ.

(ഡി) ആരോഗ്യ വകുപ്പിലെ ആംബുലൻസ് ഡ്രൈവർമാരെ നിശ്ചിത വേതന വ്യവസ്ഥയിൽ നിയമിക്കുന്നത് അതത് ആശുപത്രി വികസന സമിതികളാണ്.

(ഇ) കഴിഞ്ഞ റാങ്ക് ലിസ്റ്റിൽ 138 പേർ ഉൾപ്പെട്ടിരുന്നു. 75 പേർക്ക് നിയമന ശിപാർശ നൽകി. ടി റാങ്ക് പട്ടിക 8-7-2013-ൽ നിലവിൽ വരികയും 1-1-2017-ന് റദ്ദാവുകയും ചെയ്തിട്ടുണ്ട്.

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II

56(3838) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 130/2012 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II റാങ്ക് പട്ടികയിൽ നിന്നും ഇതുവരെ നാമമാത്രമായ നിയമനങ്ങൾ മാത്രം നടത്തിയ സ്ഥിതിക്ക് പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധി നീട്ടുന്നതിനെക്കുറിച്ച് ആലോചിക്കുമോ;

(ബി) പോലീസ് വകുപ്പിൽ അനുവദിക്കപ്പെട്ട സി. എ തസ്തികകളിൽ താല്കാലികാടിസ്ഥാനത്തിൽ ആരെങ്കിലും ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം പോസ്റ്റുകളിൽ റാങ്ക് പട്ടികയിൽ ഉള്ളവരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) മാനന്തവാടി ഡി.എം.ഒ. ഓഫീസിൽ സി. എ തസ്തിക അനുവദിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കേണ്ട എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**വാട്ടർ അതോറിറ്റിയിലെ ഓവർസിയർ ഗ്രേഡ് III റാങ്ക് ലിസ്റ്റ്**

57(3839) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ ഓവർസിയർ ഗ്രേഡ് III തസ്തികയിലേയ്ക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാലാവധി എപ്പോഴാണ് അവസാനിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) റാങ്ക് ലിസ്റ്റ് നിലവിലില്ലെങ്കിൽ, പ്രസ്തുത തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള മുൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോഴാണ് അവസാനിച്ചതെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എപ്പോഴാണ് അവസാനമായി അഡ്വൈസ് അയച്ചതെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി.-യിൽ പുരോഗമിച്ചുവരുന്നു.

(സി) മുൻ റാങ്ക് പട്ടികയുടെ കാലാവധി 31-12-2016-ൽ അവസാനിച്ചു. 27-2-2017-നാണ് ടി റാങ്ക് പട്ടികയിൽനിന്നും അവസാനമായി നിയമന ശിപാർശ നടത്തിയത്.

## വാട്ടർ അതോറിറ്റിയിൽ ഓവർസിയർ ഗ്രേഡ് III തസ്തികയുടെ റാങ്ക് ലിസ്റ്റ്

58(3840) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓവർസിയർ ഗ്രേഡ് III തസ്തികയിൽ പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത തസ്തികയിലേക്കുള്ള പുതിയ വിജ്ഞാപനം ഉടനെ ഉണ്ടാകുമോ എന്നറിയിക്കാമോ;

(സി) റാങ്ക് ലിസ്റ്റ് നിലവിലുണ്ടെങ്കിൽ ആയതിന്റെ കാലാവധി എപ്പോഴാണ് അവസാനിക്കുന്നത്;

(ഡി) റാങ്ക് ലിസ്റ്റ് നിലവിലില്ലെങ്കിൽ മുൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോഴാണ് അവസാനിച്ചത്; ആയതിൽ നിന്നുള്ള അവസാന അഡ്വൈസ് എപ്പോഴായിരുന്നു;

(ഇ) പ്രസ്തുത തസ്തികയിൽ അഡ്വൈസ് ചെയ്യപ്പെടുന്നതിനുവേണ്ടി റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി.-യിൽ പുരോഗമിച്ചുവരുന്നു.

(ഡി) മുൻറാങ്ക് പട്ടികയുടെ കാലാവധി 31-12-2016-ൽ അവസാനിച്ചു. 27-2-2017-നാണ് ടി റാങ്ക് പട്ടികയിൽനിന്നും അവസാനമായി നിയമന ശിപാർശ നടത്തിയത്.

(ഇ) നിലവിൽ 86 ഒഴിവുകളാണ് പി.എസ്.സി.-ൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II, ഗ്രേഡ് I തസ്തികയിലെ ഒഴിവുകൾ

59(3841) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II, ഗ്രേഡ് I തസ്തികകളിൽ തിരുവനന്തപുരം ജില്ലയിൽ എത്ര ഒഴിവുകൾ വിവിധ വകുപ്പുകളിലായി നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളിലെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ ആയത് കെ.പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിലും പോലീസ് വകുപ്പിലും നിലവിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തവ എത്രയെന്നും വ്യക്തമാക്കാമോ;

(ഇ) 2019, 2020 കാലയളവിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിൽ നിന്നും വിരമിക്കുന്നവർ എത്ര പേർ എന്ന് വ്യക്തമാക്കാമോ;

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ്**

60(3842) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ താഴ്ന്നവിഭാഗം ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ ഏതുവരെയായി; ഇത് സംബന്ധിച്ച ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ;

(ബി) ഈ സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ തസ്തികകളുടെയും സ്കെയിൽ ഓഫ് പേ ഫിക്സേഷൻ പൂർത്തിയായോ; ഇത് സംബന്ധിച്ച ഉത്തരവ് എന്നത്തേക്ക് ഇറങ്ങുമെന്ന് അറിയിക്കുമോ;

(സി) സെക്രട്ടേറിയറ്റ് ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനത്തിനുള്ള നോട്ടിഫിക്കേഷൻ 2018 ഡിസംബർ 31-ന് മുമ്പ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 3-2-2016-ലെ എസ്.ആർ.ഒ. നമ്പർ 107/2016 വിജ്ഞാപനം പ്രകാരം ചുവടെ ചേർത്തിരിക്കുന്ന താഴ്ന്ന വിഭാഗം ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. മോട്ടോർ സൈക്കിൾ ഓർഡർലി
2. ക്ലറിക്കൽ അസിസ്റ്റന്റ്
3. ബൈൻഡർ
4. ലിഫ്റ്റ് ഓപ്പറേറ്റർ
5. ഡ്യൂപ്ലിക്കേറ്റ് മെഷീൻ ഓപ്പറേറ്റർ
6. അറ്റൻഡർ
7. നോട്ടം
8. ഓഫീസ് അറ്റൻഡന്റ്

(ബി) സ്റ്റേയിൽ ഓഫ് പേ ഫിക്സേഷൻ നടപടികൾ അടുത്ത ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(സി) ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തിക

61(3843) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തികയിൽ നിയമിക്കുവാൻ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് വരുത്തിയത് മുഖ്യമന്ത്രി അംഗീകരിച്ചിട്ടുണ്ടോ;

(ബി) ആക്ഷേപം ഉയർന്നതിനെ തുടർന്ന് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ കെ.ടി. അദീബ് രാജിവച്ച സാഹചര്യത്തിൽ പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ കുറ്റകരമല്ലാതാകുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇളവ് വരുത്തിയിട്ടില്ല. ചില യോഗ്യതകൾക്കൂടി ഉൾപ്പെടുത്തുകയാണുണ്ടായത്.

(ബി) ക്രമക്കേടുകൾ നടന്നിട്ടില്ല.

**സമാശ്വാസ തൊഴിൽദാന പദ്ധതിയിലെ വരുമാന പരിധി**

62(3844) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാന പദ്ധതി ലഭിക്കുന്നതിന് നിലവിൽ കുടുംബ വാർഷിക വരുമാനം എത്രയാണ് നിശ്ചയിച്ചിരിക്കുന്നത്; ഇതിൽ കുടുംബത്തിലെ മറ്റംഗങ്ങൾക്ക് ലഭിക്കുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കണക്കാക്കുമോ;

(ബി) സമാശ്വാസ തൊഴിൽദാന പദ്ധതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കുടുംബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ ആ കുടുംബത്തിലെ മറ്റംഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഒഴിവാക്കിക്കൊണ്ട് കുടുംബ വാർഷിക വരുമാനം കണക്കാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) വരുമാന പരിധി 8 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കുടുംബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും കുടുംബപെൻഷൻ ഒഴികെയുള്ളതും മറ്റ് എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള മുഴുവൻ വരുമാനവും കണക്കാക്കും. കുടുംബത്തിൽനിന്നും മാറി പ്രത്യേകം താമസിക്കുന്ന വിവാഹിതരായ മകൻ/മകൾ കുടുംബത്തിലെ മറ്റംഗങ്ങൾ എന്നിവരുടെ വരുമാനം പരിഗണിക്കുന്നതല്ല. 'ശമ്പളം' വരുമാനമായി കണക്കാക്കുമ്പോൾ അടിസ്ഥാന ശമ്പളത്തോടൊപ്പം യാത്രാബത്ത ഒഴികെയുള്ള മറ്റെല്ലാ ആനുകൂല്യങ്ങളും കണക്കാക്കും.

(ബി) പരിഗണനയിലില്ല.

## പ്രോസിക്യൂഷൻ അനുമതി

63(3845) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പൊതുമേഖല/സ്വയംഭരണ സ്ഥാപന മേധാവികൾ/വകുപ്പ് അദ്ധ്യക്ഷന്മാർ എന്നിവരെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്; ഇവരുടെ പേര്, സ്ഥാപനം, പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നൽകിയ തീയതി എന്നിവ വ്യക്തമാക്കാമോ;

(ബി) പ്രോസിക്യൂഷന് അനുമതി തേടി എത്ര ഫയലുകളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രോസിക്യൂഷന് അനുമതി നൽകപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## കിർത്താഡ്സിൽ സ്ഥിരനിയമനം

64(3846) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിർത്താഡ്സിൽ ഉന്നത ഉദ്യോഗസ്ഥരായ ആർക്കെങ്കിലും സ്ഥിരനിയമനം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമനങ്ങളുമായി ബന്ധപ്പെട്ട് പി.ആൻഡ്.എ.ആർ.ഡി.യുടെ അഭിപ്രായം തേടിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ നൽകിയ നിർദ്ദേശം എന്തായിരുന്നു; റിമാർക്സ് ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇപ്രകാരം സ്ഥിരനിയമനം ലഭിച്ചവരിൽ ആരെങ്കിലും ഏതെങ്കിലും മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്യുന്നുണ്ടോ എന്നറിയാമോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിർത്താഡ്സിൽ ഉന്നത ഉദ്യോഗസ്ഥരായ ആർക്കും സ്ഥിര നിയമനം നൽകിയിട്ടില്ല.

(ബി&സി) ബാധകമല്ല.

**അക്ഷയ കേന്ദ്രങ്ങൾ**

65(3847) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകുന്നുണ്ടോ;

(ബി) പുതിയ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു ലൊക്കേഷനിൽ അക്ഷയ കേന്ദ്രം അനുവദിക്കണമെന്നുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കമ്മിറ്റി തീരുമാനം, ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശ എന്നിവ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിഗണിച്ചാണ് സർക്കാർ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. നിലവിലെ വ്യവസ്ഥകൾ പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിൽ പരമാവധി നാലും നഗരസഭയിൽ ആറും കോർപ്പറേഷൻ പരിധിയിൽ ജനസാന്ദ്രത കണക്കാക്കിയുമാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. പുതുതായി അനുവദിക്കുന്ന അക്ഷയ കേന്ദ്രം നിലവിൽ പ്രവർത്തിച്ചുവരുന്ന അക്ഷയ കേന്ദ്രങ്ങളുമായി ചുരുങ്ങിയത് 2 കി.മീ. അകലം പാലിക്കേണ്ടതുണ്ട്. അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്ന മുറയ്ക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷ ക്ഷണിച്ചുകൊണ്ട് അക്ഷയ ഡയറക്ടർ വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർന്ന് ഓൺലൈൻ പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

**നവകേരള നിർമ്മാണത്തിന് ബദൽ മാർഗ്ഗങ്ങൾ**

66(3848) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മഹാപ്രളയത്തിൽ തകർന്ന കേരളത്തെ പുനർനിർമ്മിക്കുന്നതിന് പരിശ്രമിക്കുന്ന സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും അർഹമായ സഹായം ലഭിക്കാത്ത സാഹചര്യത്തിൽ കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും സഹകരണത്തോടെ ബദൽ മാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ച് നവകേരള നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative-RKI) എന്ന ഒരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 9-11-2018-ലെ G.O.(P) No. 16/2018/P&EA ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റ് പൊതുകെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം എന്നിവയും പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽ തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക-വാണിജ്യ കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകളിലും ഭാവികേരളത്തെ അടയാളപ്പെടുത്തുന്ന പദ്ധതികൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു.

**കേന്ദ്ര സഹായത്തിന് പ്രതിഫലം**

67(3849) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പ്രളയസമയത്ത് നൽകിയ സഹായത്തിന് പ്രതിഫലം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിന് സംസ്ഥാന സർക്കാർ നൽകിയ മറുപടി വിശദമാക്കാമോ;

(സി) പ്രതിഫല തുക കേന്ദ്രസർക്കാരിന് നൽകേണ്ടതിന്റെ നിയമപരമായ സാധ്യത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമപരമായി അത് നൽകേണ്ടതുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) Letter No. Air.HQ/26001/SG-Kerala/07/Accts. Dated 11-10-2018 പ്രകാരം രക്ഷാപ്രവർത്തനം നടത്തിയതിന് 33.79 കോടി രൂപ വായുസേന ആവശ്യപ്പെട്ടിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) കേരളത്തിന് ഈ പ്രളയത്തിൽ ഈ ആവശ്യത്തിനായി ചെലവായ തുക മുഴുവൻ ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും നേരിട്ട് വായുസേനയ്ക്ക് നൽകണമെന്ന് മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നു.

## കേരളത്തിലെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

68(3850) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടത്തിയ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ വിവിധ വിഭാഗങ്ങൾ പണം ആവശ്യപ്പെട്ടതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) കേരളത്തിൽ നടത്തിയ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ വിവിധ പദ്ധതികൾക്കായി എത്ര കോടി രൂപയാണ് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) പ്രളയാനന്തര പുനർസൃഷ്ടിക്കായി സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രൊപ്പോസലിൽ കേന്ദ്രം എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ;

(ഡി) കേന്ദ്രത്തിൽനിന്നും അർഹതപ്പെട്ട ധനസഹായം നേടിയെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നിലപാടുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവിധ രക്ഷാപ്രവർത്തനങ്ങൾ നടത്തിയതിന്റെ കുടിശ്ശിക ഉൾപ്പെടെ 33.79 കോടി രൂപ വായുസേന ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽനിന്നും 600 കോടി രൂപ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) വെള്ളപ്പൊക്കംമൂലം ദുരിതം ബാധിച്ചവരുടെ പുനരധിവാസത്തിനും പുനർനിർമ്മാണത്തിനും ആവശ്യമായ വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ GSDP-യുടെ 3% ത്തിൽനിന്നും 4.5% ആയും 2019-20-ൽ 3.5% ആയും ഉയർത്തണമെന്നും ലോകബാങ്ക് സഹായപദ്ധതികളിൽ ചെലവഴിക്കാൻ കഴിയാതെ വരുന്ന തുക പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി.ക്കുമേൽ 10% സെസ് ഏർപ്പെടുത്തുവാൻ ആനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**മന്ത്രിമാരുടെ വിദേശരാജ്യ സന്ദർശനം**

69(3851) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മിതിക്കായുള്ള ധനസമാഹരണത്തിന് സംസ്ഥാനത്തെ മന്ത്രിമാരെ വിവിധ രാജ്യങ്ങളിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മിതിക്കായുള്ള ധനസമാഹരണത്തിന് വിദേശരാജ്യങ്ങൾ സന്ദർശിച്ചിരുന്നുവോ; വിശദവിവരം നൽകുമോ;

(സി) പ്രസ്തുത സന്ദർശനം വഴി ഓരോ രാജ്യത്തിൽ നിന്നും പ്രളയദുരിതാശ്വാസ ഫണ്ടിലേക്ക് ലഭിച്ച തുകയുടെ കണക്ക് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മിതിക്കായുള്ള വിഭവ സമാഹരണത്തിന് മുഖ്യമന്ത്രിയും മന്ത്രിമാരും വിദേശരാജ്യങ്ങൾ സന്ദർശിക്കുന്നതിനുള്ള തീരുമാനമെടുത്തിരുന്നു. യു.എ.ഇ., സൗദി അറേബ്യ, ഒമാൻ, ഖത്തർ, ബഹറൈൻ, കുവൈറ്റ്, സിംഗപ്പൂർ, മലേഷ്യ, ആസ്ത്രേലിയ, ന്യൂസിലാന്റ്, യുണൈറ്റഡ് കിങ്ഡം, ജർമ്മനി, ഓസ്ട്രിയ, ഇറ്റലി, സ്വിറ്റ്സർലന്റ്, ദി നോതർലാന്റ്സ്, യു.എസ്.എ., കാനഡ, ശ്രീലങ്ക, മാലിദ്വീപ് എന്നീ രാജ്യങ്ങൾ സന്ദർശിക്കുവാനാണ് തീരുമാനിച്ചിരുന്നത്.

(ബി) മുഖ്യമന്ത്രിക്ക് മാത്രമാണ് കേന്ദ്രസർക്കാരിൽനിന്നും വിദേശത്തു (യു.എ.ഇ.) പോകാനുള്ള അനുമതി ലഭിച്ചത്.

(സി) മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനത്തെത്തുടർന്ന് കേരളത്തിന്റെ പ്രളയാനന്തര പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി വിദേശ മലയാളികളിൽ നിന്നും മറ്റുള്ളവരിൽനിന്നും ഡൊണേഷൻ പോർട്ടൽ വഴിയും വിദേശ മണിട്രാൻസ്ഫർ എക്സ്ചേഞ്ചുകൾ വഴിയും ദുരിതാശ്വാസ നിധിയിലേയ്ക്ക് പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മിതിക്കായി വിഭവ സമാഹരണം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. വിദേശ സന്ദർശനത്തിന്റെ ഭാഗമായി ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് ലഭിച്ച തുക എത്രയെന്ന് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**പ്രളയബാധിതരുടെ ബാങ്ക് വായ്പകൾക്ക് സർക്കാർ മൊറട്ടോറിയം**

70(T*3852) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴയിലും വെള്ളപ്പൊക്കത്തിലും കാലവർഷക്കെടുതിയിലും ദുരിതമനുഭവിക്കുന്ന ആളുകൾ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര തുകവരെ വായ്പ ഉള്ളവർക്കാണ് മൊറട്ടോറിയം ബാധക മായിട്ടുള്ളത്; എത്ര കാലത്തേക്കാണ് ഉള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 12-10-2018-ലെ സ.ഉ. (എം.എസ്.) നമ്പർ 367/2018/റവ ഉത്തരവ് പ്രകാരം സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്തിട്ടുള്ള ക്ഷീരവികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് സർക്കാർ ഉത്തരവ് തീയതിയായ 12-10-2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) 12-10-2018-ലെ സ.ഉ. (എം.എസ്.) നമ്പർ 367/2018/റവ. ഉത്തരവ് പ്രകാരം ഉത്തരവ് തീയതി മുതൽ ഒരുവർഷത്തേയ്ക്കാണ് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പ്രകാരം അനുവദിച്ച മൊറട്ടോറിയത്തിൽ വായ്പാതുകകൾക്ക് പരിധി നിശ്ചയിച്ചിട്ടില്ല.

**പ്രളയ ദുരിതാശ്വാസ ഫണ്ടിനായുള്ള വിദേശയാത്ര**

71(3853) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തവുമായി ബന്ധപ്പെട്ട് ഫണ്ട് ശേഖരണത്തിനായുള്ള വിദേശസന്ദർശനത്തിൽ മുഖ്യമന്ത്രി എത്ര രൂപയുടെ ചെക്ക്/ഡ്രാഫ്റ്റ് നേരിട്ട് കൈപ്പറ്റിയെന്ന് അറിയിക്കുമോ;

(ബി) വിദേശമലയാളികളിൽനിന്നും അക്കൗണ്ട് ട്രാൻസ്ഫർ മുഖേന എത്ര രൂപ ദുരിതാശ്വാസ ഫണ്ടിലേക്ക് ലഭിച്ചു; വിശദമാക്കുമോ;

(സി) മുഖ്യമന്ത്രിയും സംഘവും വിദേശയാത്ര നടത്തിയതിന്റെ ചെലവ് ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനത്തെ തുടർന്ന് കേരളത്തിന്റെ പ്രളയാനന്തര പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി വിദേശ മലയാളികളിൽ നിന്നും മറ്റുള്ളവരിൽനിന്നും ഡൊണേഷൻ പോർട്ടൽ, മണി ട്രാൻസ്ഫർ, അക്കൗണ്ട് ട്രാൻസ്ഫർ, ചെക്ക്/ ഡ്രാഫ്റ്റ് മുഖേനയും ദുരിതാശ്വാസ നിധിയിലേയ്ക്ക് നല്ല രീതിയിൽ വിഭവ സമാഹരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്. സമാഹരിച്ച തുക വിദേശ മലയാളികൾ/മറ്റുള്ളവർ എന്ന രീതിയിൽ ക്രോഡീകരിച്ചിട്ടില്ല.

**പ്രളയബാധിതർക്ക് ധനസഹായം**

72(3854) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയബാധിതർക്കായി പ്രഖ്യാപിച്ച ധനസഹായത്തിന്റെ ആദ്യ ഗഡുവായ പതിനായിരംരൂപ പ്രളയം ബാധിച്ച എല്ലാ കുടുംബങ്ങൾക്കും നൽകാൻ കഴിഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രളയസമയത്ത് ദുരിതാശ്വാസ ക്യാമ്പുകളിലും, കുടുംബങ്ങളിലും വിതരണം ചെയ്യുന്നതിനായി വിവിധ സ്ഥലങ്ങളിൽനിന്നും ലഭിച്ച ഭക്ഷ്യധാന്യങ്ങളും മറ്റ് വസ്തുക്കളും കൃത്യമായി വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ടോ; അതിൽ ഇനി നീക്കിയിരിപ്പുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അർഹരായ എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ ഇതിനകം ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രളയസമയത്ത് ദുരിതാശ്വാസ ക്യാമ്പുകളിലും കുടുംബങ്ങളിലും വിതരണം ചെയ്യുന്നതിനായി ലഭിച്ച സാധന സാമഗ്രികൾ കൃത്യമായി വിതരണം ചെയ്തിട്ടുണ്ട്.

**കാട്ടാക്കട മണ്ഡലത്തിൽ ചികിത്സ സഹായം**

73(3855) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആകെ എത്ര തുകയാണ് ചികിത്സ സഹായ ഇനത്തിൽ വിതരണം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ചികിത്സ സഹായം ലഭ്യമായവരുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) മണ്ഡലം/വില്ലേജ് തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**ദുരിതാശ്വാസ നിധി**

74(T*3856) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനംകണ്ട ഏറ്റവും വലിയ പ്രളയ ദുരിത-പുനരധിവാസത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സർക്കാർ-അർദ്ധ സർക്കാർ ജീവനക്കാർ ഇതുവരെ നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രളയദുരിതത്തിന്റെ പശ്ചാത്തലത്തിൽ ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ഏതെങ്കിലും ആനുകൂല്യങ്ങൾ തടയുകയോ കുറവുവരുത്തുകയോ ചെയ്തിട്ടുണ്ടോ ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള ധനസമാഹരണത്തിൽ ഇതുവരെ എത്രശതമാനം ജീവനക്കാർ സഹകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ഇതു സംബന്ധമായ സംഭാവന ഒരു പ്രത്യേക ട്രഷറി അക്കൗണ്ടിലാണ് സമാഹരിക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 591,24,83,548 രൂപ സംഭാവനയായി എത്തിയിട്ടുണ്ട്. (10-12-2018-10 AM വരെ) അർദ്ധസർക്കാർ ജീവനക്കാരിൽനിന്ന് ലഭിച്ച തുകയുടെ വിവരങ്ങൾ ക്രോഡീകരിച്ചുവരുന്നു.

(ബി) പ്രളയവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരുടെ 2017-18 സാമ്പത്തിക വർഷത്തെ ഉത്സവബത്ത ദുരിതാശ്വാസ നിധിയിലേയ്ക്ക് ഈടാക്കിയിട്ടുണ്ട്.

(സി) പ്രളയ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള ധനസമാഹരണത്തിൽ 6-12-2018 വരെ 57.33 ശതമാനം സർക്കാർ ജീവനക്കാർ പങ്കാളികളായിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരങ്ങൾ പ്രത്യേകമായി ലഭ്യമല്ല.

**ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച ധനസഹായം**

75(3857) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ എത്ര പേർക്ക് ധനസഹായം അനുവദിച്ചു; ധനസഹായമായി എന്ത് തുക എത്രപേർക്ക് വിതരണം ചെയ്തു;

(ബി) മുൻസർക്കാരിന്റെ കാലത്ത് സഹായം അനുവദിച്ചവരിൽ എത്ര പേർക്ക് ഇനിയും തുക നൽകാനുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 981606 പേർക്ക് റവന്യൂ വകുപ്പ് മുഖേന ധനസഹായം അനുവദിക്കുകയും ആയതിൽ 954241 പേർക്ക് 872,83,05,551 രൂപ വിതരണം ചെയ്തിട്ടുമുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലത്ത് സഹായം അനുവദിച്ചതിൽ തിരുവനന്തപുരം, എറണാകുളം ജില്ലകളിലായി ആകെ 332 പേർക്ക് ഇനിയും തുക നൽകുവാനുണ്ട്. നിരവധി തവണ ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകിയിട്ടും തുക കൈപ്പറ്റാൻ എത്താത്തിനെത്തുടർന്നാണ് പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് സാധിക്കാത്തത്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

76(3858) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

77(3859) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്മയുടെ ചികിത്സക്കുവേണ്ടി ശ്രീമതി സിന്ധു.ഡി, വടക്കുംകര മേലേപുത്തൻ വീട്, നെയ്യാറ്റിൻകര, കുന്നത്തുകാൽ വില്ലേജ് സമർപ്പിച്ച അപേക്ഷ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് തുക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) D.181104300 എന്ന നമ്പരിലുള്ള പ്രസ്തുത അപേക്ഷയിൻമേൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ആയതിന്റെ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ;ഇറങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ഡി) ഇതു സംബന്ധിച്ചുള്ള അറിയിപ്പ് അപേക്ഷകയ്ക്ക് നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-ഡി) ദ്രൗപദി എന്നവരുടെ ചികിത്സയ്ക്കായി ശ്രീമതി സിന്ധു ഡി സമർപ്പിച്ച D181104300 എന്ന ഡോക്കറ്റ് നമ്പരിലുള്ള അപേക്ഷയിൽന്മേൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് വിനിയോഗത്തിലെ സുതാര്യത

78(T*3860) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ . വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതാശ്വാസനിധിയിൽ ലഭിക്കുന്ന പണം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് വിനിയോഗത്തിൽ സുതാര്യത കൊണ്ടുവരാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) പ്രളയ ദുരിതാശ്വാസ നിധിയിലേക്കെന്ന പേരിൽ പണം വാങ്ങിയ ശേഷം വ്യാജ രസീത് നൽകുന്ന സംഘം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ;

(ഇ) ഓഖി ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് വിനിയോഗത്തിലുണ്ടായതായി ആക്ഷേപിക്കപ്പെടുന്ന പാളിച്ചകൾ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

### ഉത്തരം

(എ) പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പൊതുജനങ്ങളിൽനിന്നും മറ്റും ലഭിക്കുന്ന തുകകൾ സി.എം.ഡി.ആർ.എഫ്.-ന്റെ ട്രഷററായ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച 15 ബാങ്ക് അക്കൗണ്ടുകളിലൂടെയും പേ ടിഎം, റേസർ പേ, സ്വൈപ്പ് തുടങ്ങിയ മൊബൈൽ ആപ്പ്/വാലറ്റുകളിലൂടെയും, ക്യൂആർ കോഡ്, ഓൺലൈൻ മാധ്യമങ്ങളിലൂടെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ട്രഷറി അക്കൗണ്ടായ TPA-80-ലൂടെയും സ്വീകരിച്ചുവരുന്നു. സർക്കാർ ജീവനക്കാരിൽ നിന്ന് സാലറി ചലഞ്ച് മുഖേന ലഭ്യമാകുന്ന തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ച സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടായ 4798-ലുമാണ് വരവ് ചെയ്യുന്നത്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിക്കുന്ന തുക നൽകുന്നതിന് അധികാരപ്പെടുത്തിയിരിക്കുന്നത് ജില്ലാ കളക്ടർ, റവന്യൂ സെക്രട്ടറി എന്നിവരെയാണ്. റവന്യൂ വകുപ്പുമന്ത്രി, മുഖ്യമന്ത്രി, മന്ത്രിസഭ എന്നീ തലങ്ങളിൽ പരിശോധിച്ച് റവന്യൂ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽ നിന്നുമാണ് തുക അനുവദിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ വിവരങ്ങൾ പൊതുജനസമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. അതോടൊപ്പം പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഇതുവരെ ലഭിച്ചിട്ടുള്ള സംഭാവനയും ചെലവഴിക്കപ്പെട്ടിട്ടുള്ള തുകയും എത്രയാണെന്ന് donation.cmdrf.kerala.gov.in എന്ന വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി&ഡി) പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് വ്യാജ രസീതുകൾ നൽകുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നതായ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഓഖി ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിനിയോഗത്തിൽ പാളിച്ചകൾ ഉണ്ടായിട്ടുള്ളതായി കരുതുന്നില്ല. റവന്യൂ വകുപ്പിൽനിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് ധനവകുപ്പിൽനിന്നും തുക അനുവദിച്ചുനൽകുന്നത്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം

79(3861) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകളിന്മേൽ ആകെ എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) 1-5-2016 മുതൽ 31-10-2018-വരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) 1-5-2016 മുതൽ 31-10-2018-വരെ അനുവദിച്ച തുകയുടെ വിശദാംശം വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) മണ്ഡലം/വില്ലേജ് തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

**ശബരിമല വിമാനത്താവള സാധ്യതാപഠനം**

80(3862) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വിമാനത്താവളം തുടങ്ങുന്നതിന് സാധ്യതാപഠനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയത്;

(ബി) ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; ഇവിടെ പാരിസ്ഥിതിക ആഘാത പഠനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ശബരിമല വിമാനത്താവളം ഏത് തരത്തിലാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ?

ഉത്തരം

(എ-സി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിന് 21-02-2017-ലെ സ.ഉ. (കൈ) 13/2017/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തുകയും ചെയ്തു. ഗ്രീൻ ഫീൽഡ് എയർപോർട്ട് ആരംഭിക്കുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന് രൂപീകരിച്ച റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി 6 സ്ഥലങ്ങൾ സമിതി മുൻഗണനാക്രമത്തിൽ തയ്യാറാക്കി സമർപ്പിക്കുകയും ഇതിൽ ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയ ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മലയാളം പ്ലാന്റേഷനെ 21-7-2017-ലെ സ.ഉ. (കൈ) 60/2017/ഗതാഗതം പ്രകാരം തെരഞ്ഞെടുത്ത് ഉത്തരവായിരുന്നു. തുടർന്ന് ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി

പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും 25-09-2017-ലെ സ.ഉ.(കൈ) 76/2017/ഗതാഗതം നമ്പർ സർക്കാർ ഉത്തരവിലൂടെ Louis Berger Consulting Pvt Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. കൺസൾട്ടന്റ് ലഭ്യമാക്കിയ പ്രാരംഭ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ ചെറുവള്ളി എസ്റ്റേറ്റിലെ 570 ഏക്കർ ഭൂമി ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്ക് ആവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) അടിയന്തരമായി ലഭ്യമാക്കുന്നതിന് കൺസൾട്ടന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും.

**കൊച്ചി മെട്രോ**

81(T*3863) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി ആരംഭിച്ച കൊച്ചി മെട്രോ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ലാഭകരമാണോ അല്ലയോ; വിശദാംശം ലഭ്യമാക്കുമോ; ലാഭകരമാക്കാൻ സ്വീകരിച്ചുവരുന്ന തുടർപ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മെട്രോ പദ്ധതിക്ക് ഇരുവശവുമായി എന്തെല്ലാം വികസന പ്രവർത്തനങ്ങൾ തുടങ്ങി എന്നും പ്രസ്തുത പദ്ധതി നടത്തിപ്പിനായി നാളിതുവരെ ചെലവാക്കിയ തുക എത്ര എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ 18.22 കിലോമീറ്റർ 16 സ്റ്റേഷനുകൾ ഉൾപ്പെടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം നടത്തിവരുന്നു. ഒരു ദിവസത്തെ യാത്രക്കാരുടെ ശരാശരി എണ്ണം 35000-ഉം വരുമാനം 11.5 ലക്ഷം രൂപയുമാണ്. കൊച്ചി മെട്രോയുടെ ഒന്നാംഘട്ടത്തിന്റെ ബാക്കി ഭാഗത്തിന്റെ (മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ) നിർമ്മാണം 2019 ഡിസംബറിൽ പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നുകൊടുക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പദ്ധതി ലാഭകരമല്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

2017-18 സാമ്പത്തിക വർഷത്തിലെ പ്രവർത്തനനഷ്ടം 67.58 കോടി രൂപയാണ് (തേയ്മാന ചെലവ് കൂടാതെ). ഇതിൽ 43.54 കോടി രൂപ പലിശയാണ്. നടപ്പ് സാമ്പത്തിക വർഷം ഏപ്രിൽ തുടങ്ങി നവംബർ വരെ 43.32 കോടി രൂപയാണ് പ്രവർത്തന നഷ്ടം (തേയ്മാന ചെലവ് കൂടാതെ). ഇതിൽ 37.29 കോടി രൂപ പലിശയാണ്. പേട്ട വരെയുള്ള മെട്രോയുടെ പ്രവർത്തനം ദീർഘിപ്പിക്കുന്ന മുറയ്ക്ക് പ്രവർത്തന നഷ്ടം ഇല്ലാതാകുമെന്ന് പ്രതീക്ഷിക്കുന്നു.

ടിക്കറ്റേതര വരുമാനങ്ങളിലൂടെ മെട്രോയെ ലാഭകരമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി പരസ്യങ്ങൾ മെട്രോ തൂണുകളിലും സ്റ്റേഷനുകളിലും ട്രെയിനുകളിലും ടിക്കറ്റുകളിലും സ്റ്റേഷനുകളുടെ സെമി നെയ്മിങ്ങിനുള്ള അവകാശം, സ്റ്റേഷനുകളിൽ ചെറിയ കച്ചവട സ്ഥാപനങ്ങൾക്ക് സ്ഥലം നൽകുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ വരുമാനം കണ്ടെത്താനാണ് ശ്രമിച്ചുവരുന്നത്. എ.ടി.എം.-കൾക്ക് സ്ഥലം നൽകുക, സ്റ്റേഷനുകളിലെ പ്രോപ്പർട്ടി ഡെവലപ്മെന്റ് (ഓഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങൾ) സ്റ്റേഷനുകളെയും സമീപത്തുള്ള വ്യാപാര സമുച്ചയങ്ങളെയും ബന്ധിപ്പിക്കുന്ന പാത എന്നിവയാണ് കൊച്ചി മെട്രോ ലാഭകരമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ.

(സി) ആലുവ മുതൽ മഹാരാജാസ് കോളേജ് വരെയുള്ള മെട്രോ സ്റ്റേഷനുകളെ ബന്ധിപ്പിച്ച് കാൽനട യാത്രക്കാർക്ക് സുഗമമായി മെട്രോ സ്റ്റേഷനുകളിൽ എത്തുന്നതിന് വേണ്ടി സ്റ്റേഷനുകളുടെ അടുത്തുള്ള ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളെയും കോർത്തിണക്കിക്കൊണ്ട് നടപ്പാത നിർമ്മാണങ്ങൾ നടന്നുവരുന്നു. ഇത് കൂടാതെ ആലുവ, ഇടപ്പള്ളി തുടങ്ങിയ ജംഗ്ഷനുകളിൽ കാൽനാടയാത്രക്കാർക്ക് വേണ്ടി സമഗ്രമായ വികസനങ്ങൾ നടത്തിവരുന്നു. പ്രസ്തുത പദ്ധതി നിർമ്മാണങ്ങൾക്കായി ഏകദേശം 24 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

## ഡാമുകൾ സംബന്ധിച്ച് കേരളവും തമിഴ്നാടും തമ്മിലുള്ള ഏകോപനം

82(T*3864) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഡാമുകളുടെ കാര്യത്തിൽ കേരളവും തമിഴ്നാടും തമ്മിലുള്ള ഏകോപനം ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലുണ്ടായ പ്രളയത്തിൽ മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽ എത്തിയപ്പോൾത്തന്നെ ആദ്യത്തെ ജാഗ്രതാ നിർദ്ദേശം തമിഴ്നാട് ഉദ്യോഗസ്ഥർ നൽകിയിരുന്നു.

അഡ്വ. റസ്സൽ ജോയ് ഫയൽ ചെയ്ത 878/2017-ാം നമ്പർ പൊതു താൽപ്പര്യ ഹർജിയിലെ MA No.2219/2018-ലുള്ള 2018 ആഗസ്റ്റ് 16-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പ്രകാരം 2018 ആഗസ്റ്റ് 17-ന് കേരള-തമിഴ്നാട് അംഗങ്ങൾ ഉൾപ്പെട്ട മുല്ലപ്പെരിയാർ സബ് കമ്മിറ്റിയുടെ അടിയന്തര യോഗം ചേരുകയുമുണ്ടായി. സബ് കമ്മിറ്റിയിൽ തീരുമാനിച്ച പ്രകാരം 2018 ആഗസ്റ്റ് 17-ന് മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഏറ്റവും കുറഞ്ഞത് 139 അടിയിലേയ്ക്കെങ്കിലും താഴ്ത്തിക്കൊണ്ടു വരുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാനും അണക്കെട്ടിന്റെ താഴെയുള്ള പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് വെള്ളം തുറന്നുവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ബഹുമാനപ്പെട്ട സുപ്രീം കോടതി തമിഴ്നാടിനോട് നിർദ്ദേശിച്ചു. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഡാമുകളുടെ കാര്യത്തിൽ കേരളവും തമിഴ്നാടും തമ്മിലുള്ള ഏകോപനം ഉറപ്പുവരുത്തുന്നതിനായി ഉപസമിതി യോഗങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ എന്നിവയെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന കേരള-തമിഴ്നാട് അംഗങ്ങൾ ഉൾപ്പെട്ട ജെ.ഡബ്ല്യു.ആർ. ബോർഡ് ഈ മൂന്ന് നദികളിലെയും പ്രളയ നിയന്ത്രണത്തിന് വ്യക്തമായ ഇടപെടലുകൾ വളരെ നേരത്തെ തന്നെ നടത്തിയിട്ടുള്ളതാണ്. ഡാമുകൾ നിറഞ്ഞപ്പോൾ പെരിങ്ങൽകുത്ത് ഡാമിലേയ്ക്കുള്ള ഒഴുക്ക് കുറയ്ക്കുന്നതിനുവേണ്ടി തമിഴ്നാട് ഷോളയാറിൽനിന്നും കൂടുതൽ വെള്ളം പറമ്പിക്കുളത്തേയ്ക്ക് വിട്ടതിനെ തുടർന്ന് പറമ്പിക്കുളത്തുനിന്നും കൂടുതൽ വെള്ളം തമിഴ്നാട്ടിലേക്ക് തിരിച്ച് വിടുന്നതിനും ജെ.ഡബ്ല്യു.ആർ. ഡിവിഷനിൽനിന്നും തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നു. കേരളത്തിലേയ്ക്കുള്ള റിലീസ് പരമാവധി കുറയ്ക്കുന്നതിന് തമിഴ്നാടിന് രേഖാമൂലം അറിയിപ്പ് നൽകിയിരുന്നതും അത് പരമാവധി നടപ്പിലാക്കുന്നതിന് തമിഴ്നാട് സഹകരിച്ചിട്ടുള്ളതുമാണ്. ഇതിനുപുറമേ പറമ്പിക്കുളത്തുനിന്നും ആളിയാറിൽനിന്നും തുറന്നുവിടുന്ന ജലത്തിന്റെ അളവ് 5000 ക്യൂസെക്സിൽ താഴെയായി നിജപ്പെടുത്തുന്നതിനുവേണ്ടി operational arrangements ചെയ്യണമെന്നും കേരളം പ്രത്യേകം ആവശ്യപ്പെടുകയുണ്ടായി. കൂടാതെ മഴ ശക്തമായ സാഹചര്യത്തിൽ കേരളത്തിലേയ്ക്കുള്ള ഒഴുക്ക് പരമാവധി കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് തമിഴ്നാടിനോട് ഉദ്യോഗസ്ഥതലത്തിലും ഗവൺമെന്റ് തലത്തിലും ഫോൺ സന്ദേശം മുഖാന്തരം ആവശ്യപ്പെട്ടിരുന്നു. ഇതിനോട് തമിഴ്നാട് സഹകരിച്ചിട്ടുള്ളതുമാണ്.

## പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.)

83(3867) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.)കരാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി എന്ന് നിലവിൽ വന്നെന്നും പദ്ധതിയുടെ കാലാവധിയും കരാർ വ്യവസ്ഥകൾ പുന:പരിശോധിക്കുന്നതിനുള്ള കാലയളവും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ അറുപത് വർഷക്കാലമായി ഈ കരാർ കൊണ്ട് നേട്ടമുണ്ടാക്കുന്നത് തമിഴ്നാട് ആണെന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) മുപ്പത് വർഷത്തിലൊരിക്കൽ കരാർ വ്യവസ്ഥകൾ സംബന്ധിച്ച പുനരാലോചന നടത്താമെന്ന ഉഭയകക്ഷി കരാർ പ്രകാരം 2018-ൽ പുനരാലോചന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ ഉന്നയിച്ച് കരാർ പുതുക്കിയെഴുതുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ 29-5-1970-ൽ നിലവിൽ വന്നു. കരാറിലെ വ്യവസ്ഥകൾ, അനുഭവത്തിന്റെ വെളിച്ചത്തിൽ ഓരോ 30 വർഷം കഴിയുമ്പോൾ പുനരവലോകനം ചെയ്യണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(സി) പരിശോധിച്ചിട്ടുണ്ട്. പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് ചാലക്കുടിപ്പുഴ, ഭാരതപ്പുഴ, പെരിയാർ എന്നീ നദീതടങ്ങളിൽനിന്നും കേരളത്തിനുള്ള വിഹിതം എത്രയാണെന്ന് കൃത്യമായി കരാറിൽ പ്രതിപാദിച്ചിട്ടുണ്ട്. 1970-നു ശേഷം ചില ജലവർഷങ്ങളിൽ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ജലം

കേരളത്തിന് ലഭിച്ചിട്ടില്ല. ഇത് മുൻനിർത്തി കേരളത്തിന് കൂടുതൽ പ്രയോജനമുണ്ടാക്കുന്ന തരത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനാണ് കേരളം ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(ഡി) 19-1-2018-ന് തിരുവനന്തപുരത്ത് രണ്ട് സംസ്ഥാനങ്ങളും തമ്മിൽ നടന്ന സെക്രട്ടറിതല ചർച്ചയിലും 2-5-2018-ന് ന്യൂഡൽഹിയിൽ കേന്ദ്ര ജലകമ്മീഷൻ വിളിച്ചുചേർത്ത തെക്കൻ സംസ്ഥാനങ്ങളുടെ ഒന്നാമത് റീജിയണൽ കോൺഫറൻസിലും പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. കേരളത്തോടും തമിഴ്നാടിനോടും കരാർ പുനവലോകന ചർച്ചകൾ പുനരാരംഭിക്കാനും ചർച്ചകളെ സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര ജലകമ്മീഷനെ അറിയിക്കാനും യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് 2018 ജൂൺ 19-ാം തീയതി നടന്ന യോഗത്തിൽ കരാർ പുനരവലോകന ചർച്ചകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ എടുക്കണമെന്ന് തമിഴ്നാടിനോട് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) കരാർ ലംഘനങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ, പറമ്പിക്കുളം-ആളിയാർ കരാറുകമായി ബന്ധപ്പെട്ട വിവിധ ചർച്ചകളിൽ കേരളം നിരന്തരം ഉന്നയിച്ചുവരികയാണ്.

പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്നും കേരളത്തിന് കൂടുതൽ പ്രയോജനം ലഭ്യമാക്കുന്ന തരത്തിൽ കരാർ പുനരവലോകനം ചെയ്യുന്ന ചർച്ചകളുമായി മുന്നോട്ടുപോകാനാണ് കേരളം ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്.

## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് നിയമനം

84(3868) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ നടക്കുന്നത് പി.എസ്.സി. മുഖേനയാണോ; വിവിധ വകുപ്പുകളിലേക്ക് തയ്യാറാക്കുന്ന പൊതു റാങ്ക് ലിസ്റ്റിൽനിന്ന് തന്നെയാണോ ഇവരെ നിയമിക്കുന്നത്;

(ബി) സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്ന പി.ആർ.ഡി. ഡയറക്ടറേറ്റിൽ നിയമനം ലഭിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് മറ്റു വകുപ്പുകളിലെ സമാന തസ്തികക്കാർക്ക് ലഭിക്കുന്ന 10% സ്ഥാനക്കയറ്റം ലഭിക്കുന്നുണ്ടോ; അവരുടേതല്ലാത്ത കുറ്റത്താൽ സ്ഥനക്കയറ്റം നിഷേധിക്കപ്പെടുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഇവർക്ക് ഉചിതമായ പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അതെ.

(ബി&സി) വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ 10 ശതമാനം അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റ നിയമനം നൽകുന്നതിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ക്ലറിക്കൽ/ടൈപ്പിസ്റ്റ് തസ്തികകളിൽ വകുപ്പ് നേരിട്ട് നിയമനം നടത്തുന്നില്ല. ജില്ലാ/മേഖലാ ഓഫീസുകളിൽ റവന്യൂ വകുപ്പിൽനിന്നും ഡയറക്ടറേറ്റിൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ നിന്നുമാണ് നിയമനം നടത്തുന്നത്. വകുപ്പിന് സ്വന്തമായി ക്ലറിക്കൽ/ടൈപ്പിസ്റ്റ് തസ്തികകളില്ലാത്തതിനാലാണ് തസ്തികമാറ്റ നിയമനം നടക്കാത്തത്. ഇതുസംബന്ധിച്ച് ലഭിച്ച പരാതി പരിശോധിച്ചുവരുന്നു.

## മാധ്യമങ്ങൾക്കുള്ള നിയന്ത്രണങ്ങൾ

85(3869) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനാധിപത്യത്തിന്റെ നാലാം തൂണായി വിശേഷിപ്പിക്കപ്പെടുന്ന മാധ്യമങ്ങൾക്ക് സംസ്ഥാനത്ത് ചില പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് ഇറക്കുകയുണ്ടായോ; എങ്കിൽ ഉത്തരവിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇത് ജനങ്ങളുടെ അറിയാനുള്ള അവകാശത്തിന്റെ നിഷേധവും മാധ്യമ സ്വാതന്ത്ര്യത്തിനു മേലുള്ള കടന്നു കയറ്റവുമാണെന്ന് കരുതുന്നുണ്ടോ;

(സി) മന്ത്രിമാർ പി.ആർ.ഡി മുഖേന മാത്രമേ മാധ്യമങ്ങളോട് സംവദിക്കാവൂ എന്ന് ഉത്തരവിൽ നിർദ്ദേശമുണ്ടോ;

(ഡി) എങ്കിൽ മന്ത്രിമാർ ദൃശ്യമാധ്യമങ്ങളിൽ നടക്കുന്ന ചർച്ചകളിൽ പങ്കെടുക്കുന്നതിനും ഫേസ് ബുക്ക് പോലുള്ള സാമൂഹ്യമാധ്യമങ്ങളിലൂടെ വിവരങ്ങൾ പങ്കുവയ്ക്കുന്നതിനും പ്രസ്തുത ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയ വിലക്കുകൾ ബാധകമാകുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ-ഡി) അച്ചടി-ദൃശ്യ മാധ്യമങ്ങൾക്ക് ഫലപ്രദമായി അവരുടെ ധർമ്മം നിർവ്വഹിക്കുന്നതിനാവശ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും സെക്രട്ടേറിയറ്റിൽ ഉൾപ്പെടെ ഒരുക്കുന്നതിന് ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് പുതിയ സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

മാധ്യമങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താനല്ല, മറിച്ച് മാധ്യമങ്ങൾക്ക് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സാഹചര്യമൊരുക്കുകയാണ് ഉദ്ദേശ്യം.

പത്രസമ്മേളനങ്ങൾ, പ്രതികരണങ്ങൾ എന്നിവയെല്ലാം എല്ലാ മാധ്യമങ്ങൾക്കും ഒരുപോലെ അറിയിപ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഐ&പി.ആർ.ഡി. വഴി സംവിധാനമൊരുക്കും. ഇതിനായി ഒരു മൊബൈൽ ആപ്പ് തയ്യാറാക്കാൻ സർക്കുലറിൽ നിർദ്ദേശമുണ്ട്. യഥാർത്ഥ മാധ്യമ പ്രവർത്തകർക്ക് ഇക്കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടുമുണ്ടാകില്ല.

ഇക്കാര്യത്തിൽ ചില മാനദണ്ഡങ്ങൾ നേരത്തെ നിലവിലുണ്ടായിരുന്നു. ഇപ്പോൾ പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങളിൽ ചില ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾകൂടി പരിഗണായുക്തമായ ഭേദഗതി വരുത്തുന്നതാണ്.

**യു.എ.ഇ.-യിലെ പൊതുമാപ്പ്**

86(3870) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.ഇ.-ലെ പൊതുമാപ്പിനെത്തുടർന്ന് നാട്ടിലേക്ക് മടങ്ങിയ മലയാളികൾക്ക് നോർക്ക റൂട്ട്സ് എന്തെല്ലാം സഹായങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) യു.എ.ഇ.-ലെ മലയാളികളെ സഹായിക്കാനായി ഏതെങ്കിലും സംഘത്തെ നിയോഗിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഈ സംഘത്തിൽ എത്ര പേരുണ്ടായിരുന്നുവെന്നും അവർ ആരൊക്കെയായിരുന്നുവെന്നും നേതൃത്വം വഹിച്ചത് ആരായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സംഘം യു.എ.ഇ.-ൽ എത്ര ദിവസം ഉണ്ടായിരുന്നുവെന്നും മലയാളികൾക്കു ഇവർ ചെയ്തു കൊടുത്ത സഹായങ്ങൾ എന്തൊക്കെയായിരുന്ന വെന്നും വ്യക്തമാക്കാമോ;

(ഇ) ഈ സംഘത്തിന്റെ യു.എ.ഇ. യാത്രയ്ക്കും താമസത്തിനും മറ്റ് പ്രവർത്തനങ്ങൾക്കും ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നോർട്ട റൂട്ട്സ് ഡയറക്ടർമാരും യു.എ.ഇ.-യിലെ ലോക കേരള സഭാംഗങ്ങളും മുൻകയ്യെടുത്താണ് യു.എ.ഇ.-യിൽ പൊതുമാപ്പ് ലഭിച്ച മലയാളികളെ നാട്ടിലേയ്ക്ക് തിരികെ കൊണ്ടുവന്നത്. നോർക്ക റൂട്ട്സ് ചെയർമാൻ കൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥന പ്രകാരം നോർക്ക റൂട്ട്സ് ഡയറക്ടറായ ശ്രീ. രവി പിള്ള പൊതുമാപ്പ് ലഭിക്കുന്ന മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകാൻ സന്നദ്ധത അറിയിക്കുകയും ആയത് ലഭ്യമാക്കുകയും ചെയ്തു.

(ബി&സി) യു.എ.ഇ.-ലെ ലോക കേരള സഭാംഗവും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ഡയറക്ടറുമായ ശ്രീ. കൊച്ചുകൃഷ്ണനെയാണ് മലയാളികളെ സഹായിക്കാനായി നിയോഗിച്ചത്. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു സംഘം യു.എ.ഇ.-ൽ ഇതിനായി പ്രവർത്തിച്ചു.

(ഡി) ഈ സംഘത്തിലെ അംഗങ്ങൾ യു.എ.ഇ.-യിൽ ജോലി ചെയ്യുന്ന വ്യക്തികളാണ്. പൊതുമാപ്പ് ലഭിച്ച മലയാളികളുടെ വിവരങ്ങൾ നോർക്ക് റൂട്ട്സ് ഡയറക്ടറായ ശ്രീ. രവിപിള്ള ചെയർമാനായ ആർ.പി. ഗ്രൂപ്പിന് കൈമാറുകയും ആയതിൻപ്രകാരമുള്ള വ്യക്തികൾക്ക് സൗജന്യ വിമാന യാത്ര ടിക്കറ്റ് ലഭ്യമാക്കുകയും ചെയ്തു.

(ഇ) ഈ പ്രവർത്തനം പ്രതിഫലമില്ലാതെ നടത്തിയ സേവനമായതിനാൽ തുകയൊന്നും ചെലവായിട്ടില്ല.

**നോർക്കയുടെ വെബ് പോർട്ടൽ**

87(3871) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ വെബ് പോർട്ടൽ റീ-ഡിസൈൻ ചെയ്യാനുള്ള കരാർ കെ.പി.എം.ജി.-ക്ക് നൽകിയത് എത്ര തുകയ്ക്കാണെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഔദ്യോഗിക വെബ്സൈറ്റ് ഡിസൈൻ ചെയ്തത് ഏത് ഏജൻസിയാണെന്ന് അറിയിക്കുമോ;

(സി) കെൽട്രോൺ, സി-ഡിറ്റ് തുടങ്ങിയ സർക്കാർ ഏജൻസികളെ ഒഴിവാക്കി കെ.പി.എം.ജി.യെ ഇതിനായി ചുമതലപ്പെടുത്തിയതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) 66 ലക്ഷം രൂപയാണ് M/s KPMG-ക്ക് കരാർ നൽകിയിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) സി-ഡിറ്റ് എന്ന ഏജൻസിയാണ് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഔദ്യോഗിക വെബ്സൈറ്റ് ഡിസൈൻ ചെയ്തിരിക്കുന്നത്.

(സി) നോർക്ക വെബ് പോർട്ടൽ റീഡിസൈനിംഗ് ആൻഡ് എന്റർപ്രൈസസ് സൊലൂഷനുമായി ബന്ധപ്പെട്ട ജോലികൾക്ക് NICSI എംപാനൽഡ് ഏജൻസികളിൽ നിന്നും മത്സരാധിഷ്ഠിത ഓപ്പൺ ടെണ്ടർ വഴിയാണ് M/s KPMG-യെ തെരഞ്ഞെടുത്തത്.

## ഗൾഫ് നാടുകളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തുന്നവർക്ക് പദ്ധതി

88(3872) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങേണ്ടിവരുന്നവർക്ക് പുതിയ ജോലി കണ്ടെത്തുന്നതുവരെ ആറുമാസമെങ്കിലും ശമ്പളം നൽകുന്ന പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടികൾ ഉടൻ കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) ഇത്തരം ഒരു പദ്ധതി ഔദ്യോഗികമായി തീരുമാനിച്ചിട്ടില്ല.

## പ്രവാസി ക്ഷേനിധിയുടെ പ്രവർത്തനം

89(3873) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എത്ര പ്രവാസികൾ ഇതിനകം ക്ഷേമനിധിയിൽ അംഗത്വമെടുത്തു;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുന്നവർക്ക് ഇപ്പോൾ എന്ത് തുകയാണ് പെൻഷനായി അനുവദിക്കുന്നത്;

(സി) എല്ലാ ക്ഷേമപെൻഷനുകളും 1,000 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ പ്രവാസി ക്ഷേമനിധിയിൽനിന്നുള്ള പെൻഷനും കാലോചിതമായി പുതുക്കുന്നതിന് നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുമോ;

(ഡി) പ്രവാസികൾക്ക് ഭവനനിർമ്മാണത്തിന് പ്രത്യേക പദ്ധതി പരിഗണിക്കുമോ;

(ഇ) പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക-റൂട്ട്സ് നടപ്പിലാക്കുന്ന പദ്ധതികൾ പ്രവാസികൾക്ക് ഗുണകരമല്ല എന്ന പരാതി പരിഹരിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ പോകുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2009-ൽ പ്രവർത്തനമാരംഭിച്ച കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ച് പ്രവർത്തിച്ചുവരികയും ആക്ട് വിഭാവനം ചെയ്തിട്ടുള്ള ക്ഷേമ പദ്ധതികളായ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം എന്നിവ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ പ്രവർത്തനം ബോർഡ് മീറ്റിംഗുകളിൽ അവലോകനം ചെയ്യാറുണ്ട്. 2018 നവംബർ വരെ 337420 പേർ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്.

(ബി) അർഹരായ അംഗങ്ങൾക്ക് മിനിമം പെൻഷൻ തുകയായി 2,000 രൂപ പ്രതിമാസം അനുവദിച്ചുവരുന്നു. 5 വർഷത്തിലധികം അംശദായം അടയ്ക്കുന്നവർക്ക് അധികമായി അടച്ച ഓരോ വർഷത്തേയ്ക്കും മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പെൻഷനായി നൽകിവരുന്നു. ഇപ്രകാരം 5 വർഷത്തിലധികം അടയ്ക്കുന്നവർക്കുള്ള പരമാവധി പെൻഷൻ തുക 4000 രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

(സി) കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽനിന്നും നിലവിൽ പ്രതിമാസം 2,000 രൂപയാണ് പെൻഷനായി അനുവദിച്ചുവരുന്നത്. 2017 സെപ്റ്റംബർ മാസത്തിലാണ് ഇത് 2,000 രൂപയാക്കി ഉയർത്തിയത്.

(ഡി) 'പ്രൊട്ടക്റ്റഡ് വില്ലേജ്' പദ്ധതി എന്ന പേരിൽ ബോർഡ് സമർപ്പിച്ച ഒരു പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) ഇത്തരത്തിലൊരു ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ടാക്സി മേഖലയിലെ ക്രമസമാധാന പ്രശ്നങ്ങൾ

90(3874) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊബർ, ഒല തുടങ്ങിയ ഓൺലൈൻ ടാക്സി ഡ്രൈവർമാരും പരമ്പരാഗത ടാക്സി ഡ്രൈവർമാരും തമ്മിൽ ക്രമസമാധാന പ്രശ്നങ്ങൾ നിലനില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവ തമ്മിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) ഇതുസംബന്ധിച്ച കോടതി പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഓൺലൈൻ ടാക്സികൾക്കും പരമ്പരാഗത ടാക്സികളുടെ അതേ നിയമം തന്നെയാണോ ബാധകമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഇ) ഓൺലൈൻ ടാക്സി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) പരമ്പരാഗത ടാക്സി ഡ്രൈവർമാരും ഓൺലൈൻ ടാക്സി ഡ്രൈവർമാരും തമ്മിൽ പരസ്പരം തർക്കങ്ങൾ ഉണ്ടായതുമായി ബന്ധപ്പെട്ട് കേസുകളുണ്ട്. ഇവർ തമ്മിൽ സർവ്വീസ് നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് തർക്കങ്ങൾക്ക് അടിസ്ഥാനം.

(ബി&സി) ഓൺലൈൻ ടാക്സി ഡ്രൈവർമാരും പരമ്പരാഗത ടാക്സി ഡ്രൈവർമാരും തമ്മിൽ സർവ്വീസ് നടത്തുന്നതിനെ ചൊല്ലിയുണ്ടായ തർക്കവുമായി ബന്ധപ്പെട്ട് ഓൺലൈൻ ടാക്സി ഡ്രൈവറായ നവാസ് കേരള ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷൻ (WP(C) No. 10172/16) പരിഗണിക്കവേ മറ്റ് ടാക്സി ഡ്രൈവർമാർ, ഓൺലൈൻ ടാക്സി സർവ്വീസ് നടത്തുന്നവർക്ക് യാതൊരു തടസ്സവും വരുത്തുവാൻ പാടുള്ളതല്ലെന്ന് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ ഓൺലൈൻ ടാക്സി ഡ്രൈവർമാരും ഓൺലൈൻ കമ്പനികളുമായി വേണ്ട നടപടികൾ സ്വീകരിക്കാനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട കമ്പനികൾക്കും നൽകിയിട്ടുണ്ട്.

(ഡി) മോട്ടോർ വാഹന നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഒരേ നിയമം തന്നെയാണ് നിലവിലുള്ളത്. എന്നാൽ ഓൺലൈൻ കമ്പനികളുമായി ഡ്രൈവർമാർ കരാറുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക നിയമങ്ങളൊന്നും നിലവില്ല.

(ഇ) ഓൺലൈൻ ടാക്സി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടില്ല.

## പോലീസ് സേനയിലെ തീവ്രവാദി സാന്നിധ്യം

91(3875) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ തീവ്രവാദികളായ പോലീസുകാരുടെ വാട്സ്ആപ്പ് ഗ്രൂപ്പ് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാന പോലീസിലെ തീവ്രവാദി സാന്നിധ്യം സംബന്ധിച്ച് കേന്ദ്ര ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

## ട്രാഫിക് പോലീസുകാരുടെ ആരോഗ്യം

92(3876) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായു മലിനീകരണത്തിന്റെ ദൂഷ്യഫലം അനുഭവിക്കുന്ന ട്രാഫിക് പോലീസുകാരുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അത്യാവശ്യ ഘട്ടത്തിൽ ഒഴികെ പ്രത്യേകിച്ച് വേനൽകാലത്ത് കൂടുതൽ ട്രാഫിക്ക് ലൈറ്റുകൾ സ്ഥാപിച്ച് അവയുടെ സഹായത്തോടുകൂടി ഗതാഗതം ക്രമീകരിച്ച് ട്രാഫിക് ഉദ്യോഗസ്ഥർക്ക് ആശ്വാസം നല്കുമോയെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ട്രാഫിക് ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് വായു മലിനീകരണത്തിൽനിന്നും സംരക്ഷണം ലഭിക്കുന്നതിന് മാസ്ക് ഉൾപ്പെടെയുള്ള അവശ്യ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുള്ളതും കൂടുതൽ മാസ്കുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. പോലീസുകാരെ സ്ഥിരമായി ട്രാഫിക് ഡ്യൂട്ടിക്ക് വിനിയോഗിക്കാതെ വൈവിധ്യങ്ങളായ ഡ്യൂട്ടി അവർക്ക് മാറ്റിനൽകുന്ന സമ്പ്രദായം ഉണ്ട്. ട്രാഫിക് പോലീസുകാർക്ക് തുടർച്ചയായി ആറ് മണിക്കൂർ മാത്രമാണ് ഡ്യൂട്ടി നൽകിവരുന്നത്. ഇത് പോലീസിലെ മറ്റ് വിഭാഗങ്ങൾക്ക് നൽകിവരുന്ന സമയത്തെ അപേക്ഷിച്ച് വളരെ ചുരുങ്ങിയ സമയമാണ്. ഈ നടപടികളിലൂടെതന്നെ ട്രാഫിക് ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് വായു മലിനീകരണത്തിൽ നിന്നുള്ള മതിയായ സംരക്ഷണം നൽകുന്നതിനുള്ള കാര്യങ്ങൾ പോലീസ് വകുപ്പ് ഇപ്പോൾത്തന്നെ സ്വീകരിച്ചുവരുന്നു.

(ബി) ഗതാഗത തിരക്കേറിയ റോഡുകളിൽ സിഗ്നൽ ലൈറ്റുകൾ ആവശ്യമാണെങ്കിൽ റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്ന നടപടി റോഡ് സേഫ്റ്റി അതോറിറ്റിയും പോലീസ് വകുപ്പും സംയുക്തമായി ഇപ്പോൾത്തന്നെ സ്വീകരിച്ചുവരുന്നുണ്ട്.

**ഫോറൻസിക് ലാബുകൾ**

93(3877) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഫോറൻസിക് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) 2014-ൽ എറണാകുളത്ത് പണിപൂർത്തിയാക്കിയ ഫോറൻസിക് ലാബിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ഇത് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; വർഷങ്ങൾ പഴക്കമുള്ള പല കേസുകളും ഫോറൻസിക് ലാബുകളിൽ പരിശോധന തീർപ്പാക്കാതെ കിടക്കുന്നത് കാരണം വിചാരണയ്ക്ക് കാലതാമസം വരുന്നതും പല കേസ്സുകളിലും അട്ടിമറി നടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ബയോളജി, ന്യൂറോളജി, കെമിസ്ട്രി, ഫിസിക്സ്, സൈബർ, ഡി.എൻ.എ., ഡോക്യുമെന്റേഷൻ, എക്സ്പ്ലോഷൻ തുടങ്ങി വിവിധ ഡിവിഷനുകളിൽ ഓരോന്നിലും എത്ര കേസ് വീതം കെട്ടിക്കിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ; ഇതിൽ ഒരു വർഷത്തിലേറെ പഴക്കമുള്ള കേസ്സുകൾ എത്രയെന്ന് വിശദമാക്കുമോ;

(ഇ) പ്രവർത്തനം തുടങ്ങേണ്ട പ്രസ്തുത ലാബിലേയ്ക്ക് എത്ര ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത് എന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ; ഇവർ ഓരോരുത്തരും ഇപ്പോൾ എവിടെയാണ് ജോലി നോക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഓരോ വർഷവും ഫോറൻസിക് പരിശോധന നടത്തേണ്ട എത്ര കേസ്സുകളാണ് ക്രൈംബ്രാഞ്ച് മുഖേന ഫോറൻസിക് ലാബിൽ എത്തിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലാകെ 3 ഫോറൻസിക് സയൻസ് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്.

1. സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറി, തിരുവനന്തപുരം
2. റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി, കണ്ണൂർ
3. റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി, തൃശ്ശൂർ

(ബി&സി) 14-10-2014-ലെ G.O.(Ms.) No.202/2014/Home നമ്പർ ഉത്തരവ് പ്രകാരം കൊച്ചിയിൽ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകുക മാത്രമാണുണ്ടായത്. ലാബിലേയ്ക്കാവശ്യമായ ഉപകരണങ്ങളും മറ്റും ലഭ്യമാക്കി ലാബ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. വർഷങ്ങൾ പഴക്കമുള്ള പല കേസ്സുകളും ഫോറൻസിക് ലാബുകളിൽ കിടക്കുന്നതു കാരണം വിചാരണയ്ക്ക് കാലതാമസം വരുന്നതായും പല കേസ്സുകളിലും അട്ടിമറി നടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഫോറൻസിക് സയൻസ് ലബോറട്ടറി യൂണിറ്റിലെ വിവിധ ഡിവിഷനുകളിൽ പരിശോധനാ ഫലം നൽകാനുള്ള കേസ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഫോറൻസിക് സയൻസ് ലബോറട്ടറി യൂണിറ്റിൽ 'ന്യൂറോളജി' ഡിവിഷൻ നിലവിലില്ല.

| ഡിവിഷനുകൾ | പരിശോധനയ്ക്കായി കെട്ടിക്കിടക്കുന്ന കേസ്സുകളുടെ എണ്ണം | ഒരു വർഷത്തിലേറെ പഴക്കമുള്ള കേസ്സുകളുടെ എണ്ണം |
|---|---|---|
| ബയോളജി | 2578 | 1506 |
| സിറോളജി | 1114 | 687 |
| കെമിസ്ട്രി | 2704 | 1760 |
| ഫിസിക്സ് | 299 | 167 |
| സൈബർ | 1484 | 915 |
| ഡി.എൻ.എ. | 692 | 351 |
| ഡോക്യുമെന്റ്സ് | 434 | 162 |
| ഡോക്യുമെന്റ്സ് സിവിൽ | 40 | 0 |
| എക്സ്പ്ലോസീവിസ് | 155 | 0 |
| പോളീഗ്രാഫ് | 48 | 15 |
| ബാലിസ്റ്റിക് | 68 | 22 |
| ആകെ | 9616 | 5585 |

(ഇ) 19-5-2017-ലെ സ.ഉ.(കൈ) നമ്പർ 102/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം കൊച്ചി റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലേയ്ക്ക് 11 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ അസിസ്റ്റൻറ് ഡയറക്ടർ (ഫിസിക്സ്), അസിസ്റ്റന്റ് ഡയറക്ടർ (ബയോളജി) എന്നീ തസ്തികകളിലേയ്ക്ക് നിയമനം നടത്തി തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടിയിലേയ്ക്ക് അറ്റാച്ച് ചെയ്ത് കൊച്ചിയിലെ കേസ്സുകൾ കൈകാര്യം ചെയ്തിരുന്നുവെങ്കിലും കൊച്ചി ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾക്കായി ഫോറൻസിക് ഡയറക്ടറുടെ 1-12-2018-ലെ ഉത്തരവ് പ്രകാരം ഇവരെ കൊച്ചി റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടിയിലേയ്ക്ക് മാറ്റിനിയമിച്ചിട്ടുണ്ട്. കൂടാതെ, കൊച്ചി റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലേയ്ക്ക് പി.എസ്.സി. മുഖാന്തരം ഒരു എൽ.ഡി. ക്ലാർക്കിനെയും ഒരു എൽ.ഡി. ടൈപ്പിസ്റ്റിനെയും നിയമിച്ച് തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ വിഷയ പരിജ്ഞാന പരിശീലനം നൽകിവരുന്നു.

(എഫ്) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഓരോ വർഷവും ഫോറൻസിക് പരിശോധന നടത്തുന്നതിലേയ്ക്കായി ക്രൈംബ്രാഞ്ച് മുഖേന ഫോറൻസിക് സയൻസ് ലബോറട്ടറി യൂണിറ്റിൽ ലഭിച്ച കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| വർഷം | കേസ്സുകളുടെ എണ്ണം |
|---|---|
| 2013 | 136 |
| 2014 | 116 |
| 2015 | 138 |
| 2016 | 165 |
| 2017 | 112 |

**പോലീസിന്റെ ജനസൗഹൃദപരമായ പ്രവർത്തനം**

94(3878) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് ജനസൗഹൃദപരമായ പ്രവർത്തനങ്ങളല്ല നടത്തുന്നതെന്ന അഭിപ്രായം നിലനില്ക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) പോലീസിന് കൂടുതൽ പ്രൊഫഷണൽ മികവ് നൽകുന്നതിനുള്ള സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള ഏതൊക്കെ പദ്ധതികളാണ് വിഭാവന ചെയ്യുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് നിയമാനുസൃതമായ നടപടികൾ സ്വീകരിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകി ജനസൗഹൃദപരമായ പ്രവർത്തനങ്ങളിലൂടെ ജനങ്ങളോടൊപ്പം പ്രവർത്തിച്ചുവരുന്നു.

(ബി) പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാനം നിലനിർത്തുന്നതിനും രക്ഷ, Know Your Police Station ആപ്ലിക്കേഷൻ, ട്രയൽ മോണിറ്ററിംഗ് ആപ്ലിക്കേഷൻ, വുമൺസേഫ്റ്റി ആൻഡ് എമർജൻസി റെസ്പോൺസ്, ഡയൽ 100, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആപ്ലിക്കേഷൻ, വെർച്വൽ പോലീസ് ഗൈഡ് ഫോർ പോലീസ് സർവ്വീസ്, തുണ, ശബരിമല ദർശനത്തിനായി വെർച്വൽ ക്യൂ സിസ്റ്റം തുടങ്ങിയ മൊബൈൽ/വെബ് ആപ്ലിക്കേഷനുകൾ വികസിപ്പിച്ചിട്ടുണ്ട്.

ജീവാപായം കൂടാതെ സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യാനും നിർവീര്യമാക്കാനും ഉതകുന്ന Robotic Mobile Explosive Cutter Vehicle എന്ന ഉപകരണം സഞ്ചരിക്കുന്ന ബാഗേജ് സ്കാനർ, ആകാശ നിരീക്ഷണത്തിനുള്ള Unmanned Aerial Vehicle, Bomb Detection & Disposal Squad-ന് ആവശ്യമായ Bomb Suit, Explosive Detector തുടങ്ങിയവയും വകുപ്പ് വാങ്ങുകയുണ്ടായി.

സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സൈബർ ഡോം സൈബർ സെല്ലുകൾ എന്നിവയുടെ സാങ്കേതിക സഹായവും സേവനവും ഉപയോഗപ്പെടുത്തി സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, ലോക്കൽ പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലെ സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ കാര്യക്ഷമമായി അന്വേഷണം നടത്തിവരുന്നു.

ഫോൺ കോളുകൾ, എസ്.എം.എസ്. ഡാറ്റാ സർവ്വീസ് എന്നിവ നിയമപരമായി intercept ചെയ്യുന്നതിലേയ്ക്കായി സെൻട്രൽ മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തനസജ്ജമായിവരുന്നു.

## കേസന്വേഷണം കാര്യക്ഷമമാക്കുന്നതിന് നടപടി

95(3879) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അന്വേഷണം സംബന്ധിച്ച പുരോഗതി റിപ്പോർട്ട് തയ്യാറാക്കണമെന്ന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സംവിധാനം പോലീസിലെ ഏതൊക്കെ ബ്രാഞ്ചുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) വിവാദമായതും പ്രധാനപ്പെട്ടതുമായ ക്രൈംബ്രാഞ്ച് കേസുകൾ ഡി.ജി.പി.-ക്ക് പരിശോധനയ്ക്ക് നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കേസന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥർ അന്വേഷണ പുരോഗതി റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ചും കുറ്റപത്രം സമർപ്പിക്കുന്നത് സംബന്ധിച്ചും വ്യക്തമായ നിർദ്ദേശം പോലീസ് മേധാവി ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന പോലീസിലെ എല്ലാ കേസന്വേഷണ വിഭാഗത്തിലും നടപ്പിലാക്കിയിട്ടുണ്ട്.

(സി) വളരെ പ്രധാനപ്പെട്ടതും സെൻസേഷണലുമായ കേസ്സുകളിൽ കേസന്വേഷണ പുരോഗതി റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിക്ക് സമർപ്പിക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 31/2018 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**നാമജപ ഘോഷയാത്ര**

96(3880) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ആചാര സംരക്ഷണത്തിനായി സംസ്ഥാനത്ത് ഉടനീളം നടത്തിയ നാമജപ ഘോഷയാത്രകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) നാമജപ ഘോഷയാത്രയുമായി ബന്ധപ്പെട്ട് വിശ്വാസികൾക്കെതിരെ കേസ് എടുത്തിട്ടുണ്ടെങ്കിൽ കേസ് നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ അങ്കമാലി നിയോജകമണ്ഡല പരിധിയിൽ നാമജപ ഘോഷയാത്രയുടെ പേരിലോ വിശ്വാസ സംരക്ഷണ യാത്രയുടെ പേരിലോ ഏതെങ്കിലും സ്റ്റേഷനിൽ കേസ് എടുത്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ വിശ്വാസികൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) ശബരിമലയിലെ ആചാരം സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ നാമജപ ഘോഷയാത്ര എന്ന് അവകാശപ്പെട്ട് സംഘടിപ്പിച്ചിട്ടുള്ള പ്രക്ഷോഭ പരിപാടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമാധാനപരമായും ക്രമസമാധാനം ലംഘിക്കാതെയും വിശ്വാസികൾ നടത്തിയ നാമജപത്തിനെതിരെ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശബരിമല യുവതി പ്രവേശനവുമായി ബന്ധപ്പെട്ട അറസ്റ്റുകൾ

97(3881) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതി പ്രവേശവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയെത്തുടർന്ന് ആചാര ലംഘനം നടക്കുന്നുവെന്ന് പറഞ്ഞ് നിലയ്ക്കലും പമ്പയിലും സന്നിധാനത്തുമൊക്കെ നടന്ന പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് എത്ര ആർ.എസ്.എസ്., ബി.ജെ.പി., വിശ്വഹിന്ദു പരിഷത്ത് പ്രവർത്തകർ നാളിതുവരെ അറസ്റ്റിലായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ സംഘടനകളുടെ പ്രതിഷേധ സമരങ്ങൾ അവസാനിപ്പിക്കുന്നു എന്ന രീതിയിലുള്ള വാർത്തകൾ പുറത്തുവരുന്നതിന്റെ പശ്ചാത്തലത്തിൽ ഭക്തർക്ക് സുഗമമായ ദർശന സൗകര്യം ഉറപ്പുവരുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ ശരിയാണെന്നും അവ വിജയിച്ചുവെന്നും വിലയിരുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 405 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റ് ചെയ്യപ്പെട്ടവരുടെ സംഘടന തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ബി) ശബരിമലയിൽ ഭക്തർക്ക് സുഗമവും സുരക്ഷിതവുമായ ദർശന സൗകര്യം ഉറപ്പുവരുത്തുന്നതിനായുള്ള ക്രമീകരണങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്.

## ശബരിമലയെ കലാപഭൂമിയാക്കാൻ നീക്കം

98(3882) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതമായ പോലീസ് നിയന്ത്രണങ്ങളിലൂടെ പുണ്യഭൂമിയായ ശബരിമലയെ കലാപഭൂമിയാക്കുന്ന തരത്തിലുള്ള പോലീസ് നടപടികൾ വർഗ്ഗീയ ശക്തികൾക്ക് ഗുണകരമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് ഏതെങ്കിലും പാർട്ടി ശബരിമലയിലെ സമരം തിരുവനന്തപുരത്തേക്ക് മാറ്റിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) അത്തരമൊരു കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശബരിമലയിൽ അക്രമം നടത്തിയതും ഭക്തരെ തടയാൻ ശ്രമിച്ചവരുമായ അക്രമികൾക്കെതിരെ പോലീസ് സ്വീകരിച്ച കർശന നടപടികളെ തുടർന്ന് തിരുവനന്തപുരം കേന്ദ്രീകരിച്ച് യു.ഡി.എഫ്. അനുകൂല സംഘടനകളും ബി.ജെ.പി/സംഘപരിവാർ സംഘടനകളും സമരം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**ശബരിമലയിലെ കർശന നിയന്ത്രണം**

99(3883) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ കർശന നിയന്ത്രണത്തിന്റെ ഭാഗമായി 2018 നവംബർ 16-ന് സന്നിധാനത്തെ മുറികൾ പൂട്ടി താക്കോൽ കൈമാറാനും അന്നദാന കൗണ്ടറും പ്രസാദം കൗണ്ടറും രാത്രി പത്തുമണിയോടെ അടയ്ക്കാനും ഉള്ള പോലീസിന്റെ സർക്കുലർ ആരുടെ നിർദ്ദേശപ്രകാരമായിരുന്നു എന്ന് വിശദമാക്കാമോ;

(ബി) പോലീസ് സ്വീകരിച്ച നടപടികൾ ബോധിപ്പിക്കാനായി ഹൈക്കോടതിയിൽ സർക്കാർ നൽകിയ സത്യവാങ്മൂലത്തിൽ ഈ ഉത്തരവുകളെക്കുറിച്ച് സംസ്ഥാന പോലീസ് മേധാവിയോ അഡ്വക്കേറ്റ് ജനറലോ പരാമർശിക്കുകയുണ്ടായോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പോലീസ് രാജ് ഏർപ്പെടുത്തി ഭക്തന്മാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ആക്ഷേപമുള്ള നടപടികൾ പോലീസ് സ്വീകരിച്ചിരിക്കുന്നത് ആരുടെ നിർദ്ദേശ പ്രകാരമാണ് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഇതുമായി ബന്ധപ്പെട്ട് സർക്കുലറുകളൊന്നും പോലീസ് പുറപ്പെടുവിച്ചിട്ടില്ല.

(സി) ശബരിമലയിൽ പോലീസ് രാജ് ഏർപ്പെടുത്തിയിട്ടില്ല.

## ശബരിമലയിലെ നിരോധനാജ്ഞ

100(3884) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. കെ. സി. ജോസഫ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ പൂർണ്ണ നിയന്ത്രണം പോലീസ് ഏറ്റെടുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ; ദേവസ്വം ബോർഡിന്റെ അഭ്യർത്ഥന മാനിച്ചാണോ പോലീസിന്റെ ഈ നടപടി എന്ന് വ്യക്തമാക്കാമോ;

(ബി) ശബരിമല ക്ഷേത്രത്തിൽ പോലിസ് വ്യാപകമായ മനുഷ്യാവകാശ ലംഘനങ്ങൾ നടത്തുന്നു എന്ന മനുഷ്യാവകാശ കമ്മീഷന്റെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശബരിമലയിൽ സ്ഥിതി ശാന്തമായിട്ടും നിരോധനാജ്ഞ നീട്ടിക്കൊണ്ടുപോകാനുള്ള തീരുമാനം എന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശബരിമലയിലെ യുവതി പ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിന്യായത്തിനുശേഷം ചില സംഘടനകളും വ്യക്തികളും നടത്തിയ അക്രമത്തെ തുടർന്നുണ്ടായ സംഘർഷാവസ്ഥ കണക്കിലെടുത്ത് അയ്യപ്പഭക്തർക്ക് സുരക്ഷിതവും സുഗമവുമായ ദർശനത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ശബരിമല ക്ഷേത്രത്തിൽ പോലീസ് വ്യാപകമായ മനുഷ്യാവകാശ ലംഘനങ്ങൾ നടത്തുന്നുവെന്ന മനുഷ്യാവകാശ കമ്മീഷന്റെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശബരിമലയിലെ സ്ഥിതിഗതികൾ വഷളാകുന്ന തരത്തിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ ശ്രദ്ധയിൽ പ്പെട്ടതിനെത്തുടർന്ന് മുൻകരുതൽ നടപടിയെന്ന നിലയിലാണ് ജില്ലാ കളക്ടർ നിരോധനാജ്ഞ നീട്ടിക്കൊണ്ട് ഉത്തരവായിട്ടുള്ളത്.

## ശബരിമലയിൽ പോലീസിന്റെ ജാഗ്രതക്കുറവ്

101(3885) ശ്രീ. അനിൽ അക്കര :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടനം സുഗമമാക്കാനും ശബരിമലയിൽ നിയമവാഴ്ച ഉറപ്പാക്കാനും മൂന്നംഗ സമിതിയെ ഹൈക്കോടതി നിയോഗിച്ചത് ക്രമസമാധാനം നിയന്ത്രിക്കുന്നതിൽ പോലീസ് പരാജയമായിരുന്നു എന്നതിന്റെ സൂചനയായി കാണാനാകുമോ;

(ബി) നടപ്പന്തലിൽ സ്ത്രീകൾക്കും കുട്ടികൾക്കും വിരിവയ്ക്കാനും നാമജപവും പാടില്ലയെന്ന പോലിസ് ഉത്തരവ് റദ്ദാക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) ശബരിമലയിൽ കേരള ഹൈക്കോടതി ജഡ്ജിയെ പോലീസ് അപമാനിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇത്തരമൊരു ഉത്തരവ് പോലീസ് പുറപ്പെടുവിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ശബരിമലയിൽ ക്രമസമാധാന പാലനം

102(3886) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ പതിനയ്യായിരത്തിലധികം പോലീസുകാരെ ക്രമസമാധാനപാലനത്തിനായി വിന്യസിച്ചിട്ടും സ്ഥിതി ശാന്തമാക്കാൻ നിരവധി കേസുകളിൽ പ്രതിയായ ആർ.എസ്.എസ്. നേതാവിനെ ഏൽപ്പിച്ചത് മുഖ്യമന്ത്രിയുടേയോ പോലീസ് മേധാവിയുടേയോ അറിവോടെ ആയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) ക്രമസമാധാന പാലനത്തിന് പോലീസ് ഏൽപ്പിച്ചയാൾ കൊലക്കേസിൽ മുഖ്യ പ്രതിയായി വിചാരണ നേരിടുന്ന വ്യക്തിയാണോ;

(സി) കണ്ണൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അക്രമ പരിശീലനം നേടിയവരും സ്വാമി വേഷധാരികളായി എത്തിയവരുമായ ഇരുന്നൂറോളം പേരുടെ നേതാവാണ് ഈ വ്യക്തി എന്ന് രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ട് നൽകിയിരുന്നോ;

(ഡി) ഭരണകക്ഷി പാർട്ടിയുടെ മുഖപത്രത്തിൽ ഇപ്രകാരം പരാമർശം വന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശബരിമലയിൽ ഒരേ സമയം പതിനയ്യായിരത്തിലധികം പോലീസുകാരെ ക്രമസമാധാനപാലനത്തിനായി വിന്യസിച്ചിട്ടില്ല.

(ബി) ക്രമസമാധാന പാലനത്തിനായി പോലീസുദ്യോഗസ്ഥരെയല്ലാതെ ആരെയും ശബരിമലയിൽ നിയോഗിച്ചിട്ടില്ല.

(സി&ഡി) അക്രമ പരിശീലനം സിദ്ധിച്ച ഒട്ടേറെപേർ ശബരിമലയിൽ ഉണ്ടായിരുന്നു. മാധ്യമങ്ങൾ ഇക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

**ഡി.ഐ.ജി. നിയമനം**

103(3887) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാപ്പുഴ കസ്റ്റഡി മരണക്കേസുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായിരുന്ന പോലീസ് സൂപ്രണ്ട് എ. വി. ജോർജ്ജിന് ഡി.ഐ.ജി. ആയി സ്ഥാനക്കയറ്റം നൽകുന്നതിന് വകുപ്പ് തലത്തിൽ ശിപാർശ നൽകിയിരുന്നോ;

(ബി) പ്രസ്തുത ശിപാർശ നൽകിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

## പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണം

104(3888) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

പോലീസ് വകുപ്പിന്റെ ആധുനികവൽകരണത്തിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

21-10-2017-ലെ സ.ഉ.(കൈ)നമ്പർ211/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം ക്രമസമാധാന പരിപാലനവും കേസന്വേഷണവും വേർതിരിക്കുന്നതിന്റെ ഭാഗമായി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കാര്യക്ഷമമായ അന്വേഷണം ഉറപ്പുവരുത്തുന്നതിനുമായി നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷന് പുറമെ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 17-4-2018-ലെ സ.ഉ.(കൈ)നമ്പർ 68/2018/ ആഭ്യന്തരം ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ട്രാഫിക് പോലീസ് സ്റ്റേഷനുകൾ നടത്തിവന്നിരുന്ന ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റി, ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി 14-7-2018-ലെ സ.ഉ.(കൈ)നമ്പർ116/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം പുനർനാമകരണം ചെയ്തിട്ടുണ്ട്.

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുവാൻ " പിങ്ക് പട്രോൾ" സംസ്ഥാനത്തെ കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് റൂറൽ, വയനാട് ഒഴികെയുള്ള എല്ലാ പോലീസ് ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിലെ വിവിധ പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷം 170 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ആദ്യമായി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിക്കുകയും ഇതിൽ ഒരു വനിതാ കമാൻഡോ പ്ലാറ്റൂണിന്റെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

## ആർമർ വിഭാഗത്തിലെ സ്റ്റാഫ് സ്ട്രെംഗ്ത്

105(3889) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിലെ ആർമർ വിഭാഗത്തിലെ സ്റ്റാഫ് സ്ട്രെങ്ത് നിർണ്ണയിച്ചത് എന്നാണ്; നിലവിൽ സ്റ്റാഫ് സ്ട്രെംഗ്ത് നിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആർമർ വിഭാഗത്തിലെ സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിച്ച് പോസ്റ്റ് അപ്ഗ്രഡേഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന പോലീസിലെ ആർമറർ യൂണിറ്റിന്റെ അംഗബലം പുനർനിർണ്ണയിച്ച് നൽകിയത് 10-1-1992-ലെ സ.ഉ.(കൈ)നമ്പർ7/92/ആഭ്യന്തരം ഉത്തരവുപ്രകാരമാണ്.

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ജനമൈത്രി പോലീസിംഗ്

106(3890) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ജനമൈത്രി പോലീസിന്റെ ഭാഗമായി റെസിഡന്റ്സ് അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഭവന സന്ദർശനം, ബോധവൽക്കരണം എന്നിവ നടത്താറുണ്ടോ;

(സി) ഇത്തരത്തിൽ ജനസൗഹൃദം നിലനിർത്തുന്നതിന് പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജനമൈത്രി പോലീസിംഗ് എന്ന് ഉദ്ദേശിക്കുന്നത് ജനങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടും പങ്കെടുപ്പിച്ചും നടത്തുന്ന പോലീസിംഗ് സമ്പ്രദായമാണ്. തന്മൂലം ജനങ്ങൾക്ക് പോലീസിനോടുള്ള മനോഭാവത്തിന് ഗുണപരമായ മാറ്റം

വന്നിട്ടുണ്ട്. ജനമൈത്രി പോലീസിംഗിന്റെ ഭാഗമായുള്ള ഭവന സന്ദർശനവും ജനമൈത്രി സുരക്ഷാസമിതിയും ജനങ്ങളുടെ പ്രശ്നങ്ങളിലേയ്ക്കും ആവലാതികളിലേയ്ക്കും നേരിട്ട് ഇറങ്ങിച്ചെല്ലാൻ സഹായിക്കുന്നു.

അഴിമതി ചെറുക്കൽ, തുല്യ പരിഗണന ലഭ്യത, നീതി ഉറപ്പാക്കൽ, സുരക്ഷിതത്വബോധം, നിയമസാക്ഷരത, പൊതുജന പങ്കാളിത്തത്തോടെ കുറ്റകൃത്യങ്ങൾ കുറയ്ക്കുക, മതേതര സംരക്ഷണ ഇടപെടൽ എന്നിവയെല്ലാം സ്വാഭാവികമായിത്തന്നെ ജനമൈത്രി പോലീസിന്റെ ലക്ഷ്യങ്ങളാണ്. ജനമൈത്രി പോലീസിംഗിന്റെ ഭാഗമായ ജനമൈത്രി സുരക്ഷാ സമിതിയിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ, എസ്.എച്ച്.ഒ.-മാർ, കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർമാർ, ബീറ്റ് ഓഫീസർമാർ, അസി.ബീറ്റ് ഓഫീസർമാർ, സമൂഹത്തിലെ പൗരപ്രമുഖർ, പൊതുജനങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവർ എന്നിവർ അംഗങ്ങളാണ്. ഈ കൂട്ടായ്മ അഴിമതി, നീതി നിഷേധം എന്നിവ പോലുള്ള വിഷയങ്ങളെ പരസ്പരം വിലയിരുത്താനും തടയാനും സഹായിക്കുന്നു.

(ബി) നടത്തിവരുന്നുണ്ട്. കമ്മ്യൂണിറ്റി റിലേഷൻ ഓഫീസർ (CRO), Assistant CRO, Beat Officer ബന്ധപ്പെട്ട പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ ഉൾപ്പെടെയുള്ള പൊതുപ്രവർത്തകർ എന്നിവർ അടങ്ങിയ സമിതി പൊതുജനങ്ങളുടെ ക്ഷേമവും അവരുടെ പ്രശ്നങ്ങളും പരാതികളും ചോദിച്ചറിഞ്ഞ് നടപടി സ്വീകരിക്കുന്നതിന് റെസിഡന്റ്സ് അസ്സോസിയേഷൻ മീറ്റിംഗുകളിലുംമറ്റും വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.

(സി) വിലയിരുത്താറുണ്ട്. എല്ലാ മാസവും ജനമൈത്രി സി.ആർ.ഒ.-മാരുടെ ജില്ലാതല യോഗം കൂടുകയും പദ്ധതിപ്രവർത്തനം വിലയിരുത്തുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

### എസ്.പി.സി. പദ്ധതി

107(3891) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള എസ്.പി.സി. പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് സോഷ്യൽ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ എന്നും ഇത് വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങളിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ടെന്നും വിശദീകരിക്കുമോ;

(ബി) ഈ അദ്ധ്യയനവർഷത്തിൽ ഏതെല്ലാം സ്കൂളുകൾക്ക് പുതിയതായി എസ്.പി.സി അനുവദിച്ചുവെന്ന് വിശദീകരിക്കുമോ;

(സി) ഗവ.സ്കൂളുകളിലെ എസ്.പി.സി. പദ്ധതികൾക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായം നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സോഷ്യൽ ഓഡിറ്റിംഗ് നടത്തിയിട്ടില്ല.

(ബി) ഈ അദ്ധ്യയന വർഷം പുതുതായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി അനുവദിച്ച സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) നിർദ്ദേശിച്ചിട്ടുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്ന സ്കൂളുകൾക്ക്, സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്/ നഗരസഭ/ മുനിസിപ്പാലിറ്റി എന്നിവർക്ക് അവരുടെ തനത് ഫണ്ടിൽനിന്നും ഒരു വർഷം ആകെ 50,000 (അൻപതിനായിരം രൂപ മാത്രം) രൂപയിൽ കവിയാത്ത തുക അവരുടെ കൗൺസിൽ/കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവാക്കുന്നതിന് 2-1-2012-ലെ സ.ഉ.(സാധാ)നമ്പർ03/2012/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

**എൻ.എസ്.എസ്., എസ്.എൻ.ഡി.പി. മന്ദിരങ്ങൾക്കു നേരെ ആക്രമണം**

108(3892) ശ്രീ. അൻവർ സാദത്ത് :
ശ്രീ വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എൻ.എസ്.എസ്., എസ്.എൻ.ഡി.പി. മന്ദിരങ്ങൾക്കു നേരെ ആക്രമണങ്ങൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ബി) ആയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസ്സുകളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ആക്രമണങ്ങൾ നടന്നിട്ടുണ്ട്. 7 എൻ.എസ്.എസ്. കരയോഗങ്ങൾക്ക് നേരെയും 3 എസ്.എൻ.ഡി.പി. മന്ദിരങ്ങൾക്ക് നേരെയും ആക്രമണങ്ങൾ നടന്നിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.* എൻ.എസ്.എസ്. മന്ദിര ആക്രമണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 7 കേസ്സുകളിൽ 14 പേരെയും എസ്.എൻ.ഡി.പി. മന്ദിര ആക്രമണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 3 കേസ്സുകളിൽ 9 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാഞ്ഞങ്ങാട് മാവുങ്കാലിൽവച്ച് നടന്ന ആക്രമണം

109(3894) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയമസഭാ അംഗവും നിലവിൽ റവന്യൂ മന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരനെ കാസർഗോഡ് മാവുങ്കാലിൽവച്ച് ആക്രമിച്ച് പരുക്കേൽപ്പിച്ച കേസ്സിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത കേസ്സിലെ പ്രതികൾ മറ്റേതെങ്കിലും കേസ്സിൽ ഉൾപ്പെട്ടവരാണോ; എങ്കിൽ അവരുടെ പേരിലുള്ള മറ്റ് കേസ്സുകൾ ഏതെല്ലാമാണെന്നും അവയിലെല്ലാം കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കാഞ്ഞങ്ങാട് നിയമസഭാംഗവും നിലവിൽ റവന്യൂ വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരനെ കാസർഗോഡ് മാവുങ്കാലിൽവച്ച് ആക്രമിച്ച് പരിക്കേല്പിച്ച സംഭവത്തിൽ ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത Cr. No. 471/16 u/s143, 147, 148, 341, 323, 324, 326, 307, 427, 506 (II) r/w 149 IPC കേസ്സിൽ കോടതി മുമ്പാകെ 31 -7-17-ൽ 12 പ്രതികളുടെ പേരിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസ് CP No. 89/18 നമ്പരായി ഹോസ്ദുർഗ്ഗ് JFCM-1 കോടതിയുടെ പരിഗണനയിലാണ്. പ്രതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. Balaraman S/o Balakrishnan
2. Pradeep Kumar P.K @ Pradeepan, S/o Narayanan P.K
3. Rajesh M., S/o M.V Narayanan
4. Anoop P.K, S/o Rajeevan
5. Sudheesh S., S/o Surendran
6. Babu B@Katta Babu., S/o Kuttiyan
7. Rahul M., S/o Anilkumar M
8. Arum M., S/o Anandan
9. Manoj. P., S/o Madhavan
10. Sujith M., S/o Surendran

11. M. Pradeep Kumar @ LIC Pradeepan, S/o Thampan Nair

12. Shiju @ Siju, S/o Kothan

(ബി) മറ്റ് കേസ്സുകളിൽ ഉൾപ്പെട്ട പ്രതികളുടെ കേസ് വിവരം അനുബന്ധമായി* ചേർക്കുന്നു.

**നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതി**

110 (3895) പ്രൊഫ. കെ. യു. അരുണൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പുതിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള പിങ്ക് പട്രോളിംഗ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ 'ഓപ്പറേഷൻ വാത്സല്യ പദ്ധതി' നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന നിർഭയ കേരളം സുരക്ഷിത കേരളം -പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് അവരുടെ സുരക്ഷയും ശാക്തീകരണവും മുൻനിർത്തി കേരള പോലീസ് വിവിധങ്ങളായ കർമ്മ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതികൾ വിജയകരമായി നടപ്പിലാക്കി  വരുന്നു. വനിതകളിൽ സുരക്ഷിത ബോധം സൃഷ്ടിക്കുന്നതിനായി വനിതാ സ്വയരക്ഷ പ്രതിരോധ പരിശീലന പരിപാടി, നിർഭയ കേരളം സുരക്ഷ കേരളം, പിങ്ക് പോലീസ് പട്രോൾ, ആന്റിവിമൻ ഹരാസ്മെന്റ് സെൽ, രാത്രിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്കായി ഷോർട്ട് സ്റ്റേ ഹോം സംവിധാനം, വനിതകളുടെ സുരക്ഷിത യാത്രയ്ക്കായി ഷീ ഓട്ടോ സംവിധാനം തുടങ്ങിയ പദ്ധതികൾ സ്ത്രീകളിൽ സുരക്ഷിതബോധം സൃഷ്ടിക്കുവാൻ ഉപകരിച്ചിട്ടുള്ളവയാണ്. കൂടാതെ ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട പോലീസ് സ്റ്റേഷനുകളെ Child Friendly Police Station ആയി പ്രഖ്യാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും Child Protection Officer-മാരെ നിയമിച്ചിട്ടുള്ളതും വനിതകളുടെയും കുട്ടികളുടെയും പരാതികൾ സ്വീകരിക്കുന്നതിനായി Women Help Desk സ്ഥാപിച്ചിട്ടുള്ളതുമാണ്.

(ബി) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പിങ്ക് പോലീസ് പട്രോളിംഗ് സംവിധാനം പ്രവർത്തിച്ചുവരുന്നു. ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള സംവിധാനങ്ങളോടു കൂടിയ വാഹനങ്ങളിൽ നിത്യേന വനിതാ സേനാംഗങ്ങൾ അംഗങ്ങളായിട്ടുള്ള പിങ്ക് പോലീസ് പട്രോളിംഗ് രാവിലെ 8.00 മണിമുതൽ 21.00 വരെ പട്രോളിംഗ് നടത്തിവരുന്നു. കൂടാതെ വനിതാ പോലീസ് ഉദ്യോഗസ്ഥർ മാത്രമുള്ള പിങ്ക് പോലീസ് കൺട്രോൾ റൂം ഇതിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്നു.  ഇതിലേക്കായി 1515 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിച്ച് സേവനം ആവശ്യപ്പെടാവുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.  ജില്ലാ തലങ്ങളിൽ പ്രധാന സ്ഥലങ്ങളായ ബസ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, ആരാധനാലയങ്ങൾ, സ്കൂൾ, കോളേജ് പരിസരങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ചും പിങ്ക് പോലീസ് ബീറ്റ്സ് പട്രോളിംഗ് നടത്തിവരുന്നുണ്ട്. ഇതുമൂലം വിദ്യാർത്ഥികളുടെയും സ്ത്രീകളുടെയും നേരെയുള്ള പൂവാല ശല്യം വലിയ തോതിൽ കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള molestation, വീടുകളിൽ സ്ത്രീകൾ നേരിടുന്ന പീഡനങ്ങൾ, മദ്യപിച്ച് സ്ത്രീകളെ ശല്യം ചെയ്യൽ, കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തുടങ്ങിയ കുറ്റകൃത്യങ്ങളിൽ പിങ്ക് പോലീസ് ഇടപെട്ട് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി സംസ്ഥാന സർക്കാർ (സാമൂഹ്യനീതി വകുപ്പ്) 2015-ൽ ആവിഷ്കരിച്ച തീവ്രയജ്ഞ പരിപാടിയാണ് ഓപ്പറേഷൻ വാത്സല്യ. ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ ജില്ലാ പോലീസ് മേധാവികളും,

ചൈൽഡ് ലൈൻ മെമ്പേഴ്സ്, DCPU(District Child Protection Unit) ജീവനക്കാർ എന്നിവർ ഉൾപ്പെടുന്നു. 20-5-2015 തീയതി ഓപ്പറേഷൻ വാത്സല്യയുടെ ഉദ്ഘാടനം നടത്തിയിട്ടുള്ളതാണ്. ഓപ്പറേഷൻ വാത്സല്യയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥരും പോലീസും ചേർന്ന് ഓരോ ജില്ലയിലും ബോധവൽക്കരണ പ്രവർത്തനം നടത്തിയിട്ടുള്ളതും, ബോധവൽക്കരണ സ്റ്റിക്കറുകൾ പതിച്ചിട്ടുള്ളതുമാകുന്നു. കാണാതാവുകയും അലഞ്ഞുതിരിഞ്ഞ് നടന്നതുമായ കുട്ടികളെ കണ്ടെത്തി നിയമ നടപടികൾക്കുശേഷം രക്ഷിതാക്കളെ ഏൽപ്പിച്ചിട്ടുള്ളതുമാകുന്നു.

(ഡി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരുടെ സുരക്ഷയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം ജില്ലാ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സാമൂഹ്യനീതി, ആഭ്യന്തര വകുപ്പുകളുടെ സഹകരണത്തോടെ വിജയകരമായി നടപ്പാക്കിവരുന്ന പദ്ധതിയാണ് "നിർഭയ കേരളം സുരക്ഷിത കേരളം." ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഓരോ പോലീസ് ജില്ലകളിലെയും വിവിധ പോലീസ് സ്റ്റേഷൻ പരിധിയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 50 എണ്ണത്തിൽ കുറയാത്ത വോളന്റിയർമാർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകിയശേഷം അവരെ ഓരോ പോലീസ് സ്റ്റേഷന്റെയും പരിധിയിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഈ വോളന്റിയർമാർ അവരവരുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധരായ സ്ത്രീകളുടെ വീടുകൾ സന്ദർശിക്കുകയും പഠനം പാതിവഴിയിൽ ഉപേക്ഷിച്ചുപോയ കുട്ടികളെ കണ്ടെത്തി കൗൺസിലിംഗ് കൊടുത്ത് പുനർപഠനത്തിനുള്ള സൗകര്യം സാധ്യമാക്കുകയും സമൂഹത്തിൽ അതിക്രമങ്ങൾക്ക് ഇരയാകാതിരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസുകൾ ഫലപ്രദമായി സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. അതുപോലെതന്നെ അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നിയമ പരിരക്ഷയ്ക്കാവശ്യമായ സഹായവും നൽകിവരുന്നു. കൂടാതെ വനിതാ ഹോസ്റ്റലുകൾ സന്ദർശിച്ച് അന്തേവാസികളുമായി ആശയവിനിമയം നടത്തി അവരുടെ സുരക്ഷയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം ആരോഗ്യ പരിപാലനത്തിലും പരിസര ശുചീകരണത്തിനും ഊന്നൽനൽകുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

(ഇ) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്ക് വനിതകൾ അംഗങ്ങളായി ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും കമ്മിറ്റികളിൽ ലഭിക്കുന്ന പരാതികളിന്മേൽ നിയമ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ

സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ വിശ്രമ സ്ഥലം, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ടോയ്‌ലെറ്റ് സംവിധാനം, 20-ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, സൗജന്യ താമസ സൗകര്യം എന്നിവ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018-ലെ കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി വകുപ്പ് 21(ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളിളെ രാത്രി 9 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യിക്കുന്നപക്ഷം 5 ജീവനക്കാരെങ്കിലുമുള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതും ജോലി സ്ഥലത്തുനിന്നും താമസസ്ഥലം വരെയുള്ള യാത്രാസൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണെന്ന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

111(3896) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയപ്പാർട്ടി പ്രവർത്തകരും നേതാക്കളും നടത്തുന്ന കുറ്റകൃത്യങ്ങൾ പാർട്ടിതല അന്വേഷണത്തിലും നടപടിയിലും ഒതുക്കുന്നതായുള്ള ആക്ഷേപം ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംസ്ഥാനത്തു വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പാർട്ടി നേതാക്കന്മാർക്കും സാധാരണ ജനങ്ങൾക്കും വ്യത്യസ്ത നീതി നൽകുന്നത് മൂലം അതിക്രമങ്ങൾ വർദ്ധിക്കാൻ ഇടയാകില്ലേയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എല്ലാ വിഭാഗം ജനങ്ങൾക്കും നിയമം അനുശാസിക്കുന്ന വിധത്തിലുള്ള തുല്യ നീതിയാണ് നൽകിവരുന്നത്.

## പോക്സോ കേസുകൾ

112(3897) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ സംസ്ഥാനത്ത് പോക്സോ പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്; ആൺ/പെൺ എന്നിവ തിരിച്ചും ജില്ല തിരിച്ചും വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിൽ എത്രയെണ്ണത്തിൽ കോടതി മുമ്പാകെ ചാർജ്ജ് ഷീറ്റുകൾ സമർപ്പിച്ചിട്ടുണ്ട്;

(സി) ഇതിൽ എത്ര കേസ്സുകളിൽ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കാൻ സാധിച്ചു; വിശദാംശം വ്യക്തമാക്കാമോ;

(ഡി) നിലവിൽ സംസ്ഥാനത്തെ വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്ന പോക്സോ കേസ്സുകളുടെ എണ്ണം എത്രയാണ്;

(ഇ) ചുരുങ്ങിയ സമയംകൊണ്ട് പോക്സോ കേസ്സുകളിലെ പ്രതികളെ നിയമത്തിന് മുന്നിൽ എത്തിച്ച് കർശന ശിക്ഷ ഉറപ്പുവരുത്താൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ (25-5-2016 to 4-12-2018) സംസ്ഥാനത്ത് പോക്സോ പ്രകാരം 6934 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 7924 പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്. ആൺ/പെൺ എന്നിവ തിരിച്ചും ജില്ല തിരിച്ചുമുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 4971 കേസുകളിൽ കോടതി മുമ്പാകെ ചാർജ്ജ് ഷീറ്റുകൾ സമർപ്പിച്ചിട്ടുണ്ട്.

(സി) 90 കേസുകളിൽ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കാൻ സാധിച്ചു.

(ഡി) 7668.

(ഇ) പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ എത്രയുംവേഗം പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും കുറ്റമറ്റ അന്വേഷണം നടത്തി രണ്ട് മാസത്തിനകം കുറ്റപത്രം നൽകുന്നതിനും വിചാരണ വേളയിൽ പിഴവില്ലാതെ പ്രോസിക്യൂഷനെ സഹായിച്ച് പ്രതികൾക്ക് കർശന ശിക്ഷ ഉറപ്പുവരുത്തുന്നതിന് അത്തരം കോടതികളിൽ പ്രത്യേക പ്രോസിക്യൂട്ടർമാരെ നിയമിച്ചും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ

113(3898) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഓരോ പോലീസ് സ്റ്റേഷൻ അതിർത്തിയിലും താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ പൂർണ്ണ വിവരങ്ങളടങ്ങിയ രജിസ്റ്റർ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സൂക്ഷിച്ചുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികൾ സ്റ്റേഷൻ അതിർത്തികളിൽ ജോലിക്കായി എത്തുമ്പോഴും തിരികെ പോകുമ്പോഴും വിവരം പോലീസ് സ്റ്റേഷനുകളിൽ അറിയിക്കുന്നതിലേയ്ക്കായി അവർ ജോലി ചെയ്തുവരുന്ന സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകിവരാറുണ്ട്. ഇത്തരക്കാർ മുൻകാലങ്ങളിൽ ഏതെങ്കിലും കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരാണോ എന്നറിയുന്നതിനായി ഇവരുടെ BC ROLL B അതത് പോലീസ് സ്റ്റേഷനുകളിലേയ്ക്ക് അയച്ച് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർക്കും കൂടാതെ പോലീസ് സ്റ്റേഷനുകളിൽനിന്നും ബീറ്റ് ഡ്യൂട്ടിക്കായി നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്കും പ്രത്യേകം നിർദ്ദേശം നൽകിവരാറുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണത്തിനായി 'ഇ-രേഖ' എന്ന പേരിൽ കമ്പ്യൂട്ടർ അധിഷ്ഠിത മൊബൈൽ ആപ്ലിക്കേഷൻ നിലവിലുള്ളതും ആയത് ഉപയോഗിച്ച് അന്യസംസ്ഥാന തൊഴിലാളികളുടെ മുഴുവൻ വിവരങ്ങളും ജില്ലയിൽ ശേഖരിച്ചുവരികയും റിപ്പോർട്ടാകുന്ന സംഭവങ്ങളിൽ നിലവിലുള്ള നിയമപ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## സി.എം. അബ്ദുല്ല മൗലവിയുടെ ദുരൂഹമരണം

114(3899) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 ഫെബ്രുവരി 15ന് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട മംഗലാപുരം-ചെമ്പിരിക്ക സംയുക്ത ഖാസിയും പ്രമുഖ വാഗ്മിയുമായിരുന്ന സി.എം. അബ്ദുല്ല മൗലവിയുടെ കുടുംബാംഗങ്ങളും ആക്ഷൻ കമ്മിറ്റി അംഗങ്ങളും

കാസർഗോഡ് പുതിയ ബസ് സ്റ്റാൻഡ് പരിസരത്ത് നടത്തിവരുന്ന അനിശ്ചിതകാല സത്യാഗ്രഹം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സത്യാഗ്രഹത്തിന്റെ ലക്ഷ്യമെന്താണെന്നും തുടങ്ങിയത് മുതൽ നാളിതുവരെ സമരപ്പന്തലിൽ അഭിവാദ്യം അർപ്പിക്കാൻ വന്ന വ്യക്തികളും സംഘടനകളും ആരെല്ലാം/ഏതെല്ലാമാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സത്യഗ്രഹം രണ്ട് മാസം പിന്നിടാറാകുമ്പോൾ ഇക്കാര്യത്തിൽ സർക്കാറിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; ഇല്ലെങ്കിൽ ജില്ലാ ആസ്ഥാനത്തിന്റെ ഹൃദയഭാഗത്ത് വിവിധ തുറകളിലെ ജനങ്ങളുടെ സഹകരണത്തോടെയും പിന്തുണയോടെയും നടത്തുന്ന സമരവുമായി ബന്ധപ്പെട്ട് സർക്കാർ അനുരഞ്ജന നിലപാട് സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഖാസിയുടെ ദുരൂഹ മരണത്തെക്കുറിച്ച് സംസ്ഥാന പോലീസിന്റെ ഏതെല്ലാം ഏജൻസികൾ അന്വേഷിച്ചിരുന്നുവെന്നും അന്വേഷണത്തിന് ഓരോ ഏജൻസിയും എടുത്ത കാലാവധി എത്രയാണെന്നും റിപ്പോർട്ടുകൾ എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഇ) കേസ്സ് സി.ബി.ഐ. പുനരന്വേഷിക്കണമെന്ന കോടതി വിധിയുടെ പശ്ചാത്തലത്തിൽ സർക്കാരിന് ചെയ്യാനുള്ള കാര്യങ്ങൾ എന്താണെന്നും ഇപ്പോൾ നടന്നുവരുന്ന സത്യഗ്രഹം അവസാനിപ്പിക്കാൻ അവശ്യമായ ഇടപെടലുകൾ നടത്തുമോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സി.ബി.ഐ. അന്വേഷണത്തിൽ സർക്കാരിന് ഇടപെടാൻ നിയമപരമായി കഴിയുകയില്ല.

(ഡി) 15-2-2010 തീയതി മുതൽ 1-3-2010 തീയതിവരെ ലോക്കൽ പോലീസ് അന്വേഷണം നടത്തിയിരുന്നു. തുടർന്ന് 7-3-2010 മുതൽ ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് അന്വേഷണം നടത്തിയിട്ടുണ്ട്. 31-8-2010 തീയതി മുതൽ സി.ബി.ഐ. അന്വേഷണം നടത്തിവരുന്നു.

(ഇ) സി.ബി.ഐ. അന്വേഷണത്തിൽ സർക്കാരിന് ഇടപെടാൻ നിയമപരമായി കഴിയുകയില്ല.

## സിവിൽ തർക്കങ്ങളിൽ പോലീസ് ഇടപെടൽ

115(3900) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് പീഡനപരാതികൾ വർദ്ധിച്ചുവരുന്നതായി ഹൈക്കോടതി ഡിവിഷൻ ബഞ്ച് അഭിപ്രായപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിവിൽ തർക്കങ്ങളിൽ പോലീസ് ഇടപെടരുതെന്ന് വ്യക്തമാക്കി പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സർക്കുലർ നിലനില്ക്കുമ്പോൾ തൊടുപുഴ സർക്കിൾ ഇൻസ്പെക്ടർ എൻ. ജി. ശ്രീമോൻ, സബ് ഇൻസ്പെക്ടർ അജയൻ എന്നിവർ സിവിൽ തർക്കത്തിൽ ഇടപെട്ട് കക്ഷികളെ മർദ്ദിച്ചതായി കോടതി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി&ഡി) തൊടുപുഴ സർക്കിൾ ഇൻസ്പെക്ടർ എൻ.ജി. ശ്രീമോൻ, സബ് ഇൻസ്പെക്ടർ അജയൻ എന്നിവർ സിവിൽ തർക്കങ്ങളിൽ ഇടപെട്ട് കക്ഷികളെ മർദ്ദിച്ചതായി കോടതി കണ്ടെത്തിയിട്ടില്ല. എന്നാൽ കേരളാ ഹൈക്കോടതിയുടെ റിട്ട് പെറ്റീഷൻ നമ്പർ28841/2018-ലെ ഉത്തരവിൽ തൊടുപുഴ പോലീസ് സർക്കിൾ ഇൻസ്പെക്ടറായിരുന്ന എൻ. ജി. ശ്രീമോൻ സിവിൽ തർക്കത്തിൽ ഇടപെട്ട് ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു എന്ന് പരാമർശിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വാച്യാന്വേഷണത്തിന് ഉത്തരവായിട്ടുള്ളതും തൊടുപുഴ പോലീസ് ഇൻസ്പെക്ടർ സ്ഥാനത്തുനിന്നും കോട്ടയം ക്രൈംബ്രാഞ്ചിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുള്ളതുമാണ്.

തുടർന്ന് പ്രസ്തുത കേസിൽ ഹൈക്കോടതി ശ്രീ.എച്ച്. വെങ്കിടേഷ് ഐ.പി.എസ്. (ഐ.ജി.പി., വിജിലൻസ്)-നോട് പോലീസ് ഇൻസ്പെക്ടർ എൻ.ജി. ശ്രീമോനെതിരെ KPDIP & A Rules 1958 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ 5-12-2018-ൽ ഉത്തരവായിട്ടുണ്ട്.

## നിരപരാധിയെ കേസിൽ കുടുക്കിയ സംഭവം

116(3901) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറടയിൽ നടന്ന മോഷണത്തിന്റെ പേരിൽ കുന്നത്തുകാൽ സ്വദേശിയായ റെജി എന്ന യുവാവിനെ പോലീസ് അറസ്റ്റ് ചെയ്ത് 21 ദിവസം ജയിലിൽ അടച്ചിരുന്നോ;

(ബി) ഇത് സംബന്ധിച്ച് തിരുവനന്തപുരം റൂറൽ ജില്ല പോലീസ് മേധാവി എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിരപരാധികളെ കേസിൽ കുടുക്കി പീഡിപ്പിക്കുകയും ജയിലിലടയ്ക്കുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;എങ്കിൽ കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്?

### ഉത്തരം

(എ) വെള്ളറട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1076/17 U/s 451, 380 & 34 IPC, ക്രൈം നമ്പർ 1237/17, U/s 379 & 34 IPC കേസ്സുകളിൽ പ്രതിയായ റെജിനെ റിമാന്റ് ചെയ്ത് 21 ദിവസം ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിരുന്നു.

(ബി) ഇതുസംബന്ധിച്ച് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് നൽകിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിരപരാധികളെ കേസ്സിൽ കുടുക്കി പീഡിപ്പിക്കുകയും ജയിലിലടയ്ക്കുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേസ്സന്വേഷണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല വാക്കാലാന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

## പോലീസുകാർക്കെതിരെയുള്ള അച്ചടക്കനടപടികൾ

117(3902) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്രിമിനൽ കേസുകളിലും മറ്റ് ഗുരുതരമായ സ്വഭാവ ദൂഷ്യങ്ങളിലും ഏർപ്പെട്ട പോലീസുകാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) മേജർ പണിഷ്മെന്റ് നേരിട്ട പോലീസുകാരുടെ കണക്കുകൾ ലഭ്യമാണോ; എങ്കിൽ നൽകാമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രൈം കേസ്സുകളിൽ ഉൾപ്പെട്ടും ഗുരുതരമായ സ്വഭാവദൂഷ്യങ്ങളുമായി ബന്ധപ്പെട്ടും മേജർ പണിഷ്മെന്റിനായുള്ള വാച്യാന്വേഷണം ഉത്തരവായിട്ടുള്ള 967 പോലീസുദ്യോഗസ്ഥർ ഉണ്ട്.

## അനധികൃത വാഹന പാർക്കിംഗ്

118(3903) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ അട്ടക്കുളങ്ങര, കമലേശ്വരം, ആറ്റുകാൽ അമ്പലം വരെയുള്ള ഇടുങ്ങിയ റോഡിന്റെ ഇരുവശത്തും ടൂവീലർ, കാർ എന്നീ വാഹനങ്ങളുടെ പാർക്കിംഗിന് അനുമതി ഇല്ലെങ്കിലും ഹോട്ടലുകൾ, ജ്യൂസ് പാർലറുകൾ എന്നിവയ്ക്ക് മുന്നിൽ യാതൊരു ട്രാഫിക് നിയമങ്ങളും ബാധകമല്ലാത്ത രീതിയിൽ വ്യാപകമായി പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും, കസ്റ്റമേഴ്സിന്റെയും വാഹനങ്ങൾ സ്ഥിരമായി പാർക്ക് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പാർക്കിംഗ് കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതിനുള്ള കാരണം അറിയിക്കുമോ;

(സി) ജ്യൂസ് പാർലറുകൾ, ഹോട്ടലുകൾ എന്നിവയ്ക്ക് മുന്നിൽ പാർക്ക് ചെയ്തിട്ടുള്ള വാഹനങ്ങൾ ഒഴികെ മറ്റിടങ്ങളിലുള്ള വളരെ കുറച്ച് വാഹനങ്ങൾക്ക് മാത്രമാണ് ട്രാഫിക് പോലീസുകാർ പിഴ ഇടുന്നതെന്ന ആക്ഷേപം ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) ഈ ഇടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറ ഉൾപ്പെടെയുള്ള ക്യാമറകൾ പരിശോധിച്ചാൽ ഇത് വ്യക്തമാകുമെന്ന കാര്യം ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുമോ;

(ഇ) ഈ ഇടങ്ങളിലെ ഇത്തരം കച്ചവടസ്ഥാപനങ്ങൾക്ക് മാത്രം നിയമലംഘനം അനുവദിച്ച് നൽകുന്ന നടപടി പോലീസ് അവസാനിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇത്തരം പാർക്കിംഗ് ശ്രദ്ധയിൽപ്പെട്ടാൽ പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ സ്റ്റിക്കർ പതിച്ച് പിഴ ഈടാക്കുവാനും റിക്കവറി വാഹനം ഉപയോഗിച്ച് ഉടമകൾക്കെതിരെ മറ്റ് നിയമ നടപടികൾ സ്വീകരിക്കുന്നതിനും ട്രാഫിക് പോലീസിനും ലോക്കൽ പോലീസിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) സി.സി.ടി.വി. ക്യാമറകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നിയമനടപടികൾ തിരുവനന്തപുരം സിറ്റി പോലീസ് സ്വീകരിച്ചുവരുന്നു.

**സൈബർ കുറ്റകൃത്യങ്ങൾ**

119(3904) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹ മാധ്യമങ്ങൾ വഴിയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സൈബർ പോലീസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കാര്യക്ഷമമായ അന്വേഷണം ഉറപ്പുവരുത്തുന്നതിനുമായി നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷന് പുറമെ കൊച്ചി, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ 17-4-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി Cyber Crime Prevention Against Women and Children പ്രോജക്ട് നടപ്പിലാക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സൈബർ ഫോറൻസിക് ലാബ് ഉൾപ്പെടെ ഒരു ട്രെയിനിംഗ് സെന്റർ കേരളാ പോലീസ് അക്കാദമിയിൽ ആരംഭിക്കുന്നതിനായി നടപടികൾ പുരോഗമിച്ചുവരികയാണ്.

സൈബർ കുറ്റകൃത്യങ്ങളുടെ ശാസ്ത്രീയമായ അന്വേഷണം നടത്തുന്നതിലേയ്ക്കായി ജില്ലാ സൈബർ സെല്ലുകൾ, എഫ്.എസ്.എൽ., സൈബർഡോം തുടങ്ങിയവയുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. കൂടാതെ ഡി-ഡാക് വികസിപ്പിച്ച Cyber Check Suit, Winlift, True Imager, Simextractor, Mobile Check Suit, Net Force Suit, Encase എന്നീ സൈബർ ഫോറൻസിക് ഹാർഡ്‌വെയർ/സോഫ്റ്റ്‌വെയർ ടൂളുകൾ ഉപയോഗിക്കുന്നതിന് സൈബർ സെല്ലുകളിലെ പോലീസുദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനുവേണ്ടി സി-ഡാക്കിൽ നിന്നും സമയാസമയങ്ങളിൽ പ്രത്യേക പരിശീലനങ്ങളും നൽകിവരുന്നുണ്ട്.

## തഴവ കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ

120(3905) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ പരിധിയിൽ എത്ര വില്ലേജുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പ്രദേശത്തെ ക്രമസമാധാനനിലയും ഗതാഗതവുമായി ബന്ധപ്പെട്ട വിഷയങ്ങളും കൈകാര്യം ചെയ്യുന്നതിനാവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ പ്രസ്തുത സ്റ്റേഷനിൽ നിലവിൽ നിയമിച്ചിട്ടുണ്ടോ; പ്രസ്തുത സ്റ്റേഷനിലെ സ്റ്റാഫ് പാറ്റേണും വിവിധ വിഭാഗങ്ങളിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണവും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്റ്റേഷന്റെ പരിധിയിലുള്ള പ്രദേശങ്ങൾ വിഭജിച്ച് തഴവ കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 9 വില്ലേജുകളുണ്ട്. തൊടിയൂർ, തഴവ, പാവുമ്പ, കുലശേഖരപുരം, ആലപ്പാട്, ആദിനാട്, കരുനാഗപ്പള്ളി, കല്ലേലിഭാഗം, അയണിവേലികുളങ്ങര.

(ബി) ഈ പ്രദേശത്തെ ക്രമസമാധാനനിലയിലും ഗതാഗതവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുതിന് നിലവിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഷനിലെ വിവിധ വിഭാഗങ്ങളിലുള്ള ഉദ്യോഗസ്ഥരുടെ അനുവദിച്ച നിലവിലെ അംഗബലം ചുവടെ ചേർക്കുന്നു:

| തസ്തിക | അനുവദിച്ച അംഗസംഖ്യ | നിലവിലുള്ള അംഗസംഖ്യ |
|---|---|---|
| CI | 1 | 1 |
| SI | 7 | 3 |
| ASI | 3 | 0 |
| SCPO | 18 | 16 |
| CPO | 30 | 29 |
| WSCPO | 2 | 0 |
| WCPO | 9 | 11 |

(സി) ഇപ്പോൾ പരിഗണനയിലില്ല.

**മുക്കം പോലീസ് സ്റ്റേഷൻ കെട്ടിടം**

121(3906) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി 2018-19 സ്റ്റേറ്റ് പ്ലാനിൽ എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം എന്തൊക്കെ സൗകര്യങ്ങളാണ് എസ്റ്റിമേറ്റിൽ വിഭാവന ചെയ്തതെന്ന് വിശദമാക്കുമോ;

(സി) നിർമ്മാണത്തിനും നിർവ്വഹണത്തിനും പ്രത്യേക ഏജൻസിയെ നിഷ്കർഷിച്ചിട്ടുണ്ടോ;

(ഡി) നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി 14-11-2018-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നമ്പർ 3328/18/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ നടപ്പ് സാമ്പത്തികവർഷം 45.310 ലക്ഷം രൂപ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) അഡ്മിനിസ്ട്രേറ്റീവ് റൂം, ലിംഗ സൗഹൃദ, ഭിന്നശേഷി സൗഹൃദ, ശിശു സൗഹൃദ സൗകര്യങ്ങളോടുകൂടിയ സന്ദർശന മുറി ഉൾപ്പെടെ ആധുനിക സൗകര്യങ്ങളുള്ള സ്മാർട്ട് ജനമൈത്രി പോലീസ് സ്റ്റേഷനാണ് മുക്കത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി&ഡി) പൊതുമരാമത്ത് വകുപ്പാണ് നിർമ്മാണത്തിനും നിർവ്വഹണത്തിനും വേണ്ട എസ്റ്റിമേറ്റ് വർക്കുകൾ ചെയ്തുവരുന്നത്.

## പോലീസ് സ്റ്റേഷൻ കെട്ടിട സമുച്ചയം

122(3907) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ടൗണിലെ വ്യത്യസ്ത സ്ഥലങ്ങളിൽ വിവിധ കെട്ടിടങ്ങളിലായി പ്രവർത്തിച്ചുവരുന്ന പോലീസ് സ്റ്റേഷനുകൾ ഒരു കുടക്കീഴിൽ പ്രവർത്തിക്കുന്നതിനായി പഴയ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ പുതിയ ഒരു കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച്, ചാലക്കുടിയിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണത്തിനായി വിശദമായി ശിപാർശ തയ്യാറാക്കി നൽകുന്നതിനായി സംസ്ഥാന പോലീസ് മേധാവി തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഐ.എം.പി.ഫിനാൻസിനെതിരെയുള്ള കേസ്

123(3908) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാറശ്ശാല തോട്ടപ്പുവിള വീട്ടിൽ എം.നസീമ, വിളവൻകോട് താലൂക്കിൽ (തമിഴ്നാട്) പടന്താലുംമൂട് ഉണ്ണി എന്നറിയപ്പെടുന്ന ഐ.എം.പി. ഭവനിൽ വിശ്വം എന്ന വ്യക്തി നടത്തുന്ന ഐ.എം.പി ഫിനാൻസിൽ നിന്നും കേരള സംസ്ഥാനത്ത് പാറശ്ശാലയിലെ ഗാന്ധി പാർക്കിന് സമീപമുള്ള എൻ.എം ബിൽഡിംഗ് പ്രമാണം ചെയ്തുകൊടുത്ത് 7 ലക്ഷം രൂപ വാങ്ങിയത് സംബന്ധിച്ചുള്ള പരാതിയിൽ കേരള ഹൈക്കോടതി വിധിയിന്മേൽ സംസ്ഥാന പോലീസ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ വിഷയത്തിൽ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ പേര് വിവരം വെളിപ്പെടുത്തുമോ;

(സി) പടന്താലുംമൂട് ഉണ്ണി എന്നറിയപ്പെടുന്ന ഐ.എം.പി. ഭവനിൽ വിശ്വം എന്ന വ്യക്തിക്കെതിരെ സംസ്ഥാനത്ത് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും പ്രസ്തുത കേസ്സുകളും നിലവിലെ സ്ഥിതിയും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല വില്ലേജിൽ തോപ്പുവിള ലക്ഷ്മി മന്ദിരത്തിൽ മുരുകൻ ഭാര്യ നസീമ ബീവിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഉണ്ണി എന്ന് വിളിക്കുന്ന വിശ്വനെതിരെ പാറശ്ശാല പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 256/2015 u/s 420 IPC Sec. 3 of Prohibition of Charging Exorbitant Interest Act. 2012 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസ് അന്വേഷണം പൂർത്തിയാക്കി നെയ്യാറ്റിൻകര JFMC-II മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. N2.WP(C) 26661/18 നമ്പരായി ഈ കേസ് അന്വേഷണം നടത്തി ഫൈനൽ റിപ്പോർട്ട് സമർപ്പിക്കണമെന്നും ആയതിന്റെ വിശദവിവരം 14-8-2018-ന് നെയ്യാറ്റിൻകര JFMC-II മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിവരം കാണിച്ച് ഹൈക്കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പാറശ്ശാല പോലീസ് സബ് ഇൻസ്പെക്ടർ, ശ്രീ. ഡി. ബിജുകുമാർ, ആർ. ജോൺസൺ GSI എന്നിവരാണ് അന്വേഷണം നടത്തിയത്.

(സി) പാറശ്ശാല പോലീസ് സ്റ്റേഷനിലെ Crime No.256/2015 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## പിറവം മുനിസിപ്പാലിറ്റി കൗൺസിലർക്കെതിരായ കേസ്

124(3909) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം താലൂക്ക് ആശുപത്രിയിൽ അതിക്രമിച്ച് കയറി, ചികിത്സയിലായിരുന്ന ലാലു മത്തായി എന്ന കോൺഗ്രസ് പ്രവർത്തകനെ 24-11-2018-ന് പിറവം മുനിസിപ്പാലിറ്റിയിലെ സി.പി.എം. കൗൺസിലറായ അജേഷ് മനോഹർ ആക്രമിക്കുകയും കയ്യേറ്റം ചെയ്ത് ഗുരുതരമായി പരിക്കേല്പിക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവ ദിവസംതന്നെ പ്രസ്തുത കൗൺസിലർ പോലീസ് ജീപ്പിൽനിന്ന് എൽ.ഡി.എഫ്. അനുഭാവികളായ കൂട്ടുപ്രതികളെ ബലമായി മോചിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സംഭവങ്ങൾ സംബന്ധിച്ച് പോലീസ് കേസെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വകുപ്പുകൾ പ്രകാരമാണ് കേസെടുത്തത്;ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) കേസന്വേഷണത്തിൽ പ്രസ്തുത സംഭവത്തിന്റെ സി.സി.ടി.വി.ദൃശ്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഇ) ആശുപത്രിയിൽ അതിക്രമിച്ച് കയറി ചികിത്സയിലിരിക്കുന്ന ഒരാളെ ആക്രമിക്കുകയും പോലീസ് ജീപ്പിൽനിന്ന് കൂട്ടു പ്രതികളെ ബലമായി മോചിപ്പിക്കുയും ചെയ്ത ദൃശ്യങ്ങൾ തെളിവായുള്ള കേസ്, സ്റ്റേഷൻ ജാമ്യം നല്കാവുന്ന ഒന്നാണോയെന്ന് വ്യക്തമാക്കുമോ;

(എഫ്) അല്ലെങ്കിൽ എന്തുകൊണ്ടാണ് ജാമ്യമില്ലാവകുപ്പ് പ്രകാരം ആദ്യം കേസെടുക്കാതിരുന്നതെന്ന് വ്യക്തമാക്കുമോ;

(ജി) സംഭവം കഴിഞ്ഞ് ഇത്ര ദിവസമായിട്ടും പ്രതിയെ അറസ്റ്റ് ചെയ്യാത്തതിന്റ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംഭവവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന 2 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. പിറവം പോലീസ് സ്റ്റേഷൻ ക്രൈം. നമ്പർ 1202/18/u/s341, 294(b), 323, 506(1) & 34 IPC

2. പിറവം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1207/18 u/s 225B, 353, 34 IPC.

ഇതിൽ ആദ്യ കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) പരിശോധിച്ചിട്ടുണ്ട്.

(ഇ) ക്രൈം നമ്പർ 1202/18 u/s 341, 294(b), 323, 506(1) & 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിലേയ്ക്ക് സ്റ്റേഷൻ ജാമ്യം നൽകാവുന്നതാണ്. ക്രൈം. നം. 1207/18/ u/s 225 B, 353, 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിലേയ്ക്ക് സ്റ്റേഷൻ ജാമ്യം നൽകാൻ കഴിയില്ല.

(എഫ്) ക്രൈം നമ്പർ 1202/18 u/s 341, 294(b), 323, 506(1) & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തും സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ച് പ്രതികളെ അറസ്റ്റ് ചെയ്ത് ടിയാന്മാരെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്.

(ജി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ദേഹോപദ്രവം ഏൽപ്പിച്ച കാര്യത്തിന് രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 1202/18 കേസ്സിലേയ്ക്ക് പ്രതികളെ എല്ലാവരേയും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ക്രൈം നമ്പർ 1207/18 കേസിലെ പ്രതികൾ ഒളിവിൽ കഴിഞ്ഞുവരുന്നതിനാലാണ് അറസ്റ്റ് ചെയ്യാൻ സാധിക്കാത്തത്.

**പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥിയെ മർദ്ദിച്ച സംഭവം**

125(3910) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമപഞ്ചായത്തംഗം കൊട്ടപ്പുറത്ത് അനിൽകുമാറിന്റെ മകനും പട്ടിക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥിയുമായ യദുകൃഷ്ണനെ മർദ്ദിച്ച് അവശനാക്കിയ സാമൂഹ്യവിരുദ്ധർക്കെതിരെ പോലീസ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) യദുകൃഷ്ണനെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പട്ടികസമുദായത്തിൽപ്പെട്ട വിദ്യാർത്ഥിയെ മർദ്ദിച്ചവർക്കെതിരെ നിയമപരമായ ശിക്ഷാനടപടികൾ കൈക്കൊള്ളുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) മങ്കട പോലീസ് സ്റ്റേഷൻ പരിധിയിലെ കൊരങ്ങൻചോല എന്ന സ്ഥലത്തുവച്ച് യദുകൃഷ്ണൻ (വയസ് 21/2018, S/o അനിൽ കുമാർ, കൊട്ടപ്പുറത്ത് വീട്, വെള്ളില പോസ്റ്റ്) എന്നയാളെ കണ്ടാലറിയാവുന്ന 4 പേർ ചേർന്ന് ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് ടിയാന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ 30-10-2018 തീയതി മങ്കട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 184/18 U/s 341, 294 (b), 323, 325 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടി കേസിൽ മങ്കട കൂട്ടിൽ ചേരിയം സ്വദേശികളായ നിഷാദ്, മുഹമ്മദ് അഫ്സൽ, ഷംസുദ്ദീൻ, റിയാസ് എന്നീ നാല് പ്രതികളെ അറസ്റ്റ് ചെയ്ത് നിയമാനുസൃതം നടപടി സ്വീകരിച്ചിട്ടുണ്ട്. കേസ്സന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

**ബേക്കൽ പോലീസ് സ്റ്റേഷനിലെ കേസ്**

126(3911) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ പോലീസ് ക്രൈം നം:341/16 u/s.171F. r/w 116 IPC പ്രകാരം ചെയ്ത കേസ് ഏത് വിഷയത്തിന്റെ പേരിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 16-5-2016 തീയതി നടന്ന കേരള നിയമസഭ തെരഞ്ഞെടുപ്പ് പ്രചാരണവുമായി ബന്ധപ്പെട്ട് ശ്രീ. കെ. സുധാകരൻ S/o രാമുണ്ണി, പാറക്കണ്ടി, കണ്ണൂർ എന്നയാൾ മരിച്ചവരുടെയും വിദേശത്തുള്ളവരുടെയും വോട്ട് ചെയ്യുന്നതിനും മറ്റുമായി പ്രവർത്തകരെ അവിഹിതമായി സ്വാധീനിച്ചു എന്ന വിഷയത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത കേസ്സാണിത്.

(ബി) ഈ കേസ്സിൽ 18-5-2017 തീയതി JFCM കോടതി-II,ഹോസ്ദുർഗ്ഗ് മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് CC/928/17 ആയി കോടതിയിൽ വിചാരണാവസ്ഥയിലുമാണ്.

**ആശുപത്രി സെല്ലിൽ തൂങ്ങിമരിച്ച പ്രതികൾ**

127(3912) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമരവിള എക്സൈസ് പിടികൂടിയ വിളവൻകോട് മീനച്ചൽ ആർ.സി.സ്ട്രീറ്റിൽ പരേതനായ സൈമൺന്റെ മകൻ അനീഷ് 24-7-2018 ൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് സെല്ലിൽ തൂങ്ങിമരിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മരണത്തിൽ ദുരൂഹത ആരോപിച്ച് ബന്ധുക്കൾ പരാതി നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച അന്വേഷണം നടത്തിയോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് /പോലീസ് അറസ്റ്റ് ചെയ്ത എത്ര പ്രതികൾ ആശുപത്രി സെല്ലിൽ തൂങ്ങിമരിച്ചതായി കണ്ടെത്തിയിട്ടുണ്ട്;വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കണ്ടെത്തിയിട്ടുണ്ട്.

(ബി) പരാതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1083/2018 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി ഫൈനൽ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. അനീഷിന്റെ ബന്ധുക്കൾ സമർപ്പിച്ചിരുന്ന WP(c) No. 27122/2018-ാം നമ്പർ ഹർജി വാദം കേട്ടശേഷം ഹൈക്കോടതി തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് പിടികൂടിയ വിളവൻകോട് മീനച്ചൽ ആർ.സി.സ്ട്രീറ്റിൽ സൈമൺ മകൻ അനീഷ് എക്സൈസ് അറസ്റ്റ് ചെയ്ത് UT 9275-ാം നമ്പരായി തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിൽ വിചാരണ തടവുകാരനായിരിക്കെ ആശുപത്രി സെല്ലിൽ തൂങ്ങിമരിച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകര പോലീസ് എ.ആർ.ക്യാമ്പ്

128(3913) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പോലീസ് എ.ആർ.ക്യാമ്പ് മാറ്റിസ്ഥാപിക്കുന്നതിന് എടുത്ത നടപടികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ; നെയ്യാറ്റിൻകര എ.ആർ.ക്യാമ്പ് മാറ്റുന്നതിൽ എത്രപേർ അടങ്ങുന്ന സംഘത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിൽ ഏറെ പ്രയോജനം ചെയ്യുന്ന പോലീസ് എ.ആർ.ക്യാമ്പ് പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതുമൂലം നെയ്യാറ്റിൻകര പട്ടണപ്രദേശത്തും തീരദേശമേഖലയിലും ഉണ്ടാകുന്ന വിവിധങ്ങളായ വിഷയങ്ങളിൽ ക്രമസമാധാന പരിപാലനത്തിന് ആവശ്യമായ പോലീസ് സേനയെ സമയത്തിന് ലഭിക്കാത്തതു കാരണം നിരവധി പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) തിരുവനന്തപുരം റൂറൽ എ. ആർ. ക്യാമ്പിന്റെ 2 പ്ലാറ്റൂണുകൾ (60 സേനാംഗങ്ങൾ) നെയ്യാറ്റിൻകരയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനായി 10-2-2016-ലെ സ.ഉ.(സാധാ)നമ്പർ 464/16/ ആഭ്യന്തരം തീയതി പ്രകാരം ഉത്തരവായിട്ടുള്ളതാകുന്നു. എന്നാൽ നെയ്യാറ്റിൻകര ഡിറ്റാച്ച്മെന്റ് ക്യാമ്പ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ഒരു പ്ലാറ്റൂൺ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തുന്നതിന് മാത്രമെ സ്ഥലസൗകര്യമുള്ളുവെന്നും സേനാംഗങ്ങളെ പാർപ്പിക്കുവാൻ പര്യാപ്തമായ ബാരക്കുകൾ നിർമ്മിക്കേണ്ടതും ആവശ്യമായ ടോയ്‌ലെറ്റുകൾ, ബാത്ത് റൂം സൗകര്യങ്ങൾ, വാട്ടർ കണക്ഷൻ, മെസ് സംവിധാനം, ബെൽ ഓഫ് ആംസ്, ക്വാർട്ടർ മാസ്റ്റർ സ്റ്റോർ, ഓഫീസ് സംവിധാനങ്ങൾ എന്നിവ ക്രമീകരിക്കേണ്ടതുണ്ടെന്നും തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുളിങ്കുടിയിൽ പ്രവർത്തിക്കുന്ന ജില്ലാ സായുധ ക്യാമ്പിൽ നിന്നും യഥാസമയം പോലീസ് ഉദ്യോഗസ്ഥരെ ലഭ്യമാക്കുന്നുണ്ട്.

## നെയ്യാറ്റിൻകര പോലീസ് ക്വാർട്ടേഴ്സ്

129(3914) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ പണിത പോലീസ് ക്വാർട്ടേഴ്സ് ജീവനക്കാർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചോ എന്ന് വ്യക്തമാക്കാമോ;

(ബി) ക്വാർട്ടേഴ്സ് ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പോലീസ് ക്വാർട്ടേഴ്സിൽ സിവിൽ വർക്കുകൾ എപ്പോൾ ആണ് പൂർത്തീകരിച്ചത്; ഇനി ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകരയിൽ പണിത പോലീസ് ക്വാർട്ടേഴ്സിലേയ്ക്ക് വാട്ടർ കണക്ഷൻ മറ്റ് ചില അനുബന്ധ പണികൾ എന്നിവ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

(ബി) ക്വാർട്ടേഴ്സ് ആവശ്യപ്പെട്ടുകൊണ്ട് 21 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) പോലീസ് ക്വാർട്ടേഴ്സിന്റെ സിവിൽ വർക്കുകൾ 25-10-2018-ന് പൂർത്തീകരിച്ചുവെങ്കിലും വാട്ടർ കണക്ഷനും മറ്റ് ചില അനുബന്ധ പണികളും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

## ക്രൈം ബ്രാഞ്ചിന്റെ കേസന്വേഷണം

130(3915) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയിലെ 2-7-18-ലെ WP(C) 40321/17 വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ശ്രീകല രമേഷ്, ജ്യോതിസ് വനം, കലൂർ,എറണാകുളം എന്നയാളുടെ ഹർജിയിലെ അന്വേഷണ ചുമതല ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ക്രൈം ബ്രാഞ്ചിന്റെ ഏത് യൂണിറ്റാണ് ഈ അന്വേഷണം നടത്തുന്നത്; അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൈമാറിയിട്ടുണ്ട്.

(ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) എറണാകുളം ക്രൈംബ്രാഞ്ച് യൂണിറ്റിൽ CBCID Crime No.216/CR/HHW-II/EKM ആയി രജിസ്റ്റർ ചെയ്തിരുന്ന കേസ്സിൽ, ക്രൈം ബ്രാഞ്ചിന്റെ പുനഃക്രമീകരണത്തിനുശേഷം 1-11-2018 മുതൽ എറണാകുളം ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി.-1 യുടെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു.

**ഫിംഗർ പ്രിന്റ് സെർച്ചർ തസ്തികയിലെ ഒഴിവുകൾ**

131(3916) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് (ഫിംഗർ പ്രിന്റ് ബ്യൂറോ) വകുപ്പിലെ ഫിംഗർ പ്രിന്റ് സെർച്ചർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനുള്ള 3 ഒഴിവുകളും ബൈട്രാൻസ്ഫർ മുഖേന നിയമനം നടത്തുന്നതിനുള്ള 10 ഒഴിവുകളും നിലവിലുണ്ട്. നേരിട്ട് നിയമനം നടത്തേണ്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സോളാർ കമ്മീഷൻ റിപ്പോർട്ട്

132(3917) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കേസ്സുകളാണ് ഫയൽ ചെയ്തിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണം നടന്നുവരുന്നതുമായിട്ടുള്ളവരുടെ വിശദവിവരങ്ങൾ നൽകുമോ; പ്രസ്തുത കേസ്സുകളുടെ പുരോഗതി വിവരം നൽകുമോ?

ഉത്തരം

(എ&ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുവരെ കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട വ്യക്തിയുടെ 1-10-2018 തീയതിയിലെ രണ്ട് പരാതികളുടെ അടിസ്ഥാനത്തിൽ ക്രൈം നം.42/18 u/s 376, 354 IPC & 120(o) of KP Act, ക്രൈം നമ്പർ 43/18 U/s 377, 420 & 34 IPC പ്രകാരം രണ്ട് കേസ്സുകൾ ക്രൈംബ്രാഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകൾ ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

## ടെക്നോപാർക്കിൽ ജോലിക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്

133(3918) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്കിലും അവിടെ സ്ഥിതിചെയ്യുന്ന സ്വകാര്യ സ്ഥാപനങ്ങളിലും ജോലിക്കുവേണ്ടി പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പി.സി.സി. നല്കുന്നതിന് ഫീസായി എന്തെങ്കിലും തുക ഈടാക്കുന്നുണ്ടോ; എങ്കിൽ 6 മാസത്തെ കാലാവധിയുള്ള പി.സി.സി. സർട്ടിഫിക്കറ്റിന് ഈടാക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം തുക ഈടാക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; വിശദാംശം നൽകുമോ;

(ഡി) ഉച്ചവരുമാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ പി.സി.സി.-ക്ക് ഈടാക്കുന്ന ഫീസിൽനിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ടെക്നോപാർക്കിലും അവിടെ സ്ഥിതിചെയ്യുന്ന സ്വകാര്യ സ്ഥാപനങ്ങളിലും ജോലിക്കുവേണ്ടി പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടില്ല. അപേക്ഷകർ ആവശ്യപ്പെടുന്നുവെങ്കിൽ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകാറുണ്ട്.

(ബി) പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിൽ 525 രൂപ ഫീസായി ഈടാക്കി വരുന്നു.

(സി) സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ D3/17086/2018/PHQ dated 09.03.2018 (Executive Directive No.07/2018) എല്ലാവിധ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾക്കും 500 രൂപ ഫീസായി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ 17-3-2018-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 44/2018 ധന. പ്രകാരം സർക്കാർ വകുപ്പുകൾ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കും 1-4-2018 മുതൽ 5 ശതമാനം വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ PCC യുടെ ഫീസ് 500 രൂപയിൽ നിന്ന് 525 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) നിലവിൽ പരിഗണനയിലില്ല.

**മുൻസർക്കാരിന്റെ കാലത്തെ അഴിമതികൾ**

134(3919) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്തുള്ള അഴിമതികൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൻമേലുള്ള നടപടികളുടെ പുരോഗതി ഉൾപ്പെടെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത കേസുകളിൽ എത്ര കേസുകളുടെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) പ്രസ്തുത കേസുകളിൽ അന്വേഷണം പൂർത്തിയാക്കി തുടർ നടപടികളിലേക്ക് കടന്നിട്ടുള്ള കേസുകളുടെ വിശദവിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ-സി) മുൻസർക്കാരിന്റെ കാലത്തുള്ള അഴിമതികൾ സംബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോയിൽ നാളിതുവരെ 735 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 444 കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. 171 കേസുകൾ തുടർ നടപടികളിലേക്ക് കടന്നിട്ടുണ്ട്. 291 കേസുകൾ ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

## റെസിഡന്റ്സ് അസോസിയേഷൻ ആന്റി കറപ്ഷൻ മൂവ്മെന്റ്

135(3920) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് സെൻട്രൽ റെയിഞ്ച് ആവിഷ്കരിച്ച റസിഡന്റ്സ് അസോസിയേഷൻ ആന്റി കറപ്ഷൻ മൂവ്മെന്റിന്റെ (റാം) വിശദാംശം വെളിപ്പെടുത്തുമോ;

(ബി) റെസിഡന്റ്സ് അസോസിയേഷനുകളുമായി സഹകരിച്ച് അഴിമതി തടയുന്ന പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന എറണാകുളം ഡിസ്ട്രിക്ട് റെസിഡന്റ്സ് അപ്പക്സ് അസോസിയേഷൻ കൗൺസിൽ (EDRAA)യുമായി ചേർന്ന് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, മധ്യമേഖല എറണാകുളം ഓഫീസ് വിവിധ റെസിഡന്റ്സ് അസോസിയേഷനുകളിൽ അഞ്ച് അംഗങ്ങളുള്ള RAAM (Residents Association) and Anti-Corruption Movement) കമ്മിറ്റികൾ രൂപീകരിക്കുകയും ക്രിയാത്മക വിജിലൻസ് പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്.

(ബി) ഇത്തരം മാതൃകകൾ പരിശോധിക്കാവുന്നതാണ്.

## അതിവേഗ കോടതികൾ

136(3921) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ അതിവേഗ കോടതികൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര അതിവേഗ കോടതികൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിനുള്ള ശിപാർശകളൊന്നും ഇപ്പോൾ പരിശോധിക്കുന്നില്ല.

(ബി) സംസ്ഥാനത്ത് അതിവേഗ കോടതികൾ നിലവിലില്ല.

## ആറ്റിങ്ങൽ ആസ്ഥാനമായി അഡീഷണൽ സെഷൻസ് കോടതി

137(T*3922) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ ആസ്ഥാനമായി അഡീഷണൽ സെഷൻസ് കോടതി ആരംഭിക്കാനുള്ള നീക്കം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് നിലവിലുണ്ട്. പ്രസ്തുത ലിസ്റ്റിൽ ആറ്റിങ്ങൽ അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതികൾ ഉൾപ്പെട്ടിട്ടുണ്ട്. പുതിയ കോടതികൾ തുടങ്ങുന്ന വിഷയത്തിൽ സർക്കാർ തീരുമാനം എടുക്കുന്നമുറയ്ക്ക് ഈ വിഷയവും പരിശോധിക്കുന്നതാണ്.

## കിളിമാനൂരിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി

138(T*3923) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂരിൽ മുനിസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

ഇല്ല. ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂരിൽ മുനിസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസലുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

## കുടുംബകോടതിയിൽ വിചാരണയിലുള്ള കേസ്സുകൾ

139(3924) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബകോടതികളിൽ നിലവിൽ എത്ര കേസ്സുകൾ വിചാരണയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2016, 2017 എന്നീ വർഷങ്ങളിലേയും 2018 നവംബർ വരെയുമുള്ള കണക്കുകൾ പ്രത്യേകം നൽകുമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കുടുംബകോടതികളിൽ 31-10-2018 വരെ 66973 കേസുകൾ വിചാരണയിലുണ്ട്.

(ബി) സംസ്ഥാനത്തെ കുടുംബകോടതികളിൽ 2016 മുതൽ 2018 ഒക്ടോബർ 31 വരെയുള്ള കേസ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുംപ്രകാരമാണ് :

| വർഷം | വിചാരണയിലുള്ള കേസ്സുകളുടെ എണ്ണം (1-1-2016 പ്രകാരം) | ഫയൽ ചെയ്ത കേസ്സുകളുടെ എണ്ണം | തീർപ്പ് കൽപ്പിച്ച കേസ്സുകളുടെ എണ്ണം | നീക്കിയിരിപ്പുള്ള കേസ്സുകളുടെ എണ്ണം |
|---|---|---|---|---|
| 2016 | 54726 | 53725 | 50530 | 57921 |
| 2017 | 57921 | 56200 | 52151 | 61970 |
| 2018 | 61970 | 49436 | 44433 | 66973 |

## സ്റ്റേറ്റ് ലിറ്റിഗേഷൻ നയം

140(3925) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ലിറ്റിഗേഷൻ നയത്തിന്റെ ഭാഗമായി നിയമ പരിശോധന വിഭാഗം, നിയമ (നോഡൽ) ഓഫീസർമാരെ പല വകുപ്പുകളിലും നിയമിക്കപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) വിവിധ വകുപ്പുകളിൽ നിയമ (നോഡൽ) ഓഫീസർമാരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സ്റ്റേറ്റ് ലിറ്റിഗേഷൻ പോളിസി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സർക്കാർ കക്ഷിയായിട്ടുള്ള വ്യവഹാരങ്ങൾ മോണിറ്റർ ചെയ്യുന്നതിനുമായി നിയമ (നോഡൽ) ഓഫീസർമാരെ നിയമിച്ചിട്ടില്ലാത്ത വകുപ്പുകളിൽ ആവശ്യമുണ്ടെന്ന് കാണുന്നപക്ഷം നിയമന നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ജുഡീഷ്യൽ കമ്മീഷനുകളുടെ പ്രവർത്തനം

141(3926) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലിരിക്കുന്ന ജുഡീഷ്യൽ കമ്മീഷനുകളുടെ പ്രവർത്തന പുരോഗതിയും റിപ്പോർട്ട് സമർപ്പണവും സംബന്ധിച്ച വസ്തുതകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുപ്രാധാന്യമുള്ള വിഷയങ്ങളിൻമേൽ ലഭ്യമാക്കിയിട്ടുള്ള ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ടുകളിലെ ശിപാർശകൾ, നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടോ; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ജുഡീഷ്യൽ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ മന്ത്രിസഭായോഗത്തിൽ ചർച്ചചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും അന്വേഷിച്ച ജസ്റ്റിസ് ശിവരാജൻ അന്വേഷണ കമ്മീഷൻ റിപ്പോർട്ടും മംഗളം ചാനൽ വാർത്തയെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച റിട്ട. ജില്ലാ ജഡ്ജി ശ്രീ. പി. എസ്. ആന്റണി അന്വേഷണ കമ്മീഷൻ റിപ്പോർട്ടും മന്ത്രിസഭായോഗത്തിന്റെ പരിഗണനയിൽ വന്നിട്ടുണ്ട്.

## കേരള ഫയർ ആൻഡ് റസ്ക്യൂ സർവ്വീസ്

142(3927) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ ആൻഡ് റസ്ക്യൂ സർവ്വീസിൽ ലീഡിംഗ് ഫയർമാൻ, ഡ്രൈവർ, മെക്കാനിക്ക് വിഭാഗം ജീവനക്കാർക്ക് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള അനുപാതം എന്ത്;

(ബി) കേരള ഫയർ ആൻഡ് റസ്ക്യൂ സർവ്വീസിൽ 9:1 എന്ന അനുപാതത്തിൽ ജീവനക്കാർക്ക് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നത് ജീവനക്കാരുടെ എണ്ണം മാനദണ്ഡമാക്കിയാണോ;

(സി) കേരള ഫയർ ആൻഡ് റസ്ക്യൂ സർവ്വീസിൽ യഥാസമയം അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ കോഴ്സ് ലഭിക്കാത്തതിനാൽ ലെസർ സ്കെയിൽ ബാധിച്ച ജീവനക്കാർക്ക് ലെസർ സ്കെയിൽ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു;

(ഡി) ആഭ്യന്തര വകുപ്പിന്റെ 16-6-2017-ലെ ഉത്തരവ് നമ്പർ GO(Rt)1574 നിലനിൽക്കേ അഗ്നിരക്ഷ നിലയങ്ങളിൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്ററെ മറികടന്ന് ഫയർമാൻ ജനറൽ ഡയറി ഉൾപ്പെടെയുള്ള അധികാരങ്ങൾ നൽകിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 9:1

(ബി) അല്ല.

(സി) സ്പെഷ്യൽ റൂൾ പ്രകാരം യോഗ്യരായ ജീവനക്കാർക്ക് യഥാസമയം പരിശീലനം നൽകിവരുന്നു.

(ഡി) ഇല്ല.

**കേരള ഫയർ സർവ്വീസിലെ ഡ്രൈവർമാർ**

143(3928) <u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ സർവ്വീസിൽ ആവശ്യത്തിന് ഡ്രൈവർമാർ ഇല്ലാത്തതിനാൽ വകുപ്പിന് കീഴിലുള്ള ആംബുലൻസ് ഉൾപ്പെടെയുള്ള വാഹനങ്ങൾ അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗിക്കാൻ സാധിക്കാതിരിക്കുന്നത് ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) ട്രെയിനിംഗ് സമയത്ത് ഡ്രൈവിംഗ് ലൈസൻസ് എടുത്തിട്ടുള്ള ഫയർമാൻ തസ്തികയിലുള്ളവർക്ക് ഫയർഫോഴ്സിന്റെ ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുമതി നൽകുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഡ്രൈവർമാർ ഇല്ലാത്തതിനാൽ വകുപ്പിലെ വാഹനങ്ങൾ അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കാൻ സാധിക്കാതിരുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം, ഓരോ കാറ്റഗറിയിലും ഉൾപ്പെട്ട ജീവനക്കാരുടെയും കർത്തവ്യങ്ങളും ചുമതലകളും പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. അതനുസരിച്ച് മാത്രമേ പ്രവർത്തി നൽകുവാൻ നിലവിൽ സാധിക്കുകയുള്ളൂ.

**അഗ്നിസുരക്ഷാ സേനയുടെ പ്രവർത്തനം ആധുനീകരിക്കാനും ശാക്തീകരിക്കാനുമുള്ള നടപടികൾ**

144(3929) ശ്രീ. ബി. സത്യൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുനിലക്കെട്ടിടങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കെട്ടിടങ്ങൾ തിങ്ങി നിർമ്മിക്കുന്നതുകൊണ്ടും തീപിടിത്തവും മറ്റ് അപകടങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അഗ്നി സുരക്ഷാ സേനയുടെ പ്രവർത്തനം ആധുനികീകരിക്കാനും ശാക്തീകരിക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) മൺവിളയിലെ ഫാക്ടറിയിലുണ്ടായ തീപിടിത്തം വെളിവാക്കിയതു പോലെ ഫാക്ടറികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ അത്യാവശ്യ അഗ്നി സുരക്ഷാ സൗകര്യംപോലും ഏർപ്പെടുത്തിയിട്ടില്ലെന്നതിനാൽ അപകട സാധ്യത കൂടിയതരം കെട്ടിടങ്ങളുടെയെങ്കിലും സുരക്ഷാ പരിശോധന കർശനമാക്കുമോ ;

(സി) വസ്ത്രശാലയുൾപ്പെടെയുള്ള തിരക്കേറിയ വലിയ ഷോപ്പിംഗ് മാളുകൾ കസ്റ്റമേഴ്സിന്റെയും ജീവനക്കാരുടെയും ബാഹുല്യംകൊണ്ട് അപകടസാധ്യത കൂടിയത് ആയതിനാൽ പ്രത്യേക പരിശോധന സംവിധാനവും ഫയർ സേഫ്റ്റി ഓഫീസർമാരെ നിയമിക്കാൻ വേണ്ട നടപടികളും സ്വീകരിക്കാൻ സാധ്യമാകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അഗ്നിശമനരക്ഷാ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി ബഹുനില മന്ദിരങ്ങളിലെ രക്ഷാപ്രവർത്തനത്തിന് 28 കോടി രൂപ ഉപയോഗിച്ച് രണ്ട് ടേൺ ടേബിൾ ലാഡറുകൾ ഉൾപ്പെടെ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായുള്ള നടപടികൾ നടന്നുവരുന്നു.

(ബി&സി) ഫയർ ഓഡിറ്റ് നടത്തി പരിശോധനയിൽ ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ പരിഹരിക്കുവാൻ കെട്ടിട ഉടമകൾക്ക് കർശന നിർദ്ദേശം നൽകിവരുന്നു. ഫയർ ഓഡിറ്റിൽ ചിലതരം കെട്ടിടങ്ങളിൽ ഉടമകൾ തന്നെ ഫയർ സേഫ്റ്റി ഓഫീസർമാരെ നിയമിക്കണമെന്ന് National Building Code-ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശംകൂടി ഉൾപ്പെടുത്തി ഫയർഫോഴ്സ് ആക്ട് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഫയർ സ്റ്റേഷനുകൾ**

145(T*3930) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്ര പരിസരം, ചാല, സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) അനുയോജ്യമായ സ്ഥലം കണ്ടെത്തിയെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ;

(സി) ഫയർ സ്റ്റേഷനുകൾ എത്രയുംവേഗം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീപത്മനാഭസ്വാമി ക്ഷേത്ര പരിസരം, സെക്രട്ടേറിയേറ്റ് എന്നിവിടങ്ങളിൽ അഗ്നിരക്ഷാ നിലയം സ്ഥാപിക്കുന്നതിനായി ഭൂമി ലഭ്യമായിട്ടില്ല. ചാലയിൽ സാറ്റലൈറ്റ് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ട്രിഡയുടെ കൈവശമുള്ള ഭൂമി വകുപ്പിന് കൈമാറി ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ഫണ്ട്, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**മുക്കം ഫയർ സ്റ്റേഷന് സ്കൂബാ വെഹിക്കിൾ**

146(3931) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ വൻതോതിലുണ്ടാകുന്ന മലയോര മേഖലയിൽ മുക്കം ഫയർ സ്റ്റേഷനിൽ സ്കൂബാ വെഹിക്കിൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) മുക്കം ഫയർ സ്റ്റേഷന് സ്കൂബാവെഹിക്കിൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വകുപ്പിൽ പുതിയ സ്കൂബാ വെഹിക്കിൾ വാങ്ങുന്ന മുറയ്ക്ക് ലഭ്യതയുടെ അടിസ്ഥാനത്തിൽ മുക്കം നിലയത്തിന് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ചാരുംമൂട് കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ**

147(3932) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരുംമൂട് കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) അടിയന്തര പ്രധാന്യത്തോടുകൂടി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ പട്ടികയിൽ ചാരുംമൂടിനെയും ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചാരുംമൂടിൽ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) സംസ്ഥാനത്ത് പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിലേയ്ക്ക് ഒരു മുൻഗണനാ പട്ടിക വകുപ്പ്തലത്തിൽ തയ്യാറാക്കി വരുന്നു. ടി പട്ടികയിൽ ചാരുംമൂട് ഉൾപ്പെടുത്തേണ്ടതുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

**കാസർഗോഡ് ഫയർ സ്റ്റേഷൻ കെട്ടിടവും ജീവനക്കാരുടെ ക്വാർട്ടേഴ്സും**

148(3933) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫയർ സ്റ്റേഷൻ കെട്ടിടവും ജീവനക്കാരുടെ ക്വാർട്ടേഴ്സും എപ്പോൾ നിർമ്മിച്ചതാണെന്ന് വ്യക്തമാക്കാമോ; ഇതിന് ചെലവായ തുക എത്ര; കെട്ടിടങ്ങളുടെ കാലപ്പഴക്കം വ്യക്തമാക്കാമോ;

(ബി) ഈ കെട്ടിടങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എങ്ങനെയാണെന്ന് വിശദമാക്കാമോ;

(സി) വാഹനങ്ങൾ പാർക്ക് ചെയ്യാനും ഉപകരണങ്ങൾ സൂക്ഷിക്കാനും ജീവനക്കാർക്ക് ജോലി ചെയ്യാനും താമസിക്കാനും ഈ കെട്ടിടങ്ങൾ ഇപ്പോൾ പര്യാപ്തമാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) അല്ലെങ്കിൽ എത്രകാലമായി ഈ അപര്യാപ്തത തുടരുന്നുവെന്നും പരിഹാര നടപടികൾ സ്വീകരിച്ചിരുന്നോ എന്നും വ്യക്തമാക്കാമോ;

(ഇ) ഫയർ സ്റ്റേഷനും ജീവനക്കാരുടെ ക്വാർട്ടേഴ്സിനും പുതിയ കെട്ടിടങ്ങൾ പണിയാൻ ആലോചനയുണ്ടോ എന്നും എങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നും എത്രയാണ് എസ്റ്റിമേറ്റ് തുകയെന്നും ഭരണാനുമതി എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1981 മാർച്ച് 15-ന് പണി പൂർത്തീകരിച്ച ടി കെട്ടിടത്തിന് 2,18,79,600 രൂപ ചെലവായിട്ടുണ്ട്. കെട്ടിടത്തിന് 37 വർഷം പഴക്കമുണ്ട്.

(ബി) ടി കെട്ടിടങ്ങൾ കാലപ്പഴക്കം കൊണ്ടുള്ള പരിമിതികൾ നേരിടുന്നുണ്ട്.

(സി) ചില അപര്യാപ്തതകൾ നിലനിൽക്കുന്നുണ്ട്.

(ഡി&ഇ) നിലവിലെ കെട്ടിടം പുതുക്കിപ്പണിയുന്നതിന് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു. എന്നാൽ ടി എസ്റ്റിമേറ്റും പ്ലാനും ചില മാറ്റങ്ങൾ വരുത്തി പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി, ടി പ്ലാനിൽ വരുത്തേണ്ട മാറ്റങ്ങൾ പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പുതുക്കി ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി മാത്രമേ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

**ഫയർഫോഴ്സിന് പുതിയ കെട്ടിടം**

149(3934) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഫയർഫോഴ്സിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) ചാലക്കുടി ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി കിഴക്കേചാലക്കുടി വില്ലേജിൽ സർവ്വേ നം. 724-ൽ പൊതുമരാമത്ത് വകുപ്പിന്റെ 0.8095 ഹെക്ടർ സ്ഥലത്ത് നിന്നും 50 സെന്റ് സ്ഥലം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായി കണ്ടെത്തിയിരുന്നു. എന്നാൽ നിലവിൽ പ്രസ്തുത സ്ഥലം റോഡ് വികസനത്തിന് ആവശ്യമാണെന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്തിന് തൊട്ടടുത്തുള്ള പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം ഫയർ സ്റ്റേഷന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വനിത വിചാരണ തടവുകാർ**

150(3935) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജയിലുകളിൽ എത്ര വനിതകൾ ശിക്ഷിക്കപ്പെട്ടു കഴിയുന്നുണ്ടെന്നും, എത്ര വനിതകൾ വിചാരണ തടവുകാരായി പാർപ്പിക്കപ്പെട്ടിരിക്കുന്നുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

5-12-2018-ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ വിവിധ ജയിലുകളിൽ 68 വനിത ശിക്ഷാ തടവുകാരും 144 വനിതാ വിചാരണ തടവുകാരും ഉണ്ട്.

**തടവുകാരെ പുനരധിവസിപ്പിക്കാൻ പദ്ധതി**

151(3936) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിക്ഷാകാലയളവ് കഴിഞ്ഞ് മോചിതരാകുന്ന തടവുകാരെ പുനരധിവസിപ്പിക്കുന്നതിന് ജയിൽ വകുപ്പിന് പദ്ധതിയുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും തടവുകാരെ പുനരധിവസിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് കേരളത്തിൽ**

152(3937) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിൽ പരിഗണിക്കപ്പെടുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിഷ്കർഷിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത നിയമം വിചാരണ തടവുകാർക്ക് ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ശിക്ഷിക്കപ്പെട്ടവർക്ക് ഇതിന്റെ ആനുകൂല്യം ബാധകമാക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനായി സംസ്ഥനത്തെമ്പാടും 16 പ്രൊബേഷൻ ഓഫീസുകൾ സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. ഗ്രേഡ് I, ഗ്രേഡ് II ഓഫീസർമാരായി മൊത്തം 40 പ്രൊബേഷൻ ഓഫീസർ തസ്തികകൾ നിലവിലുണ്ട്. കോടതി നല്ലനടപ്പിൽ വിടുന്നവർക്ക് തൊഴിലില്ലെങ്കിൽ സ്വയംതൊഴിൽ തുടങ്ങാനുള്ള സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. പ്രൊബേഷനിൽ വിടുന്നവരെ പ്രൊബേഷൻ ഓഫീസർമാർ മുഖാന്തരം മേൽനോട്ടം നടത്തിവരുന്നു. നല്ലനടപ്പിൽ ഉള്ളവർക്ക് കൗൺസിലിംഗ്, മാർഗ്ഗനിർദ്ദേശം, കുടുംബത്തിനാവശ്യമായ മനഃശാസ്ത്ര പിന്തുണ എന്നിവയും നൽകിവരുന്നു.

(സി) വധശിക്ഷയോ, ജീവപര്യന്തം തടവോ ശിക്ഷയായി നിഷ്കർഷിക്കാത്ത ഏത് കുറ്റകൃത്യം ചെയ്താലും ജില്ലാ പ്രൊബേഷൻ ഓഫീസറുടെ സാമൂഹ്യാന്വേഷണ റിപ്പോർട്ട് പ്രകാരം ന്യായാധിപന് നല്ലനടപ്പിൽ വിടാം.

(ഡി) കേന്ദ്ര നിയമമായതിനാൽ കേരളത്തിൽ ഭേദഗതി ചെയ്യാൻ കഴിയില്ല. നിലവിലുള്ള നിമയപ്രകാരം കുറ്റക്കാരെന്ന് കണ്ടാൽ മാത്രമെ കോടതികൾക്ക് നല്ലനടപ്പിന് പരിഗണിക്കാൻ കഴിയൂ.

(ഇ) കോടതിയാണ് ഒരാൾക്ക് പ്രൊബേഷൻ നൽകണോ, ജയിൽ ശിക്ഷ നൽകണോ എന്ന് തീരുമാനിക്കുന്നത്. ബന്ധപ്പെട്ട കോടതി ജില്ലാ പ്രൊബേഷൻ ഓഫീസറിൽനിന്നും റിപ്പോർട്ട് വാങ്ങുകയും കുറ്റകൃത്യം ചെയ്തയാളെ സമൂഹത്തിൽ തന്നെ നിർത്തി ജില്ലാ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തോടെയോ മേൽനോട്ടമില്ലാതെയോ നല്ലനടപ്പിൽ വിടാൻ തീരുമാനിക്കുകയുമാണ് ചെയ്യുന്നത്.

ഉപാധിയോടെ ശിക്ഷയുടെ താൽക്കാലിക മാറ്റിവയ്ക്കൽ (conditional suspension of punishment) മാത്രമാണ് നല്ലനടപ്പ്. കോടതിയിൽ വയ്ക്കുന്ന ഉപാധികൾ തെറ്റിച്ചാൽ ആ വ്യക്തിയുടെ നല്ലനടപ്പ് റദ്ദാക്കി ശിക്ഷ നൽകാവുന്നതാണ്. ഒരിക്കൽ ജയിൽ ശിക്ഷ/മറ്റേതെങ്കിലും ശിക്ഷ നൽകിത്തുടങ്ങിയാൽ പിന്നീട് പ്രൊബേഷൻ നിയമപ്രകാരമുള്ള നല്ലനടപ്പ് നൽകാൻ കഴിയില്ല.

**അച്ചടി വകുപ്പിൽനിന്നും അന്യത്രസേവനമനുഷ്ഠിക്കുന്നവർ**

153(3938) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽനിന്നും അന്യത്ര സേവന വ്യവസ്ഥയിൽ മറ്റ് സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ പരിവീക്ഷ യഥാസമയം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) പരിവീക്ഷ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കാത്ത എത്ര ജീവനക്കാർക്ക് വാർഷിക വേതന വർദ്ധനവ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) അത്തരത്തിൽ വാർഷിക വേതന വർദ്ധനവ് അനുവദിച്ചത് മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളതായി മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ നഷ്ടമുണ്ടായെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അന്യത്ര സേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന 18 പേരിൽ 14 പേരുടെ പരിവീക്ഷ പ്രഖ്യാപിച്ചിട്ടുണ്ട്. 4 ജീവനക്കാരുടെ പരിവീക്ഷ പ്രഖ്യാപിച്ചിട്ടില്ല. ടി ജീവനക്കാരിൽ 3 ജീവനക്കാരുടെ പരിവീക്ഷ കാലയളവ് പൂർത്തിയായിട്ടില്ല.

(സി) ഒന്ന്.

(ഡി) പരിവീക്ഷ പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന അവസരത്തിൽ അധികമായി അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല.

**സ്റ്റേഷനറി സാധനങ്ങളുടെ വിതരണം**

154(3939) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വിദ്യാലയങ്ങളിലേക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ സ്റ്റേഷനറി വകുപ്പ് വിതരണം ചെയ്യാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവ വിദ്യാലയങ്ങളിൽ ലഭിക്കുന്നുണ്ടോ എന്ന് സ്റ്റേഷനറി വകുപ്പ് പരിശോധിക്കാറുണ്ടോ;

(സി) പരിശോധന നടത്താറുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) പരിശോധന നടത്താറില്ലെങ്കിൽ പരിശോധന നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്കൂളുകൾക്കൊന്നും സ്റ്റേഷനറി വകുപ്പ് നേരിട്ട് സ്റ്റേഷനറി സാധനങ്ങൾ വിതരണം നടത്തുന്നില്ല. ഗവ. സ്കൂളുകളുടെ ഓഫീസ് ആവശ്യത്തിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ പ്രത്യേക വിതരണ കാർഡുവഴി സ്റ്റേഷറി വിതരണം നടത്തുന്നുണ്ട്.

(ബി&സി) പരിശോധന നടത്താറില്ല. എന്നാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ പരിശോധന നടത്തുമ്പോൾ അവിടെ നിന്നും സ്കൂളുകൾക്ക് നടത്തുന്ന വിതരണം പരിശോധിക്കാറുണ്ട്.

(ഡി) ബാധകമല്ല.

**ദേശീയ ജലപാത യാഥാർത്ഥ്യമാക്കാൻ നടപടി**

155(3940) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് ദേശീയ ജലപാത ഗതാഗതയോഗ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു; എത്ര തുക ചെലവഴിച്ചു; നിശ്ചിത ജലപാതയുടെ ഓരോ ഭാഗത്തെയും ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) ഈ ജലപാതയിലെ ഗതാഗതം പൂർണ്ണമായി അടഞ്ഞത് മുതൽ നാളിതുവരെ വിവിധ ഗവൺമെന്റുകൾ കോടിക്കണക്കിന് തുക ജലപാത ഗതാഗതയോഗ്യമാക്കുന്നതിനായി ചെലവഴിച്ചതായി അറിയുമോ; എങ്കിൽ വിശദമായ കണക്ക് ലഭ്യമാക്കുമോ;

(സി) പാത സഞ്ചാരയോഗ്യമായാൽ സംസ്ഥാനത്തിന് ഏതെല്ലാം മേഖലകളിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പാത യാഥാർത്ഥ്യമാക്കാതിരിക്കാൻ ചില ഉന്നത സ്വകാര്യ ലോബികൾ നടത്തുന്ന ഗൂഢ നീക്കം തിരിച്ചറിയാനായിട്ടുണ്ടോ;

(ഇ) പാത യാഥാർത്ഥ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം-കാസർഗോഡ് വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം 3 ഘട്ടങ്ങളിലായി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2020-ൽ തീരുന്ന ഒന്നാംഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗതയോഗ്യമാക്കുകയും കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളുമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. 2022-ൽ തീരുന്ന രണ്ടാംഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കുവാനും 2025-ൽ തീരുന്ന

മൂന്നാംഘട്ടത്തിൽ ദേശീയപാത നിലവാരത്തിലുള്ള വികസനവും ഫീഡർ കനാലുകളുടെ വികസനവും ജലപാത ഉപയോഗപ്പെടുത്തിയിട്ടുള്ള ടൂറിസം വികസനത്തിനും സാദ്ധ്യമാകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പിലാക്കുവാനുമാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം 3 ഘട്ടങ്ങളിലായി സമയബന്ധിതമായി ജലപാതാ വികസനം നടപ്പിലാക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചിരിക്കുന്നത്. ഉയർന്ന നിർമ്മാണ ചെലവ് വരുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് KWIL എന്ന SPV രൂപീകരിച്ചിട്ടുണ്ട്.

ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഭാഗവും 2016-ലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം നീട്ടിയ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി. മീ. ഭാഗവും ഉൾപ്പെടെ 328 കി. മീ. ഭാഗം ദേശീയ ജലപാത (NW-3)യാണ്. ടി ഭാഗത്തെ പ്രവൃത്തികൾ ഇൻലാൻഡ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74 കി.മീ., കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള 214 കി.മീ. എന്നീ ഭാഗത്തിന്റെ പ്രവൃത്തികളാണ് ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നടത്തിവരുന്നത്. കോവളം മുതൽ കൊല്ലം വരെയുള്ള 74 കി.മീ. ജലപാതയിൽ 32.00 കി.മീ. ഗതാഗതയോഗ്യമാണ്. പാർവ്വതി പുത്തനാറിന്റെ പുനരുദ്ധാരണത്തിനായി 150 കോടി രൂപ കിഫ്ബി വഴി ധനസഹായത്തോടെ നടക്കുന്ന പദ്ധതികൾക്ക് സർക്കാർ അനുമതി നൽകി. പ്രസ്തുത പ്രവൃത്തി SPV (Special Purpose Vehicle) ആയ KWIL (Kerala Waterways and Infrastructure Limited) എന്ന പൊതുമേഖലാ സ്ഥാപനമാണ് നടപ്പാക്കുന്നത്. പാർവ്വതീ പുത്തനാറിന്റെ ശുചീകരണം KWIL-ന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. വേളി മുതൽ പൗണ്ട്കടവ് വരെയുള്ള ഭാഗത്തെ ജലപാതാ വികസനത്തിനായി 3.88 കോടി രൂപയുടെ പ്രവൃത്തി നടന്നുവരുന്നു. പാർവ്വതീ പുത്തനാറിന്റെ വീതി 25 മീറ്ററും ഇരുവശങ്ങളിൽ റോഡുകൾ 5 മീറ്റർ വീതിയും പൈപ്പ്ലൈനും മറ്റും സ്ഥാപിക്കുന്നതിനുമായി ആവശ്യമായ സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനായി 66.39 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. കോവളം, ആക്കുളം, വള്ളക്കടവ് എന്നീ സ്ഥലങ്ങളിൽ ബോട്ട് ടെർമിനലുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കും പാർവ്വതി പുത്തനാറിന് കുറുകെ കരിക്കകം, പുത്തൻപാലം, പനത്തുറ ഭാഗങ്ങളിൽ ലിഫ്റ്റിംഗ് സംവിധാനത്തോടുകൂടിയ പാലം നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കരിക്കകത്തും പുത്തൻപാലത്തും മണ്ണ് പരിശോധന പൂർത്തിയായി തുടർ നടപടികൾ നടന്നുവരുന്നു. ആകെ 1.10 കി. മീ. നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീ. വീതിയിൽ പുതിയ തുരങ്കങ്ങൾ

നിർമ്മിക്കുന്ന പദ്ധതി, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ മുഖേന തയ്യാറാക്കിവരുന്നു. വർക്കലയിൽ വർക്കല, അഞ്ചുതെങ്ങ്, താഴെവെട്ടൂർ, നടയറ, രാമന്തളി തുടങ്ങിയ ഭാഗങ്ങളിൽ 4 പ്രവൃത്തികൾ നടന്നുവരുന്നു. കൊല്ലംതോടിലെ 1, 3, 4, 5, റീച്ചുകളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. റീച്ച് 2-ന്റെ ദർഘാസ് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ 38.3 കി.മീ. ഭാഗം (ചെ.411.78 കി.മീ.-450.08 കി.മീ.) ജലപാത ഗതാഗതയോഗ്യമായിട്ടുണ്ട്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതികൾ ഉടൻതന്നെ നടപ്പിലാക്കും. വടകര-മാഹി കനാലിന്റെ (ചെ.450.08 കി.മീ.-467.69 കി.മീ.) ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി-വളപട്ടണം ഭാഗത്തെ 3 അൺകട്ട് ഭാഗങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതിക്കായി കിഫ്ബി ധനസഹായത്തോടെ 650 കോടി രൂപയുടെ തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. KWIL-ന്റെ ആഭിമുഖ്യത്തിൽ 1-ഉം 2-ഉം അൺകട്ട് ഭാഗങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

അൺകട്ട് ഭാഗം 3-ന്റെ സർവ്വേ പ്രവൃത്തി നടന്നുവരുന്നു. വടകര-മാഹി കനാലിനെ ദേശീയപാത നിലവാരത്തിൽ പൂർത്തീകരിക്കുന്നതിനും അനുബന്ധ നിർമ്മിതികൾക്കുമായി 77 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-10-2018 വരെ 17,52,42,482 രൂപ ചെലവഴിച്ചു.

(ബി) ജലപാത ഗതാഗതയോഗ്യമാക്കുന്നതിനായി 2005 മുതൽ 2018 ഒക്ടോബർ വരെ 259,71,56,777 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ജലപാത സഞ്ചാരയോഗ്യമായാൽ കുറഞ്ഞ ചെലവിലുള്ളതും മലിനീകരണം കുറഞ്ഞതുമായ യാത്രാസൗകര്യം സാധ്യമാകും. ചരക്കുഗതാഗതം കുറഞ്ഞ ചെലവിൽ സാദ്ധ്യമാകും. ബോട്ട് ടെർമിനൽ, കാർഗോ ടെർമിനൽ തുടങ്ങിയ അനുബന്ധ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടുകൂടി കനാലിന്റെ വിവിധ ഭാഗങ്ങളിൽ ടൂറിസം വില്ലേജുകൾ സ്ഥാപിച്ച് ടൂറിസം പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ്വേകാൻ കഴിയും.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പാത യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവനന്തപുരം-കാസർഗോഡ് ജലപാതയുടെ ഭാഗമായ വടകര-മാഹി കനാൽ**

156(3941) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് ജലപാതയുടെ ഭാഗമായ വടകര-മാഹി കനാലിന്റെ പ്രവൃത്തി ഇപ്പോൾ എത്ര റീച്ചുകളായാണ് നടന്നുവരുന്നത്;

(ബി) ഓരോ റീച്ചിലെയും പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കനാൽ നിർമ്മാണത്തിന്റെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് വഴിയോരങ്ങളിലും വീടുകൾക്കുമുന്നിലും കൂട്ടിയിട്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് സ്ഥലവാസികൾക്ക് സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന കടുത്ത പ്രയാസങ്ങൾ പരിശോധിക്കുകയുണ്ടായോ;

(ഇ) ഈ മണ്ണ് അവിടെനിന്നും നീക്കംചെയ്യാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ഈ മണ്ണ് നിക്ഷേപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ സ്ഥലം കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ജി) ഈ കനാലിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്നാണ് കരുതുന്നത്?

ഉത്തരം

(എ) വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ വടകര-മാഹി കനാലിന്റെ പ്രവൃത്തി 5 റീച്ചുകളായാണ് നടന്നുവരുന്നത്.

(ബി) ഒന്നാമത്തെ റീച്ചിൽ (450.080 കി.മീ. മുതൽ 454.080 കി.മീ. വരെ) 16 മീറ്റർ വീതിയിൽ കനാൽ പൂർത്തീകരിച്ചിട്ടുണ്ട്. അരികിലെ ചെരിവ് കൂട്ടി പാർശ്വഭിത്തിയില്ലാതെ ബാക്കി പ്രവൃത്തി പൂർത്തീകരിക്കാനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ചുവരുന്നു.

രണ്ടാമത്തെ റീച്ചിലെ (454.080 കി.മീ. മുതൽ 457.380 കി.മീ. വരെ) പ്രവൃത്തി ഒറിജിനൽ എഗ്രിമെന്റ് പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്.

മൂന്നാമത്തെ റീച്ചിലെ (457.380 കി.മീ. മുതൽ 460.620 കി.മീ. വരെ) പ്രവൃത്തി 65 ശതമാനം പൂർത്തീകരിച്ചു.

നാലാമത്തെ റീച്ചിലെ (460.620 കി.മീ. മുതൽ 464.210 കി.മീ. വരെ) പ്രവൃത്തി 93 ശതമാനം പൂർത്തീകരിച്ചു.

അഞ്ചാമത് റീച്ച് (464.210 കി.മീ. മുതൽ 467.690 കി.മീ. വരെ) 25 ശതമാനം പൂർത്തിയാക്കിയശേഷം സാങ്കേതിക പ്രശ്നങ്ങളാൽ ഫോർക്ലോസ് ചെയ്തു. അരികിലെ ചെരിവ് കൂട്ടി പാർശ്വഭിത്തിയില്ലാതെ ബാക്കി പ്രവൃത്തി പൂർത്തീകരിക്കാനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പരിശോധിച്ചിട്ടുണ്ട്.

(ഇ&എഫ്) ഈ പ്രവൃത്തിയുടെ കരാർപ്രകാരം കുഴിച്ചെടുക്കുന്ന മണ്ണ് കോൺട്രാക്ടർമാർ സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കംചെയ്യേണ്ടതായിട്ടാണ് കരാർ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കുറെയധികം മണ്ണ് ഇപ്രകാരം നീക്കം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള മണ്ണ് നീക്കംചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മണ്ണ് നിക്ഷേപിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ റവന്യൂ അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) കനാലിന്റെ പ്രവൃത്തി 2019 അവസാനത്തോടെ പൂർത്തിയാക്കാനാവു മെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഗെയ്ൽ വാതക പദ്ധതി

157(3942) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയ്ൽ വാതക കുഴൽ പദ്ധതിയുടെ പ്രവൃത്തികളിൽ പൈപ്പിടൽ പ്രവൃത്തിയുടെ എത്ര ശതമാനം പൂർത്തീകരിച്ചു; അനുബന്ധമായ മറ്റ് പ്രവൃത്തികൾ നടന്നുവരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതി പൂർണ്ണതോതിൽ എന്ന് പ്രവർത്തനം ആരംഭിക്കാമെന്നാണ് കരുതുന്നത്;

(സി) പദ്ധതിയുടെ ഭാഗമായി വീടുകളിലേക്ക് നേരിട്ട് പാചകവാതകം എത്തിക്കുന്ന പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആദ്യഘട്ടത്തിൽ ഏതെല്ലാം ജില്ലകളിൽ ആണ് ആരംഭിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഗെയ്ൽ സ്ഥാപിക്കുന്ന കൊച്ചി-മാംഗ്ലൂർ ഗെയ്ൽ വാതക പൈപ്പ്ലൈൻ പദ്ധതിയുടെ ആകെ ദൈർഘ്യം 444 കിലോമീറ്ററാണ്. ആയതിനാൽ കേരളത്തിലൂടെ കടന്നുപോകുന്ന പൈപ്പ്ലൈനിന്റെ ദൈർഘ്യം 408 കിലോമീറ്ററാണ്. 408 കിലോമീറ്ററിൽ 381 കി. മീറ്റർ പൈപ്പ്ലൈൻ വെൽഡിംഗ് (93.4%) പൂർത്തിയായിക്കഴിഞ്ഞു. 321 കിലോമീറ്ററിൽ (79%) പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന്റെ നടപടികൾ പൂർത്തീകരിച്ചു. പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം ഭൂമി പൂർവ്വസ്ഥിതിയിലാക്കി ഭൂ ഉടമകൾക്ക് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കൂറ്റനാട്-ബാംഗ്ലൂർ പൈപ്പ്ലൈനിന്റെ ദൈർഘ്യം 435 കിലോമീറ്ററാണ്. ഇതിൽ കേരളത്തിൽ 98 കിലോമീറ്റർ കടന്നുപോകുന്നു. കേരളത്തിൽ മൊത്തം ദൈർഘ്യം (408+98)506 കിലോമിറ്ററാണ്.

(ബി) ഗെയ്ൽ സ്ഥാപിക്കുന്ന കൊച്ചി-മംഗലാപുരം വാതക പൈപ്പ്ലൈൻ 2019 മാർച്ച് 31-നകം കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) വീടുകളിലേയ്ക്ക് പാചക ആവശ്യത്തിനായി പൈപ്പുകളിലൂടെ പ്രകൃതി വാതകം (PNG) എത്തിക്കുന്ന പദ്ധതി ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എറണാകുളം ജില്ലയിൽ 2016 ഡിസംബറിൽത്തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വാഹനങ്ങൾക്കുള്ള ഇന്ധനം (CNG) ലഭ്യമാക്കുന്നതിനായി സ്റ്റേഷനുകളും ആരംഭിച്ചുകഴിഞ്ഞു.

കേരളത്തിൽ പൈപ്പ്ലൈൻ കടന്നുപോകുന്ന മറ്റ് ജില്ലകളായ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പദ്ധതി ഉടനെ ആരംഭിക്കുന്നതാണ്. പ്രകൃതി വാതക വിതരണത്തിനുള്ള കരാർ ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് ലഭിച്ചുകഴിഞ്ഞു. ഈ കമ്പനിയാണ് പൈപ്പ്ലൈൻ കടന്നുപോകുന്ന ജില്ലകളിൽ വീടുകൾക്കും വാഹനങ്ങൾക്കുമുള്ള (PNG, CNG) സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പാക്കുന്നത്.

## പി.എസ്.സി. വഴി നിയമനം

158(T*3943) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം വിവിധ വകുപ്പുകളിലായി പി.എസ്.സി. വഴി എത്രുപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് എന്നുള്ളതിന്റെ വകുപ്പടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018, ഒക്ടോബർ വരെ 85621 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ഭാഷാന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ

159(3944) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാഷാന്യൂനപക്ഷങ്ങളുടെ വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനായി കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കമ്മീഷന്റെ ചെയർമാൻ ആരാണ്; എവിടെയാണ് ഇതിന്റെ ഓഫീസ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഈ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; കമ്മീഷന്റെ തുടർപ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി കമ്മീഷനെ നിയമിച്ചിട്ടില്ല. എന്നാൽ കേരളത്തിലെ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരവും സാമൂഹ്യവുമായ പ്രശ്നങ്ങളും ഭാഷാന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ നിലവിലുള്ള പ്രയാസങ്ങളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഡോ. നടുവട്ടം ഗോപാലകൃഷ്ണനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം താലൂക്ക് കഴക്കൂട്ടം വില്ലേജിൽ മേനംകുളത്ത് സ്ഥിതിചെയ്യുന്ന ഇന്റർനാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സിന്റെ ട്രൈബൽ ബ്ലോക്കിലെ രണ്ട് മുറികൾ സ്പെഷ്യൽ ഓഫീസറുടെ കാര്യാലയമായി താൽക്കാലികമായി പ്രവർത്തിച്ചുവരുന്നു. ഡോ. നടുവട്ടം ഗോപാലകൃഷ്ണന് ഓഫീസ് സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുവാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഇ-ആരോഗ്യ പദ്ധതി

160(3945) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജീവിതശൈലീ രോഗങ്ങൾക്ക് പ്രധാന കാരണം അനാരോഗ്യകരമായ ഭക്ഷണശൈലിയും, വ്യായാമക്കുറവും ആണെന്ന വസ്തുത പരിഗണിച്ച് ഇക്കാര്യത്തിലുള്ള അവബോധം സ്കൂൾ തലത്തിൽത്തന്നെ നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനും സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'അമൃതം ആരോഗ്യം' എന്ന സംസ്ഥാന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി. ചിട്ടയായ വ്യായാമം, ആരോഗ്യകരമായ ഭക്ഷണരീതി, ലഹരിയോടുള്ള ആസക്തി എന്നിവയെക്കുറിച്ചുള്ള ആരോഗ്യ ബോധവത്കരണം, ജീവിതശൈലീ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പദ്ധതി, കണ്ടെത്തിയവർക്ക് പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലുള്ള ചികിത്സയും സൗജന്യ മരുന്ന് വിതരണവും എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. സ്കൂൾ എൻ.എസ്.എസ്. യൂണിറ്റുമായി സഹകരിച്ചുകൊണ്ട് ആരോഗ്യ ബോധവത്കരണം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. സ്കൂൾ കുട്ടികൾക്കായി ലൈഫ് സ്റ്റൈൽ ഡിസീസസ് ആൻഡ് അവെയർനസ് പ്രോഗ്രാം എന്ന പദ്ധതി നടപ്പിലാക്കി വന്നിരുന്നു. ഇത് ഇപ്പോൾ സ്കൂൾ ആരോഗ്യ പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിവരുന്നു.

## നിപ വൈറസ്

161(3946) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മേയ് മാസത്തിൽ സംസ്ഥാനത്ത് ഒട്ടേറെ പേരുടെ മരണത്തിനിടയാക്കിയ നിപ വൈറസ് വീണ്ടും സംസ്ഥാനത്തേക്ക് കടന്നുവരാനുള്ള സാധ്യത ആരോഗ്യ വകുപ്പ് ഇപ്പോൾ കാണുന്നുണ്ടോ;

(ബി) എങ്കിൽ ഏത് മാസങ്ങളിലാണ് നിപ വൈറസിന്റെ വ്യാപനം പ്രധാനമായും ഉണ്ടാകുന്നത്;

(സി) എങ്കിൽ ഇത് മുന്നിൽ കണ്ട് പൊതുജന സുരക്ഷയ്ക്കായി സർക്കാർ എന്തൊക്കെ മുൻകരുതൽ നടപടികൾ കൈക്കൊള്ളും;

(ഡി) കൂടാതെ 2018 മേയ് മാസത്തിൽ സംസ്ഥാനത്ത് 18 പേർക്ക് നിപ ബാധിച്ചതിൽ 16 പേർ മരിച്ചെന്ന് ആരോഗ്യ വകുപ്പ് സ്ഥിരീകരിക്കുകയുണ്ടായോ;

(ഇ) എന്നാൽ നിപ ബാധിച്ചത് 23 പേർക്കാണെന്നും അതിൽ 21 പേർ മരണപ്പെട്ടെന്നും പിന്നീട് ഒരു പഠനസംഘം കണ്ടെത്തുക ഉണ്ടായോ;

(എഫ്) ബ്രിട്ടീഷ് മെഡിക്കൽ ജേർണൽ, ദ ജേർണൽ ഓഫ് ഇൻഫക്ഷ്യസ് ഡിസീസ് എന്നിവയിൽ ഇത് സംബന്ധമായ പഠന റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയുണ്ടായോ;

(ജി) എങ്കിൽ ആരോഗ്യ വകുപ്പ് ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) സാധ്യത തള്ളിക്കളയാനാവില്ല. ലഭ്യമായ വിവരങ്ങളനുസരിച്ച് മേയ് മാസത്തിലാണ് വവ്വാലുകളുടെ പ്രസവം നടക്കുന്നതെന്നും അപ്പോഴാണ് വ്യാപനം ഉണ്ടാകുന്നത് എന്നുമാണ് കണ്ടെത്തിയിട്ടുള്ളത്.

(സി) പൊതുജന സുരക്ഷയ്ക്കായി ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. വവ്വാലുകളുടെ പ്രജനന കാലത്താണ് രോഗാണു വ്യാപനം ഉണ്ടാകുന്നതെന്ന റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

- വവ്വാലുകൾ ഭക്ഷിച്ചതിന്റെ ബാക്കിയോ കടിച്ചതോ ആയ പഴങ്ങളും പച്ചക്കറികളും കഴിക്കാതിരിക്കുക.
- ഉപയോഗത്തിനുമുമ്പ് പഴങ്ങളും പച്ചക്കറികളും നന്നായി കഴുകുക.
- വവ്വാലുകൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ അതിക്രമിച്ച് കടക്കുകയോ അവയുമായുള്ള സമ്പർക്കം ഒഴിവാക്കുകയോ ചെയ്യേണ്ടതാണ്.

- ഗുരുതര ശ്വാസകോശ രോഗ ലക്ഷണങ്ങളുള്ളവരും പനി തലച്ചോറിനെ ബാധിക്കുന്ന ലക്ഷണങ്ങളുള്ളവരുമായു സമ്പർക്കം പുലർത്തുമ്പോൾ ഡോക്ടർമാരും മറ്റ് ജീവനക്കാരും അനുയോജ്യമായ വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

- ശ്വസന സംബന്ധമായ രോഗ ലക്ഷണങ്ങളുമായി വരുന്ന എല്ലാ രോഗികൾക്കും 3 പാളികളുള്ള സംരക്ഷണ മാസ്ക് നൽകുകയും ഇതിനായി ഒരു 'കഫ് കോർണർ' രൂപീകരിക്കുകയും മാസ്ക് ധരിക്കേണ്ടതിന്റെ രീതിയും ആവശ്യകതയും വിശദീകരിക്കുന്നതിനായി ജീവനക്കാരെ നിയോഗിക്കുകയും ചെയ്യുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

- ചുമയ്ക്കുകയോ തുമ്മുകയോ ചെയ്യുമ്പോൾ വായും മൂക്കും തുണികൾകൊണ്ട് മറയ്ക്കുക, ഇടയ്ക്കിടെ കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകുക, രോഗികളുമായി ഇടപെടേണ്ടി വരുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നിവയെ ക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

- എല്ലാ ആശുപത്രികളിലും അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനും അതിനാവശ്യമായ സാധന സാമഗ്രികളും ആവശ്യമായ പരിശീലനവും അടിയന്തരമായി നൽകുവാനും എല്ലാ സൂപ്രണ്ടുമാർ/ചാർജ്ജ് മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സ്ഥിരീകരിക്കുകയുണ്ടായി.

(ഇ-ജി) ഇക്കാര്യം മാധ്യമങ്ങൾവഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

### മായം ചേർത്ത വെളിച്ചെണ്ണ

162(3947) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ബ്രാന്റുകളിൽപ്പെട്ട മായം ചേർത്ത വെളിച്ചെണ്ണ വിപണിയിൽ നിന്നും പിടിച്ചെടുത്തത് സംബന്ധിച്ച എത്ര റിപ്പോർട്ടുകൾ ഉണ്ടായി; ഇത്തരത്തിൽ മായം ചേർത്ത വെളിച്ചണ്ണ വിപണിയിൽ എത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) വെളിച്ചെണ്ണയിലെ മായം പരിശോധിക്കാൻ ജില്ലകളിൽ സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ;

(സി) ഭക്ഷ്യ വസ്തുക്കളിലെ മായം പരിശോധിക്കാനുള്ള സംവിധാനം ജില്ലാതലത്തിൽ (ലാബ് ഉൾപ്പെടെ) സജ്ജമാക്കുമോ?

<u>ഉത്തരം</u>

(എ) വെളിച്ചെണ്ണയിൽ മായം കലർത്തുന്നത് കണ്ടെത്തുന്നതിനായി മാത്രം ഭക്ഷ്യസുരക്ഷാ വകുപ്പ് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്തിയിട്ടുണ്ട്. വെളിച്ചെണ്ണയുടെ ഉല്പാദനവുമായി ബന്ധപ്പെട്ട് അസംസ്കൃത വസ്തുക്കൾ മുതൽ എണ്ണ ഉല്പാദനം, സംഭരണം, വിതരണം, വിപണനം തുടങ്ങി എല്ലാ മേഖലകളിലും നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. 2018-ൽ മാത്രം 96 മായം കലർന്ന ബ്രാൻഡ് വെളിച്ചെണ്ണ കേരളത്തിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണർ നിരോധിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ വെളിച്ചെണ്ണയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(സി) നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള അനലിറ്റിക്കൽ ലാബുകളിൽ ഭക്ഷ്യവസ്തുക്കളിലെ മായം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ പത്തനംതിട്ടയിലെ ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബിൽ ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട സാമ്പിളുകളും കുടിവെള്ള സാമ്പിളുകളും പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ട്.

കണ്ണൂർ ജില്ലയിൽ പുതിയതായി അനലിറ്റിക്കൽ ലാബ് സ്ഥാപിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം 3.3 കോടി രൂപ അനുവദിക്കുകയും പ്രസ്തുത ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. എല്ലാ ജില്ലാ തലത്തിലും ഇത്തരം ലാബുകൾ ആരംഭിക്കുന്ന പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

## കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ ലിമിറ്റഡ്

163(3948) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന സർക്കാർ ആശുപത്രികൾക്ക് നൽകിയിട്ടുള്ള ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം പരിശോധനയ്ക്ക് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ആശുപത്രികളിൽനിന്ന് ഉപകരണങ്ങളുടെ ആവശ്യകത അനുസരിച്ച് ലഭ്യമാകുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണോ കോർപ്പറേഷൻ ഉപകരണങ്ങൾ വാങ്ങുന്നത്;

(ഡി) കോർപ്പറേഷൻ വാങ്ങുന്ന ഉപകരണങ്ങളുടെ ഗുണനിലവാര പരിശോധന നടത്താൻ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർ കോർപ്പറേഷനിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരുവിവരവും തസ്തികകളും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന സർക്കാർ ആശുപത്രികൾക്ക് നൽകിയിട്ടുള്ള ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനായി ഒരു എക്വിപ്മെന്റ് സർവ്വീസ് വിഭാഗം കോർപ്പറേഷനിൽ നിലവിലുണ്ട്. കേരളത്തിലുള്ള സർക്കാർ ആശുപത്രികൾക്ക് അവിടെ സ്ഥാപിച്ചിട്ടുള്ള ഉപകരണം കേടാവുന്നപക്ഷം വിളിച്ചറിയിക്കാനായി ഒരു ടോൾ ഫ്രീ നമ്പർ നിലവിൽ ലഭ്യമാണ്. വാറന്റിയിലുള്ള ഉപകരണങ്ങളുടെ തകരാറുകൾ ടോൾഫ്രീ നമ്പർ വഴി വിളിച്ചറിയിക്കുന്നതനുസരിച്ച് കോർപ്പറേഷൻ നേരിട്ട് ഇടപെട്ട് അതത് വിതരണക്കാർവഴി എത്രയുംപെട്ടെന്ന് ഉപകരണം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. Third Party Maintenance Programme (BEMP) മുഖാന്തരം സർക്കാർ ആശുപത്രികളിലുള്ള മുഴുവൻ ആശുപത്രി ഉപകരണങ്ങളുടെയും സർവ്വീസ് കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന നടത്തിവരുന്നുണ്ട്.

(സി) അതെ.

(ഡി) കോർപ്പറേഷൻ വാങ്ങി വിതരണം നടത്തുന്ന ഉപകരണങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി ആരോഗ്യ വകുപ്പിലേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലേയും മികച്ച ഡോക്ടർമാർ ഉൾപ്പെട്ട ഒരു കമ്മിറ്റി നിലവിലുണ്ട്. കൂടാതെ മികച്ച നിലവാരമുള്ള ബയോമെഡിക്കൽ എഞ്ചിനീയർമാരുടെ സേവനവും കോർപ്പറേഷനിൽ ലഭ്യമാണ്. ബയോമെഡിക്കൽ എഞ്ചിനീയർമാരുടെ പേരുവിവരം, തസ്തിക എന്നിവ ചുവടെ ചേർക്കുന്നു:

1. ശ്രീ. നരേന്ദ്രനാഥ് കെ.ആർ., ഡെപ്യൂട്ടി മാനേജർ
2. ശ്രീ. നിഷാദ്. എസ്.എൽ., അസിസ്റ്റന്റ് മാനേജർ
3. ശ്രീ. അനൂപ്.റ്റി.യു., അസിസ്റ്റന്റ് മാനേജർ
4. ശ്രീ. ഗിരീഷ്. എസ്., അസിസ്റ്റന്റ് മാനേജർ
5. ശ്രീമതി നീതു പ്രതീപ്, അസിസ്റ്റന്റ് മാനേജർ
6. ശ്രീ. വിനിൽ.വി. അസിസ്റ്റന്റ് മാനേജർ
7. ശ്രീമതി ശരണ്യ.കെ.എസ്. അസിസ്റ്റന്റ് മാനേജർ.

**എച്ച് വൺ എൻ വൺ പ്രതിരോധ പ്രവർത്തനങ്ങൾ**

164(3949) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച് വൺ എൻ വൺ പനി ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ച പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) ഈ വർഷം സംസ്ഥാനത്ത് എച്ച് വൺ എൻ വൺ പനിമൂലം എത്ര മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഈ രംഗത്ത് കൂടുതൽ കാര്യക്ഷമമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) എച്ച് വൺ എൻ വൺ രോഗബാധ സംശയിക്കുന്നവരുടെ ശരീരസ്രവ പരിശോധനകൾ ആലപ്പുഴ എൻ.ഐ.വി., മണിപ്പാൽ എം.സി.വി.ആർ. എന്നിവിടങ്ങളിൽ അയച്ച് പരിശോധിക്കുന്നുണ്ട്. സംസ്ഥാനതലത്തിലും

ജില്ലാതലത്തിലും സ്ഥിതിവിവരക്കണക്കുകൾ ദിവസേനയും പ്രതിവാരവും വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. എച്ച് 1 എൻ 1 മരുന്നായ ഒസൽട്ടാമിവിർ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. ചികിത്സാ മാർഗ്ഗരേഖ (എ.ബി.സി. ഗൈഡ്‌ലൈൻ) വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നുണ്ട്. കൂടാതെ ഡോക്ടർമാരുടെ സംഘടനകൾക്കും ഇവ പ്രചരിപ്പിക്കുവാൻവേണ്ടി അയച്ചുകൊടുത്തിട്ടുണ്ട്. കൂടാതെ ജനങ്ങളുടെ ബോധവത്കരണത്തിനായി ആവശ്യമായ ലഘുലേഖകൾ വിവിധ തലങ്ങളിൽ പ്രിന്റ് ചെയ്ത് നൽകിവരുന്നു. രോഗം ഗുരുതരമാവുകയാണെങ്കിൽ ചികിത്സിക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ലഭ്യമാക്കിയിട്ടുണ്ട്. പ്രളയം ബാധിച്ച സമയത്തുതന്നെ മുൻകരുതലെന്നോണം എച്ച്1 എൻ1 രോഗനിർണ്ണയം, ശരിയായ ചികിത്സ എന്നിവയെക്കുറിച്ചുള്ള പരിശീലനം സ്വകാര്യമേഖലയിലെ ഡോക്ടർമാർക്കടക്കം നൽകിയിരുന്നു. നവംബർ മാസത്തിൽ ഉണ്ടായ രോഗ വർദ്ധനവിനെത്തുടർന്ന് 27-11-2018-ന് സംസ്ഥാനതലത്തിൽ ദ്രുതകർമ്മസേനാ യോഗംകൂടി ആവശ്യമായ നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(ബി) എച്ച് വൺ എൻ വൺ പനിമൂലം സംസ്ഥാനത്ത് ഈ വർഷം ജനുവരി മുതൽ ഡിസംബർ 6 വരെ 40 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വിലയിരുത്തിയിട്ടുണ്ട്. ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് ആവശ്യമായ പരിശീലനം ജില്ലാതലത്തിൽ നടത്തിവരുന്നുണ്ട്. ചികിത്സയ്ക്കാവശ്യമായ മാർഗ്ഗരേഖ (എ.ബി.സി.ഗൈഡ്‌ലൈൻ) എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. നവമാധ്യമങ്ങൾ വഴിയും ഇത് പ്രചരിപ്പിക്കുന്നുണ്ട്. പ്രൈവറ്റ് ഡോക്ടർമാർക്ക് ആവശ്യമായ പരിശീലനം, ഡോക്ടർമാരുടെ വിവിധ സംഘടനകളെ ഉൾപ്പെടുത്തി (ഐ.എം.എ., ഐ.എ.പി., ക്യു.പി.എം.പി.എ. മുതലായവ) ജില്ലാതലത്തിൽ നൽകിവരുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഈ കാര്യങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്.

പൊതുജനങ്ങൾക്കാവശ്യമായ ബോധവത്കരണ ഉപാധികൾ സംസ്ഥാന തലത്തിലും ജില്ലാതലങ്ങളിലും പി.എച്ച്.സി./സി.എച്ച്.സി. തലത്തിലും ലഭ്യമാക്കിവരുന്നു. എഫ്.എം.റേഡിയോ വഴിയും മറ്റ് ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെയും ആരോഗ്യ ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

**ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഫയലുകളിന്മേലുള്ള കാലതാമസം**

165(3950) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ പല ഫയലുകളിലും സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല എന്നുള്ള പരാതി പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ സമയബന്ധിതമായി തീർപ്പാക്കേണ്ട ഫയലുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും ആയത് ഫയൽ അദാലത്ത് സംഘടിപ്പിച്ച് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആഡിറ്റുമായി ബന്ധപ്പെട്ട ഫയലുകളിൽ സോണൽ/ജില്ലാതലത്തിൽ അദാലത്ത് സംഘടിപ്പിച്ച് തീർപ്പ് കൽപ്പിച്ചുവരുന്നു. കൂടാതെ സർക്കാർ തലത്തിലും ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. ഫയൽ അദാലത്തിന്റെ രണ്ടാംഘട്ടം 2019 ജനുവരി മാസം മുതൽ നടത്തുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്.

**വൃക്കരോഗികൾ**

166(3951) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18 വയസ്സിന് മുകളിലുള്ള ആളുകളുടെ വൃക്ക മാറ്റിവയ്ക്കൽ, കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ആരോഗ്യ വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദാമാക്കാമോ;

(ബി) വൃക്ക മാറ്റിവയ്ക്കൽ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സർക്കാർ ആശുപത്രികളിൽ നടത്താൻ കഴിയുമോ;വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഒരു വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നയാൾക്ക് ബന്ധുക്കളിൽനിന്നും വൃക്ക കിട്ടാത്ത സാഹചര്യത്തിൽ മറ്റ് ആളുകളിൽനിന്ന് വൃക്ക സ്വീകരിക്കുന്നതിനും ദാനം ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) വൃക്ക മാറ്റിവയ്ക്കൽ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്ക് വിധേയരാകുന്നവർക്ക് ആരോഗ്യ വകുപ്പിൽനിന്നും "സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു പുവർ'' പദ്ധതി മുഖേന സൊസൈറ്റി അംഗീകരിച്ച ആശുപത്രിയിലെ ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 3 ലക്ഷത്തിൽ താഴെ വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് പരമാവധി 50,000/- രൂപ വരെ ധനസഹായം അനുവദിച്ചുവരുന്നു.

(ബി) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള സർക്കാർ ആശുപത്രികളിൽ വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്താവുന്നതാണ്. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നുണ്ട്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനായി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അണുബാധ നിയന്ത്രണ സംവിധാനത്തിൽ പോരായ്മകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു. നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പുനരാരംഭിക്കുന്നതാണ്.

(സി) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനാകേണ്ടിവരുന്ന ഒരു വ്യക്തിക്ക് ബന്ധുക്കളുടെ അവയവം ലഭ്യമാകാതെ വരുന്ന സാഹചര്യത്തിൽ പരോപകാര താല്പര്യതയോടുകൂടി യാതൊരു പ്രതിഫലേച്ഛയും കൂടാതെ അവയവം നൽകുവാൻ സന്നദ്ധനായി ഒരു വ്യക്തി മുന്നോട്ടുവന്നാൽ ദാതാവിന്റെയും സ്വീകർത്താവിന്റെയും വൈദ്യപരിശോധനാ ഫലങ്ങളും അനുബന്ധ രേഖകളും ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് 1994, പ്രകാരം സ്ഥാപിതമായിട്ടുള്ള ജില്ലാ ആതറൈസേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. രേഖകൾ പരിശോധിച്ചതിനുശേഷം അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് കമ്മിറ്റി അംഗീകാരം നൽകുന്നപക്ഷം അവയവമാറ്റ ശസ്ത്രക്രിയ നടത്താവുന്നതാണ്. ബന്ധുക്കൾ വഴിയും ബന്ധുവേതര അവയവദാനത്തിലൂടെയും അവയവം ലഭിക്കാതെ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമായിവരുന്ന രോഗികൾക്ക് അവയവം ലഭ്യമാക്കുന്നതിന് സർക്കാരിന്റെ മരണാനന്തര അവയവദാന പദ്ധതിയായ 'മൃതസഞ്ജീവനി' യിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## കുഷ്ഠരോഗ നിർമ്മാർജ്ജനം

167(3952) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ൽ കുഷ്ഠരോഗം നിർമ്മാർജ്ജനം ചെയ്തതായി പ്രഖ്യാപിച്ച കേരളത്തിൽ ഇപ്പോൾ വർഷംതോറും ശരാശരി 500 പേരിലെങ്കിലും പുതുതായി കുഷ്ഠരോഗം കണ്ടെത്തുന്നതായി സ്ഥിരീകരിക്കുയുണ്ടോയോ ;

(ബി) ഇതിൽ പത്ത് ശതമാനത്തോളം കുട്ടികളാണെന്നും ഇത് ദേശീയ ശരാശരിക്ക് മുകളിലാണെന്നുമുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടോയോ;

(സി) എങ്കിൽ രോഗത്തിന്റെ ഉറവിടം കണ്ടെത്താനും പൂർണ്ണമായും ഈ രോഗം നിർമ്മാർജനം ചെയ്യാനും എന്തൊക്കെ അടിയന്തര നടപടികൾ സമയബന്ധിതമായി കൈകൊള്ളും; വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതുതായി കുഷ്ഠരോഗം കണ്ടെത്തുന്നതായി സ്ഥിരീകരിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കുകയുണ്ടായി. ഇത് 2013-14-ൽ 10.9 ശതമാനമായിരുന്നു. ഇപ്പോൾ 2018-ൽ 8.3 ശതമാനമാണ്.

(സി) വിപുലമായ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ സ്കൂൾ അങ്കണവാടി സർവ്വേ, ജയിൽ സർവ്വേ, നഗര ചേരികളിലും തീരപ്രദേശത്തും ഗിരിവർഗ്ഗ മേഖലകളിലും താമസിക്കുന്നവരെയും പ്രീ-മെട്രിക് ഹോസ്റ്റൽ, അനാഥാലയങ്ങൾ, ജയിൽ എന്നിവിടങ്ങളിൽ താമസിക്കുന്നവരെയും ഇതര സംസ്ഥാന തൊഴിലാളികളെയും രോഗപരിശോധനയ്ക്ക് വിധേയമാക്കൽ, വൈദ്യപരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ, കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കും ആക്കം കൂട്ടുക എന്ന ലക്ഷ്യത്തോടെ 'അശ്വമേധം' ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ 2018 ഡിസംബർ 5 മുതൽ 18 വരെ നടന്നുവരികയാണ്. ഇതോടൊപ്പംതന്നെ 6 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, വയനാട്) ഫോക്കസ്ഡ് ലെപ്രസി ക്യാമ്പയിൻ (എഫ്.എൽ.സി.) നടന്നുവരുന്നു.

## കോഴഞ്ചേരി ജില്ലാ ആശുപത്രി

168(3953) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ കോഴഞ്ചേരി ജില്ല ആശുപത്രിയിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഏതൊക്കെ പദ്ധതികളിലായാണ് പ്രവൃത്തികൾ നടത്തിയത്;

(ബി) ഇതിൽ പൂർത്തിയായവ ഏതെല്ലാം; ഇപ്പോൾ നിലവിൽ ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ കാലയളവിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* 6 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പവർ ലാൺട്രി, വയറിംഗ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയൊഴികെ എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. പവർ ലാൺട്രി കെട്ടിടത്തിന്റെ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

## സമ്പൂർണ്ണ ക്യാൻസർ നിർമ്മാർജ്ജനം

169(3954) ശ്രീ. കെ. ദാസൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സമ്പൂർണ്ണ കാൻസർ നിർമ്മാർജ്ജനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കാൻസർ രജിസ്ട്രി തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) എല്ലാ ജില്ലാ ആശുപത്രികളിലും കീമോതെറാപ്പി സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) കാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിൽ കാൻസർ ചികിത്സയ്ക്ക് ആവശ്യമായ ആധുനിക സംവിധാനങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഇ) ആർ.സി.സി., എം.സി.സി., കൊച്ചി കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവടങ്ങളിലെ കാൻസർ ചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സമ്പൂർണ്ണ കാൻസർ നിർമ്മാർജ്ജനം എന്നതിലുപരി കാൻസർ നിയന്ത്രണ പദ്ധതികൾ, നിർണ്ണയ പദ്ധതികൾ, ചികിത്സാ പദ്ധതികൾ എന്നിവയിലാണ് ഊന്നൽ നൽകിവരുന്നത്.

(ബി) സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലും കണ്ണൂർ, മലബാർ ക്യാൻസർ സെന്ററുകളിലും മാത്രമാണ് ക്യാൻസർ രജിസ്ട്രി തയ്യാറാക്കി വരുന്നത്. സംസ്ഥാനത്തെ സർക്കാർ മേഖലയിലേയും സ്വകാര്യ മേഖലയിലേയും അർബുദ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കി ക്കൊണ്ടുള്ള ക്യാൻസർ ഗ്രിഡ് യാഥാർത്ഥ്യമാക്കുന്നതോടെ സമ്പൂർണ്ണ ക്യാൻസർ രജിസ്ട്രി എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതാണ്. സംസ്ഥാന സർക്കാർ സ്വീകരിച്ച സംസ്ഥാന ക്യാൻസർ നയത്തിലും ഈ ഉദ്ദേശലക്ഷ്യങ്ങളാണ് നിർവ്വചിച്ചിട്ടുള്ളത്.

(സി) എല്ലാ ജില്ലകളിലെയും പ്രധാന ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ജില്ലാ ക്യാൻസർ കെയർ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) മെഡിക്കൽ കോളേജാശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കാവശ്യമായ കൊബാൾട്ട് തെറാപ്പി യൂണിറ്റുകൾ നിലവിലുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിലേയ്ക്ക് പുതിയ കൊബാൾട്ട് തെറാപ്പി യൂണിറ്റുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു.

ക്യാൻസർ ചികിത്സയ്ക്കുള്ള നൂതന ചികിത്സാ ഉപകരണമായ ലീനിയർ ആക്സിലേറ്റർ കോഴിക്കോട്, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലേയ്ക്ക് ലീനിയർ ആക്സിലേറ്റർ ഇൻസ്റ്റാൾ ചെയ്യുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഓങ്കോ പാത്തോളജി, മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി വിഭാഗങ്ങളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ മികച്ച ചികിത്സ ലഭ്യമാക്കിവരുന്നു. പുതുതായി തുടങ്ങിയ പാരിപ്പള്ളി മെഡിക്കൽ കോളേജ്, മഞ്ചേരി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ മെഡിക്കൽ ക്യാൻസർ ചികിത്സാ നിർണ്ണയത്തിനാവശ്യമായ മാമോഗ്രാഫി യൂണിറ്റുകൾ, അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീൻ, സി.റ്റി. സ്കാനിംഗ് മെഷീൻ തുടങ്ങിയ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ടെർഷറി കെയർ സംവിധാനം ഒരുക്കുന്നതിനുവേണ്ടിയുള്ള ആശുപത്രി കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനസജ്ജമായി.

(ഇ) അനുബന്ധമായി ചേർക്കുന്നു.*

## സർക്കാർ ആശുപത്രികളിലെ ശുചിത്വം

170(3955) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളും മെഡിക്കൽ കോളേജുകളും മതിയായ ശുചിത്വം ഉറപ്പുവരുത്താത്തതു കാരണം രോഗികൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ലീനിംഗ് ജീവനക്കാർ ആശുപത്രിയും പരിസരവും കൃത്യമായി ശുചിയാക്കി സൂക്ഷിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ കർശനമായ മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുമോ;

(സി) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ആധുനിക രീതിയിലുള്ള ഒരു ആക്ഷൻ പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ&ബി) എല്ലാ ആശുപത്രികളിലും ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റികൾ നിലവിലുണ്ട്. ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ Safe hand work technique, infection control practice എന്നിവയെപ്പറ്റി ബോധവൽക്കരണം നൽകുന്നുണ്ട്. Safe Infection Practice-ന്റെ ആവശ്യകതയെ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങളും നൽകുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ ശുചിത്വം ഉറപ്പു വരുത്തുന്നതിന് ആധുനിക രീതിയിലുള്ള ആക്ഷൻ പ്ലാൻ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആധുനിക ശുചീകരണ ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്കൃബ്ബർ, ഡ്രയർ മെഷീൻ, ഹൈ പവർ ജെറ്റ് മെഷീൻ, വാക്വം ക്ലീനർ എന്നിവ നിലവിൽ ശുചീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നുണ്ട്. എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഹൗസ് കീപ്പിംഗ് വിഭാഗത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ ദിവസവും ക്ലീനിംഗ് ജോലികൾ യഥാസമയം നിർവ്വഹിക്കുന്നു. രോഗികൾക്ക് അണുബാധ ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് കൃത്യമായും ഹൗസ് കീപ്പിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ അതത് ആശുപത്രി സൂപ്രണ്ടുമാർ വിലയിരുത്തി നിർദ്ദേശം നൽകാറുണ്ട്. PEID സെല്ലിന്റെ നേതൃത്വത്തിൽ ശുചീകരണ മോണിറ്ററിംഗ് ശക്തമായി നടത്തുന്നുണ്ട്.

**അങ്കണവാടികൾ**

171(3956) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുളയിൽ കോയിപ്രം, ഇലന്തൂർ, പന്തളം ബ്ലോക്കുകളിലായി ആകെ എത്ര അങ്കണവാടികൾ ഉണ്ട് എന്ന് ബ്ലോക്ക് തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത അങ്കണവാടികളിൽ സ്വന്തമായി സ്ഥലം ഉണ്ടായിട്ടും സ്വന്തം കെട്ടിടമില്ലാത്ത അങ്കണവാടികളുടെ വിവരം ബ്ലോക്ക് തിരിച്ച് വെളിപ്പെടുത്തുമോ;

(സി) സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളിൽ ജീർണ്ണാവസ്ഥ യിലുള്ളവ ഉണ്ടെങ്കിൽ അവയുടെ വിവരം ബ്ലോക്ക് തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ ആകെ അങ്കണവാടികളുടെ

| | | |
|---|---|---|
| എണ്ണം | - | 298 |
| പന്തളം ബ്ലോക്ക് | - | 124 |
| ഇലന്തൂർ ബ്ലോക്ക് | - | 103 |
| കോയിപ്രം ബ്ലോക്ക് | - | 71 |

(ബി) സ്വന്തമായി സ്ഥലം ഉള്ളതും കെട്ടിടം ഇല്ലാത്തതുമായ അങ്കണവാടികൾ

| | | |
|---|---|---|
| പന്തളം ബ്ലോക്ക് | - | 15 |
| ഇലന്തൂർ ബ്ലോക്ക് | - | 1 |
| കോയിപ്രം ബ്ലോക്ക് | - | 4 |

(സി) പന്തളം ബ്ലോക്കിൽ 12 അങ്കണവാടികളും ഇലന്തൂർ ബ്ലോക്കിൽ 1 അങ്കണവാടിയും അടുത്തിടെയുണ്ടായ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച് ജീർണ്ണാവസ്ഥയിലാണ്.

## പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ ബോധവൽക്കരണം

172(3957) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിൽ മലിനജലം ഒഴുക്കിവിടുന്നതും മാലിന്യം വലിച്ചെറിയുന്നതും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽസൂചിപ്പിച്ച ഗുരുതരമായ പ്രശ്നം പരിഹരിക്കുന്നതിനായി ആരോഗ്യവകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ പൊതുസ്ഥലങ്ങൾ മലിനമാക്കുന്നവർക്കെതിരെ മറ്റ് വകുപ്പുകളുമായി സഹകരിച്ച് കൂടുതൽ കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ;

(ഡി) വ്യക്തിശുചിത്വം പോലെ പ്രധാനമാണ് പരിസര ശുചിത്വമെന്ന് ബോധ്യപ്പെടുത്തുന്നതിനായി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ കൂടുതൽ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുസ്ഥലങ്ങളിൽ മലിനജലം ഒഴുക്കിവിടുന്നതുമൂലവും മാലിന്യം വലിച്ചെറിയുന്നതുമൂലവും ഉണ്ടാകുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- അന്വേഷണം നടത്തി നോട്ടീസ് നൽകുക.
- റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് രാജ്/മുനിസിപ്പൽ ആക്ട് നിയമപ്രകാരം നടപടിയെടുക്കാനായി തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറുക.
- പൊതുജനാരോഗ്യ നിയമപ്രകാരം നിയമ നടപടികൾ സ്വീകരിക്കുക.

(സി) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് (തദ്ദേശസ്വയംഭരണ വകുപ്പ്, നഗരകാര്യ വകുപ്പ്, പോലീസ് ഡിപ്പാർട്ടുമെന്റ്, മലിനീകരണ നിയന്ത്രണ ബോർഡ്) പൊതുസ്ഥലങ്ങൾ മലിനമാക്കുന്നവർക്കെതിരെ നിലവിലുള്ള നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) വിവിധ ബോധവൽക്കരണ പരിപാടികൾ പഞ്ചായത്തുതലത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേനയും നടത്തിവരുന്നു. സ്കൂളുകളിൽ പരിസര ശുചിത്വം പാലിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളും സ്കൂൾ അസംബ്ലികളിൽ ഇത് സംബന്ധിച്ചുള്ള വിഷയാവതരണവും നടത്തുന്നുണ്ട്. കൂടാതെ പരിസര ശുചിത്വം പാലിക്കണമെന്ന് നിഷ്കർഷിക്കുന്ന ആരോഗ്യ സന്ദേശങ്ങൾ സമൂഹത്തിൽ എത്തിക്കാൻ വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റി വഴിയും സംസ്ഥാന ജില്ലാതലത്തിൽ ആരോഗ്യ വകുപ്പിന്റെ മാസ് മീഡിയ വിഭാഗം വഴിയും പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

## കുഷ്ഠരോഗികളോടുള്ള വിവേചനം

173(3958) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഷ്ഠരോഗികളോടുള്ള വിവേചനത്തിന് അറുതിവരുത്താൻ സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പൊതുസ്ഥലങ്ങളും വാഹനങ്ങളും ഉപയോഗിക്കുന്നതിന് പ്രസ്തുത രോഗികൾക്കുണ്ടായിരുന്ന വിലക്ക് നീക്കുന്നതിന് പൊതുജനാരോഗ്യ നിയമം ഉൾപ്പെടെയുള്ള നിയമങ്ങളിൽ ഭേദഗതി കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ട്രാവൻകൂർ കൊച്ചിൻ പൊതുജനാരോഗ്യ നിയമം 1955-ലെ സെക്ഷൻ 828384 എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കേരള ഫിഷർമെൻ വെൽഫെയർ സൊസൈറ്റി റൂൾ 1980 ന്റെ സെക്ഷൻ 6 (1) (a), കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ആക്ട് 1955-ന്റെ സെക്ഷൻ 6 (1) (b) കേരള പ്ലെയ്സസ് ഓഫ് പബ്ലിക് റിസോർട്ട് റൂൾസിലെ റൂൾ 34 (V) കേരള ഡോക്യുമെന്റ് റൈറ്റേഴ്സ് ലൈസൻസ് റൂൾ 1960-ന്റെ റൂൾ 7 (g) എന്നിവയും ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## മാരക രോഗങ്ങൾ കണ്ടുപിടിക്കുന്നതിന് ലെവൽ 2 വൈറോളജി ലാബുകൾ

174(3959) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ രംഗത്ത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനം വളരെ മുന്നിലാണെങ്കിലും സംസ്ഥാനത്ത് നിന്ന് തുടച്ച് നീക്കിയെന്ന് അവകാശപ്പെട്ട പല രോഗങ്ങളും മടങ്ങി വരുന്നതും നിപ, കരിമ്പനി തുടങ്ങിയ മാരകരോഗങ്ങൾ ജനങ്ങളെ ബാധിക്കുന്നതും ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഭീഷണി നേരിടുന്നതിനും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) നിപ പോലുള്ള മാരക വൈറസുകളെ കണ്ടുപിടിക്കുന്നതിന് ലെവൽ 2 വൈറോളജി ലാബുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) അടുത്ത വർഷം വീണ്ടും നിപ വൈറസ് ബാധ ഉണ്ടാകാനുള്ള സാധ്യത നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിനെ പ്രതിരോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ&ബി) തുടച്ചുനീക്കപ്പെട്ട രോഗങ്ങളൊന്നുംതന്നെ സംസ്ഥാനത്ത് തിരിച്ചുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിപ, കരിമ്പനി തുടങ്ങിയ മാരകരോഗങ്ങൾ ജനങ്ങളെ ബാധിക്കുന്നത് ഗൗരവമായി കണക്കിലെടുത്ത് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. നിപ പ്രതിരോധത്തിനായി എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ട്.

- വവ്വാലുകൾ ഭക്ഷിച്ചതിന്റെ ബാക്കിയോ കടിച്ചതോ ആയ പഴങ്ങളും പച്ചക്കറികളും ഭക്ഷിക്കാതിരിക്കുക.
- ഉപയോഗത്തിനുമുമ്പ് പഴങ്ങളും പച്ചക്കറികളും വൃത്തിയായി കഴുകുക
- വവ്വാലുകൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ അതിക്രമിച്ച് കടക്കുകയോ അവയുമായുള്ള സമ്പർക്കം ഒഴിവാക്കുകയോ ചെയ്യുക.

ശ്വസന സംബന്ധമായ രോഗലക്ഷണങ്ങളുമായി വരുന്ന എല്ലാ രോഗികൾക്കും സംരക്ഷണ മാസ്ക് നൽകുന്നതിനും ഇതിനായി 'കഫ് കോർണറുകൾ' പ്രവർത്തനക്ഷമമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ചുമയ്ക്കുകയോ തുമ്മുകയോ ചെയ്യുമ്പോൾ വായും മൂക്കും തുണികൊണ്ട് മറയ്ക്കുന്നതിനും ഇടയ്ക്കിടെ കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകുന്നതിനും രോഗികളുമായി ഇടപടേണ്ടി വരുമ്പോൾ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള എല്ലാ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എല്ലാ ആശുപത്രികളിലും അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും അതിനാവശ്യമായ സാധനസാമഗ്രികളും ആവശ്യമായ പരിശീലനവും അടിയന്തരമായി നൽകുന്നതിനും എല്ലാ സൂപ്രണ്ടുമാർ/ചാർജ്ജ് മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കരിമ്പനി(കാലാ അസർ) രോഗസാധ്യത നിലനിൽക്കുന്ന പ്രദേശങ്ങൾ (ഹോട്ട് സ്പോട്ട്സ്) കണ്ടെത്തി അവിടെ രോഗനിരീക്ഷണ സംവിധാനവും പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നു. ഈ രോഗം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന തൊഴിലാളികളെയും സമീപവാസികളെയും ആർ.കെ. 39 കിറ്റുകൾ ഉപയോഗിച്ച്

രോഗനിർണ്ണയം നടത്തിവരുന്നു. രോഗചികിത്സയ്ക്ക് ആവശ്യമായ ഇൻജക്ഷൻ ലിപ്പോസോമൽ ആംഫോട്ടെറീസിൻ ബി & മിൽറ്റി ഫോസിൽ ആവശ്യാനുസരണം ലഭ്യമായിട്ടുണ്ട്. രോഗം പരത്തുന്ന 'സാന്റ് ഫ്ലൈ' കൂടുതലായി കാണുന്ന പ്രദേശങ്ങളുടെ മാപ്പിംഗ് നടത്തി അവിടെ ബോധവത്കരണവും സംയോജിത പ്രാണി നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യുന്നു. ഇതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേയും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെയും ഫീൽഡ്തല ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

(സി) ബയോസേഫ്റ്റി ലെവൽ-2 വൈറോളജി ലാബുകൾ രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജിയിലും കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലും സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഇത് സജ്ജമാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിപ തുടങ്ങിയ മാരക രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സാംപിളുകൾ inactivation process കൂടി ഉൾപ്പെടുത്തിയാൽ ഈ രോഗാണുക്കളെ കണ്ടുപിടിക്കുന്നതിനുള്ള സീറോളജി മോളിക്കുലർ (molecular) ടെസ്റ്റുകൾ ബയോസേഫ്റ്റി ലെവൽ-2-ൽ ചെയ്യാവുന്നതാണ്.

(ഡി) സാധ്യത തള്ളിക്കളയാനാവില്ല. എന്നിരുന്നാലും വവ്വാലുകളുടെ പ്രജനനകാലം ഡിസംബർ മുതൽ മേയ് മാസംവരെയാകയാൽ ജാഗ്രതാ നിർദ്ദേശം എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് തയ്യാറായിട്ടുണ്ട്.

## ഇ-ഹെൽത്ത് പദ്ധതി

175(3960) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതി ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പകർച്ചവ്യാധി നിയന്ത്രണത്തിനും സഹായകമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ പേരൂർക്കട ആശുപത്രിയിൽ നടപ്പിലാക്കിയ പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയിട്ടുള്ള പാകപ്പിഴകൾ എന്തൊക്കെയാണ്;

(സി) ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായുള്ള ആരോഗ്യവിവര ശേഖരണം പൂർത്തിയായിട്ടുണ്ടോ; ആരെയാണ് പ്രസ്തുത ചുമതല ഏല്പിച്ചിട്ടുള്ളത്;

(ഇ) ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ആശുപത്രിയിൽ ഒരു സാംക്രമികരോഗം നിർണ്ണയിച്ചാൽ ഉടൻതന്നെ ഫീൽഡുതല പ്രവർത്തകർക്ക് മുന്നറിയിപ്പ് നൽകാനുള്ള സംവിധാനം ഇ-ഹെൽത്ത് പദ്ധതിയിലുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ താമസംവരാതെ നടത്താനും രോഗവ്യാപനം തടയാനും ഇതുവഴി സാധിക്കും. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 9500 ടാബ്‌ലെറ്റ് കമ്പ്യൂട്ടർ ഉപയോഗിച്ച് ഓരോ കുടുംബത്തിന്റെയും ആവാസ വ്യവസ്ഥയുടെ അടിസ്ഥാന പശ്ചാത്തലം വിലയിരുത്തി തയ്യാറാക്കുന്ന രേഖകൾ അടിസ്ഥാനമാക്കി ഇ-ഹെൽത്ത് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിലൂടെ പകർച്ചവ്യാധി പൊട്ടിപ്പുറപ്പെടാനുള്ള സ്ഥലങ്ങൾ മുൻകൂട്ടി തിരിച്ചറിയാനും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും സാധിക്കുന്നതാണ്.

(ബി) ഉണ്ട്. ഇ-ഹെൽത്ത് സോഫ്റ്റ്‌വെയറിൽ ഡോക്ടർമാർക്കും നഴ്സ്, ഫാർമസിസ്റ്റ്, പാരാമെഡിക്കൽ വിഭാഗം ജീവനക്കാർ, ഹോസ്പിറ്റൽ അറ്റന്റർമാർ എന്നിവർക്ക് പ്രാഥമിക പരിശീലനം നൽകിയിട്ടുണ്ട്. പൈലറ്റ് ഘട്ടത്തിലുള്ള സോഫ്റ്റ്‌വെയറിന്റെ ചില പോരായ്മകൾ തരണംചെയ്യുന്നതിന് സോഫ്റ്റ്‌വെയറിൽ മതിയായ മാറ്റങ്ങൾ വരുത്തുകയും ബന്ധപ്പെട്ട എല്ലാവർക്കും തുടർപരിശീലനങ്ങളും നൽകിവരികയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ സാങ്കേതിക പരിശീലനം നേടിയ 6 പ്രോജക്ട് എഞ്ചിനീയർമാരെ കൈത്താങ്ങിനായി പേരൂർക്കട ഹോസ്പിറ്റലിൽ നിയോഗിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ പ്രവർത്തനം ഗണ്യമായി പുരോഗമിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള 13 ആശുപത്രികളിൽ പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കാൻ തീരുമാനിച്ച 12 ആശുപത്രികളിൽ ഹാർഡ്‌വെയർ, നെറ്റ്‌വർക്കിംഗ് സംവിധാനം എന്നിവ പൂർത്തിയാക്കി. സോഫ്റ്റ്‌വെയർ വിന്യസിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒ.പി. വിഭാഗത്തിൽ ലാബ്, ഫാർമസി എന്നിവിടങ്ങളിലും ഇ-ഹെൽത്ത് സേവനം ലഭ്യമാണ്.

വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി, ഫോർട്ട് താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമാണ്. വെള്ളനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിരുന്നുവെങ്കിലും ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ ജോലികൾ നടന്നുവരുന്ന സാഹചര്യത്തിൽ ഇത് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. ചിറയിൻകീഴ് താലൂക്ക് ആശുപത്രി, പബ്ലിക് ഹെൽത്ത് ലാബ് എന്നിവിടങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി പ്രാവർത്തികമാക്കുന്നതിന് എല്ലാ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.

9500 ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകൾ സംസ്ഥാനത്തൊട്ടാകെയായി ഇ-ഹെൽത്ത് പദ്ധതിക്ക് ഉപയുക്തമാക്കി 35.21 ലക്ഷത്തോളം വീടുകളിൽ താമസിക്കുന്ന 1 കോടി 32 ലക്ഷത്തോളം വ്യക്തികളെ രജിസ്റ്റർ ചെയ്യുകയും NCD, ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമുള്ള സേവനങ്ങൾ, പകർച്ചവ്യാധി അറിയിപ്പും നിയന്ത്രണവും (IDSP) തുടങ്ങിയ സേവനങ്ങൾ നൽകുന്നതിനുള്ള പരിശീലനം ഉടൻ ആരംഭിക്കുകയും ചെയ്യും.

ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ഇ-ഹെൽത്ത് ഭാഗമാകുന്നുണ്ട്. സംസ്ഥാനത്തെ 8 സർക്കാർ മെഡിക്കൽകോളേജുകളിലും ഒ.പി. ട്രാൻസ്പോർട്ടേഷൻ നടപ്പിലാക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 19 ഡിപ്പാർട്ടുമെന്റുകളിലും, എസ്.എ.റ്റി.യിലും, കോട്ടയം മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗത്തിലും ഇത് പ്രാവർത്തികമായി. മറ്റ് മെഡിക്കൽ കോളേജുകളിൽ ഈ സാമ്പത്തികവർഷംതന്നെ ഒ.പി. വിഭാഗം പൂർണ്ണമായും ഇ-ഹെൽത്ത് സോഫ്റ്റ്‌വെയർ മുഖേനയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ 79 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് നടപ്പിലാക്കാൻ സജ്ജമായിട്ടുണ്ട്. നെറ്റ്‌വർക്കിംഗ് പൂർത്തീകരിച്ച് കമ്പ്യൂട്ടറുകൾ സ്ഥാപിച്ചുവരുന്നു.

വയനാട്ടിലെ നൂൽപ്പുഴ, വർക്കലയിലെ ചെമ്മരുതി എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് നടപ്പിലാക്കിയിട്ടുണ്ട്. പൂഴനാട്, ആമച്ചൽ എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കുറ്റിച്ചൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും വ്യക്തികൾക്കുള്ള ആരോഗ്യ തിരിച്ചറിയൽ കാർഡുകളുടെ (UHID) വിതരണം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നെറ്റ്‌വർക്കിംഗ്, ഹാർഡ്‌വെയർ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ഡി) ആരോഗ്യ വിവരശേഖരണം പൂർത്തിയായിട്ടില്ല. ആദ്യഘട്ട നടപടിയായ രജിസ്ട്രേഷൻ ആരംഭിച്ചു. ടാബ്‍ലെറ്റ് കമ്പ്യൂട്ടർ ഉപയോഗിച്ച് NCD, ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമുള്ള സേവനങ്ങൾ, പകർച്ചവ്യാധി അറിയിപ്പും നിയന്ത്രണവും (IDSP) തുടങ്ങിയ സേവനങ്ങൾ ഉറപ്പാക്കുന്നതിന് പരിശീലനം സിദ്ധിച്ച ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ വിഭാഗം ജീവനക്കാർക്കാണ് ചുമതല നൽകിയിട്ടുള്ളത്.

(ഇ) ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ഇ-ഹെൽത്ത് ഭാഗമാകുന്നുണ്ട്. സംസ്ഥാനത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിൽ 79 കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം ഒരുക്കിക്കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിലെ 13 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇത് നടപ്പിലായിക്കഴിഞ്ഞു. ശേഷിക്കുന്ന കേന്ദ്രങ്ങളിലും മറ്റ് മെഡിക്കൽ കോളേജുകളിലും കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 8 സർക്കാർ മെഡിക്കൽ കോളേജുകളിലും ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 19 ഡിപ്പാർട്ട്മെന്റുകളിലും എസ്.എ.റ്റി.യിലും കോട്ടയം മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗത്തിലും ഇത് പ്രാവർത്തികമായി. മറ്റു കേന്ദ്രങ്ങളിൽ സർവ്വേ പൂർത്തീകരിച്ച് ഹാർഡ്‍വെയർ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**വി-കെയർ പദ്ധതി**

176(3961) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി കെയർ പദ്ധതി ആരംഭിച്ച വർഷം മുതൽ 2018 ഒക്ടോബർ 31 വരെ ലഭിച്ച ഫണ്ടിന്റെ ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ വി കെയർ പദ്ധതിയിലേക്ക് പണം സംഭാവനയായി നൽകുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഓരോ വർഷത്തെയും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വിവരങ്ങൾ നൽകുമോ;

(ഡി) വി കെയർ പദ്ധതി ആരംഭിച്ച വർഷം മുതൽ 2018 ഒക്ടോബർ 31 വരെ ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഇ) വി കെയറിൽ ഉൾപ്പെടുത്തി ഓരോ വർഷവും ആനുകൂല്യങ്ങൾ ലഭ്യമാക്കിയതിന്റെ വർഷംതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിച്ചവരുടെ പേരും വിലാസവും തുകയും എന്ത് ആവശ്യത്തിനുവേണ്ടി എന്നിവയുടെ വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിയിൽ ധനസഹായം അനുവദിക്കുന്നതിന് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുമതി പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പദ്ധതി ആരംഭിച്ച 2013 മുതൽ 2018 ഒക്ടോബർ 31 വരെ ലഭിച്ച ഫണ്ടിന്റെ ഓരോ സാമ്പത്തിക വർഷത്തെയും തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമായിട്ടുള്ള ഫണ്ടിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു. ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.*

| Financial Year | Fund collected from LSGD | Individual donations | Fund collected from Charity tree | Fund collected from Snehapoorvam Sahapadi | Total amount |
|---|---|---|---|---|---|
| 2012-13 | 12,45,13,100 | Nil | Nil | Nil | 12,45,13,100 |
| 2013-14 | 18,63,72,497 | 5,00,000 | Nil | Nil | 18,68,72,497 |
| 2014-15 | 12,59,34,952 | 2,75,000 | Nil | Nil | 12,62,09,952 |
| 2015-16 | 16,12,34,846 | 2,12,741 | 71,138 | 17,07,507 | 16,32,26,232 |
| 2016-17 | 23,93,91,951 | 3,01,000 | Nil | 2,14,533 | 23,99,07,484 |
| 2017-18 | 19,05,85,143 | 1,000 | Nil | Nil | 2017-18 |
| 2018-19 | 13,97,09,461 | 1,71,000 | Nil | Nil | 2018-19 |
| | | | Total Amount | | 1,17,11,95,869 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി&ഇ) വി-കെയർ പദ്ധതി ആരംഭിച്ച 2013 മുതൽ 2018 ഒക്ടോബർ 31 വരെ ചെലവഴിച്ച തുകയുടെ കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(എഫ്) വി-കെയർ പദ്ധതിവഴി ആനുകൂല്യങ്ങൾ അനുവദിച്ചവരുടെ പേരും വിലാസവും തുകയും എന്ത് ആവശ്യത്തിനുവേണ്ടി എന്നീ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

വി-കെയർ പദ്ധതിയിൽ ധനസഹായം അനുവദിക്കുന്നതിന് അനുമതി പത്രം 4-3-2014-ലെ (ജി.ഒ. (എം.എസ്) നമ്പര 21/2014/എസ്.ജെ.ഡി, തിരുവനന്തപുരം, പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സുകൃതം പദ്ധതി

177(3962) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സുകൃതം പദ്ധതി പ്രകാരം മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷന് 2018-19 വർഷത്തിൽ നാളിതുവരെ എത്ര തുക നൽകിയെന്ന് വിശദമാക്കുമോ?

ഉത്തരം

2018-19-ൽ നാളിതുവരെ 8 സ്ഥാപനങ്ങൾ നൽകിയ വിശദാംശങ്ങളനുസരിച്ച് ആകെ 75,23,48,343 രൂപ (എഴുപത്തിയഞ്ച് കോടി ഇരുപത്തി മൂന്ന് ലക്ഷത്തി നാൽപ്പത്തെട്ടായിരത്തി മുന്നൂറ്റി നാൽപ്പത്തി മൂന്ന് രൂപ) ചെലവാകുകയും ഇതിൽ 30 കോടി രൂപ കോർപ്പറേഷൻ ലിമിറ്റഡിന് മടക്കിനൽകുകയും ചെയ്തിട്ടുണ്ട്.

## കോതമംഗലം മണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖേനയുള്ള പദ്ധതികൾ

178(3963) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ, സാമൂഹ്യനീതി വകുപ്പ് മുഖേന കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടേയും പുരോഗതി വ്യക്തമാക്കാമോ;

(സി) പൂർത്തീകരിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) മണ്ഡലത്തിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിൽ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന കോതമംഗലം മണ്ഡലത്തിൽ വയോജനങ്ങൾക്ക് മെഡിക്കൽക്യാമ്പും മരുന്ന് വിതരണവും ട്രാൻസ്ജെൻഡർ ബോധവൽക്കരണ പരിപാടി, ഭിന്നശേഷിക്കാരന് സ്വയംതൊഴിൽ സഹായം, വയോമധുരം പദ്ധതി എന്നിവ നടപ്പിലാക്കി. സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വനിതാ ശിശുവികസന വകുപ്പ് മുഖേന കോതമംഗലം മണ്ഡലത്തിൽ MGNREGS ഫണ്ട് ഉപയോഗിച്ച് 7 അങ്കണവാടികൾക്കും NABARD, RIDF ഫണ്ട് ഉപയോഗിച്ച് 6 അങ്കണവാടികൾക്കും സ്റ്റേറ്റ് പ്ലാൻഫണ്ട് ഉപയോഗിച്ച് ഒരു അങ്കണവാടിക്കും 2 മോഡൽ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 50 അങ്കണവാടികളുടെ നവീകരണത്തിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ആർദ്രം പദ്ധതിയുടെ അടിസ്ഥാനത്തിൽ വികസനം നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ പട്ടികയിൽ കോതമംഗലം താലൂക്കാശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ "രോഗീ സൗഹൃദ ആശുപത്രി സംവിധാനം വികസിപ്പിക്കുക" എന്ന പദ്ധതിക്കായി സിവിൽ & ഇലക്ട്രിക്കൽ വർക്കുകൾക്ക് 1,90,00,000 രൂപയും സൈനേജ് & പി.എ. സിസ്റ്റം സ്ഥാപിക്കുന്നതിന് 5,00,000 രൂപയും രോഗികൾക്കായുള്ള ഇരിപ്പിട സൗകര്യം, എയർപോർട്ട് ചെയർ, വാട്ടർ പ്യൂരിഫയർ, ഓഫീസ് ഫർണിച്ചർ എന്നിവയ്ക്ക് 13,44,000 രൂപയും കണ്ടിജൻസി ചെലവുകൾക്ക് 10,00,000 രൂപയും ഉൾപ്പെടെ ആകെ 2,18,44,000 രൂപയുടെയും 2018-19 സാമ്പത്തിക വർഷത്തിൽ ഇതേ പദ്ധതിക്ക് 1,93,26,654 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി ആശുപത്രിയുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ദന്തൽ മെക്കാനിക്-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-3, ഇ.സി.ജി. ടെക്നീഷ്യൻ-1, മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ-1.

(ബി) 3-11-2018-ൽ കോതമംഗലം കലാ ആഡിറ്റോറിയത്തിൽവച്ച് വയോജനങ്ങൾക്കായി മെഡിക്കൽക്യാമ്പും മരുന്ന് വിതരണവും നടത്തി. മുന്നൂറോളം വയോജനങ്ങൾ ടി ക്യാമ്പിൽ പങ്കെടുത്തു. 27-11-2018-ൽ മാതിരപ്പിള്ളി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽവച്ച് വിദ്യാർത്ഥികൾക്കായി ട്രാൻസ്ജെൻഡർ വിഭാഗക്കാരെ സംബന്ധിച്ച് ഒരു ബോധവൽക്കരണ പരിപാടി, ഒരു ക്വിസ് മത്സരം, പെയിന്റിംഗ് മത്സരം എന്നിവ സംഘടിപ്പിച്ചു. പ്രളയ ദുരന്തംമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട, ഉന്തുവണ്ടിയിൽ പച്ചക്കറിക്കച്ചവടം നടത്തിയിരുന്ന ഭിന്നശേഷിക്കാരിയായ ശ്രീമതി രഞ്ജിനി എം.എം.-ന് സ്വയംതൊഴിൽ സഹായമായി 60,000 രൂപ അംഗീകരിച്ചു നൽകുന്നതിനായി ശിപാർശ ചെയ്തിട്ടുണ്ട്. വയോമധുരം പദ്ധതിപ്രകാരം ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്നതിനായി ലഭിച്ച 63 അപേക്ഷകർക്ക് ഉപകരണം അനുവദിച്ചിട്ടുണ്ട്. MGNREGS ഫണ്ടുപയോഗിച്ച് 4 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 3 എണ്ണത്തിന്റെ പണി ആരംഭിച്ചിട്ടില്ല. NABARD, RIDF ഫണ്ടുപയോഗിച്ച് 3 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയും 3 എണ്ണത്തിന്റെ നിർമ്മാണം ഉപേക്ഷിക്കുകയും ചെയ്തു. സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണം ആരംഭിച്ചിട്ടില്ല. 2 മോഡൽ അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. 8 അങ്കണവാടികളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. 42 എണ്ണത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. ഒ.പി ട്രാൻസ്ഫർമേഷനുവേണ്ടി ഹൗസിംഗ് ബോർഡ് വഴി ഡി.പി. ആർ സമർപ്പിച്ചിട്ടുണ്ട്. അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കോതമംഗലം താലൂക്കാശുപത്രി ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട സ്ഥാപനമായതിനാൽ ഘട്ടംഘട്ടമായാണ് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം, ബേബി ഫ്രണ്ട്ലി ടോയ്‌ലെറ്റ് എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സായംപ്രഭ ഹോമുകൾ, ഭിന്നശേഷിക്കാർക്ക് അസിസ്റ്റീവ് ഡിവൈസ് വിതരണം, ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് സ്വയംതൊഴിൽ പദ്ധതി എന്നിവയും പരിഗണിച്ചുവരുന്നു.

## ആയുഷ്മാൻ ഭാരത് പദ്ധതി

179(3964) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശിയ ആരോഗ്യസുരക്ഷ പദ്ധതിയായ ആയുഷ്മാൻ ഭാരതിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇതിനുള്ള ധാരണപത്രം ഒപ്പുവച്ചിട്ടുണ്ടോ; ഇതിൽ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണം അറിയിക്കാമോ;

(ബി) ആയുഷ്മാൻ ഭാരത് പദ്ധതിയുടെ നിലവിലുള്ള നിബന്ധനകൾ പാലിക്കുന്നതിൽ കേരളത്തിൽ പ്രത്യേകമായി എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേരളത്തിന് അധികചെലവ് ഉണ്ടാകുമോ എന്ന് വിശദമാക്കാമോ;

(ഡി) ഈ പദ്ധതിയിൽനിന്ന് പിന്മാറുന്ന പക്ഷം സമാന രീതിയിലുള്ള മറ്റേതെങ്കിലും ഇൻഷ്വറൻസ് പദ്ധതി നടപ്പിൽവരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയ ആരോഗ്യ സുരക്ഷാ പദ്ധതിയായ ആയുഷ്മാൻ ഭാരതിൽ കേരളം ഉൾപ്പെട്ടിട്ടുണ്ട്. ഇതിനുള്ള ധാരണാപത്രത്തിൽ കേരളം ഒപ്പുവച്ചിട്ടുണ്ട്. ഇതിന് കാലതാമസം ഉണ്ടായിട്ടില്ല.

(ബി) ആയുഷ്മാൻ ഭാരത് പദ്ധതിയുടെ നിലവിലുള്ള നിബന്ധനകൾ പാലിക്കുന്നതിന് കേരളത്തിന് പ്രായോഗികമായി ബുദ്ധിമുട്ടുകളില്ല. എന്നാൽ കേന്ദ്ര വിഹിതം എത്രത്തോളം എന്ന കാര്യത്തിലെ അവ്യക്തത തുടരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരുമായി ആശയവിനിമയം നടത്തിക്കൊണ്ടിരിക്കുന്നു.

(സി) ഈ പദ്ധതി നടപ്പിലാക്കുമ്പോൾ കേരളത്തിന് അധിക ചെലവുണ്ടാകും. കേന്ദ്ര സർക്കാർ നൽകുന്ന അനൗദ്യോഗിക വിവരങ്ങൾ പ്രകാരം അഞ്ച് ലക്ഷം രൂപയ്ക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന പരമാവധി ഇൻഷ്വറൻസ് ചെലവ് ഒരു കുടുംബത്തിന് 1,102 രൂപയും ആയതിന്റെ അറുപത് ശതമാനം 661.20 രൂപ മാത്രം നൽകണമെന്നാണ് അറിയിച്ചിരിക്കുന്നത്. നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന മുപ്പതിനായിരം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആർ.എസ്.ബി.വൈപദ്ധതിക്ക് ഒരു കുടുംബത്തിന് പ്രീമിയം തുക 738 രൂപയും അതിൽ കേന്ദ്ര വിഹിതം 406.80 രൂപയുമാണ് ലഭിക്കുന്നത്. ആയതിനാൽ മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ ഇൻഷ്വറൻസ് ചെലവ് 1,102 രൂപയിൽ കൂടുതൽ ഇൻഷ്വറൻസ് സേവന ദാതാക്കൾ തുക സമർപ്പിക്കുകയാണെങ്കിൽ അധികം വരുന്ന തുക മുഴുവൻ സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരുന്നതാണ്.

(ഡി) ബാധകമല്ല.

**മൃതസഞ്ജീവനി**

180(3965) <u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. സജി ചെറിയാൻ</u> :
<u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്തിഷ്ക മരണം സ്ഥിരീകരിക്കാൻ നിബന്ധനകൾ സർക്കാർ കർശനമാക്കിയതിനുശേഷം സംസ്ഥാനത്ത് അവയവദാനം ഗണ്യമായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവയവദാനത്തിന്റെ പേരിൽ നടക്കുന്ന ചൂഷണങ്ങൾ നിയന്ത്രിക്കുന്നതിനായി മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിൽ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയതിന്റെ ഫലമായി അവയവദാനം കുറഞ്ഞത് പരിഹരിക്കാൻ പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അവയവദാനത്തിനായി ആരംഭിച്ച മൃതസഞ്ജീവനി പദ്ധതിയിൽ നിരവധി രോഗികൾ, പ്രത്യേകിച്ചും വൃക്കരോഗികൾ രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നതിനാൽ അവർക്ക് അവയവങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രശസ്ത സിനിമാതാരം ശ്രീ. മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡറായി നിയമിച്ചിട്ടുണ്ട്. മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവ് ഉണ്ടായതിനെത്തുടർന്ന് മസ്തിഷ്ക മരണാനന്തര അവയവദാനത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിലുള്ള തെറ്റിദ്ധാരണകൾ മാറ്റുന്നതിനും അവയവദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി മൃതസഞ്ജീവനി വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശിൽപ്പശാലകളും സംഘടിപ്പിച്ചുവരുന്നു. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽവച്ച് അവയവദാന സമ്മതപത്രം വിതരണം നടത്തിവരികയും ചെയ്യുന്നുണ്ട്.

(സി) മസ്തിഷ്ക മരണാനന്തര അവയവദാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിനായി എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഒരു റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനും രണ്ട് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർമാരെ (Transplant Co-ordinators) നിയമിക്കുന്നതിനും 30-6-2018-ലെ സ.ഉ (സാധാ) നമ്പർ 2080/2018/ആകുവ. പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ സർക്കാർ മെഡിക്കൽ കോളേജുകളിൽ മസ്തിഷ്ക മരണ സ്ഥിരീകരണ പ്രക്രിയ ഏകോപിപ്പിക്കുന്നതിനുവേണ്ടി ട്രാൻസ്പ്ലാന്റ് പ്രൊക്യൂർമെന്റ് മാനേജർമാരെ (Transplant Procurement Manager) നിയമിക്കുന്നതിനും 3-11-2018-ലെ സ.ഉ. (സാധാ) നമ്പർ 3306/2018/ ആകുവ പ്രകാരം ഉത്തരവായിട്ടുണ്ട്.

**ആശ്വാസ കിരണം പദ്ധതി**

181(3966) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും കിടപ്പിലായ രോഗികളെയും പരിചരിക്കുന്നവർക്കുള്ള പ്രതിമാസ ധനസഹായം എത്ര രൂപയാണ്; വിശദാംശം നൽകുമോ;

(സി) ആശ്വാസ കിരണം പദ്ധതിക്കായി എന്ത് തുകയാണ് കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയതെന്നും; ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിയിൻ കീഴിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്ക് പഞ്ചായത്തുകളുടെ ധനസഹായം ലഭ്യമാകുന്നുണ്ടോ; എങ്കിൽ ആയതുസംബന്ധിച്ച വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്കുപുറമേ പ്രായാധിക്യം കൊണ്ടും കാൻസർ മുതലായ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലാകുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാകുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെ പരിചരിക്കുന്നവർക്കും 100 ശതമാനം അന്ധരായവർക്ക് പരസഹായം ആവശ്യമായതിനാൽ ടി വ്യക്തികളെ പരിചരിക്കുന്നവർക്കും ആശ്വാസ കിരണം പദ്ധതി മുഖേന 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു.

(സി) ആശ്വാസകിരണം പദ്ധതിക്കായി കഴിഞ്ഞ ബഡ്ജറ്റിൽ 42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ 29.38 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ആശ്വാസകിരണം പദ്ധതി ഗുണഭോക്താക്കൾക്ക് 2018 ജൂൺ വരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. 2017 മാർച്ച് മുതൽ 2018 മാർച്ച് വരെ ലഭിച്ചിട്ടുള്ള പുതിയ അപേക്ഷകൾ പരിശോധിച്ച് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചുവരുന്നു. ഉപധനാഭ്യർത്ഥനയിലൂടെ ടി പദ്ധതിക്കായി കൂടുതൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ ഗുണഭോക്താക്കൾക്കും തുടർന്നുള്ള ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഉണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 40,00,00,000 രൂപ (നാൽപ്പത് കോടി രൂപ മാത്രം) ലഭ്യമായിട്ടുണ്ട്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ആശ്വാസകിരണം പദ്ധതിക്കായി ആകെ 73,65,13,000 രൂപ (എഴുപത്തിമൂന്ന് കോടി അറുപത്തിയഞ്ച് ലക്ഷത്തി പതിമൂന്നായിരം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിനപുറമെ ചെലവഴിച്ചിട്ടുള്ള 33,65,13,000 (മുപ്പത്തിമൂന്ന് കോടി അറുപത്തിയഞ്ച് ലക്ഷത്തിപതിമൂന്നായിരം രൂപ മാത്രം) സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച ധനസഹായത്തിൽനിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

**മൃതസഞ്ജീവനി പദ്ധതി**

182(3967) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃതസഞ്ജീവനി പദ്ധതിവഴി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നടന്ന ശസ്ത്രക്രിയകളുടെ എണ്ണം വർഷംതിരിച്ച് ലഭ്യമാക്കുമോ;

(ബി) മരണാനന്തര അവയവദാനം കുറഞ്ഞുവരുന്ന പ്രവണത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പദ്ധതിയെത്തന്നെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) മരണാനന്തര അവയവദാനം കുറയുന്നതിന് ഇടയാക്കുന്ന തരത്തിലുള്ള എന്തെങ്കിലും പുതിയ നിർദ്ദേശങ്ങളോ തീരുമാനമോ കൈക്കൊണ്ടതിന്റെ ഭാഗമായിട്ടാണോ ഇത്തരത്തിൽ കുറവുണ്ടായിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൃതസഞ്ജീവനി പദ്ധതിവഴി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അവയവങ്ങൾ മാറ്റിവെച്ചവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

| Year | 2015 | 2016 | 2017 |
|---|---|---|---|
| (1) | (2) | (3) | (4) |
| Heart | 14 | 18 | 5 |
| Liver | 62 | 64 | 15 |
| Kidney | 132 | 113 | 34 |

| (1) | (2) | (3) | (4) |
|---|---|---|---|
| Larynx | 1 | 0 | 00 |
| Pancreas | 2 | 1 | 3 |
| Small intestine | 1 | 1 | 00 |
| Lungs | 2 | 0 | 1 |
| Hand | 4 | 2 | 2 |
| Total Major Organs | 218 | 199 | 60 |

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ മസ്തിഷ്ക മരണ സ്ഥിരീകരണ പ്രക്രിയയെ ചോദ്യം ചെയ്തുകൊണ്ട് ഡോ. എസ്. ഗണപതി ഹൈക്കോടതിയിൽ പൊതുതാൽപ്പര്യ ഹർജി ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ദൃശ്യ-നവ മാധ്യമങ്ങളിൽ വന്ന വാർത്തകൾ പൊതുസമൂഹത്തിൽ മസ്തിഷ്കമരണ സ്ഥിരീകരണത്തെക്കുറിച്ച് കൂടുതൽ ആശങ്ക ഉണ്ടാക്കിയിരുന്നു. ഇതിനെത്തുടർന്ന് ഹൈക്കോടതിയുടെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതാക്കുന്നതിനായി 1-2-2017-ലെ സ.ഉ (കൈ) നമ്പർ 16/2017/ആകുവ. പ്രകാരം കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. മസ്തിഷ്ക മരണ സ്ഥിരീകരണത്തിൽ അതീവ ജാഗ്രത പുലർത്തുന്നതിനും ഇക്കാര്യത്തിൽ ആശുപത്രികൾ മെഡിക്കൽ എത്തിക്സിൽ ഉയർന്ന നിലവാരം പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുണ്ടെന്നുമുള്ള ഹൈക്കോടതിയുടെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 3-4-2018-ലെ സ.ഉ (കൈ) നമ്പർ 53/2018/ആകുവ. പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുമുണ്ടായി. കർശന മാർഗ്ഗനിർദ്ദേശങ്ങൾ ഏർപ്പെടുത്തിയതിനെത്തുടർന്ന് മുൻ വർഷങ്ങളെ അപേക്ഷിച്ച് 2017, 2018 വർഷങ്ങളിൽ മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രശസ്ത സിനിമാതാരം ശ്രീ. മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ് വിൽ അംബാസിഡറായി നിയമിച്ചിട്ടുണ്ട്. മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവ് ഉണ്ടായതിനെത്തുടർന്ന് മസ്തിഷ്ക മരണാനന്തര

അവയവദാനത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിലുള്ള തെറ്റിദ്ധാരണകൾ മാറ്റുന്നതിനും അവയവദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി മൃതസഞ്ജീവനി വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശിൽപ്പശാലകളും സംഘടിപ്പിച്ചുവരുന്നു. അവയവദാനത്തിന് താൽപ്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽവച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തിവരികയും ചെയ്യുന്നുണ്ട്.

## കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സേവനങ്ങൾ

183(3968) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകവഴി കുടുംബത്തിന് ഒരു ഡോക്ടർ എന്ന ആശയം പ്രായോഗികമാക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയവയിൽ ഒ. പി. സമയത്തിൽ വന്ന മാറ്റത്തിന് അനുസൃതമായി പരിശോധനയും അനുബന്ധ സേവനങ്ങളും കാര്യക്ഷമമായി നടക്കാത്ത കേന്ദ്രങ്ങളിൽ എന്തെല്ലാം ഇടപെടലുകളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം കേന്ദ്രങ്ങളിൽ മതിയായ എണ്ണം ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ ലഭ്യമാക്കാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ഡി) മരുന്നുകളുടെ ലഭ്യത, ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ജീവനക്കാർ എന്നിവരുടെ സേവനം ലഭ്യമാക്കൽ, സംതൃപ്തമായ രോഗീപരിചരണം, മുതലായ കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും തൽസമയ പരിഹാരം കണ്ടെത്താനും വകുപ്പ്തലത്തിൽ ജില്ലാ/താലൂക്ക് അടിസ്ഥാനത്തിൽ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഒരു കുടുംബത്തിലെ എല്ലാപേർക്കും സമഗ്ര പ്രാഥമികാരോഗ്യ പരിചരണം ലഭ്യമാക്കാനാണ് കുടുംബാരോഗ്യ കേന്ദ്രങ്ങൾവഴി ലക്ഷ്യമിടുന്നത്.

ആരോഗ്യവർദ്ധക പ്രവർത്തനങ്ങൾ, രോഗ പ്രതിരോധം, പ്രാഥമിക ചികിത്സ, റീഹാബിലിറ്റേഷൻ, പാലിയേറ്റീവ് പരിചരണം തുടങ്ങിയവയെല്ലാം അടങ്ങുന്നതാണ് സമഗ്ര പ്രാഥമികാരോഗ്യ പരിചരണം. കേരളത്തിൽ ഇന്നിപ്പോൾ വലിയ ആരോഗ്യപ്രശ്നമായി മാറിയ പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ, മാനസികാരോഗ്യ പ്രശ്നം തുടങ്ങിയവയെ നേരിടാനുള്ള പ്രവർത്തനങ്ങൾ മാതൃശിശു ആരോഗ്യ പരിചരണത്തോടും പകർച്ചവ്യാധി നിയന്ത്രണത്തോടുമൊപ്പം കൂടുതൽ പ്രാധാന്യം നൽകുന്നു. ഇതിന്റെ ഭാഗമായി ജീവിതശൈലീ രോഗങ്ങൾക്കുള്ള എൻ.സി.ഡി. ക്ലിനിക്കുകൾ, ആസ്ത്മ/ ശ്വാസംമുട്ടലിനുള്ള 'ശ്വാസ്' ക്ലിനിക്കുകൾ മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ്'ക്ലിനിക്കുകൾ എന്നിവയും ആരംഭിച്ചുവരുന്നു. ഫീൽഡുതല ആരോഗ്യ പ്രവർത്തനങ്ങൾ ആശ, ആരോഗ്യസേന, അങ്കണവാടി പ്രവർത്തകർ, കുടുംബശ്രീ വാളണ്ടിയർ എന്നിവരടങ്ങുന്ന സന്നദ്ധ ആരോഗ്യ പ്രവർത്തകർ വഴിയും ഫലപ്രദമായ ഫീൽഡുതല പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.

(ബി) ആർദ്രം മിഷൻ നടപ്പിലാക്കുന്നതിനായി നോഡൽ ഓഫീസർമാരെയും അസിസ്റ്റന്റ് നോഡൽ ഓഫീസർമാരെയും തെരഞ്ഞെടുത്ത് നിയോഗിച്ചിട്ടുണ്ട്. അതത് മാസംതോറും ആശുപത്രികളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി പരിഹാര നടപടികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു. ജില്ലാ സംസ്ഥാനതല ഉദ്യോഗസ്ഥർ സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്ത 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്ന അടിസ്ഥാനത്തിൽ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഒ.പി. കൂടുതലുള്ള സ്ഥലങ്ങളിൽ 150 ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ഇതുകൂടാതെ ഗ്രാമപഞ്ചായത്തുകൾ വഴി ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും താൽക്കാലികമായി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുവഴിയും നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ജില്ലാ മെഡിക്കൽ ഓഫീസർതലത്തിൽ ജില്ലാതല അവലോകനം നടത്തി സ്ഥിതിഗതികൾ വിലയിരുത്തി അപര്യാപ്തകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി

184(3969) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബോരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത കുടുംബാരോഗ്യകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കിയോ; ഇതിനായി എത്ര തുക ചെലവഴിച്ചു;

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായ ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും നിയമിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 2017-18-ൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും 2018-19-ൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയായിവരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി 23 കോടി രൂപയാണ് എൻ.എച്ച്.എം.-ന് കൈമാറിയിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്തതിൽ 203 ആരോഗ്യ കേന്ദ്രങ്ങൾക്കായി 28.55 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിന് 5 കോടി രൂപ കെ.എം.എസ്.സി.എൽ-ന് നൽകിയിട്ടുണ്ട്. 2018-19-ൽ ലാബ് സൗകര്യത്തിനായി 7 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സി&ഡി) നിലവിലുള്ള ജീവനക്കാർക്കുപുറമെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒ.പി. കൂടുതലുള്ള 150 കേന്ദ്രങ്ങളിൽ ഓരോ ഫാർമസിസ്റ്റ് എന്നിവ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ തസ്തികകളിൽ നിയമനം നടത്തി വരികയാണ്. കൂടാതെ ആവശ്യമെങ്കിൽ ഒരു ഡോക്ടറെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആർദ്രം പദ്ധതിയുടെ ഭാഗമായി ഒപ്റ്റോമെട്രിസ്റ്റ് തസ്തിക

185(3970) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയുടെ ഭാഗമായി വിവിധ മെഡിക്കൽ കോളേജുകളിൽ അധിക ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആർദ്രം പദ്ധതി പ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളൊന്നുംതന്നെ ഇപ്പോൾ സ്വീകരിച്ചിട്ടില്ല. നിലവിൽ ആർദ്രം പദ്ധതിയിൽ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഒ. പി. നവീകരണം മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## അങ്കമാലി മണ്ഡലത്തിൽ ആർദ്രം പദ്ധതി

186(3971) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ, അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററിൽ എന്തെല്ലാം സജ്ജീകരണങ്ങളാണ് എർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്നും എന്നത്തേക്ക് കുടുംബാരോഗ്യകേന്ദ്രം എന്ന നിലയിൽ പ്രവർത്തിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) എറണാകുളം ജില്ലയിലെ അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവിടുത്തെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി ഒരു ഡോക്ടറേയും സ്റ്റാഫ് നഴ്സിനെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും ബഹുമാനപ്പെട്ട എം.പി. യുടെ ഫണ്ടുപയോഗിച്ച് ആംബുലൻസ് സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഭാഗമായി രജിസ്ട്രേഷൻ, ടോക്കൺ സിസ്റ്റം, കാത്തിരിപ്പുകേന്ദ്രം, ശുദ്ധജല സംവിധാനം, രോഗീസൗഹൃദ ടോയ്ലെറ്റുകൾ, കൺസൾട്ടേഷൻ റൂമുകൾ, ഫീഡിംഗ് റൂം, ഫാർമസി, ലബോറട്ടറി, കോൺഫറൻസ് ഹാൾ എന്നിവ ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നു.

## ചാലക്കുടി മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ആർദ്രം പദ്ധതി

187(3972) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ചാലക്കുടി മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഏതെല്ലാം തസ്തികകളും സൗകര്യങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത് വ്യക്തമാക്കാമോ;

(ബി) രാജ്യത്തെ മികച്ച താലൂക്ക് ആശുപത്രിയായി തെരഞ്ഞെടുക്കപ്പെട്ട ചാലക്കുടി താലൂക്ക് ആശുപത്രിയിൽ എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ പ്രളയത്തെ തുടർന്ന് ഡയാലിസിസ് യൂണിറ്റ്, ഒ.പി. ബ്ലോക്ക്, കാരുണ്യ ഫാർമസി, മോർച്ചറി തുടങ്ങിയ മിക്ക വിഭാഗങ്ങളിലും ഉണ്ടായിട്ടുള്ള വലിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ചാലക്കുടി മണ്ഡലത്തിൽ നിന്നും പരിയാരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ്ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചു നൽകുകയും ലാബ് സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വെയിറ്റിംഗ് റൂം, ഡ്രസ്-കം ഇൻജക്ഷൻ റൂം, ആശ്വാസ് ക്ലിനിക് എന്നീ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ചാലക്കുടി താലൂക്കാശുപത്രിയെയും തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കക്കാട്, കാതിക്കുടം, കൊടകര, വെറ്റിലപ്പാറ, മേലൂർ, നാലുകെട്ട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ചാലക്കുടി ആശുപത്രിയിൽ ദിനംപ്രതി 1200 മുതൽ 1500 രോഗികൾ എത്തുകയും 150-ഓളം രോഗികൾക്ക് കിടത്തി ചികിത്സ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റ്, മെഡിസിൻ വിഭാഗം, ഗൈനക്കോളജി വിഭാഗം, ഓർത്തോ പീഡിയാട്രിക്സ്, പീഡിയാട്രിക് സർജറി, അനസ്തേഷ്യ, ഇ.എൻ.റ്റി, ദന്തൽ സർജറി എന്നീ സ്പെഷ്യാലിറ്റി സർവ്വീസുകളും 24 മണിക്കൂർ പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്ക്, ഇ.സി.ജി., എന്നിവയും എക്സ്-റേ യൂണിറ്റ്, ക്യാൻസർ നിർണ്ണയ സെന്റർ, മാമോഗ്രാം, ഫിസിയോതെറാപ്പി യൂണിറ്റ് എന്നിവയും മെച്ചപ്പെട്ട ചികിത്സാ സേവനം ലഭ്യമാക്കുന്നതിനായി ഒരുക്കിയിട്ടുണ്ട്. ചാലക്കുടി താലൂക്ക് ആശുപത്രിക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് എന്ന നിലവാര സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. നിലവിലുള്ള സൗകര്യങ്ങളും സേവനങ്ങളും ഗുണമേന്മയുള്ള നിലവാരം പരിശോധിച്ച് അവ ഉറപ്പുവരുത്തുന്നതിലൂടെയാണ് ടി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത്. ടി സർട്ടിഫിക്കറ്റ് ലഭിക്കുന്നതുവഴി സേവന ദാതാക്കൾക്ക് ഗുണനിലവാരം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ടി ആശുപത്രിക്ക് ഒരു ബെഡിന് 10,000 രൂപാവച്ച് മൂന്ന് വർഷം കേന്ദ്രസഹായം ലഭിക്കുന്നതാണ്.

(സി) പ്രളയത്തിൽ തകർന്ന 10 ഡയാലിസിസ് യൂണിറ്റുകളിൽ 9 എണ്ണം പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ഒ.പി. ബ്ലോക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ എൻ.എച്ച്.എം. മുഖേന നിർമ്മിതി കേന്ദ്രം ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. മോർച്ചറിയിലെ കേടായ ഫ്രീസർ റിപ്പയർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ടി ആശുപത്രിയിലെ മോർച്ചറിയിലേക്ക് 3 ഫ്രീസറുകൾ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

**നെടുമങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതി**

188(3973) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി നെടുമങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ടി മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളെയാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി നെടുമങ്ങാട് മണ്ഡലത്തിൽനിന്നും നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ഒരു ശിശുരോഗ വിദഗ്ധന്റേയും ഒരു ജനറൽ

സർജന്റെയും സേവനം ഒരുക്കിയിട്ടുണ്ട്. തോന്നയ്ക്കൽ, കരകുളം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ഒ.പി. സമയം 6 മണിവരെ ദീർഘിപ്പിക്കുകയും ലാബ് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചു നൽകിയതിനുപുറമേ കരകുളം പഞ്ചായത്ത് മുഖേന ഒരു സ്റ്റാഫ് നഴ്സിനെയും ഒരു ക്ലീനിംഗ് സ്റ്റാഫിനെയും നിയമിച്ച് മെച്ചപ്പെട്ട സേവനം നൽകിവരുന്നു. ഒ.പി. ബ്ലോക്ക്. ഒ.പി. കൗണ്ടർ, ഒ.പി. രജിസ്ട്രേഷൻ, ഫ്രീ ചെക്കപ്പ്, വെയിറ്റിംഗ് ഏരിയ, നഴ്സിംഗ് സ്റ്റേഷൻ, ഡ്രസ്സിംഗ് റൂം മുതലായവ സജ്ജീകരിച്ചിട്ടുണ്ട്. പഴയ കെട്ടിടം പഞ്ചായത്തുമുഖേന അറ്റകുറ്റപ്പണി കഴിപ്പിക്കുകയും ലാബ്, ഫാർമസി സ്റ്റോർ എന്നിവ ആരംഭിക്കുകയും ശ്വാസ്, ആശ്വാസ് ക്ലിനിക്, ഇ-ഹെൽത്ത് എന്നിവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ വെമ്പായം, മാണിക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും ഇവിടങ്ങളിലെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയുമാണ്.

(ബി) ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ ജില്ലാ ആശുപത്രി നെടുമങ്ങാട്, തോന്നയ്ക്കൽ, കരകുളം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും രണ്ടാം ഘട്ടത്തിൽ വെമ്പായം, മാണിക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും തെരഞ്ഞെടുത്തിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിൽ ആർദ്രം പദ്ധതി

189(3974) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ഷൊർണ്ണൂർ മണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ളതും ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതുമായ പ്രവൃത്തികളുടെ വിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ

അടക്കാപുത്തൂർ, നെല്ലായ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി അടക്കാപുത്തൂരിന് 8,20,000 രൂപയും നെല്ലായ പി.എച്ച്.സി.-ക്ക് 16 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ എൻ.എച്ച്.എം. വഴി നടന്നുവരുന്നു.

2018-19 വർഷത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ ചളവറ സാമൂഹികാരോഗ്യ കേന്ദ്രം, വെള്ളിലേഴി പ്രാഥമികാരോഗ്യ കേന്ദ്രം തൃക്കടീരി പ്രാഥമികാരോഗ്യകേന്ദ്രം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി വെള്ളിനേഴി പി.എച്ച്.സി.-ക്ക് 14 ലക്ഷം രൂപയും തൃക്കടീരി പി.എച്ച്.സി.ക്ക് 14 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങളും തുടർനടപടികളും എൻ.എച്ച്.എം. എഞ്ചിനീയറിംഗ് വിഭാഗം വഴി നടന്നുവരുന്നു.

## ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ്-II തസ്തിക

190(3975) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ ജില്ലകളിലെ ആരോഗ്യ കേന്ദ്രങ്ങൾ തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിരുന്നു എന്നും അവ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങൾക്ക് വേണ്ടിയായിരുന്നു എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)

| | | |
|---|---|---|
| | **തിരുവനന്തപുരം** | |
| 1 | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട് | 1 |
| 2 | താലൂക്ക് ആശുപത്രി, വിതുര | 1 |
| | **കൊല്ലം** | ഇല്ല |

| | | |
|---|---|---|
| | **പത്തനംതിട്ട** | |
| 1 | താലൂക്ക് ആശുപത്രി, റാന്നി | 1 |
| 2 | കുടുംബാരോഗ്യ കേന്ദ്രം, കോട്ടാങ്ങൽ | 1 |
| 3 | പി.എച്ച്. ലാബ് | 1 |
| 4 | ജില്ലാ ആശുപത്രി, കോഴഞ്ചേരി | 1 |
| 5 | താലൂക്ക് ആശുപത്രി, മല്ലപ്പള്ളി | 1 |
| | **ആലപ്പുഴ** | |
| 1 | റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ | 1 |
| 2 | പ്രാഥമികാരോഗ്യ കേന്ദ്രം, പള്ളിപ്പുറം | 1 |
| 3 | പ്രാഥമികാരോഗ്യ കേന്ദ്രം, കഞ്ഞിക്കുഴി | 1 |
| 4 | പ്രാഥമികാരോഗ്യ കേന്ദ്രം, വെട്ടക്കൽ | 1 |
| 5 | സാമൂഹികാരോഗ്യ കേന്ദ്രം, അരുക്കുറ്റി | 1 |
| 6 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പുളിങ്കുന്ന് | 1 |
| | **കോട്ടയം** | |
| 1 | ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി | 1 |
| 2 | താലൂക്ക് ആശുപത്രി, കുറവിലങ്ങാട് | 1 |
| 3 | പ്രാഥമികാരോഗ്യ കേന്ദ്രം, മുണ്ടൻകുന്ന് | 1 |
| 4 | പ്രാഥമികാരോഗ്യ കേന്ദ്രം, മരങ്ങാട്ടുപള്ളി | 1 |
| | **ഇടുക്കി** | |
| 1 | ജില്ലാ ആശുപത്രി, ഇടുക്കി | 2 |
| 2 | താലൂക്ക് ആശുപത്രി, നെടുങ്കണ്ടം | 1 |

| | | |
|---|---|---|
| 3 | താലൂക്ക് ആശുപത്രി, അടിമാലി | 1 |
| 4 | കുടുംബാരോഗ്യ കേന്ദ്രം, മരിയാപുരം | 1 |
| 5 | പ്രാഥമികാരോഗ്യ കേന്ദ്രം, രാജകുമാരി | 1 |
| 6 | സാമൂഹികാരോഗ്യ കേന്ദ്രം, വണ്ടർമേട് | 1 |
| 7 | പ്രാഥമികാരോഗ്യ കേന്ദ്രം, കരുണാപുരം | 1 |
| | **എറണാകുളം** | |
| 1 | ജനറൽ ആശുപത്രി, മൂവാറ്റുപുഴ | 1 |
| 2 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, കോതമംഗലം | 1 |
| 3 | താലൂക്ക് ആശുപത്രി, ഞാറയ്ക്കൽ | 1 |
| 4 | പ്രാഥമികാരോഗ്യ കേന്ദ്രം, നായരമ്പലം | 1 |
| 5 | താലൂക്ക് ആശുപത്രി, പിറവം | 1 |
| | **തൃശ്ശൂർ** | |
| 1 | സാമൂഹികാരോഗ്യ കേന്ദ്രം, മറ്റത്തൂർ | 1 |
| 2 | വിയ്യൂർ ജയിൽ | 1 |
| 3 | താലൂക്ക് ആശുപത്രി, ചേലക്കര | 1 |
| 4 | പ്രാഥമികാരോഗ്യ കേന്ദ്രം, വിളവെട്ടം | 1 |
| 5 | പ്രാഥമികാരോഗ്യ കേന്ദ്രം, നെന്മാവുകര | 1 |
| 6 | പ്രാഥമികാരോഗ്യ കേന്ദ്രം, ദേശമംഗലം | 1 |
| 7 | പ്രാഥമികാരോഗ്യ കേന്ദ്രം, പുന്നായൂർ | 1 |
| 8 | പ്രാഥമികാരോഗ്യ കേന്ദ്രം, പൂളർ | 1 |

| | | |
|---|---|---|
| 9 | പ്രാഥമികാരോഗ്യ കേന്ദ്രം, കുലിമറ്റം | 1 |
| 10 | പ്രാഥമികാരോഗ്യ കേന്ദ്രം, തെക്കുംകര | 1 |
| 11 | പ്രാഥമികാരോഗ്യ കേന്ദ്രം, തളികുളം | 1 |
| 12 | പ്രാഥമികാരോഗ്യ കേന്ദ്രം, വെല്ലൂർ | 1 |
| | **പാലക്കാട്** | ഇല്ല |
| | **മലപ്പുറം** | |
| 1 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, മലപ്പുറം | 1 |
| 2 | ജില്ലാ ആശുപത്രി, തിരൂർ | 1 |
| 3 | പ്രാഥമികാരോഗ്യ കേന്ദ്രം, വെട്ടം | 1 |
| 4 | പ്രാഥമികാരോഗ്യ കേന്ദ്രം, പെരുമണ്ണക്ലാരി | 1 |
| 5 | കുടുംബാരോഗ്യ കേന്ദ്രം, പാങ്ങ് | 1 |
| 6 | കുടുംബാരോഗ്യ കേന്ദ്രം, എ.ആർ.നഗർ | 1 |
| 7 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, തിരൂരങ്ങാടി | 1 |
| 8 | പ്രാഥമികാരോഗ്യ കേന്ദ്രം, കോഡൂർ | 1 |
| | **കോഴിക്കോട്** | |
| 1 | പ്രാഥമികാരോഗ്യ കേന്ദ്രം, കോട്ടൂർ | 1 |
| 2 | പ്രാഥമികാരോഗ്യ കേന്ദ്രം, പുതുപ്പാടി | 1 |
| 3 | പ്രാഥമികാരോഗ്യ കേന്ദ്രം, ആയഞ്ചേരി | 1 |
| 4 | പ്രാഥമികാരോഗ്യ കേന്ദ്രം, വടകര | 1 |
| 5 | താലൂക്ക് ആശുപത്രി, ഫറോക്ക് | 1 |
| 6 | ഗവൺമെന്റ് ജനറൽ ആശുപത്രി, കോഴിക്കോട് | 1 |

| | | |
|---|---|---|
| 7 | താലൂക്ക് ആശുപത്രി, താമരശ്ശേരി | 1 |
| | **വയനാട്** | |
| 1 | ജില്ലാ ആശുപത്രി, വയനാട് | 4 |
| 2 | ജനറൽ ആശുപത്രി, കൽപ്പറ്റ | 1 |
| 3 | കുടുംബാരോഗ്യ കേന്ദ്രം, വേങ്ങപ്പള്ളി | 2 |
| 4 | കുടുംബാരോഗ്യ കേന്ദ്രം, നൂൽപ്പുഴ | 1 |
| 5 | പി.എച്ച്. ലാബ്, വയനാട് | 2 |
| 6 | കുടുംബാരോഗ്യ കേന്ദ്രം, വെള്ളമുണ്ട | 1 |
| 7 | സാമൂഹികാരോഗ്യ കേന്ദ്രം, പുൽപ്പള്ളി | 1 |
| 8 | സാമൂഹികാരോഗ്യ കേന്ദ്രം, അമ്പലവയൽ | 1 |
| 9 | സാമൂഹികാരോഗ്യ കേന്ദ്രം, പനമരം | 1 |
| | **കണ്ണൂർ** | |
| 1 | ജനറൽ ആശുപത്രി, തലശ്ശേരി | 1 |
| 2 | താലൂക്ക് ആശുപത്രി, ഇരിട്ടി | 2 |
| 3 | താലൂക്ക് ആശുപത്രി, കൂത്തുപറമ്പ് | 1 |
| 4 | താലൂക്ക് ആശുപത്രി, പേരാവൂർ | 1 |
| 5 | താലൂക്ക് ആശുപത്രി, പെരിങ്ങോം | 1 |
| 6 | പ്രാഥമികാരോഗ്യ കേന്ദ്രം, ചിറ്റാരിപ്പറമ്പ് | 1 |
| 7 | കുടുംബാരോഗ്യ കേന്ദ്രം, മലപ്പട്ടം | 1 |
| | **കാസർഗോഡ്** | |
| 1 | കുടുംബാരോഗ്യ കേന്ദ്രം, മുള്ളേരിയ | 1 |

| | | |
|---|---|---|
| 2 | കുടുംബാരോഗ്യ കേന്ദ്രം, മൊഗ്രാൻ പുത്തൂർ | 1 |
| 3 | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് | 4 |
| 4 | താലൂക്ക് ആശുപത്രി, നിലേശ്വരം | 1 |
| 5 | ജനറൽ ആശുപത്രി, കാസർഗോഡ് | 3 |
| 6 | സാമൂഹികാരോഗ്യ കേന്ദ്രം, മഞ്ചേരി | 1 |
| 7 | താലൂക്ക് ആശുപത്രി, പനത്തടി | 1 |
| 8 | ജില്ലാ ടി.ബി. സെന്റർ, കാസർഗോഡ് | 1 |
| 9 | താലൂക്ക് ആശുപത്രി, മംഗൽപ്പാടി | 2 |
| 10 | സാമൂഹികാരോഗ്യ കേന്ദ്രം, കുമ്പളം | 1 |
| 11 | താലൂക്ക് ആശുപത്രി, ബേഡഡുക്ക | 1 |

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 2017-18 കാലയളവിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ 170 (നൂറ്റി എഴുപത്) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ (ഓരോന്നിലും ഒന്നുവീതം) ആകെ 170 തസ്തികകളും (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു).* ചുവടെ ചേർക്കുന്ന ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, താലൂക്കാശുപത്രി എന്നിവിടങ്ങളിലായി 84 തസ്തികകളും ഉൾപ്പെടെ ആകെ 254 ലബോറട്ടറി ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | ജനറൽ ആശുപത്രി, തിരുവനന്തപുരം | 1 |
| 2 | ജില്ലാ ആശുത്രി, കൊല്ലം | 3 |
| 3 | ജനറൽ ആശുപത്രി, പത്തനംതിട്ട | 3 |
| 4 | ജനറൽ ആശുപത്രി, ആലപ്പുഴ | 1 |
| 5 | ജില്ലാ ആശുപത്രി, ഇടുക്കി | 2 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| 6 | ജനറൽ ആശുപത്രി, കോട്ടയം | 1 |
| 7 | ജനറൽ ആശുപത്രി, എറണാകുളം | 2 |
| 8 | ജനറൽ ആശുപത്രി, തൃശ്ശൂർ | 3 |
| 9 | ജില്ലാ ആശുപത്രി, പാലക്കാട് | 2 |
| 10 | ജനറൽ ആശുപത്രി, കോഴിക്കോട് | 2 |
| 11 | ജില്ലാ ആശുപത്രി, തിരൂർ | 4 |
| 12 | ജില്ലാ ആശുപത്രി, കണ്ണൂർ | 1 |
| 13 | ജില്ലാ ആശുപത്രി, മാനന്തവാടി | 4 |
| 14 | ജനറൽ ആശുപത്രി, കൽപ്പറ്റ | 4 |
| 15 | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് | 2 |
| 16 | ജനറൽ ആശുപത്രി, നെയ്യാറ്റിൻകര | 1 |
| 17 | താലൂക്കാശുപത്രി, വർക്കല | 2 |
| 18 | താലൂക്കാശുപത്രി, മലയിൻകീഴ് | 1 |
| 19 | താലൂക്കാശുപത്രി, കരുനാഗപ്പള്ളി | 1 |
| 20 | താലൂക്കാശുപത്രി, തിരുവല്ല | 1 |
| 21 | ജനറൽ ആശുപത്രി, അടൂർ | 1 |
| 22 | ജില്ലാ ആശുപത്രി, കോഴഞ്ചേരി | 1 |
| 23 | താലൂക്കാശുപത്രി, ചേർത്തല | 1 |
| 24 | താലൂക്കാശുപത്രി, ചെട്ടികാട് | 2 |
| 25 | താലൂക്കാശുപത്രി, കായംകുളം | 1 |
| 26 | താലൂക്കാശുപത്രി, പുളിങ്കുന്ന് | 1 |

| | | |
|---|---|---|
| 27 | താലൂക്കാശുപത്രി, വൈക്കം | 1 |
| 28 | താലൂക്കാശുപത്രി, കുറവിലങ്ങാട് | 2 |
| 29 | ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി | 1 |
| 30 | താലൂക്കാശുപത്രി, അടിമാലി | 2 |
| 31 | താലൂക്കാശുപത്രി, നെടുങ്കണ്ടം | 1 |
| 32 | താലൂക്കാശുപത്രി, പീരുമേട് | 2 |
| 33 | താലൂക്കാശുപത്രി,കരുവേലിപ്പടി | 1 |
| 34 | താലൂക്കാശുപത്രി, പിറവം | 1 |
| 35 | താലൂക്കാശുപത്രി, അങ്കമാലി | 1 |
| 36 | ജില്ലാ ആശുപത്രി, വടക്കാഞ്ചേരി | 1 |
| 37 | താലൂക്കാശുപത്രി, ചാലക്കുടി | 1 |
| 38 | താലൂക്കാശുപത്രി, ആലത്തൂർ | 1 |
| 39 | താലൂക്കാശുപത്രി, ചിറ്റൂർ | 1 |
| 40 | താലൂക്കാശുപത്രി, ഒറ്റപ്പാലം | 1 |
| 41 | താലൂക്കാശുപത്രി, കുറ്റിപ്പുറം | 1 |
| 42 | താലൂക്കാശുപത്രി, പൊന്നാനി | 2 |
| 43 | താലൂക്കാശുപത്രി, തിരൂരങ്ങാടി | 2 |
| 44 | താലൂക്കാശുപത്രി, കൊണ്ടോട്ടി | 1 |
| 45 | താലൂക്കാശുപത്രി, ഫറോക്ക് | 1 |
| 46 | താലൂക്കാശുപത്രി, താമരശ്ശേരി | 1 |
| 47 | താലൂക്കാശുപത്രി, സുൽത്താൻ ബത്തേരി | 1 |

| | | |
|---|---|---|
| 48 | താലൂക്കാശുപത്രി, കൂത്തുപറമ്പ് | 1 |
| 49 | താലൂക്കാശുപത്രി, തളിപ്പറമ്പ് | 1 |
| 50 | താലൂക്കാശുപത്രി, ഇരിട്ടി | 1 |
| 51 | താലൂക്കാശുപത്രി, പയ്യന്നൂർ | 1 |
| 52 | താലൂക്കാശുപത്രി, പേരാവൂർ | 1 |
| 53 | താലൂക്കാശുപത്രി, പഴയങ്ങാടി | 1 |
| 54 | താലൂക്കാശുപത്രി, നീലേശ്വരം | 1 |
| 55 | താലൂക്കാശുപത്രി, പനത്തടി | 1 |
| 56 | താലൂക്കാശുപത്രി, ബദിയഡുക്ക | 1 |
| 57 | താലൂക്കാശുപത്രി, മംഗൽപ്പാടി | 1 |

## പൾമനറി മെഡിസിൻ വിഭാഗത്തിലെ റിസർച്ച് പബ്ലിക്കേഷൻ

191(3976) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പൾമനറി മെഡിസിൻ വിഭാഗത്തിലെ റിസർച്ച് പബ്ലിക്കേഷനുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് 26-7-18-ന് ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കുള്ള 31-7-18-ലെ എസ് 2/295/2017 ആ.കു.വ നമ്പർ കത്തിലെ നിർദ്ദേശ പ്രകാരമുള്ള ആറംഗ കമ്മിറ്റിയുടെ യോഗം കൂടിയിട്ടുണ്ടോ;ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പൾമനറി മെഡിസിൻ വിഭാഗത്തിലെ റിസർച്ച് പബ്ലിക്കേഷനുമായി ബന്ധപ്പെട്ട പരാതികൾ

പരിഹരിക്കുന്നതിന് 26-7-2018-ന് ആരോഗ്യവകുപ്പ് അഡീഷണൽ സെക്രട്ടറി ബന്ധപ്പെട്ടവരുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 5-6-2018-ലെ ഡി.പി.സി. 1/23481/2017/മെ.വി.കാ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയിരുന്ന ആറംഗ കമ്മിറ്റിയുടെ റിപ്പോർട്ട് ഈ ഘട്ടത്തിൽ സർക്കാർ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. തുടർന്ന് ഡോ. റൊണാൾഡ് വിൻ.ബി യുടെ ആക്ഷേപങ്ങളും തെളിവെടുപ്പിനെത്തുടർന്നുള്ള കണ്ടെത്തലുകളും കണക്കിലെടുത്ത് ആറംഗ കമ്മിറ്റി ഒരിക്കൽക്കൂടി യോഗം ചേർന്ന് റിപ്പോർട്ട് സമർപ്പിക്കാനാവശ്യപ്പെട്ട് 31-7-2018-ൽ ആ.കു.വ.എസ് 2/295/2017 ആ.കു.വ. നമ്പർ കത്ത് നൽകുകയുണ്ടായി. ആക്ഷേപങ്ങളൊഴിവാക്കുന്നതിന് ആറംഗ കമ്മിറ്റിയുടെ റിപ്പോർട്ട് പക്ഷപാതപരമല്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്നും പ്രസ്തുത കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ അറിയിച്ചിരുന്നു. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആറംഗ കമ്മിറ്റി ഒരിക്കൽക്കൂടി യോഗം ചേർന്നിട്ടുണ്ട്. കൂടുതൽ പരിശോധനയ്ക്കായി വിഷയം ആറംഗ കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ അന്തിമ റിപ്പോർട്ട് തയ്യാറായിട്ടില്ല.

**സർക്കാർ മെഡിക്കൽ കോളേജുകളിലെ ചികിത്സാ സമയം**

192(3977) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഒ.പി. വിഭാഗം പ്രവർത്തന സമയം എത്ര മണി മുതൽ എത്ര മണി വരെ ആണെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യം വർദ്ധിപ്പിച്ചതുമൂലം കൂടുതൽ രോഗികൾ ചികിത്സയ്ക്കെത്തുന്നത് കൊണ്ട് പ്രസ്തുത ആശുപത്രികളിൽ വൈകുന്നേരവും ഒ.പി വിഭാഗം പ്രവർത്തിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ രാവിലെ 7.30 മുതൽ ഉച്ചയ്ക്ക് 1.00 മണിവരെ ഒ.പി. ടിക്കറ്റുകൾ വിതരണം ചെയ്യുന്നു. ആ രോഗികളുടെ പരിശോധന തീരുന്നതുവരെ ഒ.പി. ഉണ്ടായിരിക്കുന്നതാണ്.

(ബി) സർക്കാർ ആർദ്രം മിഷനിലൂടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റിയതോടൊപ്പം ഔട്ട് പേഷ്യന്റ് സംവിധാനം തിങ്കൾ മുതൽ ശനി വരെ രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെയും ഉച്ചയ്ക്ക് 1.30 മുതൽ വൈകിട്ട് 6 വരെയും ഞായറാഴ്ച രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെയുമായി ക്രമീകരിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചു തുടങ്ങുന്നതോടൊപ്പം ഘട്ടംഘട്ടമായി ഈ സമയക്രമം നടപ്പിൽ വരുത്തുന്നതാണ്.

(സി) ബാധകമല്ല

## തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗം

193(3978) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് മാസകാലത്തിനിടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ ചികിത്സ തേടിയെത്തിയ രോഗികളുടെ ശരാശരി എണ്ണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികൾക്ക് ആനുപാതികമായി ഡോക്ടർമാർ ഡ്യൂട്ടിക്കില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ മൂന്ന് മാസത്തിനിടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ ശരാശരി 850-ഓളം പേർ ചികിത്സ തേടിയെത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക്

194(3979) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ നിർമ്മാണത്തിലിരിക്കുന്ന പുതിയ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് എപ്പോഴത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്കായി എത്ര തുക, ഏത് സാമ്പത്തിക വർഷമാണ് വകയിരുത്തിയിരുന്നത്; വിശദമാക്കുമോ; ഭരണാനുമതി നല്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം എന്നായിരുന്നു;

(ഡി) പ്രസ്തുത ബ്ലോക്കിൽ എന്തെല്ലാം ചികിത്സാ സൗകര്യങ്ങളും സംവിധാനങ്ങളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതുതായി നിർമ്മിച്ച മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് പൂർത്തീകരിച്ച് 29-11-2018-ൽ പ്രവർത്തനം ആരംഭിച്ചു.

(ബി) പോളിട്രോമ, കാർഡിയോളജി, ജെറിയാട്രിക്സ്, മോഡേൺ മോർച്ചറി എന്നീ സൗകര്യങ്ങളോടുകൂടിയ മൾട്ടി സ്റ്റോറീഡ് ബിൽഡിംഗിന് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക (രൂപയിൽ) | ഭരണാനുമതി നൽകിയ ഉത്തരവ് നമ്പർ |
|---|---|---|
| 2011-12 | 5,25,00,000 | സ.ഉ (സാധാ)നമ്പർ 3918/2011/ ആ.കു.വ തീയതി 10-11-2011<br>സ.ഉ (സാധാ)നമ്പർ 790/2012/ ആ.കു.വ തീയതി 12-3-2012 |
| 2012-13 | 1,50,00,000 | സ.ഉ (സാധാ)നമ്പർ 1723/2012/ ആ.കു.വ. തീയതി 23-5-2012<br>സ.ഉ (സാധാ)നമ്പർ 1953/2012/ ആ.കു.വ. തീയതി 13-6-2012<br>സ.ഉ (സാധാ)നമ്പർ 3366/2012/ ആ.കു.വ. തീയതി 10-9-2012 |

| | | |
|---|---|---|
| 2013-14 | 4,00,00,000 | സ.ഉ (സാധാ)നമ്പർ 3215/2013/ ആ.കു.വ. തീയതി 13-9-2013<br>സ.ഉ (സാധാ)നമ്പർ 4083/2013/ ആ.കു.വ. തീയതി 9-12-2013 |
| 2014-15 | 3,00,00,000 | സ.ഉ (സാധാ)നമ്പർ 2191/2014/ ആ.കു.വ. തീയതി 30-6-2014<br>സ.ഉ (സാധാ)നമ്പർ 3465/2014/ ആ.കു.വ. തീയതി 24-10-2014 |
| 2015-16 | 7,85,00,000 | സ.ഉ (സാധാ)നമ്പർ 889/2016/ ആ.കു.വ. തീയതി 16-3-2016 |
| 2017-18 | 1,32,90,803 | സ.ഉ (സാധാ)നമ്പർ 704/2018/ ആ.കു.വ. തീയതി 1-3-2018 |
| **MDICU** | | |
| 2012-13 | 3,62,00,000 | സ.ഉ (സാധാ)നമ്പർ 4024/2011/ ആ.കു.വ. തീയതി 21-11-2011<br>സ.ഉ (സാധാ)നമ്പർ 2447/2012/ ആ.കു.വ. തീയതി 24-7-2012 |
| 2014-15 | 40,00,000 | പി1/32026/2011/മെ.വി.വ തീയതി 27-6-2014 |

ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പുകൾ ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) 1-12-2012

(ഡി) ഏഴ് നിലകളോടുകൂടിയ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ ബേസ്മെന്റിൽ (ജി2) പ്രധാനമായും പാർക്കിംഗ്, സബ്സ്റ്റേഷൻ, ജനറേറ്റർ റൂം, അഗ്നിശമന സംവിധാനം, പമ്പ്ഹൗസ്, ബി.എം.എസ്. ഡൈനിംഗ് റൂം, കൂട്ടിരിപ്പുകാർക്കുള്ള ശൗചാലയം എന്നിവ ക്രമീകരിച്ചിരിക്കുന്നു. ബേസ്മെന്റ് (ജി1)-ൽ 48 മൃതദേഹങ്ങൾ ഒരേ സമയം സൂക്ഷിക്കാൻ സാധിക്കുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ നവീന മോർച്ചറിയും മെഡിക്കോ ലീഗലിനും പഠനത്തിനും സഹായകരമായ സൗകര്യങ്ങളും ഒരുക്കിയിരിക്കുന്നു. ബേസ്മെന്റ് (ജി) യിൽ എൻ.പി.എച്ച്.സി.ഇ സഹായത്തോടുകൂടി വയോജന പരിപാലനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജമാക്കിയിരിക്കുന്നു. ഒന്നാം നിലയിൽ ന്യൂറോ സർജറി (18), ജനറൽ സർജറി (18) എന്നീ വിഭാഗങ്ങളുടെ 36 കിടക്കകളോടുകൂടിയ പോളിട്രോമാ ഇന്റൻസീവ് കെയർ യൂണിറ്റ് ക്രമീകരിച്ചിരിക്കുന്നു. രണ്ടാം നിലയിൽ അനസ്തേഷ്യാ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിഭാഗത്തിന്റെ കീഴിൽ 24 കിടക്കകളോടുകൂടിയ അത്യാധുനിക സൗകര്യങ്ങളുള്ള മൾട്ടി ഡിസിപ്ലിനറി ഇന്റൻസീവ് കെയർ യൂണിറ്റ് ഒരുക്കിയിരിക്കുന്നു. മൂന്നാം നിലയിൽ കാർഡിയോളജി വിഭാഗത്തിന് പുതിയ കാത്ത് ലാബിനുള്ള സൗകര്യവും 18 കിടക്കകളോടുകൂടിയ ഇന്റൻസീവ് കെയർ യൂണിറ്റും 10 കിടക്കകളോടുകൂടിയ സ്റ്റെപ്ഡൗൺ ഇന്റൻസീവ് കെയർ യൂണിറ്റും നാലാം നിലയിൽ കാർഡിയോ തൊറാസിക് സർജറി വിഭാഗത്തിന്റെ രണ്ട് ഓപ്പറേഷൻ തിയേറ്ററുകളും 18 കിടക്കകളോടുകൂടിയ ഇന്റൻസീവ് കെയർ യൂണിറ്റും സജ്ജമാക്കിയിരിക്കുന്നു. കൂടാതെ എല്ലാ നിലകളിലേയ്ക്കും ലിഫ്റ്റ് സൗകര്യവും മെഡിക്കൽ ഗ്യാസ് എത്തിക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

## റീജിയണൽ ക്യാൻസർ സെന്ററിന്റെ നവീകരണം

195(3980) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ നവീകരണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾക്കാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ നവീകരണത്തിനായി ചുവടെ ചേർക്കുന്നവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | അനുവദിച്ച തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | 2017-18 | 2018-19 |
| (1) | (2) | (3) | |
| 1 | പശ്ചാത്തല സൗകര്യം വിപുലീകരണം (പുതിയ നില കെട്ടിടത്തിന്റെ പണി പൂർത്തിയാക്കൽ) | 5329 | 2963 |
| 2 | ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 115 | 2035 |

| (1) | (2) | (3) | |
|---|---|---|---|
| 3 | സ്ത്രീകളിലെ ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | - | 2000 |
| 4 | പരിശീലന ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 100 | 262 |
| 5 | ആർ.സി.സി.യെ സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുന്ന പദ്ധതി | 1056 | - |
| | ആകെ | 6600 | 7260 |

ആർ.സി.സി.യെ സംസ്ഥാന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിന് 104.35 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ 60 ശതമാനം കേന്ദ്ര സർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരുമാണ് നൽകുന്നത്. 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ 46.9570 കോടി രൂപയും സംസ്ഥാന സർക്കാർ 31.31 കോടി രൂപയും ആദ്യ ഗഡുവായി അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) ആർ.സി.സി.-യിലെ നവീകരണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>പശ്ചാത്തല വിപുലീകരണം (പുതിയ 14 നില കെട്ടിടം പണി കഴിപ്പിക്കുന്നതിനുള്ള പദ്ധതി)</u>

സ്ഥല പരിമിതിമൂലം ബുദ്ധിമുട്ടുന്ന സ്ഥാപനത്തിന് രോഗികളുടെ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങളും മറ്റും സ്ഥാപിക്കുന്നതിനുമായി 187.22 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന 14 നില കെട്ടിടം പുതുതായി പണി കഴിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രാരംഭ നടപടികൾ പൂർത്തീകരിക്കുകയും കെട്ടിടനിർമ്മാണം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

2. <u>ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ</u> ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതിയിൽ 2017-18

സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 1.15 കോടി രൂപ ഉപയോഗിച്ച് ക്യാമ്പസ് ഏരിയ നെറ്റ് വർക്ക് നവീകരിക്കുന്നതിനുള്ള പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. 2018-19 വർഷം ഉൾപ്പെടുത്തിയിട്ടുള്ള തുക ഉപയോഗിച്ച് ഹൈപ്പർ കൺവെർജ്ഡ് ഇൻഫ്രാസ്ട്രക്ചർ (വിർച്ചലൈസേഷൻ ഉൾപ്പെടെ) ഡാറ്റാബേസ് അപ്ലയൻസ് ഹാർഡ്‌വെയർ എന്നിവ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

3. സ്ത്രീകളിലെ ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ

സ്ത്രീകളിലെ ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതിയിൽ ലീനിയർ ആക്സലേറ്റർ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

4. പരിശീലന ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ലൈബ്രറിക്കുവേണ്ടി പുസ്തകങ്ങൾ, ജേർണലുകൾ, ആനുകാലികങ്ങൾ എന്നിവ വാങ്ങുന്നതിന് 1 കോടി രൂപ 2017-18 സാമ്പത്തിക വർഷം അനുവദിക്കുകയും തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം ഗവേഷണ പരിശീലന പരിപാടികൾക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതിയിലെ ലൈബ്രറി വിഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഗവേഷണ വിഭാഗവുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

## ഡയാലിസിസ് യൂണിറ്റുകൾ

196(3981) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി ഹെൽത്ത് സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെവിടെയെങ്കിലും പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഏതെല്ലാം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലാണ് ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡയാലിസിസ് സെന്ററുകളുടെ നടത്തിപ്പ് രീതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) " നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം" പദ്ധതിയിലൂടെ പ്രാഥമികാരോഗ്യ ചികിത്സാ രംഗത്തെ അടിസ്ഥാന കേന്ദ്രങ്ങളായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആരോഗ്യ ഗുണനിലവാര സംരക്ഷണം ഉറപ്പാക്കാൻ ഈ ദൗത്യം ലക്ഷ്യമിടുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുകവഴി ഒരു കുടുംബത്തിലെ മുഴുവൻ അംഗങ്ങളുടെയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റാനും രോഗപ്രതിരോധ പുനരധിവാസ പ്രവർത്തനങ്ങളിൽ ഇടപെടാനും ഈ പദ്ധതിവഴി കഴിയുന്നതാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായ കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ സൈനേജുകൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, ലാബ് സൗകര്യങ്ങൾ തുടങ്ങിവ ലഭ്യമാക്കിവരുന്നു. പ്രത്യേക ചികിത്സാ മാർഗ്ഗരേഖ വഴി ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കി വരുന്നു. ആസ്തമ, ശ്വാസകോശ രോഗങ്ങൾക്കുള്ള "ശ്വാസ് ക്ലിനിക് " ഡിപ്രഷനും മാനസിക ആരോഗ്യ പരിചരണത്തിനുള്ള "ആശ്വാസ് ക്ലിനിക് " എന്നിവയും സബ് സെന്റർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഫീൽഡ് പ്രദേശങ്ങളിലേയ്ക്കുള്ള വിവിധ സ്ഥാപനങ്ങളിൽ ഔട്ട് റീച്ച് പ്രോഗ്രാമുകളും കൂടുതലായി നടത്തിവരുന്നുണ്ട്. 2017-18-ൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും 2018-19-ൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 23 കോടി രൂപ എൻ.എച്ച്.എം.-ന് കൈമാറുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 203 ആരോഗ്യ കേന്ദ്രങ്ങൾക്കായി 28.55 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിന് 5 കോടി രൂപ കെ.എസ്.സി.എൽ-ന് നൽകിയിട്ടുണ്ട്. 2018-19 ലാബ് സൗകര്യത്തിനായി 7 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലേയ്ക്ക് 170 ഡോക്ടർ, 340 സ്റ്റാഫ് നഴ്സ്, 170 ലാബ് ടെക്നീഷ്യൻ, 150 ഫാർമസിസ്റ്റ് എന്നീ തസ്തികകളും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ഈരാറ്റുപേട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 3 ഡയാലിസിസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) ചാലുശ്ശേരി, കൊണ്ടോട്ടി, ചുങ്കത്തറ എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ യഥാക്രമം 4, 16, 9 ഡയാലിസിസ് മെഷീനുകളുടെ സഹായത്തോടെ രോഗികൾക്ക് ഡയാലിസിസ് സേവനം നൽകിവരുന്നു.

(ഡി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ വിവിധ സൊസൈറ്റികൾ വഴിയും പൊതുജന പങ്കാളിത്തം വഴിയുമാണ് ഡയാലിസിസ് യൂണിറ്റ് നടത്തിപ്പിനുള്ള ഫണ്ട് കണ്ടെത്തി വരുന്നത്. ഇവിടെ ദിവസവേതനാടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിച്ചിരിക്കുന്നത്.

## കീമോതെറാപ്പി ചെയ്യുന്നതിനുള്ള സൗകര്യം

197(3982) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിലാണ് കീമോതെറാപ്പി ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ബി) ഇതിനായി പ്രസ്തുത ആശുപത്രികളിൽ ക്യാൻസർ രോഗ ചികിത്സ നടത്തുന്നതിനുവേണ്ടി വിദഗ്ധ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ വർദ്ധിച്ച നിരക്കിൽ ക്യാൻസർ ബാധിതരുള്ള സാഹചര്യത്തിൽ ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി ഇവിടുത്തെ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ പുതിയ ക്യാൻസർ നയപ്രകാരം സർക്കാർ മേഖലയിലുള്ള ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള കേന്ദ്രങ്ങളെ ശാക്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാന ആരോഗ്യവകുപ്പ് ലക്ഷ്യമാക്കിവരുന്ന ജില്ലാ ക്യാൻസർ കെയർ പദ്ധതി പ്രകാരം ജില്ലയിലുള്ള പ്രധാന ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്ന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഇരുപത് ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരോഗ്യവകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്നു. ചികിത്സാ കേന്ദ്രങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1. ജില്ലാ ആശുപത്രി, നെടുമങ്ങാട്, തിരുവനന്തപുരം ജില്ല
2. ജില്ലാ ആശുപത്രി, കൊല്ലം ജില്ല
3. താലൂക്കാശുപത്രി, പുനലൂർ, കൊല്ലം ജില്ല
4. ജനറൽ ആശുപത്രി, പത്തനംതിട്ട
5. ജില്ലാ ആശുപത്രി, മാവേലിക്കര, ആലപ്പുഴ ജില്ല
6. ജനറൽ ആശുപത്രി, ആലപ്പുഴ
7. ജനറൽ ആശുപത്രി, കോട്ടയം
8. ജില്ലാ ആശുപത്രി, തൊടുപുഴ, ഇടുക്കി ജില്ല
9. ജനറൽ ആശുപത്രി, എറണാകുളം
10. താലൂക്ക് ആസ്ഥാന ആശുപത്രി, നോർത്ത് പറവൂർ, എറണാകുളം ജില്ല
11. ജനറൽ ആശുപത്രി, തൃശ്ശൂർ
12. ജില്ലാ ആശുപത്രി, വടക്കാഞ്ചേരി, തൃശ്ശൂർ ജില്ല
13. ജില്ലാ ആശുപത്രി, പാലക്കാട്
14. താലൂക്കാശുപത്രി, ഒറ്റപ്പാലം, പാലക്കാട് ജില്ല
15. ജില്ലാ ആശുപത്രി, മഞ്ചേരി, മലപ്പുറം ജില്ല
16. ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ, മലപ്പുറം ജില്ല
17. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, നല്ലൂർനാട്, വയനാട് ജില്ല
18. ജില്ലാ ആശുപത്രി, കണ്ണൂർ
19. ജില്ലാ ആശുപത്രി, തലശ്ശേരി, കണ്ണൂർ ജില്ല
20. ജനറൽ ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് ജില്ല.

(ബി&സി) സംസ്ഥാനത്ത് ഓങ്കോളജിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് ആർ.സി.സി.-കളിൽ വിദഗ്ദ്ധ പരിശീലനം നൽകിയാണ് കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സ സംസ്ഥാന ആരോഗ്യവകുപ്പിനുകീഴിൽ നടപ്പിലാക്കിവരുന്നത്. ഇതിനുപുറമെ ക്യാൻസർ വിദഗ്ദ്ധരുടെ തസ്തികകൾ ജില്ലാ കേന്ദ്രങ്ങളിൽ സൃഷ്ടിക്കുകയും ക്യാൻസർ സ്പെഷ്യലിസ്റ്റുകളെ ആശുപത്രികളിൽ നിയമിക്കുകയും ചെയ്യുന്നു.

## ഒ.പി. സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി

198(3983) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ. പി. സംവിധാനം മെച്ചപ്പെടുത്തുന്നതിന് പ്രഖ്യാപിച്ച പദ്ധതിയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയെ പരിഗണിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിലെ എത്ര ജനറൽ - ജില്ലാ ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നത്; ഒരു ആശുപത്രിക്ക് എത്ര കോടി രൂപയാണ് അനുവദിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ജനറൽ ആശുപത്രികളിൽ എന്തൊക്കെ സംവിധാനങ്ങളാണ് രോഗികൾക്കായി ഒരുക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് (ഭരണാനുമതി) നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് നൽകാൻ കഴിയുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത ആശുപത്രിയിൽ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുന്നതിന് കൂടുതൽ രജിസ്ട്രേഷൻ കൗണ്ടറുകൾ, കാത്തിരിപ്പ് സ്ഥലം, കുടിവെള്ളം, ടോയ്‌ലെറ്റ്, സ്വകാര്യതയുള്ള പരിശോധനാമുറികൾ, കമ്പ്യൂട്ടറൈസ്ഡ് ആരോഗ്യ ബോധവൽക്കരണ സംവിധാനം തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഫുള്ളി ആട്ടോ ബയോകെമിക്കൽ അനലൈസർ മെഷീൻ**

199(3984) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലശ്ശേരി കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഫുള്ളി ആട്ടോ ബയോകെമിക്കൽ അനലൈസർ മെഷീൻ സ്ഥാപിച്ചതുവഴിയുണ്ടാകുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത മെഷീന്റെ പ്രവർത്തനത്തിന് ആവശ്യത്തിന് ജീവനക്കാരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒഴിഞ്ഞുകിടക്കുന്ന ലാബ് ടെക്നീഷൻ തസ്തിക നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഫുള്ളി ആട്ടോ ബയോകെമിക്കൽ അനലൈസർ മെഷീൻ സ്ഥാപിച്ചതുവഴി സെമി ആട്ടോ അനലൈസർ ഉപയോഗിച്ച് ബ്ലഡ് ഷുഗർ, സെറം കൊളസ്ട്രോൾ എന്നീ ടെസ്റ്റുകൾ മാത്രം ചെയ്തുകൊണ്ടിരുന്ന സ്ഥാനത്ത് ബ്ലഡ് ഷുഗർ, ലിവർ ഫങ്ഷൻ ടെസ്റ്റ്, റീനൽ ഫങ്ഷൻ ടെസ്റ്റ്, ലിപ്ഡ് പ്രൊഫൈൽ, സെറം യൂറിക് ആസിഡ് എന്നീ ടെസ്റ്റുകൾ വളരെ ചുരുങ്ങിയ നിരക്കിൽ ജനങ്ങൾക്ക് ചെയ്തുകൊടുക്കാൻ സാധിക്കുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ ചെയ്യുന്നതുകൊണ്ട് ലഭിക്കുന്ന റിസൾട്ട് ഗുണ മേന്മയേറിയതാണ്. ഒരേ സമയം 50 ബ്ലഡ് സാമ്പിൾ ചെയ്യുവാൻ പറ്റുന്നതുകൊണ്ട് കൂടുതൽ പേരുടെ ബ്ലഡ് ടെസ്റ്റ് ചെയ്ത് റിസൾട്ട് പെട്ടെന്ന് കൊടുക്കുവാൻ സാധിക്കുന്നു. ഈ മെഷീൻ സ്ഥാപിച്ചതിനുശേഷം ടെസ്റ്റിനായി വരുന്നവരുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി&സി) ഈ ആശുപത്രിയിൽ ലാബ് ടെക്നീഷ്യന്റെ രണ്ട് തസ്തികകളാണുള്ളത്. ഇതിൽ ഒരു ജീവനക്കാരന്റെ സ്ഥലംമാറ്റത്തെത്തുടർന്ന് ഒരു ഒഴിവ് നിലനിൽക്കുന്നുണ്ട്. ടി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## റാന്നി താലൂക്കാശുപത്രി

200(3985) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റാന്നി താലൂക്ക് ആശുപത്രിയിൽ പുതിയ ഒ.പി. ബ്ലോക്ക് നിർമ്മിക്കാൻ എത്ര രൂപയാണ് സർക്കാർ ചെലവഴിച്ചത്; എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ വിഭാവനം ചെയ്തിട്ടുള്ളതെന്നും എന്തൊക്കെ നിർമാണങ്ങളാണ് പൂർത്തിയായതെന്നും എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തിയാക്കാനുള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

2009-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 1046/09/പി.ഡബ്ല്യ.ഡി. എന്ന ഉത്തരവ് പ്രകാരം മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 485 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് റാന്നി താലൂക്കാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത നാലുനില കെട്ടിടത്തിനായി അനുവദിച്ച തുകയിൽ നിന്നും 30 ശതമാനം കൂടുതൽ തുകയും ചേർത്ത് 4,91,86,199 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഗ്രൗണ്ട് ഫ്ലോറിൽ കാഷ്വാലിറ്റി വിഭാഗം, ഒന്നാംനിലയിൽ ലബോറട്ടറി, ഡയാലിസിസ് യൂണിറ്റ്, രണ്ടാംനിലയിൽ ഓപ്പറേഷൻ തിയേറ്റർ ഐ.സി.യു., മൂന്നാംനിലയിൽ ഡീ അഡിക്ഷൻ സെന്റർ, ഫിസിയോതെറാപ്പി യൂണിറ്റ് എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്. അതിൽ കാഷ്വാലിറ്റി ലബോറട്ടറി, ഡീ അഡിക്ഷൻ സെന്റർ, ഫിസിയോതെറാപ്പി യൂണിറ്റ് എന്നിവ പ്രവർത്തനസജ്ജമാണ്. ഡയാലിസിസ് യൂണിറ്റ് പ്രവർത്തനസജ്ജമായിവരുന്നു. ഓപ്പറേഷൻ തിയേറ്റർ, ഐ.സി.യു, എന്നിവയുൾപ്പെടെ നവീകരിച്ച് കെട്ടിടം പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിവരുന്നു.

## വൈക്കം താലൂക്കാശുപത്രിയുടെ വികസനം

201(3986) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കാശുപത്രിവളപ്പിൽ നിർമ്മിക്കുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ഏതെല്ലാം വിഭാഗങ്ങളിലുള്ള വിദഗ്ധ ചികിത്സയായിരിക്കും ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ;

(സി) വൈക്കം താലൂക്കാശുപത്രിയിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികളിലെ സ്തംഭനാവസ്ഥ പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അമ്മയ്ക്കും കുട്ടിക്കുമുള്ള ചികിത്സകൾ, ആന്റിനേറ്റൽ ക്ലിനിക്, പ്രസവവും പ്രസവാനന്തര ചികിത്സയും അത്യാവശ്യഘട്ടങ്ങളിൽ പ്രസവ സംബന്ധമായതും സ്ത്രീരോഗ സംബന്ധവുമായ ശസ്ത്രക്രിയകൾ, കുട്ടികൾക്കായുള്ള എസ്.എൻ.സി.യു. എന്നീ സൗകര്യങ്ങൾ ലഭ്യമാണ്.

(ബി) പ്രവർത്തനക്ഷമമാക്കുന്ന മുറയ്ക്ക് മാത്രമെ എണ്ണം വ്യക്തമാകുകയുള്ളൂ.

(സി) ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിന് 1,32,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) 2016-17 സാമ്പത്തിക വർഷത്തെ മേജർ കൺസ്ട്രക്ഷൻ ഡി.എച്ച്.എസ്. എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 85 ലക്ഷം രൂപ പ്രസ്തുത പ്രവർത്തനത്തിനായി അനുവദിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു.

## റാന്നി താലൂക്കാശുപത്രിയിൽ പുതിയ ഒ.പി. ബ്ലോക്ക്

202(3987) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിയിൽ പുതിയ ഒ. പി. ബ്ലോക്ക് നിർമ്മിക്കുന്നതിന് 2016-2017-ലെ ബഡ്ജറ്റിൽ എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളത്; ഇത് പ്രകാരം എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് ഭരണാനുമതിക്കായി ആരോഗ്യ വകുപ്പിന് സമർപ്പിച്ചിട്ടുള്ളത്;

(ബി) ഇതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 38,59,000 രൂപയാണ് നീക്കിവച്ചിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പ് 132.39 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്.

(ബി) ഇല്ല.

**മണലൂർ മണ്ഡലത്തിലെ ഫാമിലി വെൽഫെയർ സെന്ററുകൾ**

203(3988) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഫാമിലി വെൽഫെയർ സെന്ററുകളാക്കി ഉയർത്തിയ എളവള്ളി, തൈക്കാട് പി.എച്ച്.സി. കൾക്ക് പുതിയതായി എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അടിസ്ഥാനസൗകര്യ വികസനത്തിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് എടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ എളവള്ളി, തൈക്കാട് എന്നീ പി.എച്ച്.സി-.കളെ എഫ്.എച്ച്.സി.-യായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും ഇവിടെ അധിക തസ്തിക സൃഷ്ടിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ചുവരികയുമാണ്. ഇപ്രകാരം തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ ക്രമീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) എളവള്ളി പി.എച്ച്.സി.-യിൽ ഓഫീസ് അറ്റൻഡർ, പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവയിൽ ഓരോ ഒഴിവും തൈക്കാട് പി.എച്ച്. സെന്ററിൽ പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഒരൊഴിവും നിലവിലുണ്ട്. ഇതിൽ എളവള്ളി പി.എച്ച്.സി.-യിലെ ഓഫീസ് അറ്റൻഡർ ഒഴിവ് ആശ്രിത നിയമനം മുഖേന നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ച് വരുന്നു.

## കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി

204(3989) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി കോമ്പൗണ്ടിൽ ആരോഗ്യ പ്രവർത്തകർക്കായുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഒന്നാംഘട്ട നിർമ്മാണം പൂർത്തിയാക്കിയ സാഹചര്യത്തിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും രണ്ടാംഘട്ട നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി കോമ്പൗണ്ടിൽ ആരോഗ്യ പ്രവർത്തകർക്കായുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. രണ്ടാംഘട്ടത്തിൽ സെക്കന്റ് ഫ്ലോർ, ടെറസ് ഫ്ലോർ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ആരംഭിച്ചിട്ടുണ്ട്.

## കൊല്ലം ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിലെ എ.സി.ആർ. ലാബ്

205(3990) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിൽ നിർമ്മാണം പൂർത്തിയായ എ.സി.ആർ. ലാബിന്റെ പ്രവർത്തനം ആരംഭിക്കുവാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ബി) ഒരു കോടിയിൽ അധികം രൂപ വിലവരുന്ന രക്ത നിർണ്ണയ ഉപകരണങ്ങൾ ലാബിനകത്ത് പൂട്ടിയിട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ലാബിന്റെ പ്രവർത്തനം എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കൊല്ലം വിക്ടോറിയ ആശുപത്രിയിലെ എ.സി.ആർ. ലാബിൽ അന്തർദ്ദേശീയ നിലവാരമുള്ള ഉപകരണങ്ങളാണ് സ്ഥാപിച്ചിരിക്കുന്നത്. ഇവ പ്രവർത്തിപ്പിക്കാൻ പരിചയസമ്പന്നരായ ട്രെയിനികളെയും ടെക്നീഷ്യൻ ട്രെയിനികളെയുമാണ് ആവശ്യമുള്ളത്. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും BSc. MLT, DMLT എന്നീ യോഗ്യതകളുള്ളവരെയാണ് തസ്തികകളിൽ നിയമിക്കുന്നത്. അത്തരത്തിൽ ലഭ്യമായ ടെക്നീഷ്യന്മാർക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ എ.സി.ആർ. ലാബിൽ പരിശീലനം നൽകിക്കൊണ്ടിരിക്കുകയാണ്. സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങൾ പ്രവർത്തിപ്പി ക്കുന്നതിന് പരിശീലനം ലഭിച്ച സ്റ്റാഫിനെ ലഭിക്കുന്നമുറയ്ക്ക് ലാബിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും.

## നടവയൽ ആരോഗ്യകേന്ദ്രം പി.എച്ച്.സി. ആയി ഉയർത്തുന്ന കാര്യം

206(3991) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടവയലിൽ പ്രവർത്തിക്കുന്ന ആരോഗ്യകേന്ദ്രം പി.എച്ച്.സി. ആയി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല. പനമരം പഞ്ചായത്തിലാണ് നടവയൽ സബ് സെന്റർ സ്ഥിതിചെയ്യുന്നത്. ഏകദേശം 5 കി.മീ. മാറി ഈ പഞ്ചായത്തിൽത്തന്നെ പനമരം പി.എച്ച്.സി. പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഈ സബ് സെന്ററിൽനിന്നും ഏകദേശം 4 കി.മീ. മാറി പൂതാടി പഞ്ചായത്തിലെ കോണിച്ചിറയിലും രോഗികൾക്ക് സേവനം ലഭ്യമാക്കുന്നതിനായി ഒരു പ്രൈമറി ഹെൽത്ത് സെന്റർ പ്രവർത്തിച്ചുവരുന്നു.

## കോതമംഗലം താലൂക്കാശുപത്രിയിലെ ഒ.പി. ബ്ലോക്ക് പുനരുദ്ധാരണം

207(3992) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കോതമംഗലം താലൂക്ക് ആശുപത്രിയിലെ ഒ. പി. ബ്ലോക്കിന്റെ പുനരുദ്ധാരണം നടത്തി രോഗീ സൗഹൃദമാക്കുന്നതിന് 2.18 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ഏജൻസിയായി നിശ്ചയിച്ചിരുന്ന ഹൗസിംഗ് ബോർഡ് വിശദമായ ഡി.പി.ആർ. തയ്യാറാക്കി നല്കിയിരുന്നുവെങ്കിലും, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 997/2018/ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമാക്കി പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് വിഭാഗത്തിന് നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുവേണ്ടി ഹൗസിംഗ് ബോർഡിനെയാണോ പി.ഡബ്ല്യൂ.ഡി. യെയാണോ നിശ്ചിയിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് അടിയന്തരമായി സമർപ്പിക്കുന്നതിനും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 'മേജർ കൺസ്ട്രക്ഷൻ വർക്സ് അണ്ടർ ഡി.എച്ച്.എസ്.' എന്ന പദ്ധതിയിൻകീഴിൽ 14 താലൂക്ക് തല ആശുപത്രികളിൽ രോഗീ സൗഹൃദ ആശുപത്രി സംവിധാനം സൃഷ്ടിക്കുന്നതിനായി 24-3-2018-ലെ സ.ഉ. (സാധാ)നമ്പർ 997/2018/ആ.കു.വ. പ്രകാരം '4210-01-110-74 (P)' എന്ന ശീർഷകത്തിൽ കോതമംഗലം താലൂക്ക് അടിസ്ഥാന ആശുപത്രിക്ക് 2,18,44,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല. 24-3-2018 -ലെ സ.ഉ (സാധാ) നമ്പർ 997/2018/ആ.കു.വ പ്രകാരം തുക എൻ.എച്ച്.എം.-നാണ് കൈമാറിയിട്ടുള്ളത്.

(സി) ലഭിച്ചിട്ടില്ല. പ്രസ്തുത എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുവേണ്ടി എൻ.എച്ച്.എം. ഹൗസിംഗ് ബോർഡിനെയാണ് നിശ്ചയിച്ചിരിക്കുന്നത്.

(ഡി) സ്വീകരിച്ചുവരുന്നു.

## കോതമംഗലം താലൂക്കാശുപത്രി വികസന പദ്ധതികൾ

208(3993) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും, ഇതിനു വേണ്ടി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളതെന്നും എത്ര തുക വീതമാണ് ഒരോ പ്രവൃത്തിക്കും വകയിരുത്തിയിട്ടുള്ളതെന്നും ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് വേണ്ട ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെങ്കിലും ഏജൻസി വഴിയാണോ നടപ്പിലാക്കുന്നത്; എങ്കിൽ ഏജൻസികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) കോതമംഗലം താലൂക്ക് ആശുപത്രി വികസനത്തിനായി ഏതെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തിൽ 'മേജർ കൺസ്ട്രക്ഷൻ വർക്സ് അണ്ടർ ഡി.എച്ച്.എസ്.' എന്ന പദ്ധതിയിൻകീഴിൽ 14 താലൂക്കുതല ആശുപത്രികളിൽ രോഗീ സൗഹൃദ ആശുപത്രി സംവിധാനം സൃഷ്ടിക്കുന്നതിനായി 24-3-2018-ലെ സ.ഉ. (സാധാ)നമ്പർ 997/2018/ആ.കു.വ. പ്രകാരം '4210-01-110-74 (P)' എന്ന ശീർഷകത്തിൽ കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിക്ക് 2,18,44,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ രോഗീ സൗഹൃദ ആശുപത്രി സംവിധാനം സൃഷ്ടിക്കൽ എന്ന പദ്ധതിക്ക് 13-11-2018-ലെ സ.ഉ (സാധാ) നമ്പർ 3347/2018/ ആ.കു.വ പ്രകാരം 2210-01-110-09 എന്ന ശീർഷകത്തിൽ 1,93,26,654 രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 24-3-2018-ലെ സ.ഉ (സാധാ) നമ്പർ 997/2018/ആ.കു.വ പ്രകാരം സിവിൽ ആൻഡ് ഇലക്ട്രിക്കൽ വർക്കുകൾക്ക് 1,90,00,000 രൂപയും സിഗ്നേജസ് ആൻഡ് പി.എ. സിസ്റ്റം സ്ഥാപിക്കുന്നതിന് 5,00,000 രൂപയും രോഗികൾക്കായുള്ള ഇരിപ്പിട സൗകര്യം, എയർപോർട്ട് ചെയർ, വാട്ടർ പ്യൂരിഫയർ, ഓഫീസ് ഫർണിച്ചർ എന്നിവയ്ക്ക് 13,44,000 രൂപയും കണ്ടിജൻസി ചെലവുകൾക്ക് 10,00,000 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. തുക എൻ.എച്ച്.എം.-നാണ് കൈമാറിയിട്ടുള്ളത്.

13-11-2018-ലെ സ.ഉ (സാധാ) നമ്പർ 3347/2018/ആ.കു.വ. പ്രകാരം സിവിൽ ആൻഡ് ഇലക്ട്രിക്കൽ വർക്കുകൾക്ക് 1,76,82,654 രൂപയും സിഗ്നേജസ് ആൻഡ് പി.എ. സിസ്റ്റം സ്ഥാപിക്കുന്നതിന് 3,00,000 രൂപയും രോഗികൾക്കായുള്ള ഇരിപ്പിട സൗകര്യം, ഓഫീസ് ഫർണിച്ചർ, എയർ കണ്ടീഷനിംഗ് എന്നിവയ്ക്ക് 13,44,000 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

(സി) ഈ പ്രവൃത്തികൾ എൻ.എച്ച്.എം. മുഖേനയാണ് നടപ്പിലാക്കുന്നത്.

(ഡി) 2018-19 സാമ്പത്തിക വർഷത്തിൽ പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല.

## പൂന്തുറ സാമൂഹികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന് നടപടി

209(3994) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ പൂന്തുറ സാമൂഹികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം കൂടുതൽ ചികിത്സാ സൗകര്യങ്ങളാണ് ഇതിലൂടെ ലഭിക്കുകയെന്ന് വിശദമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത ചികിത്സാ സൗകര്യങ്ങൾ എന്നത്തേയ്ക്ക് രോഗികൾക്കായി ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി പൂന്തുറ സാമൂഹികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി&സി) ആർദ്രം പദ്ധതി നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യ ങ്ങളോടൊപ്പം ശ്വാസ്, ആശ്വാസ് ക്ലിനിക്കൽ സേവനങ്ങളും ഫീൽഡുതല പ്രവർത്തനങ്ങളും സബ് സെന്ററുകളുടെ ശാക്തീകരണവും സമഗ്രവും സാർവ്വത്രികവുമായ പ്രാഥമിക ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന 24 കിടക്കകളോടുകൂടി സൗകര്യവും ഒരുക്കിയിട്ടുണ്ട്. കൂടാതെ ലബോറട്ടറി, ഫാർമസി, ഒഫ്ത്താൽമിക് ക്ലിനിക്, ഇമ്മ്യൂണൈസേഷൻ ക്ലിനിക്, പാലിയേറ്റീവ് കെയർ, ആന്റിനേറ്റൽ ക്ലിനിക്കുകൾ എന്നിവയുടെ സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പി ക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരികയാണ്. ആവശ്യമായ അധിക തസ്തികകൾ നൽകുന്ന നടപടി സർക്കാർ പരിശോധിച്ചുവരികയാണ്.

## തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

210(3995) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ മുൻസർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; നിർമ്മാണം എപ്പോഴത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ കെട്ടിടത്തിൽ എന്തെല്ലാം ചികിത്സാ സൗകര്യങ്ങൾ/ സംവിധാനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇൻഫെർട്ടിലിറ്റി ക്ലിനിക്കിനായുള്ള ഒരു പുതിയ കെട്ടിടത്തിന്റെ നിർമ്മാണവും ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണവും പുരോഗമിച്ചുവരുന്നു.

(ബി)ഇൻഫെർട്ടിലിറ്റി ക്ലിനിക്കിൽ കുട്ടികളില്ലാത്ത ദമ്പതികൾക്കാവശ്യമായ പരിശോധനയും ചികിത്സയും ചികിത്സയ്ക്കാവശ്യമായ ശാസ്ത്രീയ സംവിധാനങ്ങളും വിഭാവനം ചെയ്യുന്നു. എം.സി.എച്ച്. യൂണിറ്റിൽ നവജാത ശിശുക്കളുടെ ഇന്റൻസീവ് കെയർ യൂണിറ്റ്, ശിശുരോഗ ചികിത്സയുടെ ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ (DEIC) ലാബ്, ബ്ലഡ് ബാങ്ക്, സെൻട്രൽ സ്റ്റെറൈൽ സർവ്വീസ് ഡിപ്പാർട്ടുമെന്റ് (CSSD), പി.പി. യൂണിറ്റ് എന്നിവ വിഭാവനം ചെയ്യുന്നു.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ

211(3996) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളും ഏതൊക്കെയാണെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റില്ലാത്ത തസ്തികകളിലേക്ക് താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

**പട്ടാമ്പി താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്**

212(3997) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ഡയാലിസിസ് രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം ഇല്ലാത്തതിനാൽ രോഗികൾക്ക് അമിത ചാർജ് നൽകി സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് ചെയ്യേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഡയാലിസിസ് സേവനം ആവശ്യപ്പെട്ട് കൂടുതൽ രോഗികൾ എത്തുന്നുണ്ട്.

(ബി) പട്ടാമ്പി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റും ഒ.പി. കെട്ടിടവും നിർമ്മിക്കുന്നതിനായി 90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വൈപ്പിൻ മണ്ഡലത്തിലെ മുനമ്പം പ്രൈമറി ഹെൽത്ത് സെന്റർ**

213(3998) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ മുനമ്പം പ്രൈമറി ഹെൽത്ത് സെന്റർ ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തിയതിനുശേഷം എഫ്.എച്ച്.സി. പ്രകാരം ചികിത്സ സൗകര്യം ക്രമപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എഫ്.എച്ച്.സി.-ൽ മോഡേൺ ലാബ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി സൗകര്യങ്ങൾ ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ (2018-19) കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുവാൻ തെരഞ്ഞെടുക്കപ്പെട്ട മുനമ്പം പി.എച്ച്.സി.-ലെ അടിസ്ഥാന സൗകര്യ വികസനം അധിക തസ്തിക സൃഷ്ടിക്കൽ എന്നിവയ്ക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടികൾ പൂർത്തീകരിക്കുന്ന ഘട്ടത്തിൽ ഇവിടെ ലാബ് സേവനസൗകര്യം ലഭ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കടമക്കുടി-പിഴല ദ്വീപിലെ പ്രൈമറി ഹെൽത്ത് സെന്റർ**

214(3999) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിലെ ദ്വീപസമൂഹമായ കടമക്കുടി-പിഴല ദ്വീപിലെ പ്രൈമറി ഹെൽത്ത് സെന്ററിന് പ്രത്യേക പരിഗണന നൽകി ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കിയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് ആർദ്രം പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ഇത്തരത്തിൽ ആർദ്രം പദ്ധതി പൂർണ്ണതോതിൽ നടപ്പിൽവരുത്തുന്നതോടെ കടമക്കുടി-പിഴല ദ്വീപിലെ പ്രൈമറി ഹെൽത്ത് സെന്ററിലെ എല്ലാ സൗകര്യങ്ങളും മെച്ചപ്പെടുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കോഴിക്കോട് ബീച്ച് ആശുപത്രിയിൽ നെഫ്രോളജി ഡോക്ടറുടെ സേവനം**

215(4000) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ഗവൺമെന്റ് ജനറൽ ബീച്ച് ആശുപത്രിയിൽ ഡയാലിസിസിനായി കൂടുതൽ രോഗികൾ എത്തുന്ന സാഹചര്യത്തിൽ ഒരു നെഫ്രോളജി ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിലവിൽ നെഫ്രോളജി തസ്തിക സൃഷ്ടിച്ചിട്ടില്ല. എന്നാൽ ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**നിലമ്പൂർ ജില്ലാശുപത്രിയിൽ പുതിയ തസ്തികകൾ**

216(4001) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ ജില്ലാശുപത്രിയിൽ പുതിയ തസ്തികകൾ ലഭിക്കാത്തത് സംബന്ധിച്ച് നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി (റഫറൻസ് നമ്പർ 5300/vip/M (HFW8SJ/17) വിശദമാക്കാമോ?

ഉത്തരം

പ്രസ്തുത നിവേദനം റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ആർദ്രം പദ്ധതി രൂപീകൃതമായ സാഹചര്യത്തിൽ ടി പദ്ധതിയിൽ ആരോഗ്യ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ നിലമ്പൂർ ജില്ലാ ആശുപത്രിയെ താലൂക്കാശുപത്രി വിഭാഗത്തിൽ ഉൾപ്പെടുത്തി ഇവിടെ ഡയാലിസിസ് ടെക്നീഷ്യന്റെ രണ്ട് തസ്തികയും ഒരു ഡെന്റൽ ഹൈജീനിസ്റ്റിന്റെ തസ്തികയും ഇതിനോടകം സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

## മാനന്തവാടി ജില്ലാ ആശുപത്രി

217(4002) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ എണ്ണം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാരുടെ എണ്ണം എത്രയായിരുന്നു;

(സി) ഇവിടെ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുണ്ടെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ ആകെ തസ്തിക 58 (അൻപത്തിയെട്ട്) ആണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാരുടെ തസ്തിക 56 ആയിരുന്നു. ഇതിൽ 17 എണ്ണം ഒഴിവായിരുന്നു.

(സി) ജനറൽ/അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ഒരു ഒഴിവും കൺസൾട്ടന്റ് (മെഡിസിൻ)-ന്റെ ഒരു ഒഴിവും നിലവിലുണ്ട്.

## ചെങ്ങന്നൂർ ജില്ലാ ആശുപത്രി

218(4003) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ പോലീസ് സർജൻ ഇല്ലാത്ത ദിവസങ്ങളിൽ പോസ്റ്റ്മോർട്ടം നടക്കുന്നില്ല എന്നത് ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) കാഷ്വാലിറ്റി പൂർണ്ണരീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് ഡോക്ടർമാർ ഇല്ലാത്തതുകൊണ്ട് ഉണ്ടാകുന്ന വിഷമങ്ങൾ പരിഹരിക്കുന്നതിന് ഒഴിവുള്ള തസ്തികയിലെ നിയമനം നടത്തുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കാഷ്വാലിറ്റി വിഭാഗം തസ്തികകളിൽ ഒഴിവുകൾ നിലവിലില്ല.

**ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ മാതൃ-ശിശു പരിപാലന കെട്ടിടം**

219(4004) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ മാതൃ-ശിശു പരിപാലന കെട്ടിടം പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം നടപടികൾ സ്വീകരിച്ചാലാണ് ടി ആശുപത്രി പ്രവർത്തനക്ഷമമാകുന്നതെന്ന് വിശദമാക്കാമോ;

(സി) ഇനിയും ആവശ്യംവേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ മാതൃ-ശിശു പരിപാലന കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി ഹൈടെൻഷൻ ട്രാൻസ്ഫോമർ സ്ഥാപിക്കൽ പൂർത്തിയാകാത്തതിനാലാണ് കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ താമസം നേരിടുന്നത്.

(ബി) ടി കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി ജില്ലാ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗം ഹൈടെൻഷൻ ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ക്യാന്റീൻ, പാർക്കിംഗ് സൗകര്യം, ലിഫ്റ്റ് എന്നിവ ഉൾപ്പെടുത്തി ഒരു ബഹുനില ആശുപത്രി കെട്ടിടം നിർമ്മിക്കേണ്ടതായിട്ടുണ്ട്.

**ആശുപത്രികളിലെ വികസന പ്രവർത്തനങ്ങൾ**

220(4005) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-2016 കാലയളവിൽ പത്തനംതിട്ട ജനറൽ ആശുപത്രിയിലും കോഴഞ്ചേരി ജില്ലാ ആശുപത്രിയിലും നടത്തിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് അനുവദിക്കപ്പെട്ട തുക ഉൾപ്പെടെ വിശദമാക്കാമോ?

ഉത്തരം

(എ) പത്തനംതിട്ട ജനറൽ ആശുപത്രി

| | | |
|---|---|---|
| 1 | സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | 50,00,000 |
| 2 | ആംബുലൻസ് വാങ്ങിയത് | 23,26,646 |
| 3 | ഡിജിറ്റൽ എക്സ്റേ | 20,92,965 |
| 4 | ബ്ലഡ് ബാങ്ക് നവീകരണം | 3,10,000 |
| 5 | തറയോട് സ്ഥാപിക്കൽ | 11,25,000 |
| 6 | ചുറ്റുമതിൽ | 4,12,000 |
| 7 | തിയേറ്റർ നവീകരണം | 7,00,000 |
| 8 | ഒ.പി. കമ്പ്യൂട്ടറൈസേഷൻ | 2,07,000 |

കോഴഞ്ചേരി ജില്ലാ ആശുപത്രി

| | | |
|---|---|---|
| 1 | ഐ.സി.യു. ആംബുലൻസ് | 15,00,000 |
| 2 | പാലിയേറ്റീവ് കെയർ ആംബുലൻസ് | 3,00,000 |
| 3 | സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | 90,00,000 |
| 4 | പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ് നവീകരണം | 18,00,000 |
| 5 | ഒ. പി. കമ്പ്യൂട്ടറൈസേഷൻ | 3,49,000 |
| 6 | ഓഫീസ് കെട്ടിട നവീകരണം | 5,97,000 |
| 7 | കീമോ തെറാപ്പി വാർഡ് നവീകരണം | 2,63,000 |
| 8 | ഓപ്പറേഷൻ തിയേറ്ററിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ | 9,00,000 |
| 9 | വാർഡിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങിയത് | 2,13,000 |

| | | |
|---|---|---|
| 10 | പാലിയേറ്റീവ് കെയർ വാർഡ് നവീകരണം | 2,00,000 |
| 11 | ലിംഫ് ഫിറ്റിംഗ് സെന്ററിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങിയത് | 7,00,000 |
| 12 | ഐ.സി.യു. വിഭാഗം ശക്തിപ്പെടുത്തൽ | 2,01,454 |
| 13 | ഉപകരണങ്ങൾ വാങ്ങൽ | 5,66,273 |
| 14 | ലബോറട്ടറിയിലെ ഉപകരണങ്ങൾ വാങ്ങൽ | 1,00,000 |
| 15 | ഐ.സി.യു. ആംബുലൻസ് | 15,60,000 |

കൂടാതെ ടി കാലയളവിൽ ക്ലിനിക്കൽ ലാബിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ, ഡയാലിസിസ് യൂണിറ്റിന്റെ ഒന്നാംഘട്ടം, കീമോ തെറാപ്പി യൂണിറ്റ്, ആർട്ടിഫിഷ്യൽ ലിംഫ് സെന്റർ, ഡയാലിസിസ് യൂണിറ്റ് രണ്ടാംഘട്ടം, പവർ ലാൺട്രി എന്നീ ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

2012-13 ആർ.ഒ.പി പ്രകാരം പത്തനംതിട്ട ജനറൽ ആശുപത്രി, കോഴഞ്ചേരി ജില്ലാ ആശുപത്രി എന്നീ സ്ഥലങ്ങളിൽ ന്യൂബോൺ സ്റ്റബിലൈസേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി 4-5 ലക്ഷം രൂപയുടെ സിവിൽ വർക്ക് ചെയ്തിട്ടുണ്ട്. കൂടാതെ 2-3 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വീതം കെ.എം.എസ്.സി.എൽ. വഴി നൽകിയിട്ടുണ്ട്.

## സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ

221(4006) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളെയാണ് സാമൂഹികാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിൽ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ 24x7 സ്ഥാപനങ്ങളായി ഉയർത്താൻ അലോചിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ-സി) പദവി ഉയർത്തുക എന്നതല്ല മറിച്ച് സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെ ആരോഗ്യ പരിചരണവും രോഗചികിത്സയും ഉറപ്പാക്കുകയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് ആർദ്രം പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ വാമനപുരം പി.എച്ച്.സി.-യെയും രണ്ടാംഘട്ടത്തിൽ ആനാട്, പെരുങ്ങമല, പുള്ളംപാറ, പനവൂർ, ആനകുടി എന്നീ പി.എച്ച്.സി.-കളെയും കല്ലറ, പാലോട് എന്നീ സി.എച്ച്.സി.-കളെയും കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. വാമനപുരം പി.എച്ച്.സി., പാലോട് സി.എച്ച്.സി. എന്നീ സ്ഥാപനങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. കൂടാതെ പാലോട് സി.എച്ച്.സി.-യിൽ രാത്രി 8 മണി മുതൽ രാവിലെ 8 മണി വരെ NHM ഡോക്ടറുടെ സേവനവും ഒരുക്കിയിട്ടുണ്ട്. വാമനപുരം പി.എച്ച്.സി.-യിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകളും സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

**നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിലെ പുതിയ പദ്ധതികൾ**

222(4007) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിൽ പുതിയതായി ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ രോഗികളുടെ വർദ്ധനവിന് അനുസരിച്ച് പുതിയ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വെൺപകൽ ആശുപത്രിയിൽ രാജീവ്ഗാന്ധി ബയോടെക്നോളജിയുടെ ലാബ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത ലാബ് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

ഉത്തരം

(എ) വെൺപകൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒ.പി. വിഭാഗത്തിനായി അനുവദിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 52 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ സി.എച്ച്.സി.-യിലെ ശരാശരി ഒ.പി. 300-ഉം ശരാശരി ഐ.പി. 20-ഉം ആണ്. ഇവിടെ നിലവിൽ സിവിൽ സർജന്റെ ഒരു തസ്തികയും അസിസ്റ്റന്റ് സർജന്റെ 3 തസ്തികകളും അടക്കം 4 ഡോക്ടർമാരുടെ തസ്തികകൾ ഉണ്ട്. ഇതിനുപുറമെ എൻ.എച്ച്.എം മുഖേന രണ്ട് ഡോക്ടർമാരുടെ സേവനം കൂടി ലഭ്യമാക്കിയിട്ടുണ്ട്.

(സി) വെൺപകൽ ആശുപത്രിയിൽ രാജീവ് ഗാന്ധി ബയോടെക്നോളജി ലാബ് നിലവിലില്ല. വെൺപകൽ ആശുപത്രി ലാബിൽ അവശ്യ ടെസ്റ്റുകളെല്ലാം തന്നെ കുറഞ്ഞ നിരക്കിലും ഗുണനിലവാരത്തിലും ചെയ്യാൻ സാധിക്കുന്നുണ്ട്.

**തിരുവമ്പാടി മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

223(4008) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ എവിടെയെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചത് എവിടെയൊക്കെയാണ്;

(സി) ശേഷിക്കുന്നവ പൂർണ്ണതോതിൽ എന്നു മുതൽ പ്രവർത്തനം ആരംഭിക്കും എന്നു വ്യക്തമാക്കുമോ;

(ഡി) എന്തെല്ലാം അധിക സൗകര്യങ്ങളും സേവനങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ കോടഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തേയും തിരുവമ്പാടി, കൂടരഞ്ഞി, കൊടിയത്തൂർ, കാരശ്ശേരി എന്നീ പി.എച്ച്.സി.-കളെയും കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി&സി) പുതുപ്പാടി പി.എച്ച്.സി.-യിൽ സിവിൽ വർക്കുകളെല്ലാം പൂർത്തിയായിട്ടുണ്ട്. ഉടൻതന്നെ പ്രവർത്തനമാരംഭിക്കുന്നതാണ്. ശേഷിക്കുന്ന സ്ഥാപനങ്ങളിൽ ഗ്യാപ് അനാലിസിസിന്റെ അടിസ്ഥാനത്തിൽ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ എൻ.എച്ച്.എം. വഴി നടന്നുവരുന്നു. ഇത് പൂർത്തിയാകുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

(ഡി) ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ. പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്ലെറ്റ് സൗകര്യം, മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീ ചെക്കും കൗൺസിലിങ്ങും വൈകിട്ട് 6 മണി വരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ ലഭ്യമാകുന്നതാണ്.

## എൻ.എച്ച്.എം./എൻ.യു.എച്ച്.എം. ജീവനക്കാർ

224(4009) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷം എൻ.എച്ച്.എം./എൻ.യു.എച്ച്.എം.-ലേയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ റെക്കോർഡ് ഓഫ് പ്രൊസീഡിംഗ്സ് പ്രകാരം എത്ര തസ്തികകൾക്ക്/എത്ര ജീവനക്കാർക്ക് അനുമതി ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) തസ്തിക തിരിച്ച് ജീവനക്കാരുടെ എണ്ണം, അനുവദിച്ച ശമ്പളം, അലവൻസ് എന്നിവ ലഭ്യമാക്കുമോ;

(സി) റെക്കോർഡ് ഓഫ് പ്രൊസീഡിംഗ്സിന്റെ അംഗീകാരമില്ലാത്ത എത്ര ജീവനക്കാർ കരാർ അടിസ്ഥാനത്തിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും നിലവിൽ നാഷണൽ ഹെൽത്ത് മിഷനിൽ ജോലിചെയ്തു വരുന്നുണ്ട്; ഇവരുടെ പേര്, തസ്തിക, ശമ്പളം, ജോലിചെയ്യുന്ന ജില്ല എന്നിവ വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. (2018-19).*

(സി) ആരുമില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർ

225(4010) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിയിൽ പ്രവേശിച്ചതിനുശേഷം നിയമപ്രകാരമുള്ള അവധിക്ക് അപേക്ഷപോലും നൽകാതെ ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാരുടെ കണക്ക് ശേഖരിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് എത്ര ഡോക്ടർമാരാണ് ഉള്ളതെന്ന് അറിയിക്കാമോ;

(സി) സർക്കാർ ആശുപത്രികളിൽ നിയമവിധേയമായ ലീവിൽ അല്ലാതെ ജോലിക്ക് വരാതെ പാവപ്പെട്ട രോഗികളെ ബുദ്ധിമുട്ടിക്കുന്ന ഇത്തരക്കാരുടെ രജിസ്ട്രേഷൻ അടക്കം ക്യാൻസൽ ചെയ്യാനുള്ള നടപടി പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) അനധികൃതമായി സർവ്വീസിൽനിന്നും വിട്ടുനിൽക്കുന്ന ഡോക്ടർമാരുടെ വിവരം ശേഖരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ ഇത്തരത്തിലുള്ള 447 ഡോക്ടർമാരുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അവധി അപേക്ഷ സമർപ്പിക്കാതെ, ജോലിക്ക് ഹാജരാകാത്ത 80 ഡോക്ടർമാരുണ്ട്.

(സി) അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

## സൂപ്പർ സ്പെഷ്യാലിറ്റി കേഡർ രൂപീകരണം

226(4011) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിലെ ഉന്നത യോഗ്യത നേടിയ ഡോക്ടർമാർക്കായി സൂപ്പർ സ്പെഷ്യാലിറ്റി കേഡർ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനാവശ്യമായ ചട്ടം ഭേദഗതി ചെയ്തിട്ടുണ്ടോ; പ്രസ്തുത ഭേദഗതിക്ക് സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) ആരോഗ്യ വകുപ്പിൽ സൂപ്പർ സ്പെഷ്യാലിറ്റി കേഡർ രൂപീകരിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ജില്ല/ജനറൽ ആശുപത്രികളിലായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി എന്നീ വിഭാഗങ്ങളിൽ മെഡിക്കൽ ഓഫീസർമാരുടെ 16 തസ്തികകൾ വിവിധ ശമ്പള നിരക്കുകളിൽ സൃഷ്ടിച്ചിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി കോഡറിൽ നിയമനം നടത്തുന്നതിനായി ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. കരട് ഭേദഗതി ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി വിശേഷാൽ ചട്ടത്തിന്മേൽ വരുത്തുന്ന ഭേദഗതികളിലെ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായിട്ടായിരിക്കും നിയമനം എന്ന വ്യവസ്ഥയോടെ സൂപ്പർ സ്പെഷ്യാലിറ്റി തസ്തികയിൽ താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്.

**പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ**

227(4012) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കായി മലപ്പുറം ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിൽ ആവശ്യമായ ഫീൽഡ് വർക്കർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിലെ ജനസംഖ്യയും ഭൂവിസ്തൃതിയും കണക്കിലെടുത്ത് ആവശ്യമായ ജീവനക്കാരുടെ എണ്ണവും, നിലവിലുള്ളവരുടെ എണ്ണവും വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മന്ത് രോഗികളുള്ള മലപ്പുറം ജില്ലയിൽ, പകർച്ചവ്യാധി മരണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആവശ്യമായ ഫീൽഡ് വർക്കർ തസ്തികയുൾപ്പെടെ മറ്റ് ജീവനക്കാരുടെയും തസ്തിക സൃഷ്ടിക്കുവാനും നിയമനങ്ങൾ നടത്തുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിലവിലുള്ള ജീവനക്കാരുടെ നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

(ബി) മലപ്പുറം ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ തസ്തികകളും നിലവിലുള്ള തസ്തികകളും താഴെകൊടുക്കുന്നു.

| തസ്തിക | നിലവിലുള്ളത് | ആവശ്യമായത് |
|---|---|---|
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 | 1 | 1 |
| അസിസ്റ്റന്റ് എന്റമോളജിസ്റ്റ് | ഇല്ല | 1 |
| ഇൻസെക്ട് കളക്ടർ | 2 | 2 |
| ഫീൽഡ് അസിസ്റ്റന്റ് | 5 | 6 |
| ഫീൽഡ് വർക്കർ | 20 | 35 |
| ആകെ | 28 | 45 |

(സി) തൽക്കാലം പരിഗണനയിലില്ല.

**വിവിധ തസ്തികകളിലെ നിയമന മാനദണ്ഡം**

228(4013) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോസ്റ്റ് പ്രസ്സ് ഓപ്പറേഷൻ ആന്റ് ഫിനിഷിംഗ്, പ്രീ-പ്രസ്സ്, പ്രസ്സ് വർക്ക് എന്നീ തസ്തികകളിൽ ഏതൊക്കെ മാനദണ്ഡങ്ങൾ പ്രകാരമാണ് നിയമനം നടത്തുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത തസ്തികകൾക്ക് കെ.ജി.ടി.ഇ. സർട്ടിഫിക്കറ്റ് കോഴ്സും എസ്.എസ്.എൽ.സി.-യും യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടോ; അല്ലെങ്കിൽ പുതുക്കിയ മാനദണ്ഡങ്ങൾ എന്തെല്ലാം എന്നറിയിക്കാമോ;

(സി) പുതുക്കിയ യോഗ്യത പ്ലസ് ടു-ഉം ഡിപ്ലോമയും ആണോ; ആണെങ്കിൽ സർക്കാർ/പ്രൈവറ്റ് മേഖലകളിൽ കെ.ജി.ടി.ഇ. സർട്ടിഫിക്കറ്റ് കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ജോലിസാധ്യത ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന തസ്തികകൾ ആരോഗ്യവകുപ്പിന് കീഴിലുള്ള എഫ്.ഡബ്ല്യൂ ഓഫ്സെറ്റ് പ്രസ്സിൽ നിലവിലില്ല.

(ബി-ഡി) ബാധകമല്ല.

## മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഫോറൻസിക് സർജൻ

229(4014) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഫോറൻസിക് സർജൻ തസ്തികയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകട മരണങ്ങളും സംശയാസ്പദമായ സാഹചര്യങ്ങളിലുള്ള മരണങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ താലൂക്ക് ആശുപത്രിയിൽ ഒരു ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കുവാനുള്ള സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## കാസർഗോഡ് ജില്ലയിൽ ജൂനിയർ നഴ്സ് തസ്തിക

230(4015) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജൂനിയർ പബ്ലിക് നഴ്സ് തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതായി അറിയുമോ ;

(ബി) ഈ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ട് എത്ര വർഷമായി എന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) ഈ റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ഡി) ഈ തസ്തികയിൽ ജില്ലയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലുണ്ട്.

(ബി) റാങ്ക് ലിസ്റ്റ് 6-6-2016-ന് നിലവിൽ വന്നു.

(സി) നിയമനം നൽകിയിട്ടില്ല.

(ഡി) നിലവിൽ ഒഴിവുകൾ ഇല്ല.

## സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും ഒഴിവുകൾ

231(4016) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ നിലവിൽ ഡോക്ടർമാരുടെയും മറ്റ് ജിവനക്കാരുടെയും എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ഈ ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ ഡോക്ടർമാരുടെ (അഡ്മിനിസ്ട്രേറ്റീവ്+ജനറൽ+ സ്പെഷ്യാലിറ്റി കേഡർ ഉൾപ്പെടെ) 242 ഒഴിവുകളും മറ്റ് ജീവനക്കാരുടെ 4822 ഒഴിവുകളുമുണ്ട്. ഒഴിവുകൾ യഥാസമയം പി.എസ്.സി/എംപ്ലോയ്മെന്റുകൾക്ക് റിപ്പോർട്ട് ചെയ്തുപോരുന്നു. കൂടാതെ ആശുപത്രികളുടെ സുഗമമായ നടത്തിപ്പിന് ഒഴിവുകൾ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ നികത്തുന്നുണ്ട്.

## കോഴിക്കോട് മെഡിക്കൽ കോളേജിൽ ലക്ചറർ ട്രെയിനി

232(4017) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ പീരിയോഡന്തിക്സ് ഡിപ്പാർട്ട്മെന്റിൽ ലക്ചറർ ആയിരിക്കെ പീരിയോഡന്തിക്സിൽ എം.ഡി.എസ് പ്രവേശനം ലഭിച്ച ഡോ.സക്കീർ ഹുസൈൻ ലക്ചറർ ട്രെയിനി/ഡെപ്യൂട്ടേഷൻ ബെനഫിറ്റ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) ഡോ. സക്കീർ ഹുസൈന് ലക്ചറർ ട്രെയിനി/ഡെപ്യൂട്ടേഷൻ ബെനഫിറ്റ് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പിന്റെ 367/ബി1/2018/ആ.കു.വ ഫയലിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് സർക്കാർ റിപ്പോർട്ട് തേടിയിട്ടുണ്ടോ;

(ഡി) ആയത് ലഭിച്ചിട്ടുണ്ടോ;സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) ഇയാൾക്ക് ലക്ചറർ ട്രെയിനി/ഡെപ്യൂട്ടേഷൻ ബെനഫിറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 16-8-1999 മുതൽ 31-12-2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയ അംഗപരിമിതർക്ക് പുനർ/റഗുലർ നിയമനം നൽകുന്നതിനായി സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള സാമൂഹ്യനീതി വകുപ്പിന്റെ 18-5-2013-ലെ സ.ഉ.(പി)നമ്പർ 40/2013/ സാ.നീതി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലക്ചറർ തസ്തികയിൽ നിയമിക്കപ്പെട്ടയാളാണ് ഡോ. സക്കീർ ഹുസൈൻ. ഈ തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്ക് സ്ഥിരം ജീവനക്കാരെ പോലെ സീനിയോറിറ്റി, പ്രൊബേഷൻ, സ്ഥാനക്കയറ്റം എന്നിവയ്ക്ക് അർഹതയില്ല. കൂടാതെ ലക്ചറർ ട്രെയിനി ആനുകൂല്യം ഡന്റൽ വിഭാഗങ്ങൾക്ക് അനുവദനീയവുമല്ല. ഇക്കാരണങ്ങളാലാണ് ഡോ. സക്കീർ ഹുസൈന് ലക്ചറർ ട്രെയിനി/ഡെപ്യൂട്ടേഷൻ ബെനിഫിറ്റ് അനുവദിച്ചിട്ടില്ലാത്തത്.

(സി) ഉണ്ട്.

(ഡി&ഇ) ഉണ്ട്. പ്രസ്തുത വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം തേടുകയും അതിന്റെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ചുവരികയുമാണ്.

## റെസ്പിറേറ്ററി ടെക്നീഷ്യൻ ഒഴിവ്

233(4018) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ മെഡിക്കൽ കോളേജുകളിലാണ് റെസ്പിറേറ്ററി ടെക്നീഷ്യൻ ഒഴിവുള്ളത് എന്നറിയിക്കാമോ ;

(ബി) ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) റെസ്പിറേറ്ററി ടെക്നീഷ്യൻ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ റെസ്പിറേറ്ററി ടെക്നീഷ്യന്റെ ഒരു ഒഴിവുണ്ട്.

(ബി) ഇല്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## ആരോഗ്യവകുപ്പിൽ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ്

234(4019) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഒരോ തസ്തികയിലും സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ കെ.എസ്. ആൻഡ് എസ്.എസ്.ആർ. റൂൾ 27 പാലിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയുടെ പ്രൊമോഷൻ തസ്തികയായ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2-വിലേക്കുള്ള പ്രൊമോഷനുവേണ്ടി ജൂനിയർ എച്ച്.ഐ.ഗ്രേഡ് 1-ന്റെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് നിലവിലുള്ള റൂളുകൾ പാലിച്ച് തയ്യാറാക്കിയിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ;

(സി) 29-9-2018-ൽ പ്രസിദ്ധീകരിച്ച പ്രൊമോഷൻ ഉത്തരവിൽ പറയുന്ന 5-1-2008 ലെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; അത് റൂൾ 27(സി) പാലിച്ചുള്ളതാണോ എന്നറിയിക്കുമോ;

(ഡി) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലേയ്ക്ക് നടന്ന പ്രൊമോഷനുകൾ താൽകാലികമാണെങ്കിൽ എന്തുകൊണ്ട് കമ്പൈൻഡ് സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പ്രൊമോഷൻ നടത്തിയില്ല; കാരണം വ്യക്തമാക്കുമോ;

(ഇ) 29-9-2018 മുതൽ ഇറക്കിയ താൽക്കാലിക പ്രൊമോഷൻ ഉത്തരവുകളിൽ സീനിയറായവരെ മറികടന്ന് ജൂനിയർ ആയവർ പ്രൊമോഷൻ നേടിയിട്ടുണ്ടോ; എത്ര പേർക്ക് ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കെ.എസ്. ആൻഡ് എസ്.എസ്.ആർ റൂൾ 27 പ്രകാരമാണ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത്.

(ബി&സി) ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസ്സായ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്, ലിസ്റ്റ്-1 ആയും സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് പാസ്സായവരും ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ചവരുമായ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്, ലിസ്റ്റ്-2 ആയും 5-1-2008-ലെ ഇ.എസ്.2-47321/2000/ആ.വ.ഡ. ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

ഈ ലിസ്റ്റുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന ഒ.പി.(കെ.എ.റ്റി.) 31, 32, 135/2015 എന്നീ കേസുകളിലെ 2-3-2018-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ നേരിൽ കേട്ട് 12-9-2018-ലെ സ.ഉ.(സാധാ)നമ്പർ2797/2018/ആ.കു.വ. പ്രകാരം, 5-1-2008-ൽ പ്രസിദ്ധീകരിച്ച ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 സീനിയോറിറ്റി പട്ടികയിലെ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസ്സായവർ ഉൾപ്പെടുന്ന ലിസ്റ്റ്-1 അതേപടി നിലനിർത്താനും എസ്.ഐ.സി കോഴ്സ് പാസ്സായവരുൾപ്പെടുന്ന ലിസ്റ്റ്-2 പരിശോധിക്കുവാനും നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലിസ്റ്റ്-2 പുനഃപരിശോധിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ടി രണ്ട് ലിസ്റ്റുകളും റൂൾ 27(സി) പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്.

(ഡി) 27-7-2018-ലെ സുപ്രീം കോടതി ഉത്തരവ് നമ്പർഎസ്.എൽ.പി.സി.(എ)12363/2018 2-3-2018-ലെ ഒ.പി.(കെ.എ.റ്റി.) നമ്പർ 31, 32, 135 പ്രകാരമുള്ള ഹൈക്കോടതി ഉത്തരവ്, 3-9-2018-ലെ ഒ.എ.നമ്പർ620/18 & ഒ.എ.(ഇ)നം.1424/18 പ്രകാരമുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ്, 12-9-2018-ലെ സ.ഉ.(സാധാ) നമ്പർ 2797/2018/ആ.കു.വ നമ്പർ ഉത്തരവ് എന്നിവ പ്രകാരമാണ് 29-9-2018-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും ഇ.ജി4-41950/2016/ആ.വ.ഡ പ്രകാരം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

12-9-2018-ലെ സർക്കാർ ഉത്തരവിൽ 5-1-2008-ലെ ഇ.എസ്.2-47321/2000/ആ.വ.ഡ പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ലിസ്റ്റ് 1 പ്രകാരം സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ലിസ്റ്റ്-2 പരിഷ്കരിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കാനും നിർദ്ദേശിച്ചിരുന്നു. ആയതിൻപ്രകാരം ലിസ്റ്റ്-1-ൽനിന്നും 208 പേർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. പരിഷ്കരിച്ച ലിസ്റ്റ്-2 സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 75 പേർക്ക് സ്ഥാനക്കയറ്റം നൽകി 13-11-2018-ൽ ഉത്തരവായിട്ടുണ്ട്.

(ഇ) 05-01-2008-ലെ സീനിയോറിറ്റി ലിസ്റ്റിലെ നിലവിലുള്ള റാങ്ക് നമ്പർ ക്രമമനുസരിച്ചാണ് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ സീനിയറായവരെ മറികടന്ന് ജൂനിയർ ആയവർക്ക് പ്രൊമോഷൻ നൽകിയിട്ടില്ല.

## ആരോഗ്യവകുപ്പിന് കീഴിൽ പുതിയ തസ്തികകൾ

235(4021) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ ആരോഗ്യവകുപ്പിന് കീഴിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്നും അവ എവിടെയെല്ലാം എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

തിരുവനന്തപുരം ജില്ലയിൽ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കീഴിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലുമായി ആകെ 607 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകൾ അനുവദിച്ചുനൽകിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്റ്റാഫ് നഴ്സ് ഗ്രേഡ് - 2 നിയമനം

236(4022) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് -2 തസ്തികയിൽ 2018 ഡിസംബർ 31 വരെ നിലവിലുള്ള ഒഴിവുകൾ ജില്ല തിരിച്ച് അറിയിക്കാമോ?

ഉത്തരം

ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ ജില്ലതിരിച്ച് ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 53 |
| കൊല്ലം | - | 48 |
| പത്തനംതിട്ട | - | 23 |
| ആലപ്പുഴ | - | 3 |
| കോട്ടയം | - | 0 |
| ഇടുക്കി | - | 0 |
| എറണാകുളം | - | 143 |
| തൃശ്ശൂർ | - | 25 |
| പാലക്കാട് | - | 0 |
| മലപ്പുറം | - | 0 |
| കോഴിക്കോട് | - | 0 |
| വയനാട് | - | 2 |
| കണ്ണൂർ | - | 0 |
| കാസർഗോഡ് | - | 0 |
| ആകെ | - | 297 |

ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു. കൂടാതെ ആശുപത്രികളുടെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിന് നഴ്സുമാരെ NHM/ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച് ഒഴിവുകൾ നികത്തി രോഗികൾക്ക് സേവനം നൽകിവരുന്നു.

## ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II തസ്തിക

237(4023) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത തസ്തികയിലെ ഒഴിവിലേക്ക് നിയമനത്തിനായി നിലവിൽ പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) ജില്ലയിൽ മതിയായ ലാബ് ടെക്നീഷ്യൻമാർ ഇല്ലെന്ന കാരണത്താൽ മതിയായ യോഗ്യത ഇല്ലാത്തവരെ ടെക്നീഷ്യൻമാരായി നിയമിക്കാൻ ഇടുക്കി ഡി.എം.ഒ സർക്കാരിൽനിന്നും അനുമതി വാങ്ങിയിരുന്നോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 8 ഒഴിവുകൾ

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല.

(സി) ഇടുക്കി ജില്ലയിലെ തൊടുപുഴ ഒഴികെയുള്ള ആശുപത്രികളിൽ എം.എൽ.ടി. ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമയുള്ള ലാബ് ടെക്നീഷ്യന്മാരെ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് നേരിടുന്നതിനായി 27-9-2018-ൽ കൂടിയ സീനിയർ മെഡിക്കൽ ആഫീസർമാരുടെ കോൺഫറൻസിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ തൊടുപുഴ ഒഴികെയുള്ള വിവിധ ആശുപത്രികളിൽ എം.എൽ.ടി. ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമ കരസ്ഥമാക്കിയവരുടെ അഭാവത്തിൽ എൻ.എസ്.ഡി.സി. (N.S.D.C.) അല്ലെങ്കിൽ എൻ.സി.വി.റ്റി. (N.C.V.T.) എന്നീ കേന്ദ്ര സർക്കാർ അംഗീകൃത സർട്ടിഫിക്കേഷനോടുകൂടിയ സ്ഥാപനങ്ങൾ അംഗീകരിച്ച യോഗ്യതയുള്ളവരെ ലാബ് ടെക്നീഷ്യൻ തസ്തികയിൽ താല്ക്കാലികമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഇടുക്കി ജില്ലാ മെഡിക്കൽ ആഫീസർക്ക് 16-11-2018-ലെ സ.ഉ.(സാധാ)നമ്പർ3426/18/ആ.കു.വ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II

238(4024) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ വയനാട് ജില്ലയിലെ നിലവിലുള്ള ഒഴിവുകൾ എത്രയാണ്; ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എത്ര തസ്തികകളാണ് പി.എസ്.സി-.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; എന്നാണ് ഇത് സംബന്ധിച്ച കത്ത് നൽകിയത്; വിശദമാക്കുമോ?

ഉത്തരം

വയനാട് ജില്ലയിൽ നിലവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II തസ്തികയിൽ ഒഴിവുകളില്ല.

## ലാബ് ടെസ്റ്റുകൾക്ക് ഏകീകൃത ഫീസ്

239(4025) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലബോറട്ടറികളിൽ വിവിധ ടെസ്റ്റുകൾക്ക് പലതരത്തിലുള്ള ഫീസ് ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫീസ് നിശ്ചയിക്കുന്നതിൽ എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) മാനദണ്ഡം നിലവിൽ ഇല്ലായെങ്കിൽ ലാബ്ഫീസുകൾ ഏകീകരിക്കാനുള്ള നിയമ നിർമ്മാണം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലാബ് ടെസ്റ്റുകൾക്ക് ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം നിലവിലില്ല. എന്നാൽ, സർക്കാർ സ്വകാര്യ ആശുപത്രികൾ, ലാബോറട്ടറികൾ എന്നിവയെ നിയന്ത്രിക്കുകയും ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം ഉറപ്പാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ ആശുപത്രികളെയും ലാബോറട്ടറികളെയും നിയന്ത്രിക്കാനുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് കേരള നിയമസഭ പാസ്സാക്കിയിട്ടുണ്ട്. ആക്ട് പ്രാബല്യത്തിൽ വരുന്നതോടെ സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾ ഉൾപ്പെടുന്ന ചികിത്സാ സ്ഥാപനങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടി ആക്ടിന്റെ ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

**ഭക്ഷ്യസുരക്ഷാ വകുപ്പ് ഇൻസ്പെക്ഷൻ**

240(4026) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജനവരി മുതൽ ഭക്ഷ്യ സുരക്ഷ വകുപ്പ് ഇൻസ്പെക്ഷൻ നടത്തിയ ഹോട്ടലുകൾ, ബേക്കറി, മറ്റ് സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ജില്ലതിരിച്ച്; താലൂക്ക് തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇൻസ്പെക്ഷൻ നടത്തിയ സ്ഥാപനങ്ങളിൽ ഭക്ഷ്യസുരക്ഷ വകുപ്പ് ഫൈൻ നിശ്ചയിച്ച് നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ഓരോ സ്ഥാപനത്തിനും എത്ര രൂപ വീതം; വ്യക്തമാക്കുമോ;

(സി) ഫൈൻ നിശ്ചയിച്ച് നൽകിയ സ്ഥാപനങ്ങളിൽ എത്ര സ്ഥാപനങ്ങൾ ഫൈൻ നൽകിയിട്ടില്ല;ഫൈൻ അടച്ച സ്ഥാപനങ്ങൾ ഏതെല്ലാം;അടച്ച തുക എത്ര; സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഫൈൻ അടയ്ക്കാത്ത സ്ഥാപനങ്ങൾക്ക് എതിരെ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ ഭാഗത്തുനിന്ന് വീഴ്ചപറ്റിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വകുപ്പിലെ വീഴ്ചപ്പറ്റിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) റിപ്പോർട്ടുകൾ അനുബന്ധമായി* ഇതോടൊപ്പം നൽകുന്നു.

(ഡി) ഫൈൻ അടയ്ക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും തുടർന്നും ഫൈൻ അടയ്ക്കാതിരുന്നാൽ റവന്യൂ റിക്കവറി നടത്തുകയും ചെയ്യുന്നു.

(ഇ) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഭാഗത്തുനിന്ന് വീഴ്ച പറ്റിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫൈൻ അടയ്ക്കാത്തതുമായി ബന്ധപ്പെട്ട് ജീവനക്കാർക്കെതിരെ നടപചികളൊന്നും സ്വീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലിനമായ കുപ്പിവെള്ളം

241(4027) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനജലം കുപ്പിവെള്ളമായി വിതരണം ചെയ്യുന്ന കമ്പനികൾക്കെതിരെ നടപടി എടുക്കുന്നതിന് ആരോഗ്യവകുപ്പിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരം സംവിധാനം ഉണ്ടാക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് ലഭ്യമാകുന്ന കുപ്പിവെള്ള കമ്പനികളുടെ സാമ്പിളുകൾ ശേഖരിച്ച് വകുപ്പിന് കീഴിലുള്ള ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## പാലക്കാട് ജില്ലയിൽ അനലിറ്റിക്കൽ ലാബ്

242(4028) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളിലെ വിഷാംശവും മായംകലർന്ന പദാർത്ഥങ്ങളും തിരിച്ചറിയുന്നതിനുള്ള അനലിറ്റിക്കൽ ലാബുകൾ പാലക്കാട് ജില്ലയിൽ ഇല്ലാത്തതുകാരണം ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർ പിടിച്ചെടുക്കുന്ന ഭക്ഷ്യവസ്തുക്കൾ എറണാകുളം ജില്ലയിലെ കാക്കനാടുള്ള ലാബിലാണ് പരിശോധനയ്ക്ക് അയയ്ക്കുന്നതെന്നത് അറിയുമോ;

(ബി) ഇതുകാരണം പരിശോധന ഫലം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഇത് പരിഹരിക്കുന്നതിനായി പാലക്കാട് ജില്ലയിൽ അനലിറ്റിക്കൽ ലാബ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽനിന്നും ശേഖരിക്കുന്ന ഭക്ഷ്യ സാമ്പിളുകൾ എറണാകുളം ജില്ലയിലെ അനലിറ്റിക്കൽ ലാബിലാണ് പരിശോധനയ്ക്കായി

നൽകുന്നത്. കൂടാതെ, സ്വകാര്യ ലബോറട്ടറികളിലും സാമ്പിളുകൾ പരിശോധനയ്ക്കായി നൽകാറുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഗുണമേന്മയില്ലാത്ത ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പന

243(4029) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില കച്ചവടക്കാരും വഴിയോര കച്ചവടക്കാരും ഗുണമേന്മയില്ലാത്തതും ആവർത്തിച്ച് ഉപയോഗിച്ചതുമായ എണ്ണയിൽ പലഹാരങ്ങൾ ഉണ്ടാക്കുന്നതും പൊടിപടലങ്ങളും പ്രാണികളും ഉള്ള തുറസ്സായ സ്ഥലങ്ങളിൽ വിൽക്കുന്നതും ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇറച്ചി കടകളോടനുബന്ധിച്ച് മൃഗങ്ങളുടെ കൊഴുപ്പ് ഉരുക്കി ഭക്ഷ്യ എണ്ണയോട് കലർത്തുന്നത് വകുപ്പ് തലത്തിൽ നടപടികൾക്ക് വിധേയമാക്കിയിട്ടുണ്ടോ; നടപടി വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വഴിയോര കച്ചവടം നവീകരിക്കുകയും അതുവഴി സുരക്ഷിതമായ ആഹാരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ ഉൾപ്പെടെ സംഘടിപ്പിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തൊട്ടാകെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകളും നടത്തുന്നുണ്ട്.

(ബി) പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് പരാതികളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

## മെഡിക്കൽ മാലിന്യങ്ങൾ

244(4030) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(ബി) ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇമേജ് എന്ന സ്ഥാപനത്തിന്റെ പാലക്കാട് ഫക്ടറിയിൽ സംസ്ഥാനത്ത് ഒട്ടാകെയുള്ള ആശുപത്രികളിലെ മാലിന്യ സംസ്കരണത്തിന് സംവിധാനമുണ്ടോ;

(സി) ഐ.എം.എ.-യുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് വേറെ എവിടെയെങ്കിലും ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള യൂണിറ്റ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത ഫാക്ടറി സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പെരിങ്ങമല പരിസ്ഥിതി ദുർബല മേഖലയിലായതിനാലും അവിടെ ഉയർന്നിട്ടുള്ള ജനരോഷവും കണക്കിലെടുത്ത് പ്രസ്തുത പദ്ധതി ഉപേക്ഷിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ബയോമെഡിക്കൽ മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിനുള്ള ഒരു പൊതു സംവിധാനം പാലക്കാട് ജില്ലയിൽ, കഞ്ചിക്കോട് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന IMAGE എന്ന സ്ഥാപനമാണ്.

ആശുപത്രിയിലെ ബയോ മെഡിക്കൽ മാലിന്യങ്ങളായ സൂചികൾ, സിറിഞ്ചുകൾ, മരുന്നുകൾ, കോട്ടൺ, കത്തീറ്ററുകൾ, മനുഷ്യകോശ അവശിഷ്ടങ്ങൾ തുടങ്ങിയവ വേർതിരിച്ചശേഷം 'IMAGE' സംവിധാനം വഴി സംസ്കരിക്കുന്നു. ചില ആശുപത്രികളിൽ ഇതിനുവേണ്ടി ഇൻസിനേറ്ററുകൾ, ഷാർപ്പ് പിറ്റ് തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്.

പേപ്പർ, ഭക്ഷണാവശിഷ്ടങ്ങൾ, പ്ലാസ്റ്റിക് തുടങ്ങിയ ജനറൽ വേസ്റ്റുകൾ അതാത് ആശുപത്രികളിൽതന്നെ സംസ്കരിക്കുന്നു. ചില ആശുപത്രികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും ഇത്തരം മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നു.

ദ്രവ്യമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ചില ആശുപത്രികളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിലവിലുണ്ട്. പ്രധാനപ്പെട്ട ജില്ലാ/താലൂക്ക് ആശുപത്രികളിൽ ഇൻസിനറേറ്റർ ഉപയോഗിച്ച് ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നുണ്ട്.

(ബി) ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇമേജ് എന്ന സ്ഥാപനത്തിന്റെ പാലക്കാട് ഫാക്ടറിയിൽ 37 ടൺ ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിനുള്ള ശേഷിയുണ്ട്.

സംസ്ഥാനത്തൊട്ടാകെയുള്ള ആശുപത്രികളിലെ മാലിന്യം സംസ്കരിക്കുന്നതിന് ഈ സംവിധാനം പര്യാപ്തമല്ല.

(സി) IMA-യുടെ ആഭിമുഖ്യത്തിൽ രണ്ടാമത്തെ ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ ഏഴ് ഏക്കർ സ്ഥലം IMA വാങ്ങിയിട്ടുണ്ട്. ഇവിടെ ബയോ മെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതപത്രവും ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആയതിന് ആവശ്യമായ മറ്റ് അനുമതികൾകൂടി ലഭ്യമാക്കി പ്ലാന്റ് പ്രാവർത്തികമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) 2015-ലെ മിനിസ്ട്രി ഓഫ് എൻവയേൺമെന്റ് ആൻഡ് ഫോറസ്റ്റ് (MoEF) നോട്ടിഫിക്കേഷൻ പ്രകാരവും ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരവും ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള മറ്റ് നിയമങ്ങൾ അനുസരിച്ചും ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ഉടമസ്ഥതയിൽ ഇലവുപാലം, പാലോട് ഉള്ള ഭൂമിയിൽ ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നിയമപരമായി തടസ്സമില്ല. എല്ലാത്തരം മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കെതിരെയും പൊതുവായി ഉണ്ടാകാവുന്ന പരിമിതമായ എതിർപ്പുകൾ മാത്രമാണ് ഇവിടെയും നിലനിൽക്കുന്നത്.

**ഇംപ്ലാന്റിന് വൻതുക ഈടാക്കുന്നതായ പരാതി**

245(4031) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശസ്ത്രക്രിയയിലൂടെ ശരീരത്തിൽ സ്ഥാപിക്കുന്ന ഇംപ്ലാന്റുകളുടെ വിതരണക്കാരായ ഏജന്റുമാർ വൻതുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ആശുപത്രികളിൽ ന്യായവില മെഡിക്കൽ ഷോപ്പിൽനിന്നും ലഭിക്കുന്ന ഇംപ്ലാന്റുകൾക്ക് ഗുണനിലവാരമില്ലായെന്ന് ഡോക്ടർമാർ രോഗികളെ തെറ്റിദ്ധരിപ്പിച്ച് ഉയർന്ന വിലയുള്ള ഇംപ്ലാന്റുകൾ പുറത്ത് നിന്ന് വാങ്ങുവാൻ പ്രേരിപ്പിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരം പരാതികളിൽ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടില്ല. ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയുടെ വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇംപ്ലാന്റുകൾക്ക് നിശ്ചയിച്ച വിലയേക്കാൾ കൂടുതൽ വിലയ്ക്ക് വിൽപ്പന നടത്തുവാൻ സാധിക്കുകയില്ല. ഇത് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരത്തിലുള്ള ഏതെങ്കിലും പരാതികൾ ലഭിക്കുന്നപക്ഷം കാര്യക്ഷമമായി അന്വേഷണം നടത്തി ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## ആരോഗ്യ ചികിത്സാരംഗത്ത് എഫർസിസ് ടെക്നോളജി

246(4032) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ചികിത്സാരംഗത്ത് എഫർസിസ് ടെക്നോളജിയുടെ പ്രാധാന്യം വിശദമാക്കുമോ;

(ബി) എഫർസിസ് മെഷീൻ സ്ഥാപിച്ചിട്ടുള്ള സർക്കാർ മെഡിക്കൽ കോളേജ് ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജിൽ ഏത് വകുപ്പാണ് എഫർസിസ് മെഷീൻ കൈകാര്യം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ ചികിത്സാരംഗത്ത് എഫർസിസ് ടെക്നോളജി ഡോണർ ഫറസിസിനും തെറാപ്യൂട്ടിക് ഫറസിസിനും ഉപയോഗിക്കുന്നു. ഡോണർ ഫറസിസ് രക്തദാതാക്കളിലും (പ്ലാസ്മ ഫറസിസ്, പ്ലേറ്റ്ലറ്റ് ഫറസിസ്, സ്റ്റം സെൽ ഫറസിസ്, എരിത്രൊസൈറ്റോ ഫറസിസ്, ഗ്രാനുലോസൈറ്റാഫറസിസ്) തെറാപ്യൂട്ടിക് ഫറസിസ് രോഗികളിലും (മുഖ്യമായും ആട്ടോ ഇമ്മ്യൂൺ അസുഖം ചികിത്സയ്ക്കായിട്ട്) ഉപയോഗിക്കുന്നു.

(ബി) എഫർസിസ് മെഷീൻ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം.

## മലബാർ ക്യാൻസർ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനം

247(4033) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മലബാർ കാൻസർ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് 2018-19 വർഷത്തെ ബഡ്ജറ്റിൽ 38 കോടി രൂപ വകയിരുത്തിയിട്ടുള്ളത് കൂടാതെ എന്തെല്ലാം നടപടികളാണ് സർക്കാർ ഇത് വരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2018-19 സാമ്പത്തിക വർഷത്തിൽ മലബാർ ക്യാൻസർ സെന്ററിന് പ്ലാൻ ഇനത്തിൽ 38.50 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും 30.80 കോടി രൂപയായി നിജപ്പെടുത്തി. പ്രസ്തുത തുക വിനിയോഗിച്ച് പൂർത്തീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| നമ്പർ | പദ്ധതിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ക്ലിനിക്കൽ ലബോറട്ടറി സർവ്വീസിൽ അഡ്വാൻസ്ഡ് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ അസോസ്സിയേറ്റഡ് സംവിധാനം | 540 | ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |
| 2 | ടിഷ്യൂ ബാങ്ക്, ബയോ ബാങ്കിംഗ് സംവിധാനം | 343 | |
| 3 | ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിന്റെ നവീകരണം | 1200 | |
| 4 | സർജിക്കൽ ഓങ്കോളജി വിഭാഗത്തിന്റെ ശക്തിപ്പെടുത്തൽ | 145 | |
| 5 | നെറ്റ്‌വർക്ക് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രേഡ് ചെയ്യൽ | 10 | |
| 6 | സ്റ്റുഡൻസ് ഹോസ്റ്റലിന്റെ ആദ്യഘട്ട നിർമ്മാണം | 395 | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 7 | നഴ്സസ് ഹോസ്റ്റലിൽ അഡീഷണൽ ഫ്ലോർ നിർമ്മിക്കുന്നതിന് | 430 | |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | ചുറ്റുമതിലിന്റെയും ഗേറ്റിന്റെയും നിർമ്മാണം | 17 | പ്രസ്തുത പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് 15,03,765 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് കണ്ണൂർ വിശദമായി പരിശോധിക്കുകയും പ്രസ്തുത പ്രവൃത്തി മെ. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ആകെ | | 3080 | |

## ചക്കയുടെ പോഷകഗുണത്തെക്കുറിച്ച് ശാസ്ത്രീയമായി പഠനം

248(4034) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ഔദ്യോഗിക ഫലവൃക്ഷമായി ചക്കയെ പ്രഖ്യാപിച്ചുവെങ്കിലും ചക്കയുടെ പോഷകഗുണത്തെക്കുറിച്ച് ശാസ്ത്രീയമായി പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഡയബെറ്റിസിന് ഒരു പ്രതിവിധിയായി ചക്കയെ ഉപയോഗിക്കുന്നു എന്നതിന് ശാസ്ത്രീയമായ അടിത്തറയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) അങ്ങനെയെങ്കിൽ ചക്കയുടെ പോഷകഗുണത്തെക്കുറിച്ച് സംസ്ഥാനത്തെ ആയുർവേദ ഡോക്ടർമാരിലൂടെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ മുൻകൈ എടുക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) ആരോഗ്യ വകുപ്പിനുകീഴിൽ ചക്കയുടെ പോഷകഗുണത്തെപ്പറ്റിയുള്ള ശാസ്ത്രീയ പഠനങ്ങൾ നിലവിൽ നടത്തിയിട്ടില്ല.

**ജീവിതശൈലീ രോഗങ്ങൾ തടയുന്നതിന് നടപടി**

249(4035) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നത് തടയുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും കൂടിച്ചേർന്ന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്;

(ബി) സംസ്ഥാനത്തെ എല്ലാ പി. എച്ച്.സി.-കളിലും ആഴ്ചയിൽ ഒരു ദിവസം ഡയബറ്റോളജിസ്റ്റ്, ഹൃദ്രോഗ വിദഗ്ധൻ, ഓങ്കോളജിസ്റ്റ്, ഇ.എൻ.ടി. വിദഗ്ധൻ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഡയബറ്റിസിനും ഹൃദ്രോഗങ്ങൾക്കുമുള്ള അത്യാവശ്യ മരുന്നുകൾ സൗജന്യമായി രോഗികൾക്ക് നൽകുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ആണുള്ളത്; വിശദാംശം നൽകാമോ?

ഉത്തരം

(എ) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതിയാണ് അമൃതം ആരോഗ്യം എന്ന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി. പ്രമേഹം കൊണ്ടുണ്ടാകുന്ന നേത്രപടല രോഗമായ നേത്രപടലാന്ധത (ഡയബറ്റിക് റെറ്റിനോപ്പതി), ഡയബറ്റിക് ഫൂട്ട്, ഗുരുതര ശ്വാസകോശ രോഗമായ സി.ഒ.പി.ഡി. (COPD) തുടങ്ങിയ രോഗങ്ങളും മുൻകൂട്ടി കണ്ടെത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ 6 ദിവസവും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രണ്ട് ദിവസവും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ആശുപത്രികളിലും ആഴ്ചയിൽ ആറ് ദിവസവും ജീവിതശൈലീ

രോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് കുട്ടികളിലെ ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണത്തിനായി ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ ആൻഡ് അവയർനെസ് പ്രോഗ്രാം (LEAP) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഇപ്പോൾ ഇത് സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായാണ് നടപ്പിലാക്കുന്നത്. ആരോഗ്യ കേന്ദ്രങ്ങളിൽ നടക്കുന്ന ജീവിതശൈലീ രോഗനിർണ്ണയ പരിപാടിയുടെ പങ്കാളിത്തവും പരിപോഷണവും തദ്ദേശസ്വയംഭരണ വകുപ്പാണ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്.

(ബി) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ ഡയബറ്റോളജിസ്റ്റ്, ഹൃദ്രോഗവിദഗ്ധൻ, ഓങ്കോളജിസ്റ്റ് എന്നീ വിഭാഗം ഡോക്ടർമാരുടെ ദൗർലഭ്യം നിലവിലുണ്ട്. താലൂക്ക് ജില്ലാ ആശുപത്രികളിലെ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിപ്പിക്കുവാൻപോലും സ്പെഷ്യലിസ്റ്റുകൾ അപര്യാപ്തമാണെന്നിരിക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിലൊരിക്കൽ ഇ.എൻ.റ്റി. വിദഗ്ധൻ ഉൾപ്പെടെയുള്ള വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നത് സാങ്കേതികമായി പ്രായോഗികമല്ല. എന്നാൽ സ്പെഷ്യലിസ്റ്റുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മെഡിക്കൽ ക്യാമ്പുകൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) ഡയബറ്റിസിനും ഹൃദ്രോഗത്തിനുമുള്ള അവശ്യ മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴിയാണ് സംഭരിച്ച് വിതരണം ചെയ്തുവരുന്നത്. ഇത് എല്ലാ വിഭാഗം ജനങ്ങൾക്കും തികച്ചും സൗജന്യമായാണ് സർക്കാർ മേഖലയിലുള്ള ആശുപത്രികൾ മുഖേന വിതരണം ചെയ്തുവരുന്നത്.

## കാട്ടാക്കട-പനയംകോട് കേന്ദ്രമായി സബ്-സെന്റർ

250(4036) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട പഞ്ചായത്തിലെ പനയംകോട് കേന്ദ്രമായി ആരോഗ്യവകുപ്പിന്റെ സബ്-സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ?

### ഉത്തരം

കാട്ടാക്കട പഞ്ചായത്തിലെ പനയംകോട് വാർഡിൽ പുതിയ സബ് സെന്റർ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കാട്ടാക്കട പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ സമർപ്പിച്ച നിവേദനത്തിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുന്നു.

**ഹെമറ്റോളജി അനലൈസർ - ടെണ്ടർ നടപടികൾ**

251(4037) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ സൂപ്രണ്ടുമാരുടെ യോഗത്തിൽ ഹെമറ്റോളജി അനലൈസർ എന്ന രക്ത പരിശോധന ഉപകരണം വാങ്ങുന്ന കാര്യം ചർച്ച ചെയ്തിരുന്നോ;

(ബി) ഹെമറ്റോളജി അനലൈസർ എന്ന ഉപകരണത്തിന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ രേഖപ്പെടുത്തിയിട്ടുള്ള കുറഞ്ഞ തുക എത്രയാണ്;

(സി) ഈ ഉപകരണം വഴി രക്തപരിശോധനയ്ക്ക് ഒരു രോഗി എത്ര രൂപ നൽകേണ്ടിവരും;

(ഡി) ഉപകരണം വാങ്ങുന്നതിന് ടെണ്ടർ വിളിച്ചോ ; വിളിച്ചെങ്കിൽ പങ്കെടുത്ത കമ്പനികളും സ്ഥാപനങ്ങളും അവ രേഖപ്പെടുത്തിയ തുകയും എത്രയാണെന്ന് വിശദമാക്കാമോ;

(ഇ) ഈ ടെണ്ടർ ആർക്കാണ് സ്ഥിരപ്പെടുത്തിയത്; കോർപ്പറേഷൻ രേഖപ്പെടുത്തിയ കുറഞ്ഞ തുകയിൽനിന്ന് എത്ര രൂപ കൂടുതൽ നൽകിയാണ് സ്ഥിരപ്പെടുത്തിയത്?

ഉത്തരം

(എ) ഔദ്യോഗികമായി ചർച്ച ചെയ്തിട്ടില്ല.

(ബി) 16-1-2018 വരെ നിലവിലുണ്ടായിരുന്ന റണ്ണിംഗ് കോൺട്രാക്ട് പ്രകാരം 2,34,918 രൂപയായിരുന്നു ഉപകരണത്തിന്റെ വില.

(സി) 3 പാർട്ട് ഹെമറ്റോളജി അനലൈസർ ആണെങ്കിൽ 25-35 രൂപയും 5 പാർട്ട് അനലൈസർ ആണെങ്കിൽ 35-50 രൂപയും ചെലവ് വരും.

(ഡി&ഇ) ഹെമറ്റോളജി അനലൈസർ ഉപകരണം വാങ്ങുന്നതിനുള്ള ദർഘാസ് നടപടികൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ പുരോഗമിക്കുകയാണ്.

## ഒഫ്ത്താൽമിക് അസിസ്റ്റന്റ്, റിഫ്രാക്ഷനിസ്റ്റ്, ഓർത്തോപ്റ്റിസ്റ്റ് തസ്തികകളുടെ ഏകീകരണം

252(4038) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിൽ ഒഫ്ത്താൽമിക് അസിസ്റ്റന്റ്, റിഫ്രാക്ഷനിസ്റ്റ്, ഓർത്തോപ്റ്റിസ്റ്റ് തുടങ്ങിയ തസ്തികകൾ ഏകീകരിച്ച് ഓപ്റ്റോമെട്രിസ്റ്റ് എന്നാക്കി 28-2-2011-ൽ ഉത്തരവ് ഇറക്കിയിട്ടും പ്രസ്തുത ഉത്തരവ് ഇതുവരെ നടപ്പാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പാക്കുവാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

ഒഫ്ത്താൽമിക് അസിസ്റ്റന്റ്, റിഫ്രാക്ഷനിസ്റ്റ്, ഓർത്തോപ്റ്റിസ്റ്റ് എന്നീ തസ്തികകൾ ഏകീകരിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 28-2-2011-ൽ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്.) നമ്പർ 145/2011 ആ.കു.വ. ഉത്തരവ് ആരോഗ്യ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്.

## എച്ച് 1 എൻ 1 പനി

253(4039) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്1 എൻ1 പനി പടരുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷം സംസ്ഥാനത്ത് എത്ര പേർക്ക് ഈ രോഗം ബാധിച്ചുവെന്നും എത്രപേർ മരണമടഞ്ഞുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വർഷം ജനവരി മുതൽ ഡിസംബർ 6 വരെ 624 പേർക്ക് എച്ച് 1 എൻ 1 പനി സ്ഥിരീകരിക്കുകയും 40 പേർ മരണപ്പെടുകയുമുണ്ടായി.

## എം.സി.ഐ. പ്രവേശനാനുമതി വിലക്കിയ മെഡിക്കൽ കോളേജുകൾ

254(4040) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സൗകര്യങ്ങളുടെ അഭാവത്തിൽ ഈ വർഷം എം.സി.ഐ. (മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ) വിലക്കുകയും, പ്രസ്തുത വിലക്ക് സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിലെ പ്രവേശനമാണ് അപ്രകാരം വിലക്കിയതെന്നും, അതുമൂലം എത്ര വിദ്യാർത്ഥികളുടെ എം.ബി.ബി.എസ്. പ്രവേശനമാണ് തടസ്സപ്പെട്ടതെന്നും വ്യക്തമാക്കുമോ ;

(സി) മറ്റ് പ്രൊഫഷനൽ കോളേജുകളിൽ പ്രവേശനം നേടിയിരുന്ന വിദ്യാർത്ഥികൾ ഇതുസംബന്ധിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അതുപേക്ഷിച്ച് പ്രസ്തുത മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ എടുത്തതുമൂലം അവരുടെ പഠനം നിലയ്ക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ;

(ഡി) എം.സി.ഐ. പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിൽ എന്തെല്ലാം ന്യൂനതകളാണ് ചൂണ്ടിക്കാണിച്ചതെന്നും പ്രസ്തുത ന്യൂനതകൾ പരിഹരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കോളേജിൽ ആവശ്യമായ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചുവടെ പറയുന്ന നാല് മെഡിക്കൽ കോളേജുകളിലായി 550 വിദ്യാർത്ഥികളുടെ മെഡിക്കൽ പ്രവേശനം തടസ്സപ്പെട്ടിട്ടുണ്ട്.

1. അൽ അസ്സർ മെഡിക്കൽ കോളേജ് തൊടുപുഴ
2. ഡി. എം. വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, വയനാട്
3. പി. കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, പാലക്കാട്

4. എസ്. ആർ. മെഡിക്കൽ കോളേജ് & റിസർച്ച് സെന്റർ, തിരുവനന്തപുരം

(സി) അത്തരം സാഹചര്യമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

**സർട്ടിഫിക്കറ്റുകൾ തടഞ്ഞുവയ്ക്കുന്ന നടപടി**

255(4041) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ സ്വയംഭരണസ്ഥാപനമായ സീമെറ്റിന്റെ (SI-MET) കീഴിലുള്ള നഴ്സിംഗ് കോളേജുകളിലെ ബി.എസ്.സി. നഴ്സിംഗ്, പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് പഠനം ഇടക്കാലത്ത് അവസാനിപ്പിക്കുന്ന വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, ജി.എൻ.എം. സർട്ടിഫിക്കറ്റുകൾ ലിക്വിഡേറ്റഡ് ഡാമേജ് അടച്ചില്ല എന്ന കാരണത്താൽ തടഞ്ഞുവച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ തടഞ്ഞുവച്ച സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കുന്നതിനായി വിദ്യാർത്ഥികളുടെ/ മാതാപിതാക്കളുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പിലുള്ള C3/114/18, C3/73/2018, C3/119/2018 എന്നീ ഫയലുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) പിന്നോക്ക വിഭാഗവിദ്യാർത്ഥിനിയായ കുമാരി ശരണ്യ.T.S. (Receipt No. 2248217/2018), പിതാവ് മരണപ്പെട്ട വിദ്യാർത്ഥിയായ വസീല (Receipt No. 2973685/2018) എന്നീ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ പ്രത്യേക കേസായി പരിഗണിച്ച് ലിക്വിഡേറ്റഡ് ഡാമേജ് ഒഴിവാക്കി തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇടക്കാലത്ത് പഠനം നിർത്തുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ ലിക്വിഡേറ്റഡ് ഡാമേജ് അടച്ചില്ല എന്ന കാരണത്താൽ തടഞ്ഞുവയ്ക്കുന്ന SI-MET പ്രോസ്പെക്ടസിലെ നിബന്ധനമൂലം വിദ്യാർത്ഥികളുടെ തുടർപഠനം തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) തടഞ്ഞുവച്ചിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) മേൽഫയലുകൾ പരിശോധനയിലാണ്.

(ഡി) പരിശോധനയിലാണ്.

(ഇ) സി-മെറ്റിന്റെ പ്രധാന വരുമാനമാർഗ്ഗം വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന ഫീസാണ്. വിദ്യാർത്ഥികൾ ഇടക്കുവച്ച് പഠനം നിർത്തുകയാണെങ്കിൽ സി-മെറ്റിന് സാമ്പത്തിക നഷ്ടമുണ്ടാകുമെന്നതു മാത്രമല്ല മറ്റൊരു വിദ്യാർത്ഥിയുടെ പഠിക്കാനുള്ള അവസരം കൂടി നഷ്ടപ്പെടുത്തിയെതിനാൽ പ്രൊസ്പെക്ടസ് നിബന്ധന മാറ്റാൻ തൽക്കാലം കഴിയില്ല. എന്നാൽ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെയോ സർക്കാരിന്റെയോ കോടതിയുടെയോ ഉത്തരവിൻ പ്രകാരം വിദ്യാർത്ഥി/രക്ഷിതാവ് സമർപ്പിക്കുന്ന ബോണ്ടിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റുകൾ തിരികെ നൽകാറുണ്ട്.

**പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജ്**

256(4042) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരിയാരം ഗവൺമെന്റ് ആയൂർവേദ കോളേജിൽ ബി.എ.എം.എസ് സീറ്റുകളുടെ എണ്ണം 40-ൽ നിന്ന് 60 ആയി വർദ്ധിപ്പിക്കുകയും പുതിയ 3 പി.ജി. കോഴ്സുകൾ അനുവദിക്കുകയും ചെയ്ത സാഹചര്യത്തിൽ പുതിയ അക്കാദമിക് ബ്ലോക്കും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും നേത്ര – ഇ.എൻ.ടി. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കും ലേഡീസ് ഹോസ്റ്റലും നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

കണ്ണൂർ സർക്കാർ ആയുർവ്വേദ കോളേജിൽ പുതിയ അക്കാദമിക് ബ്ലോക്ക്, ഇ.എൻ.ടി. ആൻഡ് ഒഫ്ത്താൽമോളജി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, പെൺകുട്ടികൾക്ക് വേണ്ടി പുതിയ ഹോസ്റ്റൽ എന്നീ കെട്ടിടങ്ങളുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് മുഖേന തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഹോമിയോപ്പതിയുടെ സമഗ്ര വികസനം

257(4043) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതിയുടെ സമഗ്രവികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവൽക്കരണത്തിനും ഹോമിയോ ആശുപത്രികളെ എൻ.എ.ബി.എച്ച് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും ഹോമിയോ ഡിസ്പെൻസറികളെ നവീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഹോമിയോ മരുന്നുകളുടെ നിർമ്മാണവും വിതരണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഹോംകോ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഹോമിയോപ്പതിയുടെ സമഗ്രവികസനത്തിനായി ആവിഷ്കരിക്കപ്പെട്ട് നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2018-19 വാർഷിക പദ്ധതി പ്രകാരം ഹോമിയോപ്പതി വകുപ്പിന്റെ ആധുനികവത്കരണത്തിനും നിലവാരം മെച്ചപ്പെടുത്തലിനുമായി 750 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ഹോമിയോപ്പതി സ്ഥാപനങ്ങളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി 290 ലക്ഷം രൂപയും 14 ജില്ലാ ഹോമിയോ ആശുപത്രികളെ എൻ.എ.ബി.എച്ച്. നിലവാരത്തിൽ ഉയർത്തുന്നതിനായി ഈ വർഷം 70 ലക്ഷം രൂപയും കഴിഞ്ഞ വർഷം 140 ലക്ഷം രൂപയും ഉൾപ്പെടെ 210 ലക്ഷം രൂപയും ഹോമിയോ ഡിസ്പെൻസറികളെ മോഡൽ ഹോമിയോ ഡിസ്പെൻസറികളാക്കി ഉയർത്തുന്നതിനും നിലവിലുള്ള മോഡൽ ഹോമിയോ ഡിസ്പെൻസറികളെ ശക്തിപ്പെടുത്തുന്നതിനുമായി 42 ലക്ഷം രൂപയും ആധുനികവത്കരണത്തിന്റെ ഭാഗമായി ഹോമിയോപ്പതി വകുപ്പിൽ ഇ-ഗവേണൻസ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പിൽവരുത്തുന്നതിനായി 43.40 ലക്ഷം രൂപയും ആശുപത്രിയിൽ ക്ലിനിക്കൽ ലാബ് സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപയും പുതിയ ജില്ലാ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ 151.85 ലക്ഷം രൂപയും അനുവദിക്കപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര സർക്കാർ ഹോമിയോ ആശുപത്രി, ആലപ്പുഴ ജില്ലയിലെ കായംകുളം സർക്കാർ ഹോമിയോ ആശുപത്രി, കോട്ടയം ജില്ലാ ഹോമിയോ ആശുപത്രി എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ക്ലിനിക്കൽ ലാബുകൾ ആരംഭിച്ചു. രോഗീസൗഹൃദമായ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും മറ്റ് ഭൗതിക സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിക്കൊണ്ടും 42 ഹോമിയോ ഡിസ്പെൻസറികളെ മാതൃകാ സർക്കാർ ഹോമിയോ ഡിസ്പെൻസറികളായി അപ്ഗ്രേഡ് ചെയ്തു. 14 ജില്ലാ ഹോമിയോ ആശുപത്രികളെ എൻ.എ.ബി.എച്ച് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. രോഗികൾക്ക് സമഗ്ര ചികിത്സ ലഭിക്കുന്നതിനായി യോഗ, പ്രകൃതി ജീവനം, ഹോമിയോപ്പതി എന്നീ സമ്പ്രദായങ്ങളെ സമന്വയിപ്പിച്ചു കൊണ്ടുള്ള ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ (ആയുഷ്മാൻഭവഃ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആരംഭിച്ചു. ക്യാൻസർ സാന്ത്വന പരിചരണത്തിനും ചികിത്സയ്ക്കുമായി സംസ്ഥാനത്തെ എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും സാന്ത്വന പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു.

സുസജ്ജമായ ഫിസിയോതെറാപ്പി യൂണിറ്റോടുകൂടിയ ജെറിയാട്രിക് കെയർ സെന്ററുകൾ തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം, വയനാട്, കോട്ടയം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ ആരംഭിച്ചു. ആലപ്പുഴ ജില്ലയിലെ കുട്ടനാട്, ഹരിപ്പാട്, ചമ്പക്കുളം തുടങ്ങിയ തീരദേശ മേഖലകളിലെ രോഗികൾക്കായി ഫ്ലോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചു. കൂടാതെ വിവിധ ജില്ലകളിൽ വ്യത്യസ്ത രോഗങ്ങൾക്കായുള്ള ഹോമിയോപ്പതി സ്പെഷ്യാലിറ്റി ക്ലിനിക്കുകളും ആരംഭിച്ചു. കുട്ടികളുടെ ശാരീരിക/മാനസിക പ്രശ്ന പരിഹാരത്തിനായി എല്ലാ ജില്ലകളിലും അഡോളസെന്റ് ഹെൽത്ത് കെയർ ആൻഡ് ബിഹേവിയറൽ മാനേജ്മെന്റ് പ്രോഗ്രാം ആരംഭിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്ത്രീകളുടെ ആരോഗ്യം, സ്ത്രീ സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനോടൊപ്പം കൗൺസിലിംഗുംകൂടി നൽകുന്ന സ്ത്രീ സാന്ത്വന പദ്ധതിയായ സീതാലയം എല്ലാ ജില്ലകളിലും ആരംഭിച്ചു.

ഓരോ ജില്ലയിലെയും തെരഞ്ഞെടുക്കപ്പെട്ട ഡിസ്പെൻസറികളെ KASH (Kerala Accreditation Standards for Ayush Hospitals) നിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അതിനായി ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റികൾ സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും രൂപീകരിക്ക

പ്പെട്ടിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികളുടെ നേതൃത്വത്തിൽ സ്ഥാപനങ്ങളിലെ ഗ്യാപ്പ് അനലൈസിസും ക്വാളിറ്റി ഇവാല്യുവേഷനും നടന്നുവരുന്നു.

(സി) ഹോമിയോ മരുന്നുകളുടെ നിർമ്മാണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഷിഫ്റ്റുകളുടെ ആവൃത്തി വർദ്ധിപ്പിക്കുകയും കൂടുതൽ തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയും ചെയ്യുന്നു. ഹോംകോയിൽ നിലവിലുള്ള കെട്ടിടത്തിൽത്തന്നെ ഉത്പാദനം കാര്യക്ഷമമാക്കുന്നതിനായി നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലെത്തിയിട്ടുള്ളതും ആലപ്പുഴ വലിയ കലവൂരിൽ ഹോംകോയുടെ പുതിയ യൂണിറ്റിന്റെ നിർമ്മാണം അടുത്ത സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതോടെ കൂടുതൽ പുരോഗതി കൈവരിക്കാനാകുന്നതുമാണ്.

**ആലത്തൂർ ഹോമിയോ ഡിസ്പെൻസറി**

258(T*4044) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ;

(ബി) സർക്കാർ ഹോമിയോ ഡിസ്പെൻസറി താൽക്കാലികമായി പ്രവർത്തിക്കുന്നതിന് വാടക കെട്ടിടം ലഭ്യമായിട്ടുണ്ടോ;

(സി) ഹോമിയോ ഡിസ്പെൻസറി എന്ന് പ്രവർത്തനം തുടങ്ങും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറിക്ക് പഞ്ചായത്ത് മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ആലത്തൂർ എം.എൽ.എ-യുടെ ഫണ്ടിൽനിന്നും 15 ലക്ഷം രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. പുതിയ ഹോമിയോ ഡിസ്പെൻസറി കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് നിലനിൽക്കുന്ന ആരോഗ്യ വകുപ്പിന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് പഞ്ചായത്ത് അധികൃതർ കത്ത് നൽകിയിട്ടുണ്ട്. ആയത്

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ലഭിച്ചാലുടനെ പ്രസ്തുത സ്ഥലത്ത് ഹോമിയോ ഡിസ്പെൻസറിയുടെ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അധികൃതർ കൈക്കൊള്ളുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ആരോഗ്യ വകുപ്പിന്റെ പഴയ കെട്ടിടം പൊളിച്ചുനീക്കുന്നതിന് അനുമതി ലഭിച്ചാലുടനെ കെട്ടിടം പണി ആരംഭിക്കാവുന്നതും ഒരു വർഷത്തിനുള്ളിൽ പുതിയ കെട്ടിടത്തിലേയ്ക്ക് ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും ആലത്തൂർ പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

## മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) റാങ്ക് ലിസ്റ്റിലെ നിയമനം

259(4045) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 268/11 പ്രകാരം നിലവിലുണ്ടായിരുന്ന മെഡിക്കൽ ഓഫീസർ (ആയുർവേദ) റാങ്ക് ലിസ്റ്റിലെ നിയമനവുമായി ബന്ധപ്പെട്ട് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്ന OA.1900/2017 കേസിൽ 3-8-2018-ന് പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ പ്രൊവിഷണലായി റിപ്പോർട്ട് ചെയ്തിരുന്ന 28 ഒഴിവുകളിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിനെതിരെ ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ ഫയൽ ചെയ്തിരുന്ന റിവ്യൂ അപ്ലിക്കേഷൻ 31/2018 അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 8-11-2018-ലെ ഉത്തരവ് പ്രകാരം ഡിസ്മിസ്സ് ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മെഡിക്കൽ ഓഫീസർ തസ്തികയിലെ പ്രസ്തുത 28 ഒഴിവുകളിൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശ പ്രകാരം നിയമനം നടത്തുന്നതിന് അഡ്വൈസ് നൽകുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. എന്നാൽ വിധിപ്പകർപ്പ് ലഭ്യമായിട്ടില്ല.

(സി) നിയമനം നടത്തുന്നതിനാവശ്യമായ ഒഴിവുകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ ഇതിന്മേൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മുട്ടത്തറയിലെ ആയുർവ്വേദ മരുന്നു നിർമ്മാണശാല

260(4046) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം മുട്ടത്തറയിൽ ആരംഭിച്ച ആയുർവേദ മരുന്നുനിർമ്മാണശാലയായ ഔഷധിയിൽ എത്രയിനം മരുന്നുകളാണ് ഉൽപ്പാദിപ്പിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത ഫാക്ടറി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4 ഇനം മരുന്നുകളാണ് മുട്ടത്തറ ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്നത്. പ്രമേഹൗഷധി ചൂർണ്ണം, പ്രമേഹൗഷധി ടാബ്ലറ്റ്, ലിപ്പോകെയർ ടാബ്ലെറ്റ്, കാർഡോകെയർ ടാബ്ലെറ്റ് എന്നീ മരുന്നുകളാണ് ഉൽപ്പാദിപ്പിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് മുട്ടത്തറയിലെ ആയുർവ്വേദ മരുന്ന് നിർമ്മാണശാല പ്രവർത്തനമാരംഭിച്ചത്.

(ബി) പ്രസ്തുത ഫാക്ടറി വിപുലീകരിക്കുന്നതിന് നിലവിൽ പദ്ധതികളില്ല. എന്നാൽ ഭാവിയിൽ ഔഷധിയുടെ എല്ലാ പ്രൊപ്രൈറ്ററി മരുന്നുകളും ഈ യൂണിറ്റിൽ നിർമ്മിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## സാമൂഹ്യ സുരക്ഷാ മിഷനിൽനിന്ന് നൽകേണ്ട ധനസഹായം

261(4047) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഡ്നി-ഹൃദയം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്കും മറ്റ് ഗുരുതര രോഗം ബാധിച്ചവർക്കും സാമൂഹ്യ സുരക്ഷാ മിഷനിൽനിന്ന് നൽകേണ്ട ധനസഹായം ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽനിന്ന് സമർപ്പിക്കപ്പെട്ട അപേക്ഷകർക്ക് എത്രയും വേഗം സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ നിർദ്ദേശിക്കുമോ;വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ സമാശ്വാസം പദ്ധതി പ്രകാരം വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് പ്രതിമാസം 1,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. ആയത് 2018 ജൂലൈ മാസം വരെ വിതരണം ചെയ്തിട്ടുണ്ട്. ധനസഹായ വിതരണം ബാങ്കിൽനിന്നും മാറ്റി ട്രഷറി മുഖേനയാക്കിയതിലുണ്ടായ ചില സാങ്കേതിക കാരണങ്ങൾമൂലം ചികിത്സ ധനസഹായ വിതരണത്തിൽ നേരിയ തോതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. 2018 ആഗസ്റ്റ് മാസം മുതലുള്ള കുടിശ്ശിക തീർത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അനധികൃത കൗൺസിലിംഗ് സെന്ററുകൾ നിയന്ത്രിക്കാൻ നടപടി

262(4048) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുടനീളം കൗൺസിലിംഗ് സെന്ററുകൾ പെരുകിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കൗൺസിലിംഗിൽ മതിയായ പരിശീലനം ലഭിച്ചവരോ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് കൗൺസിലിംഗ് കോഴ്സുകൾ പൂർത്തിയാക്കിയവരോ ആണോ ഇത്തരം സ്ഥാപനങ്ങൾ നടത്തുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അനധികൃത കൗൺസിലിംഗ് സെന്ററുകൾ നിയന്ത്രിക്കുന്നതിന് ഈ മേഖലയിൽ ലൈസൻസ് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സെന്ററുകൾ പ്രവർത്തിക്കുന്നത് ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ആശ്വാസകിരണം പദ്ധതി

263(4049) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ നേരിടുന്നതുമൂലം ശയ്യാവലംബരായ രോഗികളെ സഹായിക്കുന്നവർക്കായി സാമൂഹ്യ സുരക്ഷാമിഷൻ നടപ്പിലാക്കിവരുന്ന ആശ്വാസ കിരണം പദ്ധതിയുടെ ധനസഹായം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശ്വാസ കിരണം പദ്ധതിയുടെ അപേക്ഷ സ്വീകരിക്കുന്നതും അർഹരായവരെ കണ്ടെത്തുന്നതിലുമുള്ള കാലതാമസം ഒഴിവാക്കാൻ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരാൻ തയ്യാറാവുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ആശ്വാസകിരണം പദ്ധതി ധനസഹായം ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകൾ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ശിശുവികസന പദ്ധതി ഓഫീസർ എന്നിവരുടെ ശിപാർശ സഹിതം ലഭ്യമാകുന്നമുറയ്ക്ക് അർഹത പരിശോധിച്ച് ധനസഹായം അനുവദിച്ചുവരുന്നു. ആശ്വാസകിരണം പദ്ധതി അപേക്ഷകൾ ഓൺലൈൻവഴി സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഓൺലൈൻ സംവിധാനം നിലവിൽവരുന്നതോടെ കൂടുതൽ വേഗത്തിൽ ധനസഹായം ലഭ്യമാക്കാൻ കഴിയുന്നതാണ്.

## സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

264(4050) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം സാമൂഹ്യനീതി വകുപ്പിന് അനുവദിച്ച തുക എത്ര; വിനിയോഗിച്ച തുക എത്ര എന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) 2018-19 വർഷം മുതലാണ് സാമൂഹ്യനീതി വകുപ്പും വനിതാ ശിശുവികസന വകുപ്പും വിഭജിച്ച് ബഡ്ജറ്റ് ശീർഷകങ്ങളിൽ പ്രത്യേക തുക അനുവദിച്ചുകൊണ്ട് പ്രവർത്തിച്ച് തുടങ്ങിയത്. ആയതിനാൽ ചെലവഴിച്ചതിന്റെ വിശദാംശങ്ങളിൽ ഇരുവകുപ്പുകളുടെയും കണക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം സാമൂഹ്യനീതി വകുപ്പിന് മാത്രമായി അനുവദിച്ച തുക (സംസ്ഥാന പദ്ധതികൾക്കായി) 165.11 കോടി രൂപയാണ്. ടി തുകയിൽനിന്നും ജില്ലകൾ മുഖേന ചെലവഴിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ (പ്ലാൻ സ്പേസിലെ ട്രഷറി എക്സ്പെൻഡിച്ചർ അടിസ്ഥാനമാക്കി) അനുബന്ധമായി ചേർക്കുന്നു.*

## ജില്ലാ കേന്ദ്രങ്ങളിൽ എന്റെ കൂട് പദ്ധതി

265(4051) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീകളുടെ സുരക്ഷ കണക്കിലെടുത്ത് ആരംഭിച്ച എന്റെ കൂട് പദ്ധതി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വ്യാപിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

നിരാലംബരായ സ്ത്രീകൾക്കും 12 വയസ്സിനു താഴെയുള്ള കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കാൻ താൽക്കാലികമായൊരിടം എന്ന ആശയമാണ് "എന്റെ കൂട് " പദ്ധതിയുടെ കാതൽ. നിലവിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിനായി ഭരണാനുമതി നല്കിയിട്ടുണ്ട്. ക്രമേണ മറ്റ് ജില്ലകളിലേയ്ക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## പാലമേൽ പഞ്ചായത്തിൽ മാതൃകാ അങ്കണവാടി

266(4052) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പാലമേൽ പഞ്ചായത്തിൽ മാതൃകാ അങ്കണവാടി സ്ഥാപിക്കുന്നതിന് സാമൂഹിക നീതി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വള്ളികുന്നം പഞ്ചായത്തിലെ 136-ാം നമ്പർ അങ്കണവാടിക്ക് അനുവദിച്ച തുക 133-ാം നമ്പർ അങ്കണവാടിക്കായി മാറ്റി അനുമതി നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലമേൽ പഞ്ചായത്തിൽ മാതൃകാ അങ്കണവാടി സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതിക്കായി 7-2-2017-ലെ കത്ത് മുഖാന്തരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാരിൽ ലഭിക്കുകയും 25-10-2017, 27-2-2018, 25-6-2018 എന്നീ തീയതികളിലെ SJD-B1/364/2017-SJD നമ്പർ കത്തുകൾ പ്രകാരം ഇതുസംബന്ധിച്ച അധിക വിവരങ്ങൾ വനിത ശിശുവികസന വകുപ്പ് ഡയറക്ടറിൽനിന്നും ആരായുകയുമുണ്ടായി. 6-10-2018-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ വനിത ശിശുവികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. തുടർന്ന് 25-10-2018-ന് ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ**

267(4053) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികളുണ്ട്;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിച്ചു കൊടുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) 41 അങ്കണവാടികൾ.

(ബി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(1) സ്റ്റേറ്റ് പ്ലാൻ ഫണ്ട്

ഓരോ സാമ്പത്തിക വർഷവും സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തി വരുന്നു.

(2) മാതൃക അങ്കണവാടി കെട്ടിട നിർമ്മാണം (2011-12)

ഒരു നിയോജകമണ്ഡലത്തിൽ ഒരു അങ്കണവാടി കെട്ടിടം എന്ന രീതിയിൽ 10 സെന്റ് സ്ഥലം സ്വന്തമായുള്ള അങ്കണവാടികൾക്ക് പ്രസ്തുത നിയോജകമണ്ഡലം എം.എൽ.എ. ഫണ്ട് വിഹിതംകൂടി വഹിക്കാമെന്നുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ പുതിയ കെട്ടിട നിർമ്മാണം നടത്തുന്നു.

(3) MGNREGS(2016-17)

ഒരു അങ്കണവാടിക്ക് 5 ലക്ഷം രൂപ MGNREGS-ഉം 2 ലക്ഷം രൂപ വകുപ്പ് വിഹിതവും (കേന്ദ്രവും സംസ്ഥാനവും 60:40 എന്ന അനുപാതത്തിൽ) ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

**കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ**

268(4054) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ ഭാഗമായി വരുന്നതും കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളിൽപ്പെടുന്നതുമായ ആകെ എത്ര അങ്കണവാടികൾ ഉണ്ട്;

(ബി) പ്രസ്തുത അങ്കണവാടികളിൽ സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്ത അങ്കണവാടികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ

| | | |
|---|---|---|
| ആകെ അങ്കണവാടികൾ | - | 67 |
| കൊട്ടാരക്കര ബ്ലോക്ക് | - | 31 |
| വെട്ടിക്കവല വില്ലേജ് | - | 36 |

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ ഇല്ല.

**അങ്കണവാടികൾക്ക് പുതിയ കെട്ടിടത്തിനായി തുക**

269(4055) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ ഏതെങ്കിലും അങ്കണവാടികൾക്ക് പുതിയ കെട്ടിടത്തിനായി തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം അങ്കണവാടികൾക്കാണ് ഇത്തരത്തിൽ തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചുവടെ പറയുന്ന അങ്കണവാടികൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

1. പനമരം ICDS പ്രോജക്ടിലെ AWC No.23, 24, 10
2. മാനന്തവാടി (അഡീഷണൽ) ICDS പ്രോജക്ടിലെ AWC No.91
3. മാനന്തവാടി ICDS പ്രോജക്ടിലെ AWC No.14, 37, 6, 7.

**വികലാംഗ സംവരണം**

270(4056) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ വികലാംഗരുടെ ജോലി സംവരണം എത്ര ശതമാനമാണ്;

(ബി) വികലാംഗ സംവരണം വിവിധ വകുപ്പുകളിൽ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) മൂന്ന് ശതമാനം എന്ന വികലാംഗ സംവരണം ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) The Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995-ന്റെ അടിസ്ഥാനത്തിൽ 3 ശതമാനവും The Rights of Persons with Disabilities Act, 2016-ന്റെ അടിസ്ഥാനത്തിൽ 4 ശതമാനവുമാണ് സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ അംഗപരിമിതക്കാർക്കായി സംവരണം ചെയ്തിട്ടുള്ളത്.

(ബി) 2004 വരെയുള്ള ഭിന്നശേഷി നിയമനം ജില്ലാ കളക്ടർമാർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. 2004 മുതൽ 2007 വരെയുള്ള കാലയളവിൽ ബാക്ക്‌ലോഗ് കണ്ടെത്തുകയും 24-1-2011-ലെ സ.ഉ.(പി)നമ്പർ7/2011/സാ.ക്ഷേ.വ പ്രകാരം അതത് വകുപ്പുകൾ നേരിട്ട് പി.എസ്.സി. മുഖേന (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) നിയമനം നൽകിയിട്ടുണ്ട്. 2007 മുതൽ ഭിന്നശേഷി സംവരണ പ്രകാരമുള്ള നിയമനം റോസ്റ്റർ ക്രമത്തിൽ പി.എസ്.സി. മുഖേന നടപ്പിലാക്കുന്നുണ്ട്.

(സി) The Rights of Persons with Disabilities Act, 2016 സെക്ഷൻ 34(1) പ്രകാരം 4%-ൽ കുറയാത്ത സംവരണം ഭിന്നശേഷിക്കാർക്ക് നൽകേണ്ടതുണ്ട്. ആയതിന് പ്രസ്തുത സെക്ഷനിൽ വിവരിച്ചിട്ടുള്ള a, b, c category അംഗപരിമിതർക്ക് 1% വീതവും d, e category അംഗപരിമിതർക്ക് 1% ഉൾപ്പെടെ ആകെ 4% സംവരണമാണ് നൽകേണ്ടത്. The Rights of Persons with Disabilities Act, 2016 സെക്ഷൻ 33 (ii) പ്രകാരം അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ ആദ്യയോഗ തീരുമാനമനുസരിച്ച് d, e, category അംഗപരിമിതർക്ക് തസ്തികകൾ കണ്ടെത്തുന്നതിനായി ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## ചൈൽഡ് വെൽഫെയർ കമ്മിറ്റിയും (സി.ഡബ്ല്യൂ.സി.) ജുവനൈൽ ജസ്റ്റിസ് ബോർഡും (ജെ.ജെ.ബി)

271(4057) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ചൈൽഡ് വെൽഫയർ കമ്മിറ്റിയും (സി.ഡബ്ല്യൂ.സി.) ജുവനൈൽ ജസ്റ്റിസ് ബോർഡും (ജെ.ജെ.ബി.) കാലാവധി പൂർത്തിയാക്കിയവയാണോ;

(ബി) കാലാവധി പൂർത്തിയായെങ്കിൽ ഇവ പുന:സംഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അതെ.

(ബി) 14 ജില്ലകളിലെയും ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടേയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടേയും കാലാവധി കഴിഞ്ഞതിനെതുടർന്ന്, പ്രസ്തുത കമ്മിറ്റികളും ബോർഡുകളും പുനഃസംഘടിപ്പിക്കുന്നതിന് ബാലനീതി നിയമം 2015 പ്രകാരം റിട്ടയേർഡ് ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർപേഴ്സണായി സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പിന്നീട് ജസ്റ്റിസ് കെ. കെ. ദിനേശൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്-മാനായി നിയമിതനായ സാഹചര്യത്തിൽ റിട്ടയേർഡ് ജഡ്ജ് വി. കെ. മോഹനനെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെയും അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി ചെയർപേഴ്സണായി നിയമിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പുതിയ ബാലനീതി നിയമം നിലവിൽവന്നതിനാൽ ജുവനൈൽ ജസ്റ്റിസ് നിയമം 2000 പ്രകാരം തയ്യാറാക്കിയ സെലക്ട് ലിസ്റ്റുകളും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനങ്ങളും റദ്ദ് ചെയ്ത് 14 ജില്ലകളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും കോടതി കേസ് നിലനിന്നിരുന്നതിനാൽ എറണാകുളം ഒഴികെയുള്ള ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളും പുനഃസംഘടിപ്പിക്കാൻ അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സാമൂഹ്യനീതി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു. ഈ ഉത്തരവ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബാലനീതി നിയമം - 2000 അനുസരിച്ച് രൂപീകരിച്ച മുൻ സെലക്ഷൻ കമ്മിറ്റി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ചിലർ, ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ പ്രസ്തുത കേസുകൾ ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ജുവനൈൽ ജസ്റ്റിസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും പുനഃസംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## അനുയാത്ര പദ്ധതി

272(4058) <u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള അനുയാത്ര പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്ത് അനാഥരായ ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി സ്പെഷ്യൽ ഹോം ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഭിന്നശേഷിക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ വിഹിതം അടച്ചിട്ടും കേന്ദ്ര സർക്കാർ വിഹിതം നൽകാത്തതിനാൽ ഭിന്നശേഷിക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടലുകൾ നടത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി "അനുയാത്ര" എന്ന പേരിൽ ഒരു സമഗ്ര പദ്ധതി നടപ്പാക്കിവരുന്നു. "അനുയാത്ര" പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല. എന്നാൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി 'കെയർ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻസ്' എന്ന സ്ഥാപനം ആലപ്പുഴ ജില്ലയിലും 'ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ' എന്ന സ്ഥാപനം കോഴിക്കോട് ജില്ലയിലും സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി സാമൂഹ്യനീതി വകുപ്പുമുഖേന ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. വിദ്യാജ്യോതി പദ്ധതി
2. ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ്
3. സഹായ ഉപകരണ വിതരണ പദ്ധതി
4. സ്റ്റീഫൻ ഹോക്കിംഗ്സ് സെന്റർ ഫോർ എക്സലൻസ്
5. സർക്കാർ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ.

(ഡി) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയായ 'സ്വാവലംബൻ' ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി മുഖാന്തരമാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. പദ്ധതിയിൽ അംഗമാവുന്നതിനുള്ള ഇൻഷ്വറൻസ് പ്രീമിയം 3,100 രൂപയാണ്. ഇതിൽ 357 രൂപ ഗുണഭോക്താവും ബാക്കിതുക കേന്ദ്രസർക്കാരുമാണ് ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ടത്. നമ്മുടെ സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അംഗപരിമിതരുടെ ഗുണഭോക്തൃ വിഹിതമായ 357 രൂപ സംസ്ഥാന സർക്കാർ നേരിട്ട് ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കുന്നതിനും ആദ്യഘട്ടമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു ലക്ഷം അംഗപരിമിതർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനും തീരുമാനിച്ചിരുന്നു. ഇതിൻപ്രകാരം ഒരു ലക്ഷം പേരുടെ ഗുണഭോക്തൃ വിഹിതം ഇൻഷ്വറൻസ് കമ്പനിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ നാളിതുവരെയും ആനുപാതികമായ കേന്ദ്ര സർക്കാർ വിഹിതം ഇൻഷ്വറൻസ് കമ്പനിക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ കഴിഞ്ഞിട്ടില്ല.

## ആശ്വാസകിരണം പദ്ധതി

273(4059) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിവരുന്നുണ്ട്;

(ബി) പ്രസ്തുത പദ്ധതിയിലേക്കുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ട്;

(സി) അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 8685 പേർക്ക്.

(ബി&സി) 1744, പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചുവരുന്നു. 2018 മാർച്ച് വരെ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് 2018 ഡിസംബർ 31-ന് മുൻപ് ധനസഹായം നൽകുന്നതാണ്. കൂടാതെ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഓൺലൈൻ സംവിധാനം നടപ്പിലാക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

**അംഗപരിമിതരുടെ പ്രശ്നപരിഹാരത്തിനായി നോഡൽ ഓഫീസർമാർ**

274(4060) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ അംഗപരിമിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വകുപ്പ് തിരിച്ചുള്ള ഓഫീസർമാരുടെ പേരും വിവരവും ലഭ്യമാക്കുമോ;

(ബി) സർക്കാർ സർവ്വീസിൽ അംഗപരിമിതവിഭാഗത്തിൽപ്പെടുന്ന എത്ര സ്ഥിരം, കരാർ, ദിവസവേതന ജീവനക്കാരുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഐക്കോൺസിന്റെ പ്രവർത്തനം**

275(4061) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനായുള്ള ഐക്കോൺസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; താല്ക്കാലിക ജീവനക്കാർ എത്രയാണ്;

(സി) ഐക്കോൺസിന്റെ തിരുവനന്തപുരം കേന്ദ്രത്തിൽ ഡയറക്ടറുടെ മേൽനോട്ടം ഉണ്ടോ; എങ്കിൽ ആഴ്ചയിൽ എത്ര ദിവസം അദ്ദേഹത്തിന്റെ സേവനം തിരുവനന്തപുരം കേന്ദ്രത്തിന് ലഭിക്കുന്നുണ്ട്;

(ഡി) 2017-18-ൽ പ്ലാൻ ഫണ്ടിനത്തിൽ ഈ സ്ഥാപനത്തിന് എന്ത് തുക ലഭിച്ചുവെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് ശമ്പള കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക അടിയന്തരമായി നല്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

| | | | |
|---|---|---|---|
| (ബി) | ആകെ ജീവനക്കാർ | - | 178 |
| | സ്ഥിരം ജീവനക്കാർ | - | 45 |
| | താൽക്കാലിക ജീവനക്കാർ | - | 110 |
| | ദിവസവേതന ജീവനക്കാർ | - | 23. |

(സി) തിരുവനന്തപുരം കേന്ദ്രത്തിൽ ഡയറക്ടറുടെ മേൽനോട്ടം ഉണ്ട്. ഷൊർണ്ണൂരിലെ പ്രധാന പ്രവർത്തനങ്ങൾക്കു മേൽനോട്ടം നിർവ്വഹിക്കുന്നതിനായി ഡയറക്ടർ മുഴുവൻസമയവും ഷൊർണ്ണൂരിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കണമെന്ന് ഗവേർണിംഗ് ബോഡി 2016-ൽ നിർദ്ദേശിച്ചതിനാൽ 2016 മുതൽ ഡയറക്ടർ ഷൊർണ്ണൂർ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുകൊണ്ട് തിരുവനന്തപുരം കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

(ഡി) 2017-18-ൽ പ്ലാൻ ഫണ്ട് തുകയായി 270 ലക്ഷം രൂപ അനുവദിച്ചു. പ്ലാൻ ഫണ്ടിൽനിന്നും 70 ലക്ഷം രൂപ ചെലവഴിച്ചു.

(ഇ) താൽക്കാലിക ജീവനക്കാർക്ക് 10% വർദ്ധനവ് നൽകാൻ 10-5-2018-ൽ സ.ഉ.(സാധാ)നമ്പർ 1602/2018/ആ.കു.വ. ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. റഗുലർ ജീവനക്കാർക്ക് നിലവിലുള്ള ശമ്പളസ്കെയിലിന്റെ 13% ഡി.എ. നൽകാനും 2-7-2018-ലെ സ.ഉ.(സാധാ) നമ്പർ2112/2018/ആ.കു.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത കുടിശ്ശികയാണ് നിലവിലുള്ളത്. ആയത് അടിയന്തരമായി നൽകുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ**

276(4062) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സംസ്ഥാന നിയമം കൊണ്ടുവരുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ ;

(ബി) ഇന്ത്യയിലെ ആദ്യത്തെ ഭിന്നശേഷീ സൗഹൃദ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അലോചിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ ?

ഉത്തരം

(എ) 19-4-2017-ൽ നിലവിൽവന്നിട്ടുള്ള The Rights of Persons with Disabilities Act, Section 101-ൽ പ്രസ്തുത ആക്ടിന്റെ സംസ്ഥാന ചട്ടം രൂപീകരിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സംസ്ഥാന ചട്ടത്തിന്റെ കരട് പരിശോധനയിലാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**ഭിന്നശേഷിക്കാരുടെ ആനുകൂല്യങ്ങൾക്കുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി**

277(4063) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ ആനുകൂല്യങ്ങൾക്കുള്ള അർഹതാ മാനദണ്ഡമായി അവരുടെ കുടുംബവരുമാനം കണക്കാക്കുന്നതിനാൽ അവസരങ്ങൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭിന്നശേഷിക്കാരുടെ ആനുകൂല്യങ്ങൾക്കുള്ള അർഹതാ മാനദണ്ഡമായി അവരുടെ വ്യക്തിഗത വരുമാനം കണക്കാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

**അംഗപരിമിതർക്കായുള്ള പദ്ധതികൾ**

278(4064) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയമനങ്ങളിൽ അംഗപരിമിതർക്കായുള്ള സംവരണം നാല് ശതമാനമായി ഉയർത്തിയത് സംബന്ധിച്ച സർക്കാർ ഉത്തരവ്, പി.എസ്.സി. നോട്ടിഫിക്കേഷൻ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) അംഗപരിമിതർക്ക് സ്വയംതൊഴിലിനായി എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നത്; വിശദമാക്കാമോ;

(സി) 2016-ലെ അംഗപരിമിതർക്കായുള്ള ദേശീയ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങൾ/പദ്ധതികൾ നടപ്പിലാക്കി; വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ നിയമനങ്ങളിൽ അംഗപരിമിതർക്കായുള്ള സംവരണം നാല് ശതമാനമായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി രണ്ട് തരം വായ്പ അനുവദിച്ചു വരുന്നു.

1. എൻ.എച്ച്.എഫ്.ഡി.സി. വായ്പ പദ്ധതി

നാഷണൽ ഹാൻഡിക്കാപ്ഡ് ഫിനാൻസ് ആൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസിയാണ് വികലാംഗക്ഷേമ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ.) എന്ന നിലയിൽ, 2000 മുതൽ നാഷണൽ ഹാൻഡിക്കാപ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള വിവിധ വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തുവരുന്നു. 50,000 രൂപയ്ക്കുമുകളിൽ അനുവദിക്കുന്ന ലോണിന്റെ 5 ശതമാനം എസ്.സി.എ.

എന്ന നിലയ്ക്ക് കോർപ്പറേഷൻ നൽകുന്നു. 50,000 രൂപ വരെയുള്ള വായ്പയ്ക്ക് ഓർത്തോ വിഭാഗം, കാഴ്ച/കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 5%, 4.5%, പലിശയും (സ്ത്രീകൾക്ക് 1% പലിശയിളവ്) ആണ്. 50,000 രൂപ മുതൽ 5 ലക്ഷം രൂപ വായ്പയ്ക്ക് ഓർത്തോ വിഭാഗം, കാഴ്ച/കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 6%, 5.5%, പലിശയും (സ്ത്രീകൾക്ക് 1% പലിശയിളവ്) ആണ്. 5 ലക്ഷം മുതൽ 15 ലക്ഷം രൂപ വരെ വായ്പയ്ക്ക് ഓർത്തോ വിഭാഗം, കാഴ്ച/കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 7%, 6.5%, പലിശയും (സ്ത്രീകൾക്ക് 1% പലിശയിളവ്) ആണ്. 15 ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ വായ്പയ്ക്ക് ഓർത്തോ വിഭാഗം, കാഴ്ച/കേൾവി വൈകല്യം എന്നിവർക്ക് യഥാക്രമം 8%, 7.5%, പലിശയും (സ്ത്രീകൾക്ക് 1% പലിശയിളവ്) ആണ്. വായ്പ തിരിച്ചടവ് കാലാവധി 5 വർഷമായി കോർപ്പറേഷൻ നിജപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി പ്രകാരം നിലവിൽ പരമാവധി 25,00,000 രൂപ വരെ വായ്പ നൽകുന്നതാണ്.

2. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്. 23-1-2012-ലെ ജി.ഒ.(ആർറ്റി) നമ്പർ:44/12/ എസ്ഡബ്ല്യൂഡി പ്രകാരം, ലോൺ തുക 20,000 രൂപ വരെ ലോൺ തുകയുടെ 50% (പരമാവധി 5,000 രൂപ) സബ്സിഡിയായും ലോൺ തുക 20,001 മുതൽ 50,000 രൂപ വരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001 മുതൽ 1,00,000 രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000 രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കുമുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപവരെ) സബ്സിഡിയായും നൽകുന്നു.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷിക്കാരായ തൊഴിൽ രഹിതർക്കുവേണ്ടി എംപ്ലോയ്മെന്റ് വകുപ്പ് 'കൈവല്യ' എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2016-ൽ ആരംഭിച്ച ടി പദ്ധതിക്ക് വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ് കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നീ നാല് ഘടകങ്ങളുണ്ട്.

സ്വയം തൊഴിൽ വായ്പ പദ്ധതിയിൽ, സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി ഒരു പലിശരഹിത വായ്പ നൽകുന്നതാണ്. 21-നും 55-നും മദ്ധ്യേ പ്രായമുള്ള കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ്

എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളവർക്ക് അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഒരു വ്യക്തിക്ക് പരമാവധി 50,000 രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. പ്രോജക്ടിന് ആവശ്യമെങ്കിൽ 1 ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്. വായ്പ തുകയുടെ 50 ശതമാനം പരമാവധി 25,000 രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം സ്വന്തമായി നടത്താൻ കഴിയാത്തത്ര അംഗവൈകല്യമുള്ളപക്ഷം അടുത്ത ഒരു ബന്ധുവിനെക്കൂടി (മാതാവ്/പിതാവ്/ഭർത്താവ്/ഭാര്യ/മകൻ/മകൾ തുടങ്ങിയവ) ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്. ഈ ചട്ടങ്ങൾക്കനുസരിച്ച് ധനസഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽരഹിത വേതനം ലഭിക്കുന്നതല്ല. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ സ്ഥിരം ഒഴിവുകൾക്കും സംരംഭം നന്നായി തുടർന്നുപോകുമെന്ന ഉറപ്പിന്മേൽ താൽക്കാലിക ഒഴിവുകൾക്കും പരിഗണിക്കുന്നതാണ്. വ്യക്തിഗത സംരംഭങ്ങൾക്കാണ് വായ്പ നൽകുന്നതെങ്കിലും പ്രായോഗികമാവുമെങ്കിൽ സംയുക്ത സംരംഭവും ആരംഭിക്കാവുന്നതാണ്.

(സി) 1. സെക്ഷൻ 3 മുതൽ 10 വരെയുള്ള തുല്യത ഉറപ്പാക്കൽ, സംരക്ഷണം, അതിക്രമങ്ങളിൽനിന്നും ദുരുപയോഗങ്ങളിൽ നിന്നുമുള്ള സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായും അംഗപരിമിതർക്ക് വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, വിവിധ ധനസഹായം എന്നിവ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന്റെ ഭാഗമായും സാമൂഹ്യനീതി വകുപ്പുതലത്തിൽ വിവിധ ശാക്തീകരണ പരിപാടികളും ക്ഷേമ പദ്ധതികളും നടപ്പാക്കുന്നു. അംഗപരിമിതരുമായി ഇടപെടുന്ന ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരെ നിരന്തരമായി ബോധവൽക്കരിക്കുന്നതിലൂടെ മാത്രമേ ടി സെക്ഷനുകൾ നടപ്പാക്കുന്നതിൽ പൂർണ്ണ ലക്ഷ്യം കൈവരിക്കാനാകുകയുള്ളൂ എന്നതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പുസാമ്പത്തിക വർഷവും എല്ലാ ജില്ലകളിലും വിവിധ വകുപ്പ് ഉദ്യോഗസ്ഥരും NGO-മാർക്കും സ്റ്റേക്ക് ഹോൾഡർമാർക്കും അവബോധം സൃഷ്ടിക്കുന്ന തരത്തിലും ഉത്തരവാദിത്തം ബോധ്യപ്പെടുത്തുന്നതിനുമായുള്ള ശില്പശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. നടപ്പുവർഷം സംസ്ഥാനതലത്തിലും ജില്ലാ ഭരണങ്ങളിലെയും അനുബന്ധ വകുപ്പ് മേധാവികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ശിൽപ്പശാല സംഘടിപ്പിക്കുകയും ഓരോ വകുപ്പുതലത്തിലും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചുമതല നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

2. സെക്ഷൻ (11) പ്രകാരം ജനപ്രതിനിധികളുടെ തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ അംഗപരിമിത സൗഹൃദമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുപ്പ് വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ ടി വകുപ്പിന് നൽകിയിട്ടുണ്ട്.

3. സെക്ഷൻ 13 പ്രകാരം അംഗപരിമിതർക്ക് സൗജന്യമായുള്ള നിയമസഹായം ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേന ലഭ്യമായി വരുന്നു.

4. സെക്ഷൻ 16-18 വരെയുള്ള സെക്ഷൻ പ്രകാരം ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഉറപ്പാക്കുന്നതിനായി കൂടിയ യോഗത്തിൽ DPI പ്രതിനിധിയെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇൻക്ലൂസീവ് എഡ്യൂക്കേഷൻ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പുതലത്തിൽ പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

5. സെക്ഷൻ (19) പ്രകാരം അംഗപരിമിതരായവർക്ക് NGO-കൾ മുഖേന വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകിവരുന്നു.

6. സെക്ഷൻ (23) പ്രകാരം സാമൂഹ്യനീതി വകുപ്പിനുകീഴിലെ എല്ലാ ഓഫീസുകളിലും ഗ്രീവൻസ് റിഡ്രസൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഗ്രീവൻസ് റിഡ്രസ്സൽ ഓഫീസറെ എല്ലാ വകുപ്പ് കാര്യാലയങ്ങളിലും നിയോഗിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് അംഗപരിമിതരുടെ സംസ്ഥാന കമ്മിഷണർ ആവശ്യപ്പെട്ടിട്ടുണ്ട്.

7. സെക്ഷൻ (24) പ്രകാരമുള്ള സാമൂഹ്യസുരക്ഷ, സെക്ഷൻ (25) പ്രകാരമുള്ള ആരോഗ്യ പരിചരണം, (26) പ്രകാരമുള്ള ഇൻഷ്വറൻസ് പദ്ധതികൾ, (27) പ്രകാരമുള്ള പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ സാമൂഹ്യനീതി വകുപ്പ്, ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവ മുഖേന അംഗപരിമിതർക്ക് ലഭിച്ചുവരുന്നു.

8. സെക്ഷൻ (28) പ്രകാരം ഓരോ അംഗപരിമിതന്റെയും ആവശ്യങ്ങൾ വ്യക്തമായി കണ്ടെത്തുന്നതിനുള്ള വ്യക്തിഗത വിവര ശേഖരണ പദ്ധതി നടപ്പാക്കുന്നു. കൂടാതെ അംഗപരിമിതർക്കായി സംസ്ഥാനമൊട്ടാകെ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ/പരിപാടികൾ സംബന്ധിച്ച് പഠനം നടത്തുന്നതിന് എറണാകുളം ആസ്ഥാനമായുള്ള Center for Socio Economic & Environmental Studies (CSES) -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

9. സെക്ഷൻ 29, 30 പ്രകാരം Culture, Recreation, Sporting Activities എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി അംഗപരിമിതർക്കായി കലോൽസവം സംഘടിപ്പിക്കുന്നതിന് പ്രാരംഭനടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും പ്രളയം കാരണം കലോൽസവ പരിപാടികൾ താത്കാലികമായി നിർത്തി വച്ചിട്ടുണ്ട്.

10. സെക്ഷൻ (31) ൽ അനുശാസിക്കുന്ന സൗജന്യ വിദ്യാഭ്യാസം Right of Children to Free & Compulsory Education Act 2009-ലെ വ്യവസ്ഥകൾ പ്രകാരം അംഗപരിമിതരായ കുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ കുട്ടികൾക്കും ലഭിക്കുന്നതാണ്.

11. സെക്ഷൻ (33) പ്രകാരം അംഗപരിമിതർക്ക് അനുയോജ്യമായ തസ്തിക കണ്ടെത്തുന്നതിനായുള്ള എക്സ്പെർട്ട് കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും ആയതിൽ നിഷ്കർഷിക്കുന്ന പ്രകാരം കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

12. സെക്ഷൻ (34) പ്രകാരം 4% തൊഴിൽ സംവരണം നടപ്പാക്കുന്നതിന് 4-ാമത്തെ വിഭാഗത്തിന് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എയ്ഡഡ് മേഖലയിൽ 4% തൊഴിൽ സംവരണം അനുവദിച്ചുകൊണ്ട് 18-1-2018 തീയതിയിലെ GO(P) No.18/2018/SJD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

13. സെക്ഷൻ (36) പ്രകാരമുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ രൂപീകരിച്ചിട്ടുണ്ട്.

14. സെക്ഷൻ 37, 38, 39 എന്നിവ പ്രകാരമുള്ള special schemes, special provision for PwDs with high Supports, Awareness Campaign എന്നിവ വകുപ്പുതലത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെയും പരിപാടികളിലൂടെയും ഉറപ്പ് വരുത്തുന്നു.

15. സെക്ഷൻ 40, 41, 42, 44, 45, 46 വരെയുള്ള സെക്ഷനുകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ബാരിയർ ഫ്രീ കേരളാ സ്കീം നടപ്പാക്കുന്നു. ആയതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ എല്ലാ പൊതു കെട്ടിടങ്ങളും അംഗപരിമിത സൗഹൃദമാക്കിയിട്ടുണ്ട്. നിലവിൽ മലപ്പുറം, വയനാട് ജില്ലകളിലെ പൊതു കെട്ടിടങ്ങൾ അംഗപരിമിത സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ അക്സസിബിൾ ഇന്ത്യാ ക്യാമ്പയിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ 28 പൊതുകെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള 8.59 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്രസർക്കാർ അംഗീകരിക്കുകയും, കേന്ദ്ര സർക്കാരിൽനിന്നും 4.29 കോടി രൂപ ആദ്യഗഡുവായി ലഭിക്കുകയും ചെയ്തു.

16. സെക്ഷൻ (43) പ്രകാരം അംഗപരിമിതർക്കുള്ള സഹായ ഉപകരണങ്ങൾ ഏകീകൃത മാതൃകയിൽ തയ്യാറാക്കുന്നതിനും ആയതിനുള്ള പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും വെബ്പോർട്ടൽ സംവിധാനം ഏർപ്പെടുത്തുന്നതിനും വകുപ്പ് തലത്തിലും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയും വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേനയും നടപടി സ്വീകരിച്ചിട്ടുണ്ട്.

17. സെക്ഷൻ (47) പ്രകാരം ആക്ട് നടപ്പാക്കുന്നതിനലേയ്ക്കായി മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിലും ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും ആക്ട് സെല്ലുകൾ രൂപീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

18. സെക്ഷൻ (55) പ്രകാരം അംഗീകൃത NGO-കൾക്ക് വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ധനസഹായം നൽകിവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ഇതിലേക്കായി "അതിജീവനം" എന്ന പേരിൽ സമഗ്ര പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

19. സെക്ഷൻ 66-71 പ്രകാരമുള്ള State Advisory Board on Disability, പ്രകാരമുള്ള സംസ്ഥാന കമ്മീഷണറേറ്റ് എന്നിവ രൂപീകരിച്ചിട്ടുണ്ട്.

20. സെക്ഷൻ (101) പ്രകാരമുള്ള സംസ്ഥാന ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ 14, 15, 49-59, 72, 73, 84, 85, 88 എന്നിവയിലെ വ്യവസ്ഥകൾ ആക്ടിലെ സംസ്ഥാന ചട്ടം നിലവിൽവരുന്നതോടെ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. സെക്ഷൻ 32 പ്രകാരം ഉന്നത വിദ്യാഭ്യാസത്തിന് അംഗപരിമിതർക്ക് 5% സംവരണം നൽകുന്നതിനും സെക്ഷൻ 35 പ്രകാരം കൂടുതൽ അംഗപരിമിതർക്ക് തൊഴിൽ നൽകുന്ന തൊഴിൽ സ്ഥാപനങ്ങൾക്ക് ഇൻസെന്റീവ് നൽകുന്നതിനും സെക്ഷൻ 56-59 പ്രകാരം വൈകല്യം നിശ്ചയിച്ച് നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മെയിൽ കെയർടേക്കർ തസ്തികയിലെ ഒഴിവുകൾ**

279(4065) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിലെ കെയർടേക്കർ(മെയിൽ) തസ്തികയുടെ നിലവിലുള്ള എണ്ണം വ്യക്തമാക്കുമോ; ഇവയിൽ എത്രയെണ്ണമാണ് ഒഴിഞ്ഞു കിടക്കുന്നതെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) 31-10-2018 ൽ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച സാമൂഹ്യനീതി വകുപ്പ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം 2010 ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതുമായി ബന്ധപ്പെട്ട നടപടിക്രമം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യനീതി/വനിതാ ശിശു വികസന വകുപ്പുകളുടെ കേഡർ സ്ട്രെങ്ത് നിശ്ചയിച്ചുകൊണ്ടുള്ള 7-10-2018-ലെ സ.ഉ.(കൈ) നം.23/2018/സാ.നീ.വ. ഉത്തരവ് പ്രകാരം മെയിൽ കെയർ ടേക്കർ തസ്തികകളുടെ എണ്ണം 53 ആണ്. നിലവിലുണ്ടായിരുന്ന 6 ഒഴിവുകളിൽ 4 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് സാമൂഹ്യനീതി വകുപ്പ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം 2010 സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തി 13-11-2018-ലെ സ.ഉ.(പി)നമ്പർ 17/2018/സാ.നീ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

## വനിത -ശിശുക്ഷേമ വികസന വകുപ്പ്

280(4066) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രൂപീകരിച്ചിട്ടുള്ള വനിത - ശിശുക്ഷേമ വികസന വകുപ്പിന്റെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രൂപീകരിച്ചിട്ടുള്ള വനിത-ശിശുക്ഷേമ വികസന വകുപ്പിന്റെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിൽ ഉണ്ടായിരുന്ന 3797 തസ്തികകളെ ജിതേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഭജിച്ച് 529 തസ്തിക സാമൂഹ്യനീതി വകുപ്പിലും അവശേഷിക്കുന്ന 3268 തസ്തികയോടൊപ്പം 30-6-2017-ന് സൃഷ്ടിച്ച 24 തസ്തികയുംകൂടി ഉൾപ്പെടുത്തി വനിത ശിശു വികസന വകുപ്പിന്റെ കേഡർ സ്ട്രെങ്ത് 3292 ആയി ക്രമീകരിച്ച് 7-10-2018-ലെ സ.ഉ.(കൈ) നമ്പർ 23/2018/സാ.നീ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടില്ല.

**രാജീവ് ഗാന്ധി ക്രഷുകൾ**

281(4067) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ കേന്ദ്ര സോഷ്യൽ വെൽഫെയർ ബോർഡിന്റെ സഹായത്തോടെ രാജീവ് ഗാന്ധി നാഷണൽ ക്രഷുകൾ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ധനസഹായം ഇപ്പോഴും ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ക്രഷുകൾ സംസ്ഥാന സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ധനസഹായം ലഭിക്കുന്നില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രാജീവ് ഗാന്ധി നാഷണൽ ക്രഷുകളിൽ ഓരോന്നിലും എത്ര ജീവനക്കാരാണ് ഉള്ളതെന്ന് അറിയിക്കുമോ;

(ഡി) ഇവിടെയുള്ള കുട്ടികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാറുള്ളത്; ഇതിലേയ്ക്കായി ഓരോ മാസവും എത്ര രൂപയാണ് സാധാരണ ധനസഹായം നൽകുന്നത്; ഇത് സംബന്ധിച്ച് വിശദാംശം നൽകാമോ?

ഉത്തരം

(എ) സോഷ്യൽ വെൽഫെയർ ബോർഡിന് കീഴിൽ പ്രവർത്തിച്ചിരുന്ന 351 ക്രഷുകളെ 1-1-2017 മുതൽ പ്രാബല്യത്തിൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയുണ്ടായി. അരുവിക്കര നിയോജകമണ്ഡലത്തിൽ രാജീവ് ഗാന്ധി ക്രഷുകൾ 13 എണ്ണം പ്രവർത്തിക്കുന്നുണ്ട്. 2017 ജൂലൈ മാസം മുതലുള്ള കേന്ദ്രസഹായം ലഭിച്ചിട്ടില്ല. ശേഷിക്കുന്ന കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 1-1-2017 പ്രാബല്യത്തിൽ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ദൈനംദിന പ്രവർത്തനത്തിന് ധനസഹായം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഓരോ ക്രഷിലും 1 വർക്കറും 1 ഹെൽപ്പറും പ്രവർത്തിച്ചുവരുന്നു.

(ഡി) കുട്ടികൾക്ക് നൽകുന്ന സേവനങ്ങൾ

1. ഡേ കെയർ സൗകര്യവും ഉറങ്ങാനുള്ള വൃത്തിയുള്ള അന്തരീക്ഷവും

2. കുട്ടികളുടെ വളർച്ച ത്വരിതപ്പെടുത്താനുള്ള നടപടികളും പ്രീസ്കൂൾ വിദ്യാഭ്യാസവും നൽകുന്നു.

3. പോഷകാഹാരം നൽകുന്നു.

4. വളർച്ച നിരീക്ഷിക്കുന്നു.

5. ആരോഗ്യ പരിശോധനയും പ്രതിരോധ കുത്തിവെയ്പും നൽകുന്നു.

വകുപ്പിന് കീഴിൽ നടത്തിവരുന്ന ക്രഷുകളിൽ കേന്ദ്രവിഹിതം 60%, സംസ്ഥാന വിഹിതം 30% എൻ.ജി.ഒ.-മാർ 10% നിരക്കിലാണ് ഗ്രാന്റ് നൽകുന്നത്. കേന്ദ്ര -സംസ്ഥാന വിഹിതമായി ഒരു മാസം 11,370 രൂപ നൽകുന്നു.

**സംസ്ഥാന വനിതാ കമ്മീഷൻ മുഖേന തീർപ്പുകൽപ്പിച്ച പരാതികൾ**

282(4068) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വനിതാ കമ്മീഷൻ എത്ര പരാതികളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 5474 എണ്ണം.

(ബി)

| | |
|---|---|
| തിരുവനന്തപുരം | 1911 |
| കൊല്ലം | 375 |
| പത്തനംതിട്ട | 291 |
| ആലപ്പുഴ | 237 |
| ഇടുക്കി | 57 |
| കോട്ടയം | 697 |
| എറണാകുളം | 733 |

| | |
|---|---|
| തൃശ്ശൂർ | 144 |
| പാലക്കാട് | 132 |
| മലപ്പുറം | 316 |
| വയനാട് | 42 |
| കോഴിക്കോട് | 157 |
| കണ്ണൂർ | 237 |
| കാസർഗോഡ് | 145 |
| ആകെ | 5474 എണ്ണം |

**അതിക്രമങ്ങൾക്കിരയായ പാർട്ടി പ്രവർത്തകരായ സ്ത്രീകൾ**

283(4069) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിക്രമങ്ങൾക്കിരയായ രാഷ്ട്രീയ പാർട്ടി പ്രവർത്തകരായ സ്ത്രീകൾ പോലീസിൽ പരാതിപ്പെടാത്തത് എന്തുകൊണ്ടാണെന്ന് വനിത-ശിശു വികസന വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ;

(ബി) പാർട്ടി പ്രവർത്തകരും നേതാക്കളും നടത്തുന്ന കുറ്റകൃത്യങ്ങൾ പാർട്ടിതല അന്വേഷണത്തിലും നടപടിയിലും ഒതുക്കുന്നത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരാൻ കാരണമാകുമെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഒരു വനിതാ പ്രവർത്തകയ്ക്കെതിരെ അപമര്യാദയായി പെരുമാറിയ എം.എൽ.എ.-യെ ന്യായീകരിച്ച വനിതാ കമ്മീഷൻ അധ്യക്ഷയുടെ നടപടി കമ്മീഷന്റെ അന്തസത്തക്ക നിരക്കുന്നതല്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) സ്ത്രീകൾക്കെതിരെ പാർട്ടി പ്രവർത്തകരും നേതാക്കളും നടത്തുന്ന കുറ്റകൃത്യങ്ങൾ പാർട്ടിതല അന്വേഷണത്തിലും നടപടിയിലും നിജപ്പെടുത്തുന്നതിനോട് വനിത-ശിശു വികസന വകുപ്പ് യോജിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഠനം നടത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇത്തരം വിഷയങ്ങളിൽ നിയമപരമായ നടപടി സ്വീകരിക്കാവുന്നതാണ്.

**ഭക്ഷ്യ വകുപ്പ് പഴകിയ ഭക്ഷണം പിടിച്ചെടുക്കാൻ നടത്തിയ റെയ്ഡ്**

284(4070) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ വിഭാഗത്തിനൊപ്പം ഭക്ഷ്യ വകുപ്പും ഹോട്ടലുകളിൽ പഴകിയ ഭക്ഷണം പിടിച്ചെടുക്കാൻ റെയ്ഡ് നടത്തിയിട്ടുണ്ടോ;

(ബി) പഴകിയ ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്നവരെ സംബന്ധിച്ച് വിവരങ്ങൾ നൽകാനുള്ള ഭക്ഷ്യ വകുപ്പിന്റെ ടോൾ ഫ്രീ നമ്പർ സംബന്ധിച്ച് പൊതുജനങ്ങൾക്ക് വേണ്ടത്ര അവബോധം സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) നടത്തിയിട്ടില്ല. പ്രസ്തുത വിഷയം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഭക്ഷ്യ സുരക്ഷാ വകുപ്പുമായി ബന്ധപ്പെട്ടതാണ്. ഇത്തരം പരാതികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ കമ്മിഷണർ ഓഫീസിൽ ടോൾ ഫ്രീ നമ്പർ നിലവിലുണ്ട്. ഇ-മെയിൽ വഴിയും ഇത്തരം പരാതികൾ സ്വീകരിക്കാൻ പ്രസ്തുത ഓഫീസിൽ സംവിധാനമുണ്ട്.

**ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ഏകീകൃത വില**

285(4071) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയുടെ തരംതിരിവിനാനുപാതികമായി ഏകീകൃത വിലനിർണ്ണയം നിലവിലുണ്ടോ;

(ബി) വില നിർണ്ണയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ വകുപ്പിന്റെ ഏതെങ്കിലും സൈറ്റുകളിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഇത് പ്രസിദ്ധീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പാചകംചെയ്ത ഭക്ഷണം വിൽക്കുന്ന എത്ര സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്;

(ഡി) അമിത വില ഈടാക്കുന്നതുമായി ബന്ധപ്പെട്ട എത്ര പരാതികളാണ് ശരാശരി ഓരോ വർഷവും വകുപ്പിന് ലഭിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിലില്ല.

(സി&ഡി) പാചകംചെയ്ത ഭക്ഷണം വിൽക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശം വകുപ്പിൽ ലഭ്യമല്ല. നിലവിലെ നിയമമനുസരിച്ച് വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ചിരിക്കുന്നതിലും കൂടുതൽ വില ഈടാക്കുന്നുണ്ടോ യെന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളത്. അത്തരം കേസ്സുകളിൽ നിലവിലുള്ള നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

**പൊതുവിതരണരംഗം കാര്യക്ഷമവും അഴിമതിരഹിതവുമാക്കാൻ നടപടി**

286(4072) <u>ശ്രീ. എ. എൻ. ഷംസീർ</u> :

<u>ശ്രീ. ആന്റണി ജോൺ</u> :

<u>ശ്രീ. എം. നൗഷാദ്</u> :

<u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണരംഗം കാര്യക്ഷമവും കുറ്റമറ്റതുമാക്കാൻ നിലവിലെ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പൊതുവിതരണ രംഗത്ത് ആധുനികവത്ക്കരണം സാധ്യമാക്കിയതുമൂലം ഈ രംഗത്തുണ്ടായ പ്രധാനപ്പെട്ട മാറ്റങ്ങൾ വ്യക്തമാക്കാമോ;

(സി) പൊതുവിതരണ സംവിധാനം അഴിമതിരഹിതമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന-ജില്ല-താലൂക്ക് തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം ചുമതലകളാണ് പ്രസ്തുത വിജിലൻസ് കമ്മിറ്റികളിൽ നിക്ഷിപ്തമാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയതിന്റെ ഭാഗമായി,

1. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി.

2. അംഗീകൃത ഏജൻസി (സപ്ലൈകോ) മുഖേന സ്റ്റോക്ക് എഫ്.സി.ഐ. യിൽ നിന്ന് വിട്ടെടുത്ത് വാതിൽപ്പടി വിതരണം നടന്നുവരുന്നു.

3. ഇ-പോസ് സംവിധാനം ഏർപ്പെടുത്തി.

4. പരാതി പരിഹാര സംവിധാനത്തിന് ജില്ലാതലത്തിൽ ജില്ലാ പരാതി പരിഹാര ഓഫീസർമാരായി എ.ഡി.എം.-മാരെ നിയമിച്ചു.

5. സംസ്ഥാന ഭക്ഷ്യ കമ്മീഷനായി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനെ നിയമിച്ചു.

6. വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചു.

7. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ലെ വകുപ്പ് 40 പ്രകാരം കേരള സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 പ്രസിദ്ധീകരിച്ചു.

8. പൊതുവിതരണം സോഷ്യൽ ആഡിറ്റിന് വിധേയമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

9. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിനെക്കുറിച്ചുള്ള തുടർച്ചയായ അവലോകനം നടത്തുന്നതിന് കേരള സർവകലാശാലയുമായി ധാരണയായി.

10. ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.-ൽ നിന്ന് വിട്ടെടുത്ത് ഉപഭോക്താക്കളിൽ എത്തിക്കുന്നത് വരെയുള്ള കാര്യങ്ങൾ ട്രാൻസ്പാരൻസി പോർട്ടലിലൂടെ സുതാര്യമാക്കി.

11. മുൻഗണനാ പട്ടിക നിരന്തരമായ പരിഷ്കരണത്തിന് വിധേയമാണ് എന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കി, അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടി നടന്നുകൊണ്ടിരിക്കുന്നു.

(ബി) ആധുനികവത്കരണം സാധ്യമാക്കിയതുമൂലം അർഹതപ്പെട്ട വിഹിതം നിർദ്ദിഷ്ട നിരക്കിൽ ഗുണഭോക്താക്കളിൽ എത്തുന്നുയെന്ന് ഉറപ്പുവരുത്തുവാൻ കഴിയും. റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആയിരിക്കും. വിഹിതം സംബന്ധിച്ച എസ്.എം.എസ്. സന്ദേശം ഉപഭോക്താക്കൾക്ക് നൽകി അവരെ ബോധവൽക്കരിക്കുകയും, ഭക്ഷ്യധാന്യം മറിച്ചുവിൽക്കുന്ന പ്രവണന തടയാനും കഴിഞ്ഞിട്ടുണ്ട്.

(സി &ഡി) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ വകുപ്പ് 29(2) പ്രകാരം വിജിലൻസ് കമ്മിറ്റികളുടെ ചുമതല താഴെ പറയുന്നവയാണ്.

1. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുസരിച്ചുള്ള എല്ലാ പദ്ധതികളുടേയും പ്രവർത്തനം വിലയിരുത്തുക.

2. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന വ്യവസ്ഥകളുടെ ലംഘനമുണ്ടായാൽ വിവരം രേഖാമൂലം പരാതി പരിഹാര ഓഫീസറെ അറിയിക്കുക.

3. പൊതുവിതരണ രംഗത്തെ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം രേഖാമൂലം പരാതി പരിഹാര ഓഫീസറെ അറിയിക്കുക.

4. പൊതുവായ പരാതികളും താഴേത്തട്ടിൽ പരിഹരിക്കാൻ കഴിയാത്ത പരാതികളും സംസ്ഥാന തലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുക.

5. റേഷൻ കടകളുടെ സോഷ്യൽ ഓഡിറ്റിംഗ് റിപ്പോർട്ടിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുക.

**വിശപ്പുരഹിത കേരളം പദ്ധതി**

287(4073) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ ജില്ലകളിൽ നടപ്പിലാക്കി; എല്ലാ ജില്ലകളിലും നടപ്പിലാക്കുന്ന വിഷയം പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ നല്കുക എന്നതുവഴി സമൂഹത്തിൽ നിന്നും വിശപ്പ് ഇല്ലാതാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ മേഖലയിൽ പ്രവർത്തി പരിചയമുള്ള സർക്കാർ/സർക്കാർ ഇതര സന്നദ്ധ സംഘടനകളുടെ സഹകരണത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(ബി) പ്രസ്തുത പദ്ധതി 2017-18 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കി. നടപ്പു സാമ്പത്തിക വർഷം പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ കൂടി പദ്ധതി ആരംഭിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയ്ക്ക് പദ്ധതി തുടർ നടത്തിപ്പിനായി ഈ സാമ്പത്തിക വർഷം ഒരു കോടി രൂപ കൂടി അനുവദിച്ചു നല്കിയിട്ടുണ്ട്. പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിന് ഒരു കോടി രൂപ വീതവും ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

**റേഷൻ കാർഡ് വിതരണ മാനദണ്ഡങ്ങൾ**

288(4074) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.എ.വൈ., മുൻഗണന, മുൻഗണനേതരം (സബ്സിഡി), മുൻഗണനേതരം (നോൺ സബ്സിഡി) റേഷൻ കാർഡുകൾ വിതരണം ചെയ്യുവാനായി സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) സ്വന്തമായി വീടില്ലാത്തവർക്ക് റേഷൻ കാർഡ് ലഭിക്കാനുള്ള മാനദണ്ഡം വിശദമാക്കാമോ;

(സി) പ്രസ്തുത റേഷൻ കാർഡ് വിതരണം കുറ്റമറ്റതാക്കാനും അനർഹരെ കണ്ടെത്തി ഒഴിവാക്കാനും സർക്കാർ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ? തെറ്റായ വിവരങ്ങൾ നൽകി അനർഹമായ ആനുകൂല്യം പറ്റുന്നവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) <u>എ.എ.വൈ. പദ്ധതി</u>

ആശ്രയ പദ്ധതിയിൽ അംഗമായവർ, ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത പട്ടികവർഗ്ഗം, പ്രിമിറ്റീവ് ട്രൈബ്സ്, മാരകരോഗങ്ങളായ എയ്ഡ്സ്,

കാൻസർ, ഓട്ടിസം, ഗുരുതര ശാരീരിക, മാനസിക വെല്ലുവിളികൾ, കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലെ രോഗബാധയാൽ പരസഹായം ഇല്ലാതെ ജീവിക്കാൻ കഴിയാത്തവരും ശയ്യാവലംബരായവരും നിർദ്ധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായുള്ള കുടുംബം, വിധവ ഗൃഹസ്ഥയായ കുടുംബങ്ങൾ, അവിവാഹിതരായ അമ്മ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവരാൽ നയിക്കപ്പെടുന്ന കുടുംബങ്ങൾ.

മുൻഗണന

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വെയിറ്റേജ് മാർക്ക് നൽകി 30 മാർക്കിൽ കൂടുതൽ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി ഉയർന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തി ഒഴിവ് വരുന്ന മുറയ്ക്ക് മുൻഗണനാ കാർഡ് നൽകുന്നു.

മുൻഗണനേതര (സബ്സിഡി)

മുൻഗണനേതര പട്ടികയിൽ ഉൾപ്പെട്ട മുൻഗണനാ മാനദണ്ഡ പ്രകാരം ഒരു മാർക്കെങ്കിലും കിട്ടിയവർ, മുൻഗണനാ മാനദണ്ഡത്തിൽപ്പെടാത്തവരും അയോഗ്യരല്ലാത്തവരും എന്നാൽ മാർക്കൊന്നും കിട്ടാത്തവർ, ആയിരം ചതുരശ്ര അടി വീട് എന്ന മാനദണ്ഡംമൂലം മാത്രം മുൻഗണനയിൽപ്പെടാത്തവർ, നാല് ചക്രവാഹനം എന്ന മാനദണ്ഡംമൂലം മാത്രം മുൻഗണനയിൽപ്പെടാത്തവർ.

മുൻഗണനേതര (നോൺ സബ്സിഡി)

സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ, ആദായ നികുതി ഒടുക്കുന്നവർ, പ്രതിമാസ വരുമാനം 25,000 രൂപയ്ക്ക് മുകളിലുള്ളവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ (പട്ടികവർഗ്ഗം ഒഴികെ), സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ലാറ്റോ ഉള്ളവർ, നാല് ചക്രവാഹനം സ്വന്തമായുള്ളവർ (ഏക ഉപജീവന മാർഗ്ഗമായ ടാക്സി ഒഴികെ), കുടുംബത്തിൽ ആർക്കെങ്കിലും വിദേശജോലിയിൽ നിന്നോ സ്വകാര്യ സ്ഥാപന ജോലിയിൽ നിന്നോ 25,000 രൂപയ്ക്ക് അധികം വരുമാനം ഉള്ളവർ, സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഒരു മാർക്ക് പോലും ലഭിക്കാത്തവർ എന്നിവർ.

(ബി) നിലവിൽ ഒരു കുടുംബത്തിനാണ് റേഷൻകാർഡ് നൽകുന്നത്. ടി കുടുംബം താമസിക്കുന്ന വീടിന്റെ (സ്വന്തമായോ/വാടകയ്ക്കോ) നമ്പർ അടിസ്ഥാനപ്പെടുത്തിയാണ് റേഷൻ കാർഡ് വിതരണം നടത്തിവരുന്നത്.

(സി) പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13) പ്രകാരം മുൻഗണന പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയ ആയതിനാൽ തദ്ദേശസ്വയംഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം ഡാറ്റാ മാപ്പിംഗ് നടത്തിയും ഫീൽഡ് വെരിഫിക്കേഷൻ നടത്തിയും അനർഹരെ കണ്ടെത്തുന്നതിന് താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ആഫീസർമാർ നടപടി സ്വീകരിച്ചുവരുന്നു. അനർഹമായി മുൻഗണനാ വിഭാഗം റേഷൻകാർഡ് കൈവശംവച്ച് റേഷനാനുകൂല്യങ്ങൾ കൈപ്പറ്റിയവർക്കെതിരെ റേഷൻ സാധനങ്ങളുടെ നോൺസബ്സിഡി നിരക്കിലുള്ള തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആലത്തൂരിലെ റേഷൻ കാർഡുകളുടെ എണ്ണം

289(4075) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ എത്ര റേഷൻ കാർഡുകളുണ്ടെന്നും അവയിൽ എ.എ.വൈ. കാർഡുകൾ, മുൻഗണനാ വിഭാഗത്തിലുള്ള കാർഡുകൾ, സ്റ്റേറ്റ് സബ്സിഡി വിഭാഗത്തിലുള്ള കാർഡുകൾ എന്നിവ എത്ര വീതമാണെന്നും അറിയിക്കാമോ;

(ബി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയ ശേഷം ആലത്തൂർ സപ്ലൈ ഓഫീസിൽ പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിനായി നാളിതുവരെ ഓൺലൈനായും അല്ലാതെയും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ റേഷൻ കാർഡുകളുടെ എണ്ണം - 109937

എ.എ.വൈ - 5155

മുൻഗണന - 55065

സ്റ്റേറ്റ് സബ്സിഡി - 28764

സ്റ്റേറ്റ് നോൺ സബ്സിഡി - 20953

(ബി) ഓഫ്ലൈൻ - 5795 അപേക്ഷകൾ

ഓൺലൈൻ - 1039 അപേക്ഷകൾ.

**ചെങ്ങന്നൂർ മണ്ഡലത്തിലെ ബി.പി.എൽ. കാർഡ് അപേക്ഷകൾ**

290(4076) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എ. പി .എൽ. കാർഡുകളിൽ ഉൾപ്പെട്ട ശാരീരിക-മാനസിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും മാരകരോഗബാധിതർക്കും വിധവകൾക്കും മുൻഗണനാ ക്രമത്തിലുള്ള കാർഡുകൾ ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇവരെ ബി.പി.എൽ. ആക്കുന്നതിനുള്ള അപേക്ഷയിന്മേൽ വേഗത്തിൽ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ;

(സി) ബി.പി.എൽ. കാർഡ് ലഭിക്കുന്നതിനായി ചെങ്ങന്നൂർ മണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇത്തരത്തിലുള്ള പരാതികൾ അടിയന്തിരമായി പരിഹരിച്ച് പുതിയ കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകളുടെ ബാഹുല്യംമൂലമാണ് നേരിയ കാലതാമസം ഉണ്ടായിട്ടുള്ളത്.

(സി) 1415 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

**റേഷൻ വ്യാപാരികളുടെ വേതന പാക്കേജ്**

291(4077) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികളുടെ വേതന പാക്കേജ് നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇതുപ്രകാരം ഒരു വ്യാപാരിയുടെ മിനിമം വേതനം എത്ര രൂപയാണ്;

(സി) വേതന പാക്കേജ് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. 45 ക്വിന്റൽ പ്രതിമാസ വിൽപ്പന അടിസ്ഥാനമാക്കിയാണ് പാക്കേജ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

45 ക്വിന്റൽ പ്രതിമാസ വിൽപ്പനയുള്ള റേഷൻ വ്യാപാരിക്ക് 8,500 രൂപ സപ്പോർട്ടീവ് പേമെന്റ് ഉൾപ്പെടെ 18,000 രൂപ കമ്മീഷൻ ലഭിക്കുന്നതാണ്. പാക്കേജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1. 45 ക്വിന്റൽ വിതരണം നടത്തുന്ന വ്യാപാരികളുടെ അടിസ്ഥാന കമ്മീഷൻ 16,000 രൂപയിൽനിന്നും 18,000 രൂപയായി വർദ്ധിപ്പിച്ചു.

2. അടിസ്ഥാന കമ്മീഷൻ ലഭിക്കുന്നതിനുള്ള സപ്പോർട്ടീവ് പേമെന്റ് തുക 6,100 രൂപയിൽനിന്നും 8,500 രൂപയായി വർദ്ധിപ്പിച്ചു.

3. 44 ക്വിന്റൽ വരെ ഭക്ഷ്യധാന്യ വിൽപ്പന നടത്തുന്നവർക്ക് ക്വിന്റലിന് 220 രൂപ നിരക്കിൽ കമ്മീഷനും 18,000 രൂപ അടിസ്ഥാന കമ്മീഷൻ ലഭ്യമാകുന്നതിന് പരമാവധി 8,500 രൂപ വരെ സപ്പോർട്ടീവ് പേമെന്റും ലഭ്യമാകുന്നതാണ്.

4. 45 ക്വിന്റലിന് മുകളിൽ ഭക്ഷ്യധാന്യ വിൽപ്പന നടത്തിയാൽ അടിസ്ഥാന കമ്മീഷനായ 18,000 രൂപയ്ക്കു പുറമേ വിൽപ്പന നടത്തുന്ന ഓരോ ക്വിന്റലിനും 180 രൂപ നിരക്കിൽ കമ്മീഷൻ ലഭിക്കുന്നതാണ്.

5. 45 ക്വിന്റൽ വരെ വിൽപ്പന നടത്തുന്ന വ്യാപാരി അടിസ്ഥാന കമ്മീഷൻ ലഭിക്കുന്നതിന് റിക്വയർമെന്റിന്റെ 70 ശതമാനത്തിലധികം വിൽപ്പന നടത്തേണ്ടതാണ്. വിൽപ്പനയിലുണ്ടാകുന്ന കുറവിന് ആനുപാതികമായി കമ്മീഷനിലും കുറവുണ്ടാകുന്നതാണ്. ആയതുപ്രകാരം 60 ശതമാനത്തിനും 70 ശതമാനത്തിനുമിടയിൽ വിൽപ്പന നടത്തുന്നവർക്ക് സപ്പോർട്ടീവ് പേമെന്റിൽ നിന്നും 20 ശതമാനവും 60 ശതമാനത്തിൽ താഴെ വിൽപ്പന നടക്കുമ്പോൾ 40 ശതമാനവും കുറവുണ്ടാകുന്നതാണ്.

**റേഷൻ കടകൾക്കുണ്ടായ നാശനഷ്ടങ്ങൾ**

292(4078) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള മണ്ഡലത്തിൽ എത്ര റേഷൻകടകൾ പ്രളയബാധിത മേഖലകളിലുണ്ടായിരുന്നു;

(ബി) റേഷൻ കടകൾക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിച്ചുവോ; എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായി;

(സി) പ്രസ്തുത റേഷൻകടകളുടെ പ്രവർത്തനം സാധാരണ നിലയിലെത്താൻ എത്ര നാളെടുത്തു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 39 റേഷൻ കടകൾ.

(ബി) കോഴഞ്ചേരി താലൂക്കിൽ 13 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി. തിരുവല്ല താലൂക്കിൽ 11 ലക്ഷം രൂപയുടെ നഷ്ടവുമുണ്ടായി. ആയവ പരിഹരിച്ചിട്ടില്ല.

(സി) 15 ദിവസം.

ആറന്മുള മണ്ഡലത്തിലെ കോഴഞ്ചേരി, തിരുവല്ല താലൂക്കുകളിലെ 39 റേഷൻ ഡിപ്പോകളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണയോഗ്യമല്ലാതായി. കോഴഞ്ചേരി, തിരുവല്ല താലൂക്ക് സപ്ലൈ ആഫീസർമാരുടെയും റേഷനിംഗ് ഇൻസ്പെക്ടർമാരുടേയും നേതൃത്വത്തിൽ 15 ദിവസത്തിനുള്ളിൽ തന്നെ റേഷൻ ഡിപ്പോയിലെ വിതരണ യോഗ്യമല്ലാത്ത സാധനങ്ങൾ നീക്കംചെയ്യുകയും കേടായ റേഷൻ സാധനങ്ങൾ വില്ലേജ് ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ ചേർന്ന് സാക്ഷ്യപ്പെടുത്തുകയും പകരം റേഷൻ സാധനങ്ങൾ എത്തിച്ച് വിതരണം ചെയ്യുന്നത് സംബന്ധിച്ച് യാതൊരു പരാതിക്കും ഇടനൽകാതെ സമയബന്ധിതമായി റേഷൻ കടകളുടെ പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്.

**പുതുതായി വിതരണം ചെയ്ത റേഷൻ കാർഡുകൾ**

293(4079) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ഇഷ്യൂ ചെയ്ത റേഷൻ കാർഡുകളിലെ അപാകതകൾ പരിഹരിക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണ് ;

(ബി) അനർഹരെ ബി.പി.എൽ. കാർഡിൽ നിന്നൊഴിവാക്കുന്നതിനും അർഹതയുള്ള മുഴുവൻ കുടുംബങ്ങളെയും ബി.പി.എൽ. പരിഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) പരാതികൾ പരിഹരിച്ചുവരുന്നു.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

## മാനന്തവാടി മണ്ഡലത്തിലെ പുതിയ റേഷൻകട

294(4080) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ പുതിയ റേഷൻകട അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലായി എന്ന് വ്യക്തമാക്കാമോ;

(സി) മാനന്തവാടി മണ്ഡലത്തിൽ എവിടെയെല്ലാമാണ് പുതിയ റേഷൻകട അനുവദിക്കാനാവുകയെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) ഇല്ല. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് റേഷൻകട പുനരേകീകരണം നടക്കുന്നതിനാൽ പുതിയ റേഷൻ കടകൾ നിലവിൽ അനുവദിക്കുന്നില്ല.

## റേഷൻ സംവിധാനം കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ

295(4081) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മായം കലരാത്ത റേഷൻ സാധനങ്ങൾ കൃത്യമായ അളവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കാർഡുടമകൾക്ക് അർഹതപ്പെട്ട റേഷൻ വിഹിതം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വില്ക്കുന്നത് തടയുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) റേഷൻ കാർഡുടമകൾക്ക് ഏത് റേഷൻ കടയിൽനിന്നും സാധനങ്ങൾ വാങ്ങാവുന്ന തരത്തിലുള്ള സംവിധാനം നടപ്പിൽവരുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; ഇതുസംബന്ധിച്ച അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) റേഷൻകടകൾക്ക് റേഷൻ കാർഡിന്റെ എണ്ണത്തേക്കാൾ അധികമുള്ള ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി കൂടുതൽ റേഷൻ വിഹിതം നല്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഭക്ഷ്യധാന്യങ്ങൾ കൂടാതെ മറ്റെന്തെല്ലാം സാധനങ്ങളാണ് റേഷൻ കടകൾ വഴി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇ-പോസ് യന്ത്രങ്ങളും അവയെ നിയന്ത്രിക്കുന്ന സെർവറും തകരാറിലാകുന്നതുമൂലം റേഷൻ വിതരണം മുടങ്ങുന്നത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നിലവിൽവന്നതനുസരിച്ചുള്ള വാതിൽപ്പടി വിതരണത്തിൽ റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയതിന് ശേഷമാണ് പ്രതിമാസ റേഷൻ വിഹിതം വിതരണം ചെയ്യുന്നത്. റേഷൻ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ എസ്.എം.എസ്. അലർട്ടായി നൽകിവരുന്നു.

(ബി) എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവ മുഖമുദ്രയായുള്ള ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് സമ്പൂർണ്ണമായി നടപ്പിലാക്കിയതോടുകൂടി റേഷൻ വിതരണം കൂടുതൽ സുതാര്യവും കാര്യക്ഷമവും ഫലപ്രദവുമായിത്തീർന്നു. റേഷൻകാർഡിലെ അംഗങ്ങളുടെ ആധാർ നമ്പർ വഴി അവരുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. ഇപ്പോൾ വിരലടയാളമാണ് പരിശോധിക്കുന്നത്. ഐറിസ് പരിശോധിക്കുന്ന സംവിധാനവും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽവരുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയംതന്നെ epos.kerala.gov.in എന്ന വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. ഇ-പോസ് മെഷീനുകളെക്കുറിച്ച് അവബോധം നൽകുന്നതിനായി വിവിധ മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ നൽകിയിട്ടുണ്ട്. ഓരോ കാർഡുടമയ്ക്കും അർഹതപ്പെട്ട വിഹിതം സംബന്ധിച്ച് എസ്.എം.എസ്. നൽകുന്നുണ്ട്. റേഷൻ വാങ്ങുമ്പോൾ വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ചും എസ്.എം.എസ്. നൽകുന്നുണ്ട്.

ഇതിനുപുറമെ പൊതുവിതരണ ശൃംഖലയിലെ മറിച്ചുവിൽപ്പന, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ ഫലപ്രദമായി തടയുന്നതിനായി വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ കേരള റേഷനിംഗ് ഓർഡർ, 1955-ലെ അവശ്യ സാധന നിയമം എന്നിവയിലെ ചട്ടങ്ങൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(സി) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചിട്ടുള്ളതിനാൽ കാർഡുടമകൾക്ക് ആധാർ അടിസ്ഥാനമാക്കിയുള്ള 'പോർട്ടബിലിറ്റി സംവിധാനം' ഉപയോഗിച്ച് ഏത് റേഷൻ കടകളിൽനിന്നും തങ്ങളുടെ വിഹിതം വാങ്ങാവുന്നതാണ്. ഇത് സംബന്ധിച്ച് വിവിധ പത്ര മാധ്യമങ്ങളിലൂടെയും എസ്.എം.എസ്. മുഖേനയും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. നിലവിൽ 'പോർട്ടബിലിറ്റി സംവിധാനം' ഏർപ്പെടുത്തിയിട്ടുള്ളതിനാൽ കാർഡുടമകൾക്ക് തങ്ങൾക്ക് ഇഷ്ടമുള്ള ഏത് റേഷൻ കടകളിൽ നിന്നും വിഹിതം വാങ്ങാവുന്നതാണ്. ആയതിനാൽ റേഷൻ കടകളുടെ സ്റ്റോക്കിന്റെ ലഭ്യത പരിശോധിച്ച് അധിക വിഹിതം നൽകുന്നതിന് SCMS (Supply Chain Management System) ആപ്ലിക്കേഷനിൽ എക്സ്ട്രാ അലോട്ട്മെന്റ് എന്ന ഒരു സംവിധാനം താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. എക്സ്ട്രാ അലോട്ട്മെന്റ് നൽകുന്നതിനനുസരിച്ച് ഡിപ്പോയിൽനിന്നും സ്റ്റോക്ക് അനുവദിക്കുകയും ചെയ്യുന്നു.

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിൽക്കുന്ന സബ്സിഡി ഇല്ലാത്ത/നോൺ മാവേലി സാധനങ്ങൾ റേഷൻകട വഴി വിൽക്കുന്ന പദ്ധതി 18-05-2018 ൽ കണ്ണൂരിൽ വച്ച് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. ആയതിന്റെ പുരോഗതി വിലയിരുത്തി സംസ്ഥാന വ്യാപകമായി നടപ്പിൽവരുത്തുന്നത് സംബന്ധിച്ച് ആലോചിച്ചുവരുന്നു.

(എഫ്) നേരത്തെ ഐ.ടി. മിഷന്റെ ക്ലൗഡ് സർവറുകളിൽ സൂക്ഷിച്ചിരുന്ന ഡേറ്റാ ബേസ് വകുപ്പ് സ്വന്തമായി വാങ്ങിയ കൂടുതൽ പ്രവർത്തനശേഷിയുള്ള സെർവറുകളിലേക്ക് മാറ്റിയിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാൽ ഉണ്ടാകുന്ന തടസ്സങ്ങൾ തത്സമയം പരിഹരിക്കപ്പെടുന്നുണ്ട്. നിലവിൽ ഇത്തരം പ്രശ്നങ്ങളൊന്നുംതന്നെയില്ല.

**മാവേലി സ്റ്റോറുകളും സൂപ്പർമാർക്കറ്റുകളും ആരംഭിക്കുന്നതിന് നടപടി**

296(4082) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമാർക്കറ്റിലെ വിലനിലവാരം പിടിച്ചു നിർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന സപ്ലൈകോ കൂടുതൽ മാവേലി സ്റ്റോറുകളും സൂപ്പർമാർക്കറ്റുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സൂപ്പർമാർക്കറ്റുകളും മാവേലി സ്റ്റോറുകളും പുതുതായി ആരംഭിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സപ്ലൈകോ കൂടുതൽ മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് 5 വർഷത്തേയ്ക്ക് വാടക രഹിത കെട്ടിടവും കമ്പ്യൂട്ടറും മറ്റ് അനുബന്ധ സാമഗ്രികൾക്കുമായി ഒരു ലക്ഷം രൂപയും ബന്ധപ്പെട്ട പഞ്ചായത്ത് ലഭ്യമാക്കണം. ഒരു പഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ആജീവനാന്തകാല വാടക രഹിത കെട്ടിടവും ഒരു ലക്ഷം രൂപയുമാണ് ലഭ്യമാക്കേണ്ടത്. കെട്ടിടം ലഭ്യമായാൽ സാദ്ധ്യതാ പഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്ത് പുതിയ മാവേലി സ്റ്റോറുകൾക്കും സൂപ്പർ മാർക്കറ്റുകൾക്കും അനുമതി നൽകുന്നു. പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് വിൽപ്പനസാധ്യതയുള്ള പ്രദേശങ്ങളിൽ കുറഞ്ഞത് 1000 ച.അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിടം ന്യായമായ വാടക നിരക്കിൽ ലഭ്യമാകേണ്ടതുണ്ട്. കൂടാതെ 10 ലക്ഷത്തിലധികം വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ അനുയോജ്യമായ കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## പ്രൈസ് മോണിറ്ററിംഗ് സെൽ

297(4083) ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. കെ. ഡി. പ്രസേനൻ :

ശ്രീമതി യു. പ്രതിഭ :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വിലനിലവാരം നിരീക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) വിപണി പിടിച്ചുനിർത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രൈസ് മോണിറ്ററിംഗ് സെൽ നടത്തിവരുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോയുടെ കാര്യക്ഷമമായ വിപണിയിടപെടൽ പദ്ധതി വഴി 14 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. സപ്ലൈകോയുടെ 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ എന്നിവയും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ വില്പന നടത്തുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി മുൻവർഷം അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ഉത്പാദന കേന്ദ്രങ്ങളിൽനിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ഉത്സവചന്തകൾ സംഘടിപ്പിച്ച് അവശ്യസാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിച്ചുവരുന്നു.

(ബി &സി) ഉണ്ട്. പൊതുവിപണിയിലെ അവശ്യ ഭക്ഷ്യ സാധനങ്ങളുടെ വില നേരത്തെയുള്ള വിലകളുമായി താരതമ്യം ചെയ്ത് വിലക്കയറ്റം തടയാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് പ്രൈസ് മോണിറ്ററിംഗ് സെൽ നിർദ്ദേശം നൽകുന്നു. വില നിലവാരം നിരീക്ഷിക്കുകയും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കേരഫെഡ്, ഹോർട്ടികോർപ്പ് മുതലായവയ്ക്ക് നിർദ്ദേശം നൽകുകയും വിലക്കയറ്റം തടയാൻ ഉതകുന്ന വിധത്തിലുള്ള നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്യും. ഇതുവഴി അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനും വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും പ്രൈസ് മോണിറ്ററിംഗ് സെല്ലിന് സാധിക്കുന്നു.

## സപ്ലൈകോ/മാവേലി സ്റ്റോർ വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം

298(4084) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ/മാവേലി സ്റ്റോർ തുടങ്ങിയ സ്ഥാപനങ്ങളിൽ സാധനങ്ങൾ വാങ്ങുമ്പോൾ ഗുണനിലവാര പരിശോധനയ്ക്ക് എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(ബി) ഈ സർക്കാർ കാലയളവിൽ സപ്ലൈകോ/മാവേലി സ്റ്റോർ തുടങ്ങിയ സ്ഥാപനങ്ങളിൽ വിൽക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി നടത്തിയ പരിശോധനകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) മാവേലി സ്റ്റോർ/സപ്ലൈകോ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിൽക്കുന്നത് ഇല്ലാതാക്കുന്നതിന് ശാശ്വതമായ പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഓരോ ഡിപ്പോകളിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയും NFSA (National Food Security Act) ഗോഡൗണുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ച ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയും അതത് ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരമാണെന്ന് ഉറപ്പുവരുത്താൻ പരിശോധന നടത്തിയതിനു ശേഷമാണ് സാധനങ്ങൾ സ്വീകരിക്കുന്നത്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സപ്ലൈകോ ഔട്ട്‌ലെറ്റുകൾ വഴി വില്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുകയും ആവശ്യമെങ്കിൽ ഇവയുടെ സാമ്പിളുകൾ റീജിയണൽ അനലറ്റിക്കൽ ലാബിലും NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലാബിലും പരിശോധിച്ച് ഉറപ്പുവരുത്തുന്നു.

(ബി) 31-10-2018 വരെ സപ്ലൈകോ വഴി വില്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ 2449 സാമ്പിളുകൾ CFRD-ൽ (Council for Food Research & Development) അയച്ച് പരിശോധന നടത്തിയിട്ടുണ്ട്.

(സി) ഗുണനിലവാരമില്ലാത്ത ഉൽപ്പന്നങ്ങൾ വിൽപ്പനശാലകളിൽനിന്ന് പിൻവലിക്കുക, സപ്ലൈയർമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുക തുടങ്ങിയ അടിയന്തര നടപടികൾ നടപ്പിലാക്കിവരുന്നു. ഗുണനിലവാര പരിശോധന സംബന്ധിച്ച റിപ്പോർട്ടുകൾ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന് നൽകി തുടർപരിശോധനകളും സാധ്യമാക്കിവരുന്നു.

## തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണം

299(4085) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സീസണിലെ നെല്ല് സംഭരണത്തിനായി തൃശ്ശൂർ ജില്ലയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നെല്ലിന്റെ സംഭരണ വിലയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) നെല്ല് സംഭരണം സുഗമമാക്കുന്നതിന് കർഷക സംഘടന പ്രതിനിധികളുടെയും മില്ലുടമകളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജില്ലാതല യോഗം ചേരുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ നെല്ലുസംഭരണം കൃത്യമായി നടപ്പിലാക്കുവാൻ ബന്ധപ്പെട്ട പാഡി ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) 2017-18 സീസണിൽ കിലോഗ്രാമിന് നൽകിയിരുന്ന 23.30 രൂപ, രണ്ട് രൂപ വർദ്ധനവ് വരുത്തി 25.30 രൂപയാക്കിയിട്ടുണ്ട്.

(സി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ആവശ്യമായിവരുന്നപക്ഷം കർഷക സംഘടന പ്രതിനിധികളുടെയും മില്ലുടമകളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജില്ലാതല യോഗം ചേരുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## സപ്ലൈകോ സൂപ്പർമാർക്കറ്റിലെ സ്റ്റോക്കിൽ കുറവുണ്ടായ സാഹചര്യം

300(4086) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേക്കോട്ടയിലുള്ള സപ്ലൈകോ സൂപ്പർമാർക്കറ്റിൽ സ്റ്റോക്ക് റീ കൺസിലിയേഷൻ നടത്തിയപ്പോൾ സ്റ്റോക്കിൽ കുറവുണ്ടായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) എത്ര കോടി രൂപയുടെ സാധനങ്ങളാണ് കുറവുണ്ടായത്; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) സ്റ്റോക്കിൽ കുറവുണ്ടാകാൻ കാരണമായവർക്കെതിരെ ക്രിമിനൽ കേസ് ചാർജ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കേസ് ചാർജ് ചെയ്യാത്തതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) തിരുവനന്തപുരം കിഴക്കേകോട്ടയിലെ ഫോർട്ട് സൂപ്പർ മാർക്കറ്റിൽ

ചാർജ് കൈമാറ്റത്തോടനുബന്ധിച്ച് നടത്തിയ സ്റ്റോക്കെടുപ്പിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സപ്ലൈകോ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ ആകെ 9,46,966.29 (ഒമ്പത് ലക്ഷത്തിനാല്പത്തിയാറായിരത്തി തൊള്ളായിരത്തി അറുപത്താറ് രൂപയും ഇരുപത്തൊമ്പത് പൈസയും) രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഈ കാലയളവിലെ ജീവനക്കാരിൽ കൊല്ലം ക്രൈം ബ്രാഞ്ച് കോടതിയുടെ ജാമ്യ നിബന്ധനപ്രകാരം തിരുവനന്തപുരം ജില്ലയിൽത്തന്നെ തുടരേണ്ടതായ ഒരാളൊഴികെ മറ്റ് ജീവനക്കാരെ മേഖല മാറ്റി നിയമിക്കുകയും അന്വേഷണത്തിന് വിഘാതമുണ്ടാകാതിരിക്കാൻ രണ്ട് ജീവനക്കാരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുമുണ്ട്. ഇക്കാര്യത്തിൽ വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ മുഖാന്തിരം വിശദമായ ഒരന്വേഷണത്തിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

## കോതമംഗലം മണ്ഡലത്തിലെ ചെറുവട്ടൂരിൽ മാവേലി സ്റ്റോർ

301(4087) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചെറുവട്ടൂരിൽ മാവേലി സ്റ്റോർ ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് വാടകരഹിത കെട്ടിടവും കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള സാമഗ്രികൾക്കായി 1 ലക്ഷം രൂപയും നല്കാമെന്ന പഞ്ചായത്തിന്റെ സമ്മത പത്രം ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കാമോ;

(സി) സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ 50,000-ൽ അധികം ജനസംഖ്യ ഉള്ള നെല്ലിക്കുഴി പഞ്ചായത്തിൽ ചെറുവട്ടൂർ കേന്ദ്രീകരിച്ച് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ടി സ്ഥലത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് വാടക രഹിത കെട്ടിടവും കംപ്യൂട്ടർ ഉൾപ്പെടെ അനുബന്ധ സാമഗ്രികൾക്കായി ഒരു ലക്ഷം രൂപയും നൽകാമെന്നുള്ള പഞ്ചായത്തിന്റെ സമ്മതപത്രം ലഭിച്ചിട്ടുണ്ട്. പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഫോർട്ട് സപ്ലൈകോ പീപ്പിൾ ബസാറിലെ തിരിമറി

302(4088) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനഗരിയിലെ ഫോർട്ട് സപ്ലൈകോ പീപ്പിൾ ബസാറിൽ 20 ലക്ഷം രൂപയുടെ തിരിമറി നടന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ;

(സി) കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) തിരുവനന്തപുരം കിഴക്കേകോട്ടയിലെ ഫോർട്ട് സൂപ്പർ മാർക്കറ്റിൽ ചാർജ് കൈമാറ്റത്തോടനുബന്ധിച്ച് നടത്തിയ സ്റ്റോക്കെടുപ്പിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സപ്ലൈകോ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ ആകെ 9,46,966.29 (ഒമ്പത് ലക്ഷത്തിനാല്പത്തിയാറായിരത്തി തൊള്ളായിരത്തി അറുപത്താറ് രൂപയും ഇരുപത്തൊമ്പതു പൈസയും) രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഈ കാലയളവിലെ ജീവനക്കാരിൽ കൊല്ലം ക്രൈം ബ്രാഞ്ച് കോടതിയുടെ ജാമ്യ നിബന്ധനപ്രകാരം, തിരുവനന്തപുരം ജില്ലയിൽത്തന്നെ തുടരേണ്ടതായ ഒരാളൊഴികെ മറ്റ് ജീവനക്കാരെ മേഖല മാറ്റി നിയമിക്കുകയും അന്വേഷണത്തിന് വിഘാതമുണ്ടാകാതിരിക്കാൻ രണ്ട് ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുമുണ്ട്. ഇക്കാര്യത്തിൽ വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ മുഖാന്തരം വിശദമായ ഒരന്വേഷണത്തിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ സപ്ലൈകോ സ്ഥാപനങ്ങൾ

303(4089) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ സപ്ലൈകോ സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഇവയുടെ ശരാശരി വാർഷിക വിറ്റുവരവിന്റെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവിടത്തെ മാവേലി സ്റ്റോറുകളിൽ സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങൾ എല്ലായ്പ്പോഴും ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) അവശ്യസാധനങ്ങൾ എല്ലാ ദിവസവും ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ഡി) കുലശേഖരപുരം, തഴവ ഗ്രാമപഞ്ചായത്തുകളിൽ ഓരോ സൂപ്പർ മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മാവേലി സ്റ്റോറുകളിൽ ഞായറാഴ്ചകളിലും അംഗീകരിച്ചിട്ടുള്ള പൊതു അവധികളിലും ചില പ്രാദേശിക അവധികളിലും ഒഴികെയുള്ള എല്ലാ പ്രവർത്തി ദിനങ്ങളിലും അവശ്യസാധനങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്. സാധനങ്ങൾക്ക് ദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ ആവശ്യത്തിന് സ്റ്റോക്ക് എത്തിച്ച് ലഭ്യത ഉറപ്പാക്കുന്നുണ്ട്.

(ഡി) കുലശേഖരപുരം പഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോർ ആയതിനാൽ ആജീവനാന്ത വാടകരഹിത കെട്ടിടവും കമ്പ്യൂട്ടറിനും മറ്റ് അനുബന്ധ സാമഗ്രികൾക്കുമായി ഒരു ലക്ഷം രൂപയും ബന്ധപ്പെട്ട പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് സാദ്ധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിലും ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

തഴവ ഗ്രാമപഞ്ചായത്തിലും മേൽനിബന്ധനകൾ പാലിച്ച് പുതിയ വിൽപ്പനശാല ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## സപ്ലൈകോയുടെ പിറവം സബർബൻ മാൾ നിർമ്മാണം

304(4090) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ പിറവത്തെ സബർബൻ മാൾ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

* ലൈബ്രറിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പിറവം സബർബൻ മാളിന്റെ നിർമ്മാണ പ്രവൃത്തികൾ ഏകദേശം 80%-ത്തോളം പൂർത്തിയായിട്ടുണ്ട്. ടൈൽ വർക്കുകൾ, അലുമിനിയം കോമ്പോസിറ്റ് പാനൽ വർക്കുകൾ, ഇലക്ട്രിക്കൽ വർക്കുകൾ, ഫയർ ഫൈറ്റിംഗ് വർക്കുകൾ, ലിഫ്റ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പിറവം സബർബൻ മാളിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണം

305(4091) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ നിലനിന്നിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹു.ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി, ബഹു.കൃഷി വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 2018 ജൂലൈ മാസത്തിൽ നടന്ന യോഗ തീരുമാനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത യോഗ തീരുമാന പ്രകാരം കർഷകർക്ക് ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മില്ലുകാർ നിർവ്വഹിക്കേണ്ട ജോലികൾ പാടശേഖര സമിതികളെ കൊണ്ടു ചെയ്യിക്കുകയും സർക്കാരിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് നൽകാതിരിക്കുകയും ചെയ്യുന്ന മില്ലുടമകളിൽനിന്ന് കർഷകർക്ക് തുക ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ നിലനിന്നിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 24-7-2018-ൽ ചേർന്ന യോഗം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

1. സപ്ലൈകോയും മില്ലുകാരും തമ്മിലുണ്ടാക്കിയ കരാറിൽ പറഞ്ഞിരിക്കുന്ന ജോലികളിൽ ഏതൊക്കെ ജോലികൾ കർഷകർ ചെയ്യണം ഏതൊക്കെ മില്ലുകാർ ചെയ്യണം എന്നത് വ്യക്തത വരുത്തണം. അഥവാ കരാർ പ്രകാരം മില്ലുടമകൾ ചെയ്യേണ്ട ജോലികൾ പടവ് കമ്മിറ്റിക്കാരെക്കൊണ്ടോ, കൃഷിക്കാരെക്കൊണ്ടോ ചെയ്യിപ്പിക്കുന്നുണ്ടെങ്കിൽ അതിന് മില്ലുകാർക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന കൂലി പ്രസ്തുത ജോലി ചെയ്യുന്ന കർഷകർക്ക്/പടവുകമ്മിറ്റിക്ക് നൽകേണ്ടതാണ്.

2. സീസൺ തുടങ്ങുന്നതിന് രണ്ടാഴ്ച മുമ്പായി നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് മില്ലുടമകളുടെയും കർഷകരുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും ഒരു യോഗം മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ വിളിച്ച് ചേർക്കേണ്ടതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മില്ലുകാർ നിർവ്വഹിക്കേണ്ട ജോലികൾ കർഷകരെക്കൊണ്ടും പാടശേഖര സമിതികളെക്കൊണ്ടും ചെയ്യിക്കുകയാണെങ്കിൽ പരാതി ലഭിക്കുന്നപക്ഷം ആയതിനുള്ള കൂലി കർഷകർക്കും പാടശേഖര സമിതികൾക്കും ബന്ധപ്പെട്ട മില്ലുകാരിൽനിന്നും ഈടാക്കി നൽകുന്നതിന് സപ്ലൈകോ നടപടി സ്വീകരിച്ചിട്ടുണ്ട്.

**മായം കലർന്ന ഭക്ഷ്യ പദാർത്ഥങ്ങളുടെ വില്പന തടയൽ**

306(4092) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മായം കലർന്ന ഭക്ഷ്യ പദാർത്ഥങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾ വില്പന നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് തിരുവനന്തപുരം ജില്ലയിൽ നടത്തിയ പരിശോധനകളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) മായം കലർന്ന ഭക്ഷ്യപദാർത്ഥങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾ വില്പന നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് ഒരു സംവിധാനവും നിലവിലില്ല. ഇത്തരം കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നത് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഭക്ഷ്യ സുരക്ഷാ വകുപ്പാണ്.

(ബി) ബാധകമല്ല.

**ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട അഴിമതി കേസുകൾ**

307(4093) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട എത്ര അഴിമതി കേസുകൾ അന്വേഷണത്തിലുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഏതെങ്കിലും കേസ്സുകളുടെ അന്വേഷണം പൂർത്തീകരിച്ച് തുടർ നടപടികൾക്കായി വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) 10 വിജിലൻസ് കേസുകളും റേഷൻ മൊത്ത/ചില്ലറ വ്യാപാരികൾക്കെതിരായി 34 കേസുകളും നിലവിലുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. *

(ബി) വകുപ്പിലെ എൽ.ഡി.ക്ലാർക്കായ ശ്രീ. കെ. ഇബ്രാഹിമിനെതിരെ VC 7/01/KKD പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ക്രിമിനൽ കേസ് 43/04 പ്രകാരം വിചാരണ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ രണ്ട് വർഷം കഠിന തടവിനും 40,000 രൂപ പിഴ ഒടുക്കുവാനും കോഴിക്കോട് വിജിലൻസ് & എൻക്വയറി കമ്മീഷണർ സ്പെഷ്യൽ ജഡ്ജ് വിധിച്ചിരുന്നു. ശ്രീ. ടോജി സെബാസ്റ്റ്യൻ, ഹെഡ് ക്ലാർക്കിനെതിരെ CC-02/2009 നമ്പർ ക്രിമിനൽ കേസിലെ വിധി പ്രകാരം സ്പെഷ്യൽ ജഡ്ജ് (സി.ബി.ഐ.) എറണാകുളം, അഴിമതി നിരോധന നിയമം-1988 സെക്ഷൻ 7 പ്രകാരം ഒരു വർഷം കഠിന തടവിനും 20,000 രൂപ പിഴ ഒടുക്കുവാനും വിധിച്ചിരുന്നു. ഇരുവർക്കുമെതിരെ കേരള സിവിൽ സർവ്വീസ് (തരംതിരക്കലും നിയന്ത്രണവും അപ്പീലും) 1960 ചട്ടം 18 പ്രകാരമുള്ള തുടർ അച്ചടക്ക നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു.

റേഷൻ വ്യാപാരികൾക്കെതിരായ കേസുകളിൽ അന്വേഷണം തുടർന്നുവരുന്നു.

## സപ്ലൈകോയുടെ പീപ്പിൾസ് ബസാറിൽ നടന്ന തട്ടിപ്പ്

308(4094) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഫോർട്ടിലെ സപ്ലൈകോയുടെ പീപ്പിൾസ് ബസാറിൽ 33 ലക്ഷം രൂപയുടെ തട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത തട്ടിപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) രാഷ്ട്രീയ പരിഗണന വച്ച് പ്രസ്തുത തട്ടിപ്പിന് കാരണക്കാരായ ജീവനക്കാരെ സംരക്ഷിക്കുന്ന നിലപാടാണ് സ്വീകരിച്ചതെന്ന പരാതി പരിഗണിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത തട്ടിപ്പ് കണ്ടുപിടിച്ച ജീവനക്കാരിൽ ആരെയെങ്കിലും സ്ഥലം മാറ്റിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം ഫോർട്ട് സപ്ലൈകോ പീപ്പിൾസ് ബസാറിൽ സപ്ലൈകോ വിജിലൻസ് പരിശോധന നടത്തി 9,46,966.29 രൂപയുടെ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്.

(ബി&സി) ക്രമക്കേട് കണ്ടെത്തിയതിൽ കൊല്ലം ക്രൈംബ്രാഞ്ച് കോടതിയുടെ ജാമ്യ നിബന്ധനപ്രകാരം തിരുവനന്തപുരം ജില്ലയിൽ തന്നെ തുടരേണ്ടതായ ഒരാളൊഴികെ മറ്റെല്ലാ ജീവനക്കാരെയും മേഖല മാറ്റി സ്ഥലം മാറ്റുകയും അന്വേഷണത്തിന് വിഘാതമുണ്ടാകാതിരിക്കാൻ രണ്ട് ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുമുണ്ട്. ഇക്കാര്യത്തിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മുഖാന്തരം വിശദമായ ഒരന്വേഷണത്തിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) ടി ഔട്ട്ലെറ്റിലെ ജീവനക്കാരിൽ കൊല്ലം ക്രൈം ബ്രാഞ്ച് കോടതിയുടെ ജാമ്യ നിബന്ധനപ്രകാരം തിരുവനന്തപുരം ജില്ലയിൽത്തന്നെ തുടരേണ്ടതായ ഒരാളൊഴികെ മറ്റു ജീവനക്കാരെ മേഖല മാറ്റി നിയമിച്ചിട്ടുണ്ട്.

## പ്രളയകാലത്ത് അനുവദിച്ച ഭക്ഷ്യസാധനങ്ങൾക്ക് വില ഈടാക്കിയ കേന്ദ്ര നടപടി

309(4095) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയകാലത്ത് അനുവദിച്ച ഭക്ഷ്യസാധനങ്ങൾക്കും മണ്ണെണ്ണക്കും കേന്ദ്രത്തിന് താങ്ങുവില നൽകേണ്ടിവരുന്ന സ്ഥിതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ പ്രകൃതിദുരന്തം ഉണ്ടാകുമ്പോൾ സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ നല്കുന്ന കേന്ദ്രം കേരളത്തിന്റെ കാര്യത്തിൽ വിരുദ്ധ നിലപാട് സ്വീകരിക്കുന്നുണ്ടോ;എങ്കിൽ കാരണങ്ങൾ അറിയിച്ചിട്ടുണ്ടോ;

(സി) പ്രളയസമയത്ത് സംസ്ഥാനം ആവശ്യപ്പെട്ട അളവിൽ ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും കേന്ദ്രം നല്കിയിരുന്നോ; വ്യക്തമാക്കുമോ;

(ഡി) ഭക്ഷ്യധാന്യങ്ങൾക്ക് വില ഈടാക്കുന്നത് ഒഴിവാക്കണമെന്ന് കാണിച്ച് സംസ്ഥാനം കേന്ദ്രത്തിന് കത്ത് നല്കിയിരുന്നോ; വ്യക്തമാക്കുമോ;

(ഇ) പ്രളയത്തിൽപ്പെട്ട സംസ്ഥാനത്തിന് കേന്ദ്രത്തിൽനിന്ന് ലഭിച്ച ഭക്ഷ്യധാന്യം മുഴുവൻ സംസ്ഥാന സർക്കാർ സൗജന്യമായാണോ വിതരണം ചെയ്തതെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രതിസന്ധിഘട്ടത്തിൽ ഭക്ഷ്യധാന്യങ്ങൾക്ക് പണം ഈടാക്കിയ കേന്ദ്ര നിലപാടിനെതിരെ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയ ദുരിതാശ്വാസമായി അനുവദിച്ച അരി വിഹിതം വിലയീടാക്കാതെ എഫ്.സി.ഐ.-യിൽ നിന്ന് വിട്ടു നല്കിയിട്ടുണ്ടെങ്കിലും ടി അരിയുടെ താങ്ങുവില നിരക്കിലുള്ള തുക സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്ര ദുരിതാശ്വാസ നിധിയിൽ നിന്നോ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വിഹിതമുൾപ്പെടെയുള്ള മറ്റ് പദ്ധതിയിൽ നിന്നോ ക്രമീകരിക്കുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. മണ്ണെണ്ണയും നോൺ സബ്സിഡി നിരക്കിലാണ് അനുവദിക്കുന്നത്.

(ബി) കേന്ദ്ര സർക്കാർ നയപ്രകാരം, പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അധിക ഭക്ഷ്യധാന്യ വിഹിതം താങ്ങുവില നിരക്കിലാണ് അനുവദിക്കുന്നത്.

(സി) പ്രളയ സമയത്ത് 118000 മെട്രിക് ടൺ അരി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 89540 മെട്രിക് ടൺ അരിയാണ് കേന്ദ്ര സർക്കാർ നല്കിയത്. കൂടാതെ 12000 കിലോ ലിറ്റർ മണ്ണെണ്ണയും ലഭ്യമാക്കിയിരുന്നു.

(ഡി) ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് കേന്ദ്രസർക്കാരിന് കത്ത് നൽകിയിരുന്നു.

(ഇ) പ്രളയബാധിതരായ എല്ലാ വിഭാഗം കാർഡുടമകൾക്കും 5 കിലോഗ്രാം അരി വീതം സൗജന്യമായി ആഗസ്റ്റ് മാസത്തെ റേഷനോടൊപ്പം വിതരണം ചെയ്തിരുന്നു. കൂടാതെ എല്ലാ തോട്ടം തൊഴിലാളികൾക്കും സൗജന്യമായി കാർഡിന് 15 കിലോഗ്രാം അരി വീതവും വിതരണം ചെയ്തിരുന്നു. തുടർന്ന് 2018 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഇ-പോസ് മെഷീൻ മുഖേനയുള്ള

വിതരണത്തിന് കൈകാര്യ ചെലവ് ഇനത്തിൽ കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ ഈടാക്കി എല്ലാ മുൻഗണനേതര വിഭാഗങ്ങൾക്കും 5 കിലോഗ്രാം വീതം അരി നല്കിവരുന്നു.

(എഫ്) പ്രളയ ദുരിതാശ്വാസത്തിനായി അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുവെങ്കിലും ടി ആവശ്യം പരിഗണിക്കുകയുണ്ടായില്ല. ഈ വിഷയത്തിൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

**ഉപഭോക്തൃ തർക്കപരിഹാര ഫോറം മെമ്പർമാരുടെ നിയമനം**

310(4096) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃകാര്യ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലേക്കുള്ള മെമ്പർമാരെ നിയമിക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഉള്ള പ്രസ്തുത മെമ്പർമാരുടെ ജില്ല തിരിച്ചുള്ള പേരുവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ സെക്ഷൻ 10-ൽ പ്രതിപാദിച്ചിട്ടുള്ള യോഗ്യതയുള്ളവരിൽനിന്ന്, 2005-ലെ ഉപഭോക്തൃ സംരക്ഷണ ചട്ടത്തിലെ, ചട്ടം 7-ൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമപ്രകാരമാണ് ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലേയ്ക്കുള്ള മെമ്പർമാരെ നിയമിക്കുന്നത്.

(ബി) നിലവിൽ സേവനമനുഷ്ഠിച്ചു വരുന്ന മെമ്പർമാരുടെ ജില്ല തിരിച്ചുള്ള പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ**

311(4097) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്ത തീയതിയുൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ലീഗൽ മെട്രോളജി വകുപ്പിൽ താൽകാലിക പ്രൊമോഷൻ വഴി എത്ര ജീവനക്കാർ ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്;

(സി) ഈ ജീവനക്കാരിൽ ഡിപ്ലോമയുള്ള എത്ര പേർക്ക് 3 വർഷത്തെ പ്രൊഫഷണൽ എക്സ്പീരിയൻസ് ഇല്ല എന്നുള്ളതിന്റെ വിശദവിവരം നൽകുമോ; ഇവർ ഇപ്പോഴും പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്നതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) 31 ഒഴിവുകൾ നിലവിലുണ്ട്. 1-12-2012-ലെ ബി2-8296/17 കത്ത് പ്രകാരം 8 ഒഴിവുകളും 18-11-2016-ലെ ബി2-8718/16 കത്ത് പ്രകാരം 18 ഒഴിവുകളും 2012 നവംബറിൽ ഒരു എൻ.ജെ.ഡി. ഒഴിവും ഉൾപ്പെടെ 27 ഒഴിവുകൾ ലീഗൽ മെട്രോളജി കൺട്രോളർ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 19 പേർ.

(സി) ഡിപ്ലോമ യോഗ്യതയുള്ളതും 3 വർഷത്തെ പ്രൊഫഷണൽ എക്സ്പീരിയൻസ് ഇല്ലാത്തതുമായവരുടെ പേരുവിവരം ചുവടെചേർക്കുന്നു.

1. സൗമ്യ. പി.
2. ചന്ദ്രബാബു. എസ്. എസ്.
3. സുജിത്ത് കുമാർ ആർ. കെ.
4. ജീന ഐ. ആർ.
5. മുരളീധരൻപിള്ള ബി.

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരുന്ന കാലയളവിൽ ഇൻസ്പെക്ടർ തസ്തികയുടെ 1/3 ഭാഗം ഒഴിഞ്ഞുകിടക്കുന്നത് വകുപ്പിലെ നിർവ്വഹണ പ്രവർത്തനങ്ങളെ ബാധിച്ചതിനാലും റവന്യൂ വരുമാനം കുറഞ്ഞതിനാലുമാണ് നിബന്ധനകൾക്ക് വിധേയമായി താൽക്കാലിക പ്രൊമോഷൻ അനുവദിച്ചത്. നേരിട്ടുള്ള നിയമനങ്ങൾക്ക് അർഹതയുള്ള ഒഴിവുകളിൽ പി.എസ്.സി. വഴി നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ വരുന്നമുറയ്ക്ക് താൽക്കാലിക നിയമനം ലഭിച്ചവരെ റിവേർട്ട് ചെയ്യുന്നതായിരിക്കുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽവന്നുവെങ്കിലും നാളിതുവരെ നിയമന ശിപാർശ ലഭിക്കാത്തതിനാലാണ് ടി ഉദ്യോഗസ്ഥരെ റിവേർട്ട് ചെയ്യാത്തത്.

(ഡി) ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടർ തസ്തികയിലെ നിയമനം 50% നേരിട്ടും, 50% ബൈപ്രൊമോഷൻ മുഖേനയുമാണ് നടത്തുന്നത്. വകുപ്പിൽ 100 ഇൻസ്പെക്ടർ തസ്തികകളാണുള്ളത്. പി.എസ്.സി. മുഖേന നിയമിതരായ 42 ഇൻസ്പെക്ടർമാർ വകുപ്പിലുണ്ട്. ഒരു എൻ.ജെ.ഡി. ഒഴിവുൾപ്പെടെ 27 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 30-01-2013-ലെ സ.ഉ.(അച്ചടി)നമ്പർ2/2013/ഉകാവ എന്ന സ്പെഷ്യൽ റൂളിൽ പരാമർശിക്കുന്ന യോഗ്യത പ്രകാരമാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിലവിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച 04/15-ാം കാറ്റഗറി നമ്പറിൽ ഇൻസ്പെക്ടർ നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ ടി സ്പെഷ്യൽ റൂളിലെ യോഗ്യത കേന്ദ്ര സർക്കാർ നിയമത്തിലെ യോഗ്യതയ്ക്ക് വ്യത്യസ്തമായി പരാമർശിച്ചതായി നിയമസഭ സമിതി കണ്ടെത്തുകയും ടി സ്പെഷ്യൽ റൂൾ കേന്ദ്ര സർക്കാർ നിയമത്തിനനുസൃതമായി ഭേദഗതി വരുത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 04/15 ആയി പുറപ്പെടുവിച്ച വിജ്ഞാപനം പുതുതായി ഭേദഗതി ചെയ്തുവരുന്ന സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ, ഭേദഗതി ചെയ്ത് വിജ്ഞാപനം ചെയ്യുന്നതിനായി പരാതികൾ ലഭിക്കുകയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ചില ഉദ്യോഗാർത്ഥികൾ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽവസ്തുതകൾ കണക്കിലെടുത്താണ് കൂടുതൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നത്. 26-09-2018-ൽ ഭേദഗതി ചെയ്ത സ്പെഷ്യൽ റൂൾ (സ.ഉ.(അച്ചടി)നം.11/2018/ഉകാവ) നിലവിൽ വന്നതിനാൽ നിയമ പ്രകാരമുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ലീഗൽ മെട്രോളജി വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ**

312(4098) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സുതാര്യം എന്ന പദ്ധതി പ്രകാരം പരാതികൾ സ്വീകരിക്കാൻ ലീഗൽ മെട്രോളജി വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) അപ്രകാരം ലഭിച്ച പരാതികൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ;

(ഡി) ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഒഴിവുള്ള എൻഫോഴ്സ്മെന്റ് തസ്തികകളിൽ നിയമനം നടത്തുന്നതിന് തയ്യാറാകുമോ;

(ഇ) ജനങ്ങളിൽ ലീഗൽ മെട്രോളജി വകുപ്പിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് 'സുതാര്യം' എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ, കോൾ സെന്റർ, ജി.പി.എസ്. സംവിധാനം ഘടിപ്പിച്ച വാഹനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ വെബ്സൈറ്റിലൂടെയും (wwwmd.kerala.gov.in), ലീഗൽ മെട്രോളജി കൺട്രോളറുടെ ഔദ്യോഗിക ഇ-മെയിൽ വിലാസത്തിലും (clmmd@kerala.gov.in) പരാതികൾ നൽകാവുന്നതാണ്.

(ബി&സി) ഉണ്ട്. സുതാര്യം എന്ന മൊബൈൽ ആപ്ലിക്കേഷനിൽ പൊതുജനങ്ങൾ രജിസ്റ്റർ ചെയ്യുന്ന പരാതികൾ നിയമലംഘനം നടത്തിയ വ്യാപാര സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ ഇൻസ്പെക്ടർക്ക് മൊബൈൽ ആപ്ലിക്കേഷനിലൂടെ ലഭിക്കുന്നു. പരാതിക്കാരന് പരാതി രജിസ്റ്റർ ചെയ്തത് സംബന്ധിച്ച് സന്ദേശം ലഭിക്കുകയും ചെയ്യുന്നു. ഇൻസ്പെക്ടർ പരാതിയിന്മേൽ അന്വേഷണം നടത്തി ആയതിന്മേലുള്ള അഭിപ്രായം മൊബൈൽ ആപ്ലിക്കേഷനിലൂടെ തന്നെ രേഖപ്പെടുത്തുകയും ആയത് പരാതിക്കാരന് സന്ദേശമായി ലഭിക്കുകയും ചെയ്യുന്നു. പരാതിക്കാരന് ഓരോ ഘട്ടത്തിലും പരാതി ട്രാക്ക് ചെയ്യുന്നതിനും സാധിക്കുന്നതാണ്. പരാതികൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ തന്നെ ഉന്നത ഉദ്യോഗസ്ഥർക്കും ആയത് സംബന്ധിച്ച സന്ദേശം ലഭിക്കുന്നതിനാൽ പരാതികൾ സമയബന്ധിതമായി തീർപ്പാക്കിവരുന്നു.

(ഡി) എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 14 പുതിയ താലൂക്കുകളിൽ ഇൻസ്പെക്ടർ ഓഫീസുകൾ ആരംഭിക്കുകയും ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുകയും ചെയ്തു. 14 പുതിയ വാഹനങ്ങൾ അനുവദിച്ചു. പരിശോധനകൾക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ ഓഫീസുകളിൽ അനുവദിച്ചു. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ലീഗൽ മെട്രോളജിയുമായി ബന്ധപ്പെട്ട നവീന മേഖലകളിൽ പരിശീലനം നൽകിവരുന്നു. പി.എസ്.സി. മുഖേന നിയമനം നടത്തുന്ന ഇൻസ്പെക്ടർ തസ്തികയുടെ 27 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉദ്യോഗക്കയറ്റം മുഖേന നികത്തപ്പെടേണ്ട സീനിയർ ഇൻസ്പെക്ടർ/ അസിസ്റ്റന്റ് കൺട്രോളർ/ഡെപ്യൂട്ടി കൺട്രോളർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ലീഗൽ മെട്രോളജി വകുപ്പിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി എഫ്.എം. റേഡിയോ, പത്ര മാധ്യമങ്ങൾ എന്നിവ വഴി പരസ്യം നൽകിവരുന്നു. ജില്ലകൾതോറും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ പ്രധാനപ്പെട്ട മേഖലകളിൽ വകുപ്പിന്റെ സേവനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് എൽ.ഇ.ഡി. ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## ഇൻസ്പെക്ടിംഗ് അസിസ്റ്റന്റുമാർ

313(4099) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിലെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റുമാരിൽ നിന്ന് എത്ര പേർ താത്കാലിക പ്രമോഷൻ വഴി ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്;

(ബി) 2018-ലെ സ്പെഷ്യൽ റൂളിന്റെ നോട്ടിഫിക്കേഷൻ തീയതിയായ 26-9-2018-ന് മുമ്പുണ്ടായ ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകളിൽ പ്രസ്തുത ഇൻസ്പെക്ടിംഗ് അസിസ്റ്റന്റുമാർ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 9 പേർ

(ബി) ഉണ്ട്.

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരുന്ന കാലയളവിൽ ഇൻസ്പെക്ടർ തസ്തികയുടെ 1/3 ഭാഗം ഒഴിഞ്ഞ് കിടക്കുന്നത് വകുപ്പിലെ നിർവ്വഹണ പ്രവർത്തനങ്ങളെ ബാധിച്ചതിനാലും റവന്യൂ വരുമാനം കുറഞ്ഞതിനാലുമാണ് നിബന്ധനകൾക്ക് വിധേയമായി താൽക്കാലിക പ്രൊമോഷൻ അനുവദിച്ചത്. നേരിട്ടുള്ള നിയമനങ്ങൾക്ക് അർഹതയുള്ള ഒഴിവുകളിൽ പി.എസ്.സി. വഴി നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ വരുന്നമുറയ്ക്ക് താൽക്കാലിക പ്രൊമോഷൻ ലഭിച്ചവരെ റിവേർട്ട് ചെയ്യുന്നതായിരിക്കുമെന്ന് പ്രൊമോഷൻ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 27 ഇൻസ്പെക്ടർ തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ്

314(4100) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെടുന്നവർക്കുള്ള പുനരധിവാസ പാക്കേജിൽ ചിപ്പി തൊഴിലാളികളായ രവി S/o ലക്ഷ്മണൻ നാടാർ, നന്തികുളം റോഡരികത്ത് വീട്, മുല്ലൂർ പി.ഒ., മണിയൻ S/o ശിവദാസൻ നാടാർ, മാവ് നിന്ന കുഴിവിള വീട്, കടകുളം, മുല്ലൂർ പി.ഒ., ജി. ചന്ദ്രൻ S/o ഗമാലി, പിണർ നിന്ന വിള റോഡരികത്ത് വീട്, മുല്ലൂർ പി.ഒ. എന്നിവരുടെ കൂട്ടായ ഉടമസ്ഥതയിലും ഒരുമിച്ച് ഉപജീവനം നടത്തി വരുന്നതുമായ കട്ടമരം SL.NO. 36 മഹസർ പ്രകാരം 3-3-2016-ൽ ഏറ്റെടുത്തിട്ടുണ്ടോ; ഇവരിൽ രവിക്ക് മാത്രം നഷ്ടപരിഹാരത്തുകയായ 1250000 രൂപ നൽകുകയും മറ്റുള്ളവർക്ക് ഇതുവരെയും നൽകാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) മണിയനും ജി ചന്ദ്രനും ഇതുവരെയും നഷ്ടപരിഹാരത്തുക നൽകാതെ റിപ്പോർട്ടുകൾ വൈകി തയ്യാറാക്കി നൽകിയ ഉദ്യോഗസ്ഥരുടെ പേരുവിവരവും അവർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പുകളും നൽകാമോ;

(സി) ഇത്തരത്തിൽ തെറ്റായ റിപ്പോർട്ടുകൾ നൽകി തൊഴിലാളികളെ വിഷമിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്ത് തൊഴിൽ നഷ്ടപ്പെടുന്നവരെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാസവും നിശ്ചയിക്കുന്നതിനുമായി 20-7-2015-ലെ സ.ഉ.(സാധാ)577/2015/മതുവ നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായി 5 അംഗ ഉപജീവനാഘാത നിർണ്ണയ സമിതി [Livelihood Impact Appraisal committee (LIAC)]യും, ടി റിപ്പോർട്ട് പരിഗണിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിലേക്കായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും (LIAC- Appeal Committee) രൂപീകരിച്ചിട്ടുണ്ട്.

മുല്ലൂർ പ്രദേശത്തുനിന്നും മത്സ്യബന്ധന ഉപകരണങ്ങൾ ഏറ്റെടുക്കുന്ന അവസരത്തിൽ ക്രമനമ്പർ 36-ാം മഹസ്സറിൽ ശ്രീ. രവി, ശ്രീ. മണിയൻ, ശ്രീ. ചന്ദ്രൻ എന്നിവർ ഒപ്പിട്ടിട്ടുണ്ട്. എന്നാൽ Livelihood Impact Appraisal committee-യുടെ ഉപസമിതിയായ ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടത്തിയ രേഖാ പരിശോധനയിലും സ്ഥലപരിശോധനയിലും ശ്രീ. മണിയനും ശ്രീ. ചന്ദ്രനും ചിപ്പി ശേഖരിച്ച് ഉപജീവനം നടത്തുന്ന ആളുകളല്ല എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതുകൊണ്ട് അവർക്ക് നഷ്ടപരിഹാരം നല്കിയിട്ടില്ല.

ഈ തീരുമാനത്തിൽ ആക്ഷേപമുണ്ടെങ്കിൽ ടി കക്ഷികൾക്ക് ജില്ലാ കളക്ടർ ചെയർമാനായ LIAC-യുടെ അപ്പീൽ സമിതിയിൽ പരാതി സമർപ്പിക്കാവുന്നതാണ്. LIAC തയ്യാറാക്കി 2016 ഒക്ടോബർ മാസത്തിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിന്റെ 6-ാം പട്ടികയിൽ പേജ് നമ്പർ 83-ലും 84-ലും ക്രമനമ്പർ 173-ഉം 174-ഉം ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ. മണിയൻ, ശ്രീ. ചന്ദ്രൻ എന്നിവരുടെ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

## ബേപ്പൂർ തുറമുഖ വികസനം

315(4101) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖ വികസനത്തിന്റെ ഭാഗമായി പുതിയ വാർഫ് നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പുതിയ വാർഫ് നിർമ്മിക്കാൻ പദ്ധതിയുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിന്റെ നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ;

(സി) എസ്റ്റിമേറ്റ് തുക വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പുതിയ വാർഫിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. നിലവിലുള്ള വാർഫിന്റെ പടിഞ്ഞാറു ഭാഗത്തായി 175 മീറ്റർ നീളമുള്ള RCC വാർഫ് നിർമ്മിക്കുന്നതിനുള്ള ഡിസൈൻ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി Detailed Engineering Drawing-ഉം എസ്റ്റിമേറ്റും തയ്യാറാക്കേണ്ടതും EIA ക്ലിയറൻസ് നേടേണ്ടതുമാണ്. Detailed Estimate തയ്യാറാക്കിയാൽ മാത്രമെ പദ്ധതി ചെലവ് കൃത്യമായി നിജപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

## ബേപ്പൂർ തുറമുഖ വികസനത്തിന് ഭൂമി

316(4102) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖ വികസനത്തിനായി ബേപ്പൂർ കോവിലകത്തിന്റെ കൈവശമുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത് ; ഇതിന്റെ ഉടമസ്ഥർക്ക് വില നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കോവിലകത്തിന്റെ കൈവശമുള്ള 3.83 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഭൂവുടമകളുടെ ബന്ധപ്പെട്ട രേഖകൾ ഗവൺമെന്റ് പ്ലീഡർ പരിശോധിച്ചുവരുന്നു. പരിശോധന പൂർത്തിയാവുന്നമുറയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതാണ്. ഭൂവുടമകൾക്കുള്ള നഷ്ടപരിഹാര തുക സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)യുടെ "8443-00-117-99" എന്ന ശീർഷകത്തിൽ നിക്ഷേപിച്ചിട്ടുണ്ട്.

## മാനന്തവാടി പഴശ്ശികുടീരം

317(4103) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി പഴശ്ശി കുടീരത്തിലേക്ക് കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പഴശ്ശി കുടീരത്തിനോട് ചേർന്നുള്ള പൂന്തോട്ടം വൈകുന്നേരം സന്ദർശകർക്കായി തുറന്നുകൊടുക്കാവുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) മാനന്തവാടി പഴശ്ശികുടീരം ജില്ലാ പൈതൃക മ്യൂസിയമായി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പഴശ്ശികുടീരത്തിലേയ്ക്ക് കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനും സന്ദർശകർക്ക് കൂടുതൽ കൗതുകമുണർത്തുന്നതിനുമായി മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായ കേരളം, മ്യൂസിയം മുഖേന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പഴശ്ശികുടീരത്തിനോട് ചേർന്നുള്ള പൂന്തോട്ടം വൈകുന്നേരം സന്ദർശകർക്കായി തുറന്നുകൊടുക്കാവുന്ന കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുവായനശാലകൾ, പൊതുസ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മ്യൂസിയം

318(4104) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മ്യൂസിയം സ്ഥാപിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ സർക്കാർ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പൊതുവായനശാലകൾ, പൊതുസ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മ്യൂസിയം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) നിലവിലുള്ള മ്യൂസിയങ്ങളുടെ നടത്തിപ്പിന് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) ധനസഹായം നൽകുന്നില്ല. നോഡൽ ഏജൻസിയായ കേരള മ്യൂസിയം മുഖേന സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതാണ്.

(ബി) പൊതു വായനശാലകൾ, പൊതു സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മ്യൂസിയം ആരംഭിക്കുന്നതിനുള്ള പദ്ധതികളൊന്നും നിലവിലില്ല.

(സി) പുരാവസ്തു വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങളുടെ ഘടനാപരവും രാസപരവുമായ സംരക്ഷണപ്പണികൾ ആവശ്യമായമുറയ്ക്ക് ചെയ്തുവരുന്നുണ്ട്. സംസ്ഥാനത്തെ പുരാവസ്തു വകുപ്പിന്റെയും മ്യൂസിയം വകുപ്പിന്റെയും കീഴിലുള്ള

വിവിധ മ്യൂസിയങ്ങൾ നവീകരിക്കുന്നതിനും സന്ദർശക സൗഹൃദമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി മ്യൂസിയങ്ങളുടെ ഗ്യാലറികളും മറ്റും പുനഃക്രമീകരിച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ ടോയ്‌ലറ്റുകൾ, റാമ്പുകൾ, ലിഫ്റ്റുകൾ, പ്രദർശന വസ്തുക്കളുടെ വിവരങ്ങൾ, നൂതന സാങ്കേതിക വിദ്യയിൽ ഊന്നിക്കൊണ്ടുള്ള പ്രദർശന സംവിധാനം, അഗ്നിശമനാ ഉപകരണങ്ങൾ സ്ഥാപിക്കൽ, എയർകണ്ടീഷനുകൾ സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

**ചരിത്ര രേഖകളുടെയും സ്മാരകങ്ങളുടെയും സംരക്ഷണം**

319(4105) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്ര രേഖകളുടെയും സ്മാരകങ്ങളുടെയും സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നാടിന്റെ സമ്പന്നമായ പൈതൃകം കൂടുതൽ പേരിലേയ്ക്ക് എത്തിക്കുന്നതിനും പുരാവസ്തു സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ അമൂല്യമായ പുരാവസ്തുക്കളുടെയും പൈതൃക സ്മാരകങ്ങളുടെയും വിവരങ്ങൾ നൽകുന്നതിനായി ജില്ലാതലത്തിൽ ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) പുരാവസ്തു പ്രാധാന്യം വിളിച്ചോതുന്ന പ്രദർശന യൂണിറ്റുകൾ ആരംഭിക്കാൻ പുരാവസ്തു വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിലെ 25 വർഷത്തിലധികം പഴക്കമുള്ള ശാശ്വതമൂല്യമുള്ള രേഖകൾ സൂക്ഷ്മ പരിശോധന നടത്തി വകുപ്പിലേയ്ക്ക് ഏറ്റെടുത്ത് അവയ്ക്കാവശ്യമായ സംരക്ഷണം നല്കി ആർക്കൈവ്സ് വകുപ്പ് സൂക്ഷിച്ചുവരുന്നു. വകുപ്പ് ഏറ്റെടുക്കുന്ന രേഖകളെ ആർക്കൈവൽ മാനദണ്ഡമനുസരിച്ചുള്ള ലിസ്റ്റിംഗ്,

ഇൻഡക്സിംഗ് നടത്തി അവയ്ക്കാവശ്യമായ ശാസ്ത്രീയ സംരക്ഷണവും നല്കി സൂക്ഷിക്കുന്നു. ഇത്തരത്തിൽ വകുപ്പിന്റെ പക്കലെത്തുന്ന രേഖകൾക്ക് കാലക്രമേണ സംഭവിക്കാവുന്ന നാശം മുൻകൂട്ടി കണ്ട് അത്തരത്തിലുള്ള രേഖകൾക്ക് ആവശ്യമായ ശാസ്ത്രീയ സംരക്ഷണം കൂടാതെ ഫ്യൂമിഗേഷൻ, ലാമിനേഷൻ, ഡീ-അസിഡിഫിക്കേഷൻ, മെന്ററിംഗ് ഫുൾപേസ്റ്റിംഗ്, ഗാർഡിംഗ്, ബൈന്റിംഗ് തുടങ്ങിയ വിവിധയിനം സംരക്ഷണവും നല്കിവരുന്നു. ഇത്തരത്തിൽ ശാസ്ത്രീയ സംരക്ഷണം നല്കുന്ന രേഖകളെ സ്കാൻ ചെയ്ത് ഡിജിറ്റൽ ഇമേജുകളാക്കി സൂക്ഷിച്ച് ആവശ്യക്കാർക്ക് സൗകര്യമായ വിധത്തിൽ പ്രാപ്യമാക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള താളിയോല രേഖകൾ, പേപ്പർ റിക്കാർഡുകൾ എന്നിവ ഇത്തരത്തിൽ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്ന പദ്ധതി വകുപ്പ് കഴിഞ്ഞ 10 വർഷത്തിലേറെയായി നടപ്പിലാക്കുന്നുണ്ട്.

സ്വകാര്യവ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പക്കലുള്ള അമൂല്യ ചരിത്രരേഖകൾ കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതിയുടെ ഭാഗമായി സംരക്ഷിച്ച് വരുന്ന പദ്ധതിയും വകുപ്പ് നടത്തിവരുന്നു.

സംരക്ഷിത സ്മാരകങ്ങളുടെ രാസസംരക്ഷണ പ്രവർത്തനങ്ങൾ, ആവശ്യമായ അവസരങ്ങളിൽ വകുപ്പിന്റെ രാസസംരക്ഷണ വിഭാഗം ചെയ്തുപോരുന്നു. സ്മാരകങ്ങളുടെ സംരക്ഷണത്തിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾ വകുപ്പിന്റെ ഘടനാ സംരക്ഷണ വിഭാഗത്തിന്റെ ചുമതലയിൽ നിർവ്വഹിക്കുന്നു. ഇത്തരത്തിലുള്ള സംരക്ഷണ പ്രവർത്തനങ്ങൾ വകുപ്പിന്റെ തുടർച്ചയായുള്ള സാധാരണ പ്രവർത്തനമാണ്. സംരക്ഷണ പ്രവർത്തനങ്ങളുടെ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയും പരിഗണിച്ച് ഓരോ സ്മാരകത്തിന്റെയും സംരക്ഷണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് നടത്തിവരുന്നു.

(ബി) നാടിന്റെ സമ്പന്നമായ പൈതൃകം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി വകുപ്പ് പൈതൃകോത്സവങ്ങളും, വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് സാംസ്കാരിക മേളകളിലും എക്സിബിഷൻ, സെമിനാർ മുതലായവയും സംഘടിപ്പിക്കാറുണ്ട്.

(സി) പുരാവസ്തു വകുപ്പിന് പൊതുജന സമ്പർക്കത്തിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ആർക്കിയോളജി-കം-അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പുരാവസ്തു പ്രാധാന്യം വിളിച്ചോതുന്ന പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി അഞ്ച് മൊബൈൽ എക്സിബിഷൻ യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ആറ്റിങ്ങൽ ഗവ. ടൗൺ യു.പി.എസ്.-ന്റെ ചരിത്ര പ്രാധാന്യം

320(4106) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പട്ടണമധ്യത്തിൽ സ്ഥിതി ചെയ്യുന്ന, 207 വർഷം പഴക്കമുള്ള ആറ്റിങ്ങൽ ഗവ. ടൗൺ യു.പി.എസ്.-ന്റെ ചരിത്ര പ്രാധാന്യം വകുപ്പ് പഠനവിധേയമാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏറ്റവും പ്രവർത്തന പാരമ്പര്യമുള്ള സ്കൂളുകളിലൊന്നായ ആറ്റിങ്ങൽ ഗവ. ടൗൺ യു.പി.എസ്-ന്റെ പ്രാധാന്യത്തിനുതകും വിധം സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. ആറ്റിങ്ങൽ പട്ടണ മധ്യത്തിൽ സ്ഥിതിചെയ്യുന്ന ആറ്റിങ്ങൽ ഗവ. ടൗൺ യു.പി. സ്കൂൾ 1968-ലെ പുരാവസ്തു സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുമോയെന്ന വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ പുനരുദ്ധാരണം

321(4107) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റോപ് മെമ്മോ നൽകിയിട്ടുള്ള മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള അനുമതിക്കായി എം.എൽ.എ. സമർപ്പിച്ച കത്തിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് പുരാവസ്തു വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള അനുമതി എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റോപ് മെമ്മോ നൽകിയിട്ടുള്ള മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച് ബഹു. എം.എൽ.എ. സമർപ്പിച്ച കത്തിൻമേൽ പുരാവസ്തു വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. മട്ടാഞ്ചേരി കോടതി സമുച്ചയത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച് NOC നൽകുന്നതിലേയ്ക്ക് യാതൊരു അപേക്ഷയും കോടതി അധികാരികളുടെ ഭാഗത്തുനിന്നും നാളിതുവരെ ലഭിച്ചിട്ടില്ലായെന്നും ഇവ ലഭിക്കുന്നമുറയ്ക്ക് തുടർപരിശോധനകൾ നടത്തി ഉചിതമെന്ന് കാണുന്ന പക്ഷം NOC നൽകുന്നതിലേയ്ക്ക് ടി അപേക്ഷ നാഷണൽ മോണുമെന്റ് അതോറിറ്റിക്ക് സമർപ്പിക്കുന്നതാണെന്നും പുരാവസ്തു വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**അരിയന്നൂർ ശ്രീഹരികന്യകാ ഭഗവതിക്ഷേത്രം സംരക്ഷണം**

322(4108) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്ധ്യകേരളത്തിലെ മഹാക്ഷേത്രങ്ങളിൽ ഒന്നായ മണലൂർ മണ്ഡലത്തിലെ അരിയന്നൂർ ശ്രീഹരികന്യകാ ഭഗവതിക്ഷേത്രം സംരക്ഷിത സ്മാരകമായി എന്നാണ് പ്രഖ്യാപിച്ചിച്ചതെന്ന് അറിയിക്കാമോ;

(ബി) യഥാസമയം അറ്റകുറ്റപണികൾ നടത്താതിരുന്നതുമൂലം പ്രസ്തുത ക്ഷേത്രം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2006-ൽ പ്രസ്തുത ക്ഷേത്രത്തിന്റെ അറ്റകുറ്റപ്പണികൾക്കായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടായിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ആരാധനാലയം എന്ന നിലയിലും വാസ്തുശില്പ കലയുടെ ഉദാത്ത മാതൃക എന്ന നിലയിലും ശ്രദ്ധേയമായ ഈ ക്ഷേത്രത്തിന്റെ സമഗ്രമായ സംരക്ഷണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 26-10-1936-ൽ തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ സ്ഥിതിചെയ്യുന്ന അരിയന്നൂർ ശ്രീഹരികന്യകാ ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) പുരാവസ്തു പ്രാധാന്യം സംരക്ഷിക്കുന്ന രീതിയിലുള്ള നടപടികൾ ആവശ്യമുള്ള പക്ഷം സ്വീകരിക്കുന്നതാണ്.

**പുരാരേഖാ പരിശീലന വിദ്യാലയം**

323(4109) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർക്കൈവൽ പഠനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പുരാരേഖാ പരിശീലന വിദ്യാലയം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വിദ്യാലയം എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ആർക്കൈവൽ പഠനവുമായി ബന്ധപ്പെട്ട് നിലനില്ക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിന് പുരാരേഖാ പരിശീലന വിദ്യാലയം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ സർക്കാർ വകുപ്പുകളിലെ റിക്കാർഡ് മുറികളിൽ ജോലി ചെയ്യുന്നതും റിക്കാർഡുകളുടെ സൂക്ഷിപ്പിന്റെ ചുമതലയുള്ളതുമായ ജീവനക്കാർക്ക് രേഖകളുടെ ചിട്ടയായ പരിപാലനം, ഭരണനിർവ്വഹണം എന്നിവ ഉറപ്പുവരുത്തുന്നതിനും ശാശ്വതമൂല്യമുള്ള രേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും ജീവനക്കാരെ പ്രാപ്തരാക്കുന്നതിന് വകുപ്പ് വർഷം തോറും റിക്കാർഡ് മാനേജ്മെന്റ്, ശാസ്ത്രീയ സംരക്ഷണം എന്നിവയിൽ വിവിധങ്ങളായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. വകുപ്പിലെ പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരുടെയും ഈ വിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ളവരുടെയും സേവനം ഇതിനായി ഉപയോഗപ്പെടുത്തി വരുന്നു. 2019-20 സാമ്പത്തിക വർഷം പ്രസ്തുത വിദ്യാലയം ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

(നക്ഷത്രചിഹ്നമിടാത്ത 3780, 3781, 3786, T 3809, T 3865, T 3866, 3893, 4020 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 AM]

## II. മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ലിസ്റ്റ് -1 പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസ്സുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 751/2018 | ജി.ഒ.(പി.) നമ്പർ64/2018/ഹോം. | 9-10-2018 | അല്ല |
| 2 | 758/2018 | ജി.ഒ.(ആർറ്റി.) നമ്പർ3126/2018/ ഹോം. | 29-10-2018 | അല്ല |
| 3 | 759/2018 | ജി.ഒ.(ആർറ്റി.) നമ്പർ3127/2018/ഹോം. | 29-10-2018 | അല്ല |
| 4 | 799/2018 | നമ്പർ60903/എസ്എസ്എ 2/2016/ ഹോം | 14-11-2018 | അല്ല |
| 5 | 808/2018 | ജി.ഒ.(ആർറ്റി.)നമ്പർ7504/2018/ജി എഡി | 17-11-2018 | അല്ല |
| 6 | 810/2018 | ജി.ഒ.(എംഎസ്.)നമ്പർ183/2018/ ഹോം. | 19-11-2018 | അല്ല |
| 7 | 825/2018 | ജി.ഒ.(എംഎസ്.) നമ്പർ186/2018/ ഹോം. | 23-11-2018 | അല്ല |

II. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

(i)ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 777/2018 | ജി.ഒ.(പി.) നമ്പർ71/2018/ ആർഡി. | 5-11-2018 | അല്ല |
| 2 | 809/2018 | ജി.ഒ.(പി.) നമ്പർ73/2018/ ആർഡി. | 13-11-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ഭവന നിർമാണ ബോർഡ് | 2015-16<br>2016-17 | ഓഡിറ്റ് റിപ്പോർട്ട് | അതെ |

III. ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

(i)ചട്ടം 166 (1) പ്രകാരമുള്ള കടലാസ്സുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 761/2018 | ജി.ഒ.(പി.) നമ്പർ33/2018/ട്രാൻ. | 26-10-2018 | അല്ല |
| 2 | 778/2018 | ജി.ഒ.(പി.) നമ്പർ35/2018/ട്രാൻ. | 29-10-2018 | അല്ല |
| 3 | 798/2018 | ജി.ഒ.(പി.) നമ്പർ38/2018/ട്രാൻ. | 14-11-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ | 2014-15 | വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും | അതെ |

IV. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 2 | 3 | 4 | 5 |
| 1 | 314/2018 | ജി.ഒ.(പി.) നമ്പർ72/2018/റ്റിഡി. | 18-5-2018 | അതെ |
| 2 | 315/2018 | ജി.ഒ.(പി.) നമ്പർ73/2018/റ്റിഡി. | 18-5-2018 | അതെ |
| 3 | 391/2018 | ജി.ഒ.(പി.) നമ്പർ85/2018/റ്റിഡി. | 13-6-2018 | അതെ |
| 4 | 392/2018 | ജി.ഒ.(പി.) നമ്പർ86/2018/റ്റിഡി. | 13-6-2018 | അതെ |
| 5 | 393/2018 | ജി.ഒ.(പി.) നമ്പർ87/2018/റ്റിഡി. | 13-6-2018 | അതെ |
| 6 | 394/2018 | ജി.ഒ.(പി.) നമ്പർ88/2018/റ്റിഡി. | 13-6-2018 | അതെ |
| 7 | 395/2018 | ജി.ഒ.(പി.) നമ്പർ89/2018/റ്റിഡി. | 13-6-2018 | അതെ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 8 | 396/2018 | ജി.ഒ.(പി.) നമ്പർ90/2018/റ്റിഡി. | 13-6-2018 | അതെ |
| 9 | 397/2018 | ജി.ഒ.(പി.) നമ്പർ91/2018/റ്റിഡി. | 13-6-2018 | അതെ |
| 10 | 458/2018 | ജി.ഒ.(പി.) നമ്പർ94/2018/റ്റിഡി. | 10-7-2018 | അതെ |
| 11 | 459/2018 | ജി.ഒ.(പി.) നമ്പർ95/2018/റ്റിഡി. | 10-7-2018 | അതെ |
| 12 | 700/2018 | ജി.ഒ.(പി.) നമ്പർ158/2018/റ്റിഡി. | 8-10-2018 | അല്ല |
| 13 | 701/2018 | ജി.ഒ.(പി.) നമ്പർ159/2018/റ്റിഡി. | 8-10-2018 | അല്ല |

V. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

VI. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 735/2018 | ജി.ഒ.(എംഎസ്.) നമ്പർ150/2018/നിയമം. | 17-10-2018 | അല്ല |
| 2 | 807/2018 | ജി.ഒ.(പി.) നമ്പർ12/2018/നിയമം. | 16-11-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | സെന്റർ ഫോർ റിസർച്ച് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫർമേഷൻ | 2016-17 | വാർഷിക റിപ്പോർട്ടും ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

VII. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 710/2018 | ജി.ഒ.(പി.)നമ്പർ126/2018/ എച്ച്&എഫ്ഡബ്ല്യൂഡി | 11-10-2018 | അല്ല |
| 2 | 797/2018 | ജി.ഒ.(പി.) നമ്പർ17/2018/ എസ്ജെഡി. | 13-11-2018 | അല്ല |
| 3 | 829/2018 | ജി.ഒ.(പി.) നമ്പർ20/2018/ ആയുഷ്. | 13-11-2018 | അല്ല |

VIII. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

(i)ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 779/2018 | ജി.ഒ.(പി.) നമ്പർ173/2018/റ്റിഡി. | 1-11-2018 | അല്ല |
| 2 | 780/2018 | ജി.ഒ.(പി.) നമ്പർ174/2018/റ്റിഡി. | 1-11-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അല്ല |

IX. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 194/2018 | ജി.ഒ.(പി.) നമ്പർ26/2018/ എൽബിആർ. | 1-4-2018 | അതെ |
| 2 | 732/2018 | ജി.ഒ.(പി.) നമ്പർ87/2018/ എൽബിആർ. | 10-10-2018 | അല്ല |
| 3 | 733/2018 | ജി.ഒ.(പി.) നമ്പർ88/2018/ എൽബിആർ. | 10-10-2018 | അല്ല |
| 4 | 734/2018 | ജി.ഒ.(പി.) നമ്പർ89/2018/ എൽബിആർ. | 10-10-2018 | അല്ല |
| 5 | 765/2018 | ജി.ഒ.(പി.) നമ്പർ93/2018/ എൽബിആർ. | 29-10-2018 | അല്ല |
| 6 | 776/2018 | ജി.ഒ.(പി.) നമ്പർ94/2018/ എൽബിആർ. | 29-10-2018 | അല്ല |
| 7 | 781/2018 | ജി.ഒ.(പി.) നമ്പർ178/2018/ റ്റിഡി. | 10-11-2018 | അല്ല |
| 8 | 794/2018 | ജി.ഒ.(പി.) നമ്പർ95/2018/ എൽബിആർ. | 12-11-2018 | അല്ല |
| 9 | 795/2018 | സ.ഉ. (അച്ചടി) നമ്പർ 96/2018/ തൊഴിൽ | 12-11-2018 | അല്ല |
| 10 | 796/2018 | സ.ഉ. (അച്ചടി) നമ്പർ98/2018/ തൊഴിൽ | 12-11-2018 | അല്ല |
| 11 | 817/2018 | ജി.ഒ.(പി.) നമ്പർ182/2018/ റ്റിഡി. | 21-11-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അല്ല |
| 2 | കേരള ഓട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി | 2017-18 | ഭരണ ആഡിറ്റ് റിപ്പോർട്ട് | അല്ല |
| 3 | കേരള ഓട്ടോമൊബൈൽ വർക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി | 2017-18 | ഭരണ ആഡിറ്റ് റിപ്പോർട്ട് | അല്ല |

X. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 811/2018 | ജി.ഒ.(പി.) നമ്പർ17/2018/ സിഎഡി. | 13-11-2018 | അല്ല |
| 2 | 812/2018 | ജി.ഒ.(പി.) നമ്പർ18/2018/ സിഎഡി. | 15-11-2018 | അല്ല |

XI. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 2 | 3 | 4 | 5 |
| 1 | 310/2018 | ജി.ഒ.(പി.) നമ്പർ64/2018/കോ-ഓപ്. | 11-5-2018 | അതെ |
| 2 | 736/2018 | ജി.ഒ.(പി.) നമ്പർ124/2018/കോ-ഓപ്. | 3-10-2018 | അല്ല |
| 3 | 754/2018 | ജി.ഒ.(പി.) നമ്പർ142/2018/കോ-ഓപ്. | 31-10-2018 | അല്ല |
| 4 | 755/2018 | ജി.ഒ.(പി.) നമ്പർ133/2018/കോ-ഓപ്. | 22-10-2018 | അല്ല |
| 5 | 772/2018 | ജി.ഒ.(പി.) നമ്പർ123/2018/കോ-ഓപ്. | 1-10-2018 | അല്ല |
| 6 | 773/2018 | ജി.ഒ.(പി.) നമ്പർ138/2018/കോ-ഓപ്. | 26-10-2018 | അല്ല |
| 7 | 783/2018 | ജി.ഒ.(പി.) നമ്പർ130/2018/കോ-ഓപ്. | 16-10-2018 | അല്ല |
| 8 | 784/2018 | ജി.ഒ.(പി.) നമ്പർ132/2018/കോ-ഓപ്. | 20-10-2018 | അല്ല |
| 9 | 785/2018 | ജി.ഒ.(പി.) നമ്പർ139/2018/കോ-ഓപ്. | 30-10-2018 | അല്ല |
| 10 | 786/2018 | ജി.ഒ.(പി.) നമ്പർ141/2018/കോ-ഓപ്. | 30-10-2018 | അല്ല |
| 11 | 787/2018 | ജി.ഒ.(പി.) നമ്പർ145/2018/കോ-ഓപ്. | 1-11-2018 | അല്ല |
| 12 | 788/2018 | ജി.ഒ.(പി.) നമ്പർ146/2018/കോ-ഓപ്. | 2-11-2018 | അല്ല |
| 13 | 792/2018 | ജി.ഒ.(പി.) നമ്പർ143/2018/കോ-ഓപ്. | 1-11-2018 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 14 | 793/2018 | ജി.ഒ.(പി.) നമ്പർ144/2018/കോ-ഓപ്. | 1-11-2018 | അല്ല |
| 15 | 801/2018 | ജി.ഒ.(പി.) നമ്പർ85/2018/കോ-ഓപ്. | 16-7-2018 | അല്ല |
| 16 | 802/2018 | ജി.ഒ.(പി.) നമ്പർ140/2018/കോ-ഓപ്. | 30-10-2018 | അല്ല |
| 17 | 803/2018 | ജി.ഒ.(പി.) നമ്പർ147/2018/കോ-ഓപ്. | 5-11-2018 | അല്ല |
| 18 | 804/2018 | ജി.ഒ.(പി.) നമ്പർ148/2018/കോ-ഓപ്. | 5-11-2018 | അല്ല |
| 19 | 805/2018 | ജി.ഒ.(പി.) നമ്പർ149/2018/കോ-ഓപ്. | 5-11-2018 | അല്ല |
| 20 | 806/2018 | ജി.ഒ.(പി.) നമ്പർ151/2018/കോ-ഓപ്. | 7-11-2018 | അല്ല |
| 21 | 832/2018 | ജി.ഒ.(പി.) നമ്പർ136/2018/കോ-ഓപ്. | 24-10-2018 | അല്ല |
| 22 | 833/2018 | ജി.ഒ.(പി.) നമ്പർ150/2018/കോ-ഓപ്. | 8-11-2018 | അല്ല |
| 23 | 834/2018 | ജി.ഒ.(പി.) നമ്പർ152/2018/കോ-ഓപ്. | 8-11-2018 | അല്ല |
| 24 | 835/2018 | ജി.ഒ.(പി.) നമ്പർ153/2018/കോ-ഓപ്. | 13-11-2018 | അല്ല |
| 25 | 846/2018 | ജി.ഒ.(പി.) നമ്പർ161/2018/കോ-ഓപ്. | 24-11-2018 | അല്ല |

XII. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 749/2018 | സ.ഉ. (അച്ചടി.) നമ്പർ72/ 2018/തസ്വഭവ. | 23-10-2018 | അല്ല |
| 1 | 2 | 3 | 4 | 5 |
| 2 | 763/2018 | ജി.ഒ.(പി.) നമ്പർ83/2018/ എൽഎസ്ജിഡി. | 31-10-2018 | അല്ല |
| 3 | 766/2018 | ജി.ഒ.(പി.) നമ്പർ73/2018/ എൽഎസ്ജിഡി. | 27-10-2018 | അല്ല |
| 4 | 767/2018 | ജി.ഒ.(പി.) നമ്പർ75/2018/ എൽഎസ്ജിഡി. | 29-10-2018 | അല്ല |
| 5 | 768/2018 | ജി.ഒ.(പി.) നമ്പർ76/2018/ എൽഎസ്ജിഡി. | 30-10-2018 | അല്ല |
| 6 | 789/2018 | ജി.ഒ.(പി.) നമ്പർ74/2018/ എൽഎസ്ജിഡി. | 29-10-2018 | അല്ല |
| 7 | 790/2018 | ജി.ഒ.(പി.) നമ്പർ79/2018/ എൽഎസ്ജിഡി. | 30-10-2018 | അല്ല |
| 8 | 791/2018 | ജി.ഒ.(പി.) നമ്പർ80/2018/ എൽഎസ്ജിഡി. | 30-10-2018 | അല്ല |

XIII. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 478/2017 | ജി.ഒ.(പി.) നമ്പർ19/2017/എഫ്&പിഡി. | 17-7-2017 | അതെ |

XIV. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 716/2018 | ജി.ഒ.(പി.) നമ്പർ10/2018/ജിഎഡി. | 16-10-2018 | അല്ല |

(2) ലിസ്റ്റ്-2 പ്രകാരം (ചട്ടം 47(2) അനുസരിച്ചുള്ളത്

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

14-ാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 3330, ഒമ്പതാം സമ്മേളനത്തിലെ 194, പത്താം സമ്മേളനത്തിലെ 4319, പതിനൊന്നാം

സമ്മേളനത്തിലെ 2075, 3364 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2410 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1240 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

4. ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 3324 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരിക്കുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

5. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 453, പത്താം സമ്മേളനത്തിലെ 6019, പതിനൊന്നാം സമ്മേളനത്തിലെ 2316 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

6. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 4901 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

7. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 3469, 3489, പതിനൊന്നാം സമ്മേളനത്തിലെ 2146 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

8. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 3180, 3222 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

9. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 4524 എന്ന മ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരിക്കുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

10. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 2406, പതിനൊന്നാം സമ്മേളനത്തിലെ 3883, 3889 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## III. റിപ്പോർട്ടുകളുടെ സമർപ്പണം

(1) റിപ്പോർട്ട്പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. എ. പ്രദീപ് കുമാർ: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ_ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട്

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. എൻ. വിജയൻ പിള്ള: സർ, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അദ്ധ്യക്ഷനുവേണ്ടി സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

(4) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## IV. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജനക്കുറിപ്പും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

308. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9 എ (3)നുശേഷം താഴെപ്പറയുന്ന വിശദീകരണം ചേർക്കുക:

"വിശദീകരണം- "മത്സ്യത്തൊഴിലാളി ഗ്രാമം" എന്നാൽ 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ ആക്ടിലെ (1981-ലെ 7-ാം ആക്ട്) 3-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഒരു മത്സ്യബന്ധന ഗ്രാമം എന്നർത്ഥമാകുന്നു."

ശ്രീ. കെ. ദാസൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

276. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 എ(1)-ൽ, "വായ്പ തിരിച്ചടവ് സംബന്ധിച്ച കടാശ്വാസത്തിന്റെ പരിധി" എന്നത് ഒഴിവാക്കുകയും "തുകയിൽ കവിയാതെ" എന്നതിന് പകരം "തുകയിൽ കവിയാതെയുള്ള കടബാധ്യത" എന്ന് ചേർക്കുകയും ചെയ്യുക.

285. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 എ(2)-ൽ, "സ്വായത്തമാക്കുന്നതിനായി" എന്നതിന് പകരം"വാങ്ങുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

290. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 എ(3)-ൽ, "പ്രകാരമുള്ള കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കടം ഏറ്റെടുത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയോ, കടാശ്വാസത്തിന് അർഹതയില്ലായെന്ന് കമ്മീഷൻ കണ്ടെത്തുന്നതുവരെയോ," എന്നതിന് പകരം "പ്രകാരം കടബാധ്യത സർക്കാർ ഏറ്റെടുക്കുന്നതു സംബന്ധിച്ച് കമ്മീഷൻ തീരുമാനമെടുക്കുന്നതുവരെ" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 276, 285 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി <u>(ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ)</u>: സർ, 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ):</u> സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ .... (ബഹളം)...

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു..... (ബഹളം)...

ദയവായി അംഗങ്ങൾ സീറ്റുകളിൽ ഇരിക്കണം. പരമപ്രധാനമായ ഒരു ബില്ലിന്റെ നിയമനിർമ്മാണം നടത്തുമ്പോൾ അംഗങ്ങൾ സീറ്റുകളിൽ ഇരിക്കാതെ ബഹളമുണ്ടാക്കുന്നത് ശരിയല്ല.

(ii) 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതി നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജനക്കുറിപ്പും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6 ഉം 7-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: 6 ഉം 7-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

6-ഉം 7-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ഉം 7-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

(ഭേദഗതിയില്ല.)

<u>മി. സ്പീക്കർ:</u> 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>11-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>12-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>17-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>18-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>19-ാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ:</u> 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

20-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

21-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

22 മുതൽ 24 വരെയുള്ള വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: 22 മുതൽ 24 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

22 മുതൽ 24 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22 മുതൽ 24 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>25-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: 25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>26-ാം വകുപ്പ്</u>

(ഭേദഗതിയില്ല.)

<u>മി. സ്പീക്കർ</u>: 26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>27-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: 27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>28-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>29-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>30-ാം വകുപ്പ്</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: 30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>31-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

32-ാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ ......

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു;

ബിൽ പാസ്സായിരിക്കുന്നു.

(2) 2018-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>2-ഉം 3-ഉം വകുപ്പുകൾ</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ .......

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല.)

<u>മി. സ്പീക്കർ</u>: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.......

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു;

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ... ഓർഡർ..., സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഡിസംബർ 13-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.55-ന് പിരിഞ്ഞു.)

# അനുബന്ധം-I

## ശ്രദ്ധക്ഷണിക്കൽ

### 1. ശ്രീ. കെ. ആൻസലൻ എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിനുള്ള മുഖ്യമന്ത്രിയുടെ മറുപടി

#### (1) പുനരധിവാസ നഷ്ടപരിഹാര പദ്ധതി

പ്രളയക്കെടുതിക്കിരയായ ചെറുകിട വ്യാപാര-വ്യവസായ മേഖലയിൽ ഉപജീവനം നടത്തുന്നവർക്ക് കേന്ദ്ര ദുരന്ത പ്രതിരോധ നിധിയുടെ മാർഗ്ഗരേഖയനുസരിച്ച് നഷ്ടപരിഹാരമോ ധനസഹായമോ അനുവദിക്കാൻ കഴിയില്ലാത്തതിനാൽ ഈ മേഖലയിലുണ്ടാകുന്ന നാശനഷ്ടങ്ങളെക്കുറിച്ചുള്ള കണക്കുപോലും ശേഖരിക്കാറില്ല.

ഇതിൽനിന്ന് വ്യത്യസ്തമായി, ഇത്തവണ വ്യവസായ വകുപ്പ് വിവരശേഖരണം നടത്തുകയുണ്ടായി. ഇതനുസരിച്ച്, 4611 ചെറുകിട-ഇടത്തരം വാണിജ്യ സ്ഥാപനങ്ങൾക്കും 12486 കടകൾക്കും നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഇവർക്കുവേണ്ടി ഉജ്ജീവന വായ്പാപദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചുവരികയാണ്. കാർഷിക മേഖലയിൽ പണിയെടുക്കുന്നവരെയും കന്നുകാലികളെയും പക്ഷിമൃഗാദികളെയും വളർത്തി ഉപജീവനം നടത്തുന്നവർക്ക് ദുരന്തനിവാരണ നിധിയിൽനിന്നും പരിമിതമായ ധനസഹായം മാനദണ്ഡം അനുസരിച്ച് ലഭിക്കുന്നുണ്ട്. എന്നാൽ അതുകൊണ്ട് മാത്രം തങ്ങളുടെ ഉപജീവനം സാധ്യമാവുകയില്ല. അതിനാൽ ഉജ്ജീവന വായ്പാപദ്ധതിയിൽ ഇവരെയും ഉൾപ്പെടുത്താമോ എന്ന കാര്യവും പരിഗണിക്കും.

ജനജീവിതം സാധാരണ നിലയിലാക്കുന്നതിന് സഹായകരമാകുംവിധം വ്യാപാരികൾക്ക് 10 ലക്ഷം രൂപ വരെ ബാങ്കുകൾ വഴി വായ്പ നൽകുന്നതിനുള്ള പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ജീവനോപാധികളും ഗൃഹോപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് ഒരു ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പ കുടുംബശ്രീ മുഖേന ലഭ്യമാക്കി. ഇതിന് നൽകേണ്ട 9 ശതമാനം പലിശയുള്ള തുക ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് നൽകുന്നത്. 1.42 ലക്ഷം കുടുംബങ്ങൾക്കായി 1,001.46 കോടി രൂപ ബാങ്കുകൾ മുഖേന വായ്പ നൽകാനാണ് നടപടി സ്വീകരിച്ചത്. അതിൽ, 47821 കുടുംബങ്ങൾക്ക് 401.21 കോടി രൂപ ബാങ്കുകളിൽനിന്ന് വായ്പ ലഭ്യമാക്കിയിട്ടുണ്ട്. ഭൂരിപക്ഷം കുടുംബങ്ങൾക്കും വായ്പ നൽകിയത് സഹകരണ ബാങ്കുകളാണ്.

ഇൻഷ്വറൻസ് പരിരക്ഷയുള്ള വ്യാപാരികൾക്ക് വസ്തുവകകൾ, സ്റ്റോക്കുകൾ തുടങ്ങിയ നാശനഷ്ടങ്ങൾക്ക് ആയാസരഹിതമായി ഇൻഷ്വറൻസ് തുക ലഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

ചെറുകിട കച്ചവടക്കാരുടെ വായ്പകൾക്ക് മൊറട്ടോറിയവും പുനഃക്രമീകരണത്തിലൂടെ അധിക തിരിച്ചടവ് കാലയളവും അധിക വായ്പയും ലഭ്യമാക്കുന്ന ഒരു പദ്ധതി സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ സഹകരണത്തോടുകൂടി ബാങ്കുകൾ വഴി നടപ്പിലാക്കിയിട്ടുണ്ട്.

ചെറുകിട-ഇടത്തരം സംരംഭങ്ങൾ വീണ്ടെടുക്കുന്നതിനായി പുതുതായി ബാങ്കുകൾവഴി വായ്പ ലഭ്യമാക്കാനും നിലവിലുള്ള വായ്പകൾ പുനഃക്രമീകരിക്കാനും കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയോട് സംസ്ഥാനം ആവശ്യപ്പെടുകയുണ്ടായി. അതുപ്രകാരം ബാങ്കുകൾക്ക് 16-10-2018-ന് കേന്ദ്രം നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതിനുപുറമെ, കുറഞ്ഞ നിരക്കിലുള്ള വായ്പാ പദ്ധതികൾ കെ.എഫ്.സി.-യും നടപ്പിലാക്കിയിട്ടുണ്ട്. യൂണിറ്റിന്റെ യന്ത്രങ്ങൾ മാറ്റുക, കേടുപാടുകൾ തീർക്കുക, മെയിന്റനൻസ് കോസ്റ്റ്, പ്രവർത്തന മൂലധനം എന്നിവയ്ക്കാണ് പ്രധാനമായും വായ്പ അനുവദിക്കുക.

കെ.എസ്.ഐ.ഡി.സി. പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക പാക്കേജ് പ്രകാരം 9 ശതമാനം പലിശയ്ക്ക് 3 കോടി രൂപ ഹ്രസ്വകാല വായ്പ നൽകും. ഇതിന്റെ തിരിച്ചടവ് കാലാവധി മൂന്നുവർഷമായി ഉയർത്തിയിട്ടുണ്ട്. പുതിയ സംരംഭങ്ങൾക്കും പദ്ധതികൾക്കും നടപടികൾക്കുമുള്ള ഫീസ് ഒഴിവാക്കിയിട്ടുണ്ട്.

കൈത്തറി മേഖലയിലും സജീവമായിത്തന്നെ ഇടപെടുകയുണ്ടായി. അതിൽ ഏറ്റവും ആവേശകരമായത് ചേന്ദമംഗലത്തെ കൈത്തറി മേഖലയിൽ നടന്ന വീണ്ടെടുപ്പാണ്. ഓണ വിപണി മുന്നിൽക്കണ്ട് നെയ്ത ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന കൈത്തറി ഉൽപ്പന്നങ്ങളാണ് പ്രളയത്തിൽ നഷ്ടപ്പെട്ടത്. ചെളിയിലാണ്ടുകിടന്ന ഇവയെ കഴുകി വൃത്തിയാക്കി കളിപ്പാവയാക്കി മാറ്റി. ആ ചേറിലെ കുട്ടിയാണ് ഇന്ന് 'ചേക്കുട്ടി' എന്ന പേരിൽ കേരളത്തിന്റെ സ്വന്തം കുട്ടിയായി മാറിയത്. ലോക വിപണിയിൽ അത്ഭുതകരമായ പ്രതികരണമാണ് ചേക്കുട്ടിക്ക് ലഭിച്ചത്.

ഇത്തരത്തിൽ പ്രളയം തകർത്തെറിഞ്ഞ സമസ്ത മേഖലകളിലും മനുഷ്യസാധ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. പുതിയ കാലത്തിന്റെ ആവശ്യങ്ങളും നമ്മുടെ പാരിസ്ഥിതികമായ സവിശേഷതകളെ ഉൾക്കൊണ്ടുകൊണ്ടുമുള്ള സമഗ്രമായ കേരള പുനർ നിർമ്മാണ പദ്ധതി (RKI) യാണ് ആവിഷ്കരിച്ചിട്ടുള്ളത്.

2. ശ്രീ. കെ. എസ്. ശബരീനാഥൻ എം.എൽ.എ.യുടെ ശ്രദ്ധക്ഷണിക്കലിനുള്ള ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശുവികസനവും വകുപ്പുമന്ത്രിയുടെ മറുപടി

(2) പരിരക്ഷാ പദ്ധതികൾ

ആരോഗ്യ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ

കേരളത്തിലുണ്ടായ പ്രളയം-ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ 2018 ആഗസ്റ്റ് 18-ന് എല്ലാ ജില്ലകളിലും മാനസികാരോഗ്യ ദുരന്ത നിവാരണ ടീമുകൾ രൂപീകരിക്കുകയുണ്ടായി. ജില്ലാ മാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി.)-യുടെ നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ ദുരന്തവുമായി ബന്ധപ്പെട്ട മാനസികാരോഗ്യ പ്രവർത്തനങ്ങൾ മുഴുവൻ ഏകോപിപ്പിക്കുകയും ചെയ്തു. സന്നദ്ധ പ്രവർത്തനത്തിനായി എത്തിയിരുന്ന മാനസികാരോഗ്യ വിദഗ്ദ്ധരെയും പ്രവർത്തകരെയും മേൽപ്പറഞ്ഞ ടീമുകളിൽ ഉൾപ്പെടുത്തിയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് മാനസികാരോഗ്യ സേവനം ആവശ്യമുള്ളവരെ കണ്ടെത്തി സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, കൗൺസിലേഴ്സ്, നഴ്സുമാർ എന്നിവർ ഉൾപ്പെട്ട ഇന്റർവെൻഷൻ ടീമുകൾ മാനസികാരോഗ്യ സേവനങ്ങൾ നൽകി ദുരന്തത്തിൽപ്പെട്ടവർക്ക് ആശ്വാസം പകരാനാണ് പ്രധാനമായും ശ്രദ്ധിച്ചത്. ഇതിൽത്തന്നെ കുട്ടികളുടെയും പ്രായമായവരുടെയും പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകി. ഇതിനോടൊപ്പം മാനസികാസ്വാസ്ഥ്യമുള്ളവരെയും മാനസിക രോഗങ്ങൾക്ക് ചികിത്സയെടുക്കുന്ന വരെയും കണ്ടെത്തി മുടങ്ങാതെ ചികിത്സ നൽകാനും ടീമുകൾ പ്രത്യേകം ശ്രദ്ധിച്ചു. പ്രളയാനന്തരം ലഹരി വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം 'വിത്ഡ്രോവൽ' ലക്ഷണങ്ങൾ പ്രകടിപ്പിച്ചവരെയും കണ്ടെത്തി പ്രത്യേക ചികിത്സ നൽകുകയുണ്ടായി.

മാനസിക പ്രശ്നങ്ങൾക്കും വിഷമങ്ങൾക്കും സംശയ നിവാരണങ്ങൾക്കും 'ദിശ'യുടെ ടോൾഫ്രീ നമ്പരായ 1056 ലഭ്യമാക്കുകയുണ്ടായി. ഈ സേവനം 24 മണിക്കൂറും ലഭ്യമാണ്.

പ്രവർത്തനങ്ങളെ കുറച്ചുകൂടി വിപുലീകരിക്കുവാനും ഒരു സ്ഥിരം സംവിധാനമാക്കുവാനും ആശ പ്രവർത്തകരെക്കൂടി രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി. Listening & Reassurance എന്ന തലത്തിൽ ദുരന്തം ബാധിച്ച എല്ലാവരിലും സേവനങ്ങൾ എത്തിക്കാൻ ഇത് സഹായിച്ചു. ദുരന്തം ബാധിച്ച ജനങ്ങളുമായി ഇടപഴകുന്ന ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യ പ്രവർത്തകർ, റവന്യൂ ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാർ, ജനപ്രതിനിധികൾ എന്നിവർക്ക് ജനങ്ങളുമായി ഇടപഴകാനും കേൾക്കാനും ആശ്വാസം നൽകാനുമുള്ള പരിശീലനം നൽകി.

384 പരിശീലന പരിപാടികളിലൂടെ 17643 പേർക്ക് മാനസികാരോഗ്യ ദുരന്ത നിവാരണ പരിശീലനം നൽകി. ഇവർവഴി 717 ക്യാമ്പ് വിസിറ്റുകളും 130999 ഭവന സന്ദർശനങ്ങളും നടത്തുകയുണ്ടായി. ഇതുവഴി 212797 പേർക്ക് സൈക്കോ സോഷ്യൽ ഇന്റർവെൻഷൻ നൽകാൻ കഴിഞ്ഞു. ഇതിനുപുറമേ, കൂടുതൽ ഇടപെടലുകൾ ആവശ്യമുള്ള 1543 പേർക്ക് മാനസികാരോഗ്യ ചികിത്സയും നൽകുകയുണ്ടായി.

ദുരന്തം കാരണമുണ്ടായ മാനസിക പ്രശ്നങ്ങൾ ആഴ്ചകൾ കഴിഞ്ഞ് പ്രത്യക്ഷപ്പെടാം എന്നതുകൊണ്ടും ഉൽക്കണ്ഠ, വിഷാദം തുടങ്ങിയ പ്രശ്നങ്ങൾ ദീർഘകാലം നീണ്ടുനിൽക്കും എന്നുള്ളതുകൊണ്ടും താഴെപ്പറയുന്ന കാര്യങ്ങൾക്കായി ഒരു വർഷം നീളുന്ന സമഗ്ര പദ്ധതി നടപ്പിലാക്കാൻ 30-11-2018-ലെ സ.ഉ.(സാധാ) 3545/2018/ആകുവ നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

- ദുരന്തബാധിത മേഖലയിലെ പ്രാഥമികാരോഗ്യ രംഗം ശക്തിപ്പെടുത്തി മാനസിക സാമൂഹ്യ ഇടപെടലുകൾ ഊർജ്ജിതമാക്കൽ.

- പതിവായ ഭവന സന്ദർശനത്തിനും ബുദ്ധിമുട്ടുള്ളവരെ കണ്ടെത്തുന്നതിനും ആശാ വർക്കർമാർക്കും ഓരോ വാർഡിലും അവരെ സഹായിക്കാൻ അവിടെത്തന്നെയുള്ള 5 ഫെസിലിറ്റേറ്റർമാർക്കും (Facilitators) മാനസികാരോഗ്യ പരിശീലനം

• പഞ്ചായത്ത് തലത്തിൽ (325 പഞ്ചായത്തുകൾ) മുഴുവൻ സമയ സൈക്കോ സോഷ്യൽ കൗൺസലർ (Counsellor).

• ദുരന്ത ബാധിത മേഖലകളിലെ ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യ പ്രവർത്തകർ എന്നിവർക്കുള്ള പരിശീലനം

• ദുരന്തം ബാധിച്ച പഞ്ചായത്തുകൾക്ക് മാത്രമായി ജില്ലാ അടിസ്ഥാനത്തിൽ ഒരു മെന്റൽ ഹെൽത്ത് ടീം.

<u>സാമൂഹ്യ നീതി - വനിതാ ശിശുവികസന വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ</u>

• നിരവധി പ്രവർത്തനങ്ങൾ സാമൂഹ്യനീതി - വനിതാ ശിശുവികസന വകുപ്പ് നടത്തിയിട്ടുണ്ട്.

• മഹാപ്രളയത്തിനുശേഷം ഭീതിയിലാണ്ട ദുരിതബാധിതരെ സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിന് ബാംഗ്ലൂർ നിംഹാൻസിന്റെ സഹായത്തോടുകൂടി 800 സൈക്കോ സോഷ്യൽ കൗൺസിലേഴ്സിനെ പരിശീലിപ്പിച്ച് ക്യാമ്പുകളിലും വീടുകളിലും കഴിയുന്ന ആൾക്കാരുടെ മാനസിക പിരിമുറുക്കം കുറയ്ക്കാനുള്ള പദ്ധതിക്ക് 23-8-2018-ന് തുടക്കംകുറിച്ചു. മെന്റൽ ഹെൽത്ത് ആക്ടിനെ സംബന്ധിച്ച ബോധവൽക്കരണം സ്കൂൾ കൗൺസിലർമാർക്ക് നൽകുന്നതിന് മെന്റൽ ഹെൽത്ത് വിഭാഗത്തിലെ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും സ്കൂൾ കൗൺസിലർമാരെ ഉപയോഗിച്ച് ദുരിതാശ്വാസ ക്യാമ്പുകളിൽ കൗൺസിലിംഗ് തുടങ്ങുന്നതിന് ഇവരെ നിയോഗിക്കുകയുമുണ്ടായി.

• കാവൽ പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്ന എൻ.ജി.ഒ.-കളുടെ സഹകരണത്തോടെ സന്നദ്ധ പ്രവർത്തകരായ 5000 പ്രൊഫഷണലുകൾക്ക് സോഷ്യൽ മീഡിയയിലൂടെ ദുരന്തനിവാരണ പ്രവർത്തനത്തിൽ മൂന്ന് ദിവസത്തെ പരിശീലനം നൽകി. ഇതിൽ സെപ്റ്റംബർ 5 വരെ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തയ്യാറായ 1045 പേരെ തെരഞ്ഞെടുത്ത് വിവിധ ഗ്രൂപ്പുകളാക്കി തിരിച്ച് ജില്ലകളിലേയ്ക്ക് നിയോഗിച്ചു.

• ദുരന്തം ബാധിച്ച ജില്ലകളിലെ ദുരിതബാധിതരായവർക്ക് സാമൂഹ്യ മനഃശാസ്ത്ര സംരക്ഷണ പ്രാഥമിക സഹായം നൽകുന്നതിലേയ്ക്ക് നിംഹാൻസിൽനിന്നും 30 മാനസികാരോഗ്യ വിദഗ്ദ്ധർ സാമൂഹ്യ മനഃശാസ്ത്ര പ്രാഥമിക സഹായം എന്ന വിഷയത്തിൽ പരിശീലകർക്കുള്ള പരിശീലനം (ToT) നൽകി. പരിശീലനം നേടിയവർ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് പ്രളയത്തെ

അതിജീവിച്ചവർക്ക് സാമൂഹ്യ മനഃശാസ്ത്ര സംരക്ഷണ പ്രാഥമിക സഹായം നൽകി. വിശദമായ ഇടപെടൽ ആവശ്യമുള്ളവരെ ഡി.എം.എച്ച്.പി. ടീമിന് റഫർ ചെയ്തിട്ടുണ്ട്. പരിശീലനം (ToT) സിദ്ധിച്ചവർ ആരോഗ്യ വകുപ്പുമായി ചേർന്ന് ആശാവർക്കർമാർക്കും സ്കൂൾ കൗൺസിലർമാർക്കും ഐ.സി.ഡി.എസ്. പ്രവർത്തകർക്കും ട്രൈബൽ പ്രവർത്തകർക്കും പ്രാദേശികമായി ആവശ്യാനുസൃതമായ പരിശീലനം നൽകി.

- ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളിലെ കൗൺസിലർമാരുടെയും പ്രൊട്ടക്ഷൻ ഓഫീസർമാർ, സോഷ്യർ വർക്കർമാർ, സ്കൂൾ കൗൺസിലർമാർ എന്നിവരുടെയും സേവനം, സന്നദ്ധ സംഘടനകളിലെ ജീവനക്കാരെയും MSW, MA Psychology, Diploma in Counseling, ഡിസാസ്റ്റർ മാനേജ്മെന്റ് കോഴ്സുകൾ പൂർത്തിയാക്കിയവരെയും ഉൾപ്പെടുത്തി വെള്ളപ്പൊക്കം ഏറ്റവും കൂടുതൽ ദുരിതം വിതച്ച ഇടുക്കി, വയനാട്, പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ദുരിതാശ്വാസ ക്യാമ്പിലുള്ള ജനങ്ങൾക്ക് സാമൂഹ്യ മനഃശാസ്ത്ര പിന്തുണ നൽകുന്നതിനുള്ള കൗൺസിലിംഗ് അടക്കമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് 5,50,000 രൂപ അനുവദിക്കുകയുണ്ടായി. (ഒരു ജില്ലയ്ക്ക് 50,000 രൂപ ക്രമത്തിൽ സന്നദ്ധ സേവകർക്കും പ്രവർത്തകർക്കുംവേണ്ടി അത്യാവശ്യ ഭക്ഷണം, മറ്റ് അടിയന്തര ചെലവുകൾ എന്നിവയ്ക്കായിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്).

- നിംഹാൻസ് ടീം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ സാന്ത്വന സംഘത്തിൽ ഉൾപ്പെട്ട സന്നദ്ധ പ്രവർത്തകർക്ക് സാമൂഹ്യ മനഃശാസ്ത്ര സംരക്ഷണ പ്രാഥമിക സംരക്ഷണം എന്ന വിഷയത്തിൽ 11 ജില്ലകളിൽ നൽകിയ ഏകദിന ബോധവൽക്കരണ പരിശീലനത്തിൽ 2457 പേർ പങ്കെടുത്തു.

- നിംഹാൻസിലെ സൈക്യാട്രിക് സോഷ്യൽ വർക്ക് വിഭാഗത്തിന്റെ സഹായത്തോടെ ദുരന്തസ്ഥലങ്ങളിലെ ജനങ്ങൾക്ക് സാമൂഹ്യ മനഃശാസ്ത്ര പരിരക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നതിലൂടെ 84064 പേർക്ക് സാമൂഹ്യ മനഃശാസ്ത്ര പരിരക്ഷ നൽകിയിട്ടുണ്ട്. (വിശദവിവരം അനുബന്ധമായി ചേർക്കുന്നു).

- കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവരുന്ന വയോമിത്രം പദ്ധതിയിലെ മെഡിക്കൽ ടീമംഗങ്ങൾ കാസർഗോഡ് ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലും 2018 ആഗസ്റ്റ് 17 മുതൽ സംസ്ഥാനത്തെ ദുരിതാശ്വാസ ക്യാമ്പുകളുമായി ബന്ധപ്പെട്ട് അവർക്കാവശ്യമായ സേവനങ്ങൾ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 70-ഓളം മെഡിക്കൽ ടീമുകൾ പ്രവർത്തിച്ചിട്ടുണ്ട്.

- സാമൂഹ്യ മനഃശാസ്ത്ര പരിരക്ഷയുടെ രണ്ടാം ഘട്ടമെന്ന നിലയിൽ വനിതാ-ശിശു വികസന വകുപ്പ് യുണിസെഫിന്റെ സാമ്പത്തിക സഹായത്തോടെ നിംഹാൻസ് വഴി പ്രളയ ദുരന്തബാധിതരായ സ്ത്രീകൾക്കും കുട്ടികൾക്കും സാമൂഹ്യ മനഃശാസ്ത്ര സംരക്ഷണം തുടർന്നും നൽകുന്നതിനായി ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ പ്രാരംഭ ചർച്ചയും പരിശീലകർക്കുള്ള മൂന്ന് ദിവസത്തെ പരിശീലന പരിപാടിയും നവംബർ മാസം നടത്തിയിരുന്നു. ജില്ലാ തലത്തിലുള്ള പ്രവർത്തനങ്ങൾ ഈ മാസത്തിൽ ആരംഭിക്കുന്നതാണ്.

<u>അനുബന്ധം</u>

| ക്രമ നമ്പർ | ജില്ല | സൈക്കോ സോഷ്യൽ എയ്ഡിനായി സമീപിക്കപ്പെട്ട വരുടെ എണ്ണം | വ്യക്തിഗത കൗൺസിലിംഗ് | ഗ്രൂപ്പ് കൗൺസിലിംഗ് | പരാമർശ സേവനം |
|---|---|---|---|---|---|
| 1 | പത്തനംതിട്ട | 6035 | 6035 | 5 | 77 |
| 2 | ആലപ്പുഴ | 19164 | 8646 | 416 | 170 |
| 3 | കോട്ടയം | 11528 | 3796 | 444 | 16 |
| 4 | ഇടുക്കി | 5669 | 2508 | 657 | 62 |
| 5 | എറണാകുളം | 6878 | 1966 | 137 | 117 |
| 6 | തൃശ്ശൂർ | 14625 | 2164 | 160 | 62 |
| 7 | പാലക്കാട് | 3313 | 1391 | 142 | 11 |
| 8 | മലപ്പുറം | 597 | 103 | 14 | 11 |
| 9 | കോഴിക്കോട് | 12957 | 843 | 348 | 305 |
| 10 | വയനാട് | 3127 | 638 | 312 | 51 |
| 11 | കണ്ണൂർ | 171 | 160 | 0 | 27 |
| | ആകെ | 84064 | 28250 | 2635 | 909 |

## അനുബന്ധം- II

## സബ്മിഷൻ

<u>പ്രതിപക്ഷനേതാവ് ശ്രീ.രമേശ് ചെന്നിത്തലയുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി</u>

(1) <u>സനൽ കുമാറിന്റെ കുടുംബത്തിന് ആനുകൂല്യങ്ങൾ</u>

5-11-2018-ന് രാത്രി നെയ്യാറ്റിൻകര Dy.S.P ആയിരുന്ന ബി. ഹരികുമാർ (പിന്നീട് മരണപ്പെട്ടു) തന്റെ കാറിന് മാർഗ്ഗതടസ്സം സൃഷ്ടിച്ച് പാർക്ക് ചെയ്തിരുന്ന കൊടങ്ങാവിള സ്വദേശി സനൽ കുമാറിന്റെ കാർ മാറ്റിയിടുന്നത് സംബന്ധിച്ച് സനൽ കുമാറുമായി വാക്കുതർക്കവും പിടിവലിയുമുണ്ടായി. റോഡിൽ വീണ സനൽ കുമാറിന്റെ ദേഹത്ത് അതിവേഗതയിൽ വന്ന കാർ തട്ടുകയും ഗുരുതരമായി പരിക്കേൽക്കുകയുമുണ്ടായി. തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിക്കുന്നതിനുമുമ്പ് വഴിയിൽ വച്ച് സനൽ കുമാർ മരണപ്പെടുകയും ചെയ്തു.

ഈ സംഭവത്തിൽ ഹരികുമാറിനെ പ്രതിയാക്കി നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ ക്രൈം 1946/18 ആയി കേസ് രജിസ്റ്റർ ചെയ്തു. കുറ്റക്കാരായിക്കണ്ട ഡിവൈ.എസ്.പി.-യെയും രണ്ട് പോലീസ് ഉദ്യോഗസ്ഥരെയും സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയുണ്ടായി. ക്രൈംബ്രാഞ്ച് ഐ.ജി.യുടെ മേൽനോട്ടത്തിൽ കേസിന്റെ തുടരന്വേഷണം നടത്തിവരുന്നു. ഇതിനിടെ ഹരികുമാർ ആത്മഹത്യ ചെയ്യുകയുണ്ടായി.

ഹരികുമാർ ആത്മഹത്യ ചെയ്ത കാര്യത്തിൽ കല്ലമ്പലം പോലീസ് സ്റ്റേഷനിൽ സിആർ.പി.സി. 174 വകുപ്പ് പ്രകാരം ക്രൈം 1591/2018 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആറ്റിങ്ങൽ ഡിവൈ.എസ്.പി. അന്വേഷണം നടത്തിവന്നിരുന്ന കേസ് നിലവിൽ ക്രൈംബ്രാഞ്ച് എസ്.പി. ഏറ്റെടുത്ത് അന്വേഷിച്ചുവരുന്നു.

മരണപ്പെട്ട സനൽ കുമാറിന്റെ കുടുംബം സെക്രട്ടേറിയേറ്റിന്റെ മുൻവശം ഇരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് മറ്റ് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

<u>ശ്രീ. റോജി എം. ജോൺ, എം.എൽ.എ.-യുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി</u>

(2) <u>ഫയർ സ്റ്റേഷൻ</u>

എറണാകുളം ജില്ലയിലെ കാലടി കേന്ദ്രീകരിച്ച് ഒരു അഗ്നിരക്ഷാനിലയം അനുവദിക്കണമെന്ന ആവശ്യത്തിന്മേലുള്ള അഗ്നിരക്ഷാ സേവന വകുപ്പ് മേധാവിയുടെ റിപ്പോർട്ടും നിലയത്തിനുവേണ്ട സ്ഥലം വിട്ടുനൽകുന്നതിന് കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് തീരുമാനവും ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് പുതിയ അഗ്നിരക്ഷാ നിലയങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കാൻ സർക്കാർ അഗ്നിരക്ഷാ സേവന വകുപ്പ് മേധാവിയോട് നിർദ്ദേശിച്ചിട്ടുണ്ട്. പഠനത്തിൽ കാലടി കേന്ദ്രീകരിച്ച് അഗ്നിരക്ഷാകൗൺസലർ നിലയം ആരംഭിക്കണമെന്ന ആവശ്യവും ഉൾപ്പെടുന്നുണ്ട്.

2. ശ്രീ. കെ. എം. മാണി, എം.എൽ. എ ഉന്നയിച്ച സബ്മിഷനുള്ള റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ മറുപടി

(3) സർവ്വേ രേഖ

കോട്ടയം ജില്ലയിലെ കൊണ്ടൂർ, ഈരാറ്റുപേട്ട വില്ലേജുകളിൽ 12-07-2018, 13-7-2018 തീയതികളിലും പൂവരണി വില്ലേജിൽ 16-7-2018 തീയതിയിലും അദാലത്ത് നടത്താൻ അപേക്ഷകൾ സ്വീകരിച്ച് 26-08-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ 303/2017 പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. അദാലത്തിൽ പൊതുജനങ്ങളിൽനിന്നും ആകെ 1796 അപേക്ഷകൾ ലഭിച്ചിട്ടുള്ളതാണ്. ടി അദാലത്തുകൾക്ക് മുന്നോടിയായി മീനച്ചിൽ താലൂക്ക് ഓഫീസിൽ ലഭിച്ച 149 അപേക്ഷകളിൽ 89 എണ്ണവും കാഞ്ഞിരപ്പള്ളി താലൂക്കിൽ ലഭിച്ച 87 അപേക്ഷകളിൽ 27 അപേക്ഷകളും റീ-സർവ്വേ പിശകാണെന്നുകണ്ട് തീർപ്പാക്കിയിട്ടുള്ളതാണ്. എന്നാൽ അപേക്ഷ വസ്തു കേരള ഭൂപരിഷ്കരണ നിയമം, 1963 സെക്ഷൻ 82(1)(ഇ) പ്രകാരം ഇളവ് അനുവദിച്ച തോട്ടഭൂമിയാണോ എന്ന് പരിശോധിക്കുന്നതിന് മറ്റ് താലൂക്ക് ലാൻഡ് ബോർഡുകളിൽനിന്നും മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കിലെ വസ്തുക്കൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തത വരുത്തുന്നതിന് എല്ലാ താലൂക്ക് ലാൻഡ് ബോർഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബി.റ്റി.ആർ. ഉൾപ്പെടെയുള്ള റവന്യൂ റെക്കോർഡുകളിൽ Relies Data-ലും തിരുത്തൽ വരുത്തുന്നതിനും സർവ്വേ വകുപ്പിൽനിന്നും റീ-സർവ്വേ റെക്കോർഡുകൾ തയ്യാറാക്കിയ വേളയിൽ "തോട്ടം" എന്ന രേഖപ്പെടുത്തൽ ചേർക്കാനുള്ള സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി പരിശോധിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. പി. ടി. എ. റഹീം എം.എൽ.എ.-യുടെ സബ്മിഷനുള്ള ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ മറുപടി

(4) വിമാനയാത്രക്കൂലിക്കുള്ള ജി.എസ്.ടി.

ജി.എസ്.ടി. നിയമപ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ പ്രകാരം economy class വിമാന യാത്രയ്ക്ക് ജി.എസ്.ടി. നികുതി നിരക്ക് 5 ശതമാനമാണ്.

സ്വകാര്യ ഗ്രൂപ്പുകൾ സാധാരണയായി ഹജ്ജ് യാത്രയ്ക്ക് സീറ്റുകൾ ബുക്ക് ചെയ്യുന്ന രീതി അനുവർത്തിക്കുന്നതുമൂലം ജി.എസ്.ടി. നികുതി ബാധകമാക്കുന്നത് മേൽപ്പറഞ്ഞ രീതിയിൽ 5% മാത്രമാണ്. എന്നാൽ ഹജ്ജ് കമ്മിറ്റി തീർത്ഥാടകർക്കായി വിമാന യാത്ര ഒരുക്കുന്നത് സാധാരണയായി വിമാനങ്ങൾ ചാർട്ടർ ചെയ്താണ്. പ്രസ്തുത സേവനത്തിന് എസ്.ജി.എസ്.ടി നികുതി (ജി.എസ്.ടി നിരക്ക് 18%) ബാധകമാണ്. മേൽപ്പറഞ്ഞ സ്വീകരിക്കുന്ന സേവനങ്ങളിലുള്ള വ്യത്യാസമാണ് ജി.എസ്.ടി. നികുതിയിലെ വ്യത്യാസത്തിന് കാരണമാകുന്നത്. ജി.എസ്.ടി. നിരക്കുകളിൽ മാറ്റം വരുത്താൻ ജി.എസ്.ടി. കൗൺസിൽ തീരുമാനം വഴിയെ സാധ്യമാകൂ. ഈ വിഷയം 22-11-2018-ൽ നൽകിയ കത്ത് പ്രകാരം കേന്ദ്രധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

3. ശാസ്താംകോട്ട സബ് ട്രഷറി നിർമ്മാണം ആരംഭിക്കുന്നത് സംബന്ധിച്ച് ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.-യുടെ സബ്മിഷനുള്ള ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ മറുപടി

(5) കെട്ടിട നിർമ്മാണം

ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP)-യിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന ആദ്യഘട്ടത്തിൽ 10 ട്രഷറികൾക്കുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 16-7-2017-ലെ സ.ഉ.(സാധാ) നമ്പർ5721/2017/ധന ഉത്തരവ് പ്രകാരം ശാസ്താംകോട്ട സബ്ട്രഷറി നിർമ്മാണത്തിന് 2,19,96,930 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 27-10-2017-ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗിൽ ഇൻകെൽ സമർപ്പിച്ചിട്ടുള്ള ഡി.പി.ആർ. പരിശോധിക്കുകയും പ്രസ്തുത ഡി.പി.ആർ.-ൽ സാങ്കേതിക ന്യൂനതകൾ കണ്ടെത്തുകയും ആയത് പരിഹരിക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണാനുമതി ഉൾപ്പെടെ ലഭിച്ചതിനുശേഷം പുതുക്കിയ ഡി.പി.ആർ. സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP)-ൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന നിർവ്വഹിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി 16-10-2018-ലെ സ.ഉ.(സാധാ) നമ്പർ8565/2018/ധന നമ്പർ ഉത്തരവുപ്രകാരം ഒരു സാങ്കേതിക കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സാങ്കേതിക കമ്മിറ്റിയുടെ ആദ്യ യോഗം 18-12-2018-ന് കൂടാൻ തീരുമാനിച്ചിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി പുറപ്പെടുവിക്കുന്നതാണ്. സാങ്കേതികാനുമതി ലഭിച്ചു കഴിഞ്ഞാൽ ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് ശാസ്താംകോട്ട സബ്ട്രഷറി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

4. ഡോ. എം.കെ. മുനീർ, എം.എൽ.എ.-യുടെ സബ്മിഷനുള്ള ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശുവികസനവും വകുപ്പുമന്ത്രിയുടെ മറുപടി

(6) ധനസഹായം

Surveillance തത്വങ്ങൾ അനുസരിച്ച് സാധാരണ രോഗലക്ഷണം കാണുന്ന വ്യക്തികളെ probable രോഗബാധിതർ എന്ന വിഭാഗത്തിൽപ്പെടുത്തുന്നു. അവരുടെ രോഗം ലബോറട്ടറി പരിശോധന മുഖേന സ്ഥിരപ്പെടുകയാണെങ്കിൽ അവയെ confirmed case എന്നും രോഗമില്ലെന്ന് ഉറപ്പാകുകയാണെങ്കിൽ പട്ടികയിൽനിന്ന് പേര് നീക്കംചെയ്യുകയും ചെയ്യും. എന്നാൽ ഏതെങ്കിലും കാരണവശാൽ ലബോറട്ടറി പരിശോധന മുഖേന രോഗം സ്ഥിരീകരിക്കാനോ തള്ളിക്കളയാനോ കഴിയാതെ വന്നാൽ അവർ probable എന്ന ഇനത്തിൽ തുടരുകയും അങ്ങനെതന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്യുന്നു. നിപ രോഗലക്ഷണം കണ്ട 36 പേരെ probable പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു. അതിൽ 36 പേരെയും ലബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കുകയും 19 പേർ confirmed ആണെന്ന് കണ്ടെത്തുകയും ചെയ്തു. എങ്കിലും നിപ രോഗബാധയുടെ ആദ്യഘട്ടത്തിൽ മരിച്ച 4 പേരുടെ രോഗലക്ഷണങ്ങൾ കേസ് റെക്കോർഡിൽനിന്ന് പരിശോധിച്ചപ്പോൾ അവർക്ക് രോഗബാധയുണ്ടാകാം എന്ന് സംശയിക്കുകയും അവരെ probable പട്ടികയിൽപ്പെടുത്തുകയും ചെയ്തെങ്കിലും ഇവരുടെ രോഗം സ്ഥിരീകരിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത കേസുകൾ probable ആയി തുടരുകയും ചെയ്തു. ഇവർക്ക് നിപ ബാധയുണ്ടായതായി സംശയിക്കാമെങ്കിലും ഇവരെ നിപ ബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല. എന്നാൽ അന്താരാഷ്ട്ര ജേർണലുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ആദ്യം രോഗബാധിതനായി എന്ന് സംശയിക്കുന്നയാളിനെ Index case എന്നും രോഗം സ്ഥിരീകരിക്കാനോ തള്ളിക്കളയാനോ കഴിയാത്ത 4 പേരെ probable കേസ് എന്നും സ്ഥിരീകരിക്കപ്പെട്ട 18 പേരെ Lab confirmed എന്നുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

'നിപ' ബാധിതരായി ആകെ 19 രോഗികളാണ് ചികിത്സയിൽ ഉണ്ടായിരുന്നത് (18 confirmed, 1 index case) അതിൽ 17 പേർ മരണപ്പെടുകയും 2 പേർ നിപ ബാധയിൽനിന്നും മുക്തി നേടുകയും ചെയ്തു. ഇന്റർനാഷണൽ പ്രസിദ്ധീകരണത്തിൽ പറഞ്ഞ 23 പേരിൽ ആ കാലഘട്ടത്തിൽ ആശുപത്രിയിൽ എത്തിയ വൈറൽ എൻസഫലൈറ്റിസ് രോഗികൾ ഉൾപ്പെട്ടിട്ടുണ്ടാകാം. അവരിലൊന്നും നിപ വൈറസ് ബാധ സ്ഥിരീകരിക്കപ്പെട്ടിട്ടില്ല.

റേഡിയോളജി വിഭാഗത്തിൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന സുധയെ വൈറൽ എൻസഫലൈറ്റിസ് രോഗലക്ഷണങ്ങളോടെയാണ് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചത്. ഇവർക്കാവശ്യമായ ചികിത്സ ലഭ്യമാക്കിയിരുന്നു. എന്നാൽ സുധയിൽ നിപ വൈറസ് ബാധ സ്ഥിരീകരിക്കപ്പെട്ടിട്ടില്ല.

കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിപ വൈറസ് പനി ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക്, മരണമടഞ്ഞ ഒരോരുത്തർക്കും അഞ്ചു ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ചുകൊണ്ട് 26-05-2018-ലെ സ.ഉ (കൈ) നമ്പർ200/18/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. നിപ വൈറസ് ബാധമൂലം മാറ്റിനിർത്തപ്പെട്ട മലപ്പുറം ജില്ലയിലെ 150 കുടുംബങ്ങൾക്കും കോഴിക്കോട് ജില്ലയിലെ 2400 കുടുംബങ്ങൾക്കും സൗജന്യ റേഷൻ അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദരിതാശ്വാസനിധിയിൽ നിന്നും ചെലവ് വഹിക്കുന്നതിന് 20-06-2018-ലെ സ.ഉ.(കൈ)നമ്പർ232/18/റവ പ്രകാരം ഉത്തരവായിട്ടുണ്ട്.

നിപ വൈറസ് ബാധയെത്തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയവർക്ക് ചെലവായ തുക വെന്റിലേറ്റർ ചാർജ് ഉൾപ്പെടെ സർക്കാർ വഹിക്കുന്നതിനും തുക നിശ്ചയിച്ച് ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിക്കുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും തുക റീ-ഇംബേഴ്സ് ചെയ്യുന്നതിനും 20-6-2018-ലെ സ.ഉ.(കൈ) നമ്പർ232/18/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. രോഗികളെ പരിചരിക്കുന്നതിനിടയിൽ രോഗബാധിതയായി മരണപ്പെട്ട പേരാമ്പ്ര താലൂക്കാശുപത്രിയിലെ താത്കാലിക നഴ്സായിരുന്ന ലിനിയുടെ രണ്ട് കുട്ടികൾക്ക് 10 ലക്ഷം രൂപ വീതം ആകെ 20 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 26-5-2018-ലെ സ.ഉ.(കൈ)നമ്പർ200/18/റവ പ്രകാരം ഉത്തരവായിട്ടുണ്ട്.

5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.-യുടെ

സബ്മിഷനുള്ള ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശുവികസനവും വകുപ്പുമന്ത്രിയുടെ മറുപടി

(7) താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യമേഖലയെ പുനഃസംഘടിപ്പിക്കുവാനും പ്രാഥമിക ചികിത്സാരംഗത്ത് മുൻഗണന നൽകുന്നത് ഉൾപ്പെടെ കേരളീയ ആരോഗ്യരംഗത്തെ എല്ലാതലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ

ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശ്യം. ഇതിന്റെ ഭാഗമായി ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയും ഒരു താലൂക്കിൽനിന്ന് ഒരു താലൂക്കാശുപത്രിയും ഒരു ജില്ലയിൽനിന്ന് ഒരു ജില്ലാ ആശുപത്രിയും എന്ന അടിസ്ഥാനത്തിൽ വിവിധ ആശുപത്രികളെ തെരഞ്ഞെടുത്ത് അവിടെ അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുക എന്നതാണ് സർക്കാർ വിഭാവന ചെയ്തിട്ടുള്ളത്.

ഇതിന്റെ അടിസ്ഥാനത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി കുറ്റിപ്പുറം താലൂക്കാശുപത്രിയെ ഉൾപ്പെടുത്തുകയും ഇവിടെ ജൂനിയർ കൺസൾട്ടന്റ് (O&G), ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ), ലാബ് ടെക്നീഷ്യൻ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-I എന്നിവയിൽ ഓരോ തസ്തികയും സ്റ്റാഫ് നഴ്സിന്റെ മൂന്ന് തസ്തികകളും ഇതിനോടകം അധികമായി സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ഇവിടത്തെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്. കൂടാതെ ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ, എം.പി.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 45 ലക്ഷം രൂപ ഡയാലിസിസ് യൂണിറ്റിനുവേണ്ടി കെട്ടിടം പണിയാൻ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ തുടർപ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

### 6. തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച് ശ്രീ. എം. സ്വരാജ്, എം.എൽ.എ.യുടെ സബ്മിഷനുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ മറുപടി

### (8) തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണം

കൊച്ചി-മധുര ദേശീയ പാതയിൽ തൃപ്പൂണിത്തുറ ബൈപ്പാസ് റോഡിന്റെ മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള സ്ഥലമേറ്റെടുപ്പിനായി 06-02-2004-ൽ 657 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിച്ചിരുന്നു. തൃപ്പൂണിത്തുറ ബൈപ്പാസിന്റെ ഒന്നാംഘട്ടമായ മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള 3.75 കി.മീറ്ററിനുവേണ്ടി 16.172 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. അതിൽ 4.4312 ഹെക്ടർ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. ഈ ഘട്ടത്തിലെ ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 558.82 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 26-04-2017-ൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് അനുമതിക്കായി സമർപ്പിച്ചിരുന്നു. മന്ത്രാലയത്തിന്റെ 12-12-2017-ലെ കത്തിൻപ്രകാരം സ്ഥലം ഏറ്റെടുപ്പി

നാവശ്യമായ തുക പ്രഥമ ഭരണാനുമതിയെക്കാൾ വളരെ കൂടുതലായതിനാൽ ഈ തുക സംസ്ഥാന സർക്കാർ വഹിച്ചാൽ ബൈപ്പാസ് നിർമ്മാണ പ്രവൃത്തി കേന്ദ്രം നിർവ്വഹിച്ചുകൊള്ളാമെന്ന് അറിയിച്ചിരുന്നു. കേന്ദ്ര റോഡ് പദ്ധതികൾക്ക് സംസ്ഥാനം പണം ചെലവഴിക്കുന്ന രീതി തെറ്റായ സന്ദേശം നൽകുന്നു. സാമ്പത്തിക പ്രയാസമുള്ളതിനാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തീരുമാനമെടുക്കേണ്ട നയപരമായ കാര്യമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനായി ഫയൽ സമർപ്പിച്ചിട്ടുണ്ട്.

7. ശ്രീ. യു.ആർ. പ്രദീപ്, എം.എൽ.എ. യുടെ സബ്മിഷനുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ മറുപടി

(9) ചേലക്കര ബൈപ്പാസ് നിർമ്മാണം

ചേലക്കര ബൈപ്പാസിന്റെ നിർമ്മാണത്തിനുവേണ്ടി 27-09-2016-ലെ സ.ഉ.(സാധാ) നമ്പർ1324/2016/പൊ.മ.വ. പ്രകാരം 20 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 14-03-2017-ലെ സ.ഉ.(സാധാ) നമ്പർ329/2017/പൊ.മ.വ. പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും കെ.ആർ.എഫ്.ബി.-യെ എസ്.പി.വി. ആയി തീരുമാനിച്ചും ഉത്തരവാകുകയും ചെയ്തു.

ചേലക്കര ബൈപ്പാസിന്റെ അലൈൻമെന്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ അംഗീകരിച്ചിട്ടുള്ളതും 26 മീറ്റർ വീതിയിൽ സർവ്വേ നടത്തി 2004-ൽ സർവ്വേക്കല്ല് സ്ഥാപിച്ചിട്ടുള്ളതുമാണ്. കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച സാഹചര്യത്തിൽ ചേലക്കര ബൈപ്പാസിന്റെ ഒരു അവലോകനയോഗം 9-7-2017-ന് ബഹുമാനപ്പെട്ട ചേലക്കര എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർക്കുകയും അലൈൻമെന്റിൽ ചില വ്യതിയാനങ്ങൾ വരുത്താൻ തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുതുക്കിയ അലൈൻമെന്റ് ചീഫ് എഞ്ചിനീയർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

വെങ്ങാനെല്ലൂർ വില്ലേജിൽപ്പെട്ട 8.0051 ഹെക്ടർ സ്ഥലവും ചേലക്കര വില്ലേജിൽ ഉൾപ്പെട്ട 2.004 ഹെക്ടർ സ്ഥലവും തോന്നൂർക്കര വില്ലേജിൽ ഉൾപ്പെട്ട 0.7796 ഹെക്ടർ സ്ഥലവും ടി നിർമ്മാണ പ്രവൃത്തിക്കായി ഏറ്റെടുക്കേണ്ടതുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ സർവ്വേ നമ്പർ ലഭിക്കുന്നതിനുവേണ്ടി തഹസിൽദാരെ സമീപിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് ലാൻഡ് അക്വിസിഷനും ലാൻഡ് വാല്യൂ അസ്സസ്മെന്റിനുംവേണ്ടി തൃശ്ശൂർ ജില്ലാ കളക്ടറേയും ലാൻഡ് അക്വിസിഷൻ (ജനറൽ) തഹസിൽദാരേയും സമീപിക്കേണ്ടതുണ്ട്.

ചേലക്കര ബൈപ്പാസിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ 31-7-2018-ന് പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ അനുസരിച്ച് ലഭിച്ച ഡിസൈൻ പ്രകാരം ഡി.പി.ആർ. തയ്യാറാക്കിവരുന്നു. എത്രയുംവേഗം ഡി.പി.ആർ. സാമ്പത്തികാംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിക്കുന്നതാണ്.

8. ശ്രീ. ജി.എസ്. ജയലാൽ, എം.എൽ.എ.-യുടെ സബ്മിഷനുള്ള തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ മറുപടി

(10) കൺസ്ട്രക്ഷൻ അക്കാഡമി നിർമ്മാണം

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ 02-03-2017-ലെ 194-ാമത് ബോർഡ് യോഗത്തിൽ ചാത്തന്നൂരിൽ കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു.

തുടർന്ന് അക്കാദമി അടിയന്തരമായി ആരംഭിക്കുന്നത് സംബന്ധിച്ചും നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് ആധുനിക സാങ്കേതിക വിദ്യ തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനും തൊഴിലാളികൾക്കും അവരുടെ മക്കൾക്കും നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ടുള്ള നൈപുണ്യ വികസനത്തിന് ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിലേയ്ക്കായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും കേരള യൂണിവേഴ്സിറ്റിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള (IMK) മേധാവി ഡോ. കെ. എസ്. ചന്ദ്രശേഖറിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതുസംബന്ധിച്ച കരട് റിപ്പോർട്ട് കേരള കെട്ടിട നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇപ്പോൾ സമർപ്പിച്ചിട്ടുണ്ട്.

ക്ഷേമനിധി ബോർഡിന് കീഴിലെ ചാത്തന്നൂരിലെ സ്ഥലം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി 21-11-2018-ന് വിളിച്ചുചേർത്ത ബന്ധപ്പെട്ടവരുടെ യോഗത്തിൽ കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിലെ അംഗ തൊഴിലാളികൾക്ക് തൊഴിൽ നൈപുണ്യവും അംഗതൊഴിലാളികളുടെ മക്കൾക്ക് തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് സഹായകമായ പദ്ധതിക്ക് മുൻഗണന നൽകുവാനും അതിനനുസൃതമായ മേൽനടപടികൾ കൈക്കൊള്ളുവാനും തീരുമാനിച്ചിട്ടുണ്ട്.

ഡോ. കെ. എസ്. ചന്ദ്രശേഖർ സമർപ്പിച്ച കരട് റിപ്പോർട്ടും 21-11-2018-ൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും കൂടുതൽ ചർച്ചകൾ നടത്തി ഇക്കാര്യത്തിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.